# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### 2014 ജൂലൈ 16, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 156 - നമ്പർ 26

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2014 ജൂലൈ 16, ബുധൻ

സ്പീക്കർ

**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി

**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും നോർക്കയും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...60

**II അടിയന്തരപ്രമേയം**

എയിംസ് സ്ഥാപിക്കൽ

(അവതരണാനുമതി നിഷേധിച്ചു) ... 326

**III ശ്രദ്ധ ക്ഷണിക്കൽ**

1. എയർ കേരള യാഥാർത്ഥ്യമാക്കൽ–

(ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി) ... 337

2. സംവരണതത്വം പാലിക്കൽ–

(ശ്രീ. ബി. സത്യൻ) ...340

**IV സബ്മിഷൻസ്**

1. സ്വകാര്യ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ ഏറ്റെടുക്കൽ–

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ... 346

2. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് നാമകരണം–

ശ്രീ. അൻവർ സാദത്ത് ... 352

3. ആർക്കിടെക്റ്റ്സ് ആക്ട് നടപ്പാക്കൽ–

ശ്രീ. എ. പ്രദീപ്കുമാർ ...353

4. ജി.എഫ്.ആർ.ജി. വാൾ പാനലിന് അനുമതി–

ശ്രീ. ഹൈബി ഈഡൻ ...355

5. സബ്ട്രഷറി ഓഫീസ്–

ശ്രീ. കെ. അജിത് ...356

6. വിദ്യാലയങ്ങളിൽ ജൈവ പോളീഹൗസുകൾ–

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...357

7. പ്രീജയുടെ മരണം–

ശ്രീ. കെ. രാജു ...358

8. പോലീസ് സേനയിലെ സംഘടനാ സ്വാതന്ത്ര്യം–

ശ്രീ. പി. ശ്രീരാമകൃഷ്ണൻ ...359

9. നഷ്ടപരിഹാരം–

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ...361

10. പോലീസ് നടത്തുന്ന നിയമലംഘനം–

ശ്രീ. കെ. ദാസൻ ...363

11. പട്ടയം ലഭ്യമാക്കൽ–

ശ്രീ. ബി. ഡി. ദേവസ്സി ...366

12. ബിരുദ പ്രവേശനം നിഷേധിച്ച സംഭവം–

ശ്രീ. കോടിയേരി ബാലകൃഷ്ണൻ ...367

13. അദ്ധ്യാപക നിയമനം–

ശ്രീമതി ഇ. എസ്. ബിജിമോൾ ...368

14. പോളിടെക്നിക് അനുവദിക്കൽ–

ശ്രീ. ആർ. രാജേഷ് ...370

15. സ്കൂൾ ബസ്സുകളിൽ പെയിന്റ് മാറ്റൽ–

ശ്രീ. രാജു എബ്രഹാം ...371

16. അടിസ്ഥാന അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത–

ശ്രീ. എ. കെ. ബാലൻ ...372

17. മായം ചേർക്കൽ തടയൽ–

ശ്രീ. പി. ഉബൈദുള്ള ...374

18. വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഇളവ്–

ശ്രീ. തോമസ് ഉണ്ണിയാടൻ ...376

19. ശമ്പള പരിഷ്ക്കരണം–

ശ്രീ. സണ്ണി ജോസഫ് ...379

20. ഗിരിവർഗ്ഗ കോളനിയിലേയ്ക്ക് വൈദ്യുതിലൈൻ സ്ഥാപിക്കൽ–

ശ്രീ. സാജു പോൾ ...380

21. റോഡുകളുടെ തകർച്ച–

ശ്രീ. എം. എ. വഹീദ് ...382

22. ചിത്താരി കടപ്പുറത്തെ കടലാക്രമണം–

ശ്രീ. ഇ. ചന്ദ്രശേഖരൻ ...383

23. മുനയം റഗുലേറ്റർ നിർമ്മാണം–

ശ്രീമതി ഗീതാ ഗോപി ...384

24. ബി.പി.എൽ. റേഷൻകാർഡാക്കി മാറ്റൽ–

ശ്രീ. വി. എസ്. സുനിൽ കുമാർ ...386

25. നഷ്ടപരിഹാരം–

ശ്രീ. റ്റി. യു. കുരുവിള ...389

26. റോഡിന് സ്ഥലം ഏറ്റെടുക്കൽ–

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ ...390

27. ഭൂനികുതി സ്വീകരിക്കൽ–

ശ്രീ. സി. കൃഷ്ണൻ ...391

28. ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കൽ–

ശ്രീ. സി. കെ. സദാശിവൻ ...392

29. വിഴിഞ്ഞം പി.എച്ച്.സി. താലൂക്ക് ആശുപത്രിയാക്കൽ–

ശ്രീമതി ജമീലാ പ്രകാശം ...394

30. നഴ്സുമാരുടെ നിയമനം–

ശ്രീ. എൻ. ഷംസുദ്ദീൻ ...396

31. കാസർഗോഡ് ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ–

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...397

32. കൊടുങ്ങല്ലൂർ ബൈപ്പാസ്സിലെ സർവീസ് റോഡ്–

ശ്രീ. റ്റി. എൻ. പ്രതാപൻ ...399

33. മൂവാറ്റുപുഴ ബൈപ്പാസ്–

ശ്രീ. ജോസഫ് വാഴക്കൻ ...401

34. കോൺവെന്റ് ബീച്ച് പാലം–

ശ്രീ. എസ്. ശർമ്മ ...402

35. റിംഗ് റോഡ് യാഥാർത്ഥ്യമാക്കൽ–

ശ്രീ. ബാബു എം. പാലിശ്ശേരി ...403

36. ചെങ്കുളം-കല്ലുവാതുക്കൽ-വേളമാന്നൂർ റോഡ്

ഗതാഗതയോഗ്യമാക്കൽ–

ശ്രീ. ജി. എസ്. ജയലാൽ ...404

37. ചങ്ങാടക്കടവ് പാലം നിർമ്മാണം–

ശ്രീ. എ. റ്റി. ജോർജ്ജ് ...404

38. റോഡുകളുടെ അറ്റകുറ്റപ്പണികൾ–

ഡോ. കെ. ടി. ജലീൽ ...405

39. ഗട്ടറിൽ വീണ് മരണം–

ശ്രീ. മാത്യു റ്റി. തോമസ് ...406

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള

കടലാസുകൾ മേശപ്പുറത്തുവച്ചു ...408

**VI റിപ്പോർട്ട് സമർപ്പണം** ...414

**VII ധനകാര്യം**

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള

ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും ...415

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2014 ജൂലൈ 16, ബുധൻ*

വാല്യം 156] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 26

നിയമസഭ 2014 ജൂലൈ മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

# I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ . . . . . ഓർഡർ . . . . . . ചോദ്യം നമ്പർ * 751

### നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

**1 (*751)** ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്പി, സിമന്റ് തുടങ്ങിയവയുടെ വിലക്കയറ്റം നിർമ്മാണ മേഖലയെ എത്രത്തോളം പ്രതികൂലമായി ബാധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) നിർമ്മാണമേഖലയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ:

(ഡി) ഇത് തൊഴിൽ സാമ്പത്തിക രംഗങ്ങളെ എത്ര കണ്ടു പ്രതികൂലമായി

ബാധിക്കുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) ഉണ്ട്.

(ബി) കമ്പി, സിമന്റ് എന്നിവയുടെ കമ്പോള വിലയും പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ഷെഡ്യൂൾഡ് ഓഫ് റേറ്റും തമ്മിലുള്ള അന്തരം മൂലം കോൺട്രാക്ടർമാർ പ്രവർത്തികൾ ഏറ്റെടുക്കുന്നതിൽ വിമുഖത കാട്ടുകയും ഏറ്റെടുക്കുന്ന പല പ്രവർത്തികളും മന്ദഗതിയിലാവുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്. നിർമ്മാണ മേഖലയിലെ പ്രധാന അസംസ്കൃത വസ്തുക്കളായ കരിങ്കല്ല്, മണൽ എന്നിവയുടെ ഖനനാനുമതി പുതുക്കി നൽകുന്നതിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രിബ്യൂണലിന്റെയും ഉത്തരവുകൾമൂലം തടസ്സം നേരിടുന്നുണ്ട്. അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് മുൻകൂർ പാരിസ്ഥിതികാനുമതി ഇല്ലാതെ ഹ്രസ്വകാല ഖനനത്തിനുള്ള അനുമതി പുതുക്കി നൽകുവാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ദേശീയ ഹരിത ട്രിബ്യൂണൽ വിധി പ്രസ്താവിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിൽ ആവശ്യമായ മണലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഇറക്കുമതി ചെയ്ത മണൽ വിപണനം ചെയ്യുവാൻ ഡീലേഴ്സ് ലൈസൻസ് നൽകി വരുന്നു. കൂടാതെ ഇ-മണൽ പദ്ധതിയിലുൾപ്പെടുത്തി സർക്കാർ സംവിധാനങ്ങൾ വഴി നിർമ്മാണ പ്രവർത്തികൾക്ക് മിതമായ നിരക്കിൽ മണൽ ലഭ്യമാക്കുന്നുണ്ട്. മണലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഡാമുകളിൽ നിന്നും മണൽ വാരുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) നിർമ്മാണ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിലക്കയറ്റം എന്നിവ നിമിത്തം കരാറുകാർക്ക് സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യേണ്ടി വരുന്നതും തദ്വാര നിശ്ചിത സമയത്തിനുള്ളിൽ പണികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നതും സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടിയതായി വാർത്ത വന്ന ദിവസം തന്നെ ചരക്കുകടത്തുക്കൂലി വർദ്ധിച്ചതിന്റെ ഫലമായി സിമന്റിന്റെയും കമ്പിയുടെയും ഉരുക്കിന്റെയും വില

വർദ്ധിച്ചു. അതിന്റെ ഫലമായുണ്ടായ ഭീമമായ വില വർദ്ധനവിന് പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ, വിവിധ തരം ക്രഷറുകൾക്കുള്ള കോംപൗണ്ടിംഗ് ചാർജ് 3.2 ലക്ഷം രൂപയായിരുന്നത് 9.6 ലക്ഷമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. മുന്നൂറ് ശതമാനത്തിന്റെ വർദ്ധനവാണ് കാണുന്നത്. കോർ ക്രഷറുകൾക്ക് 18 ലക്ഷത്തിൽ നിന്നും 56 ലക്ഷമാക്കിയിരിക്കുകയാണ്. അതുപോലെ വി.എസ്.ഐ. തുടങ്ങിയ മെഷീനുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന മാനുഫാക്ചറിംഗ് സാന്റിന് വിവിധ തരത്തിലുള്ള വർദ്ധിപ്പിച്ച നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഫലത്തിൽ മാനുഫാക്ച്ചേർഡ് സാന്റ് വാങ്ങുന്നതിന് 600 ശതമാനം അധിക നികുതി കൊടുക്കേണ്ടിവരും. ഇതെല്ലാം കാരണം പാവപ്പെട്ടവൻ എന്ത് ചെയ്യും എന്നതാണ് വിഷയം. ഈ പശ്ചാത്തലത്തിൽ നിയന്ത്രിത വിലയ്ക്ക് ആവശ്യമായ മണലും മെറ്റലും വിതരണം ചെയ്യാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ടാക്സ് ഏർപ്പെടുത്തിയതുകൊണ്ട് മണലിന്റെ വില വർദ്ധിച്ചുവെന്ന് പറയുന്നത് സംബന്ധിച്ച് പ്രത്യേക നോട്ടീസ് വേണ്ടിവരും, കാരണം ഒറ്റവാക്കിൽ ഉത്തരം പറയാൻ സാധിക്കുകയില്ല. കമ്പി, സിമന്റ് തുടങ്ങിയ സാധനങ്ങളുടെ വില പല കാരണങ്ങൾ കൊണ്ടാണ് വർദ്ധിക്കുന്നത്. ഇപ്പോൾ ഇ-മണൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കാൻ ചില നിയന്ത്രണങ്ങളും നിയമങ്ങളും കൊണ്ടുവരണമെന്ന് കരാറുകാരിൽ നിന്നും അസോസിയേഷനുകളിൽ നിന്നും ആവശ്യങ്ങൾ വന്നിട്ടുണ്ട്. അത് എത്രത്തോളം പ്രായോഗികമാണെന്ന് നോക്കാം.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, പരിസ്ഥിതി സംരക്ഷണം വളരെയധികം പ്രാധാന്യമുള്ളതാണ്. പക്ഷേ നിർമ്മാണ പ്രവർത്തനം നടന്നേ മതിയാവൂ. പൊല്യൂഷൻ കൺട്രോളും വളരെ പ്രധാനമുള്ളതാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ, റവന്യൂ, വനം വകുപ്പുമന്ത്രിമാരും കൂടി ചേർന്ന യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 5 ഹെക്ടർ വരെയുള്ള പാറമടകൾക്ക് പാരിസ്ഥിതികാനുമതിക്കുള്ള നടപടികൾ ലഘൂകരിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നാണ് ഇന്നത്തെ പത്രത്തിൽ വന്ന വാർത്ത. ഹരിത ട്രിബ്യൂണൽ ഇത് തടഞ്ഞിരിക്കുകയാണ്. പാരിസ്ഥിതികാനുമതി ലഘൂകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, സാധ്യതാ പഠനത്തിനും മൈനിംഗ് പ്ലാൻ തയ്യാറാക്കുന്നതിനും കൺസൾട്ടൻസി പാനൽ രൂപീകരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് എന്നത്തേക്ക്

പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, ഇങ്ങനെയൊരു അടിയന്തര സാഹചര്യം വന്നതുകൊണ്ടാണ് ഇന്നലെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായം, വനം, റവന്യൂ വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിൽ യോഗം ചേർന്നത്. സുപ്രീം കോടതി വിധിയെത്തുടർന്ന് ഗ്രീൻ ട്രിബ്യൂണൽ വിവിധ ഘട്ടത്തിൽ ഈ കേസുകൾ പരിഗണിക്കുമ്പോൾ സാധാരണ മെറ്റീരിയൽ മൈനിംഗ് നടത്തുന്നതിന് അവർ പുതിയ നിബന്ധനകളും കർശനമായ നിരോധനങ്ങളും കൊണ്ടുവന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന്, കേരളത്തിൽ ചെറിയ ക്വാറികൾക്ക് പെർമിറ്റ് കൊടുത്തിട്ടാണ് ഖനനം നടത്തുന്നത്. പക്ഷേ അവർ അത് അംഗീകരിക്കുന്നില്ല. ഇതിനൊക്കെ എൺവയോൺമെന്റൽ ക്ലിയറൻസ് വേണമെന്നാണ് പറയുന്നത്. മൈനിംഗല്ലായെന്ന് പല കാരണങ്ങൾ പറഞ്ഞുകൊണ്ട് കഴിഞ്ഞ ഒരു വർഷമായി അത് നീട്ടിക്കൊടുത്തിരിക്കുകയായിരുന്നു. അതൊന്നും അവർ അംഗീകരിക്കുന്നില്ല. അതുകൊണ്ട് ഇതിനെല്ലാം പരിസ്ഥിതി ക്ലിയറൻസ് വേണ്ടിവരും. പരിസ്ഥിതി ക്ലിയറൻസ് ലളിതമാക്കുകയെന്ന ഒരു വഴി മാത്രമേയുള്ളൂ. അതാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം. അതുകഴിഞ്ഞ് ബന്ധപ്പെട്ട പരിസ്ഥിതി വകുപ്പുമന്ത്രി മറ്റൊരു യോഗം വിളിച്ചുകൂട്ടി ലളിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇപ്പോൾതന്നെ എല്ലാ ക്വാറികളും പെർമിറ്റ് നിർത്തലാ ക്കണമെന്നാണ് പറയുന്നത്. അതിന് അവർക്ക് നോട്ടീസ് കൊടുക്കേണ്ടിവരും, അല്ലാതെ സുപ്രീംകോടതി വിധി അനുസരിക്കില്ലെന്ന് പറയാൻ സാധിക്കില്ല. എന്നിട്ട് റിവ്യൂ ഫയൽ ചെയ്യാം. അതിനാൽ പ്രശ്നം ഗുരുതരമാണ്.

<u>ശ്രീ. സി. കൃഷ്ണൻ:</u> സർ, നിർമ്മാണ മേഖലയിൽ സാധനങ്ങളുടെ വില വർദ്ധനവും ദൗർലഭ്യവും കാരണം സാമ്പത്തിക-തൊഴിൽ മേഖലകളിൽ വലിയ സ്തംഭനാവസ്ഥയാണ് ഇന്ന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. അതിന് പരിഹാരം കാണേണ്ടതുണ്ട്. വൻകിട നിർമ്മാണ മേഖലയോടൊപ്പംത്തന്നെ ചെറുകിട മേഖലകൾ, ചില പദ്ധതികളുടെ ഭാഗമായിട്ടുള്ള വീട് നിർമ്മാണം, ആശുപത്രികളുടെ നിർമ്മാണം, അങ്കൻവാടി കെട്ടിടങ്ങൾ പോലും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കരാറുകാർ അത് ഉപേക്ഷിച്ച് പോകുകയാണ് ചെയ്യുന്നത്. നിർമ്മാണ സാമഗ്രികളായ മണൽ, കരിങ്കല്ല് എന്നിവ എത്തിച്ചു കൊടുക്കുന്നതിന് ഇ-മണൽ സംവിധാനത്തെക്കുറിച്ച് പറഞ്ഞു. ഇ-മണൽ ലഭ്യമാകാൻവേണ്ടി പേര് രജിസ്റ്റർ ചെയ്ത് ഒരു വർഷം കാത്തിരുന്നാൽപ്പോലും അവർക്ക് മണൽ ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇതിനൊരു പരിഹാരം കാണാൻ എന്തെങ്കിലും പ്രത്യേക

നടപടികൾ സ്വീകരിക്കുമോ ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, പരിസ്ഥിതിയെ സംബന്ധിച്ച് നമുക്കൊരു ബാലൻസ്ഡ് വ്യൂ കൊടുക്കേണ്ടിവരും. എല്ലാ നിർമ്മാണങ്ങളും നിർത്തുകയെന്നത് സാധ്യമല്ല. അത് നിർമ്മാണത്തെയും, തൊഴിലാളികളെയും, ജനജീവിതത്തെയും, ആശുപത്രികളെയുമെല്ലാം ബാധിക്കും. അതിന് മറ്റ് പരിഹാര മാർഗ്ഗങ്ങൾ നോക്കുന്നുണ്ട്. ഇപ്പോൾ ഇവിടെയുള്ള കരിങ്കല്ലും മണലുമെടുത്ത് നിർമ്മാണം നടത്തുകയാണ് ചെയ്യുന്നത്. അദർ സോഴ്സസ് നമ്മൾ ഇതുവരെ ടാപ്പ് ചെയ്തിട്ടില്ല. മണൽ ഇറക്കുമതിയൊക്കെ ഗവൺമെന്റിപ്പോൾ ലിബറലൈസ് ചെയ്തിട്ടുണ്ട്. ആർക്കുവേണമെങ്കിലും ഇപ്പോൾ ഇവിടെ മണൽ കൊണ്ടുവരാം. എന്നാൽ അതിന്റെ നടപടി ക്രമങ്ങളും കസ്റ്റംസ് ക്ലിയറൻസുമാണ് പ്രശ്നമായി കിടക്കുന്നത്. നടപടിക്രമങ്ങൾ ലളിതമായി വരുമ്പോൾ നമുക്ക് ഡാമുകളിൽ നിന്നും കടലിൽ നിന്നുമൊക്കെ മണലെടുക്കാം. ഇപ്പോൾ അതൊക്കെ പല കാരണങ്ങൾ കൊണ്ട് തടസ്സപ്പെട്ടുകിടക്കുകയാണ്. അന്യ സംസ്ഥാനത്തുനിന്നും മണൽ കൊണ്ടു വരുന്നതിന് അവിടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. സി. കെ. സദാശിവൻ:</u> സർ, ഇടി വെട്ടിയവന്റെ തലയിൽ പാമ്പ് കടിച്ച എന്ന് പറയുന്നതുപോലെയാണ് കേരളത്തിലെ കരാറുകാരും നിർമ്മാണ മേഖലയും. സമ്പൂർണ്ണ സ്തംഭനത്തിലേക്കാണ് നിർമ്മാണ മേഖല പോകുന്നത്. കരാറുകാർ കുടിശ്ശികയുടെ പേരിൽ ടെണ്ടർ ബഹിഷ്കരണം നടത്തി വരുമ്പോഴാണ് നരേന്ദ്രമോദി സർക്കാരിന്റെ വിലക്കയറ്റം എന്ന ഇടിത്തീ കേരളത്തിലെ നിർമ്മാണ മേഖലയിൽ വന്നു പതിച്ചിരിക്കുന്നത്. കരാറുകാർ ഇപ്പോൾ തന്നെ നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. പുതിയ കരാറുകളൊന്നും ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. അസാധാരണമായ ഒരു സ്ഥിതി വിശേഷമാണ് നിർമ്മാണ മേഖല ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപെടേണ്ട ഒരു സാഹചര്യം സംജാതമായിരിക്കുന്നു. എന്റെ മണ്ഡലത്തിൽ രണ്ട് ആശുപത്രികളുടെയും ഒരു സ്കൂളിന്റെയും നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ച് കോൺട്രാക്ടർമാർ പോയിരിക്കുകയാണ്. രണ്ട് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ആസ്തി വികസന ഫണ്ടിൽ നിന്നും പണം അനുവദിച്ചു, എന്നാൽ ടെണ്ടർ നടപടികൾ നടക്കുന്നില്ല. നിരവധി റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കരാറുകാർ ഏറ്റെടുക്കാതെ സ്തംഭനാവസ്ഥയിൽ കിടക്കുകയാണ്. സമ്പൂർണ്ണ സ്തംഭനാവസ്ഥയിലേക്ക് കേരളം മാറിയിരിക്കുന്ന ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി തന്നെ മുൻകൈ എടുക്കേണ്ട സാഹചര്യമാണ് സംജാതമായിരിക്കുന്നത്.

അതിനെ സംബന്ധിച്ച് വ്യക്തമായ ഉത്തരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, നിർമ്മാണ രംഗത്ത് വന്ന സ്തംഭനാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ സമ്മേളനം ആരംഭിച്ചതിനുശേഷം പരിസ്ഥിതി സംബന്ധമായും നിർമ്മാണ വസ്തുക്കൾ കിട്ടാതിരിക്കുന്നതുമൊക്കെയായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് നാല് യോഗങ്ങൾ കൂടുകയും, അതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങളും എടുത്തിട്ടുണ്ട്. അതിൽ ഒരു മീറ്റിംഗിനെക്കുറിച്ചാണ് നേരത്തേ ഇവിടെ സൂചിപ്പിച്ചതും മറുപടി പറഞ്ഞതും. അതു നമ്മൾ പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഇതുസംബന്ധിച്ച് കോൺട്രാക്ടർമാരുടെ സംഘടനകളും ബന്ധപ്പെട്ട മന്ത്രിമാരുമെല്ലാംകൂടി ഒരു സമ്മേളനം വിളിച്ചുകൂട്ടി സംസാരിക്കണം. കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുക്കാനുണ്ടെന്നുള്ളത് ശരിതന്നെ. എന്നാൽ അതോടൊപ്പം മറ്റുചില പ്രശ്നങ്ങളും അവർ ഉന്നയിച്ചിട്ടുണ്ട്. അതിൽ പരിഹരിക്കാവുന്ന എല്ലാ കാര്യങ്ങളും പരിഹരിക്കും. നിർമ്മാണമേഖല ഏറ്റവും സജീവമായി നിൽക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റ് പൂർണ്ണമായി ഉൾക്കൊള്ളുന്നുണ്ട്. ഗവൺമെന്റ് ഉദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നുണ്ടെങ്കിൽ നിർമ്മാണരംഗത്തെ ഇന്നത്തെ സാഹചര്യം മാറ്റിയേ പറ്റൂ. അതിനുവേണ്ട എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് നടപടിയെടുത്തത് നല്ലകാര്യം തന്നെ, ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ നാല് യോഗങ്ങൾ കൂടിയതല്ലാതെ യോഗതീരുമാനങ്ങൾ അതിവേഗം ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുന്നില്ല. ഫ്ലാറ്റ് നിർമ്മിക്കുന്നവരേയും വൻകിട നിർമ്മാണ കമ്പനികളേയും ഇത് വലുതായി ബാധിക്കുന്നില്ല. ഗവൺമെന്റിന്റെ നിർമ്മാണപ്രവർത്തനങ്ങളും കോർപ്പറേഷന്റെയും പഞ്ചായത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളുമാണ് മണലിന്റെയും ചല്ലിയുടെയും സിമന്റിന്റെയും ക്ഷാമം മൂലം മുടങ്ങിക്കിടക്കുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ കൊണ്ടുവരുന്നുണ്ടെന്ന് വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു. തമിഴ്നാട്ടിൽ നിന്നും മണൽകൊണ്ടുവരുമ്പോൾ നമ്മുടെ ചെക്ക്പോസ്റ്റുകളിലെ പോലീസുകാർക്ക് കൈക്കൂലി കൊടുക്കാതെ സാധനം കൊണ്ടുവരാൻ സാധിക്കില്ല. സിമന്റിന് ക്രഡിറ്റ് കാർഡ് വന്നതോടുകൂടി 400 രൂപ വർദ്ധിച്ചിരിക്കുന്നു. ഇതിനൊക്കെ ഒരു ക്രമീകരണമുണ്ടാകുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വിലക്കയറ്റം ഒഴിവാക്കി നിർമ്മാണ

സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള കാര്യങ്ങൾ ചെയ്യുമോ എന്നാണ് ചോദ്യം. ഇത് വലിയ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ടെന്നറിയാം. അതുകൊണ്ടാണ് മണൽ ആരുവേണമെങ്കിലും കൊണ്ടുവന്നോട്ടെ എന്ന തീരുമാനമെടുത്തത്. കൊച്ചിയിൽ വന്ന ഒരു കപ്പൽ മണൽ PQ ക്ലിയറൻസിനോ മറ്റോ ആയി കുറേ ദിവസം അവിടെ കിടന്നു. മണൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ലളിതമാക്കിയാൽ മണൽക്ഷാമം തീരും. ഇപ്പോൾ മണൽകൊണ്ടുവരാൻ സിഡ്കോയ്ക്ക് പരിപാടിയുണ്ട്. പരീക്ഷണാർത്ഥത്തിൽ ഒരു കപ്പൽ മണൽ കൊണ്ടുവരാൻ ഗവൺമെന്റ് അനുവാദം കൊടുത്തു, കാരണം ഒരുമിച്ച് കൊണ്ടുവന്നാൽ അത് തീരത്ത് വന്നുകിടന്ന് പ്രശ്നമായാലോ? ആർക്ക് വേണമെങ്കിലും മണൽ കൊണ്ടുവരാൻ അധികാരം കൊടുത്തിട്ടുണ്ട്. അധികം താമസിയാതെ മണലിന്റെ ക്ഷാമം തീരുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. സുപ്രീംകോടതിവിധിയെത്തുടർന്നാണ് ക്വാറിയുടെ പ്രശ്നം വന്നിരിക്കുന്നത്. റെഡ് എർത്ത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് ഇറക്കിക്കഴിഞ്ഞു. റെഡ് എർത്ത് ക്വാറിയിംഗ് അല്ല. വീടിലും ഫ്ലാറ്റിലും മറ്റും ചെറിയകാര്യത്തിന് മണ്ണ് നീക്കിയാൽ മൈനിംഗ് ആണെന്നാണ് കോടതി പറഞ്ഞത്, അതല്ലെന്ന് പറഞ്ഞ് സർക്കാർ ഉത്തരവ് ഇറക്കി. അതിന്റെ പ്രശ്നം ഇപ്പോൾ തീർന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ കോൺഫറൻസിലെടുത്ത ഒരു തീരുമാനം ഞങ്ങൾ നടപ്പാക്കിയതാണ്. ഇതിനെ സംബന്ധിച്ചുള്ള പ്രതിസന്ധി ഓരോന്നായി തീർന്നുവരുന്നുണ്ട്. അധികം വൈകാതെ എല്ലാ പ്രശ്നങ്ങളും തീരും.

ശ്രീ. കെ. ശിവദാസൻ നായർ: സർ, മണലിന്റെ ക്ഷാമം അതിരൂക്ഷമാണ്. അത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. നമ്മുടെ നദികളിൽ മണലില്ല. ഇനിയും നമുക്ക് നദികളിൽ നിന്നും മണൽവാരുന്നതിന് അനുമതി കൊടുക്കാനും നിവൃത്തിയില്ല. ഡാമുകളിൽ ചെളിനീക്കം ചെയ്യാൻ കഴിയും അതോടൊപ്പം നമ്മുക്ക് മണൽ കിട്ടുകയും ചെയ്യും. ടി. എം. ജേക്കബ് ഇറിഗേഷൻ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പത്തനംതിട്ട ജില്ലയിൽ മണിയാർ ഡാമിൽ ഷിൽറ്റ് നീക്കം ചെയ്തു. അന്ന് ധാരാളം മണൽ അവിടെ നിന്ന് ലഭിച്ചു. അത് ഒരു വർഷം മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. പിന്നെ അവിടെ തുടരാൻ കഴിഞ്ഞില്ല. അത്തരത്തിൽ ഡാമുകളിൽ നിന്നും എടുക്കാവുന്ന മണൽ എടുക്കാനുള്ള അടിയന്തര സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഡാമുകളിൽ നിന്നും മണൽ നീക്കം ചെയ്യുന്ന പദ്ധതി ഉടനെ പുനരാരംഭിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

ആരംഭിച്ചു. മലമ്പുഴയിൽ നിന്ന് കുറച്ചു മണലെടുത്തു. പിന്നെയത് നിർത്തി. അവിടെയും വനവും പരിസ്ഥിതിയും ഇറിഗേഷനുമൊക്കെ വരും, എന്നാലും ഡാമുകളിൽ നിന്നും മണൽ വാരുന്ന പദ്ധതി വളരെ നല്ലതാണെന്ന് എല്ലാവർക്കും അഭിപ്രായമുണ്ട്. അതുകൊണ്ട് അതിനുള്ള നടപടി ലഘൂകരിച്ച് ആ പരിപാടി ഉടനെ ആരംഭിക്കും. ഈ തീരുമാനവും മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ എടുത്തതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, മണൽവാരലും പാറപൊട്ടിക്കലും അസാധ്യമായ ഒരു സാഹചര്യത്തിലേക്ക് നീങ്ങുകയാണ്. പാറയുടേയും മണലിന്റെയും ഉപയോഗം വൻതോതിൽ കുറയ്ക്കുന്നതരത്തിൽ, വൻകിട നിർമ്മാണങ്ങളൊഴിച്ച് ചെറുകിട വീടുകളും മറ്റും നിർമ്മിക്കുന്നതിന്, അവരെ ആകർഷിക്കാൻ കഴിയുന്ന സാമഗ്രികൾ നമ്മുടെ ശാസ്ത്രജ്ഞന്മാരുമായി ആലോചിച്ച്, കണ്ടെത്തുന്നതിന് ആലോചിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് സംബന്ധിച്ച് അടിയന്തരമായ നീക്കം ആരംഭിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ആധുനികരീതികൾ ഇപ്പോൾ വരുന്നുണ്ട്. എമർജിംഗ് കേരളയിൽ ഒരു പ്രോജക്ട് വന്നിരുന്നു. അതായത് ഫ്രീ ഫാബ്രിക്കേറ്റഡ് കൺസ്ട്രക്ഷൻ മെറ്റീരിയൽസ്, അതിവിടെ സ്ഥാപിക്കാൻ നോക്കിയപ്പോൾ അതിനും ഇവിടുന്ന് അസംസ്കൃത വസ്തുക്കളെടുക്കണം. ആ പ്രോജക്ട് ഇപ്പോൾ തമിഴ് നാട്ടിലേക്ക് പോയി. ഫ്രീ ഫാബ്രിക്കേഷൻ, സ്റ്റീൽ അങ്ങനെ മറ്റ് പല മെറ്റീരിയൽസും വരുന്നുണ്ട്. അന്തർദേശീയമായി, കല്ലും മണലും നമ്മൾ ഉപയോഗിക്കുന്നതുപ്പോലെ കുഴച്ചിട്ടൊന്നുമല്ല ഉണ്ടാക്കുന്നത്. ആധുനിക സാമഗ്രികളിലേക്ക് വരുന്നുണ്ട്. ഇത് പതുക്കെ വരേണ്ട ഒരു രീതിയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടി കേൾക്കുമ്പോൾ, എപ്പോഴും അദ്ദേഹത്തിന് ഭീതിയാണ്. അതിന്റെ കാരണം എനിക്ക് മനസിലാകുന്നില്ല. ഡാമിൽ നിന്നും മണലെടുക്കുന്ന കാര്യം ചോദിച്ചപ്പോൾ പറഞ്ഞത് അതിനടുത്ത് വനമുണ്ടെന്നാണ്. അടുത്ത് വനമുണ്ടെങ്കിൽ മണലെടുക്കാതിരിക്കാൻ പറ്റുമോ? പി.ഡബ്ല്യൂ.ഡി. റോഡിന്റെ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. എവിടുന്നെങ്കിലും പണമുണ്ടാക്കി പി.ഡബ്ല്യൂ.-ഡിക്ക് റോഡുണ്ടാക്കാൻ കൊടുത്തില്ലെങ്കിൽ എം.എൽ.എ.-മാരും മന്ത്രിമാരും ഭരണപക്ഷത്തിരിക്കുന്നവരും പ്രതിപക്ഷത്തിലിരിക്കുന്നവരും ചീത്തവിളി കേൾക്കേണ്ട ഗതികേടുണ്ടാകും. അതിന് മണൽ വേണം. നമ്മുടെ ഗൾഫ് നാടുകളിൽ മണലെടുക്കുന്നത് കടലിൽ നിന്നാണ്. കോടാനുകോടി ടൺ മണൽ

കിടക്കുന്ന കടലിൽ നിന്ന് മണലെടുക്കാനുള്ള സംവിധാനം ഉണ്ട്. പണ്ട് ഒരു ലോഡ് മണലിന് 300 രൂപയായിരുന്നു, ഇപ്പോൾ 16,000 രൂപയായിരിക്കുന്നു. ഈ സാഹചര്യത്തിൽ എങ്ങനെ മനുഷ്യൻ ജീവിക്കും, എങ്ങനെ നിർമ്മാണ പ്രവർത്തനം നടത്തും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഭയംമാറ്റി ഗൾഫ് രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ കടലിൽനിന്നും മണലെടുക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കാനുള്ള സന്മനസ്സ് കാണിക്കുമോ?

മി. സ്പീക്കർ: ഗൾഫ് രാജ്യങ്ങളിലെ അധികാരികൾ പലതും ചെയ്യാറുണ്ട്. കുറ്റംചെയ്യുന്നവരുടെ കയ്യും കാലും വരെ വെട്ടാറുണ്ട്. അതുപോലെ ഇവിടെ സാദ്ധ്യമല്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. മണൽക്ഷാമം പരിഹരിക്കാൻ പല മാർഗ്ഗങ്ങളുമുണ്ട്. കടൽമണൽ ധാരാളമുണ്ട്. പക്ഷേ അതെടുക്കുമ്പോൾ സോഷ്യൽ പ്രശ്നങ്ങളുണ്ട്. കടൽ മണൽ എടുത്ത് വാഷ് ചെയ്തുകൊടുത്താൽ മണലിന്റെ എല്ലാ പ്രശ്നങ്ങളും തീരും. ഗൾഫ് രാജ്യങ്ങളിലൊക്കെ അങ്ങനെയാണ് ചെയ്യുന്നത്. 2002-ലെ ജിം-ൽ അങ്ങനെയൊരു പ്രോജക്ട് വന്നതാണ്. എന്താണ് സംഭവിച്ചതെന്ന് നമുക്കറിയാം. സാമൂഹ്യ കാരണങ്ങളാൽ നമുക്കത് പറ്റുന്നില്ല. അതുപോലെ പല മാറ്റങ്ങളും നമുക്ക് സാധ്യമാണ്. നല്ല ഡവലപ്മെന്റുണ്ടാകും. കേരളത്തെ സംബന്ധിച്ചിടത്തോളം പരിസ്ഥിതി തീരെ നോക്കാതെ പോകാൻ സാധിക്കില്ല. അത് ഒരു വസ്തുതയാണ്. കേരളം പോലൊരു സംസ്ഥാനത്ത് കോർ കോമ്പീറ്റൻസി എന്നുപറയുന്നത് പച്ചപ്പും ഭംഗിയുമൊക്കെ തന്നെയാണ്. അത് നശിപ്പിച്ചുകൊണ്ടുള്ള ഒരു വികസനം സാധ്യമല്ല. ആ വ്യൂ തന്നെയാണ് എനിക്കുമുള്ളത്.

ശ്രീ. രാജു എബ്രഹാം: സർ, കാലവർഷം കനത്തതോടുകൂടി റോഡുകളെല്ലാം തകർന്നു. ഇന്നലെ മല്ലപ്പള്ളിയിൽ റോഡിന്റെ ഗട്ടറിൽ വീണ് സ്കൂട്ടർ മറിഞ്ഞ് ഒരു സ്ത്രീ മരിച്ചു. ഒരു റോഡിന്റേയും കരാർ ഏറ്റെടുക്കാൻ ആരും വരുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിൽ നികുതി വർദ്ധിപ്പിച്ചപ്പോൾ മെറ്റലിന്റെയും എം-സാന്റിന്റെയും വില ഇരട്ടിയായി. ഒരു മെഷീന് ഒരു കോടി നാൽപ്പത് ലക്ഷമാണ് നികുതി വർദ്ധിപ്പിച്ചത്. ഇന്നലത്തെ മറുപടിയിലെങ്കിലും നികുതി കുറയ്ക്കുമെന്ന് പ്രതീക്ഷിച്ചു. ഇന്നത്തെ സപ്ലിമെന്ററി ബഡ്ജറ്റിലെങ്കിലും നികുതി കുറയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും മുൻകൈ എടുക്കുന്നില്ലെങ്കിൽ സ്വാഭാവികമായും ആർക്കും ഒരു വീടും

വയ്ക്കാൻ കഴിയില്ല. വൻകിടക്കാർക്ക് മാത്രമേ വീട് വയ്ക്കാൻ കഴിയുകയുള്ളൂ. അതിനോടൊപ്പമാണ് സിമന്റ് വില വർദ്ധനവ്. തമിഴ്നാട്ടിലെ വിലയേക്കാൾ 88 രൂപ ഒരു പാക്കറ്റിന് കേരളത്തിൽ വില വർദ്ധനവുണ്ട്. അവിടെ മുഖ്യമന്ത്രിയുൾപ്പെടെ ഇടപെട്ട് സിമന്റ് കമ്പനിക്കാരെ വിളിപ്പിച്ച് വാണിംഗ് കൊടുത്തു. അതുപോലെ ഇവിടത്തെ സിമന്റ് വിതരണക്കാരെ വിളിപ്പിച്ച് ഗവൺമെന്റ് കർശന നടപടിയിലേക്ക് പോകണം. 88 രൂപയാണ് രണ്ടു സ്റ്റേറ്റുകൾ തമ്മിലുള്ള വ്യത്യാസമെന്നു പറയുമ്പോൾ അതംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, നികുതി സംബന്ധിച്ച് മറുപടി പറയേണ്ടത് ധനകാര്യ വകുപ്പുമന്ത്രിയാണ്. ഈ വിഷയം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, നമ്മുടെ നിർമ്മാണമേഖലയിൽ പാറ, മണൽ, മെറ്റൽ എന്നിവയെ തന്നെയാണ് ഇപ്പോഴും ആശ്രയിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതുപോലെ കേരളത്തിൽ എത്ര ശ്രമിച്ചാലും ഇതിന്റെ ലഭ്യത കൂട്ടാൻ നമുക്ക് കഴിയില്ല. അസംസ്കൃത വസ്തുക്കളായ പാറമെറ്റൽ, മണൽ എന്നിവ ഉപയോഗിക്കാതെ നിർമ്മാണ രംഗത്ത് മറ്റുരാജ്യങ്ങളിൽ ഉപേയാഗിക്കുന്നതുപോലെ വേറെ ഏതെങ്കിലും ടെക്നോളജി ഡെവലപ്പ് ചെയ്ത് നമ്മുടെ കൺസ്ട്രക്ഷൻ മേഖലയിൽ കൂടുതൽ സാധ്യതയുണ്ടാക്കുന്നതിനുള്ള പഠനങ്ങൾ നടത്താനും അതനുസരിച്ചുള്ള കാര്യങ്ങൾ നടപ്പാക്കാനും ഗവൺമെന്റ് ശ്രമിക്കുമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, പഠനങ്ങളൊക്കെ നടത്തിയിട്ടുണ്ട്. ലോകത്ത് ഇന്നുള്ള കൺസ്ട്രക്ഷൻ രീതികളുടെ ടെക്നോളജി ഇവിടെയും ലഭ്യമാണ്. പ്രീ ഫാബ്രിക്കേറ്റഡ് മെറ്റീരിയൽസ്, സ്റ്റീൽ കൺസ്ട്രക്ഷൻസ് അതുപോലെയുള്ള വിവിധ മെറ്റീരിയൽസുണ്ട്. അതൊക്കെ ഇവിടെയും ലഭിക്കും. ലോകത്ത് ഇന്ന് ഏത് ടെക്കനോളജി ഡെവലപ്പ് ചെയ്ത് കൊമേഴ്സ്യൽ ആയിക്കഴിഞ്ഞാലും ലോകം മുഴുവനും അപ്പോൾത്തന്നെ പരക്കും. നമുക്ക് അതിന്റെ ടെക്നോളജി ഇല്ലാത്തതല്ല പ്രശ്നം. അതിന്റെ രീതികളോട് നമ്മൾ പൊരുത്തപ്പെട്ടിട്ടില്ല. സ്റ്റീൽ കൺസ്ട്രക്ഷൻ

ഇപ്പോൾ കേരളത്തിലുണ്ട്. നിശ്ചിത സമയത്തിനകം വലിയ ഫ്ലാറ്റുകളും ബിൽഡിംഗുകളും പണിതീരും. അതുപോലതന്നെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇവിടെയും ആ ടെക്നോളജി അധികം വൈകാതെ വരും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കക്കയം ഡാമിൽ നിന്ന് ശാസ്ത്രീയമായി മണൽ ഖനനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഈ ഗവൺമെന്റ് വന്ന സമയത്തുതന്നെ ഞാൻ ഒരു സബ്മിഷൻ തന്നിരുന്നു. അനുകൂല നടപടി എടുക്കുമെന്നാണ് അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷേ ഒന്നും നടന്നിട്ടില്ല. നമ്മുടെ ഉപ്പുപാടങ്ങളെപ്പോലെ മണൽ ശേഖരിച്ച് അവിടെ നിന്നും ഓരോരുത്തർ രഹസ്യമായി കൊണ്ടുപോകുന്നു. അവിടെയും ഫോറസ്റ്റും പോലീസുകാരുമുണ്ട്. ധാരാളം മണൽ സ്വകാര്യ വ്യക്തികൾ എടുത്തുകൊണ്ട് പോകുന്നുണ്ട്. അതിനെന്തെങ്കിലും ഒരു പ്രതിവിധി കാണണം. പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ ഖനനം നടത്താവുന്ന ഒരു കേന്ദ്രമാണത്. ടൂറിസ്റ്റ് കേന്ദ്രം വളർന്നുവരികയാണ്. അവിടെ മറ്റ് സൗകര്യങ്ങൾ ചെയ്യുന്ന കൂട്ടത്തിൽ ഇതുകൂടി ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട അംഗം എഴുതിത്തന്നാൽ പ്രത്യേകം പരിശോധിക്കാം.

## എൽ.ഇ.ഡി., സി.എഫ്.എൽ. ബൾബുകൾ ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ

2 (*752) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഇ.ഡി., സി.എഫ്.എൽ. ബൾബുകളിലെ മെർക്കുറി ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്താൻ ആലോചിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) സി.എഫ്.എൽ./എൽ.ഇ.ഡി. വിളക്കുകളിലെ മെർക്കുറി ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തുന്നതിന് ഊർജ്ജ വകുപ്പോ ആരോഗ്യ വകുപ്പോ ആലോചിച്ചിട്ടില്ല. എന്നാൽ കേടായ സി.എഫ്.എൽ./ എൽ.ഇ.ഡി. എന്നിവ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(ബി&സി) കേടായ സി.എഫ്.എൽ./എൽ.ഇ.ഡി. ലൈറ്റുകൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.ആർ.ജി. സിസ്റ്റംസ് സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ കേരളത്തിൽ ഇത്തരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് വിലയിരുത്തി തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ആരോഗ്യ പ്രശന്ങ്ങളെക്കുറിച്ച് പഠനം നടത്താൻ ഇതുവരെ ആലോചിച്ചിട്ടില്ല എന്നാണ് അങ്ങയുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത്. അതാണ് ആദ്യം ആലോചിക്കേണ്ടത്. ഇതിനകത്തുനിന്ന് വരുന്ന റേയ്സ് കുടിവെള്ളത്തെപ്പോലും പല രീതിയിലും അഫക്ട് ചെയ്യുമെന്ന് നെറ്റിൽ കാണുകയുണ്ടായി. അതുകൊണ്ട് ഇത് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി പഠനം നടത്താൻ ഒരു കമ്പനിയെ ഏർപ്പാടാക്കി എന്നും പറഞ്ഞു. അതോടൊപ്പംതന്നെ ഇതുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ പഠിക്കുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് ഊർജ്ജവകുപ്പ് നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, മെർക്കുറി എന്നുപറയുന്നത് ഭൂമിയിൽ നാച്വറലായി ഉണ്ടാകുന്നതാണ്. എന്നാൽ സി.എഫ്.എൽ., ട്യൂബ് ലൈറ്റ് എന്നിവയിൽ മെർക്കുറിയുണ്ട്. അത് വാസ്തവത്തിൽ ഒഴിവാക്കണം, അത് പൂർണ്ണമായും തടയണം എന്നുപറഞ്ഞുകൊണ്ടുള്ള ഒരു ഡയറക്ഷൻ ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റൽ മിനിസ്ട്രി നൽകിയിട്ടുണ്ട്. ഇതിനുള്ള കാരണം ഇത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു

എന്നുള്ളതുകൊണ്ടാണ്. അതുകൊണ്ട് ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നുണ്ടോ എന്നതിനെ കുറിച്ച് ഒരു പ്രത്യേക പഠനം നടത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. പ്രശ്നമുണ്ട് എന്നത് വ്യക്തമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് അത് ഇല്ലാതാക്കാനുള്ള മാർഗ്ഗങ്ങളും ഡയറക്ഷനുമാണ് സെൻട്രൽ ഗവൺമെന്റിന്റെ ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് മിനിസ്ട്രി നൽകിയത്. അതിന്റെയടിസ്ഥാനത്തിൽ ആരോഗ്യപ്രശ്നങ്ങൾ എങ്ങനെ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കും എന്നതിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് നൽകാനും ഒരു പ്രോജക്ട് ഉണ്ടാക്കാനുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഊർജ്ജലാഭം ഉണ്ട് എന്നുള്ളതുകൊണ്ടാണ് സ്വാഭാവികമായും സി.എഫ്.എൽ./എൽ.ഇ.ഡി. എന്നിവ വൈദ്യുതി ബോർഡ് ഉപയോഗിക്കുന്നത്. ഊർജ്ജലാഭം ഉണ്ടെങ്കിലും വലിയ ആരോഗ്യപ്രശ്നം ഉണ്ട് എന്ന് അങ്ങ് തന്നെ സമ്മതിച്ച സ്ഥിതിക്ക് ഇതിന്റെ ഉപയോഗം വളരെ വ്യാപകമാക്കാതിരിക്കാനും പകരമായി ഊർജ്ജ വകുപ്പിന് മറ്റ് എന്തെങ്കിലും പദ്ധതി കൊണ്ടുവരാനും കഴിയുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, അതാണ് ഞാൻ പറഞ്ഞത് കെ.എസ്.ഇ.ബി. അല്ല എനർജി മാനേജ്മെന്റ് സെന്ററാണ് ഇത് ചെയ്യുന്നത്. എനർജി മാനേജ്മെന്റ് സെന്റർ പവർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ളതാണ്. സി.എഫ്.എൽ.-നെ സംബന്ധിച്ചിടത്തോളം 3-6 ശതമാനം വരെ മെർക്കുറി കണ്ടന്റ്സുണ്ട്. സാധാരണ ട്യൂബ്ലൈറ്റിലാണങ്കിൽ 10 മുതൽ 15 ശതമാനം വരെയുണ്ട്. ഇത് ഒഴിവാക്കാൻ വേണ്ടിത്തന്നെയാണ്. എൽ.ഇ.ഡി.-യുടെ ഗ്ലെയറിംഗ് ഉണ്ടാക്കുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ഇവിടെപ്പറഞ്ഞു. അതിൽ രണ്ടുകാര്യങ്ങളുണ്ട്. ഒന്ന്, അതിന്റെ അമിതമായ നീലപ്രകാശം കണ്ണിനെ ബാധിക്കുന്നുണ്ട്. അതൊഴിവാക്കണം. അമിതപ്രകാശവും ഗ്ലെയറിംഗും വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത് രണ്ടും ഇല്ലായ്മ ചെയ്യാൻവേണ്ടിയുള്ള സിസ്റ്റം ചില കമ്പനികൾ നടപ്പാക്കിക്കൊണ്ടുവരുന്നുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, സി.എഫ്.എൽ.-ലും, ട്യൂബ് ലൈറ്റിലുമുള്ള മെർക്കുറി തലച്ചോറിന് ഗുരുതരമായ ക്ഷതമേൽപ്പിക്കുമെന്ന് ശാസ്ത്രലോകം നിഗമനത്തിലെത്തിച്ചേർന്നിട്ടുണ്ട്. ഇതിനെത്തുടർന്നാണ് ഇന്ത്യകൂടി ഒപ്പിട്ട ഐക്യരാഷ്ട്ര സഭയുടെ വളരെ പ്രധാനപ്പെട്ട മിനമാതാ എഗ്രിമെന്റ് ഉണ്ടായത്. മിനമാതായെന്ന് പറയുന്നതുതന്നെ ജപ്പാനിലെ ഒരു മെർക്കുറി ഫാക്ടറി വിതച്ച ഒരു ദുരന്തം/ രോഗമാണ്. മെർക്കുറിയെത്തുടർന്ന് മിനമാതാ എന്ന രോഗം ജപ്പാനിൽ വ്യാപകമായി പടർന്നു. അതുകൊണ്ടാണ് ഐക്യരാഷ്ട്ര സഭയുടെ ഈ ഉടമ്പടിക്ക്

മിനമാതാ ഉടമ്പടിയെന്ന് പേരിട്ടത്. കോഴിക്കോട്ടുകാരനായ ഒരു മലയാളി ജപ്പാനിൽപ്പോയി ഈ വിഷയത്തിൽ ഡോക്ടറേറ്റും എടുത്തിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, മെർക്കുറി നിർമ്മാർജ്ജനത്തിന് വേണ്ടി ലോകം മുഴുവൻ ശ്രമിക്കുന്നതിന്റെ ഭാഗമായി എല്ലാ ആശുപത്രികളെയും മെർക്കുറി വിമുക്ത മാക്കുകയാണ്. തെർമോമീറ്ററിൽ പോലും മെർക്കുറി മാറ്റി ഡിജിറ്റലൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത് ഗുരുതരമായ ഒരു പ്രശ്നമാണെന്ന് ലോകം മുഴുവൻ കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. ഒരു പഠനത്തിന്റെയും ആവശ്യമില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര പരിസ്ഥിതി ബോർഡ് കർശനമായ നിർദ്ദേശം സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്നുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ഇപ്പോൾ സി.എഫ്.എൽ. റീപ്ലെയ്സ് ചെയ്യുന്ന പദ്ധതികളൊക്കെയാണ് നമ്മൾ ആസൂത്രണം ചെയ്യുന്നത്. സി.എഫ്.എൽ. റീപ്ലെയ്സ് ചെയ്യുന്ന പരിപാടി ഗുരുതരമാണെന്ന് മനസ്സിലായതിനാൽ ഡൽഹിയിൽ അത് നിർത്തിവെയ്ക്കുകയുണ്ടായി. നമ്മൾ കാര്യങ്ങൾ അറിയാതെ അപകടകരമായ നിലയിലേക്ക് പോകുമ്പോൾ അത് നിറുത്തിവച്ച് അടിയന്തരമായ നടപടി സ്വീകരിച്ച് സംസ്ഥാനത്തുനിന്നും പൂർണ്ണമായും മെർക്കുറി നിർമ്മാർജ്ജനം ചെയ്യുന്നതിന് സർക്കാർ തയ്യാറാകുമോ?

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, അതിന് ഗവൺമെന്റ് തയ്യാറായതുകൊണ്ടാണ് ഐ.ആർ.ജി.എ. ഇതിനുള്ള റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചത്. പൂർണ്ണമായും ഇല്ലായ്മ ചെയ്യുകയാണ് സെന്ററിന്റെ ഡയറക്ഷൻ. ആ ഡയറക്ഷൻ അനുസരിച്ചുതന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എ. റ്റി. ജോർജ്:</u> സർ, ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. അതുകൊണ്ട് ഇതിന്റെ ശാസ്ത്രസത്യത്തെക്കുറിച്ച് എനിക്ക് അറിയാവുന്നത് പറയാൻ കുറച്ച് സമയം തരണം.

<u>മി. സ്പീക്കർ:</u> കൂടുതൽ സമയം അനുവദിക്കുയില്ല. ശ്രീ. എ. റ്റി. ജോർജ് കൂടുതൽ പറയാനുള്ള കാര്യങ്ങൾ അങ്ങയുടെ ഏതെങ്കിലും പൊതു പ്രസംഗത്തിൽ ഉൾപ്പെടുത്തിയാൽ മതി. ഇപ്പോൾ ചോദ്യം മാത്രം. ഇത് ഉപചോദ്യമാണ്.

<u>ശ്രീ. എ. റ്റി. ജോർജ്:</u> സർ, Mercury is a neurotoxic. ഒരു മെർക്കുറി ബൾബിൽ നിന്ന് അഞ്ച് മില്ലിഗ്രാം മെർക്കുറി പുറന്തള്ളപ്പെടുന്നു. ഈ അഞ്ച് മില്ലിഗ്രാം മെർക്കുറിക്ക് 190,000 ലിറ്റർ വെള്ളത്തെ വേസ്റ്റ് ചെയ്യാനുള്ള കഴിവുണ്ട്. അതുകൊണ്ട് ഈ ശാസ്ത്രസത്യം മനസ്സിലാക്കിക്കൊണ്ട്, ശാസ്ത്ര-സാങ്കേതിക വശങ്ങൾ പഠിച്ച് സി.എഫ്.എൽ.-ഉം എൽ.ഇ.ഡി.-യും റീ-സൈക്കിൾ ചെയ്യുന്നതിനുള്ള

നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതുസംബന്ധിച്ചാണ് ഗവൺമെന്റ് ഇപ്പോൾ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും അതിനുള്ള പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതും. മെർക്കുറി വെള്ളവുമായി ചേർന്ന് കൂടുതൽ വിഷകരമായി മാറുകയും അത് കൂടുതൽ അപകടം ഉണ്ടാക്കുകയും ചെയ്യും. അതുകൊണ്ട് പൂർണ്ണമായി നശിപ്പിക്കാനുള്ള ഒരു സംരംഭമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ഇത് അപകടകാരിയാണെങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിച്ച് ജനങ്ങളെ ആപത്തിൽനിന്ന് രക്ഷപെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ എൽ.ഇ.ഡി., സി.എഫ്.എൽ. ബൾബുകൾ പോലെയുള്ള ഇലക്ട്രോണിക്സ് വേസ്റ്റുകൾമൂലമുള്ള ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ തടയാൻ 2010-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള ഇലക്ട്രോണിക് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ്) ചട്ടങ്ങൾ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതാണ് ഞാൻ പറഞ്ഞത്. വെള്ളവുമായി ചേർന്നുകഴിഞ്ഞാൽ സാധാരണഗതിയിൽ 3 മുതൽ 3.6 ശതമാനംവരെ മെർക്കുറിയാണ് സി.എഫ്.എൽ.-ൽ ഉള്ളതെന്നാണ് പഠനത്തിൽ മനസ്സിലായത്. അതേയവസരത്തിൽ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ട്യൂബ് ലൈറ്റ്, സി.എഫ്.എൽ. എന്നിവ പൊട്ടി മെർക്കുറി പുറത്തുവന്നുകഴിഞ്ഞാൽ അത് വെള്ളവുമായി ചേർന്ന് മീഥൈൽ മെർക്കുറിയായി മാറുന്നു. അത് മത്സ്യങ്ങൾ കഴിച്ചുകഴിഞ്ഞാൽ ആ മത്സ്യം നമ്മൾ കഴിച്ചുകഴിയുമ്പോൾ അത് വലിയ വിഷാംശമായി മാറുന്നുവെന്നത് സത്യമാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ ചോദ്യങ്ങളും അതിനുള്ള മറുപടിയും പോകുന്നത് എൽ.ഇ.ഡി., സി.എഫ്.എൽ. ലാമ്പുകൾ ഒരു മഹാമാരിയാണ്, അത് നിരോധിക്കേണ്ടതാണ് എന്നുള്ള അർത്ഥത്തിലാണ്. ഇങ്ങനെയൊരു ഭയപ്പാടുണ്ടാക്കരുത്. ട്യൂബ് ലൈറ്റിലും മെർക്കുറിയുണ്ടെന്ന് മന്ത്രി പറഞ്ഞുകഴിഞ്ഞു. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി എനർജി കൺസർവേഷന്റെ ഭാഗമായി സി.എഫ്.എൽ. ലാമ്പ് പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവ സംസ്കരിക്കുന്നതിനുള്ള ഒരു കേന്ദ്രീകൃത സംവിധാനമാണ് അടിയന്തരമായി വേണ്ടത്. അത് വേണമെന്നുണ്ടെങ്കിൽ ശേഖരിക്കണം. ഞാൻ പറയുന്നത്, ഇത് വിൽക്കുന്ന ആളുകൾതന്നെ തിരിച്ചു വാങ്ങുന്നതിനുള്ള

നിയമ നിർമ്മാണം സർക്കാർ കൊണ്ടുവരണം. ഇത് പല രാജ്യങ്ങളിലുമുള്ളതാണ്. അവരിൽനിന്ന് സർക്കാർ എടുക്കുകയും സംസ്കരിക്കുകയും ചെയ്യണം. അതല്ലാതെ ഈ ഊർജ്ജ സംരക്ഷണ ക്യാമ്പെയ്ൻ നടന്നുകൊണ്ടിരിക്കുമ്പോൾ ഇതുപോലെ പരിഹാരമില്ലാത്തൊരു പ്രശ്നമാണെന്ന ധാരണ ഉണ്ടാക്കുന്നത് ശരിയാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒട്ടും ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അത് ഞാനെന്റെ ഉത്തരത്തിൽ പറഞ്ഞു. 3.26 ശതമാനമാണ് ഇതിലുള്ളത്. നമ്മുടെ സാധാരണ ട്യൂബിൽ 10 മുതൽ 15 ശതമാനമാണ്. അതുപോലെതന്നെ നമ്മൾ പറയുന്ന പലതിലും മെർക്കുറി വളരെയധികം കൂടുതലാണ്. താരതമ്യേന ഇത് കുറവാണ്. എൽ.ഇ.ഡി. ഡിഫ്യൂസ് ചെയ്യാൻ സാധിക്കുമെന്ന് ഫ്രാൻസിലെ ഏജൻസി ഫോർ ഫുഡ്, എൻവയോൺമെന്റൽ ആന്റ് ഒക്കുപേഷണൽ ഹെൽത്ത് ആന്റ് സേഫ്റ്റി എന്ന കമ്പനി ഒരു പഠനത്തിൽ കണ്ടെത്തി. എൽ.ഇ.ഡി. ഡിഫ്യൂസ് ചെയ്യാൻ സാധിക്കും. പല കമ്പനികളും അങ്ങനെ ചെയ്യുന്നുവെന്നത് വസ്തുതയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കേരളത്തിലുള്ള നഗരസഭകളിലെ ട്യൂബ് ലൈറ്റുകളും സി.എഫ്.എൽ. ലൈറ്റുകളും മാറ്റി എൽ.ഇ.ഡി. ആക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. എൽ.ഇ.ഡി. ആക്കുന്നതിനുള്ള പ്രധാന കാരണം നഗരസഭകളിലെ എനർജി കൺസംപ്ഷൻ പകുതിയിലധികം കുറയുമെന്നുള്ളതുകൊണ്ടാണ്. ലോകം തന്നെ എൽ.ഇ.ഡി.-യിലേയ്ക്ക് മാറുകയാണ്. ഇതേപോലുള്ള ഫ്യൂസായ/ഉപേയാഗശൂന്യമായ ലൈറ്റുകൾ റീ-സൈക്കിൾ ചെയ്യാൻ ക്ലീൻ കേരള കമ്പനിയുടെ ആഭിമുഖ്യത്തിൽ ഇ-വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിന്റെ എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. ഒരു കമ്പനി മാത്രമേ വന്നിട്ടുള്ളൂ. ഒരു കമ്പനിയെക്കൂടി കൊണ്ടുവരുന്നതിനുള്ള ശ്രമം ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുംകൂടി കിട്ടിയാൽ കൃത്യമായ ടെണ്ടർ വിളിച്ച് വേസ്റ്റ് മാനേജ്മെന്റിനുള്ള പ്ലാന്റ് ആരംഭിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിയും ചൂണ്ടിക്കാണിച്ച ഏറ്റവും സങ്കീർണ്ണമായ ഒരു പ്രശ്നം മാരകമായ വിഷാംശം വെള്ളത്തിൽ അടങ്ങുമെന്ന സ്ഥിതിവിശേഷം വരുമ്പോഴും നമ്മുടെ ജനങ്ങൾക്ക് ഇതിനെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടില്ലാത്തതുകൊണ്ട് നാട്ടിൻപുറങ്ങളിൽ

ഇതെല്ലാം ഉപയോഗിച്ചതിനുശേഷം പുരയിടങ്ങളിലേക്ക് വലിച്ചെറിയുകയാണ് ചെയ്യുന്നത്. ഇവിടെ പറഞ്ഞതനുസരിച്ച് മണ്ണിൽ അലിഞ്ഞുചേർന്ന് വെള്ളത്തിലേക്ക് ലയിക്കുന്ന അപകടകരമായ സ്ഥിതിവിശേഷം വരുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇതിനെക്കുറിച്ച് പഠനം നടക്കുന്നുവെന്ന്. ഞാൻ ചൂണ്ടിക്കാണിക്കുന്നത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഇത് സംബന്ധിച്ച് സജീവമായി ചർച്ച ചെയ്തെങ്കിലും തീരുമാനത്തിലേക്ക് പോകാൻ കഴിഞ്ഞില്ല. ഇപ്പോഴും നമ്മൾ ചർച്ചയിൽ നിൽക്കുകയാണ്. ഗുരുതരമായ സ്ഥിതിവിശേഷം ഇക്കാര്യത്തിലുണ്ടെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു. പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനുള്ള ശാശ്വത പരിഹാരത്തിനുള്ള വഴി അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് സംസ്ഥാനത്തെ ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമാണ്. എങ്ങനെ ഇത് ഡിസ്പോസ് ചെയ്യുമെന്ന കാര്യത്തിൽ ടൈം ബൗണ്ടായി ഒരു തീരുമാനം എടുക്കണം. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ചൂണ്ടിക്കാണിച്ചതുപോലെ ഈ പറയുന്ന സി.എഫ്.എൽ.-ഉം എൽ.ഇ.ഡി.-യുമെല്ലാം ഉണ്ടാക്കുന്ന കമ്പനി തന്നെ സ്വയം അത് നശിപ്പിക്കണമെന്നാണ് ഇന്നും ഇൻഡ്യയിൽ നിലവിലുള്ള നിയമ വ്യവസ്ഥ. പക്ഷെ നമ്മുടെ സംസ്ഥാനത്ത് ഇത്തരം ബൾബുകൾ ഉത്പാദിപ്പിക്കുന്ന കമ്പനികളില്ല. അതുകൊണ്ടുതന്നെ ഇതിന്റെ ഡിസ്ട്രിബ്യൂട്ടേഴ്സ് മാത്രമാണുള്ളത്. യഥാർത്ഥത്തിൽ അവർതന്നെ ഇത് വാങ്ങി നശിപ്പിക്കുകയോ റീ-സൈക്കിളിംഗ് നടത്തുകയോ വേണമെന്നുള്ളതാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ ഒരു കാര്യം ഞാൻ പറയട്ടെ, എൽ.ഇ.ഡി.-യും സി.എഫ്.എൽ.-ഉം കൊണ്ടുമാത്രമാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്ന് പറയുന്നത് ശരിയല്ല. അതേയവസരത്തിൽ ഇതുകൊണ്ടും പ്രശ്നങ്ങളുണ്ടെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ താരതമ്യേന ഏത് കൃത്രിമലൈറ്റിലും അപകടമുണ്ട്. എല്ലാത്തിലുമുണ്ട്. സി.എഫ്.എൽ.-ലും എൽ.ഇ.ഡി.-യിലും മെർക്കുറി താരതമ്യേന കുറവാണ് അത് കൺട്രോൾ ചെയ്യാൻ സാധിക്കുമെന്ന് മാത്രമല്ല അത്

നശിപ്പിക്കാനും സാധിക്കും. നശിപ്പിക്കാനുള്ള മാർഗ്ഗങ്ങളുമുണ്ട്.

## വൈദ്യുതി കരാറുകൾ

3 (*753) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനു പുറത്തുനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി വീതം ലഭിക്കുന്നതിനുള്ള ഏതെല്ലാം കരാറുകളാണ് ഇപ്പോൾ നിലവിലുള്ളത് ; ഇതിൽ എത്ര വൈദ്യുതി സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട് ;

(ബി) കായംകുളം, ബി.എസ്.ഇ.എസ്. നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി അധിക സാമ്പത്തിക ഭാരത്തെ തുടർന്ന് വേണ്ടെന്ന് വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകരം വൈദ്യുതി കണ്ടെത്തുന്നതെങ്ങനെയാണെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) കേരളത്തിനു പുറത്തുള്ള വൈദ്യുതി നിലയങ്ങളിൽ നിന്ന് വരുന്ന മാസങ്ങളിൽ 1949 മെഗാവാട്ട് (പ്രതിമാസം ശരാശരി 1438 ദശലക്ഷം യൂണിറ്റ്) വൈദ്യുതി വാങ്ങാനുള്ള ഉഭയകക്ഷി കരാറുകൾ ഇപ്പോൾ നിലവിലുണ്ട്. എന്നാൽ പ്രസരണ ഇടനാഴിയുടെ അപര്യാപ്തത മൂലം ജൂലൈ മാസത്തിൽ കേവലം 3 മെഗാവാട്ട് വരെ വൈദ്യുതി എത്തിക്കാനുള്ള അനുമതിയേ ലഭിച്ചിട്ടുള്ളൂ.

(ബി) കായംകുളം വൈദ്യുത നിലയത്തിൽ നിന്നും 12.35 രൂപ നിരക്കിൽ ഏകദേശം 3.6 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. എന്നാൽ ബി.എസ്.ഇ.എസ്. നിലയത്തിൽ നിന്നുമുള്ള വൈദ്യുതി (13.50 രൂപ നിരക്കിലുള്ളത്) വാങ്ങുന്നില്ല. നിലവിലുള്ള ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിച്ചാണ് ആവശ്യകത നിറവേറ്റി വരുന്നത്. കൂടാതെ പവർ എക്സ്ചേഞ്ച് വഴി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ അവസരങ്ങളിലെല്ലാം ആയതു പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കേരളത്തിൽ ആവശ്യമായ വൈദ്യുതി

പുറത്തുനിന്ന് കൊണ്ടുവരുന്നതിന് പല കരാറുകളുമുണ്ട്. അതോടൊപ്പംതന്നെ നമുക്ക് ആവശ്യമായിട്ടുള്ള വൈദ്യുതി പുറത്തുനിന്ന് കൊണ്ടുവരുന്നതിന് ഇടമൺ-കൊച്ചി ലൈൻ പൂർത്തിയാക്കാത്തിനാൽ ഇപ്പോൾ തിരുനെൽവേലി, ഉദുമൽപേട്ട, അരീക്കോട്, മാടക്കത്തറ ലൈൻ വഴിയാണ് വൈദ്യുതി കൊണ്ടുവരുന്നത്. ഇങ്ങനെ കൊണ്ടുവരുമ്പോൾ ഇടമൺ വഴി വൈദ്യുതി എത്തിക്കുന്നതിനേക്കാൾ 247 കിലോമീറ്റർ ദൈർഘ്യം കൂടുതലാണ്. വളഞ്ഞ വഴികളിലൂടെ വൈദ്യുതി കൊണ്ടുവരുമ്പോൾ പ്രസരണ നഷ്ടം കൂടിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ബോർഡിനും നഷ്ടം കൂടുകയാണ്. ഇതൊഴിവാക്കുന്നതിന് ഇടമൺ-കൊച്ചി ലൈൻ പൂർത്തിയാക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇടമൺ-കൊച്ചി ലൈൻ പൂർത്തിയാക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്. അതിനുവേണ്ടി വാസ്തവത്തിൽ ഞാൻ പലപ്രാവശ്യം ഈ സഭയ്ക്കകത്ത് പറഞ്ഞതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അന്നത്തെ മുഖ്യമന്ത്രിയടക്കം അഞ്ചാറ് കോൺഫറൻസുകൾ നടത്തി. ഈ ഗവൺമെന്റിന്റെ കാലത്തും കോൺഫറൻസ്സുകൾ നടത്തി. ഏതായാലും അവസാനമായി ഒരു തീരുമാനത്തിലെത്തിയിരിക്കുകയാണ്. അവർക്ക് കുറെക്കൂടി വില കൂട്ടിക്കൊടുത്തുകൊണ്ട് അത് തുടങ്ങാനുള്ള കാര്യമാണ് ആലോചിക്കുന്നത്. അടുത്തുതന്നെ ക്യാബിനറ്റ് ഈ കാര്യത്തെക്കുറിച്ച് ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്. ഒരു കാര്യം വളരെ ക്ലിയറാണ് - ഇടമൺ-കൊച്ചി ലൈൻ വരാതെ ഒരിക്കലും കേരളത്തിന്റെ ഈ പവർ പ്രശ്നം തീർക്കാൻ സാധിക്കില്ല. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാൻ ഭാരത് പെട്രോളിയം കെമിക്കൽസിൽ നിന്നും പുറന്തള്ളുന്ന പെറ്റ്കോക്ക് ഇന്ധനമായി ഉപയോഗപ്പെടുത്തി പുതിയൊരു പദ്ധതി കൊണ്ടു വരുന്നതിനെ സംബന്ധിച്ച് പത്രത്തിൽ വാർത്ത കണ്ടു. ഇതുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡും ഗവൺമെന്റും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, പെറ്റ്കോക്ക് ആണ് ആ ബൈപ്രോഡക്റ്റ് എന്ന് പറയുന്നത്. ആ പെറ്റ്കോക്ക് ഉപയോഗിച്ചുകൊണ്ട് അറുന്നൂറോളം മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് ഇലക്ട്രിസിറ്റി ബോർഡ് വിശ്വസിക്കുന്നത്. അതിനുവേണ്ടി കൊച്ചിൻ റിഫൈനറിയിലെ 2 ഉദ്യോഗസ്ഥൻമാരും കെ.എസ്.ഇ.ബി.-യുടെ 3 ഉദ്യോഗസ്ഥൻമാരും കൂടിയുള്ള ഒരു കമ്മിറ്റി വച്ച് അതിൽ എങ്ങിനെ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ചൊക്കെ ആലോചിച്ച് ഒരു

പ്രാഥമിക റിപ്പോർട്ടും ഉണ്ടാക്കിയിട്ടുണ്ട്. അതിന് 150 ഏക്കർ സ്ഥലം വേണം. 150 ഏക്കർ സ്ഥലം വാസ്തവത്തിൽ FACT-നോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഏതായാലും ആ സ്ഥലം അതിന് ഏറ്റവും അനുയോജ്യമായിട്ടുള്ളതാണ്. അതുകൊണ്ട് അത് കിട്ടുമെന്ന് വിശ്വസിക്കുന്നു. ഏതായാലും അതിന്റെ തുടർനടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ ഭാവിയിലെ ആവശ്യകത മുന്നിൽ കണ്ട് ട്രാൻസ്മിഷൻ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ വടക്കൻ കേരളത്തിലേക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിലേക്ക് സഹായമാകുംവിധം മൈസൂർ - എടരിക്കോട് 400 കെ.വി. ലൈനിനും പുത്തൂർ-മൈലാട്ടി ലൈനിനും മുൻഗണന നൽകുവാൻ പദ്ധതിയുണ്ടോ ; അത് എത്ര കാലാവധിക്കുള്ളിൽ നടത്തുമെന്ന് പറയാൻ കഴിയുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിന് വളരെയധികം പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. കാരണം മൈസൂർ-അരീക്കോട് ലൈനിനെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ ഭാഗത്തുനിന്നുള്ള പ്രവർത്തനം പൂർണ്ണമായിക്കഴിഞ്ഞു. ഇനി 26 കിലോമീറ്റർ കൂർഗ് ഭാഗത്ത് കർണ്ണാടകത്തിലാണ് അവശേഷിച്ചിട്ടുള്ളത്. അതിനെ സംബന്ധിച്ച് കർണ്ണാടക മുഖ്യമന്ത്രിയുമായി നമ്മുടെ മുഖ്യമന്ത്രിയും ഉദ്യോഗസ്ഥൻമാരും ചർച്ച നടത്തിയിട്ടുണ്ട്. അവിടുത്തെ മന്ത്രിയുമായി ഞാനും ചർച്ച നടത്തിയിട്ടുണ്ട്. ഏതായാലും ആ 26 കിലോമീറ്ററിന്റെ വർക്ക് പൂർത്തിയാക്കിക്കഴിഞ്ഞാൽ ഈ പ്രശ്നം തീർക്കാൻ സാധിക്കും. ഇതോടുകൂടി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ മൈലാട്ടി ലൈൻ ശക്തിപ്പെടുത്താനും സാധിക്കും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങ് തന്നിട്ടുള്ള ഉത്തരത്തിൽ വരുന്ന മാസങ്ങളിൽ കേരളത്തിന് 1949 മെഗാവാട്ട് വൈദ്യുതി ആവശ്യമായി വരും എന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കേവലം 3 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള നടപടി മാത്രമാണ് ആയിട്ടുള്ളത്. എന്നു പറഞ്ഞാൽ ഈ നില തുടർന്നാൽ വരുന്ന 5 മാസങ്ങൾ കൂടി കഴിയുമ്പോൾ നമുക്ക് എത്തിക്കാൻ കഴിയുന്നത് 18 മെഗാവാട്ട് വൈദ്യുതിയായിരിക്കും. നമ്മുടെ ആവശ്യവുമായി തട്ടിച്ചുനോക്കിയാൽ നമുക്ക് ഒരു കാരണവശാലും ഈ നടപടിക്രമങ്ങൾ അംഗീകരിച്ചുപോകാൻ സാധിക്കില്ല. ഞാൻ മനസ്സിലാക്കിയത് ഗവൺമെന്റിന് പവർ ഗ്രിഡ് കോർപ്പറേഷനുമായി കേസുണ്ട്. പവർ ഗ്രിഡ് കോർപ്പറേഷൻ ഗവൺമെന്റിനെതിരെ ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുന്നു. അങ്ങോട്ടു മിങ്ങോട്ടുമുള്ള ഈ യുദ്ധം അവസാനിപ്പിച്ച് ഡിമാന്റ് തൃപ്തിയാക്കുന്നതിനുവേണ്ടി നമുക്കൊരു ഇടപെടൽ നടത്താൻ കഴിയുമോ ;

അതോടൊപ്പംതന്നെ ഈ സർക്കാർ ഒരു നയം പ്രഖ്യാപിക്കുമോ ; ആളുകളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് പവർ ഓൺ ഡിമാന്റ് ആണ് പറയുന്നതെങ്കിൽ നല്ല വൈദ്യുതി, മെച്ചപ്പെട്ട വൈദ്യുതി കുറഞ്ഞ നിരക്കിൽ എല്ലാവർക്കും എത്തിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങ് പറയുന്ന ഇടനാഴി ഇല്ല എന്നുള്ള മറുപടിക്കപ്പുറത്ത് ഈ വിഷയത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിന് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുക ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇതിനുവേണ്ടി ഗവൺമെന്റ് കഴിഞ്ഞദിവസം വരെയും നടപടികൾ കൈക്കൊണ്ടു. നമ്മുടെ ചെയർമാൻ പോയി അവരുമായി ചർച്ച നടത്തി, ഏകദേശം ഒരു രൂപത്തിലെത്തിയിട്ടുണ്ടെന്നു മാത്രമല്ല നമുക്ക് ഈ പറയുന്ന കോറിഡോർ അനുവദിക്കാത്തത് വളരെ തെറ്റായിട്ടുള്ളൊരു നടപടിയാണ്. ആ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് റെഗുലേറ്ററി കമ്മീഷനിൽ നമ്മൾ കേസും നൽകിയിട്ടുണ്ട്. അതിനുപുറമേ ഒത്തുതീർപ്പ് ശ്രമങ്ങളും കഴിഞ്ഞ ദിവസം നടത്തിയിട്ടുണ്ട്. ഏതായാലും അത് കുറേക്കൂടി consider ചെയ്യാം എന്നുള്ളിടത്ത് അവരെത്തിയിട്ടുണ്ട് എന്നതാണ് വസ്തുത. പിന്നെ നിരക്കുകുറച്ച് ഗുണമേൻമയുള്ള വൈദ്യുതി ലഭ്യമാക്കുക എന്നത് നടക്കുന്ന കാര്യമല്ല. അക്കാര്യത്തിൽ കുറച്ച് ബുദ്ധിമുട്ടുകളുണ്ടായിരിക്കും. നിരക്ക് കുറയ്ക്കുകയും ഗുണമേൻമ കൂട്ടുകയും ചെയ്യാൻ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.

<u>ശ്രീ. കെ. രാജു</u>: സർ, മഴ ശക്തിപ്രാപിക്കുമെന്നുള്ള വിശ്വാസത്തിലായിരിക്കും അങ്ങ് ലോഡ് ഷെഡ്ഡിംഗ് പിൻവിവലിച്ചുകൊണ്ടുള്ള ഒരു തീരുമാനം എടുത്തത്. കഴിഞ്ഞ ആഴ്ചയിൽ ശരാശരി ഉപഭോഗം 63 ദശലക്ഷം യൂണിറ്റ് ആയി ഉയർന്നിരിക്കുകയാണ്. ഡാമുകളിലാണെങ്കിൽ വെള്ളത്തിന്റെ നിരപ്പ് താഴ്ന്നു കൊണ്ടിരിക്കുകയുമാണ്. ഈ രംഗത്തുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേകമായിട്ടുള്ള ഒരു പദ്ധതിയോ പരിപാടിയോ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് വിശദീകരിക്കാമോ ?

<u>മി. സ്പീക്കർ</u>: ഇങ്ങനെയാണ് ചോദ്യം ചോദിക്കേണ്ടത്. Straight to the question.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇതിനുള്ള പരിപാടികളാണ് ഞാൻ വ്യക്തമാക്കിയത്. അന്യസംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി വാങ്ങാനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. അതുപോലെത്തന്നെ 25 കൊല്ലത്തേക്കുള്ള long term agreement വച്ചിട്ടുണ്ട്. 3 കൊല്ലത്തേക്കുള്ള short term agreement-ഉം നമ്മൾ വച്ചിട്ടുണ്ട്. ഇതൊന്നും ഒരുകാലത്തുമില്ലാത്ത കാര്യങ്ങളാണ്. അതുപോലെതന്നെ എണ്ണൂറോളം മെഗാവാട്ടിന് short term agreement-ഉം വച്ചിട്ടുണ്ട്. അതിനുപുറമേ

Southern state-ൽ നിന്നുള്ള ഉൽപ്പാദകരിൽനിന്ന് വാങ്ങാൻ വേണ്ടിയുള്ള മറ്റൊരു agreement-ലും ഏർപ്പെട്ടിട്ടുണ്ട്. Southern state-ൽ നിന്നാണെങ്കിൽ അത് വലിയ പ്രയാസമില്ലാതെ കിട്ടുമെന്നുള്ള വിശ്വാസമാണുള്ളത്. ലോഡ് ഷെഡ്ഡിംഗിനെ സംബന്ധിച്ച് പറഞ്ഞാൽ, ഒരു കാര്യം മെമ്പർ പറഞ്ഞത് ശരിയാണ്. നമ്മുടെ റിസർവോയറിലെ പൊസിഷൻ ഇന്നലെ 23 ശതമാനമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം 56 ശതമാനമായിരുന്നു. അത്രയും പ്രയാസങ്ങളുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ മഴ കിട്ടുമെന്നുള്ളതുകൊണ്ട് തൽക്കാലം ലോഡ് ഷെഡ്ഡിംഗ് നിർത്തിവച്ചിരിക്കുകയാണ്. ഇതാണ് സ്ഥിതിയെങ്കിൽ ലോഡ് ഷെഡ്ഡിംഗ് വേണ്ടിവരും.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, തമിഴ്നാട്ടിലെ വിൻഡ് ഫാമുകളിൽ നിന്ന് അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതി കേരളത്തിന് തരണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചുവെന്ന് പത്രത്തിൽ കണ്ടു. അതിന് തമിഴ്നാടിൻെറ മറുപടി എന്താണ്, ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ശുഭപ്രതീക്ഷയുണ്ടോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, നമ്മൾ അവർക്ക് ബുദ്ധിമുട്ടുണ്ടായിരുന്ന സമയത്ത് കായംകുളത്തു നിന്നും വൈദ്യുതി കൊടുത്തു. ബി.എസ്.ഇ.എസും, നമ്മൾ അവർക്ക് കൊടുത്തിരുന്നു. അവർക്ക് വിൻഡ് പവർ സർപ്ലസ്സായി ഉണ്ട് എന്ന് കേട്ടപ്പോൾ ആണ് കത്തെഴുതിയത്, അതിന് മറുപടി കിട്ടിയിട്ടില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് വൈദ്യുതി പ്രതിസന്ധി. ബഹുമാന്യനായ ആര്യാടനെപ്പോലെ പരിണിത പ്രജ്ഞനായ മന്ത്രി ഉണ്ടായിരുന്നിട്ടും, നമ്മുടെ കേരളത്തിൻെറ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിലും, ഡിമാന്റും സപ്ലൈയും തമ്മിലുള്ള വിടവ് നികത്തുന്ന കാര്യത്തിലും, നമ്മുടെ ഭാവി ആവശ്യം മുന്നിൽ കണ്ടുകൊണ്ട് ക്രിയാത്മകമായ പദ്ധതികളാരംഭിക്കുന്ന കാര്യത്തിലും യാതൊരു നടപടികളുമുണ്ടായിട്ടില്ല. നമ്മൾ വൻകിട പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നു. എമർജിംഗ് കേരളയെക്കുറിച്ച് ചർച്ച ചെയ്യുന്നു. വൈദ്യുതി ഇല്ലാത്ത കേരളത്തിൽ ആരും മുതൽ മുടക്കുവാൻ പോകുന്നില്ല. മഴ പെയ്താലും കേരളത്തിൽ പവർകട്ടാണ്. ഇതിന് പരിഹാരം കാണണം, ഇല്ലെങ്കിൽ കേരളം കൂരിരുട്ടിലേക്ക് പോകും. കേരളത്തിൻെറ ഭാവി ഇരുളടഞ്ഞതാകും അതുകൊണ്ട് ഇക്കാര്യത്തിൽ കുറേക്കൂടി ഇച്ഛാശക്തിയോടുകൂടിയ നടപടി സ്വീകരിക്കണം. അതിരപ്പിള്ളി, ആനക്കയം പദ്ധതി എവിടെയെത്തി ; വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, ഇതിനുവേണ്ടിയാണ് ഞാൻ നേരത്തേ

ചൂണ്ടിക്കാണിച്ച പെറ്റ്കോക്കിൻെറ 600 മെഗാവാട്ട്, ബ്രഹ്മപുരത്തു നിന്നും 400 മെഗാവാട്ട് എൽ.എൻ.ജി. ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു, അതിൻെറ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമേ കോൾ ബെയ്സ്ഡ് ആയിട്ടുള്ള ഒരു പ്രോജക്ടുമായി മുന്നോട്ടുപോകുകയാണ്.

<u>ഡോ. എൻ. ജയരാജ്:</u> സർ, ഇടമൺ-കൊച്ചി ലൈനിൻെറ പ്രശ്നത്തിൽ അവിടുത്തെ കർഷകരുടെ ആശങ്കയാണ് പ്രധാനപ്പെട്ട വിഷയം. ആക്ഷൻ കൗൺസിൽ പലതവണ ചർച്ച ചെയ്തതാണ്. വിലകൊടുക്കുമെന്ന് പറഞ്ഞു. വില അല്ല പ്രശ്നം, ഭൂമി ഏറ്റെടുക്കുമ്പോൾ ഒന്നുകിൽ അവർക്കുള്ള ഭൂമി മൊത്തമായി ഏറ്റെടുക്കണം, അല്ലാതെ വില കൊടുത്തതുകൊണ്ടു മാത്രം കർഷകർ സംതൃപ്തരാകുകയില്ല. ഒരു പാക്കേജായി ഈ പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, ഈ കാര്യങ്ങളൊക്കെ പലതവണ സംസാരിച്ചതാണ്, ഭൂമി ഏറ്റെടുക്കുന്നില്ല, അത് ഉപയോഗിക്കുവാനുള്ള ഒരു അവകാശം മാത്രമാണ്, അല്ലാതെ അക്വിസിഷന്റെ പ്രശ്നം ഈ കാര്യത്തിലില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 1949 മെഗാവാട്ട് വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരാനുള്ള കരാർ ഉണ്ടാക്കിയതിന് വളരെ നന്ദി. വളരെ നല്ലതായി, പക്ഷെ കരാറുണ്ടാക്കിയതുകൊണ്ട് കാര്യമില്ലല്ലോ. നമുക്ക് ട്രാൻസ്മിഷൻ ലൈൻ ആക്സസ് ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതാണ് നേരത്തേ 3 മെഗാവാട്ട് വൈദ്യുതി മാത്രമേ നമുക്ക് പുറത്തുനിന്നും കൊണ്ടുവരാൻ സാധിച്ചുള്ളൂ എന്നു പറഞ്ഞത്. പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് (പി.ജി.സി.ഐ.എൽ.) നമുക്കെതിരായിട്ട് ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കൊടുത്തു. അവർക്കെതിരായി നമ്മൾ സെൻട്രൽ ഇലക്ട്രിസിറ്റി കമ്മീഷന് മുൻപാകെ വേറൊരു കേസുകൊടുത്തു. അതുകൊണ്ട് പി.ജി.സി.ഐ.എൽ.-നെ വിശ്വാസത്തിലെടുക്കാതെ കേരളത്തിൻെറ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ കഴിയുകയില്ല. നമ്മുടെ വൈദ്യുതികൊണ്ട് പ്രശ്നം പരിഹരിക്കുവാൻ പറ്റുകയില്ല. ഇപ്പോഴുണ്ടാക്കിയ കരാറുകൊണ്ട് വൈദ്യുതി പ്രശ്നം പരിഹരിക്കുവാൻ കഴിയണമെങ്കിൽ അതിനൊറ്റ വഴിയേ ഉള്ളൂ, പി.ജി.സി.ഐ.എൽ.-മായി നല്ല ബന്ധം സ്ഥാപിച്ച് അവരുമായി ചർച്ച നടത്തി ഈ പ്രശ്നം പരിഹരിക്കുകയും, കേസുകൾ പിൻവലിക്കുകയും ചെയ്യുന്നതിന് അങ്ങ് മുൻകൈ എടുക്കുമോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, കേസുകൾ നമുക്ക് പ്രശ്നമല്ല. കേസ് അവരാണ് കൊടുത്തത്, ഇടമൺ-കൊച്ചി ലൈനിൻെറ കാര്യത്തിലാണ് അവർ കേസു കൊടുത്തത്. മറ്റു കാര്യങ്ങളിൽ ഗവൺമെൻറിനേയോ, ബോർഡിനേയൊ കുറ്റപ്പെടുത്തിയിട്ടല്ല കേസ്. ആ സ്ഥലം എടുത്തുകൊടുക്കാൻ കഴിഞ്ഞില്ല. അവർക്ക് നഷ്ടമുണ്ട് എന്നതാണ് കേസ്. അതേ അവസരത്തിൽ കോറിഡോർ നിഷേധിച്ചത് നമ്മളെ സംബന്ധിച്ചിടത്തോളം ഒരിക്കലും അംഗീകരിക്കുവാൻ കഴിയില്ല, അതിനാണ്

നമ്മൾ അവർക്കെതിരെ കേസ്സ് കൊടുത്തത്, എന്നുമാത്രമല്ല അക്കാര്യത്തിൽ ഒരു ഒത്തുതീർപ്പിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

**അടിയന്തര ചോദ്യം**

## 1. ചരക്ക് വാഹനങ്ങളിൽ സ്പീഡ് ഗവർണർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ വരുത്തിയ മാറ്റം

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് വാഹനങ്ങളിൽ സ്പീഡ് ഗവർണർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ 2012-ൽ വരുത്തിയ മാറ്റം 2014 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിൽ രജിസ്റ്റർ ചെയ്ത ചരക്ക് വാഹനങ്ങൾ കേരളത്തിന് പുറത്ത് സർവ്വീസ് നടത്തുമ്പോൾ എക്സ്പ്രസ്സ് ഹൈവേകളിൽ വേഗത്തിൽ ഓടുന്നതിന് സ്പീഡ് ഗവർണർ തടസ്സം സൃഷ്ടിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) കേരളത്തിന് പുറത്തുള്ള ചരക്ക് വാഹനങ്ങളോടൊപ്പം വേഗത്തിൽ ലക്ഷ്യസ്ഥാനങ്ങളിലെത്താൻ കേരള രജിസ്ട്രേഷനുള്ള ലോറികളെ കൂടി പ്രാപ്തമാക്കുന്ന രീതിയിൽ കേന്ദ്ര ചട്ടം കേരളത്തിനുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാർ പുതിയ വിജ്ഞാപന പ്രകാരം 1-4-2014 മുതൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയെങ്കിലും സ്റ്റേറ്റ് പെർമിറ്റ്, നാഷണൽ പെർമിറ്റ്, ഗുഡ്സ് വാഹനങ്ങൾ, ആൾ ഇന്ത്യാ പെർമിറ്റ് വാഹനങ്ങൾ എന്നിവയെ അതിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഇത് കേരളത്തിലെ വാഹന സാന്ദ്രതയും റോഡുകളുടെ പരിമിതികളും കണക്കിലെടുക്കുമ്പോൾ അപകടങ്ങൾ വർദ്ധിക്കുവാൻ കാരണമാകുമെന്നതിനാൽ ഇത്തരം വാഹനങ്ങളെ കൂടി സ്പീഡ് ഗവർണർ ഫിറ്റ് ചെയ്യേണ്ടതായ വാഹനങ്ങളുടെ വിഭാഗത്തിൽ നിലനിർത്തിക്കൊണ്ട് ടി വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.

കേരളത്തിലെ സ്പീഡ് ഗവർണർ ഘടിപ്പിച്ച വാഹനങ്ങളോടൊപ്പം സ്പീഡ് ഗവർണർ ഒഴിവാക്കിക്കൊണ്ട് മേൽപ്പറഞ്ഞ വാഹനങ്ങൾ മത്സരിക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും. ആകയാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അറിഞ്ഞശേഷം അതിനനുസൃതമായി തുടർനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. റ്റി. എ. റഹീം. സർ, കേരളത്തിൽ രജിസ്റ്റർ ചെയ്ത ചരക്ക വാഹനങ്ങൾ കേരളത്തിന് പുറത്ത് സർവ്വീസ് നടത്തുമ്പോൾ എക്സ്പ്രസ്സ് ഹൈവേകളിൽ സ്പീഡ് ഗവർണർ തടസ്സം സൃഷ്ടിക്കുന്നത് മനസ്സിലാക്കിയിട്ടുണ്ടോ എന്ന ചോദ്യത്തിന് അങ്ങ് ഇല്ല എന്നാണ് മറുപടി പറഞ്ഞത്. കാറിൽ പിൻസീറ്റിലിരുന്ന് യാത്ര ചെയ്യുന്ന ആളുകൾക്ക് സീറ്റ്ബെൽറ്റ് വേണം എന്ന നിയമത്തിന്മേൽ അങ്ങ് ഇടപെട്ട് ഒരു പ്രായോഗികമായ തീരുമാനം എടുത്തിരുന്നു. നല്ല ഒരു ഉദ്യോഗസ്ഥനെ അങ്ങേക്ക് നഷ്ടപ്പെടുകയും ചെയ്തു. ഈ ഒരു സാഹചര്യത്തിൽ കേന്ദ്ര നിയമത്തിനനുസൃതമായി കേരളത്തിൽ നിയമം പരിഷ്കരിക്കുകയല്ലേ വേണ്ടത്, അക്കാര്യത്തിൽ അങ്ങ് ആവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് സൂചിപ്പിച്ച കാര്യത്തിന് നമ്മൾ കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ട്. 'The exemption given to subsection 8 of the 2nd provision of the said notification to the vehicle operating State permit or National goods permit or All India tourist permit from installing the speed governors goes against the spirit of the section 16..........' തുടങ്ങിയ വിവരങ്ങൾ നമ്മൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അതിനനുസൃതമായ മാറ്റം വരുത്തണം എന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. നാഷണൽ പെർമിറ്റ് വണ്ടികൾക്ക് ഇപ്പോൾ എക്സംപ്ഷൻ നിലനിൽക്കുകയാണ്, അങ്ങനെ എക്സംപ്ഷൻ നിലനിറുത്തിക്കൊണ്ട് ഓടുമ്പോൾ ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിയമത്തിൽ മാറ്റം വരുത്തണമെന്ന് നമ്മൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം രണ്ട് അടിയന്തര ചോദ്യമുണ്ട്, അതുകൊണ്ട് സപ്ലിമെന്ററി ചോദ്യം ഒന്ന് മാത്രം മതി.

## 2. കേരളസർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനത്തിൽ സംവരണം അട്ടിമറിച്ചുവെന്ന പരാതി

ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനത്തിൽ സംവരണം അട്ടിമറിച്ചുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംവരണ വിഭാഗത്തിൽപ്പെട്ട ഉയർന്ന മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് മെരിറ്റ് ലിസ്റ്റിൽ പ്രവേശനം നൽകാതെ സംവരണ വിഭാഗത്തിൽപ്പെടുത്തി പ്രവേശനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുകാരണം യഥാർത്ഥത്തിൽ സംവരണത്തിന് അർഹതയുള്ള ഒട്ടേറെ വിദ്യാർത്ഥികളുടെ അവസരം നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംവരണം നഷ്ടപ്പെടാതിരിക്കാൻ എന്തു പരിഹാര നടപടിയാണ് അടിയന്തരമായി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,

(എ) കേരളസർവ്വകലാശാല ഡിഗ്രി പ്രവേശനത്തിനുള്ള ഓൺലൈൻ അലോട്ടുമെന്റിൽ സാങ്കേതികമായി ചെറിയ പിഴവുകൾ പറ്റിയതല്ലാതെ അട്ടിമറി നടന്നിട്ടില്ല.

(ബി) മെറിറ്റ് ലിസ്റ്റിൽ പ്രവേശനം ലഭിക്കേണ്ട 126 വിദ്യാർത്ഥികൾക്ക് സാങ്കേതികമായ പിഴവ് മൂലം സംവരണ വിഭാഗത്തിലാണ് പ്രവേശനം ലഭിച്ചിട്ടുള്ളത്.

(സി) തുടർന്ന് വരുന്ന അലോട്ടുമെന്റിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതിനാൽ, സംവരണ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ അവസരം ഇതുവഴി നഷ്ടപ്പെടുകയില്ല.

(ഡി) തുടർന്ന് വരുന്ന അലോട്ടുമെന്റിൽ സംവരണ വിഭാഗത്തിൽ ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികളെ മെരിറ്റിൽ വരുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുമ്പോൾ സംവരണ വിഭാഗങ്ങൾക്ക് അർഹമായ അവസരം ലഭിക്കുന്നതിന് സാധ്യമാകും. ഇതിനുവേണ്ട നടപടികൾ കേരള യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ 126 വിദ്യാർത്ഥികൾക്കാണ് അവസരം നഷ്ടമായതെന്ന് മിനിസ്റ്റർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി, തുടർന്നുവരുന്ന അലോട്ട്മെന്റിൽ അത് പരിഹരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അങ്ങനെ വരുമ്പോൾ നേരത്തേ അലോട്ട്മെന്റ് നടത്തിയിരുന്ന വിദ്യാർത്ഥികൾ ഓപ്റ്റ് ചെയ്തിരുന്ന സ്കൂളുകളും സബ്ജക്ടുകളും മാറേണ്ടിവരില്ലേ ; കോളേജുകളും മാറേണ്ടിവരില്ലേ ; അങ്ങനെ വരുമ്പോൾ ഈ റീ സെറ്റിൽമെൻറ് നടത്തുന്നതിനുള്ള എന്തു തരം മെക്കാനിസമാണ് അങ്ങ് ഉണ്ടാക്കിയിട്ടുള്ളത്? അതുപോലെ സമാനമായി അഡ്മിഷൻ നടത്തുന്ന മറ്റ് സർവ്വകലാശാലകളിലും ഇതുപോലെയുള്ള സംഭവങ്ങൾ നടന്നതായി വാർത്തകൾ വരുന്നതിനാൽ. ഈ പ്രദേശങ്ങളിലും ഇത്തരത്തിൽ നടക്കുന്നുണ്ടോ എന്നു പരിശോധിച്ച് പരിഹാരമാർഗങ്ങൾ കണ്ടുപിടിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുണ്ടായ സാങ്കേതികമായ പിഴവ് മൂലമാണ് അത് സംഭവിച്ചിട്ടുള്ളത്. അത് അതിന്റേതായ രീതിയിൽ കുട്ടികൾക്ക് അർഹിക്കുന്നതരത്തിലുള്ള പരിഗണനകൊടുത്ത് ഈ വിഷയം പരിഹരിക്കാൻ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആദിവാസി പെൺകുട്ടികൾ പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്നത്

4 (*754) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി.മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർശന നിയമ പരിരക്ഷകളുണ്ടായിട്ടും പെൺകുട്ടികൾ ഉൾപ്പെടെയുള്ള ആദിവാസികൾ ഇപ്പോഴും പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്നതിന്റെ

കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പരിശോധന നടത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) നിയമ പരിരക്ഷയെയും അവകാശങ്ങളെയും കുറിച്ച് ആദിവാസി വിഭാഗങ്ങളെ ബോധവൽക്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബ്ബലർക്കും നിയമപരിരക്ഷകളെക്കുറിച്ച് അവബോധം ഇല്ലാത്തവർക്കുമാണ് ഇപ്പോഴും പീഡനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനങ്ങളിലൂടെ ശാക്തീകരിക്കുന്നതിനും നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്തിലേക്ക് നയിക്കുന്നതിനും പരിശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടേയും സഹകരണത്തോടുകൂടിയും നടപടികൾ സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിതാ കമ്മീഷൻ നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടിയെടുത്തുവരുന്നു. ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി സെമിനാറുകൾ/ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/

ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നുണ്ട്. 1989-ലെ പട്ടികജാതി/ പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് അനുവദിക്കാവുന്ന പുതുക്കിയ നിരക്കിലുള്ള ആനുകൂല്യങ്ങൾ (ഭാരത സർക്കാരിന്റെ 23-12-2011-ലെ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം പരിഷ്കരിച്ച നിരക്കുകൾ) അനുബന്ധമായി ചേർക്കുന്നു. *

## ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനാവലോകനം

5 (*755) ശ്രീ. എ. പ്രദീപ്കുമാർ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാവിഭാഗത്തിന്റെ പ്രവർത്തനത്തെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ പലതിലും നടപടികൾ ഇല്ലാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തുന്ന കേസ്സുകളിൽ ഭരണവകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഇപ്പോഴുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; ഇതിന് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്തെ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ധനകാര്യ സെക്രട്ടറി തലത്തിൽ അവലോകനം നടത്താറുണ്ട്. പ്രതിമാസം നടത്തുന്ന അവലോകന യോഗത്തിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടുകളിന്മേൽ G.O. (P) No. 506/92/Fin. Dated 20-8-1992, G.O. (P) No. 2981/98/Fin. Dated 25-11-1998 എന്നീ ഉത്തരവുകൾക്കും 56/FIW-G1/08/Fin. Dated 30-8-2008 സർക്കുലറിലെ നിർദ്ദേശങ്ങൾക്കും അനുസൃതമായി സമയബന്ധിതമായി തുടർ നടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് നിർദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതില്ല. ബന്ധപ്പെട്ട ഭരണ വകുപ്പുകൾ കൃത്യമായി ഈ വ്യവസ്ഥകൾ പ്രകാരം നടപടിയെടുത്താൽ മതിയാകും.

**കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി**

6 (*756) ശ്രീ. വി. ശശി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം തകർച്ച നേരിടുന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൈത്തറി വസ്ത്രങ്ങൾക്ക് ടേണോവർ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ടാക്സ് നൽകേണ്ട വിറ്റുവരവ് പരിധി എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരള വാല്യൂ ആഡഡ് ടാക്സ് ആക്ട് ആന്റ് റൂളിലെ സെക്ഷൻ 6(4) പ്രകാരം ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് നികുതി പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ ; കൈത്തറി ഉല്പന്നങ്ങൾ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടവയാണോ ;

(ഡി) മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് കൈത്തറി വസ്ത്രങ്ങൾക്ക് വില്പന നികുതി ഈടാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തും കൈത്തറി-ഖാദി മേഖലകളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നെയ്ത്തുകാരുടെ അഭാവമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ മേഖല സംരക്ഷിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ വർഷത്തെ വിൽപ്പന ഒരു കോടിയിലധികമാണെങ്കിൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് കൈത്തറി വസ്ത്രങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നികുതി ഉപഭോക്താക്കളിൽ നിന്നും പിരിക്കാതെ വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നുമാണ് അടയ്ക്കേണ്ടത്.

(സി) കേരള മൂല്യ വർദ്ധിത നിയമത്തിന്റെ 6-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. കൈത്തറി തുണി, കൈത്തറി ബെഡ് ഷീറ്റ്, കൈത്തറി തലയിണ ഉറ തുടങ്ങിയ ഇനങ്ങൾ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടവയാണ്. എന്നാൽ കൈത്തറി കൊണ്ടുള്ള റെഡിമെയ്ഡ് ഇനങ്ങൾ, പരവതാനികൾ തുടങ്ങിയവയ്ക്ക് അഞ്ച് ശതമാനമാണ് നികുതി നിരക്ക്.

(ഡി) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലൊന്നും നികുതി ഈടാക്കുന്നില്ല. ഇവയുടെ നികുതി ഒഴിവാക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത

7 (T *757) ശ്രീ. പി. റ്റി. എ. റഹീം :

ശ്രീ. എം. എ. ബേബി :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. ജെയിംസ് മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികൾക്ക് പ്രതിവർഷം ആവശ്യമായ കശുവണ്ടി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ആവശ്യത്തിന്റെ എത്ര ശതമാനം സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ട് ;

(സി) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു ;

(ഡി) കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽനിന്ന് ഒഴിവാക്കിക്കൊടുത്തതുവഴി കശുവണ്ടി ഉത്പാദനത്തിൽ മുന്നേറ്റം ഉണ്ടാക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ ; ഇക്കാര്യം വിലയിരുത്തുകയുണ്ടായോ ; വിശദമാക്കാമോ ;

(ഇ) കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ തോട്ടണ്ടിയുടെ ആവശ്യകത പ്രതിവർഷം ഏകദേശം 8 ലക്ഷം മെട്രിക് ടൺ വരെയാണ്.

(ബി) സംസ്ഥാനത്ത് ആവശ്യമായ തോട്ടണ്ടിയിൽ ഏകദേശം 83,100 മെട്രിക് ടൺ (11.28%) മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്.

(സി) സംസ്ഥാനത്ത് കശുമാവ് കൃഷിയുടെ വ്യാപനം ലക്ഷ്യമാക്കിയാണ് സംസ്ഥാന സർക്കാർ 2007 വർഷത്തിൽ കാഷ്യൂ സ്പെഷ്യൽ ഓഫീസർ ചെയർമാനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി.) രൂപീകരിച്ചത്. നാളിതുവരെയായി കശുമാവ് കൃഷി വികസനത്തിനായി ഏജൻസി

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

താഴെപ്പറയുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി.

1. കശുമാവ് കൃഷി വ്യാപനം - 26000 ഹെക്ടർ
2. പരമ്പരാഗത കശുമാവിൻ തോട്ടങ്ങളുടെ പുനരുജ്ജീവനം - 75 ഹെക്ടർ
3. മാതൃകാ കൃഷിത്തോട്ടം - 1 എണ്ണം
4. ചെറുകിട നഴ്സറികൾ - 15 എണ്ണം
5. തേനീച്ച വളർത്തൽ - 2000 യൂണിറ്റ്
6. പുതിയ ജലസ്രോതസ്സുകൾ - 2 എണ്ണം
7. കാഷ്യൂ ആപ്പിൾ പ്രോസസ്സിംഗ് യൂണിറ്റ് - 1 എണ്ണം
8. ബയോ എത്തനോൾപ്ലാന്റ് - 1 എണ്ണം
9. സെമിനാറുകൾ - 3
10. പരിശീലന ക്ലാസ്സുകൾ - 24

(ഡി) 19-6-2012-ലെ 9207/Leg. B2/2010/Law വിജ്ഞാപനം അനുസരിച്ച് കശുവണ്ടി വ്യവസായത്തിന് ഉപയോഗിക്കുന്ന ഭൂമിയെ ഭൂ പരിഷ്കരണ നിയമത്തിന്റെ പരിധി സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. The Kerala Land Reforms (Second Amendment) Act, 2005 (Act 6 of 2012) പ്രകാരം ഒരു ഹെക്ടറിൽ 150-ൽ കുറയാതെ കശുമാവ് വൃക്ഷങ്ങൾ പ്രധാനമായും കൃഷി ചെയ്തിരിക്കുന്ന ഭൂമിയെ "കാഷ്യൂ എസ്റ്റേറ്റ്" എന്ന് നിർവ്വചിച്ചിട്ടുണ്ട്. ആഭ്യന്തര ഉൽപ്പാദനം ആവശ്യകതയുടെ 11% മാത്രമാണ്. സംസ്ഥാനത്തെ കശുവണ്ടി ഉൽപ്പാദനം കഴിഞ്ഞ 30 വർഷമായി അനുക്രമം കുറഞ്ഞുവരുന്ന പ്രവണതയാണുള്ളത്. റബ്ബറിന്റെ കടന്നുകയറ്റം പരമ്പരാഗതമായി കശുമാവ് കൃഷി ചെയ്തിരുന്ന നല്ലൊരു വിഭാഗം കർഷകരേയും റബ്ബർ കൃഷിയിലേക്ക് മാറുന്നതിന് പ്രേരിപ്പിച്ചു. 2007-ൽ കശുമാവ് കൃഷി വികസന ഏജൻസി രൂപീകൃതമായതുമുതൽ നാളിതുവരെ 25,000 ഹെക്ടറിൽ കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

(ഇ) അസംസ്കൃത തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ കെ.എസ്.എ.സി.സി.-യുടെ

ആഭിമുഖ്യത്തിൽ ജൈവ കശുമാവ് കൃഷിയും അസംസ്കൃത തോട്ടണ്ടി ബാങ്ക് സ്ഥാപനവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നത്. 2007-ൽ കെ.എസ്.എ.സി.സി.-ക്ക് രൂപം കൊടുക്കുമ്പോൾ ഉല്പാദനം 65,000 മെട്രിക് ടൺ ആയിരുന്നത് അനുക്രമമായി വർദ്ധിപ്പിച്ച് ഒന്നര ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക എന്നതാണ് കെ.എസ്.എ.സി.സി.-യുടെ ലക്ഷ്യം. പരമ്പരാഗത ഇനങ്ങളിലെ കശുമാവ് കൃഷി സ്ഥലങ്ങൾ മറ്റുവിളകൾക്ക് വേണ്ടിയും വ്യാവസായിക ആവശ്യത്തിനും വീടു വയ്ക്കുന്നതിനും മറ്റുമായി വിനിയോഗിക്കുന്നതുമൂലം കശുമാവ് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി അനുദിനം കുറഞ്ഞുവരികയാണ്. ഇക്കാരണത്താൽ സംസ്ഥാനത്തിന് ഇപ്പോഴത്തെ കണക്കനുസരിച്ച് ആവശ്യമായി വരുന്ന 8 ലക്ഷം മെട്രിക് ടൺ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാൻ കഴിയില്ല.

### സ്വതന്ത്ര സോഫ്റ്റ്‌വെയർ കർമ്മപരിപാടികൾ

8 (*758) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചരിപ്പിക്കാനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇതിനായി സ്വതന്ത്ര സോഫ്റ്റ് വെയർ സെന്റർ പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് സെന്റർ വഴി നടത്തിവരുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചരിപ്പിക്കാൻ സർക്കാർ ചെയ്യേണ്ട കൂടുതൽ കാര്യങ്ങളെക്കുറിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ സെന്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രചരണത്തിനും വികസനത്തിനുമായി അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രം (ഐ.സി.ഫോസ്) പ്രവർത്തിച്ചു വരുന്നു. വിൻഡോസ് പ്ലാറ്റ്‌ഫോമുകളിൽനിന്ന് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്ലാറ്റ്‌ഫോമുകളിലേക്ക് സർക്കാർ വകുപ്പുകളെ പരിവർത്തനം നടത്തുന്നതിനുള്ള സാങ്കേതികവും തന്ത്രപരവുമായ സഹായം ഐ.സി. ഫോസ് നൽകിവരുന്നു. കൂടാതെ ഇ.ആർ.പി. പോലുള്ള വലിയ തോതിലുള്ള കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ നടത്തുന്നതിന് വേണ്ട സഹായം ഐ.സി. ഫോസ് നൽകിവരുന്നു. ഇതിനുപുറമേ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വ്യാപകമായ പ്രചരണത്തിനായി വിവിധങ്ങളായ പ്രോഗ്രാമുകളും അന്താരാഷ്ട്ര സമ്മേളനങ്ങളും സെമിനാറുകളും പ്രഭാഷണങ്ങളും നടത്തിവരുന്നു. സ്മാർട്ട്ഫോണുകൾ, ഡിജിറ്റൽ ലൈബ്രറികൾ, റോബോട്ടിക്സ് എന്നിവ പോലുള്ള മുൻപന്തിയിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ സാങ്കേതിക വിദ്യകൾക്കായി പരിശീലനവും സാങ്കേതിക സഹായവും നൽകിവരുന്നു. എഞ്ചിനീയറിംഗിലും ബന്ധപ്പെട്ട വിഷയങ്ങളിലും സ്വതന്ത്ര സോഫ്റ്റ്‌വെയറധിഷ്ഠിതമായ ഉപരി പഠനത്തിനുള്ള പരിശീലനവും പ്രോജക്ട് സർവ്വീസുകളും നൽകിവരുന്നുണ്ട്.

(ബി & സി) ഉണ്ട്. അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രം (ഐ.സി. ഫോസ്) സർക്കാരിന്റെ ഒരു സ്വയംഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നുണ്ട്. സെന്ററിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. തൊഴിൽ സൃഷ്ടിക്കലും അതിനുള്ള അവസരം ഒരുക്കലും ലക്ഷ്യംവച്ച് സ്വതന്ത്ര സോഫ്റ്റ്‌വെയറധിഷ്ഠിതമായ സംരംഭങ്ങൾക്ക് പ്രീ-ഇൻകുബേഷനും ഇൻകുബേഷനും വഴി പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

2. കേന്ദ്ര സർക്കാരിന്റെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ലോക്കലൈസേഷൻ ആന്റ് ഹാർഡ്‌വെയർ ഇന്റർഫേസിങ്ങ് ഫോർ ആൻഡ്രോയിഡ്/ബോസ് ബേസ്ഡ് ഡിവൈസസ് ആർ ആന്റ് ഡി പ്രോജക്ട്) എന്ന പദ്ധതി നടത്തി വരുന്നുണ്ട്.

3. ജി.എൻ.യു-ഘാട്ട ഫിനാൻഷ്യൽ അക്കൗണ്ടിങ്ങ് സോഫ്റ്റ്‌വെയർ ഒരു പരിപൂർണ്ണ ഫിനാൻഷ്യൽ അക്കൗണ്ടിങ്ങ് സോഫ്റ്റ്‌വെയർ ആക്കി വികസിപ്പിക്കുകന്നതിനായുള്ള സാങ്കേതികവും ധനപരവുമായുള്ള സഹായം നൽകിവരുന്നുണ്ട്.

4. കേരള ലാന്റ് യൂസ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ

സ്മാർട്ട്ഫോൺ അടിസ്ഥാനത്തിലുള്ള അസറ്റ്-മാപ്പർ-സ്മാർട്ട് ഫോൺ ബേസ്ഡ് ഫീൽഡ് അസറ്റ് മാപ്പിങ്ങ് ടൂൾ വികസിപ്പിച്ചുവരികയാണ്.

5. എ.എസ്.എ.പി.(ASAP) പദ്ധതിയിലുള്ള കുട്ടികളുടെ ആൾട്ടർനേറ്റീവ് കമ്പ്യൂട്ടിങ്ങ് ഡിവൈസുകൾ വിശകലനം ചെയ്യുന്നതിനുള്ള പൈലറ്റ് പ്രോജക്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

6. സ്വതന്ത്ര ഹാർഡ് വെയർ ഉപയോഗിച്ച് വ്യവസായ മേഖലയിൽ പ്രാധാന്യം അർഹിക്കുന്ന റോബോട്ടിക്സ് വികസിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളും പഠനങ്ങളും നടത്തിവരുന്നു.

7. ചെറുകിട ഇടത്തരം സംരംഭകർക്ക് വിവര വിനിമയ സാങ്കേതിക സഹായം നൽകുന്നതിന് സെമിനാറുകളും പഠനങ്ങളും നടത്തിവരുന്നുണ്ട്.

8. സ്വതന്ത്ര സോഫ്റ്റ്വെയർ പ്ലാറ്റ്ഫോമിലുള്ള മലയാള ഭാഷാവൽക്കരണം ത്വരിതപ്പെടുത്തിവരുന്നു.

9. എഞ്ചിനീയറിംഗ്/സാങ്കേതിക വിദ്യാ വിദ്യാർത്ഥികളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് അതത് മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്.

(ഡി) ഇല്ല.

**സംസ്ഥാന സഹകരണ ബാങ്കിന് കാർഷിക പുനർവായ്പ**

9 (*759) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിൽ നിന്ന് സംസ്ഥാന സഹകരണ ബാങ്കിന് 2013-14 വർഷം കാർഷിക വായ്പ ഇനത്തിൽ പുനർവായ്പ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ വർഷം പുനർവായ്പ ലഭിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് രീതിയിലുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളതെന്നും

ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ;

(ഡി) കാർഷിക പുനർവായ്പ ലഭിക്കാത്തതു മൂലമുണ്ടാകുന്ന നഷ്ടം എന്തൊക്കെയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഇല്ല.

(ബി) പുനർവായ്പ ലഭ്യമാക്കുന്നതിന് നബാർഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലാണ് 2013-14 വർഷം പുനർവായ്പ ലഭിക്കാത്ത സാഹചര്യം ഉണ്ടായത്.

(സി) ഈ വർഷം പുനർവായ്പ ലഭിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിട്ടില്ല. സംസ്ഥാന സഹകരണ ബാങ്കിന്റെ സ്വന്തം ഫണ്ടിൽനിന്ന് 1250 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പയുമായി അനുവദിച്ച് നൽകിയ സാഹചര്യത്തിലാണ് സർക്കാർ ഇടപെടൽ നടത്താതിരുന്നത്.

(ഡി) ഉയർന്ന പലിശയ്ക്ക് സംസ്ഥാന സഹകരണ ബാങ്ക് സമാഹരിച്ച ഫണ്ട് ജില്ലാ ബാങ്കുകൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കിയ ഇനത്തിലുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം 25 കോടിയോളം രൂപയാണ്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ്പ് പദ്ധതി

10 (*760) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഏതെല്ലാം തലത്തിലുള്ള വിദ്യാർത്ഥികളാണ് പ്രസ്തുത പദ്ധതിയുടെ

പരിധിയിൽ വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര പേർക്ക് അവ വിതരണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സ്, മെഡിക്കൽ വിഭാഗത്തിലെ വിവിധ ഡിഗ്രി കോഴ്സുകൾ, കമ്പ്യൂട്ടറധിഷ്ഠിത ഡിഗ്രി, മൂന്ന് വർഷ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ടാംവർഷ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു.

(ബി) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകൾ, ഗവേഷണ പഠനം, എം.ഫിൽ, എം.ബി.എ., ബി.എസ്.സി./എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ബി.സി.എ., എം.സി.എ., കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള എം.എ. ട്രൈബൽ സോഷ്യോളജി, പോളിടെക്നിക് (3 വർഷ കമ്പ്യൂട്ടർ കോഴ്സുകൾ) തുടങ്ങിയ കോഴ്സുകളിൽ രണ്ടാംവർഷ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നത്.

(സി) 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന ടി പദ്ധതിയിൽ പ്രസ്തുത വർഷം 128 വിദ്യാർത്ഥികൾക്കും 2012-13 സാമ്പത്തിക വർഷം 251 വിദ്യാർത്ഥികൾക്കും 2013-14 സാമ്പത്തിക വർഷം 300 വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എല്ലാ വർഷവും അധ്യയന വർഷാരംഭത്തിൽ തന്നെ അർഹരായ വിദ്യാർത്ഥികളുടെ വിശദാംശം ശേഖരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച്ച് ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തുവരുന്നു.

## സ്പോർട്സ് കിറ്റ് വിതരണം

11 (*761) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കുന്ന ക്ലബ്ബുകൾക്കും സർക്കാർ സ്കൂളുകൾക്കും സ്പോർട്ട്സ് കിറ്റ് വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം കാര്യങ്ങളാണ് ഇത് വഴി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കും സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി പദ്ധതി രൂപീകരിച്ചിരുന്നു. പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കും കായിക ഉപകരണങ്ങൾ വാങ്ങി നൽകി, കായിക പരിശീലനം നടത്തുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, അതിലൂടെ യുവജന ക്ലബ്ബുകളെ ശക്തിപ്പെടുത്തുക, നഷ്ടമായിക്കൊണ്ടിരിക്കുന്ന കായിക മികവ് താഴെത്തട്ടിൽ നിന്നും വളർത്തി കൊണ്ടുവരിക, അതിലൂടെ മെച്ചപ്പെട്ട ശാരീരികശേഷി യുവാക്കൾക്ക് ലഭ്യമാക്കുക, കായിക സംസ്കാരം പുനരുജ്ജീവിപ്പിക്കുക തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) അരുവിക്കര ജി. വി. രാജ സ്പോർട്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പരിശീലനത്തിനായി മതിയായ കായിക ഉപകരണങ്ങൾ ഇല്ലാത്തതിനാൽ സ്കൂൾ അധികൃതരുടെ അപേക്ഷ പരിഗണിച്ച് 12,12,782 (പന്ത്രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) ചെലവിൽ കായിക ഉപകരണങ്ങൾ നൽകി.

(ഡി) കായിക ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് യുവജനക്ഷേമ ബോർഡ് നേരിട്ടാണ് നിർവ്വഹിക്കുന്നത്.

## റെയിൽ ബഡ്ജറ്റുകളിൽ സംസ്ഥാനത്തോടുള്ള അവഗണന

12 (*762) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> :
ഡോ. ടി. എം. തോമസ് ഐസക് :
<u>ശ്രീ. എം. ചന്ദ്രൻ</u> :
<u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുൻ റെയിൽ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളും ട്രെയിനുകളും സംസ്ഥാനത്ത് നടപ്പിലാക്കാതിരുന്നിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) റെയിൽബഡ്ജറ്റുകളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു സംസ്ഥാന സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന് നാമമാത്രമായ പ്രഖ്യാപനങ്ങൾ നടത്തുകയും വർഷങ്ങളായി അവയൊന്നും നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്നത് എപ്രകാരമാണ് വീക്ഷിക്കപ്പെടുന്നത് ;

(ഡി) സംസ്ഥാനത്തിന് പ്രഖ്യാപിക്കുന്ന പദ്ധതികൾ പ്രാവർത്തികമാകാതിരിക്കുന്നതിൽ സംസ്ഥാനസർക്കാർ കാണിക്കുന്ന അലംഭാവവും കാരണമാകുന്നുവെന്ന

ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) വിശദാംശം അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി & സി) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ പദ്ധതികൾ സാധാരണയായി റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. അതനുസരിച്ച് ഓരോ കൊല്ലത്തേയും റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ കേരളത്തിൽ നിന്നുമുള്ള ബഹുമാനപ്പെട്ട എം.പി.-മാരോടും റെയിൽവേ ഉദ്യോഗസ്ഥരോടും മറ്റ് ബന്ധപ്പെട്ടവരോടും കൂടിയാലോചിച്ച് എല്ലാ ആവശ്യങ്ങളും വിശദമാക്കി സമഗ്രമായ നിവേദനം കേന്ദ്ര സർക്കാരിന് എല്ലാ വർഷവും സമർപ്പിച്ചുവരുന്നു. എന്നാൽ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നുണ്ട്. റെയിൽവേ ബോർഡ് അംഗീകരിച്ച പദ്ധതികൾ, ഗേജ് മാറ്റം, പാത ഇരട്ടിപ്പിക്കൽ, അവയോട് ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കാറില്ല എന്ന് കണ്ടതിനാൽ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഉതകുംവിധം കൃത്യമായ ഫണ്ട് ലഭ്യത ഉറപ്പാക്കണമെന്നും ഫണ്ട് വകമാറ്റുന്ന പ്രവണത നിരുൽസാഹപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഇതിനകം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും 2014-15 സാമ്പത്തിക വർഷത്തിൽ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013-ലും 30-5-2014-ലും സമർപ്പിച്ച നിവേദനങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രഖ്യാപിത പദ്ധതികളായ പാലക്കാട് കോച്ച് ഫാക്ടറി പദ്ധതി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി പദ്ധതി, പെനിൻസുലാർ റെയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി. & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റെയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/നിർമ്മാണം, നേമത്തും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി എന്നിവയും 2014-15-ൽത്തന്നെ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും സംബന്ധിച്ചും ടി നിവേദനങ്ങളിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് ടി കാര്യങ്ങൾ 23-6-2014-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കത്തുകൾ വഴി പുതിയ പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും അറിയിച്ചിട്ടുള്ളതാണ്.

(ഡി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അലംഭാവം ഒന്നും കാണിക്കുന്നില്ല. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

**ആർ.ബി.ഐ. കടപ്പത്രങ്ങളിലെ നിക്ഷേപം**

13 (*763) ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാസഹകരണ ബാങ്കുകൾ നിക്ഷേപങ്ങൾ ആർ.ബി.ഐ.-യുടെ കടപ്പത്രങ്ങളിൽ നിക്ഷേപിക്കണമെന്ന സംവിധാനം നിലവിൽ വന്നാൽ സഹകരണ ബാങ്കിംഗ് മേഖലയെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ:

ജില്ലാ സഹകരണ ബാങ്കുകളുടെ എളുപ്പം പണമാക്കി മാറ്റാവുന്ന നിക്ഷേപങ്ങൾ (SLR) സർക്കാർ/അനുവദനീയ സെക്യൂരിറ്റികളിൽ (കടപ്പത്രങ്ങളിൽ) നിക്ഷേപിക്കണമെന്ന

സംവിധാനം നിലവിൽ വന്നാൽ ഇപ്പോൾ സംസ്ഥാനത്ത് ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ഈ നിക്ഷേപങ്ങൾ കേന്ദ്ര സർക്കാരിന്റെ നിക്ഷേപങ്ങളിലേക്ക് മാറുന്നതാണ്. ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ച് സർക്കാർ കടപത്രങ്ങളിൽ നിക്ഷേപിക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തന മൂലധനത്തിൽ കാര്യമായ കുറവുണ്ടാകും. ഇത് ഫലത്തിൽ സംസ്ഥാനത്തിലെ ത്രിതല ബാങ്കിംഗ് സംവിധാനത്തിന്റെ പ്രവർത്തനത്തെ ബാധിക്കും. നിലവിലുള്ള സ്ഥിതി പ്രകാരം, വിലയിരുത്തിയാൽ ജില്ലാ ബാങ്കുകൾ അവരുടെ SLR ഡെപ്പോസിറ്റ് പിൻവലിക്കുന്നത് വഴി സംസ്ഥാന സഹകരണ ബാങ്കിന്, 31-3-2015-ഓടുകൂടി 2000 കോടി രൂപയ്ക്കും 3000 കോടി രൂപയ്ക്കും ഇടയിലുള്ള പ്രവർത്തന മൂലധന കമ്മി നേരിടുന്നതാണ്. ഇത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതാണ്. കൂടാതെ ജില്ലാ സഹകരണ ബാങ്കുകൾക്ക് സംസ്ഥാന സഹകരണ ബാങ്കിലെ നിക്ഷേപത്തിന് ലഭിക്കുന്ന പലിശ കടപത്രങ്ങളിൽ നിക്ഷേപിക്കുമ്പോൾ ലഭിക്കുകയില്ല എന്നതിനാൽ ടി സംവിധാനം നിലവിൽ വരുന്നത് ജില്ലാ സഹകരണ ബാങ്കുകളുടെ സാമ്പത്തികക്ഷമതയെയും ദോഷകരമായി ബാധിക്കുന്നതാണ് എന്ന് വിലയിരുത്തിയിട്ടുണ്ട്.

**അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

14 (*764) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനുള്ള ധനസഹായം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ;

വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഉണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മിഷൻ 676-ൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള ലാന്റ് റിഫോംസ് ആന്റ് ഡെവലപ്മെന്റ് സഹകരണ സംഘം (ലാഡർ) കോഴിക്കോട് ജില്ലയിലെ മാങ്കാവിൽ 60 സെന്റ് സ്ഥലം സംഘം വാങ്ങി അവിടെ 49 അപ്പാർട്ട്മെന്റുകളുള്ള സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. സംഘത്തിന്റെ രണ്ടാമത്തെ പദ്ധതിയായ ഇന്ത്യൻ മാളിന്റെ ശിലാസ്ഥാപനം മലപ്പുറം ജില്ലയിലെ മഞ്ചേരി പട്ടണത്തിന്റെ ഹൃദയഭാഗത്ത് നിർവ്വഹിച്ചിട്ടുണ്ട്.

(ബി) ഇടനിലക്കാരുടെ ചൂഷണമില്ലാതെ മിതമായ നിരക്കിൽ മെമ്പർമാർക്ക് ഫ്ലാറ്റ് ലഭ്യമാക്കുക, സാധാരണക്കാരനും നഗരത്തിൽ ഫ്ലാറ്റെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക, മെമ്പർമാരായ എല്ലാ ആളുകൾക്കും മിതമായ നിരക്കിൽ തവണ വ്യവസ്ഥയിൽ പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, കാർഷിക പ്രാധാന്യമില്ലാത്ത സ്ഥലം ഉപയുക്തമാക്കുന്നതോടൊപ്പം അംഗങ്ങളുടെ കാർഷികവൃത്തിക്കുകൂടി അനുയോജ്യമായ സ്ഥലത്ത് മാതൃകാപരമായ പാർപ്പിടം നിർമ്മിച്ച് നൽകി കാർഷികമേഖലയെക്കൂടി പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഇതിനുള്ള ധനസഹായം പ്രധാനമായും ഓഹരി മൂലധനം, അംഗങ്ങളുടെ നിക്ഷേപം എന്നിവ വഴിയാണ് സംഘം കണ്ടെത്തുന്നത്. സംഘം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) "മാങ്കാവ് ഗ്രീൻസ്" നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ മാങ്കാവിൽ 60 സെന്റ് സ്ഥലം സ്വന്തമായി വാങ്ങി അവിടെ 49 അപ്പാർട്ട്മെന്റുകളുള്ള സമുച്ചയത്തിന്റെ നിർമ്മാണം അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ മഞ്ചേരി പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഇന്ത്യൻ മാളിന്റെ

നിർമ്മാണത്തിനായി 80 സെന്റ് സ്ഥലം വാങ്ങി നിർമ്മാണ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ നാഷണൽ ഹൈവേയോട് ചേർന്ന് രണ്ട് ഏക്കർ സ്ഥലം സംഘം വാങ്ങി രജിസ്ട്രേഷൻ നടപടികൾ നടന്നുകൊണ്ടി രിക്കുകയാണ്.

**ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ**

15 (*765) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിലൂടെ എത്രമാത്രം വൈദ്യുതി ലാഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വഴി മെച്ചപ്പെട്ട ഊർജ്ജക്ഷമതയും പ്രകാശവും കൈവരിക്കാനാവും. അതുപോലെ സി.എഫ്.എൽ.-കളിലും ട്യൂബ്ലൈറ്റുകളിലും കാണപ്പെടുന്ന ദോഷകരമായ മെർക്കുറിയുടെ അളവ് എൽ.ഇ.ഡി. ബൾബുകളിൽ തീരെയില്ലെന്ന മേന്മയുമുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി M/s Energy Efficiency Service Ltd., (EESL) എന്ന ഒരു കേന്ദ്ര ഏജൻസിയുടെ സഹായം തേടുന്നതിനുള്ള ചർച്ചകൾ നടന്നിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലായാൽ ഒരു ഉപഭോക്താവിന് രണ്ട് എൽ.ഇ.ഡി. ബൾബുകൾ എന്ന നിലയിൽ 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകാനായാൽ 80 മില്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകുമെന്നാണ് കണക്കാക്കുന്നത്.

**വൈദ്യുതി ലൈൻ പ്രവർത്തനങ്ങളിൽ നിന്ന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പിൻമാറിയ നടപടി**

16 (*766) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും 400 കെ.വി. ലൈൻ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് പിന്മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ലൈനുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള സാധനസാമഗ്രികൾ തിരിച്ചെടുക്കാൻ അനുവാദം നൽകുന്നതിന് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ കേന്ദ്ര റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനുള്ള സാഹര്യം എന്താണെന്നും ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്നും വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 400 കെ.വി. തിരുനെൽവേലി-മാടക്കത്തറ ലൈനുമായി ബന്ധപ്പെട്ട് പവർഗ്രിഡ് കോർപ്പറേഷൻ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നൽകിയിരിക്കുന്ന പെറ്റീഷനിൽ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം ലഭ്യമാക്കുന്നതിനുവേണ്ടി നിർമ്മിക്കുന്ന 400 കെ.വി. തിരുനെൽവേലി-മാടക്കത്തറ ലൈനിനും പള്ളിക്കര (കൊച്ചി ഈസ്റ്റ്)-യിൽ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും 31-3-2014 വരെ ചെലവായ 408.40 കോടി രൂപയ്ക്ക് 1-4-2014 മുതൽ താൽക്കാലിക താരിഫ് നിശ്ചയിക്കുവാനും ഇടമൺ-കൊച്ചി റൂട്ടിലെ തർക്കങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതും അതിനുശേഷം 400 കെ.വി. തിരുനെൽവേലി-മാടക്കത്തറ ലൈനും അനുബന്ധ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനും വേണ്ടി ചെലവാക്കിയ തുകയ്ക്കുള്ള അന്തിമ താരിഫ് നിശ്ചയിക്കുവാനും
2. PGCIL-ൽ പ്രസ്തുത പ്രവൃത്തിമൂലം ഉണ്ടായ നഷ്ടം നികത്തുവാൻ വേണ്ടി കമ്മീഷൻ ഉചിതമായ നടപടി സ്വീകരിക്കുവാനും
3. 400 കെ.വി. ഇടമൺ-കൊച്ചി ഭാഗത്ത് ലൈൻ വലിക്കുന്നത് സംബന്ധിച്ച തർക്കങ്ങളും അത് സംബന്ധിച്ച സർക്കാരിന്റെ ഭാഗത്തുനിന്നും മുന്നോട്ടുവച്ച നഷ്ടപരിഹാര നിർദ്ദേശങ്ങളിലുള്ള വ്യത്യസ്ത നിലപാടുകൾ പരിഹരിക്കുവാനും
4. തിരുനെൽവേലി-ഇടമൺ 400 കെ.വി. ലൈനിന്റെ commercial operation 1-7-2010 മുതൽ പ്രഖ്യാപിക്കാനും. പ്രസ്തുത വിഷയത്തിന്മേലുള്ള വാദം കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നടന്നുവരികയാണ്.

(സി) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറ വരെ 400 കെ.വി. ലൈനും കൊച്ചി (പള്ളിക്കര)യിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പവർഗ്രിഡ് കോർപ്പറേഷനാണ് നടപ്പാക്കുന്നത്. തിരുനെൽവേലി മുതൽ ഇടമൺ വരെയും മാടക്കത്തറ മുതൽ പള്ളിക്കര വരെയുമുള്ള 400 കെ.വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചിവരെയുള്ള ലൈൻ റൂട്ടിൽ ലൈൻ വലിക്കുന്നതിനെതിരെയുള്ള എതിർപ്പുകൾമൂലം നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ലൈൻ നിർമ്മാണം നടത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കർഷകരുമായും

ജനപ്രതിനിധികളുമായും ചർച്ചകൾ നടന്നുവരുന്നു. PGCIL ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ, സത്വര നടപടികൾ കൈക്കൊള്ളണമെന്ന് കോടതി നിർദ്ദേശത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ആദിവാസികൾ സ്വയം ഭൂമി കണ്ടെത്തുന്ന പദ്ധതി**

17 (*767) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് അവരവർ തന്നെ ഭൂമി കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നൽകുമെന്നുള്ള പദ്ധതി വൻ അഴിമതിക്ക് കളമൊരുക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ ;

(സി) ഭൂമി ലഭ്യമാക്കുന്നതിന് അവരവർതന്നെ ഭൂമി കണ്ടെത്തണമെന്ന നിർദ്ദേശം, പദ്ധതി പ്രഖ്യാപനത്തിൽ തന്നെ ഒതുങ്ങുമെന്നുള്ള പ്രസ്തുത മേഖലയിലുള്ളവരുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വാസസ്ഥലത്തിനടുത്ത് സൗകര്യപ്രദമായ നിലയിൽ വാസയോഗ്യവും ജലലഭ്യതയുള്ളതും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി വാങ്ങി നൽകുന്നതിനുള്ള പദ്ധതിയാണ് 3-9-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 68/2013/പജപവവിവ, 23-10-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 84/13/പജപവവിവ എന്നിവ പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 2001-ൽ ആരംഭിച്ച ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വിവിധ ഘട്ടങ്ങളിലായി ലഭ്യമായ റവന്യൂ ഭൂമിയും നിയമതടസ്സങ്ങളില്ലാത്ത മറ്റ് സർക്കാർ

വകുപ്പ്/സർക്കാർ ഏജൻസികളുടെ പക്കൽനിന്ന് ലഭ്യമായ ഭൂമിയും വിതരണം നടത്തിക്കഴിഞ്ഞു. ഇപ്രകാരം 7028 കുടുംബങ്ങൾക്ക് ആകെ 9157.94 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പുനരധിവാസത്തിന്റെ അടുത്ത ഘട്ടമെന്ന നിലയിൽ സ്വകാര്യ ഭൂമി ഫാസ്റ്റ് ട്രാക്ക് പ്രൊസീഡിയർ പ്രകാരം ഏറ്റെടുക്കാൻ സർക്കാർ ശ്രമം നടത്തിയെങ്കിലും അനുയോജ്യമായ സ്വകാര്യ ഭൂമി ഒന്നിച്ച് കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുണ്ടായിരുന്നത്. ഈ സാഹചര്യത്തിലാണ് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും ജലലഭ്യതയുള്ളതും വാസയോഗ്യവുമായ സ്വകാര്യ ഭൂമി സ്വന്തം താല്പര്യപ്രകാരം കണ്ടെത്തി വിലയ്ക്കുവാങ്ങി നൽകുന്നതിന് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ചത്.

(സി) അത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, ഈ പദ്ധതിക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ സംസ്ഥാനത്ത് 139 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 49.687 ഏക്കർ ഭൂമി ഈ പദ്ധതി പ്രകാരം വാങ്ങി നൽകിയിട്ടുണ്ട്.

**ആദിവാസികൾക്കുള്ള കിടപ്പാടം പദ്ധതിയിലെ ക്രമക്കേട്**

18 (*768) ശ്രീ. എം. ഹംസ :
ശ്രീ. വി. ചെന്താമരാക്ഷൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ കിടപ്പാടം ഇല്ലാത്ത ആദിവാസികൾക്ക് കിടപ്പാടം നൽകുന്ന പദ്ധതിയിൽ സാമ്പത്തിക ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ആദിവാസികൾക്ക് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കിയതായി കള്ളരേഖകൾ ചമച്ച് ഫണ്ട് വെട്ടിയ്ക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും

വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ-സി) അട്ടപ്പാടിയിൽ ആദിവാസികൾക്ക് വീട് നിർമ്മിച്ചു നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം വിഇ 5/14/പി.കെ.ഡി. നമ്പറായി പാലക്കാട് യൂണിറ്റിന് കീഴിൽ അന്വേഷണം പുരോഗമിച്ചുവരുന്നു. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കേ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാവുകയുള്ളൂ.

## അന്യസംസ്ഥാനങ്ങളിൽനിന്ന് മണൽ ഇറക്കുമതി

19 (*769) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽ കൊണ്ടുവരുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ & ബി) ഉണ്ട്. ഗുണമേന്മയുള്ള മണലിന്റെ ദൗർലഭ്യത, ലഭിക്കുന്ന മണലിന്റെ ഗുണനിലവാരമില്ലായ്മ, അനിയന്ത്രിത വിലക്കയറ്റം എന്നിവയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതോടൊപ്പം സംസ്ഥാനത്തെ നദികളിൽനിന്നും അനധികൃതമായി മണൽ എടുക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം അന്യസംസ്ഥാനങ്ങളിൽനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഹൗസിംഗ് പോളിസിയിൽ ലക്ഷ്യമിട്ടിരിക്കുന്ന സുരക്ഷിത ഭവനം പൗരന്റെ അവകാശം, എല്ലാവർക്കും വീട് എന്നിവ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികൾക്കും കുറഞ്ഞ നിരക്കിൽ മണൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 4-3-2014-ലെ ജി.ഒ. (ആർറ്റി.) നമ്പർ 31/14/ഹൗസിംഗ് എന്ന ഉത്തരവ് പ്രകാരം അന്യസംസ്ഥാനങ്ങളിൽനിന്നും സുതാര്യമായ നടപടിക്രമങ്ങളിലൂടെ മണൽ ഇറക്കുമതി

ചെയ്യുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർ, കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ടെക്നിക്കൽ എക്സ്പെർട്ട് എന്നിവർ ഉൾപ്പെട്ട ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ മൽസര സ്വഭാവമുള്ള ഓഫറുകൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി.

## താരിഫ് അതോറിറ്റി രൂപീകരണ നിർദ്ദേശം

20 (*770) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. എ. ബേബി :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യബാധ്യതകൾ മറന്ന് ലാഭം മാത്രം ലക്ഷ്യമിടുന്നതാണ് മുൻറെയിൽവേ ബഡ്ജറ്റെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) താരിഫ് അതോറിറ്റി രൂപീകരണ നിർദ്ദേശം യഥേഷ്ടം നിരക്ക് വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടാണെന്ന ആക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(സി) പെട്രോളിൻെറ വിലനിയന്ത്രണാധികാരം സർക്കാരിൽനിന്ന് മാറ്റിയതിന്റെ ഫലമായി യഥേഷ്ടം വില വർദ്ധിപ്പിക്കുന്ന സാഹചര്യം, താരിഫ് അതോറിറ്റി രൂപീകരണത്തോടെ റെയിൽ യാത്രാ-ചരക്കുകൂലി നിരക്കിലും സംഭവിക്കുമെന്ന ആശങ്ക സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല.

(ബി&സി) റെയിൽ യാത്രാ നിരക്കും ചരക്കുകൂലിയും നിശ്ചയിക്കുന്നതിനായി ഒരു റെയിൽ താരിഫ് അതോറിറ്റി രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം കേന്ദ്ര ക്യാബിനറ്റ് നൽകിയെന്നും ഈ വർഷം അവസാനത്തോടുകൂടി അതോറിറ്റി പ്രവർത്തനം ആരംഭിക്കുമെന്നും പത്ര മാദ്ധ്യമങ്ങളിൽനിന്നും അറിയുവാൻ സാധിച്ചിട്ടുണ്ട്. ടി അതോറിറ്റി രൂപീകരണത്തിനുശേഷം അതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രമേ ഇതു സംബന്ധിച്ച് നിലപാട്

വ്യക്തമാക്കുവാനാകൂ.

## സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ

21 (*771) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ലാസിഫിക്കേഷേൻ നടത്തുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുപ്രകാരമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന മൂലധനം, നിക്ഷേപ ബാക്കി നിൽപ്പ്, വായ്പാ ബാക്കി നിൽപ്പ്, ഓഡിറ്റ് ക്ലാസിഫിക്കേഷൻ, ലാഭവിഹിതം നൽകുന്നത്, വായ്പയിന്മേലുള്ള കുടിശ്ശിക (NPA) ശതമാനം എന്നിവയും ജില്ലാ സഹകരണ ബാങ്ക്/അർബൻ ബാങ്ക് എന്നിവയാണെങ്കിൽ മേൽപ്പറഞ്ഞവ കൂടാതെ മൂലധന പര്യാപ്തതയുമാണ് സംഘങ്ങളെ/ബാങ്കുകളെ തരംതിരിക്കുന്നതിന് (ക്ലാസിഫിക്കേഷൻ) നിലവിലുള്ള മാനദണ്ഡങ്ങൾ.

(ബി) ഉണ്ട്. 19-1-2013-ലെ ജി.ഒ. (പി) നമ്പർ 12/2013/സഹ. നമ്പർ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനകം പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയം നടത്തിയിരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെയും അർബൻ സഹകരണ ബാങ്കുകളുടെയും ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട പരമാവധി കാലാവധി 18-4-2013 ആയിരുന്നു. മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം സംഘം/ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് അധിക സമയം ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട കാലാവധി മൂന്ന് മാസത്തേയ്ക്ക് കൂടി സഹകരണ

സംഘം രജിസ്ട്രാർക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അർബൻ സഹകരണ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 53/2013 സർക്കുലർ തീയതി മുതൽ ഒരു മാസത്തിനകം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സമയബന്ധിതമായി ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതത് സംഘങ്ങളുടെ ഭരണ സമിതിയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ക്ലാസിഫിക്കേഷൻ നടപടികൾ ഏറെക്കുറെ പൂർണ്ണമായിട്ടുണ്ട്.

**എമർജിംഗ് കേരള പദ്ധതികൾ**

22 (*772) <u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചോ എന്ന് വ്യക്തമാക്കുമോ ;

(ബി) അതിനെ തുടർന്ന് ഏതൊക്കെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലായെന്ന് വ്യക്തമാക്കാമോ ;

(സി) പ്രഖ്യാപിച്ച പദ്ധതികളിൽ നിന്ന് പല നിക്ഷേപ സംരംഭകരും പിൻമാറിയതായി വന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)</u>:

(എ & ബി) എമർജിംഗ് കേരള പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിംഗ് കേരള സംഘടിപ്പിച്ചത്. എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ പദ്ധതികളടക്കം മൊത്തം 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം ഇപ്പോൾ 19 പദ്ധതികളുടെ നിർമ്മാണ

പ്രവർത്തനങ്ങളാണ് പുരോഗമിച്ച് കൊണ്ടിരിക്കുന്നത്. അവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

## ധനകാര്യ ഇൻസ്പെക്ഷൻ 50 വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ

23 (*773) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഈ വിഭാഗത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിഭാഗത്തെ ശക്തിപ്പെടുത്തുമ്പോൾ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഈ രംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) കേരളാ ട്രഷറി കോഡ് റൂൾ 132 വാല്യം 1 ഭാഗം IV പ്രകാരവും സർക്കാർ ഉത്തരവ് നമ്പർ (P) 723/64/PD തീയതി 19-10-1964 പ്രകാരവുമാണ് ധനകാര്യ പരിശോധനാ വിഭാഗം പ്രവർത്തിക്കുന്നത്. ഇൻസ്പെക്ഷൻ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പ്രതിമാസ അവലോകന യോഗങ്ങളും ആവശ്യമായ പരിശീലന പരിപാടികളും നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സർക്കാർ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ വാഹന ദുരുപയോഗം, സർക്കാർ ഉത്തരവുകളുടേയും ചട്ടങ്ങളുടേയും ലംഘനം, നടപടിക്രമങ്ങളിലെ അപാകതകൾ, നിർമ്മാണ പ്രവൃത്തികളിലെ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാരുടെ പേരിൽ നടപടി ശുപാർശ ചെയ്യുക, വിജിലൻസ് ഡയറക്ടർക്ക് സാങ്കേതിക ഉപദേശം നൽകുക ഇവയൊക്കെയാണ് ഇപ്പോഴത്തെ പ്രവർത്തനങ്ങൾ. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിൽ നേരിട്ട് ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ എന്നിവയും പി.ആർ.ഡി. മുഖേന ലഭിക്കുന്ന പത്ര വാർത്തകളിന്മേലും അന്വേഷണം/പരിശോധന നടത്തുന്നതും ഇതുകൂടാതെ സർക്കാർ പണം വിനിയോഗിക്കുന്ന ഓഫീസുകളിൽ മുന്നറിയിപ്പില്ലാതെ പരിശോധന നടത്തുകയും പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ ബന്ധപ്പെട്ട ഭരണ വകുപ്പിൽ റിപ്പോർട്ട് ചെയ്ത് ഭരണ വകുപ്പുവഴി നടപടി സ്വീകരിക്കുന്ന പ്രവർത്തനവുമാണ് ധനകാര്യ പരിശോധനാ വിഭാഗത്തിൽ നടക്കുന്നത്.

(സി) പൊതുജനങ്ങളിൽനിന്നും സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം എന്നിവ സംബന്ധിച്ച് നേരിട്ട് പരാതി സ്വീകരിക്കുന്നതിലും അതിവേഗം തീർപ്പു കൽപ്പിക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ സേവനം മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ചുള്ള വ്യവസായ വികസന മേഖലകൾ

24 (*774) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് വ്യവസായ വികസന മേഖലകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വ്യവസായകുതിപ്പിന് ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ് വ്യവസായ വികസനമേഖല. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ മേഖലകളിലാണ് പ്രസ്തുത പദ്ധതി സ്ഥാപിക്കുക. ഇതുവഴി ഉൽപ്പാദന മേഖലയിലെ വ്യവസായങ്ങൾ, വാണിജ്യ സംരംഭങ്ങൾ കൂടാതെ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളുടെയും വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതുവഴി ഈ മേഖലയെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉൽപ്പാദന വ്യവസായ കേന്ദ്രമായി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഏകദേശം 3000 ഏക്കർ ഭൂമിയാണ് ഇതിലേയ്ക്കായി കണ്ടെത്തിയിരിക്കുന്നത്. പ്രസ്തുത മേഖലയെ വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ കിൻഫ്ര മുഖാന്തരം സ്വീകരിച്ചുവരികയാണ്.

(ബി) കേരളത്തെ വ്യവസായ നിക്ഷേപ സംസ്ഥാനമായി വികസിപ്പിക്കുക, സംയോജിത വികസനത്തിനായി തയ്യാറാക്കുക, വ്യവസായ വികസനത്തിൽ സ്വകാര്യ പങ്കാളിത്തത്തിന് അവസരമുണ്ടാക്കുക, Logistics Hub-നോട് അനുബന്ധമായി ലോകോത്തര അടിസ്ഥാന സൗകര്യമൊരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(സി) വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും സംസ്ഥാനം ഇന്നുനേരിടുന്ന പ്രധാന പ്രശ്നം ഭൂമി, ഗതാഗത സൗകര്യം, മറ്റ് അടിസ്ഥാന ഘടകങ്ങൾ, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്.

വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ചുള്ള IDZ മേൽപ്പറഞ്ഞ ഘടകങ്ങൾ ഒരുക്കുന്നതിലൂടെ വ്യവസായ വികസനം ത്വരിതപ്പെടുത്തുകയും അതുവഴി അഭ്യസ്തവിദ്യർക്ക് തൊഴിലും കൂടുതൽ മുതൽമുടക്കും സംസ്ഥാനത്തേക്ക് കൊണ്ടുവരികയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വ്യവസായ വികസനമേഖലയ്ക്കായി ആകെ കണക്കാക്കിയിട്ടുള്ള ചെലവ് 1850 കോടി രൂപയാണ്. ടി തുകയിൽ 500 കോടി രൂപ സർക്കാർ വിഹിതമായും 350 കോടി രൂപ ആർജ്ജിത വരുമാനത്തിലൂടെയും 1000 കോടി രൂപ പദ്ധതിക്കായുള്ള ബോണ്ടുകളിലൂടെയും കണ്ടെത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്.

**ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്നുള്ള വായ്പ തിരിച്ചടവ്**

25 (*775) ഡോ. എൻ. ജയരാജ് :

ശ്രീ. പി. സി. ജോർജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുത്ത ശേഷം മരണപ്പെടുന്നവരുടെയും, മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും ഭവനവായ്പ ഇനത്തിലുള്ള ബാധ്യത ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇപ്രകാരം വായ്പയെടുത്ത്, ആകസ്മികമായ ദുര്യോഗങ്ങളിൽപ്പെട്ട് തിരിച്ചടവിന് നിർവ്വാഹമില്ലാതെ നിരാലംബരായവരുടെ ഭവനം നഷ്ടമാകാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ.

ബാലകൃഷ്ണൻ):

(എ) പ്രാഥമിക ഭവന നിർമ്മാണ വായ്പാ സംഘങ്ങളിൽനിന്ന് വായ്പയെടുത്തശേഷം മരണപ്പെടുന്നവരുടെയും മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടേയും ഭവനവായ്പ ഇനത്തിലുള്ള ബാധ്യത ഏറ്റെടുക്കുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിബന്ധനകൾ പ്രകാരം വായ്പ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തി മരണപ്പെടുകയാണെങ്കിൽ ഇൻഷ്വറൻസ് തുക ലഭിക്കുന്ന മുറയ്ക്ക് വായ്പയിലേക്ക് വരവ് വയ്ക്കുന്നു. ബാക്കി നിൽക്കുന്ന തുക മാത്രം ബന്ധപ്പെട്ടവർ അടച്ചാൽ മതി.

(ബി) അടിയന്തര നടപടി സ്വീകരിക്കാവുന്ന സാമ്പത്തിക ഭദ്രത കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന് ഇപ്പോഴില്ല.

**മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി**

26 (*776) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ആവശ്യപ്പെട്ട് ഏതെങ്കിലും സംസ്ഥാനത്തിന് കത്തെഴുതിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് കത്തെഴുതിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കത്തുകൾക്ക് ഏതെങ്കിലും സംസ്ഥാനത്തുനിന്ന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത സംസ്ഥാനങ്ങൾക്ക് മുമ്പാകെ വച്ചിട്ടുള്ളത് ; ഇതുപ്രകാരം എത്രമാത്രം വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ-സി) നിലവിൽ കേരളത്തിന്റെ ആഭ്യന്തര ഉപയോഗം നിറവേറ്റുന്നതിനായി വൈദ്യുതി ലഭിക്കാതെ വരികയും ഈ കാലയളവിൽ തമിഴ്നാട്ടിൽ വൈദ്യുതി

അധികമായി ലഭിക്കാൻ സാധ്യത മുന്നിൽ കാണുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെ ആഭ്യന്തര ആവശ്യം കഴിഞ്ഞു വരുന്ന വൈദ്യുതി വാങ്ങാൻ കേരളം തയ്യാറാണെന്ന് കാണിച്ച് ഒരു കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് 18-6-2014-ൽ അയച്ചിട്ടുണ്ട്. എന്നാൽ ഇതിന് മറുപടി ലഭിച്ചിട്ടില്ല. തമിഴ്നാട് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലും വ്യവസ്ഥകൾക്കും അനുസരിച്ച് പ്രസ്തുത വൈദ്യുതി കേരളത്തിനുവേണ്ടി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങാമെന്നാണ് ഇതിൽ സൂചിപ്പിച്ചിരുന്നത്.

## പ്രാഥമിക ഹൗസിംഗ് വായ്പാസംഘങ്ങളുടെ പ്രവർത്തനം

27 (*777) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരം വരുമാനമുള്ള സർക്കാർ ജീവനക്കാരെ ഹൗസിംഗ് സഹകരണ മേഖലയിലേക്ക് ആകർഷിച്ച് പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് നിലവിൽ പലിശ സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) പലിശ സബ്സിഡി ആകർഷകമാക്കി ഹൗസിംഗ് സഹകരണ മേഖലയിലെ പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഉണ്ട്. സർക്കാർ ജീവനക്കാർക്ക് നൽകിയിരുന്ന പലിശ സബ്സിഡി വീണ്ടും അനുവദിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകൾക്ക് നിലവിൽ പലിശ സബ്സിഡി നൽകുന്നില്ല.

(സി) ഹൗസിംഗ് ഫെഡറേഷനിലെ ഒരു സാമ്പത്തിക വർഷത്തെ ഡിമാന്റ്

തൻവർഷത്തിൽ തന്നെ അടയ്ക്കുന്ന സംഘങ്ങൾക്ക് നൽകിയിരുന്ന 0.5% പലിശ റിബേറ്റ് 1-4-2014 മുതൽ 1% ആയി ഉയർത്തിയിട്ടുണ്ട്. ഫെഡറേഷന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുത്തി ആകർഷകമായ രീതിയിൽ പലിശ നിരക്ക് നിശ്ചയിച്ച് നൽകുന്നതുൾപ്പെടെ നടപ്പിൽ വരുത്തി പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

28 (*778) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(ബി) രാജഭരണ കാലം മുതൽ ട്രഷറികളിൽ ശേഷിച്ചിട്ടുള്ള പിൻവലിക്കപ്പെട്ട നാണയങ്ങൾ, നോട്ടുകൾ, മറ്റ് ചരിത്രവസ്തുക്കൾ എന്നിവയെ സംബന്ധിച്ച വിവരശേഖരണം നടത്തി അവ ലേലം ചെയ്തു മുതൽക്കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ നടത്താവുന്ന ടാക്സേഷൻ പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്നും ഇപ്പോൾ ചുമത്തിയിട്ടുള്ള പരിധി എത്രയാണെന്നും വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 28-4-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 151 പ്രകാരം അധിക വിഭവ സമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറായും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ചെയർമാൻ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ മെമ്പർമാരായും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് അത് സംബന്ധിച്ച തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(ബി) ട്രഷറികളിൽ ശേഷിച്ചിട്ടുള്ള പിൻവലിക്കപ്പെട്ട നാണയങ്ങൾ, നോട്ടുകൾ, മറ്റ് ചരിത്ര വസ്തുക്കൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവ

ലേലം ചെയ്ത് മുതൽക്കൂട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ നടത്താവുന്ന ടാക്സേഷൻ പരിധി നിശ്ചയിച്ചിട്ടില്ല. കേരളത്തിന്റെ തനത് വരുമാനത്തിന്റെ 70 ശതമാനവും പിരിച്ചെടുക്കുന്നത് വിൽപന നികുതി, മൂല്യവർദ്ധിത നികുതി എന്നിവയിൽ നിന്നാണ്. ഇവ പരോക്ഷ നികുതികൾ ആയതിനാൽ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിലല്ല മറിച്ച് ജനങ്ങളുടെ ഉപഭോഗത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.

## വൈദ്യുതി പോസ്റ്റുകളിലെ പരസ്യ ബോർഡുകൾ

29 (*T*779) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. ശെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പരിധികളിലുള്ള വൈദ്യുതി പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഉള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം വകുപ്പുകളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് എന്നറിയിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) കേരള സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടുകൂടിയുള്ള Clean Kerala Company Limited എന്ന കമ്പനി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയുടെ feasibility report ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ബോർഡ് പരിശോധിച്ചുവരികയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ലോ ടെൻഷൻ വിതരണ ശൃംഖലയുടെ സുപ്രധാന ഘടകമായ വൈദ്യുതി തൂണുകളുടെ അനധികൃത ഉപയോഗം തടഞ്ഞ് പ്രസ്തുത പോസ്റ്റുകൾ ഉപയോഗപ്പെടുത്തി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ലിമിറ്റഡിന്റെ വരുമാനം വർദ്ധിപ്പിക്കൽ, മാലിന്യ നിയന്ത്രണം, Clean Kerala എന്ന ആശയപ്രചരണം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി Clean Kerala Company Limited ആവിഷ്കരിച്ച പദ്ധതിയാണിത്. എൽ.റ്റി. പോസ്റ്റുകളുടെ ചുവടെ SMC material ഉപയോഗിച്ച് നീളം 3 മീറ്ററിൽ കവിയാത്ത വിധം പോസ്റ്റിന് cladding ഏർപ്പെടുത്തുകയും പരസ്യങ്ങൾ, സന്ദേശങ്ങൾ എന്നിവ നിശ്ചിത കാലത്തേക്ക് മുൻകൂട്ടി നിശ്ചയിച്ച താരിഫ് അനുസരിച്ച് cladding-ന്റെ പുറത്ത് പ്രദർശിപ്പിക്കുവാനുള്ള അനുമതി നൽകുകയും ചെയ്യുക എന്നുള്ളതാണ് പദ്ധതിയിലെ നിർദ്ദേശങ്ങളിൽ ഒന്ന്. ഇതിന്റെ അടുത്ത ഘട്ടമായി ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലേക്കും പ്രസ്തുത പരിപാടി വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശവും റിപ്പോർട്ടിലുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കേരള സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാണ് feasibility report വിഭാവനം ചെയ്യുന്നത്.

**ബയോമെഡിക്കൽ മാലിന്യങ്ങളുടെ സംസ്കരണം**

30 (*780) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ആശുപത്രികളിൽനിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) ഉണ്ട്; നിയമപരമായി ഇതിന്റെ ഉത്തരവാദിത്വം അതുണ്ടാക്കുന്ന സ്ഥാപനത്തിന് തന്നെയാണ്. ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ കൂടുതൽ പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സെക്ടർ സ്കീമിൽ (CSS) ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കി സംസ്ഥാനത്ത് പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി തൽപ്പരകക്ഷികളിൽനിന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് expression of interest ക്ഷണിച്ചിരുന്നു. മേൽ പദ്ധതിയിൽ ഒരു പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ പരമാവധി വിഹിതം ഒരു കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതത്തിന് തത്തുല്യമായ തുകയാണ് കേന്ദ്ര സർക്കാരിൽനിന്നും പദ്ധതി വിഹിതമായി ലഭ്യമാക്കുന്നത്. ഇതുപ്രകാരം കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) ഇത്തരത്തിലുള്ള പൊതു സംവിധാനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ അമ്പലമേടിൽ പൊതു ഹസാർഡസ് വേസ്റ്റ് ഡിസ്പോസൽ ഫെസിലിറ്റിക്കായി നീക്കിവച്ചിട്ടുള്ള 50 ഏക്കർ സ്ഥലത്തുതന്നെ 2.5 ഏക്കർ സ്ഥലം പ്രത്യേകം വേർതിരിച്ച് ബയോമെഡിക്കൽ വേസ്റ്റ് ഫെസിലിറ്റിക്കായി മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. ബോർഡ് അതിന് സ്ഥാപനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോഴിക്കോട് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ മലബാർ എൻവിറോവിഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനം സ്ഥലം കണ്ടെത്തി. ബോർഡ് അതിന് സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ.), പാലക്കാട്, പുതുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന പൊതു സംവിധാനത്തിന് പുറമേ തിരുവനന്തപുരം ജില്ലയിൽ പാലോട് ഒരു പൊതു സംവിധാനം ഏർപ്പെടുത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സ്ഥാപനാനുമതി നൽകിയിട്ടുണ്ട്.

ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനത്തിന് സ്വന്തമായി സംവിധാനം ഏർപ്പെടുത്തുന്നത് ഭാരിച്ച ചെലവ് വരുന്നതിനാൽ പൊതു സംവിധാനം ഏർപ്പെടുത്തുന്നതാണ് അഭികാമ്യം. ബയോമെഡിക്കൽ മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുക എന്നുദ്ദേശിച്ചാണ് കൂടുതൽ പൊതു സംവിധാനങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ കൈക്കൊള്ളുന്നത്.

(സി) കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL), മലബാർ

എൻവിറോ വിഷൻ പ്രൈവറ്റ് ലിമിറ്റഡ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നീ മൂന്ന് ഏജൻസികൾക്കാണ് മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും സ്ഥാപനാനുമതി നൽകിയിരിക്കുന്നത്.

(ഡി) പദ്ധതികൾക്കായി മുന്നോട്ടുവന്ന മൂന്ന് ഏജൻസികളും ബോർഡിന്റെ സ്ഥാപനാനുമതി നേടിയിട്ടുണ്ട്. ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം പൊതു ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജന സംവിധാനത്തിന് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള പാരിസ്ഥിതിക അനുമതി ആവശ്യമാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നാളേക്കിത്തിരി ഊർജ്ജം പദ്ധതി

1 (7837) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "നാളേക്ക് ഇത്തിരി ഊർജ്ജം" പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ;

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യും എനർജി മാനേജ്മെന്റ് സെന്ററും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എനർജി സ്മാർട്ട് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് 2011-12 കാലയളവിൽ "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പിലാക്കിയത്.

(ബി) ഊർജ്ജ സംരക്ഷണം പാഠ്യപദ്ധതികളുടെ ഭാഗമാക്കി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പ്രാദേശിക കൂട്ടായ്മകളിലൂടെ ഊർജ്ജ സംരക്ഷണം സാദ്ധ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

(സി) കേരളത്തിലെ എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. ഊർജ്ജ സംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ
2. അദ്ധ്യാപക പരിശീലന പരിപാടികൾ
3. പാഠ്യവിഷയങ്ങളിലൂടെ ഊർജ്ജ സംരക്ഷണത്തിൽ പ്രായോഗിക പരിജ്ഞാനം
4. ഊർജ്ജ സംരക്ഷണ മത്സരപരിപാടികൾ

**എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കുന്ന പദ്ധതികൾ**

2 (7838) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. ശെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി മനേജ്മെന്റ് സെന്റർ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) ഊർജ്ജ സംരക്ഷണത്തിനും വിവിധ മേഖലകളിലെ ഊർജ്ജം ലാഭിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. ഊർജ്ജകാര്യക്ഷമതയും ഊർജ്ജസംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വിവിധ മേഖലകളിൽ മികച്ച രീതിയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എല്ലാ വർഷവും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ നൽകിവരുന്നു.

2. വ്യവസായശാലകളിലും വൻകിട കെട്ടിടങ്ങളിലും ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഊർജ്ജ ഓഡിറ്റിങ്ങ്.

3. വൻകിട വ്യവസായശാലകളുടെയും ഗാർഹിക മേഖലയിലേയും ഊർജ്ജ ഓഡിറ്റിങ്ങ് നടത്തുന്നതിനുവേണ്ടി യോഗ്യത നേടിയ ഊർജ്ജ ഓഡിറ്റർമാരെ എംപാനൽ ചെയ്യുക. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദഗ്ദ്ധ സമിതിയെ കൊണ്ട് പരിശോധിപ്പിക്കൽ.

4. വ്യവസായശാലകൾ, വൻകിട കെട്ടിടങ്ങൾ, സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നു. വിളക്കുകളുടെ ഊർജ്ജകാര്യക്ഷമത ഉറപ്പു വരുത്തുന്നതിനുവേണ്ടി ഊർജ്ജകാര്യക്ഷമത കൂടിയ ലൈറ്റ് എമിറ്റിംഗ് ഡയോഡ് (എൽ.ഇ.ഡി.) അധിഷ്ഠിതമായ തെരുവ് വിളക്കുകളുടെ സ്ഥാപിക്കൽ.

5. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം കേരളത്തിൽ നടപ്പിലാക്കുന്ന സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി എന്ന നിലയിൽ കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ പദ്ധതികളും എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിവരുന്നു.

6. കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിനുവേണ്ടി ഊർജ്ജ സംരക്ഷണ നിയമത്തിന്റെ ഭാഗമായി തയ്യാറാക്കിയ എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് കേരളത്തിൽ നടപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുക.

(ബി) 1. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി വിവിധതരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

2. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി നിർബന്ധ ഊർജ്ജ ആഡിറ്റിങ് (HT/EHT) നടപ്പിലാക്കിവരുന്നു.

3. വ്യവസായശാലകളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിനായി ഇരുപത്തിയേഴോളം ഊർജ്ജ ആഡിറ്റർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

4. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. മുഖാന്തിരം 6% പലിശ നിരക്കിൽ വായ്പകൾ നൽകിവരുന്നു.

5. സർക്കാർ ആഫീസുകളിൽ വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി 29 സർക്കാർ ആഫീസുകളിൽ ഊർജ്ജ ആഡിറ്റിങ് നടത്തുകയും ഴ് സർക്കാർ ആഫീസുകളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി പകരം വൈദ്യുത ഉപഭോഗം കുറഞ്ഞ ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

6. ഗാർഹിക മേഖലയിൽ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിലേക്കായി ഊർജ്ജക്ലിനിക് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധയിനം മത്സരപരിപാടികളും നടപ്പിലാക്കിവരുന്നു.

7. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് നൽകി ആദരിച്ചുവരുന്നു.

8. ഊർജ്ജകാര്യക്ഷമത കൂടിയ തെരുവു വിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45 walts ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ച്

പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(സി)

- സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് - 20 ലക്ഷം
- ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ - 105 ലക്ഷം
- സി.എഫ്.എൽ.-കളുടെ സുരക്ഷിത നിർമ്മാർജ്ജനം - 10 ലക്ഷം
- ഊർജ്ജസംരക്ഷണ നിധി - 33 ലക്ഷം
- ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനം - 220 ലക്ഷം

(ഡി) പദ്ധതി നിർവ്വഹണത്തിനായി ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഊർജ്ജ സംരംക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്താനായി ഊർജ്ജ വകുപ്പ് സെക്രട്ടറി ചെയർമാനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും നിലവിലുണ്ട്.

## എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

3 (7839) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ; വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത് ;

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യും എനർജി മാനേജ്മെന്റ് സെന്ററും വിദ്യാഭ്യാസ

വകുപ്പും ചേർന്ന് നടപ്പിലാക്കിയ എനർജി സ്മാർട്ട് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് 2011-12 കാലയളവിൽ "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പിലാക്കിയത്.

(ബി) ഊർജ്ജ സംരക്ഷണം പാഠ്യപദ്ധതിയുടെ ഭാഗമാക്കി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പ്രാദേശിക കൂട്ടായ്മകളിലൂടെ ഊർജ്ജ സംരക്ഷണം സാദ്ധ്യമാക്കുക എന്നതാണ് എനർജി സ്മാർട്ട് സ്കൂൾ പരിപാടിയുടെ ലക്ഷ്യം.

(സി) കേരളത്തിലെ എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

1. ഊർജ്ജ സംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ
2. അദ്ധ്യാപക പരിശീലന പരിപാടികൾ
3. പാഠ്യവിഷയങ്ങളിലൂടെ പ്രായോഗിക പരിജ്ഞാനം
4. ഊർജ്ജ സംരക്ഷണ മത്സരപരിപാടികൾ

**കേന്ദ്രപൂളിൽനിന്നും വൈദ്യുതി എക്സ്ചേഞ്ചിൽനിന്നും ലഭിക്കുന്ന വൈദ്യുതി**

4 (7840) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേന്ദ്ര പൂളിൽ നിന്നും വൈദ്യുതി എക്സ്ചേഞ്ചിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇതിന് എന്തു ക്രമീകരണമാണ് ഉണ്ടാക്കിയിട്ടുള്ളത് ;

(സി) വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതിന് പ്രസരണ ഇടനാഴി

ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ടി വർഷം കേന്ദ്രപൂളിൽനിന്നും കെ.എസ്.ഇ.ബി.-യുടെ പെരിഫെറിയിൽ പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ എനർജി എക്സ്ചേഞ്ച്, വൈദ്യുതി വ്യാപാരികൾ, മറ്റ് മേഖലയിലുള്ള വൈദ്യുതി ഉത്പാദകർ തുടങ്ങിയ വിവിധ സ്രോതസ്സുകളിൽനിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ പ്രതിദിനം ശരാശരി 12 ദശലക്ഷം യൂണിറ്റോളം വൈദ്യുതി വാങ്ങിക്കുന്നതിനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി&ഡി) വിവിധ വൈദ്യുതി വ്യാപാരികളിൽനിന്ന് ഹ്രസ്വകാലാടിസ്ഥാനത്തിൽ 1500 മെഗാവാട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലം മറ്റു മേഖലകളിൽനിന്ന് വൈദ്യുതി എത്തിക്കുന്നതിന് ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടുവരുന്നതിനുവേണ്ടി പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന വിവിധ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്:

1. മീഡിയം ടേം ഓപ്പൺ അക്സസ്, ഷോർട്ട് ടേം ഓപ്പൺ അക്സസ് ഇവ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് രണ്ട് പരാതികൾ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.

2. കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരളം ഉൾപ്പെടെയുള്ള എസ് 2 മേഖലയിൽനിന്നും വാങ്ങുന്നതിനും അങ്ങനെ പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലമുള്ള പ്രതിസന്ധി പരിഹരിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

3. കേന്ദ്രപൂളിൽനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികൾ എടുത്തുവരുന്നു.

## ഊർജ്ജ സംരക്ഷണ പദ്ധതികൾ

5 (7841) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾമൂലം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. വിവിധ മേഖലകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി വിവിധതരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

2. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി നിർബന്ധ ഊർജ്ജ ആഡിറ്റിങ് HT/EHT ഉപഭോക്താക്കൾക്ക് നടപ്പിലാക്കിവരുന്നു.

3. വ്യവസായശാലകളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിനായി ഇരുപത്തി യേഴോളം ഊർജ്ജ ആഡിറ്റർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

4. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. മുഖാന്തരം 6% പലിശ നിരക്കിൽ വായ്പകൾ നൽകിവരുന്നു.

5. സർക്കാർ ആഫീസുകളിൽ വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി 29 സർക്കാർ ആഫീസുകളിൽ ഊർജ്ജ ആഡിറ്റിങ് നടത്തുകയും ഏഴ് സർക്കാർ ആഫീസുകളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി പകരം വൈദ്യുത ഉപഭോഗം കുറഞ്ഞ ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

6. ഗാർഹിക മേഖലയിൽ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിലേക്കായി ഊർജ്ജ ക്ലിനിക് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേക്കായി സ്മാർട്ട്

എനർജി പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ഇതിനു പുറമെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധയിനം മത്സരപരിപാടികളും നടപ്പിലാക്കിവരുന്നു.

7. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് നൽകി ആദരിച്ചുവരുന്നു.

8. ഊർജ്ജകാര്യക്ഷമത കൂടിയ തെരുവു വിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45 walts ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമ മാക്കിയിട്ടുണ്ട്.

9. ഊർജ്ജസംരക്ഷണത്തിനായി പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 'ലാഭപ്രഭ' എന്ന ബൃഹത്തായ പ്രചാരണ പരിപാടിക്ക് 2013 മാർച്ച് 23-ന് കെ.എസ്.ഇ.ബി. തുടക്കം കുറിച്ചു. ലാഭപ്രഭയോടൊപ്പം നോ-ലോഡ്ഷെഡ്ഡിംഗ് ക്യാമ്പയിൻ എന്ന പദ്ധതിയും നടപ്പിലാക്കി. വൈദ്യുതി ലാഭിക്കുന്നതിനനുസരിച്ച് ഉപഭോക്താവിന്റെ വൈദ്യുതി ചെലവ് കുറയുകയും ലാഭിച്ച വൈദ്യുതിത്തുകയുടെ പകുതി മടക്കിക്കൊടുക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ പ്രത്യേകത.

10. ഊർജ്ജസംരക്ഷണം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

11. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ " നാളേക്കിത്തിരി ഊർജ്ജം" (സ്കൂൾ കുട്ടികളിലൂടെ നടപ്പിലാക്കിയത്) എന്ന പദ്ധതിയിലൂടെയും വൈദ്യുതി ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ട്.

12. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് ഊർജ്ജക്ഷമത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമതയോടുകൂടിയ വൈദ്യുതി ഉപഭോഗം പ്രോത്സാഹിപ്പി

ക്കുന്നതിനും വൈദ്യുതി ശൃംഖലയിലെ വൈദ്യുതി നഷ്ടം പരമാവധി കുറയ്ക്കുന്നതിനും മെച്ചപ്പെട്ട വൈദ്യുതി തടസ്സം കൂടാതെ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി കെ.എസ്.ഇ.ബി.-ൽ Energy Savings Co-ordination Team (ESCOT) എന്ന ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മേഖലയിലുള്ള ഉപഭോക്താക്കളിൽ എനർജി ആഡിറ്റ് നടത്തി ഊർജ്ജ ഉപയോഗം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ ESCOT ഏർപ്പെടുന്നു. അതുപോലെ, വൈദ്യുതി ശൃംഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടിയുള്ള വിവിധ പഠനങ്ങളിലും ഈ വിഭാഗം ഏർപ്പെടുന്നുണ്ട്.

(ബി) 1 മുതൽ 8 വരെയുള്ള നടപടികൾ മുഖാന്തരം 2011-12 കാലഘട്ടങ്ങളിൽ 152 Mu, 2012-13-ൽ 115 Mu (മില്യൻ യൂണിറ്റ്) ഊർജ്ജലാഭം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച "ലാഭപ്രഭ" ക്യാമ്പയിൻ പീരിയഡിൽ ആകെ 13,98,750 യൂണിറ്റിന്റെ കുറവ് രേഖപ്പെടുത്തി. 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ-ലോഡ് ഷെഡ്ഡിംഗ് ക്യാമ്പയിനിൽ പത്ത് ഫീഡറുകളിൽ നിന്നുമാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭവും രേഖപ്പെടുത്തി. മൊത്തം ലാഭം: ഉദ്ദേശം 22,80,750 യൂണിറ്റ്. "നാളേക്കിത്തിരി ഊർജ്ജം" പരിപാടിയിലൂടെ 4 മില്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിച്ചിട്ടുണ്ട്.

## വൈദ്യുതി ദൗർലഭ്യവും സംസ്ഥാനത്തിന്റെ പുരോഗതിയും

6 (7842) ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ദൗർലഭ്യം സംസ്ഥാനത്തിന്റെ പുരോഗതിക്ക് വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അധികൃതരുടെ അനാസ്ഥയും ആസൂത്രണത്തിലെ അപാകതയും വൈദ്യുതി ദൗർലഭ്യത്തിന് കാരണമാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ഡി) വിവിധ സംരംഭകർ സംസ്ഥാനത്ത് മുതൽമുടക്കുന്നതിൽ വൈദ്യുതി പ്രതിസന്ധി വിഘാതമാകുന്നതായി സർക്കാർ കരുതുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഈ വർഷം മൺസൂൺ മഴയിലുണ്ടായ കുറവുമൂലവും മറ്റ് മേഖലയിൽനിന്നും ദക്ഷിണേന്ത്യയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴിയുടെ അപര്യാപ്തത നിലനിൽക്കുന്നതിനാലും സംസ്ഥാനത്ത് വൈദ്യുതി ദൗർലഭ്യം നിലവിലുണ്ട്. ടി പ്രതിസന്ധി അധികൃതരുടെ അനാസ്ഥ കൊണ്ടോ ആസൂത്രണ പിഴവുകൊണ്ടോ ഉണ്ടായിട്ടുള്ളതല്ല.

(ഡി) നിലവിൽ സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് രൂക്ഷമായ വൈദ്യുതി പ്രതിസന്ധി ഉണ്ടെങ്കിലും കായംകുളത്ത് എൻ.റ്റി.പി.സി.യുടെ നാഫ്ത ഉപയോഗിച്ചുള്ള വൈദ്യുതി നിലയത്തിൽനിന്നും വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി., കെ.ഡി.പി.പി. തുടങ്ങിയ ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും കൂടുതൽ വിലയ്ക്ക് കൂടുതൽ വൈദ്യുതി ഉൽപാദിപ്പിച്ച് വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ വേണ്ട നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

## തെരുവുവിളക്കുകൾ കത്തിക്കുന്നതിന് നടപടി

7 (7843) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുവിളക്കുകൾ കത്തിക്കുന്നതിൽ വൈദ്യുതി ബോർഡിന്റെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വൈദ്യുതിബോർഡും തമ്മിലുള്ള തർക്കത്തിൽ തെരുവ് വിളക്കുകൾ കത്തിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്കിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ ഉത്തിരവാദിത്തം ആർക്കാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതും അതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള സ്പെയർ പാർട്ടുകൾ വാങ്ങുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം ആണ്. തെരുവുവിളക്കുകൾക്ക് മീറ്റർ വഴി സപ്ലൈ കൊടുത്തിട്ടുള്ളതാണെങ്കിൽ തെരുവുവിളക്കുകൾ കത്തിക്കുകയും അണയ്ക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അല്ലാത്തപക്ഷം വൈദ്യുതി ബോർഡ് ജീവനക്കാരാണ് തെരുവുവിളക്കുകൾ കത്തിക്കുകയും അണയ്ക്കുകയും ചെയ്യുന്നത്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15-9-2011-ലെ പരിപത്ര പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കിടയിൽ തൊഴിലാളിക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടങ്ങൾ ഉണ്ടായാൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരം തൊഴിലാളിക്ക് നഷ്ടപരിഹാരം നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പോ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡോ ബാധ്യസ്ഥരല്ല.

കൂടാതെ, കരാറുകാരന്റെ ബാധ്യതകളും അവകാശങ്ങളും സൂചിപ്പിച്ചിരിക്കുന്ന ഖണ്ഡികകളിലെ കുറിപ്പ് (ജെ) പ്രകാരം കരാർ പണികളുടെ പ്രവർത്തനരാഹിത്യംമൂലമോ കരാറുകാരനോ അയാളുടെ ജീവനക്കാരോ ശരിയായ രീതിയിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലമോ ഏതെങ്കിലും ആൾക്ക് ഉണ്ടായേക്കാവുന്ന മരണം/മുറിവുകൾ/ വസ്തുവകകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായ ഏത് അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാര തുക നൽകുന്നത് സംബന്ധിച്ച് പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതാണ്. തന്റെ ജോലിക്കാർക്ക് എല്ലാ അപകടങ്ങളിൽനിന്നുമുള്ള സുരക്ഷ ഉറപ്പാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ

8 (7844) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ലഭിക്കാത്തതുമൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ പ്രതിദിന ഉപഭോഗ കണക്കനുസരിച്ച് എത്ര ദിവസത്തെ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലമാണ് സംഭരണികളിലുള്ളത് എന്നറിയിക്കുമോ ;

(സി) മറ്റുമാർഗ്ഗങ്ങളിലൂടെ എത്ര യൂണിറ്റ് വൈദ്യുതികൂടി ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ച നൽകിയിട്ടുണ്ടോ ; ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് നേരത്തേ ലഭിച്ചുകൊണ്ടിരുന്നത് ; ഇപ്പോൾ എത്രയാണ് ലഭിക്കുന്നത് ; 2014 ജനുവരി മുതൽ ഓരോ മാസത്തിലും ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിച്ചത് ;

(ഇ) കേന്ദ്ര സഹായമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിൽ കൊണ്ടുവരാൻ കഴിയാത്ത സാഹചര്യമുണ്ടോ ; ഉണ്ടെങ്കിൽ ആയത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) പുറമേ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി കൊണ്ടുവരാനുള്ള ലൈനാണ് നിലവിലുള്ളത് എന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബോർഡ് 1500 മെഗാവാട്ടോളം വൈദ്യുതി ഈസ്റ്റേൺ റീജിയൺ, വെസ്റ്റേൺ റീജിയൺ തുടങ്ങിയ മേഖലകളിൽനിന്നും വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത മേഖലകളിൽനിന്നും ദക്ഷിണേന്ത്യ യിലേക്കുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തത നിലനിൽക്കുന്നതിനാൽ ടി വൈദ്യുതി കൊണ്ടുവരുന്നതിന് സാധിക്കുന്നില്ല. ബോർഡ് 300 മെഗാവാട്ടോളം വൈദ്യുതി ദക്ഷിണേന്ത്യൻ വ്യാപാരികളിൽനിന്ന് വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ, ദക്ഷിണഗ്രിഡിൽ S1, S2 നിലനിൽക്കുന്ന പ്രസരണ ഇടനാഴിയുടെ അപര്യാപ്തത കാരണം ടി വൈദ്യുതി കൊണ്ടുവരുന്നതിന് പലപ്പോഴും ഹ്രസ്വകാലാടിസ്ഥാനത്തിൽ ഓപ്പൺ ആക്സസ് ലഭിക്കുന്നില്ല. 100 മെഗാവാട്ട് വൈദ്യുതി എൻ.റ്റി.പി.സി.-യുടെ ജജ്ജാർ നിലയത്തിൽനിന്നും ജൂലൈ മാസത്തിലേക്ക് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, കായംകുളത്തുനിന്നും ബോർഡിന്റെ കെ.ഡി.പി.പി. നിലയത്തിൽനിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയുമാണ് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നത്. ഇതുകൂടാതെ, കൂടുതൽ

വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടുവരുന്നതിനുവേണ്ടി പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി വിവിധ നടപടികൾ ബോർഡ് എടുത്തുവരുന്നു.

1. വൈദ്യുതി ബോർഡ്, മീഡിയം ടേം ഓപ്പൺ ആക്സസ്, ഷോർട്ട് ടേം ഓപ്പൺ ആക്സസ് ഇവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് രണ്ട് പരാതികൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.
2. കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരളം ഉൾപ്പെടെ S2 മേഖലയിൽനിന്നും വാങ്ങുന്നതിന് നടപടികളെടുത്തുവരുന്നു.
3. കൂടുതൽ വൈദ്യുതി കേന്ദ്രപൂളിൽനിന്നും ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികളെടുത്തിട്ടുണ്ട്.

(ബി) 9-7-2014-ലെ കണക്കനുസരിച്ച് 653.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് ജലസംഭരണികളിലുള്ളത്. നിലവിൽ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം പ്രതിദിനം ശരാശരി 21 ദശലക്ഷം യൂണിറ്റായി ക്രമീകരിച്ചാൽ, ഏകദേശം 31 ദിവസത്തേക്കുള്ള വെള്ളമാണ് സംഭരണികളിലുള്ളത്.

(സി) കേന്ദ്രപൂളിൽനിന്നും പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ എൻ.റ്റി.പി.സി.-യുടെ ജജ്ജാർ നിലയത്തിൽനിന്ന് 100 മെഗാവാട്ട് കൂടുതൽ വൈദ്യുതി ജൂലൈ മാസത്തിലേക്ക് ലഭ്യമാകുന്നതാണ്. ഇപ്പോൾ കായംകുളം നിലയത്തിൽനിന്നും 3.6 ദശലക്ഷത്തോളം വൈദ്യുതിയും ഡീവിയേഷൻ സെറ്റിൽമെന്റ് മെക്കാനിസം അനുസരിച്ച് 2.2 ദശലക്ഷത്തോളം വൈദ്യുതിയും കൂടാതെ സംസ്ഥാന ത്തിനകത്തുള്ള സ്വകാര്യ കാറ്റാടി നിലയങ്ങൾ, ചെറുകിട വൈദ്യുതി നിലയങ്ങൾ എന്നിവയിൽനിന്നും പ്രതിദിനം 0.8 ദശലക്ഷത്തോളം വൈദ്യുതിയും ലഭിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ജജ്ജാർ നിലയത്തിൽനിന്നും 100 മെഗാവാട്ട് വൈദ്യുതി ജൂലൈ മാസത്തിലേക്ക് സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനായി ലഭിക്കുന്നുണ്ട്. 2014 ജൂൺ മാസത്തിൽ ശരാശരി 24.2 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേന്ദ്രപൂളിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പെരിഫെറിയിൽ ലഭിച്ചിട്ടുള്ളത്. 2014 ജൂലൈ 1 മുതൽ നാളിതുവരെ (8-7-2014) ശരാശരി പ്രതിദിനം 26.95 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചിട്ടുണ്ട്. അതായത്, പ്രതിദിനം 2.75 ദശലക്ഷത്തോളം വർദ്ധിച്ചിട്ടുണ്ട്. 2014 ജനുവരി മുതൽ ബോർഡിന് കേന്ദ്രപൂളിൽനിന്നും പ്രതിദിനം ലഭിച്ച വൈദ്യുതി താഴെപ്പറയും

പ്രകാരമാണ്:

| മാസം | ശരാശരി പ്രതിദിന വൈദ്യുതി ലഭ്യത (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| ജനവരി-2014 | 29.00 |
| ഫെബ്രുവരി-2014 | 27.60 |
| മാർച്ച്-2014 | 29.50 |
| ഏപ്രിൽ-2014 | 27.36 |
| മെയ്-2014 | 26.10 |
| ജൂൺ-2014 | 24.20 |

(ഇ) ഇല്ല.

(എഫ്) കേരളവും തമിഴ്നാടും ചേർന്നുള്ള S2 റീജിയണിലേക്ക് ആന്ധ്രയും കർണ്ണാടകവും ചേർന്നുള്ള S2 റീജിയണിൽനിന്നുള്ള പ്രസരണ ലൈനുകളുടെ ശേഷിക്കുറവുമൂലവും കോറിഡോർ ലഭ്യതയിലുള്ള കുറവുകാരണവും കേരളത്തിന് ഇപ്പോൾ ഏകദേശം 31 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ശരാശരിയായി പുറമെ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്.

## ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പദ്ധതി

9 (7845) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണവും നവീകരണവും സംബന്ധിച്ച് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഏതൊക്കെ ജലവൈദ്യുതി പദ്ധതികളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 35 വർഷമോ അതിലധികമോ ആയുസ്സുള്ള പദ്ധതികളുടെ ശിഷ്ടായുസ്സ് നിർണ്ണയ പഠനം (RLA study) നടത്തിയശേഷം നവീകരണം ആവശ്യമുള്ള പദ്ധതികൾ നവീകരിക്കുകയും സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ സാധ്യമായ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. പഴയതും കാലഹരണപ്പെട്ടതുമായ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ മാറ്റി തൽസ്ഥാനത്ത് ആധുനിക സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുക, കാലപ്പഴക്കത്താൽ തേയ്മാനം സംഭവിച്ച യന്ത്രസാമഗ്രികൾ മാറ്റി പുതിയത് സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകവഴി പവർ സ്റ്റേഷന്റെ ആയുസ്സ് ഒരു മുപ്പത് വർഷത്തേക്ക് ദീർഘിപ്പിക്കുക എന്നതാണ് നവീകരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി & ഡി) പൊരിങ്ങൽകുത്ത്, ഷോളയാർ, ഇടുക്കി, കുറ്റ്യാടി പദ്ധതികൾ. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു:

1. പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ നവീകരണവും പുനരുദ്ധാരണവും വഴി സ്ഥാപിതശേഷി 32 മെഗാവാട്ട് (4x8 MW)-ൽനിന്നും 36 മെഗാവാട്ട് (4x9 MW) ആയി വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ (2015 മേയ് മാസത്തോടെ) നിലവിലുള്ള ശേഷി 32 MW-ൽനിന്നും 36 MW ആയി വർദ്ധിക്കുന്നതാണ്. ഒന്നാം നമ്പർ മെഷീനിന്റെ നവീകരണം പൂർത്തീകരിച്ച് 9 MW ശേഷിയിൽ 15-4-2014 മുതൽ ഉൽപാദനം തുടങ്ങി.

2. ഷോളയാർ (3x18 MW)- പ്രസ്തുത പദ്ധതിയുടെ നവീകരണത്തിനായി

ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ പങ്കെടുത്ത ആർക്കും തന്നെ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഇല്ലാതിരുന്നതിനാൽ പ്രസ്തുത ജോലി ഇ-ടെൻഡർ മുഖേന റീ-ടെണ്ടർ ചെയ്യുകയുണ്ടായി. ഇതിൽ പങ്കെടുത്തവരുടെ Pre- qualification bid-ന്റെ പരിശോധന പുരോഗമിച്ചുവരുന്നു.

3. ഇടുക്കി (3x130 MW)- ഇടുക്കി ഒന്നാംഘട്ട മെഷീനുകളുടെ RLA പഠനം പൂർത്തിയാക്കി. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട മെഷീനുകളുടെ നവീകരണത്തിനായി ബോർഡ്, 70 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനുവേണ്ടിയുള്ള ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

4. കുറ്റ്യാടി (3x25 MW)- കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള സാധ്യതാ പഠനവും RLA പഠനവും പൂർത്തീകരിച്ച് AHEC എന്ന സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് ബോർഡ് പരിശോധിച്ചുവരുന്നു.

**ഡാം സുരക്ഷാ പ്രവർത്തനങ്ങൾക്കായി പദ്ധതി**

10 (7846) <u>ശ്രീ. എം. എ. വാഹിദ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഡാമുകളുടെ സുരക്ഷാ പ്രവർത്തനങ്ങൾക്കായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം കേന്ദ്ര-വിദേശസഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള ശബരിഗിരി, പൊരിങ്ങൽകുത്ത്,

ഇടുക്കി, ഷോളയാർ, നേര്യമംഗലം, പള്ളിവാസൽ, പന്നിയാർ, ഇടമലയാർ, ചെങ്കുളം, കുറ്റ്യാടി, കക്കാട്, ലോവർ പെരിയാർ തുടങ്ങിയ 12 ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണവും നവീകരണ പ്രവർത്തനങ്ങളും നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഡാമുകളുടെ പുനരുദ്ധാരണ ജോലികൾ, ഡാം സുരക്ഷാ ക്രമീകരണങ്ങളുടെ പ്രവർത്തന നിലവാരം ഉയർത്തുക, സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുക, ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുക, അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു.

(സി) ലോകബാങ്കിന്റെ ധനസഹായത്തോടെയാണ് ടി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ഡി) 18-4-2012 മുതൽ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനു മുന്നോടിയായി ഹൈഡ്രോളജി പുനരവലോകനം, ഡാമിന്റെ സ്ട്രക്ചറൽ പുനരവലോകനം, ഡാം സുരക്ഷാ പുനരവലോകന സമിതിയുടെ പരിശോധനയും നിർദ്ദേശങ്ങളും, എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ, ദർഘാസ് പ്രമാണങ്ങൾ തയ്യാറാക്കലും അവയുടെ അംഗീകാരവും, പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തന ടെംപ്ലേറ്റ് തയ്യാറാക്കലും അംഗീകാരവും തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായിട്ടുള്ള വിവിധ ഡാമുകളുടെ മുകളിൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. ശബരിഗിരി പദ്ധതിയുടെ ആദ്യഭാഗം പ്രവർത്തനങ്ങളുടെ ദർഘാസ് പ്രമാണങ്ങൾ കേന്ദ്ര ജല കമ്മീഷന്റെയും ലോകബാങ്കിന്റെയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഇ-ടെണ്ടർ ചെയ്യുന്നതാണ്. കൂടാതെ പൊരിങ്ങൽകുത്ത് പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ടെണ്ടർ ചെയ്യുന്ന രീതിയിൽ പുരോഗമിക്കുന്നു. മറ്റ് ഡാമുകളുടെ പദ്ധതിയിലുൾപ്പെട്ട പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള ശ്രമത്തിലാണ്.

## വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതി

11 (7847) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസംഭരണികളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലം ഉണ്ടെന്നും ആയത് എത്ര ദിവസത്തെ ഉപഭോഗത്തിന് തികയും എന്നും വ്യക്തമാക്കുമോ ;

(ബി) നിലവിലെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും, ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി പ്രതിസന്ധി മറികടക്കാൻ മഴയെ മാത്രം ആശ്രയിച്ചുള്ള ജലവൈദ്യുത പദ്ധതികൾക്കു പകരം ദീർഘകാലാടിസ്ഥാനത്തിലുള്ള മറ്റെന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 9-7-2014-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ ജലസംഭരണികളിൽ ആകെ 653.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പ്പാദിപ്പിക്കാനുള്ള വെള്ളമാണുള്ളത്. ഉല്പാദനം പ്രതിദിനം ശരാശരി 21 ദശലക്ഷം യൂണിറ്റായി ക്രമീകരിച്ചാൽ ഇത് 31 ദിവസത്തേക്ക് തികയും.

(ബി) നിലവിലുള്ള വൈദ്യുത പ്രതിസന്ധി മറികടക്കാനായി താൽക്കാലികമായി എങ്കിലും കേന്ദ്രവിഹിതം കൂടുതലായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വൈദ്യുതി ഉത്പാദനത്തിനായി ആഭ്യന്തര താപനിലയങ്ങളെ കൂടുതലായി ആശ്രയിക്കുകയും പവർ എക്സ്ചേഞ്ചുവഴി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന അവസരത്തിലെല്ലാം ആയത് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി എത്തിക്കാനുള്ള ശ്രമങ്ങളും ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, പൊരിങ്ങൽ പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൗണ്ടട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ, തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ്

കെട്ടിടത്തിന്റെ മുകളിൽ 0.13456 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (stage-1) സ്ഥാപിക്കൽ, RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 0.1315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ, ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസൽ എഞ്ചിൻ ജനറേറ്റർ സെറ്റുകൾ മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി, പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന 400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്, കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്കരണ വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഏകദേശം 500-600 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം, പുതുവൈപ്പിൻ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതി വാതകം ഉപയോഗിച്ചുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയം കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വീണ്ടും പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നു. M/s Inox Renewable Energy Limited-ന്റെ 22 മെഗാവാട്ടിന്റെ കാറ്റിൽനിന്നുള്ള വൈദ്യുത പദ്ധതി കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. എൻ.എച്ച്.പി.സി.-യുമായി 6-1-2014-ൽ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിലേക്കായി ധാരണാപത്രവും 7-5-2014-ൽ വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി സ്ഥാപിക്കുന്നതിനുവേണ്ടി ധാരണാപത്രവും ഒപ്പുവച്ചിട്ടുണ്ട്.

## സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങൾ

12 (7848) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി വിതരണ ലൈസൻസികൾ എന്നിവർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത ചട്ടങ്ങൾ വഴി ലഭ്യമാകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ചട്ടങ്ങൾ പ്രകാരം ഉപഭോക്താക്കൾക്ക് എവിടെയൊക്കെയാണ് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ അനുവാദമുള്ളത് ; വിശദമാക്കുമോ ;

(ഡി) സൗരോർജ്ജ ഉൽപാദകർക്ക് സ്വന്തം ഉപയോഗം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി വിതരണ ശൃഖലയിലേക്ക് നൽകാൻ എന്തെല്ലാം സൗകര്യങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സൗരോർജ്ജത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 'Grid Interactive Distributed Solar Energy Systems Regulations 2014' പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഉപഭോക്താവിന് അവരുടെ പുരയിടങ്ങളിലോ കെട്ടിടത്തിന്റെ മേൽക്കൂരയിലോ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുത വിതരണ ശൃംഖലയുമായി ബന്ധപ്പെടുത്താവുന്നതാണ്. ഇപ്രകാരം വൈദ്യുതി ഉത്പാദിപ്പിക്കുമ്പോൾ വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ കുറയ്ക്കാവുന്നതാണ്. ഉപഭോക്താക്കൾക്ക് നിലവിലുള്ള സൗരോർജ്ജ പാനലുകളിൽ ഉപയോഗിക്കുന്ന ബാറ്ററിയും അതിനുവേണ്ടി വരുന്ന ചെലവും പൂർണ്ണമായും ഒഴിവാക്കുന്നതോടൊപ്പം സൗരോർജ്ജ പദ്ധതിയുടെ കീഴിൽ വൈദ്യുതിയുടെ വില ഗണ്യമായി കുറയുമെന്നും പ്രതീക്ഷിക്കുന്നു. ഇപ്രകാരം ഉപഭോക്താവ് ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി, ഉപഭോക്താവിന്റെ തന്നെ മറ്റ് കെട്ടിടങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള

സൗകര്യവും ഈ ചട്ടങ്ങൾ നൽകുന്നുണ്ട്. വൈദ്യുതി ബോർഡ് ലിമിറ്റഡിനും വൈദ്യുതി വിതരണ ലൈസൻസികൾക്കും വിലകൂടിയ വൈദ്യുതി വാങ്ങുന്നതുമൂലമുള്ള സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനും പ്രസരണവിതരണ നഷ്ടം കുറയ്ക്കുന്നതിനും സഹായിക്കുന്നു. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം, വൈദ്യുതി ബോർഡ് ലിമിറ്റഡ്, അതിന്റെ ഉപഭോഗത്തിന്റെ 0.25% സൗരോർജ്ജ വൈദ്യുതി വാങ്ങണമെന്ന് നിബന്ധനയുണ്ട്. ഉപഭോക്താവ് സൗരോർജ്ജ പാനൽ ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി മേൽ സൂചിപ്പിച്ച 0.25% ക്വാട്ട കണക്കാക്കുന്നതിന് വകയിരുത്തുന്നതുമൂലവും ബോർഡിന് ലാഭമുണ്ടാകും.

(ഡി) സൗരോർജ്ജ ഉല്പാദകർക്ക് സ്വന്തം ഉപയോഗം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി ലൈസൻസിയുടെ വിതരണ ശൃംഖലയ്ക്ക് നൽകി ബാങ്ക് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു ബില്ലിംഗ് പീരിഡിൽ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലേക്ക് ഉപഭോക്താവ് കടത്തി വിടുന്ന സൗരോർജ്ജ വൈദ്യുതി അവരുടെ സ്വന്തം ഉപഭോഗത്തെക്കാൾ കൂടുതലാണെങ്കിൽ, കൂടുതൽ ഉള്ള വൈദ്യുതി അടുത്ത ബില്ലിംഗ് പീരിഡിൽ ഉപയോഗിക്കത്തക്കവിധം ബാങ്ക് ചെയ്യാവുന്നതാണ്. ഇതിനായി ബാങ്കിംഗ് ഫീ വാങ്ങുന്നതല്ല. ഉപഭോക്താവിന്റെ ഉടമസ്ഥതയിലുള്ള മറ്റ് കണക്ഷനുകൾക്കും ബാങ്ക് ചെയ്ത ഈ അധിക വൈദ്യുതി ഉപയോഗിക്കാവുന്നതാണ്. ഒക്ടോബർ 1 മുതൽ അടുത്ത സെപ്റ്റംബർ 30 വരെയുള്ള സെറ്റിൽമെന്റ് പീരിഡിൽ ഉപഭോക്താവിന്റെ ഉപയോഗം കഴിഞ്ഞ് മിച്ചമുള്ള വൈദ്യുതിക്ക് അതാതു വർഷങ്ങളിൽ കമ്മീഷൻ നിശ്ചയിക്കുന്ന ശരാശരി വൈദ്യുതി വാങ്ങൽ നിരക്കിൽ വില നൽകണമെന്ന് നിബന്ധനയുണ്ട്.

**അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ**

13 (7849) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ ഉപയോഗ പ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി യിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നിർവഹിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വികേന്ദ്രീകൃത മാലിന്യസംസ്കരണം, പാചകാവശ്യത്തിനുള്ള ബയോഗ്യാസ് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് അനെർട്ട് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവമാലിന്യങ്ങൾ ധാരാളം ലഭ്യമാകുന്ന ക്യാന്റീനുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷണൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കുന്നു. സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുക, വന നശീകരണം തടയുക, ആഗോളതാപനം തടയുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഇന്ധനക്ഷമതയുള്ളതും പുകയില്ലാത്തതുമായ മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്ത് ഗാർഹികമായ സൗരോർജ്ജ ഉത്പാദനം പ്രോത്സാഹിപ്പി ക്കുന്നതിനായി 10000 റൂഫ്ടോപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിലായി ഒരു കിലോവാട്ട് പവർപ്ലാന്റുകൾ സ്ഥാപിക്കാനും അതുവഴി 10 മെഗാവാട്ട് സൗരോർജ്ജ ഉത്പാദനം കൈവരി ക്കാനുമാണ് ലക്ഷ്യമിടുന്നത്. അനെർട്ട് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സബ്സിഡി നിരക്കിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി. ഈ പദ്ധതി പ്രകാരം 44,875 രൂപ വരുന്ന സൗരോർജ്ജ തെരുവ് വിളക്കിന് സംസ്ഥാന സർക്കാരിന്റെ 30,000 രൂപ കിഴിച്ച് 14,875 കേന്ദ്ര നവീന നവീകരണ മന്ത്രാലയത്തിൽ ഗുണഭോക്തൃവിഹിതമായി അടച്ചാൽ ബാറ്ററിയും സൗരോർജ്ജ മോഡ്യൂളും ഉൾപ്പെട്ട സൗരോർജ്ജ തെരുവ് വിളക്ക് 5 വർഷ വാറന്റിയോടുകൂടി സ്ഥാപിച്ച് നൽകുന്നതാണ്. ഈ വർഷം അനെർട്ട് കേരളത്തിലാകമാനം 33000 സൗരോർജ്ജ റാന്തലുകൾ ഒരു റേഷൻകാർഡിന് ഒന്ന് എന്ന നിരക്കിൽ ജില്ലാ ഓഫീസ് മുഖാന്തരം വിതരണം ചെയ്യാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി ക്കഴിഞ്ഞു. ഒരു സൗരോർജ്ജ റാന്തലിന്റെ വില 2270 രൂപയും സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കഴിച്ച് 1520 രൂപ അടയ്ക്കുന്ന ഗാർഹിക

ഉപഭോക്താക്കൾക്ക് ആഗസ്റ്റ് മാസം മുതൽ ഇവ വിതരണം ചെയ്തു തുടങ്ങുന്നതാണ്.

2013-14 സാമ്പത്തിക വർഷത്തെ സോളാർ വാട്ടർ ഹീറ്റർ പദ്ധതി പ്രകാരം വീടുകൾക്കും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും 3000 എണ്ണം വീതം ETC, FPC സോളാർ വാട്ടർ ഹീറ്ററുകൾ നൽകാൻ ലക്ഷ്യമിടുന്നു. മുൻകാലങ്ങളിൽ നിലവിലുള്ള കേന്ദ്ര സബ്സിഡിയോടൊപ്പം അനെർട്ട് സബ്സിഡിയായി ഒരു 100 LPD ETC സിസ്റ്റത്തിന് 3000 രൂപയും ഒരു 100 LPD ETC സിസ്റ്റത്തിന് 4000 രൂപയും ലഭ്യമാണ്. സൗരോർജ്ജം ഉപയോഗപ്പെടുത്തി അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു:

1. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനായി പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കുവാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

2. 28 സ്ഥാപനങ്ങളിൽ ആകെ 293.32 കിലോ വാട്ട് ശേഷിയുള്ള റൂഫ്ടോപ്പ് സൗരോർജ്ജ പദ്ധതികൾ.

3. കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് 4 സർക്കാർ സ്ഥാപനങ്ങളിൽ ആകെ 174 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ നിർമ്മാണം.

4. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് 8 സർക്കാർ സ്ഥാപനങ്ങളിൽ ആകെ 115 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ.

5. 15 സ്ഥാപനങ്ങളിൽ ആകെ 1280 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് റൂഫ്ടോപ്പ് സൗരോർജ്ജ പദ്ധതികൾ.

(സി) 2013-14 സാമ്പത്തിക വർഷം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 556.4 ലക്ഷം രൂപയും മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് 227.38 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സൗരോർജ്ജ റൂഫ്ടോപ്പ് പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ വിഹിതമായി 15.8 കോടി രൂപയും കേന്ദ്ര സബ്സിഡിയായി 53.26 കോടി രൂപയും

വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് 2.2 കോടി അനുവദിച്ചിട്ടുണ്ട്.

(ഡി) പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനം നൽകുക, പദ്ധതിയുടെ നടത്തിപ്പിനുള്ള മാർഗരേഖ തയ്യാറാക്കുക, സ്പെസിഫിക്കേഷൻ അനുസരിച്ചാണോ സ്ഥാപിച്ചിട്ടുള്ളതെന്ന് പരിശോധിക്കുക, സബ്സിഡി വിതരണം നടത്തുക എന്നിവയാണ് പദ്ധതി നിർവ്വഹണത്തിൽ അനെർട്ട് സ്വീകരിക്കുന്ന നടപടികൾ. സൗരോർജ്ജ റൂഫ്ടോപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി അനെർട്ട് പൊതു ജനങ്ങളിൽനിന്നും അപേക്ഷ സ്വീകരിക്കുകയും അവർക്ക് രജിസ്ട്രേഷൻ നമ്പർ അനുവദിക്കുകയും പ്രവർത്തനാനുമതി നൽകുകയും ചെയ്യുന്നു. കൂടാതെ സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഇരുപതോളം കമ്പനികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 2.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**അനെർട്ടിന്റെ പുതിയ പദ്ധതികൾ**

14 (7850) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ അനെർട്ട് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) അനെർട്ട് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 വർഷം മലപ്പുറം, വയനാട് എന്നീ ജില്ലാ പഞ്ചായത്തുകൾക്കുവേണ്ടി ഡെപ്പോസിറ്റ് വർക്ക് ആയി കാടിനോട് ചേർന്നുകിടക്കുന്ന എസ്സി./എസ്റ്റി കോളനികളിൽ സൗരോർജ്ജ വൈദ്യുതിവേലിയുടെ നിർമ്മാണം നടന്നുവരുന്നു. മലപ്പുറം ജില്ലയിൽ 12 എസ്സി./എസ്റ്റി. കോളനികളിലും വയനാട് ജില്ലയിൽ 17 എസ്സി./ എസ്റ്റി. കോളനികളിലും പ്രസരണ വൈദ്യുതി ആവശ്യാനുസരണം ലഭ്യമല്ലാത്തതിനാൽ സോളാർ വൈദ്യുത സംവിധാനം ഉപയോഗിച്ചാണ് വൈദ്യുത വേലി പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലാ പഞ്ചായത്തിലെ 32.5 കിലോ മീറ്റർ ദൈർഘ്യമുള്ള ഫെൻസിംഗ് പണിക്കായി 89,19,750 രൂപയുടെയും വയനാട് ജില്ലാ

പഞ്ചായത്തിലെ 60.4 കിലോമീറ്റർ ദൈർഘ്യമുള്ള ഫെൻസിംഗ് പണിക്കായി 1,50,06,863 രൂപയുടെയും പ്രവർത്തിയാണ് നടക്കുന്നത്. ഇവ വന്യമൃഗങ്ങളിൽ നിന്നും ജനങ്ങളുടെ വാസസ്ഥലത്തിനും കൃഷിയിടങ്ങൾക്കും വേണ്ട സംരക്ഷണം നൽകുന്നു. 2012-13 വർഷത്തെ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 9 മുനിസിപ്പാലിറ്റികളിലായി നൂറു വീതം ആകെ 900 സോളാർ എൽ.ഇ.ഡി. വഴിവിളക്കുകൾ സ്ഥാപിച്ചുകഴിഞ്ഞു.

2012-13 വർഷം ആലപ്പുഴ മുനിസിപ്പാലിറ്റിയുമായി സഹകരിച്ച് 211 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായി. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആകെ 103 Kwp സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) 2013-14 വർഷത്തെ പദ്ധതി പ്രകാരം 1100 സോളാർ എൽ.ഇ.ഡി. വഴിവിളക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. വികേന്ദ്രീകൃത മാലിന്യസംസ്കരണം, പാചകാവശ്യത്തിനുള്ള ബയോഗ്യാസ് ലഭ്യമാക്കുക എന്നിവ ലക്ഷ്യമാക്കി അനെർട്ട് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ജൈവമാലിന്യങ്ങൾ ധാരാളമായി ലഭ്യമാകുന്ന ക്യാന്റീനുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷണൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കുന്നു. സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുക, വന നശീകരണം തടയുക, ആഗോളതാപനം തടയുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഇന്ധനക്ഷമതയുള്ളതും പുകയില്ലാത്തതുമായ മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

**പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ**

15 (7851) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനർട്ട് മുഖാന്തിരം പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിന്നും എത്ര മെഗാവാട്ട് പദ്ധതികളുടെ നിർമ്മാണം തുടങ്ങിയെന്നും ഇതിൽ എത്ര പദ്ധതി കമ്മിഷൻ ചെയ്തുവെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ട് മുഖാന്തരം ആകെ 10 മെഗാവാട്ട് ശേഷി ലക്ഷ്യം വച്ച് നടപ്പാക്കുന്ന 10000 റൂഫ്ടോപ്പ് പദ്ധതിയിലൂടെ ഇതുവരെയായി 6400-ഓളം പവർപ്ലാന്റുകൾ സ്ഥാപിക്കാനും ഇതിലൂടെ 6.4 മെഗാവാട്ട് വൈദ്യുതോത്പാദനശേഷി കൈവരിക്കാനും കഴിഞ്ഞു. ബാക്കി പ്ലാന്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

## റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പി.വി. പാനൽ സ്ഥാപിക്കാൻ നടപടി

16 (T* 7852) <u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവോയറുകളിൽ ഫ്ളോട്ടിംഗ് സോളാർ പി.വി. പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാശങ്ങൾ അറിയിക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രകാരം എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത രീതിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി എങ്ങനെ ഉപയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) വൈദ്യുതി ബോർഡിന്റെ ഏതെങ്കിലും അനുയോജ്യമായ ഒരു റിസർവോയറിൽ 500 Kwp സ്ഥാപിതശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നുവരുന്നു.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) 500 Kwp സ്ഥാപിതശേഷിയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ഇ) വൈദ്യുത വിതരണ ശൃംഖല (ഗ്രിഡ്)യുമായി നേരിട്ട് ബന്ധിപ്പിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ നടപടി**

17 (7853) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ കഴിയാതെ വന്നതിനാൽ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ ലൈൻ അനുവദിക്കാനാവില്ലെന്ന ദേശീയ ലോഡ് ഡെസ്പാച്ച് സെന്ററിന്റെ തീരുമാനം പുനഃപരിശോധിക്കാൻ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ദേശീയ ലോഡ് ഡെസ്പാച്ച് സെന്റർ ഇപ്രകാരം തീരുമാനമെടുക്കുവാനുള്ള കാരണം എന്താണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി എത്തിക്കാൻ ലൈൻ സ്ഥാപിക്കാനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി എന്തു തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ഇ) വൈദ്യുതി പുറത്തുനിന്ന് എത്തിക്കുവാൻ ലൈനുകൾ സ്ഥാപിക്കുന്നതിന്

എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) രാജ്യത്തെ മറ്റ് മേഖലകളിൽ നിന്ന് ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. ടി കാരണത്താൽ സംസ്ഥാനത്തിന്റെ പുറത്തുനിന്ന് ഏകദേശം 1500 മെഗാവാട്ടോളം വൈദ്യുതി വാങ്ങുന്നതിന് വിവിധ വ്യാപാരികളും ഉല്പാദകരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. ടി കാരണത്താൽ ദക്ഷിണേന്ത്യയിൽ നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയും സംസ്ഥാനത്തിനകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളായ KDPP, NTPC തുടങ്ങിയവയിൽനിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിച്ചുമാണ് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നത്. കൂടാതെ കാലവർഷം നാളിതുവരെ ശക്തി പ്രാപിക്കാത്തതിനാൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

(ബി & സി) ഷോർട്ട് ടേം ഓപ്പൺ അക്സസ് അനുവദിക്കുന്നത് NLDC-യും അതിന്റെ അനുബന്ധ സ്ഥാപനമായ SRLDC-യുമാണ്. ടി ഏജൻസികൾ, കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ Short Term Open Access അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരമല്ല ഓപ്പൺ അക്സസ് നിലവിൽ അനുവദിക്കുന്നതെന്നും കേന്ദ്ര കമ്മീഷന്റെ ചട്ടങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ടി ഏജൻസികൾക്ക് നൽകണമെന്നും വൈദ്യുതി ബോർഡ് കേന്ദ്ര കമ്മീഷനോട് അപേക്ഷിച്ചിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകൾ പ്രധാനമായും പവർഗ്രിഡ് കോർപ്പറേഷനോ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് case 1 bid വഴി തെരഞ്ഞെടുത്ത സ്വകാര്യ ലൈസൻസികളോ ആണ് നിർമ്മിക്കുന്നത്. കൂടാതെ മറ്റ് മേഖലകളിൽനിന്ന് ദക്ഷിണേന്ത്യയിലേക്ക് കൂടുതൽ ലൈൻ നിർമ്മിക്കണമെന്നുള്ള ആവശ്യം കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, പവർഗ്രിഡ് കോർപ്പറേഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. CEA, SRPC തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ ട്രാൻസ്മിഷൻ പ്ലാനിംഗ് സംബന്ധമായ വിഷയങ്ങളിൽ നടത്തുന്ന മീറ്റിംഗുകളിൽ ബോർഡ് ടി വിഷയങ്ങൾ ഉന്നയിക്കുന്നുമുണ്ട്.

**വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിന് വിദേശ സാങ്കേതിക സഹായം**

18 (7854) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാർ വിദേശ രാജ്യങ്ങളുടെയോ ഏജൻസികളുടെയോ സാങ്കേതികസഹായം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇത്തരം സാങ്കേതിക സഹായം ഉപയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം ബോർഡിനുണ്ടായ നേട്ടങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളുടെയോ ഏജൻസികളുടെയോ സാങ്കേതിക സഹായം നേരിട്ട് ലഭ്യമാക്കിയിട്ടില്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി.-യുടെ പാർട്ട്-എ ടെണ്ടർ വിളിച്ച് അവാർഡ് ചെയ്തത് കെപ്കോ കെ.ഡി.എൻ (KEPCO KDN) എന്ന കൊറിയൻ കമ്പനിക്കാണ്. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT & C loss) 15%-ൽ താഴെ കുറയ്ക്കുവാൻ വേണ്ടിയാണ് ഈ സഹായം ലഭ്യമാക്കിയത്. വിശദാംശങ്ങൾ (എ)യുടെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായുള്ള കമ്പ്യൂട്ടർവത്കരണം മുഖേന താഴെപ്പറയുന്ന മേഖലകളിലെ കാര്യക്ഷമത മെച്ചപ്പെടും

- ഉപഭോക്താക്കളുടെ മീറ്ററിംഗ്, ബില്ലിംഗ്, കളക്ഷൻ
- ബോർഡിനു വേണ്ടിയുള്ള സാധനസാമഗ്രികളുടെ വാങ്ങലും സൂക്ഷിക്കലും കൈകാര്യം ചെയ്യലും
- മാനവ വിഭവശേഷി നിർവ്വഹണം
- എനർജി ഓഡിറ്റിംഗ്
- കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം
- കേന്ദ്രീകൃത അക്കൗണ്ടിംഗ് സംവിധാനം.

**പുതിയ ഗാർഹിക കണക്ഷൻ അടയ്ക്കേണ്ട തുക**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

19 (7855) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വീടുകൾ പൊളിച്ചുമാറ്റി അതേ പ്ലോട്ടിൽ അതേ ഉടമ തന്നെ പുതിയ വീട് പണിയുമ്പോൾ കറന്റ് കണക്ഷൻ ലഭിക്കുവാൻ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തു തുകയാണ് കണക്ഷൻ മാറ്റി ലഭിക്കുന്നതിന് ഉപഭോക്താവ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) പവർ പോയിന്റുകളുടെ എണ്ണം മാറ്റാതെ പുതിയ വീടിന് വയറിംഗ് നടത്തിയാൽ തുക അടയ്ക്കുന്നതിൽ നിന്ന് ഉപഭോക്താവിനെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014 ഏപ്രിൽ 1-ന് നിലവിൽവന്ന ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ന്റെ വ്യവസ്ഥ 43 പ്രകാരം നിലവിലുള്ള കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റി പുതിയവ പണിയുമ്പോൾ, നിലവിലുള്ള ഇലക്ട്രിക് കണക്ഷൻ അഴിച്ചുമാറ്റേണ്ടതും പ്രസ്തുത കണക്ഷനുവേണ്ടി ഉപഭോക്താവ് വൈദ്യുതി ബോർഡുമായി ഏർപ്പെട്ടിട്ടുള്ള ഉടമ്പടി അവസാനിപ്പിച്ച് അന്നുവരെയുള്ള കുടിശ്ശിക തീർത്തു നൽകേണ്ടതുമാണ്. തുടർന്ന് ഉപഭോക്താവിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കുടിശ്ശിക തീർത്ത് തുക തിരികെ നൽകേണ്ടതാണെന്നും നിലവിലുണ്ടായിരുന്ന കണക്ഷനിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കണക്ഷൻ നൽകരുതെന്നും പ്രസ്തുത വ്യവസ്ഥ അനുശാസിക്കുന്നു. പുതിയ താൽക്കാലിക കണക്ഷൻ ആവശ്യമായപക്ഷം ഉപഭോക്താവിന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകാവുന്നതാണെന്നും പണി പൂർത്തിയായ കെട്ടിടത്തിന് നിലവിലെ കുടിശ്ശിക തീർത്ത് പുതിയ കണക്ഷൻ നേടേണ്ടതാണെന്നും ടി വ്യവസ്ഥ നിഷ്കർഷിക്കുന്നു. എന്നാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളെ മേൽപ്പറഞ്ഞ ഉപാധികളിൽനിന്നും വ്യവസ്ഥ 43(5) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(ബി) വൈദ്യുതി കണക്ഷന്റെ സ്വഭാവമനുസരിച്ചും ഓരോ കണക്ഷനും ആവശ്യമായി വരുന്ന സാധനസാമഗ്രികളുടെയും അടിസ്ഥാനത്തിലുമാണ് തുക നിശ്ചയിക്കപ്പെടുന്നത്.

(സി) ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ന്റെ വ്യവസ്ഥ 43 അനുസരിച്ചാണ്

നിലവിലെ കെട്ടിടം പൊളിച്ച് പുതിയവ പണിയുമ്പോൾ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥയിൽ പവർ പോയിന്റുകളുടെ എണ്ണവുമായി ബന്ധപ്പെട്ടുള്ള യാതൊരു പരാമർശവും ഇല്ല. നിലവിലുള്ള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## പുതിയ വൈദ്യുത പദ്ധതികൾ

20 (7856) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ശരാശരി വൈദ്യുതിയും കേന്ദ്രവിഹിതവും ചേർത്താൽ നമ്മുടെ ഉപഭോഗത്തിന് ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമാണോ യെന്ന് അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ എത്ര മെഗാവാട്ടിന്റെ കുറവാണ് ഉള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കുറവ് പരിഹരിക്കുന്നതിനായി പുതിയ വൈദ്യുതി പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി പ്രതിസന്ധി സ്ഥായിയായി ഇല്ലാതാക്കാൻ ദീർഘവീക്ഷണ ത്തോടെയുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

## ഉത്തരം

(എ & ബി) 2014-15 വർഷത്തേക്ക് സംസ്ഥാനത്ത് പ്രതീക്ഷിക്കുന്ന ശരാശരി പ്രതിദിന വൈദ്യുത ഉപഭോഗം 60 ദശലക്ഷം യൂണിറ്റാണ്. ജലവൈദ്യുത പദ്ധതികളിൽനിന്നും പ്രതിദിനം ശരാശരി 19 ദശലക്ഷം യൂണിറ്റും കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്നും പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റും ആണ് ലഭിക്കുന്നത്. അതായത് ജലവൈദ്യുത പദ്ധതികളിൽനിന്നും കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്നും പ്രതിദിനം ശരാശരി 45 ദശലക്ഷം യൂണിറ്റ് മാത്രമാണ് 2014-15 വർഷത്തേക്ക് പ്രതീക്ഷിക്കുന്നത്. ഇത് മൊത്തം വൈദ്യുത ആവശ്യകതയുടെ 76% മാത്രമാണ്. കൂടാതെ സംസ്ഥാനത്തെ പീക്ക് ഡിമാന്റ് 3700 മെഗാവാട്ട് ആണ്. എന്നാൽ ജലവൈദ്യുത പദ്ധതികളിൽനിന്നും ഏകദേശം 1650 മെഗാവാട്ടും കേന്ദ്ര നിലയത്തിൽനിന്നും ശരാശരി 1150 മെഗാവാട്ടും

മാത്രമാണ് പ്രതീക്ഷിക്കുന്നത്. പീക്ക് സമയത്ത് ശരാശരി 700 മുതൽ 900 മെഗാവാട്ടിന്റെ കുറവ് 2014-15 വർഷത്തിൽ പ്രതീക്ഷിക്കുന്നു.

(സി & ഡി) ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 13 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ വഴി 195.1 mw വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ 31 mw-ന്റെ 7 ചെറുകിട ജലവൈദ്യുത പദ്ധതികൾ രണ്ട് വർഷത്തിനകം ടെണ്ടർ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ സ്വകാര്യ സംരംഭകർ വഴി 222 MW-ന്റെ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പുറത്തുനിന്നുള്ള വൈദ്യുതി

21 (7857) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര യൂണിറ്റ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നുംവൈദ്യുതി എക് ചേഞ്ചിൽ നിന്നുമായി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇതിന് എന്ത് ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതിന് പ്രസരണ ഇടനാഴി ലഭിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഈ വർഷം കേന്ദ്രപൂളിൽനിന്നും കെ.എസ്.ഇ.ബി.-യുടെ പെരിഫെറിയിൽ പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റ് വൈദ്യുതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ എനർജി എക്സ്ചേഞ്ച്, വൈദ്യുതി വ്യാപാരികൾ, മറ്റ് മേഖലയിലുള്ള വൈദ്യുതി ഉത്പാദകർ തുടങ്ങിയ വിവിധ സ്രോതസ്സുകളിൽനിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ പ്രതിദിനം ശരാശരി 12 ദശലക്ഷം യൂണിറ്റോളം വൈദ്യുതി വാങ്ങിക്കുന്നതിനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി & ഡി) വിവിധ വൈദ്യുതി വ്യാപാരികളിൽനിന്ന് ഹ്രസ്വകാലാടിസ്ഥാനത്തിൽ 1500 മെഗാവാട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലം മറ്റുമേഖലകളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിന് ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടുവരുന്നതിനുവേണ്ടി പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മീഡിയം ടേം ഓപ്പൺ അക്സസ്, ഷോർട്ട് ടേം ഓപ്പൺ അക്സസ് ഇവ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് രണ്ട് പരാതികൾ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.

2. കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരളം ഉൾപ്പെടെയുള്ള എസ് 2 മേഖലയിൽനിന്നും വാങ്ങുന്നതിനും അങ്ങനെ പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലമുള്ള പ്രതിസന്ധി പരിഹരിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രപൂളിൽനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

### കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വൈദ്യുതി

22 (7858) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്ന് കേരളത്തിൽ വൈദ്യുതി എത്തിക്കുന്നതിനായി വൈദ്യുതി ലൈൻ വലിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) വൈദ്യുതി ടവറുകൾ സ്ഥാപിക്കേണ്ടതും, ലൈൻ കടന്നു പോകുന്നതുമായ സ്ഥലങ്ങളും, ലൈനിന്റെ അലെയ്ൻമെന്റും സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം

പരിഹരിച്ചിട്ടുണ്ടോ ;

(സി) കൂടംകുളം വൈദ്യുതി നിലയത്തിൽനിന്നും കേരളത്തിന് എത്ര വൈദ്യുതിയാണ് ലഭിക്കേണ്ടത് ; ഇത് ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ;

(ഡി) കേരളത്തിന് അർഹമായ വിഹിതം തമിഴ്നാട് തടഞ്ഞു വച്ചിരിക്കുകയാണെന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറ വരെ ഒരു 400 കെ.വി. ലൈൻ നിർമ്മിക്കുവാനും കൊച്ചി (പള്ളിക്കര)യിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പ്രവൃത്തികൾ പി.ജി.സി.ഐ.എൽ. ആണ് നടപ്പാക്കുന്നത്. തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചി (പള്ളിക്കര)യിൽ നിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചി (പള്ളിക്കര)യിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ പള്ളിക്കരവരെയുള്ള ലൈൻ നിർമ്മാണം ടി റൂട്ടിലെ കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ലൈൻ നിർമ്മാണം നടത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കർഷകരുമായും ജനപ്രതിനിധികളുമായി ലൈൻ വലിക്കുന്നത് സംബന്ധിച്ചും കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നഷ്ടപരിഹാര നിർദ്ദേശങ്ങളിന്മേലും ചർച്ചകൾ നടന്നുവരുന്നു. പ്രസ്തുത നഷ്ടപരിഹാര മാനദണ്ഡങ്ങളിൽ പി.ജി.സി.ഐ.എൽ.-നുള്ള വ്യത്യസ്ത നിലപാടുമൂലം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്മേൽ, ഇടമൺ-കൊച്ചി ലൈൻ നിർമ്മാണത്തിന് സത്വര നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം ലൈൻ നിർമ്മാണം പുനരാരംഭിക്കുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുതരുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടറോട് പി.ജി.സി.ഐ.എൽ. ആവശ്യപ്പെട്ടിട്ടുണ്ട്. ലൈൻ നിർമ്മാണം പുനരാരംഭിക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂടംകുളം വൈദ്യുതി നിലയത്തിന്റെ യൂണിറ്റ് ഒന്നിൽ (1000 മെഗാവാട്ട്) നിന്നും കേരളത്തിന് 133 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത്.

കമേഴ്സ്യൽ ഓപ്പറേഷൻ ആകാത്തതിനാൽ നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 15.65 ശതമാനം കേന്ദ്രവിഹിതമായി കേരളത്തിന് ലഭിക്കുന്നുണ്ട്. ഒക്ടോബർ 2013 മുതൽ ഇതു ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) ഇല്ല.

## വൈദ്യുതി പ്രതിസന്ധി

23 (7859) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രപൂളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിന് ആവശ്യമായ വൈദ്യുതി ലൈൻ ഇല്ലാതെ വന്നതുകൊണ്ട് സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നം ഇതുവരെയും പരിഹരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കേന്ദ്രപൂളിൽനിന്ന് ലഭിക്കുന്ന വൈദ്യുതി കേരളത്തിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രസരണ ലൈനുകൾ ഉണ്ട്.

## കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി

24 (7860) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) തകരാറിലായതും ശരിയായ റീഡിംഗ് കാണിക്കാത്തതുമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തത് സാമ്പത്തിക പ്രതിസന്ധിക്ക് ഒരു വലിയ കാരണമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്രകാരം മാറ്റിസ്ഥാപിക്കേണ്ടതായ എത്ര മീറ്ററുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് വ്യക്തമാക്കുമോ ; എത്ര മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട് ; ഇനിയും മാറ്റി സ്ഥാപിക്കുന്നതിനായി എത്ര

മീറ്ററുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ആർ.എ.പി.ഡി.ആർ.പി., ആർ.ജി.ജി.വി.വൈ. തുടങ്ങിയ വിവിധ പുതിയ വൈദ്യുത ഉൽപ്പാദന-പ്രസരണ-വിതരണ പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുകയും മിതമായ വിലയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും സർക്കാരിൽനിന്നും ലഭിക്കാനുള്ള സബ്സിഡി തുക ലഭ്യമാകുന്നതിനനുസരിച്ചും ചെലവ് കുറയ്ക്കുവാനാണ് ബോർഡ് ശ്രമിക്കുന്നത്.

(ബി) ഇല്ല. മീറ്റർ കേടായ കാലയളവിലെ വൈദ്യുതി ചാർജ്ജ്, മീറ്റർ കേടാകുന്നതിന് മുൻപുള്ള ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിനാൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഏകദേശം 22,76,360 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. മേയ് 2014-ലെ കണക്കനുസരിച്ച് ഏകദേശം 5,70,700 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ ബാക്കിയുണ്ട്. പുതിയ മീറ്ററുകൾ വാങ്ങാൻ സത്വര നടപടി സ്വീകരിച്ചുവരുന്നു.

**വൈദ്യുതി നിരക്ക് വർദ്ധനയ്ക്ക് അടിസ്ഥാനമാക്കുന്ന ഘടകങ്ങൾ**

25 (7861) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിനിരക്ക വർദ്ധനയ്ക്ക് അടിസ്ഥാനമാക്കുന്ന ഘടകങ്ങൾ എന്തൊക്കെ ആണെന്ന് വിശദമാക്കുമോ ;

(ബി) ഉൽപാദന/പ്രൊക്യൂർമെന്റ് ചെലവ്, വിതരണച്ചെലവ്, വിതരണ നഷ്ടം, ഭരണപരമായ ചെലവ് എന്നിവയും വിൽപന നിരക്കും തമ്മിൽ ബന്ധിപ്പിച്ചാണോ

നിരക്കുകൾ പരിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഉൽപാദനച്ചെലവ് കുറയ്ക്കാനും വിതരണ നഷ്ടം കുറയ്ക്കാനും വില കുറഞ്ഞ വൈദ്യുതി ലഭ്യമാകുന്നിടത്തുനിന്ന് വാങ്ങി സംസ്ഥാനത്ത് എത്തിക്കാനുള്ള സംവിധാനമൊരുക്കാനും മുൻകൂർ പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ വൈദ്യുതി ഉൽപാദന ചെലവ്, വൈദ്യുതി വാങ്ങൽ ചെലവ്, പലിശയും മറ്റനുബന്ധ ചെലവുകൾ, തേയ്മാന ചെലവുകൾ, ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളവും മറ്റലവൻസുകളും, പെൻഷൻ, റിപ്പയർ & മെയിന്റനൻസ് ചെലവുകൾ, നിയമപ്രകാരമുള്ള റിട്ടേൺ ഓഫ് ഇക്വിറ്റി, നിലവിലുള്ള താരിഫിൽനിന്നും ലഭിക്കുന്ന വരുമാനം, താരിഫേതര വരുമാനം തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തിയാണ് വൈദ്യുതി ബോർഡിന്റെ വരവ് ചെലവു കണക്കുകൾ നിർണ്ണയിക്കുന്നത്. വൈദ്യുതി ബോർഡിന്റെ മൊത്തം ചെലവിന്റെ 60-70% വൈദ്യുതി വാങ്ങൽച്ചെലവിനായി ഉപയോഗിക്കുന്നു. സംസ്ഥാനത്തെ ഊർജ്ജാവശ്യകത പ്രതിവർഷം ശരാശരി 7 ശതമാനം മുതൽ 8 ശതമാനം വരെ വർദ്ധിച്ചു വരികയാണ്. എന്നാൽ ടി വർദ്ധനവിനനുസരിച്ച് താരതമ്യേന ചെലവു കുറഞ്ഞ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിക്കാൻ വനപരിസ്ഥിതി മന്ത്രാലയങ്ങളുടെ അനുമതി ലഭിക്കുന്നില്ല. ഇതുകൂടാതെ സംസ്ഥാനത്ത് കൽക്കരി, ലിഗ്നൈറ്റ് തുടങ്ങിയ ഇന്ധനങ്ങളുടെ ലഭ്യതയുമില്ല. ടി കാരണങ്ങളാൽ സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യകത പ്രധാനമായും സംസ്ഥാനത്തിനു പുറത്തുള്ള കേന്ദ്രനിലയങ്ങളിൽനിന്നും, കൂടാതെ സംസ്ഥാനത്തിന് പുറത്തുള്ള വൈദ്യുതി വ്യാപാരികൾ വഴിയും വൈദ്യുതി ഉല്പാദകർ വഴിയുമാണ് നിലവിൽ നിറവേറ്റുന്നത്. ഇതുകാരണം സംസ്ഥാനത്തെ വൈദ്യുതിച്ചെലവ് ഗണ്യമായി വർദ്ധിക്കുന്നുണ്ട്. കൂടാതെ ഇൻഫ്ലേഷൻ കാരണവും സാധനസാമഗ്രികളുടെ വില വർദ്ധനവു കാരണവും റിപ്പയർ ആന്റ് മെയിന്റനൻസ് ചെലവുകൾ, ഭരണ ചെലവുകൾ തുടങ്ങിയവ വർദ്ധിക്കുന്നുണ്ട്. ഇതുകൂടാതെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ തുടങ്ങിയ മേഖലകളിലേക്കുള്ള മൂലധന നിക്ഷേപത്തിന് കൂടുതൽ വായ്പകൾ എടുക്കേണ്ടി വരുന്നത് കാരണവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചെലവിന് അനുസൃതമായി താരിഫ് വർദ്ധിപ്പിക്കാത്തതു കാരണവും ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കേണ്ടി വരുന്നു. ജീവനക്കാരുടെ

ശമ്പളവും മറ്റലവൻസുകളും ട്രേഡ് യൂണിയനുകളുമായുള്ള കരാർപ്രകാരം കൊടുക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ വർദ്ധനവുകൾക്കനുസൃതമായി താരിഫ് വർദ്ധിപ്പിക്കാത്തതിനാൽ ഓരോ വർഷവും ഭാരിച്ച നഷ്ടം സഹിച്ചാണ് ബോർഡ് വൈദ്യുതി വിതരണം നടത്തുന്നത്.

സംസ്ഥാനത്തെ വൈദ്യുതി വിതരണനനഷ്ടം 15 ശതമാനമാണ്. ഇത് 2001-02 കാലയളവിൽ 30.76 ശതമാനമായിരുന്നു. സംസ്ഥാനത്തെ വൈദ്യുതി വിതരണ നഷ്ടം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. വൈദ്യുതി പ്രസരണവിതരണ മേഖലയിൽ കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിച്ച് വിതരണ ലൈനുകൾ വലിച്ചും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും കേടായ മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിച്ചും വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയും പ്രസരണശൃംഖലകൾ വ്യാപിപ്പിച്ചും എച്ച്.റ്റി. ലൈനുകളുടെ അനുപാതം എൽ.റ്റി. ലൈനുകളെ അപേക്ഷിച്ച് വർദ്ധിപ്പിച്ചുമാണ് സംസ്ഥാന വൈദ്യുതി ബോർഡ് സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 2013-14-ൽ 15 ശതമാനത്തിലേക്ക് കുറച്ചത്. നടപ്പ് സാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.7 ശതമാനത്തിലേക്ക് എത്തിക്കു ന്നതിനാണ് ബോർഡ് ലക്ഷ്യമിടുന്നത്.

(സി) വൈദ്യുതി ലഭ്യത ഉറപ്പാക്കാനും ഉല്പാദനച്ചെലവ് കുറയ്ക്കാനുമായി താഴെപ്പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്:

1. 150 മെഗാവാട്ട് വൈദ്യുതി റ്റാറ്റാ മൈത്തൻ എന്ന കമ്പനിയിൽനിന്നും കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫ് നിരക്കിൽ 25 വർഷത്തേക്ക് വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
2. 250 മെഗാവാട്ട് വൈദ്യുതി 25 കൊല്ലത്തേക്ക് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച താരിഫ് നിരക്കിൽ വാങ്ങുന്നതിന് ദാമോദർവാലി കോർപ്പറേഷൻ എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
3. യഥാക്രമം 450 മെഗാവാട്ട്, 400 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ടെണ്ടർ വഴി ദീർഘകാലാടിസ്ഥാനത്തിൽ 25 കൊല്ലത്തേക്ക് വാങ്ങുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.
4. ഇതുകൂടാതെ ചെറുതും വലുതുമായ 500 മെഗാവാട്ടോളം ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

ചീമേനിയിൽ 1000 മെഗാവാട്ടിന്റെ ഒരു മെഗാപവർ പ്ലാന്റ് ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. ബോർഡിന്റെ പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തി പ്രസരണവിതരണ നഷ്ടം കുറയ്ക്കുകയും അതുവഴി വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നു.

6. കമ്പ്യൂട്ടറൈസേഷൻ വഴിയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും അതുവഴി ചെലവുകൾ കുറയ്ക്കുന്നതിനും വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

7. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നത് വൈദ്യുതി ഉപഭോഗം കുറച്ച് വൈദ്യുതി വാങ്ങൽചെലവ് കുറയ്ക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

പ്രസരണ വിതരണ വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി.). ഈ പദ്ധതി കേരളത്തിലെ 43 ടൗണുകളിൽ നടപ്പിലാക്കി വരുന്നു. 1078 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി കേന്ദ്ര സർക്കാർ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## മീറ്റർ ചാർജ്ജും വീലിങ് ചാർജ്ജും

26 (7862) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റർ ചാർജ്ജും, വീലിങ് ചാർജ്ജും എന്നിവ പുനർനിർണ്ണയം ചെയ്യണമെന്ന് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 30-5-2014-ലെ കത്തിലൂടെ ഓപ്പൺ അക്സസ് ഉപഭോക്താക്കൾക്കായുള്ള ട്രാൻസ്മിഷൻ ചാർജ്ജ് വിലിംഗ് ചാർജ് ക്രോസ് സബ്സിഡി/സർചാർജ് തുടങ്ങിയവ പരിഷ്കരിക്കുന്നതിനുള്ള

നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് ബോർഡിനോട് ആവശ്യപ്പെടുകയുണ്ടായി. ടി നിർദ്ദേശങ്ങളനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ബോർഡ് സമർപ്പിച്ച എ.ആർ.ആർ. & ഇ.ആർ.സി. പ്രകാരം താഴെപ്പറയുന്ന രീതിയിൽ ഓപ്പൺ അക്സസ് ചാർജ്ജ് അനുവദിച്ചു നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി.

2014-15 വർഷത്തേക്കുള്ള ട്രാൻസ്മിഷൻ ചാർജ്ജ്, വീലിംഗ് ചാർജ്ജ്, ക്രോസ് സബ്സിഡി സർചാർജ്ജ്, അഡീഷണൽ സർചാർജ്ജ് തുടങ്ങിയവയുടെ വിശദാംശങ്ങൾ:

| | വിശദാംശങ്ങൾ | രൂപ യൂണിറ്റിന് |
|---|---|---|
| 1. | ട്രാൻസ്മിഷൻ ചാർജ്ജ് | 0.38 |
| 2. | വീലിംഗ് ചാർജ്ജ് | 0.95 |
| 3. | ക്രോസ് സബ്സിഡി സർചാർജ്ജ് | |
| | ഇ.എച്ച്.റ്റി. 66 കെ.വി. | 1.82 |
| | ഇ.എച്ച്.റ്റി. 110 കെ.വി. | 1.72 |
| | റെയിൽവേ | 1.88 |
| | എച്ച്.റ്റി.-1 എ വ്യാവസായികം | 1.57 |
| | എച്ച്.റ്റി.-1 ബി വ്യാവസായികം | 1.87 |
| | എച്ച്.റ്റി. -IV എ വാണിജ്യം | 4.27 |
| 4. | 2014-15 വർഷത്തേയ്ക്കുള്ള അഡീഷണൽ സർചാർജ്ജ് | 1.12 |

<u>മീറ്റർ വാടക പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച്</u> :

സംസ്ഥാനത്ത് 2002-നുശേഷം മീറ്ററിന്റെ വാടക വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ടി കാലയളവിൽ സിംഗിൾ ഫെയ്സ് മീറ്ററുകളുടേയും ത്രീ ഫെയ്സ് മീറ്ററുകളുടെയും വിലയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2001-02 കാലയളവിൽ സിംഗിൾ ഫെയ്സ് മീറ്ററിന്റെ വില 250 മുതൽ 300 രൂപ വരെ ഉണ്ടായിരുന്നത് ഇപ്പോൾ 700 മുതൽ 800 രൂപയായിട്ടാണ് വർദ്ധിച്ചിട്ടുള്ളത്. കൂടാതെ ത്രീ ഫെയ്സ് മീറ്ററുകളുടെ വില 2001-02 കാലയളവിൽ കേവലം 750 രൂപ

ഉണ്ടായിരുന്നത് ഇപ്പോൾ 2100 മുതൽ 2200 രൂപയിലേക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ടി വർദ്ധനവ് കണക്കിലെടുത്ത് പുതുതായി കണക്ഷനെടുക്കുന്ന ഉപഭോക്താക്കൾക്ക് സിംഗിൾ ഫെയ്സ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 10 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിക്കാനും ത്രീ ഫെയ്സ് മീറ്ററുകൾക്ക് മീറ്റർ വാടക പ്രതിമാസം 20 രൂപയിൽ നിന്നും 50 രൂപയായി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപഭോക്താക്കൾക്ക് തുടർന്നും പഴയ നിരക്കിൽ തന്നെ മീറ്റർ വാടക തുടരാനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് പുതിയതായി മീറ്റർ മാറ്റി സ്ഥാപിക്കേണ്ടിവരുന്ന പക്ഷം പുതിയ മീറ്ററുകൾക്ക് പുതിയ നിരക്കിൽ മീറ്റർ വാടക നൽകണമെന്ന് കമ്മീഷൻ മുമ്പാകെ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങിവയ്ക്കുകയാണെങ്കിൽ ടി ഉപഭോക്താക്കളെ മീറ്റർ വാങ്ങി വയ്ക്കുന്ന തീയതി മുതൽ മീറ്റർ വാടകയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ്. ഉപഭോക്താക്കൾ സ്വന്തമായി മീറ്റർ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് ബോർഡിന്റെ തെരഞ്ഞെടുത്ത ഓഫീസുകളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

## വൈദ്യുതി ചോർച്ച തടയുന്നതിനുള്ള നടപടി

27 (7863) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം ചോർച്ചകൾ നിയന്ത്രിക്കുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത് ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ടെക്നിക്കൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളിലായി നടപ്പിലാക്കിവരുന്നു.

1. എച്ച്.ടി.ലൈനുകളും എൽ.ടി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടംഘട്ടമായി മെച്ചപ്പെടുത്തുക.
2. 11 കെ.വി., 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.

3. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

4. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

5. എൽ.ടി. ലൈനിലും എച്ച്.ടി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ മാറ്റി സ്ഥാപിക്കുക.

6. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കൊമേഴ്സ്യൽ ലോസ്സ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

- കേടായ എനർജി മീറ്ററുകളും ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

- ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

- ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും റവന്യൂകളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക.

- എനർജി ആഡിറ്റ് (ഫീൽഡ് തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

(ബി) പ്രസരണ വിതരണ നഷ്ടം 16.09 ശതമാനത്തിൽനിന്നും 15 ശതമാനമായി കുറച്ചു. 2011-12 മുതൽ 2012-13 വരെയുള്ള കാലയളവിൽ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുവാനായി 171.87 സർക്യൂട്ട് കിലോമീറ്ററോളം ഇ.എച്ച്.റ്റി. ലൈനുകളും 21 സബ്സ്റ്റേഷനും 4151 സർക്യൂട്ട് കിലോമീറ്റർ എച്ച്.റ്റി. ലൈനുകളും 7155 സർക്യൂട്ട് കിലോമീറ്റർ എൽ.റ്റി. ലൈനുകളും 7018 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. 2011-12 മുതൽ 2012-13 വരെയുള്ള കാലയളവിൽ വൈദ്യുതി ബോർഡ് 12.66 ദശലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2011-12 മുതൽ 2013 ഡിസംബർ വരെയുള്ള കാലയളവിൽ ഏകദേശം 38.65 കോടിയോളം രൂപ വൈദ്യുതി മോഷണം നടത്തിയ വകയിൽനിന്നും പിഴയായി എ.പി.റ്റി.എസ്. വസൂലാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.7 ശതമാനത്തിലേയ്ക്ക് എത്തിക്കുന്നതിനായി 22 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും 340 സർക്യൂട്ട് കിലോമീറ്ററോളം പുതിയ പ്രസരണ ലൈനുകലും 3000 സർക്യൂട്ട് കിലോമീറ്ററോളം എച്ച്.റ്റി. ലൈനുകളും 4000 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിനും കൂടാതെ 10.5 ലക്ഷം കേടായ മീറ്ററുകളും

മാറ്റി സ്ഥാപിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ചോർച്ച നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി അതിനൂതനമായ എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 13 സ്ക്വാഡുകളും വൈദ്യുത ചോർച്ച തടയുന്നതിലേയ്ക്കായി എല്ലാമാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും സംഘടിപ്പിക്കാറുണ്ട്.

**ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി**

28 (7864) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളുടെ ആകെ സ്ഥാപിതശേഷി എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയിലെയും ഇപ്പോഴത്തെ ഉൽപാദന നിലവാരം അറിയിക്കുമോ ?

ഉത്തരം

(എ & ബി) ആകെ സ്ഥാപിതശേഷി 2071.65 മെഗാവാട്ട് ആണ്. ഓരോ പദ്ധതിയിലെയും ഇപ്പോഴത്തെ ഉൽപാദന നിലവാരം അനുബന്ധമായി ചേർക്കുന്നു.*

**ഉപഭോക്താക്കളുടെ ഡെപ്പോസിറ്റ് തുക വർദ്ധിപ്പിക്കുന്ന നടപടി**

29 (7865) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ ഡെപ്പോസിറ്റ് തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഡെപ്പോസിറ്റ് തുക വർദ്ധിപ്പിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ - സി) ഉപഭോക്താക്കളിൽനിന്നും ഡെപ്പോസിറ്റ് തുക സ്വീകരിക്കുന്നത് അവർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ മാസ ശരാശരിയുടെ അടിസ്ഥാനത്തിലാണ്. താരിഫ് വർദ്ധനയനുസരിച്ചും ഉപഭോഗത്തിലുള്ള മാറ്റങ്ങൾക്കനുസരിച്ചും ഡെപ്പോസിന്റെ തുക വാർഷികമായി പുതുക്കുമ്പോൾ വ്യത്യാസപ്പെടാവുന്നതാണ്. ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലെ 63, 73 ചട്ടങ്ങൾ പ്രകാരമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താക്കളിൽനിന്നും സ്വീകരിച്ചുവരുന്നത്.

**അന്യസംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി കൊണ്ടുവരാൻ ലൈൻ സംവിധാനം**

30 (7866) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനായി ആവശ്യമായ വൈദ്യുത ലൈൻ ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി)ലൈൻ സ്ഥാപിക്കുന്ന കാര്യത്തിൽ നിലവിലുള്ള പ്രതിബന്ധങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) രാജ്യത്തെ മറ്റ് മേഖലകളിൽനിന്ന് ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. എന്നാൽ 2x765 KV SC Racchur-Sholapur പ്രസരണ ലൈൻ കമ്മീഷൻ ചെയ്യുന്നതിലൂടെ ടി പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാമെന്ന് കരുതുന്നു. കേരളത്തിനു പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകൾ പ്രധാനമായും പവർഗ്രിഡ് കോർപ്പറേഷനോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് case 1 bid വഴി തെരഞ്ഞെടുത്ത സ്വകാര്യ ലൈസൻസികളോ ആണ് നിർമ്മിക്കുന്നത്. കൂടാതെ മറ്റ് മേഖലകളിൽനിന്ന് ദക്ഷിണേന്ത്യയിലേക്ക് കൂടുതൽ ലൈൻ നിർമ്മിക്കണമെന്നുള്ള ആവശ്യം കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, പവർഗ്രിഡ് കോർപ്പറേഷൻ തുടങ്ങിയ വിവിധ ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. CEA, SRPC തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ ട്രാൻസ്മിഷൻ പ്ലാനിംഗ്

സംബന്ധമായ വിഷയങ്ങളിൽ നടത്തുന്ന മീറ്റിംഗുകളിൽ ബോർഡ് ടി വിഷയങ്ങൾ ഉന്നയിക്കുന്നുമുണ്ട്. എന്നാൽ, ലൈൻ വലിക്കുന്നതിന് സ്ഥലം ലഭിക്കാത്തതിനാലും തദ്ദേശവാസികളുടെ എതിർപ്പും വനം പരിസ്ഥിതി അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും കാരണം പവർഗ്രിഡ് കോർപ്പറേഷനും മറ്റ് ലൈസൻസികൾക്കും സമയബന്ധിതമായി ട്രാൻസ്മിഷൻ ലൈനുകൾ സ്ഥാപിക്കാൻ കഴിയാറില്ല.

## കെ.എസ്.ഇ.ബി.യിൽ കസ്റ്റമർ കെയർ സംവിധാനം

31 (7867) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ പരാതി പരിഹാരത്തിനായി കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് വൈദ്യുതി ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർണ്ണമായും നടപ്പാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 43 നഗരങ്ങളിൽ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട് - എയുടെ ഐ.ടി. ഇംപ്ലിമെന്റേഷൻ പദ്ധതികളുടെ ഭാഗമായിട്ടാണ് കസ്റ്റമർ കെയർ സെന്റർ സംവിധാനം ഏർപ്പെടുത്തിയത്. തുടക്കമെന്ന നിലയിൽ 8 സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളുടെ പരാതികളാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ മുഖേന പരിഹരിക്കപ്പെടുന്നത്. ആർ.എ.പി.ഡി.ആർ.പി. പദ്ധതി പൂർത്തിയാകുന്നതോടുകൂടി ഉപഭോക്താക്കൾ കേരളത്തിൽ എവിടെനിന്നും 1912 എന്ന നമ്പറിൽ വിളിച്ചാൽ കസ്റ്റമർ കെയർ സെന്ററിന്റെ സേവനം ലഭ്യമാകും.

(സി) ആർ.എ.പി.ഡി.ആർ.പി. പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. പദ്ധതികൾ നവംബർ 2014-ഓടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## വൈദ്യുതോല്പാദനച്ചെലവ്

32 (7868) ശ്രീ. എസ് ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ മേഖലയിൽ പൂർത്തീകരിച്ച വൈദ്യുത പദ്ധതികളുടെ ഉൽപാദനച്ചെലവിനെപ്പറ്റിയുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. ഇരുട്ടുക്കാനം stage II SHP- ₹ 2.94/യൂണിറ്റ്.
2. കാരിക്കയം SHP (10.5 MW) പദ്ധതിയുടെ താരിഫ് നിശ്ചയിക്കുന്നതിനുള്ള petition കമ്മീഷന്റെ പരിഗണനയിലാണ്. എന്നാൽ താൽക്കാലികമായി ₹ 4.16/യൂണിറ്റ് നിരക്ക് കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്.
3. പാമ്പുംകയം മിനി ഹൈഡ്രോ പദ്ധതിയുടെ താരിഫ് നിശ്ചയിക്കുന്നത് കമ്മീഷന്റെ പരിഗണനയിലാണ്.
4. മീൻവല്ലം SHP (3 MW) പവർ പർച്ചേസ് കരാർ പ്രകാരം ഈ പദ്ധതിയിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് ആദ്യത്തെ 6 വർഷം 2.50 രൂപാ നിരക്കും പിന്നീടുള്ള 20 വർഷത്തേയ്ക്ക് 2.12 രൂപാ നിരക്കുമാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ നിർമ്മാണച്ചെലവ് വർദ്ധിച്ചതിനാൽ company വൈദ്യുതി നിരക്ക് പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടത് കമ്മീഷന്റെ പരിഗണനയിലാണ്.
5. കിറ്റെക്സ് ലിമിറ്റഡിന്റെ 1.2 (MW) കാറ്റിൽനിന്നുള്ള പദ്ധതി Rs. 3.14/ യൂണിറ്റ്. റാന്നി-പെരിനാട് SHP, പീച്ചി SHP എന്നിവയുടെ ഉൽപ്പാദന ചെലവ് വിവരം ശേഖരിച്ചുവരുന്നു.

**സ്വകാര്യമേഖലയിലെ വൈദ്യുതി ഉൽപ്പാദനം**

33 (7869) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സോളാർ, ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവയുപയോഗിച്ച് നടപ്പിലാക്കാൻ 'വിന്റ് പോളിസി', 'സോളാർ എനർജി പോളിസി 2013', 'സ്മോൾ ഹൈഡ്രോ പോളിസി 2012' എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വൈദ്യുത നിലയങ്ങളിൽനിന്നും ലാഭകരമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സംരംഭകർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ preferential tariff ആണ് നിശ്ചയിച്ചിരിക്കുന്നത്.

(ബി&സി) സ്വകാര്യ മേഖലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. Inox Renewable Energy Limited കഞ്ചിക്കോടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന 22 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി.
2. ഇടുക്കി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 50 മെഗാവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി പൂർത്തിയാക്കി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ grid-ലേക്ക് synchronise ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

കൂടാതെ 'സ്മോൾ ഹൈഡ്രോ പോളിസി' പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനം 2017-ഓടെ 295 മെഗാവാട്ട് ആക്കി ഉയർത്തുന്നതിന് ലക്ഷ്യംവച്ച് എനർജി മാനേജ്മെന്റ് സെന്റർ 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ BOOT അടിസ്ഥാനത്തിൽ സെലക്ട് ചെയ്തിട്ടുണ്ട്.

## ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ലേബർ ഹൗസുകൾക്ക് ഒ.വൈ.ഇ.സി. കണക്ഷൻ

34 (7870) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതികണക്ഷൻ ലഭിക്കാനായി എന്തൊക്കെ നിബന്ധനകളാണ് പാലിക്കേണ്ടത് ;

(ബി) പ്രസ്തുത നിബന്ധനകളെല്ലാം പാലിച്ചുകൊണ്ടായിരുന്നോ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ലേബർ ഹൗസുകൾക്ക് ഒ.വൈ.ഇ.സി പ്രകാരം കണക്ഷൻ നൽകിയത് ; അവർ നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഉടമസ്ഥാവകാശം തെളിയിക്കാനായി ഏതൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത് ; കമ്പനി ഹാജരാക്കിയ രേഖ എന്താണ്; അത് നിയമാനുസൃതം സ്വീകര്യമാണോ ; എങ്കിൽ പ്രസ്തുത രേഖ മറ്റ് ഉപഭോക്താക്കൾക്കും ബാധകമാക്കാനായി നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത കമ്പനി വൈദ്യുതി കണക്ഷനായി നൽകിയ ഇൻഡമ്നിറ്റി ബോണ്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; അതിൽ കമ്പനിയുടെ സ്റ്റാറ്റസ് (വാടകക്കാരൻ, പാട്ടക്കാരൻ, കൈവശക്കാരൻ) എന്താണ് നൽകിയിരുന്നത് ; ഇൻഡമ്നിറ്റി ബോണ്ട് പൂർണ്ണമായിരുന്നോ ; ഇത്തരത്തിലുള്ളവ നിയമാനുസൃതമാണോ എന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തോടൊപ്പം നിശ്ചിത ഫീസും സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും അംഗീകൃത ഇലക്ട്രിക്കൽ വയർമാൻ, സൂപ്പർവൈസർ, കോൺട്രാക്ടർ എന്നിവർ ഒപ്പിട്ടുനൽകിയ കംപ്ലീഷൻ റിപ്പോർട്ടും കേരള സംസ്ഥാന വൈദ്യുതി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014, റെഗുലേഷൻ 44, 45, 46 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള തിരിച്ചറിയൽ രേഖയുടെ പകർപ്പും ഉടമസ്ഥാവകാശ/താമസ സർട്ടിഫിക്കറ്റും മേൽവിലാസം തെളിയിക്കുന്ന രേഖയുടെ പകർപ്പും ചേർത്ത് ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

(ബി) അതേ. അപേക്ഷയുടെയും രേഖകളുടെയും പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014, റെഗുലേഷൻ 45 പ്രകാരമുള്ള രേഖയാണ് നൽകേണ്ടത്. വൈദ്യുതി കണക്ഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലഭിക്കുന്നതിനായി മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽനിന്നുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റാണ് പ്രസ്തുത കമ്പനി ഹാജരാക്കിയത്. ഈ രേഖ നിയമാനുസൃതം സ്വീകാര്യമാണ്. ഈ നിബന്ധന എല്ലാ ഉപഭോക്താക്കൾക്കും ബാധകമാണ്.

(ഡി) ഇൻഡമ്നിറ്റി ബോണ്ടിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.* ഇതിൽ കമ്പനിയുടെ സ്റ്റാറ്റസ് കൈവശാവകാശക്കാരൻ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കുമ്പഴയിലുള്ള ലേബർ ഹൗസുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഇൻഡമ്നിറ്റി ബോണ്ടിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. മേൽപ്പറഞ്ഞ ലേബർ ഹൗസുകളിൽ നിലവിൽ കുമ്പഴ എസ്റ്റേറ്റിലെ ഹൈടെൻഷൻ കണക്ഷനിൽനിന്നും കോളനി സപ്ലൈ ആയി കണക്ഷൻ നിലവിലുണ്ടായിരുന്നു. ഇതുമാറ്റി ലേബർ ഹൗസുകൾക്ക് പ്രത്യേകം പ്രത്യേകം കണക്ഷനുകൾ നൽകുന്നതിനുവേണ്ടിയാണ് ടി അപേക്ഷ സമർപ്പിച്ചത്. റവന്യൂ അധികാരികളിൽനിന്നുള്ള രേഖകൾ സമർപ്പിക്കാതിരുന്ന സാഹചര്യത്തിലാണ് പ്രസ്തുത ഇൻഡമ്നിറ്റി ബോണ്ട് ഹാജരാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് നിരീക്ഷണമനുസരിച്ച് ഈ വിഷയം പത്തനംതിട്ട ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരികയും കളക്ടറുടെ ഉത്തരവ് പ്രകാരം ടി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

### സൗജന്യ വൈദ്യുതി കണക്ഷൻ

35 (7871) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യമായി വൈദ്യുതിയും വൈദ്യുതി കണക്ഷനും നൽകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇത്തരത്തിലുള്ള സൗജന്യ പദ്ധതികൾ നടപ്പാക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇത്തരത്തിലുള്ള എത്രപേർക്ക് കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശങ്ങളിൽ കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും, കണക്ടഡ് ലോഡ് 1000 വാട്ട്സിൽ

താഴെയുള്ള എസ്സിഎസ്.റ്റി വിഭാഗക്കാർക്കും ബോർഡ് സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. കൂടാതെ മറ്റ് വിഭാഗക്കാർക്ക് RGGVY പദ്ധതിയിൽപ്പെടുത്തി ഒ.എച്ച്. ലൈനുകൾ നിർമ്മിച്ച് വെതർ പ്രൂഫ് കണക്ഷനു വേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി അപേക്ഷ നൽകിയിട്ടുള്ള എല്ലാ ബി.പി.എൽ. വിഭാഗക്കാർക്കും 1000 വാട്ട്സിൽ താഴെയുള്ള എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കും ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള ഗാർഹിക കണക്ഷനുകൾ സൗജന്യമായി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രതിമാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുള്ള ഉപഭോക്താക്കൾക്കും ലൈഫ് സപ്പോർട്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ജീവൻ നിലനിർത്തുന്ന രോഗികൾക്കും വൈദ്യുതി സൗജന്യം നൽകിവരുന്നു.

(സി) ഇത്തരത്തിലുള്ള 1,16,425 അപേക്ഷകർക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

**നാട്ടിക നിയോജക മണ്ഡലത്തിലെ ഗാർഹിക കണക്ഷൻ അപേക്ഷകൾ**

36 (7872) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപേക്ഷ ലഭിച്ചാൽ ഉടൻതന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ ഗാർഹിക കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം സെക്ഷൻ ഓഫീസുകൾ തിരിച്ച് അറിയിക്കുമോ ;

(സി) കാലതാമസം കൂടാതെ കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 പ്രകാരം, അപേക്ഷകൻ/ അപേക്ഷക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുകയും ആവശ്യമായ തുക അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ (മറ്റ് തർക്കങ്ങൾ ഒന്നുമില്ലെങ്കിൽ), ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ അപേക്ഷ സ്വീകരിച്ച് ഒരു മാസത്തിനുള്ളിലും എൽ.റ്റി. ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി

കണക്ഷനുകൾ ആദ്യത്തെ ഒരു കിലോമീറ്റർ വരെ 45 ദിവസത്തിനുള്ളിലും നൽകേണ്ടതാണ്. ഒരു കിലോമീറ്ററിൽ കൂടുതൽ നീളത്തിലുള്ള എൽ.റ്റി. ലൈൻ ആവശ്യമുണ്ടെങ്കിൽ കൂടുതലായി വരുന്ന ഓരോ കിലോമീറ്ററിനും 15 ദിവസം വീതം കൂടുതലായി അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കി കഴിയുന്നതും വേഗം കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) തളിക്കുളം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മൂന്ന് അപേക്ഷകർക്കും വലപ്പാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മൂന്ന് അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. ഈ ആറ് സർവ്വീസ് കണക്ഷനുകൾക്കും പ്രോപ്പർട്ടി ക്രോസിംഗ്മൂലം തടസ്സം നിലനിൽക്കുന്നതിനാൽ പ്രശ്നപരിഹാരത്തിനായി എ.ഡി.എം.-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കണക്ഷനുകൾ നൽകാനാവുകയുള്ളൂ.

**വയനാട് ജില്ലയിലെ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന**

37 (7873) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തു തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി നൽകിയെന്നതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മൊത്തം 5415 ബി.പി.എൽ. കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കുവാനാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരുന്നതും റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽനിന്നും 10-3-2010-ൽ അനുമതി ലഭിച്ചിരുന്നതും. എന്നാൽ പദ്ധതി പ്രവൃത്തികൾ നടത്തിവന്നപ്പോൾ കൂടുതൽ അപേക്ഷകൾ ലഭിച്ചു. അപ്രകാരം

31-3-2013 വരെ മൊത്തം 5634 ബി.പി.എൽ. വീട്ടുകൾ വൈദ്യുതീകരിച്ചു.

(ബി) 1433.44 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇതിൽ 5415 ബി.പി.എൽ. വീട്ടുകൾ വൈദ്യുതീകരിക്കുന്നതിന് 119.13 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഏകദേശം 760 ലക്ഷം രൂപയാണ് 2013-14 കാലയളവിലേക്ക് വിഭാവനം ചെയ്തിരുന്ന തുക. ഇതിൽ ബി.പി.എൽ. വീട്ടുകൾ വൈദ്യുതീകരിക്കുന്നതിനു മാത്രമായി 60 ലക്ഷത്തോളം രൂപ വേണ്ടിവരുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2013-14) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വയനാട് ജില്ലയിൽ ബി.പി.എൽ. വീട്ടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയതിന്റെ കണക്ക് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ചുവടെചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | സുൽത്താൻബത്തേരി | - | 696 എണ്ണം |
| 2. | മാനന്തവാടി | - | 415 എണ്ണം |
| 3. | കൽപ്പറ്റ | - | 532 എണ്ണം |

**കാസർഗോഡ് ജില്ലയിലെ ആർ.ജി.ജി.വി.വൈ.**

38 (7874) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ പ്രകാരം കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ വൈദ്യുതീകരണം പൂർത്തിയായെന്നും ഏതെല്ലാം പഞ്ചായത്തു കളിലാണ് പൂർത്തിയാകാനുള്ളതെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ബി.പി.എൽ. കുടുംബങ്ങൾക്കും എ.പി.എൽ. കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകിയെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ കൂടി പരിഗണിക്കുവാനുണ്ട് എന്ന് പഞ്ചായത്തുകൾ തിരിച്ച് കണക്കുകൾ നൽകുമോ ?

ഉത്തരം

(എ) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വൈദ്യുതീകരണം പൂർത്തിയായ

പഞ്ചായത്തുകൾ :

1. മഞ്ചേശ്വരം
2. വോർക്കാടി
3. മീഞ്ച
4. മംഗൽപാടി
5. ബെള്ളൂർ
6. ബദിയഡുക്ക
7. മൊഗ്രാൽ പുത്തൂർ
8. മധൂർ
9. ബേഡഡുക്ക
10. ഉദുമ
11. പള്ളിക്കര
12. കുറ്റിക്കോൽ
13. മടിക്കൈ
14. പനത്തടി
15. ബളാൽ
16. ചെറുവത്തൂർ
17. കയ്യൂർ-ചീമേനി
18. വെസ്റ്റ്- എളേരി
19. ഈസ്റ്റ്-എളേരി
20. പിലിക്കോട്
21. പടന്ന
22. തൃക്കരിപ്പൂർ
23. ചെമ്മനാട്

വലിയപറമ്പ് ഒഴികെ ബാക്കിയുള്ള 14 പഞ്ചായത്തുകളിൽ ഒറ്റ തിരിഞ്ഞു ചില കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ നൽകിയ ബി.പി.എൽ. കുടുംബങ്ങളുടെയും എ.പി.എൽ. കുടുംബങ്ങളുടെയും പഞ്ചായത്ത് തിരിച്ചുള്ള എണ്ണം താഴെപ്പറയും പ്രകാരമാണ് :

| | | ബി.പി.എൽ. | എ.പി.എൽ. |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മഞ്ചേശ്വരം | 53 | 5 |
| 2 | വോർക്കാടി | 69 | 1 |
| 3 | മീഞ്ച | 53 | - |
| 4 | മംഗൽപാടി | 98 | - |
| 5 | ബെള്ളൂർ | 195 | - |
| 6 | ബദിയഡുക്ക | 178 | - |
| 7 | മൊഗ്രാൽ പുത്തൂർ | 34 | - |
| 8 | മധൂർ | 59 | - |
| 9 | ബേഡഡുക്ക | 225 | 22 |
| 10 | ഉദുമ | 12 | - |
| 11 | പള്ളിക്കര | 127 | - |
| 12 | കള്ളാർ | 130 | 49 |
| 13 | മടിക്കൈ | 204 | 29 |
| 14 | പനത്തടി | 608 | 345 |
| 15 | ബളാൽ | 311 | 111 |
| 16 | ചെറുവത്തൂർ | 47 | 5 |
| 17 | കയ്യൂർ-ചീമേനി | 215 | 27 |
| 18 | വെസ്റ്റ്-എളേരി | 152 | 23 |
| 19 | ഈസ്റ്റ്-എളേരി | 188 | 14 |
| 20 | പിലിക്കോട് | 68 | 10 |
| 21 | പടന്ന | 126 | 3 |
| 22 | തൃക്കരിപ്പൂർ | 81 | 8 |
| 23 | പുത്തിഗെ | 77 | - |
| 24 | പൈവളിഗെ | 174 | 11 |
| (1) | (2) | (3) | (4) |
| 25 | കുമ്പള | 122 | 24 |
| 26 | എൻമകജെ | 200 | - |
| 27 | ചെമ്മനാട് | 95 | - |

| | | | |
|---|---|---|---|
| 28 | ചെങ്കള | 112 | - |
| 29 | കാറഡുക്ക | 75 | - |
| 30 | കുമ്പടാജെ | 116 | - |
| 31 | ദേലംപാടി | 90 | - |
| 32 | മുളിയാർ | 82 | - |
| 33 | കുറ്റിക്കോൽ | 150 | 17 |
| 34 | പുല്ലൂർ പെരിയ | 152 | 59 |
| 35 | അജാനൂർ | 66 | 14 |
| 36 | കിനാനൂർ കരിന്തളം | 343 | 25 |
| 37 | കോടോ ബേളൂർ | 307 | 19 |

(സി) വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള പഞ്ചായത്തുകളും കുടുംബങ്ങളുടെ എണ്ണവും: (പഞ്ചായത്തുകളിൽനിന്ന് കിട്ടിയ ബി.പി.എൽ. പട്ടികയും സെക്ഷനിൽ നിന്നു കിട്ടിയ പ്രൊപ്പോസൽ പ്രകാരവും.)

| | | |
|---|---|---|
| 1 | മുളിയാർ | 11 |
| 2 | ചെങ്കള | 14 |
| 3 | എൻമകജെ | 28 |
| 4 | കുംബഡാജെ | 9 |
| 5 | കാറഡുക്ക | 9 |
| 6 | പൈവളിഗെ | 23 |
| 7 | പുത്തിഗെ | 36 |
| 8 | ദേലംപാടി | 3 |
| 9 | കുമ്പള | 22 |
| 10 | കിനാനൂർ കരിന്തളം | 14 |
| 11 | പുല്ലൂർ പെരിയ | 28 |
| 12 | കോടോ ബേളൂർ | 25 |
| 13 | കള്ളാർ | 12 |
| 14 | അജാനൂർ | 30 |

**ഐ ഗ്രിഡ് സാങ്കേതികവിദ്യ**

39 (7875) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം സുഗമമാക്കാൻ 66 കെ.വി. സബ് സ്റ്റേഷനുകൾക്ക് പകരം ഐ. ഗ്രിഡ് സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി പദ്ധതികൾ ആരംഭിക്കുന്നതിന് തീരുമാനെമടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാശങ്ങൾ എന്തെല്ലാം ;

(സി) വൈദ്യുതി വിതരണം സുഗമമാക്കാനും സബ് സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള നിർമ്മാണ ചെലവ് കുറയ്ക്കുന്നതിനും പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി -ഡി) പ്രസക്തമല്ല.

## വൈദ്യുതി ബോർഡിൽ പുതിയ സെക്ഷൻ ഓഫീസുകൾ

40 (7876) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിബന്ധനകളിൽ ഇളവു നൽകി പുതിയ സെക്ഷൻ ഓഫീസുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയെന്നും എന്ത് അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ ;

(സി) ആലത്തൂർ ഡിവിഷനിലെ മുടപ്പല്ലൂർ സെക്ഷൻ വിഭജിച്ച് മംഗലംഡാം കേന്ദ്രമായി പുതിയ സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുള്ളത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**മാവേലിക്കരയിലെ സെക്ഷൻ ഓഫീസുകൾ**

41 (7877) <u>ശ്രീ. ആർ രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നോർത്ത് സെക്ഷൻ ഓഫീസിനായുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ; പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) വള്ളിക്കുന്ന് സബ്സ്റ്റേഷന്റെ ഉദ്ഘാടനം നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) നിലവിൽ മാവേലിക്കരയിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസുകൾക്ക് കീഴിലെ ഉപഭോക്താക്കളുടെ എണ്ണം ലഭ്യമാക്കുമോ ;

(ഡി) കേരളത്തിലെ ഏറ്റവും കുറഞ്ഞ എണ്ണം ഉപഭോക്താക്കളുള്ള ആദ്യ പത്ത് സെക്ഷൻ ആഫീസുകളുടെ വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡത്തിനുള്ളിൽ വരാത്തതിനാൽ പ്രസ്തുത നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഔദ്യോഗിക ഉദ്ഘാടനം നടന്നിട്ടില്ലെങ്കിലും സബ്സ്റ്റേഷന്റെ പ്രവർത്തനം 6-6-2012 മുതൽ ആരംഭിച്ചിട്ടുണ്ട്.

(സി)

| ഇലക്ട്രിക്കൽ സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|
| മാവേലിക്കര | 22585 |
| തട്ടാരമ്പലം | 13494 |
| ചാരുമ്മൂട് | 20595 |
| കറ്റാനം | 16212 |
| നൂറനാട് | 16421 |

(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.*

## വൈക്കം നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളിലെ ഒഴിവുകൾ

42 (7878) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ കെ. എസ്. ഇ. ബി. ഓഫീസുകൾ ഏതൊക്കെയെന്നും ഓരോ ഓഫീസിലും എത്ര ജീവനക്കാരുടെ തസ്തികകളാണ് നിലവിലുള്ളതെന്നും അവയിൽ ഏതൊക്കെ തസ്തികകളിലാണ് നിലവിൽ ഒഴിവുള്ളതെന്നും പ്രസ്തുത ഒഴിവുകൾ എന്നു മുതൽ വന്നതാണെന്നും അറിയിക്കുമോ ;

(ബി) ഏതെങ്കിലും തസ്തികകളിലെ റാങ്ക് ലിസ്റ്റുകൾ നിലവിലിരിക്കെ ഒഴിവുകൾ നികത്തപ്പെടാതെയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിതരണ മേഖലയിൽ വൈക്കം നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളും ഓരോ ഓഫീസിലെ നിലവിലുള്ള തസ്തികകളുടെ-യും ഒഴിവുള്ള തസ്തികകളുടെയും വിവരം ചുവടെ ചേർക്കുന്നു:

1. ഇലക്ട്രിക്കൽ സബ്ഡിവിഷൻ, വൈക്കം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആകെ തസ്തികകൾ-3

ഒരു തസ്തികയിലും ഒഴിവില്ല.

2. <u>ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം</u>

ആകെ തസ്തികകൾ-25

ഒഴിവുകൾ:-

ഡിവിഷണൽ അക്കൗണ്ടന്റ്-1

അസിസ്റ്റന്റ് എഞ്ചിനീയർ-1

3. <u>ഇലക്ട്രിക്കൽ സെക്ഷൻ, തലയാഴം</u>

ആകെ തസ്തികകൾ-37

ഒഴിവുകൾ:-

സബ്എഞ്ചിനീയർ-1

മീറ്റർ റീഡർ-2

ഓവർസിയർ-1

പി.റ്റി.സി. സ്വീപ്പർ-1

4. <u>ഇലക്ട്രിക്കൽ സെക്ഷൻ, വൈക്കം</u>

ആകെ തസ്തികകൾ-37

ഒഴിവുകൾ:-

സബ്എഞ്ചിനീയർ-

ഓവർസിയർ-1

പി.റ്റി.സി. സ്വീപ്പർ-1

5. <u>ഇലക്ട്രിക്കൽ സെക്ഷൻ, ചെമ്പ്</u>

ആകെ തസ്തികകൾ-36

ഒഴിവുകൾ:-

മീറ്റർ റീഡർ-3

6. <u>ഇലക്ട്രിക്കൽ സെക്ഷൻ, തലയോലപറമ്പ്</u>

ആകെ തസ്തികകൾ-39

ഒഴിവുകൾ:-

ഓവർസിയർ-1
ലൈൻമാൻ-2
മീറ്റർ റീഡർ-4
പി.റ്റി.സി. സ്വീപ്പർ-1
കാഷ്യർ-1

പ്രസ്തുത ഒഴിവുകൾ 2010 മുതൽ വന്നതാണ്.

പ്രസരണ മേഖലയിൽ വൈക്കം നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളും ഓരോ ഓഫീസിലെ നിലവിലുള്ള തസ്തികകളുടെയും ഒഴിവുള്ള തസ്തികകളുടെയും വിവരം ചുവടെ ചേർക്കുന്നു:

| ഓഫീസ് | തസ്തികകൾ | നിലവിലെ അനുവദിച്ച എണ്ണം | ഒഴിവുകൾ |
|---|---|---|---|
| 110 കെ.വി. സബ്സ്റ്റേഷൻ, വൈക്കം | അസിസ്റ്റന്റ് എഞ്ചിനീയർ | - | - |
| | സ്റ്റേഷൻ എഞ്ചിനീയർ | 1 | - |
| | ഷിഫ്റ്റ് എഞ്ചിനീയർ | 4 | 2 |
| | ഓവർസിയർ (ഇലക്ട്രിക്കൽ) (ഷിഫ്റ്റ്) | 4 | - |
| | സബ് എഞ്ചിനീയർ (മെയിന്റനൻസ്) | 1 | - |
| | ഇലക്ട്രിക്കൽ വർക്കർ (മെയിന്റനൻസ്) | 2 | - |
| സബ്സ്റ്റേഷൻ സബ്ഡിവിഷൻ, | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | - |

| | | | |
|---|---|---|---|
| വൈക്കം | സബ് എഞ്ചിനീയർ | 1 | - |
| | ഡ്രൈവർ | 1 | - |

110 കെ.വി. വൈക്കം സബ്സ്റ്റേഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഷിഫ്റ്റ്) തസ്തികയിലെ ഒരൊഴിവ് മാർച്ച് 2010 മുതലും മറ്റേത് ഏപ്രിൽ 2014 മുതലും നിലനിൽക്കുന്നു.

(ബി) ഇല്ല.

**വൈക്കം മണ്ഡലത്തിലെ കെ.എസ്.ഇ.ബി.-യുടെ മഴക്കാലത്തിനുമുമ്പുള്ള അറ്റകുറ്റപ്പണികൾ**

43 (7879) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ മഴക്കാലത്തിന് മുമ്പുള്ള കെ.എസ്.ഇ.ബി.-യുടെ ടച്ചിംഗ്സ് നീക്കുന്ന ജോലികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പൂർത്തിയാക്കാത്ത സെക്ഷനുകളുണ്ടെങ്കിൽ അവ ഏതൊക്കെയെന്നും ഇനിയും ജോലികൾ തുടങ്ങാത്ത സെക്ഷനുകളുണ്ടെങ്കിൽ അവ ഏതെല്ലാമെന്നും, കാരണമെന്തെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 11 കെ.വി. ലൈനുകളുടെ ടച്ചിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എൽ.റ്റി. ലൈനുകളുടെ ടച്ചിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി ചില സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.

(ബി) വൈക്കം, തലയാഴം, ചെമ്പ്, തലയോലപറമ്പ് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് എൽ.റ്റി. ലൈനുകളുടെ ടച്ചിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ടായിരുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിലെ വേനൽമഴയും അതിനെത്തുടർന്നുണ്ടായ നാശനഷ്ടങ്ങളും കാരണമാണ് പ്രസ്തുത പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. പ്രസ്തുത പ്രവൃത്തികൾ

തുടങ്ങാത്ത ഇലക്ട്രിക്കൽ സെക്ഷനുകൾ ഇല്ല.

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി**

44 (7880) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാകും ; പുത്തൂർ-മൈലാട്ടി 220 കെ.വി. ലൈനിന്റെ പണി എപ്പോൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(സി) മൈലാട്ടിയിലെ 220 കെ.വി. സബ്സ്റ്റേഷന്റെ ശേഷി ഉയർത്താൻ വൈദ്യുതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; മൈലാട്ടിയിൽ ലഭ്യമായ സ്ഥലത്തു തന്നെ 400 കെ.വി. സബ്സ്റ്റേഷൻ പ്രവർത്തനവും അനുബന്ധ ലൈനായ ഉഡുപ്പി-മൈലാട്ടി 400 കെ.വി. ലൈനും തുടങ്ങിയാൽ ഒരുപരിധിവരെ കാസർഗോഡിന്റെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മറ്റു ജില്ലകളിൽ ഉള്ളതുപോലെ ട്രാൻസ്മിഷൻ സർക്കിൾ കാസർഗോഡ് ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ട്രാൻസ്മിഷൻ സർക്കിൾ കാസർഗോഡ് ജില്ലയിലും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

(i) 110 കെ.വി. വിദ്യാനഗർ സബ്സ്റ്റേഷനിലെ നിലവിലുള്ള രണ്ട് 10 MVA ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയ 20 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. ഇതിൽ ഒരു 10 MVA ട്രാൻസ്ഫോർമർ മാറ്റി ഒരു 20 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

(ii) 33 കെ.വി. ബേലൂർ സബ് സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(iii) മൈലാട്ടി മുതൽ തവിടുഗൊളി വരെയുള്ള 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തിക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിദ്യാനഗർ മുതൽ കുബന്നൂർ വരെയുള്ള 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(iv) 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ

പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(v) 33 കെ.വി. കാസർഗോഡ് ടൗൺ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം മുനിസിപ്പാലിറ്റിയിൽനിന്നും ഏറ്റെടുത്തുകഴിഞ്ഞു.

(vi) മലയോര മേഖലയിലുള്ള രാജപുരത്ത് ഒരു 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡിന്റെ പരിഗണനയിലുണ്ട്.

(vii) 110 കെ.വി. സബ്സ്റ്റേഷൻ കാഞ്ഞങ്ങാട്ടിൽ നിലവിലുള്ള രണ്ട് 10 MVA ട്രാൻസ്ഫോർമറുകൾ മാറ്റി രണ്ട് പുതിയ 12.5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പരിഗണനയിലുണ്ട്.

(viii) അണ്ടർഗ്രൗണ്ട് കേബിളുകൾ കമ്മീഷൻ ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക.

(ix) നിലമ്പാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

(ബി&സി) പവർ ഗ്രിഡ് കോർപ്പറേഷനാണ് മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഇതിന്റെ നിർമ്മാണ പ്രവൃത്തി ജനുവരി 2015-ഓടുകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മുപ്പത്തി അഞ്ചാം സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിങ്ങിൽ ഉഡുപ്പി-കാസർഗോഡ്-കോഴിക്കോട് 400 കെ.വി. ലൈൻ നിർമ്മാ ണത്തിന് അംഗീകാരം നൽകിയതിനാലും കെ.പി.റ്റി.സി.എൽ. 220 കെ.വി. മൈലാട്ടി-പുത്തൂർ ലൈൻ നിർമ്മാണം സാങ്കേതികമായി പ്രയോജനകരമല്ല എന്ന് അറിയിച്ചതിനാലും മൈലാട്ടി-പുത്തൂർ ലൈനിന്റെ പ്രൊപ്പോസൽ സതേൺ റീജിയണൽ പവർ കമ്മിറ്റി (SRPC) ഉപേക്ഷിച്ചിട്ടുണ്ട്. ഉഡുപ്പി-കാസർഗോഡ്-കോഴിക്കോട് 400 കെ.വി. ലൈനിന്റെ നിർമ്മാ ണത്തോടനുബന്ധിച്ച് മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലൈൻ നിർമ്മാണം പൂർത്തിയാ കുമ്പോൾ ഉത്തര കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

(ഡി) നിലവിൽ കണ്ണൂർ ജില്ലയ്ക്കും കാസർഗോഡ് ജില്ലയ്ക്കും വേണ്ടി കണ്ണൂരിൽ ഒരു ട്രാൻസ്മിഷൻ സർക്കിളാണുള്ളത്. കാസർഗോഡ് ജില്ലയിലെ നിലവിലുള്ള ട്രാൻസ്മിഷൻ ശൃംഖല കണക്കിലെടുത്ത് അവിടെ ഒരു ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

**കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾ**

45 (7881) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി മേഖലയിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി വകുപ്പുമന്ത്രി ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്തിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു:

- കാസർഗോഡ് ജില്ലയിലെ സെക്ഷൻ ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് താഴെയുള്ള ജീവനക്കാരെ ജില്ലാടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കാവുന്നതാണ്.
- കാസർഗോഡ് ടൗണിലെ കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള അണ്ടർഗ്രൗണ്ട് കേബിളുകൾ കമ്മീഷൻ ചെയ്യുന്നതിന് വേണ്ടുന്ന PTCC clearance ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന തിനായി ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് ഊർജ്ജ മന്ത്രിയുടെ ചേംബറിൽ വച്ച് നടത്താൻ തീരുമാനിച്ചു.
- തൗഡുഗോളി വിദ്യാനഗർ 110 കെ.വി. ലൈൻ ഡബിൾ ലൈൻ ആക്കുന്ന ജോലി കോൺട്രാക്ടർമാർ അധിക തുക ആവശ്യപ്പെടുന്നതിനാൽ നടക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി ഈ ജോലി കെ.എസ്.ഇ.ബി. ചെയ്യുകയോ അല്ലെങ്കിൽ അടുത്ത ടെണ്ടർ സമയത്ത് കോൺട്രാക്ടർമാരുമായി ചർച്ച നടത്തി ന്യായമായ നിരക്കിൽ ജോലി ചെയ്യിക്കുവാൻ തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്.
- ജില്ലയിലെ ഉദുമയിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന ലൈൻ വർക്കുകളിൽ പണി പൂർത്തിയായവ എത്രയും പെട്ടെന്ന് ചാർജ്ജ് ചെയ്യാനും ബാക്കിയുള്ളവയെ സംബന്ധിച്ച് വനം

വകുപ്പ് അധികൃതരുമായി ചർച്ച നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കാനും നിർദ്ദേശിച്ചു.

- നിലമ്പാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമത്തിനു പരിഹാരമായി ഉടൻതന്നെ ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളണം.
- വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ടുള്ളവയും മറ്റനുബന്ധ പരാതികളും പരിഹരിക്കുവാനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുവാനായുള്ള സർക്കാർ ഉത്തരവ് ഇറക്കുന്നതിനായി കെ.എസ്.ഇ.ബി. വേണ്ടുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കണം.
- കുമ്പനൂർ സബ്സ്റ്റേഷനിലെ ബാറ്ററി ചാർജ്ജിംഗ് പ്രശ്നങ്ങൾ പരിഹരിക്കാൻ കണ്ണൂർ ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നടപടി കൈക്കൊള്ളണം.
- വലിയപറമ്പ് പ്രദേശങ്ങളിലെ തുരുത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒരു സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കുന്ന കാര്യം പരിശോധിക്കണം.
- ജില്ലയിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ചീമേനിയിൽ താപ വൈദ്യുതി നിലയം വരിക വഴി സാദ്ധ്യമാകുമെന്നുള്ളത് കൊണ്ട് ചീമേനി നിലയത്തെ സംബന്ധിച്ചുള്ള ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിനായി കെ.എസ്.ഇ.ബി. അധികൃതരും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്നുള്ള ഒരു ടീം NTPC-യുടെ ദാദ്രി ജജ്ജർ നിലയങ്ങൾ സന്ദർശിക്കാനായി നടപടി കൈക്കൊള്ളണം.

(സി) വിതരണ വിഭാഗവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- അസിസ്റ്റന്റ് എഞ്ചിനീയർക്ക് താഴെയുള്ള ജീവനക്കാരെ ജില്ലാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ആവശ്യമായ ശുപാർശ ബോർഡിന് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)-നെ ബോർഡ് ചുമതലപ്പെടുത്തി.
- ബി.എസ്.എൻ.എൽ.ന്റെയും കെ.എസ്.ഇ.ബി.എൽ.ന്റെയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗം 9-7-2014-ന് ചേരുകയും ബന്ധപ്പെട്ട വിഷയത്തിൽ

തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

- ഉദുമയിലെ മുടങ്ങിക്കിടക്കുന്ന ലൈൻ വർക്കുകളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- നിലമ്പാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമായി 100 കെ.വി. എ. ട്രാൻസ്ഫോർമർ അടിയന്തരമായി സ്ഥാപിക്കാനുള്ള നിർദ്ദേശം ഉത്തരമേഖലാ ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.
- വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ടുള്ളവയും മറ്റനുബന്ധ പരാതികളും പരിഹരിക്കുവാനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുവാനായുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.
- വലിയപറമ്പ് പ്രദേശങ്ങളിലെ തുരുത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒരു സബ് എഞ്ചിനീയർ ഓഫീസിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
- കെ.എസ്.ഇ.ബി.എൽ. അധികൃതരും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്നുള്ള NTPC യുടെ ദാദ്രി ജജ്ജർ നിലയങ്ങൾ സന്ദർശിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ പ്രസ്തുത മീറ്റിംഗിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന കാര്യങ്ങളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും താഴെച്ചേർക്കുന്നു:

1. മൈലാട്ടി മുതൽ തൗഡുഗോളി വരെയുള്ള 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിദ്യാനഗർ മുതൽ കുബനൂർ വരെയുള്ള 110 കെ.വി. ലൈൻ നാല് പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത പ്രവൃത്തി പുനർ ടെണ്ടർ ചെയ്തിരിക്കുകയാണ്.
2. ബേലൂർ 33 കെ.വി. സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി

വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

3. 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4. 110 കെ.വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന (2x10 MVA to 2x12.5 MVA) പ്രവൃത്തി മേൽ സൂചിപ്പിച്ച (2), (3) പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

5. 110 കെ.വി. കുമ്പന്നൂർ, മഞ്ചേശ്വരം സബ്സ്റ്റേഷനുകളിലെ ബാറ്ററി മാറ്റി വയ്ക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

6. കൂടാതെ കാസർഗോഡ് ജില്ലയിൽ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കാസർഗോഡ് ടൗണിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് മുനിസിപ്പാലിറ്റിയിൽനിന്നും സ്ഥലം ഏറ്റെടുക്കുകയുണ്ടായി. അതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു. രാജപുരത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതും പരിഗണനയിലുണ്ട്. 110 കെ.വി. വിദ്യാനഗർ സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി (2x10 to 2x20 MVA) വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങൾ

46 (7882) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ചാർജ്ജ് കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങൾക്ക് വീണ്ടും വൈദ്യുതി നൽകുന്നുണ്ടോ ;

(ബി) ഈ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ട്. പ്രധാനമായും കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾ, സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, മറ്റ് സർക്കാർ വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കൾ എന്നിവർക്കും തവണവ്യവസ്ഥയിൽ പണമടയ്ക്കുന്ന ഉപഭോക്താക്കൾക്കും കോടതിയുടെ നിർദ്ദേശപ്രകാരം

മുഴുവൻ തുക അടയ്ക്കാതെ കണക്ഷൻ പുനഃസ്ഥാപിച്ചു കിട്ടിയവർക്കും മുഴുവൻ കുടിശ്ശിക അടച്ചില്ലെങ്കിൽ കൂടിയും വൈദ്യുതി ബന്ധം നിലനിർത്തിയിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, സർക്കാർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ മേഖലയിൽ കോടതി നിർദ്ദേശപ്രകാരം കണക്ഷൻ നൽകുന്ന താന്നികുടം ഭഗവതി മിൽസ്, ഹംസവേണി കാർബൈഡ്, സതേൺ ഇൻപാറ്റ് ലിമിറ്റഡ് തുടങ്ങിയവ ഈ ഗണത്തിൽ വരുന്നു. ഇവയെല്ലാം എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ വരുന്നതാണ്. എൽ.റ്റി. വിഭാഗത്തിൽ വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജ്, ജില്ലാ/താലൂക്ക് ആശുപത്രികൾ, പോലീസ്, കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾ തുടങ്ങിയവയ്ക്കും Hon'ble High Court-ന്റെ ഉത്തരവ് പ്രകാരം കോട്ടയം വെച്ചൂർ കർഷക സഹകരണ സംഘത്തിനും വീണ്ടും വൈദ്യുതി നൽകുന്നുണ്ട്. കൂടാതെ റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡിന്റെ മൊബൈൽ ടവറുകൾക്ക് 2014 ജൂൺ മാസത്തെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ജൂലൈ 15 വരെ സാവകാശം നൽകിയിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

47 (7883) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശികകൾ ഒരു നിശ്ചിത തീയതി വച്ച് അതിനുള്ളിൽ പിരിച്ചെടുക്കാനും വൻതുക കുടിശ്ശികയുള്ളവർക്ക് തവണകൾ നൽകാനും ആലോചനയുണ്ടോ ;

(ബി) അമ്പത് ലക്ഷത്തിലധികം രൂപ കുടിശ്ശികയുള്ള ഉപഭോക്താക്കൾ/ കമ്പനികൾ/വ്യവസായങ്ങൾ എന്നിവ നിലവിലുണ്ടോ ;

(സി) എങ്കിൽ അവരുടെ പേരുവിവരവും കുടിശ്ശിക തുകയും പ്രത്യേകം വിശദമാക്കുമോ ;

(ഡി) പ്രസ്തുത വിവരം ജില്ല തിരിച്ച് നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) വിശദാംശം അനുബന്ധമായി കൊടുത്തിട്ടുണ്ട്. ഇതിൽ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട കുടിശ്ശികയുടെ വിവരം പ്രത്യേക കോളത്തിൽ കാണിച്ചിരിക്കുന്നു. *

## വൈദ്യുതി കുടിശ്ശിക

48 (7884) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ 2014 വരെ യുള്ള മാർച്ച് 31-ലെ സ്റ്റേറ്റ്മെന്റുകൾ പ്രകാരം വൈദ്യുതി വകുപ്പിന് കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള ഓരോ വർഷത്തേയും തുക എത്രയെന്നും ഉപഭോക്താക്കൾ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി വകുപ്പിന് ഏറ്റവുമധികം കുടിശ്ശിക നൽകുവാനുള്ള ആദ്യത്തെ പത്ത് സർക്കാരിതര ഉപഭോക്താക്കളുടെ പേരുവിവരം നൽകുമോ ;

(സി) 2012-13, 2013-14 വർഷങ്ങളിൽ കുടിശ്ശികയിനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്നും എത്ര ഉപഭോക്താക്കളിൽ നിന്നാണെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2010 മുതൽ 2014 വരെയുള്ള മാർച്ച് 31- ലെ സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള കുടിശ്ശിക തുക അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.* എൽ.റ്റി. വിഭാഗത്തിലും എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിലുമുൾപ്പെടുന്ന കേന്ദ്ര/സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലൈസൻസികൾ, ഇന്റർസ്റ്റേറ്റ് എനർജി, പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങി എല്ലാ വിഭാഗത്തിലുമുൾപ്പെട്ട ഉപഭോക്താക്കൾ കുടിശ്ശിക വരുത്തിയതിൽ ഉൾപ്പെടുന്നു.

(ബി) പ്രൈവറ്റ് മേഖലാ സ്ഥാപനങ്ങളിൽ ഏറ്റവുമധികം കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 2-ൽ നൽകിയിട്ടുണ്ട്.*

(സി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ 2012-13 കാലയളവിൽ 375 ഉപഭോക്താക്കളിൽനിന്നും 223.53 കോടി രൂപയും 2013-14 കാലയളവിൽ 407

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

ഉപഭോക്താക്കളിൽനിന്നും 259.68 കോടി രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തു. എൽ.റ്റി. വിഭാഗത്തിൽനിന്നും 2012-13 കാലയളവിൽ 2557550 ഉപഭോക്താക്കളിൽനിന്ന് 176.16 കോടി രൂപയും 2013-14 കാലയളവിൽ 267940 ഉപഭോക്താക്കളിൽനിന്ന് 198.58 കോടി രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

**കുടിശ്ശിക അടച്ചുതീർക്കാത്ത സ്ഥാപനങ്ങൾ**

49 (7885) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക അടച്ചുതീർക്കാത്ത ഏതെങ്കിലും സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഭീമമായ കുടിശ്ശിക വരുത്തിയതിന് കണക്ഷൻ വിച്ഛേദിച്ച എത്ര സ്ഥാപനങ്ങളുണ്ട് ; പ്രസ്തുത സ്ഥാപനങ്ങളുടെ കുടിശ്ശികത്തുക സഹിതം ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ട്. എച്ച്.റ്റി. വിഭാഗത്തിന് പ്രധാനമായും കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾ, സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, മറ്റ് സർക്കാർ വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കൾ എന്നിവർക്കും തവണ വ്യവസ്ഥയിൽ പണമടയ്ക്കുന്ന ഉപഭോക്താക്കൾക്കും കോടതിയുടെ നിർദ്ദേശപ്രകാരം മുഴവൻ തുക അടയ്ക്കാതെ കണക്ഷൻ പുനഃസ്ഥാപിച്ചു കിട്ടിയവർക്കും മുഴവൻ കുടിശ്ശിക അടച്ചില്ലെങ്കിൽ കൂടിയും വൈദ്യുതി ബന്ധം നിലനിർത്തിയിട്ടുണ്ട്.

എൽ.റ്റി. വിഭാഗത്തിൽ വൈദ്യുത ചാർജ്ജ് കുടിശ്ശികയുള്ള സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജ്, ജില്ലാ/താലൂക്ക് ആശുപത്രികൾ, പോലീസ്, കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾ തുടങ്ങിയവയ്ക്ക് വീണ്ടും വൈദ്യുതി നൽകുന്നുണ്ട്. കോട്ടയം സർക്കിളിലെ കൈപ്പുഴ വെച്ചൂർ കായൽ കർഷക സഹകരണ സംഘത്തിന്റെ വൈദ്യുതി കണക്ഷനും സ്റ്റേ ഉത്തരവ് പ്രകാരം വീണ്ടും വൈദ്യുതി നൽകുന്നു. കൂടാതെ ഈ മാസം റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡിന്റെ മൊബൈൽ ടവറുകൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ജൂലൈ 15 വരെ സാവകാശം

നൽകിയിട്ടുണ്ട്.

(ബി) എച്ച്.റ്റി./ഇ.എച്ച്.റ്റി. ഗണത്തിൽപ്പെടുന്ന സ്ഥാപനങ്ങളിൽ ഭീമമായ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ തുടങ്ങി 59 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. * എൽ.റ്റി. വിഭാഗത്തിൽ ഒരു ലക്ഷംരൂപയിലധികം കുടിശ്ശിക വരുത്തിയതിന് കണക്ഷൻ വിച്ഛേദിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധം M ആയി ചേർക്കുന്നു.*

**വൻകിട സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ**

50 (7886) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ അടയ്ക്കാത്തതിന്റെ പേരിൽ കഴിഞ്ഞ ആറുമാസത്തിനിടെ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതികണക്ഷൻ കെ. എസ്. ഇ. ബി. വിച്ഛേദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ബോർഡ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് കോടിക്കണക്കിന് രൂപയുടെ വൈദ്യുത ബിൽ അടയ്ക്കാൻ ഒരു സ്വകാര്യ കമ്പനിക്ക് സാവകാശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റിലയൻസ് ഇൻഫ്രാടെൽ എന്ന സ്ഥാപനത്തിന് എത്ര കോടി രൂപയുടെ ബിൽ അടയ്ക്കുന്നതിനാണ് സാവകാശം നൽകിയതെന്നും ആരാണ് ഇതിന് നിർദ്ദേശം നൽകിയതെന്നും വ്യക്തമാക്കുമോ ;

(ഡി) വൻകിട സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുത ബിൽ യഥാസമയം പിരിച്ചെടുക്കാതെ ഇത്തരത്തിൽ സഹായം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം കുടപ്പനക്കുന്ന് സെക്ഷനിലെ Cons. No. 4040, special Tahsildar, തൃശ്ശൂർ ജില്ലയിലെ ദേശമംഗലം വില്ലേജ് ഓഫീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗുണഭോക്താക്കൾ പണമടയ്ക്കുന്ന കുടിവെള്ള പദ്ധതികൾ, കണ്ണൂർ ജില്ലയിലെ പെരുംതട്ട വില്ലേജ് ഓഫീസ്, ഗവൺമെന്റ് പ്രസ്സ്, പട്ടികജാതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വകുപ്പ്, ചെറുകുന്ന് സെക്ഷന്റെ കീഴിലുള്ള പോലീസ് സ്റ്റേഷൻ, പള്ളിക്കുന്ന് സെക്ഷന്റെ കീഴിലുള്ള ജയിൽ വകുപ്പിന്റെ ക്വാർട്ടേഴ്സ്, ഇറിഗേഷൻ ഓഫീസ്, പാലക്കാട് ജില്ലയിൽ അഗ്രികൾച്ചർ, ഇറിഗേഷൻ, മുനിസിപ്പാലിറ്റി, താലൂക്ക്, സർവ്വേ വകുപ്പിന്റെ ഓഫീസ്, ബധിരമൂക വിദ്യാലയം, കോഴിക്കോട് ജില്ലയിൽ ഫറോക് സെക്ഷന്റെ കീഴിലുള്ള പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്, പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസ് എന്നിവയുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. ജൂൺ മാസത്തിലെ വൈദ്യുതി ബിൽ തുകയായ 2,99,92,413 രൂപ അടയ്ക്കാഞ്ഞതിനാൽ (Reliance Infrastructure)-ന്റെ കണക്ഷനുകൾ വിച്ഛേദിച്ചെങ്കിലും തങ്ങളുടെ accounting software-ന്റെ തകരാറു കാരണമാണ് പ്രസ്തുത ബിൽ അടയ്ക്കാൻ സാധിക്കാഞ്ഞതെന്നും ബിൽ അടയ്ക്കുന്നതിന് സാവകാശം വേണമെന്നും കമ്പനി ബോർഡിന് അപേക്ഷ നൽകുകയുണ്ടായി. ഇതോടൊപ്പം 55 ലക്ഷം രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തു. പ്രസ്തുത കമ്പനി ഇതുവരെ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയിട്ടില്ല എന്നുള്ളതും mobile communication essential service-ൽ പെടുന്നു എന്നുള്ളതും പരിഗണിച്ച് കൊണ്ടാണ് ബിൽ അടയ്ക്കാനുള്ള സമയ പരിധി ജൂലൈ 15 വരെ ദീർഘിപ്പിക്കുവാനും വിച്ഛേദിച്ച കണക്ഷനുകൾ പുനഃസ്ഥാപിക്കാനുമുള്ള നിർദ്ദേശം നൽകിയത്. കൂടാതെ പലിശ സഹിതമാണ് പ്രസ്തുത ബിൽ തുക കമ്പനി അടയ്ക്കേണ്ടത്. ബോർഡിലെ ബന്ധപ്പെട്ട Full Time Director-മാരുടെ കൂട്ടായ തീരുമാന പ്രകാരം വിതരണ വിഭാഗം ഡയറക്ടറുടെ ഓഫീസിൽ നിന്നുമാണ് നിർദ്ദേശം നൽകിയത്. നിലവിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ട സാഹചര്യം ഇല്ല.

**മൊബൈൽ ടവറുകളുടെ ഇലക്ട്രിസിറ്റി ബിൽ കുടിശ്ശിക**

51 (7887) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കമ്പനികളുടെ മൊബൈൽ ടവറുകളുടെ ഇലക്ട്രിസിറ്റി ബില്ലുകളാണ് കുടിശ്ശിക ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇലക്ട്രിസിറ്റി ബിൽ കുടിശ്ശിക നിശ്ചിത തീയതിക്കകം അടച്ചില്ലെങ്കിൽ എന്തെല്ലാം നടപടികളാണ് സാധാരണ ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) കുടിശ്ശിക അടയ്ക്കാത്ത കാരണത്താൽ മൊബൈൽ ടവറുകളുടെ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ ;

(ഇ) വൈദ്യുത കണക്ഷൻ വിച്ഛേദിച്ച ടവറുകൾക്ക് കുടിശ്ശിക അടയ്ക്കുന്നതിനു മുമ്പ് വീണ്ടും കണക്ഷൻ കൊടുത്തിട്ടുണ്ടോ ; ഇതിൻെറ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള ഉത്തരവ് ആരാണ് നൽകിയിട്ടുള്ളത് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡിന്റെ വൈദ്യുതി ബിൽ കുടിശ്ശികയായിട്ടുണ്ട്.

(ബി) Disconnection, Dismantling, Revenue Recovery തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി-എഫ്) ഉണ്ട്. ജൂൺ മാസത്തിലെ വൈദ്യുതി ബിൽ അടയ്ക്കാഞ്ഞതിനാൽ Reliance Infrastructure-ന്റെ കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ട്. എന്നാൽ തങ്ങളുടെ accounting software-ന്റെ തകരാറു കാരണമാണ് പ്രസ്തുത ബിൽ അടയ്ക്കാൻ സാധിക്കാഞ്ഞതെന്നും ബിൽ അടയ്ക്കുന്നതിന് സാവകാശം നൽകണമെന്നും കമ്പനി ബോർഡിന് അപേക്ഷ നൽകുകയുണ്ടായി. ഇതോടൊപ്പം 55 ലക്ഷം രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തു. പ്രസ്തുത കമ്പനി ഇതുവരെ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയിട്ടില്ല എന്നുള്ളതും mobile communication essential service-ൽ പെടുന്നു എന്നുള്ളതും പരിഗണിച്ചുകൊണ്ട് ബിൽ അടയ്ക്കാനുള്ള സമയ പരിധി ജൂലൈ 15 വരെ ദീർഘിപ്പിക്കുവാനും വിച്ഛേദിച്ച കണക്ഷനുകൾ പുനഃസ്ഥാപിക്കാനുമുള്ള നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ പലിശ സഹിതമാണ് പ്രസ്തുത ബിൽ തുക കമ്പനി അടയ്ക്കേണ്ടത്. ബോർഡിലെ ബന്ധപ്പെട്ട Full Time Director-മാരുടെ കൂട്ടായ തീരുമാനപ്രകാരം വിതരണ വിഭാഗം ഡയറക്ടറുടെ ഓഫീസിൽ നിന്നുമാണ് നിർദ്ദേശം നൽകിയത്. ഇതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**സ്വകാര്യ കമ്പനികളുടെ വൈദ്യുതി ബിൽ കുടിശ്ശിക**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

52 (7888) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയൻസ് കമ്പനിയുടെ മൊബൈൽ ടവ്വറുകളുടെ കഴിഞ്ഞ മാസത്തെ വൈദ്യുതി ബിൽതുക എത്രയായിരുന്നുവെന്നും അത് എന്നാണ് പിഴകൂടാതെയും പിഴയോടൊപ്പവും അടയ്ക്കേണ്ടിയിരുന്നതെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത ബിൽ തുക അടയ്ക്കുന്നതിനുള്ള തീയതി നീട്ടിക്കൊടുത്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഒരു സ്വകാര്യ കമ്പനിക്ക് ഇത്രയും വലിയ തുക അടയ്ക്കുന്നതിനുള്ള തീയതി നീട്ടിനൽകാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ കമ്പനികൾക്ക് ഇപ്രകാരം ബിൽ തുക അടയ്ക്കാനുള്ള തീയതി നീട്ടി നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) റിലയൻസ് കമ്പനിയുടെ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുള്ള മൊബൈൽ ടവറുകളുടെ കഴിഞ്ഞ മാസത്തെ ബിൽ തുക 2,99,92,413 രൂപയായിരുന്നു. ഇത് പിഴയില്ലാതെ അടയ്ക്കേണ്ട തീയതി 12-6-2014-ഉം പിഴയോടുകൂടി അടയ്ക്കേണ്ട തീയതി 27-6-2014-ഉം ആയിരുന്നു.

(ബി-ഡി) ഉണ്ട്. ജൂൺ മാസത്തിലെ വൈദ്യുതി ബിൽ അടയ്ക്കാഞ്ഞതിനാൽ Reliance Infrastructure-ന്റെ കണക്ഷനുകൾ വിച്ഛേദിച്ചെങ്കിലും തങ്ങളുടെ accounting software-ന്റെ തകരാറു കാരണമാണ് പ്രസ്തുത ബിൽ അടയ്ക്കാൻ സാധിക്കാഞ്ഞതെന്നും ബിൽ അടയ്ക്കുന്നതിന് സാവകാശം വേണമെന്നും കമ്പനി ബോർഡിന് അപേക്ഷ നൽകുകയുണ്ടായി. ഇതോടൊപ്പം 55 ലക്ഷം രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തു. ഇത് പരിഗണിച്ച് ബിൽ അടയ്ക്കാനുള്ള സമയ പരിധി ജൂലൈ 15 വരെ ദീർഘിപ്പിക്കുകയും വിച്ഛേദിച്ച കണക്ഷനുകൾ പുനഃസ്ഥാപിക്കാൻ നിർദ്ദേശം നൽകുകയുമുണ്ടായി. ബോർഡിലെ ബന്ധപ്പെട്ട Full Time Director-മാരുടെ കൂട്ടായ തീരുമാനപ്രകാരമാണ് വിതരണ വിഭാഗം ഡയറക്ടറുടെ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനുമുമ്പ് ഇത്തരത്തിൽ തീയതി നീട്ടി നൽകിയിട്ടില്ല.

## കോഴിക്കോട് ജില്ലയിലെ വൈദ്യുതി കുടിശ്ശിക

53 (7889) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വൈദ്യുതി വകുപ്പിലെ വിവിധ സെക്ഷൻ ഓഫീസുകളിൽ ദീർഘകാലമായി കുടിശ്ശിക കിട്ടാത്ത എത്ര കേസുകൾ ഉണ്ടെന്നത് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; പ്രസ്തുത നടപടികളുടെ ഭാഗമായി എന്തു തുക ബോർഡ് പിരിച്ചെടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) കുടിശ്ശിക പിരിച്ചെടുക്കുവാൻ കണക്ഷനുകൾ വിച്ഛേദിക്കുകയും ഡിസ്മാന്റലിങ് നടത്തി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത നടപടികളുടെ ഭാഗമായി 21,28,631 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

## സോളാർ പാനലുകൾ വ്യാപകമാക്കുന്നതിന് സബ്സിഡി

54 (7890) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് ജലവൈദ്യുതി അല്ലാതെയുള്ള വൈദ്യുതി ഉല്പാദിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കേരളത്തിൽ നസോളാർ പാനലുകൾ കൂടുതൽ വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വൈദ്യുതോർജ്ജത്തിനായി സോളാർ പാനലുകളെ ആശ്രയിക്കുമ്പോൾ ഉപഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ മുടക്കേണ്ട വൻതുകയ്ക്ക് എന്തെങ്കിലും സബ്സിഡികൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മുതൽമുടക്കിന്റെ എത്ര ശതമാനം സബ്സിഡിതുകയായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് ലഭിക്കുമെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ വർദ്ധിച്ചുവരുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി അനെർട്ട് 10000 റൂഫ്ടോപ്പ് സോളാർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിൽ ഒരു കിലോവാട്ടിന്റെ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതുവരെയായി 6400-ൽപരം പവർ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് സൗരോർജ്ജത്തിൽനിന്നും 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

കേരളത്തിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളിൽ വിവിധ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

1. കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് 4 സർക്കാർ സ്ഥാപനങ്ങളിൽ ആകെ 174 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് 8 സർക്കാർ സ്ഥാപനങ്ങളിൽ ആകെ 115 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ പണി പൂർത്തിയായിവരുന്നു.

3. 15 സ്ഥാപനങ്ങളിൽ ആകെ 1280 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് റൂഫ്ടോപ്പ് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സൗര വൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ 'Grid Interactive Distributed solar Energy Systems Regulation 2014' എന്ന പേരിൽ ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖ സംസ്ഥാനത്തെ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളെയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. *

(സി & ഡി) ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് 1.77 ലക്ഷം മുതൽ 2.05 ലക്ഷം വരെയാണ് ചെലവ് വരുന്നത്. എന്നാൽ ഈ പദ്ധതിയിലൂടെ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് സബ്സിഡിയായി 53,262 രൂപയും സംസ്ഥാന ഗവൺമെന്റ് സബ്സിഡിയായി 39,000 രൂപയും നൽകിവരുന്നു. അതായത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത സബ്സിഡിയായി 45-50% വരെ ലഭ്യമാകുന്നു.

ഒരു കിലോവാട്ടിന് മുകളിൽ കപ്പാസിറ്റിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിക്കുള്ള അർഹതയുണ്ട്. പ്രോജക്ട് അടങ്കൽ തുകയുടെ 30% (കേന്ദ്ര സർക്കാരിന്റെ Bench Mark Cost-ന്റെ പരിധിക്കുള്ളിലാണെങ്കിൽ) സബ്സിഡിക്ക് അർഹതയുണ്ട്. പ്രസ്തുത സബ്സിഡിക്കുവേണ്ടി കേന്ദ്ര സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ നോഡൽ ഏജൻസിയായ അനെർട്ട് വഴിയാണ് കേന്ദ്ര സർക്കാരിലേക്ക് പ്രസ്തുത സബ്സിഡി അപേക്ഷ സമർപ്പിക്കേണ്ടത്.

## പാരമ്പര്യേതര മാർഗ്ഗങ്ങളിലൂടെ ഉൽപ്പാദിപ്പിച്ച വൈദ്യുതി

55 (7891) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പാരമ്പര്യേതരമാർഗ്ഗങ്ങളിലൂടെ എത്ര യൂണിറ്റ് വൈദ്യുതി പുതുതായി ഉല്പാദിപ്പിച്ചിട്ടുണ്ട് ;

(ബി) ഓരോ പാരമ്പര്യേതരമാർഗ്ഗത്തിലും ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് ഇനം തിരിച്ച് വിശദമാക്കുമോ ; ഓരോ മാർഗ്ഗത്തിലും ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ എന്തു തുക ചെലവാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സബ്സിഡിയോടെ റൂഫ് സോളാർ പദ്ധതി നടപ്പാക്കിയതിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് കഴിഞ്ഞ വർഷം ഉല്പാദിപ്പിച്ചത് ; എത്ര രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട് ; എത്ര പേർക്ക് സബ്സിഡി നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത രീതിയിൽ ഉല്പാദിപ്പിച്ച വൈദ്യുതി കെ.എസ്.ഇ.ബി. സ്വന്തം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഗ്രിഡിലേക്ക് സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഗാർഹിക സൗരോർജ്ജ വൈദ്യുതി ഉൽപാദനത്തിന് ഉപയോഗിക്കുന്ന ഒരു കിലോവാട്ട് പ്ലാന്റിന് ഏകദേശം 1.77 ലക്ഷം മുതൽ 2.05 ലക്ഷം രൂപ വരെ ചെലവ് വരും. കേന്ദ്ര സർക്കാരിന്റെ വിഹിതമായിട്ടുള്ള 53,262 രൂപ 1871 പേർക്കും സംസ്ഥാന സർക്കാരിന്റെ വിഹിതമായിട്ടുള്ള 39,000 രൂപ 4051 പേർക്കും നൽകിക്കഴിഞ്ഞു.

(ഡി) ഓഫ് ഗ്രിഡ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഈ പ്ലാന്റുകളിൽ നിന്നും വൈദ്യുതി ഗ്രിഡിലേക്ക് കടത്തിവിടുന്നില്ല.

**ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ**

56 (7892) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന കുടുംബങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നതിന് സംസ്ഥാന സർക്കാർ അംഗീകരിച്ച ഏജൻസികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(സി) സർക്കാർ നൽകുന്ന സബ്സിഡി തുകയും സർക്കാർ അംഗീകൃത ഏജൻസികൾ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഈടാക്കുന്ന തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 0.75 ക്യൂബിക് മീറ്റർ മുതൽ 10 ക്യൂബിക് മീറ്റർ വരെ ശേഷിയുള്ള അനെർട്ട് അംഗീകൃത ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ മുൻകൂർ അനുവാദത്തോടെ അംഗീകൃത ടേൺ കീ ഏജന്റുമാർ മുഖേന സ്ഥാപിച്ച് ഉപയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് 8000 രൂപ സബ്സിഡി നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് 68 ടേൺ കീ ഏജന്റുമാരെ അംഗീകരിച്ചിട്ടുണ്ട്. പട്ടിക ഉള്ളടക്കം ചെയ്യുന്നു. *

(സി) പ്ലാന്റിന്റെ വലിപ്പത്തിനും മാതൃകയ്ക്കും സ്ഥലത്തിന്റെ ഘടനയ്ക്കും അനുസരിച്ച് പ്ലാന്റുകളുടെ വിലയിൽ വ്യത്യാസം വരും. ഗുണഭോക്താക്കൾക്ക് തങ്ങളുടെ വീട്ടിൽ ലഭ്യമായിട്ടുള്ള സ്ഥലത്തിനും ജൈവമാലിന്യത്തിന്റെ അളവിനും അനുസരിച്ച് പ്ലാന്റിന്റെ മാതൃകയും വലിപ്പവും തീരുമാനിക്കാം. നിർമ്മാണ ചിലവ് ഉപഭോക്താവും നിർമ്മാണ ഏജന്റും തമ്മിൽ പരസ്പര ധാരണയോടെ തീരുമാനിക്കുന്നു. നിർമ്മാണക്കൂലി മാത്രം ടേൺ കീ ഏജന്റിന് നൽകിക്കൊണ്ട് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട മെറ്റീരിയൽസ് ഗുണഭോക്താവിന് സ്വന്തം ചെലവിൽ വാങ്ങി നൽകുന്നതിനുള്ള സ്വാതന്ത്ര്യവുമുണ്ട്. 0.75 ക്യൂബിക് മീറ്റർ മുതൽ 10 ക്യൂബിക് മീറ്റർ വരെ ശേഷിയുള്ള അനെർട്ട് അംഗീകൃത ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ മുൻകൂർ അനുവാദത്തോടെ അംഗീകൃത ടേൺ കീ ഏജന്റുമാർ മുഖേന സ്ഥാപിച്ച് ഉപയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് 8000 രൂപ സബ്സിഡി നൽകുന്നു.

**കെ.എസ്.ഇ.ബി.യുടെ വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ഒഴിവുകൾ**

57 (7893) <u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ (നോൺ ടെക്നിക്കൽ) തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് വൈദ്യുതി സർക്കിൾ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ ; കാഷ്യർ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ബാക്കിയുള്ളവ റിപ്പോർട്ട് ചെയ്യാനും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) കെ.എസ്.ഇ.ബി. -യുടെ വിവിധ ഓഫീസുകളിൽ കാഷ്യർ തസ്തികയുടെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ് ; അതിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം എത്രയാണ് ; വൈദ്യുതി സർക്കിൾ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ ;

(സി) കാഷ്യർ തസ്തികയിൽ കെ.എസ്.ഇ.ബി. സ്ഥിരനിയമനം നൽകി (അംഗപരിമിതർ, സ്പോർട്സ് ക്വാട്ട നിയമനം, ആശ്രിത നിയമനം) ജോലിനോക്കുന്നവരുടെയും, വകുപ്പുതല സ്ഥാനക്കയറ്റം/തസ്തികമാറ്റം വഴി ജോലി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നോക്കുന്നവരുടെയും എണ്ണം പ്രത്യേകം പ്രത്യേകം നൽകുമോ ;

(ഡി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരണത്തിനു മുമ്പും കമ്പനിവൽകരണത്തിനുശേഷവും കാഷ്യർ തസ്തികയിലേക്ക് വകുപ്പുതലസ്ഥാനക്കയറ്റം/ തസ്തികമാറ്റത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്നത് എത്ര ശതമാനം ഒഴിവുകൾ ആണെന്ന് വ്യക്തമാക്കുമോ; കാഷ്യർ തസ്തികയിലേക്ക് വകുപ്പുതല സ്ഥാനക്കയറ്റം/ തസ്തികമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത് സർക്കാരാണോ കെ.എസ്.ഇ.ബി.-യാണോയെന്നറിയിക്കുമോ ; മാനദണ്ഡങ്ങൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ; ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) വൈദ്യുതി ബോർഡ് കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് കാഷ്യർ തസ്തികകളുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണനയിൽ ഉണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടിക അനുബന്ധം A ആയി ഉള്ളടക്കം ചെയ്യുന്നു.* കാഷ്യർ തസ്തികയിലെ 162 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടിക അനുബന്ധം B ആയി ഉള്ളടക്കം ചെയ്യുന്നു.*

| | | | |
|---|---|---|---|
| (സി) | അംഗപരിമിതൽ | - | 10 |
| | സ്പോർട്സ് ക്വാട്ടാ നിയമനം | - | 35 |
| | ആശ്രിത നിയമനം | - | 116 |
| | വകുപ്പുതല സ്ഥാനക്കയറ്റം/ തസ്തികമാറ്റം | - | 46 |

(ഡി) 20 ശതമാനം ഒഴിവുകൾ. കെ.എസ്.ഇ.ബി.യാണ് മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്.

<u>മാനദണ്ഡം</u>

1. എസ്.എസ്.എൽ.സി.-യോ തത്തുല്യമോ യോഗ്യതയും 5 വർഷം ബോർഡിലെ പ്രവൃത്തിപരിചയവും
2. പ്രീഡിഗ്രിയോ തത്തുല്യമോ യോഗ്യതയും 3 വർഷം ബോർഡിന്റെ പ്രവൃത്തി പരിചയവും

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

14-7-1995-ലെ ബോർഡ് ഓർഡറിന്റെ പകർപ്പ് അനുബന്ധം C ആയി വച്ചിട്ടുണ്ട്.*

(ഇ) ഇല്ല.

## കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർമാരുടെ തസ്തികകൾ

58 (7894) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് ഫിനാൻസ് ആഫീസറുടെ അനുവദനീയ തസ്തികകൾ എത്രയെണ്ണമാണെന്ന് അറിയിക്കുമോ ;

(ബി) എന്നുമുതൽ അവ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഡി.പി.സി. യഥാസമയം കൂടി പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16 എണ്ണം.

(ബി) 1-12-2013 മുതൽ ഒരു തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(സി) 25-11-2013-ൽ കൂടിയ അസിസ്റ്റന്റ് ഫൈനാൻസ് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ, ഓഫീസർമാരുടെ അന്നുണ്ടായിരുന്ന 8 ഒഴിവുകളിലേക്ക്, 8 പേരെ മാത്രമേ തിരഞ്ഞെടുക്കാൻ കഴിഞ്ഞുള്ളൂ. അതിൽ ഒരാൾ (ശ്രീമതി വിജയലക്ഷ്മി അമ്മ. റ്റി) 30-11-2013-ൽ സർവ്വീസിൽനിന്നും വിരമിച്ചു. തൊട്ടടുത്ത സീനിയറായ രണ്ടുപേരുടെ പേരിൽ വിജിലൻസ് കേസ് നിലവിലുണ്ടായിരുന്നതിനാൽ കൂടുതൽ പേരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ നിലവിലുള്ള ഒരു ഒഴിവിലേക്കായി സെലക്ട് ലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

## വൈദ്യുതി ബോർഡിന്റെ ചെലവ് കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി

59 (7895) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ചെലവ് കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) മസ്ദൂർ, ലൈൻമാൻ, ഓവർസിയർ തുടങ്ങിയ തസ്തികകളിലെ പ്രൊമോഷനും നിയമനവും കാലതാമസം കൂടാതെ നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) ജോലിക്കിടയിൽ മരണപ്പെടുന്ന ജീവനക്കാർക്കും മറ്റുള്ളവർക്കും നൽകിവരുന്ന നഷ്ടപരിഹാരം കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആർ.എ.പി.ഡി.ആർ.പി., ആർ.ജി.ജി.വി. വൈ. തുടങ്ങിയ വിവിധ പുതിയ വൈദ്യുത ഉൽപ്പാദന-പ്രസരണം-വിതരണ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുകയും മിതമായ വിലയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും സർക്കാരിൽനിന്നും ലഭിക്കാനുള്ള സബ്സിഡി തുക ലഭ്യമാകുന്നതിനനുസരിച്ചും ചെലവ് കുറയ്ക്കുവാനുമാണ് ബോർഡ് ശ്രമിക്കുന്നത്.

(ബി) മസ്ദൂർ തസ്തികയിലെ നിയമനം ജില്ലാ അടിസ്ഥാനത്തിൽ നടന്നു കൊണ്ടിരിക്കുന്നു. ഒഴിവുകൾ വരുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ലൈൻമാന്റെയും ഓവർസിയറിന്റെയും പ്രൊമോഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ജോലി ചെയ്യുന്നതിനിടെ അപകടമോ അപകട മരണമോ സംഭവിക്കുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന് 18-1-2010-ൽ നിലവിൽ വന്ന ഭേദഗതി ഉത്തരവ് അനുസരിച്ച് 30-5-2010 മുതൽ നഷ്ടപരിഹാരം കണക്കാക്കുന്നതിന് മാസവേതനത്തിന്റെ പരിധി 4000 രൂപയിൽനിന്നും 8,000 രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഇതനുസരിച്ച് ജോലിക്കിടെ അപകട മരണം

സംഭവിക്കുന്ന തൊഴിലാളികൾക്ക് അവരുടെ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ നഷ്ടപരിഹാരമായി ലഭിക്കുന്നതിന് അർഹതയുണ്ട്. കൂടാതെ ശവസംസ്കാര ചെലവിനുള്ള തുക 2,500 രൂപയിൽനിന്നും 5,000 രൂപയായി 18-1-2010 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇതിലുപരിയായി ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുന്ന ബോർഡിലെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം ലഭിക്കുന്ന ക്ലെയിം തുക 2014 മുതൽ 8 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നു.

കൂടാതെ ജോലിയിലിരിക്കെ മരണപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ അനന്തരാവകാശികൾക്ക് വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്ന മരണാനന്തര ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്നും 2010 മുതൽ 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

60 (7896) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; എത്ര പേരുടെ ലിസ്റ്റാണ് നിലവിലുള്ളത് ;

(ബി) ഇത് വരെ പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചു ;

(സി) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം നടത്തുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിലവിൽ ഒരു സെക്ഷന് 6 വർക്കർമാർ എന്നത് 8 ആയി ഉയർത്തിയും നിലവിലുള്ള വർക്കർമാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നൽകിയും റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) 30-9-2013. 1161-ാം റാങ്ക് വരെയുള്ളവരുടെ മെയിൽ ലിസ്റ്റാണ് നിലവിലുള്ളത്.

(ബി) 75 പേരെ നിയമിച്ചു.

(സി) കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) വർക്കർമാർക്ക് അർഹമായ പ്രൊമോഷൻ നൽകുന്നുണ്ട്. എന്നാൽ സെക്ഷനിലെ വർക്കർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പാലക്കാട് ജില്ലയിലെ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റ്

61 (7897) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇനി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാനുള്ളത് എന്നും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 229

(ബി) 233

(സി) 4 എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

## കണ്ണൂർ ജില്ലയിലെ മസ്ദൂർമാരുടെ ഒഴിവുകൾ

62 (7898) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര മസ്ദൂർമാരുടെ ഒഴിവുണ്ടെന്ന് സെക്ഷൻ ഓഫീസ് അടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളില്ല.

(ബി) ബാധകമല്ല.

**റെയിൽ കോർപ്പറേഷൻ രൂപീകരണം**

63 (7899) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ വികസനം, ആധുനികവൽക്കരണം തുടങ്ങിയവ നടപ്പിലാക്കുന്നതിന് ഒരു റെയിൽ കോർപ്പേറേഷൻ സ്വന്തമായി രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ**

64 (7900) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ പ്രധാനപ്പെട്ട എന്തൊക്കെ ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത് ;

(ബി) തിരുവനന്തപുരത്തുനിന്ന് മംഗലാപുരത്തേക്ക് പുതിയ ട്രെയിൻ തുടങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായുള്ള പ്രധാന ആവശ്യങ്ങളായ പെനിൻസുലാർ റെയിൽവേ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി. & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി-ശബരി പുതിയ റെയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/നിർമ്മാണം, നേമത്തും കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ തുടങ്ങിയവയ്ക്കാണ് 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ അവ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) തിരുവനന്തപുരത്ത് നിന്നും മംഗലാപുരം വരെ ഒരു ഇന്റർസിറ്റി ട്രെയിൻ അനുവദിക്കണമെന്ന ആവശ്യം 2014-15-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## റെയിൽവേ ബഡ്ജറ്റുകളിലേക്കുള്ള പ്രൊപ്പോസലുകൾ

65 (T* 7901) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14 വർഷങ്ങളിലെ റെയിൽവേ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിക്കാൻ കേരളം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദീകരിക്കുമോ ;

(ബി) അവയിൽ ഏതെല്ലാം നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള കേരളത്തിന്റെ പ്രൊപ്പോസൽ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത് ; പ്രസ്തുത പ്രൊപ്പോസലിലെ

---

* 'T' മാറ്റിവച്ചചോദ്യത്തെസൂചിപ്പിക്കുന്നു.

നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 2012-13-ലേയും 2013-14-ലേയും റെയിൽവേ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിക്കാനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകിയ നിവേദനങ്ങളുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം 1-ലും 2-ലും വച്ചിരിക്കുന്നു.*

(ബി) 2012-13, 2013-14 എന്നീ വർഷങ്ങളിൽ കേരളത്തിനായി ടി വർഷങ്ങളിലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച കാര്യങ്ങളുടേയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അനുബന്ധം 3 ആയി വച്ചിരിക്കുന്നു.

(സി) 2014-15-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള കേരളത്തിന്റെ പ്രൊപ്പോസൽ നവംബർ 2013-ലും 30-5-2014-ലും 23-6-2014-ലും ആണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്. പ്രധാനമായും പെനിൻസുലാർ റെയിൽവേ സോൺ, പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി. & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി-ശബരി റെയിൽവേ ലൈൻ ഉൾപ്പെടെ പുതിയ റെയിൽവേ ലൈനുകളുടെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/നിർമ്മാണം, നേമത്തും കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റെയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി എന്നിവയാണ് ടി നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

## പാലക്കാട് ഡിവിഷനെ സംരക്ഷിക്കാൻ നടപടി

66 (7902) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റെയിൽവേ ഡിവിഷന്റെ നിലനിൽപ്പ് പ്രതിസന്ധിയിലാക്കുന്ന വിധത്തിൽ പ്രസ്തുത ഡിവിഷൻ വിഭജിക്കാൻ ശ്രമം നടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി കൊങ്കൺ റെയിൽവേ മംഗലാപുരത്ത് പുതിയ പബ്ലിക് റിലേഷൻസ് മാനേജരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മംഗലാപുരത്തെ, കൊങ്കൺ റെയിൽവേയിൽ ലയിപ്പിച്ച് പാലക്കാട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡിവിഷനെ തകർക്കാനുള്ള ശ്രമം തടയുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) തോക്കൂർ-പനമ്പൂർ മുതൽ കേരളാതിർത്തി ഉള്ളാൾ വരെയുള്ള ഭാഗം പാലക്കാട് ഡിവിഷനിൽ നിന്ന് മാറ്റുവാനും കൊങ്കണിൽ ചേർക്കാനുമുള്ള ശ്രമം തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ;

(ഇ) പാലക്കാട് ഡിവിഷനെ സംരക്ഷിക്കാൻ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് കമ്പനിയുടെ മംഗലാപുരത്തുള്ള റീജിയണൽ ഓഫീസിൽ മുഴുവൻ സമയ പബ്ലിക് റിലേഷൻസ് ഓഫീസറെ നിയമിച്ചതായി പത്ര മാദ്ധ്യമങ്ങളിൽനിന്നും അറിഞ്ഞിട്ടുണ്ട്.

(സി-ഇ) പാലക്കാട് റെയിൽവേ ഡിവിഷന്റെ അധികാര പരിധിയിലുള്ള സ്ഥലം ചേർത്ത് മംഗലാപുരം റെയിൽവേ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള എല്ലാ നീക്കങ്ങളിൽനിന്നും പിൻവാങ്ങണമെന്നും പകരം 2007 മുതൽ സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന പ്രകാരം കേരളത്തിന്റെ റെയിൽവേ വികസനം പൂർണ്ണമാകുന്നതിന് ഉതകുവിധം കേരളത്തിലെ രണ്ട് റെയിൽവേ ഡിവിഷനുകളായ തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷനുകളും കൊങ്കൺ റെയിൽവേയുടെ ചില ഭാഗങ്ങളും ചേർത്ത് പെനിൻസുലാർ റെയിൽവേ സോൺ രൂപീകരിക്കണമെന്ന് സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും 30-5-2014-ലും 23-6-2014-ലും ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹുമാനപ്പെട്ട റെയിൽവേ മന്ത്രിക്കും നൽകിയ വിശദമായ മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

## മലിനീകരണ നിയന്ത്രണ ബോർഡിൽ ഓൺലൈൻ സംവിധാനം

67 (7903) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഓൺലൈൻ കൺസെന്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് സംവിധാനത്തിലൂടെ മലിനീകരണ നിയന്ത്രണ ബോർഡിലേക്ക് അനുമതിക്കുള്ള അപേക്ഷ ഓൺലൈനായി നൽകാവുന്നതാണ്.

(ബി) ബോർഡിന്റെ കൺസെന്റ് മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന് ഈ സംവിധാനം ഉപകരിക്കും. പ്രസ്തുത സംവിധാനത്തിലൂടെ അപേക്ഷകന് നേരിട്ട് ബോർഡിലേക്ക് അനുമതി അപേക്ഷകൾ സമർപ്പിക്കാവുന്നതും അതിന്റെ പ്രോസസിംഗിന്റെ പുരോഗതി ഓൺലൈൻവഴിതന്നെ മനസ്സിലാക്കാനും സാധിക്കും. കൂടാതെ അപേക്ഷ കളിന്മേലുള്ള അധിക വിവരങ്ങൾ തപാൽ മുഖേന അല്ലാതെ ഓൺലൈനായി ചോദിക്കുവാനും ആയതിന്റെ മറുപടി ഓൺലൈനായി തന്നെ അപേക്ഷകന് ബോർഡിൽ ലഭ്യമാക്കുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അനുമതി അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കാൻ സാധിക്കും.

(സി) ഇതിലേക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) 2014 ജൂൺ 15 മുതൽ അനുമതി അപേക്ഷകൾ ഓൺലൈൻ വഴിയാണ് സ്വീകരിക്കുന്നത്.

## സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുക്കുന്നവർക്ക് പലിശയിളവ്

68 (7904) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. എം. ഉമ്മർ</u> :

<u>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തവർക്ക് പലിശ ഇളവ് അനുവദിക്കുന്ന സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും വിധത്തിൽ ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത ലോണിൽ ഏതെല്ലാം തരത്തിൽ ഇളവുകൾ അനുവദിക്കാറുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം സാഹചര്യത്തിൽ 2013-14 വർഷത്തിൽ എന്തു തുക ഇളവു ചെയ്തു നല്കിയിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഹ്രസ്വകാല കാർഷിക വായ്പകൾ യഥാസമയം തിരികെ അടയ്ക്കുന്ന അംഗങ്ങൾക്ക് നബാർഡ് മുഖേന കേന്ദ്ര സർക്കാർ 3% പലിശ സബ്‌വെൻഷനും സംസ്ഥാന സർക്കാർ പരമാവധി 5% പലിശയിളവും നൽകുന്നുണ്ട്. നെൽകൃഷി വായ്പ എടുക്കുന്നവർക്ക് പരമാവധി പലിശ (7%) പലിശ സബ്‌സിഡിയായി നൽകുന്നുണ്ട്. കൂടാതെ, കുടിശ്ശിക നിവാരണ പദ്ധതി (ആശ്വാസ് തുടങ്ങിയവ) കാലയളവുകളിൽ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെയുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, മാരകരോഗം ബാധിച്ചവർ, ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയരായവർ, മാനസിക രോഗം ബാധിച്ചവർ, മേൽപ്രകാരമുള്ളവർ കുടുംബാംഗങ്ങളായിട്ടുള്ളവരും, മാതാപിതാക്കൾ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ടുപോയ അനാഥ കുട്ടികൾ, നിരാലംബരായ വൃദ്ധജനങ്ങൾ എന്നിവരുടെ കുടിശ്ശികയായ വായ്പകൾ തിരികെ അടയ്ക്കുമ്പോൾ പരമാവധി പലിശ ഇളവുകൾ അനുവദിക്കുന്നുണ്ട്.

(ബി) വായ്പാ തിരിച്ചടവിന് കഴിവില്ലാത്ത വായ്പക്കാരുടെ വായ്പകളുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കാറുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ (ആശ്വാസ് തുടങ്ങിയവ) മുഖേന മാനുഷിക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ വായ്പയുടെ പിഴപ്പലിശയും മറ്റിനങ്ങളും ചില കേസുകളിൽ പലിശ മുഴുവനായോ ചില കേസുകളിൽ വായ്പാ ബാധ്യത മുഴുവനായോ സംഘം ഭരണ സമിതികൾ ഒഴിവാക്കി നൽകാറുണ്ട്. സർക്കാരിന്റെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാകാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന

ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഒഴിവാക്കി നൽകുന്ന പദ്ധതി നിലവിലുണ്ട്.

വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ എന്നിവരെ സഹായിക്കുന്നതിനായി കടാശ്വാസ പദ്ധതികളും കർഷകരുടെ ബാധ്യത ലഘൂകരിക്കുന്നതിനായി കർഷക കടാശ്വാസ കമ്മീഷനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകുന്ന അവാർഡുകളുമായി ബന്ധപ്പെട്ട സർക്കാർ ബാധ്യത ഇനത്തിൽ സഹകരണ സംഘം രജിസ്ട്രാർക്ക് 2013-14 വർഷത്തിൽ 15 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി 2013-14 വർഷത്തിൽ 19.50 കോടി രൂപ സർക്കാർ അനുവദിച്ച് നൽകുകയും ആയത് സംഘങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘത്തിൽനിന്നും എടുത്തിരുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 50,000 രൂപാവരെയുള്ള ബാധ്യത സർക്കാർ ഏറ്റെടുത്തും ടി പദ്ധതിക്കായി 12 കോടി രൂപ 2013-14 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക അർഹരായ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള വകുപ്പുതല പരിശോധന നടന്നുവരുന്നു. 2013-14 വർഷത്തിൽ 'ആശ്വാസ് 2014' പദ്ധതി പ്രകാരം 108.53 കോടി രൂപയുടെയും ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം 3.62 കോടി രൂപയുടെയും പലിശ ഇളവനുവാദം നൽകിയിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുന്ന സഹകരണ സംഘങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിനായി 1.50 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സഹകരണ സംഘങ്ങളിൽനിന്നും ലഭിച്ച ക്ലെയിം അനുസരിച്ച് 37.56 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുക ക്ലെയിം ലഭിക്കുന്നതനുസരിച്ച് അനുവദിച്ച് നൽകുന്നതാണ്.

**ഓപ്പറേഷൻ കുബേരയുടെ വിജയത്തിന് സഹകരണ മേഖലയുടെ പിന്തുണ**

69 (7905) ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശക്കാരിൽനിന്ന് സാധാരണക്കാർക്ക് സംരക്ഷണം നൽകുന്ന ഓപ്പറേഷൻ കുബേരയുടെ വിജയത്തിന് സഹകരണമേഖലയുടെ എന്തെല്ലാം പിന്തുണയാണ് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി സഹകരണ ബാങ്കുകളിലെ വായ്പകൾക്ക് എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സഹകരണ ബാങ്കുകളുടെ പ്രവർത്തനസമയത്തിൽ ഇതിനായി എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം തരത്തിലുള്ള സഹകരണ ബാങ്കുകളാണ് ഇതിൽ പങ്കാളികളാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കർഷക തൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തികശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗ വിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി പരമാവധി 10,000 രൂപവരെ വ്യക്തികൾക്ക് വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സ്ഥിര വരുമാനമോ ഈടു നൽകാൻ ആസ്തിയില്ലാത്തവരോ ആയവരും സാമ്പത്തികശേഷിയില്ലാത്ത വിധവകൾ, വികലാംഗർ എന്നിവരെ കടക്കെണിയിൽപ്പെടാതെ സഹായിക്കു ന്നതിനാണ് ഇത്തരം വായ്പകൾ നൽകുന്നത്.

(ബി) മേൽപ്രകാരം ദുർബല വിഭാഗങ്ങൾക്കും തൊഴിലാളികൾക്കും ചെറുകിട കച്ചവടക്കാർക്കും വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5000 രൂപവരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവും 10,000 രൂപവരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശയിൽ പ്രസിഡന്റിനും അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5,000 രൂപ വരെയുള്ള വായ്പകൾ

പരമാവധി രണ്ട് ദിവസത്തിനകവും 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി അഞ്ച് ദിവസത്തിനകവും അനുവദിക്കുന്നതിനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി ഒരു വർഷത്തിനകവും 5,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 100 ദിവസത്തിനകവും തിരികെ അടയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റ് പൊതുജനങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങൾ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും പ്രവർത്തിപ്പിക്കുന്നതിനും കൂടാതെ ഞായറാഴ്ചകളിൽ "സൺഡേ ബാങ്കിംഗ് " പ്രവർത്തനം നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങളും/ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ പങ്കാളികളാണ്.

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പുനരുദ്ധാരണം

70 (7906) ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ഇവിടെ നിന്ന് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ പുനരുദ്ധരിക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽ നിലവിൽ പദ്ധതിയുണ്ട്. അതോടൊപ്പം ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ അനുയോജ്യമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഈ വർഷവും ധനസഹായം നൽകി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ സംഘങ്ങളെ നഷ്ടത്തിൽ നിന്ന് കരകയറുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തദ്വാര മെച്ചപ്പെട്ട സേവനം അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ, ന്യായവിലയ്ക്ക് വളം, വിത്ത്, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നത് കൂടാതെ കാർഷികോൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ സംവിധാനം ലഭിക്കുന്നു. കാർഷികാവശ്യത്തിനായി സ്വർണ്ണപ്പണയ വായ്പ, മറ്റ് ഹ്രസ്വകാല പലിശ രഹിത കാർഷിക വായ്പ, സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള വായ്പ എന്നിവ നൽകിവരുന്നു. മാത്രമല്ല തിരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി ധനസഹായം അനുവദിക്കുന്നുണ്ട്. സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം പുനരുദ്ധാരണത്തിനായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ആയതിന്റെ പുരോഗതി വിലയിരു

ത്തുന്നതിനുമായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണത്തിന്റെ ഭാഗമായി കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും അനുവദിച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങളുടെ ഓഡിറ്റിംഗിൽ മാറ്റം

71 (7907) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റിൽ എന്ത് മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു പ്രകാരം സംസ്ഥാനത്ത് സഹകരണ ഓഡിറ്റ് സംവിധാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളിൽ ഓഡിറ്റ് കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ ആഡിറ്റ് എല്ലാ സാമ്പത്തിക വർഷവും നടത്തുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് നടത്തുന്ന ആഡിറ്റർമാരുടെയും ആഡിറ്റ് ഫേംസിന്റെയും യോഗ്യതയും പ്രവർത്തി പരിചയവും സംബന്ധിച്ചും സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടത്തണമെന്നും എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് പൊതുയോഗം നിയമിക്കുന്ന ആഡിറ്ററോ ആഡിറ്റ് ഫേംസോ നടത്തണമെന്നും സംസ്ഥാന സർക്കാരോ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്ന അതോറിറ്റിയോ തയ്യാറാക്കി നൽകുന്ന ആഡിറ്റർമാരുടെയും ആഡിറ്റ് ഫേംസിന്റെയോ പാനലിൽനിന്ന് ആഡിറ്റർമാരെ നിയമിക്കണമെന്നും സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനുള്ളിൽ ആഡിറ്റ് പൂർത്തീകരിക്കണമെന്നും അപ്പെക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ടും അക്കൗണ്ടുകളും സംസ്ഥാന നിയമസഭയിൽ വയ്ക്കണമെന്നും 97-ാം ഭരണഘടനാ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അപ്പെക്സ് സ്ഥാപനങ്ങളിൽ ചാർട്ടേർഡ് അക്കൗണ്ടന്റുമാർ ഫിനാൻഷ്യൽ ആഡിറ്റ് നടത്തുകയും സഹകരണ വകുപ്പിലെ ആഡിറ്റർ അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് നടത്തുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിന് ആഡിറ്റർമാരുടെ പാനൽ സഹകരണ ആഡിറ്റ് ഡയറക്ടർ തയ്യാറാക്കി നൽകുകയും സംഘം പൊതുയോഗം ടി പാനലിൽ നിന്ന് ആഡിറ്റർമാരെ തെരഞ്ഞെടു ക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമ ഭേദഗതിക്കനുസരണമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കൺസ്യൂമർഫെഡിന്റെ 2012-13 വർഷത്തെ ആഡിറ്റും കാപ്പക്സിന്റെ 1997-98 വർഷം മുതലുള്ള 15 വർഷത്തെ ആഡിറ്റും കുടിശ്ശികയാണ്. മറ്റൊരു അപ്പെക്സ് സഹകരണ സ്ഥാപനത്തിലും ആഡിറ്റ് കുടിശ്ശികയില്ല. എന്നാൽ 2012-13 വർഷത്തെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഫിനാൻഷ്യൽ ആഡിറ്റ് കുടിശ്ശികയാണ്. ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംയോജിത ഗ്രാമ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം**

72 (7908) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി എന്തെല്ലാം ധനസഹായമാണ് എൻ.സി.ഡി.സി.-യിൽ നിന്നും ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും കാർഷികവും അനുബന്ധ

മേഖലകളിലുമുള്ള ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാവന വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുന്നതിനും കൂടാതെ വിനോദസഞ്ചാരം, ആരോഗ്യ സംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉൽപ്പാദനവും വിതരണവും, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് എൻ.സി.ഡി.സി.യിൽ നിന്നും ധനസഹായം ലഭിക്കുന്നതാണ്.

(ബി) കേരളത്തിൽ വയനാട്, ജില്ലയിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടം പദ്ധതിക്കുവേണ്ടി 9.6 കോടി രൂപ വയനാട് ജില്ലയിൽ ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിന് ജീവനക്കാരെ തെരഞ്ഞെടുത്ത് കഴിഞ്ഞു. ഇതിനായി 61.24 കോടി രൂപയുടെ പ്രോജക്ടിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. പദ്ധതി നിർവ്വഹണ ഏജൻസിയായ ഇടുക്കി ജില്ലാ സഹകരണ ബാങ്കിന് 3.2 കോടി രൂപ പ്രാഥമികമായി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിന് 62.08 കോടി രൂപയുടെ പ്രോജക്ട് എൻ.സി.ഡി.സി.-യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഐ.സി.എം. കണ്ണൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മൂലധന പര്യാപ്തത കൈവരിക്കാൻ നടപടി**

73 (7909) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ക്യാപ്പിറ്റൽ സപ്പോർട്ട് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്കും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ 2015 മാർച്ച് 31-ന് മുൻപ് ഏഴര ശതമാനം മൂലധന പര്യാപ്തത കൈവരിക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശം പാലിക്കുന്നതിന് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് സാധിക്കുമെന്ന് കരുതുന്നുണ്ടോ ;

(സി) നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെയും പതിന്നാല് ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത എത്ര ശതമാനം വീതമാണ്;

(ഡി) നിലവിലെ മൂലധന പര്യാപ്തത നേടുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിരുന്നതെന്നും സർക്കാർ നൽകിയ സഹായം ഏതെല്ലാം സാമ്പത്തിക വർഷങ്ങളിലായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ഇ) 2013-14 സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവിറക്കിയ 199.50 കോടി രൂപയുടെ മൂലധന സഹായം നാളിതുവരെ കൊടുത്തു തീർക്കാൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) 2015 മാർച്ച് 31-ന് മുമ്പ് ഏഴ് ശതമാനം മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി ബാങ്കിന്റെ കുടിശ്ശിക പരമാവധി ഈടാക്കി NPA കുറച്ച് ലാഭക്ഷമത കൈവരിക്കുക, അംഗസംഘങ്ങളിൽനിന്നും അധിക ഓഹരി മൂലധനം സമാഹരിക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അംഗങ്ങൾ വിവിധ ആവശ്യങ്ങൾക്കായി എടുക്കുന്ന വായ്പയുടെ ഓഹരി അനുപാതം 2% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. മൂലധനം സ്വരൂപിക്കുന്നതോടൊപ്പം മൂലധന പര്യാപ്തത നേടുന്നതിന് ആർ.ബി.ഐ.-യുടെ സർക്കുലർ നിർദ്ദേശപ്രകാരം Long Term Subordinate Deposit Scheme, Innovative Perpetual Debt Instrument വിതരണം ചെയ്ത് രജിസ്ട്രാറുടെ അനുമതിയോടുകൂടി Tier 1, Tier 2 മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും നിക്ഷേപം നടത്തുകയോ വായ്പ എടുക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്ന് നോമിനൽ ഓഹരിയായും അധിക മൂലധനം സ്വരൂപിച്ചും മൂലധന പര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(സി) നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കിന്റെയും പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത താൽക്കാലിക ബാക്കിപത്രപ്രകാരം ചുവടെ ചേർക്കും പ്രകാരമാണ്:

| നമ്പർ | ബാങ്കിന്റെ പേര് | 31-3-2014-ലെ മൂലധന പര്യാപ്തത (ശതമാനത്തിൽ) |
|---|---|---|
| (1) | (2) | (3) |

| | | |
|---|---|---|
| 1 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 4.21 |
| 2 | ജില്ലാ സഹകരണ ബാങ്ക്, തിരുവനന്തപുരം | 4.60 |
| 3 | ജില്ലാ സഹകരണ ബാങ്ക്, കൊല്ലം | 5.50 |
| 4 | ജില്ലാ സഹകരണ ബാങ്ക്, ആലപ്പുഴ | 6.47 |
| 5 | ജില്ലാ സഹകരണ ബാങ്ക്, പത്തനംതിട്ട | 4.76 |
| 6 | ജില്ലാ സഹകരണ ബാങ്ക്, കോട്ടയം | 5.50 |
| 7 | ജില്ലാ സഹകരണ ബാങ്ക്, ഇടുക്കി | 7.62 |
| 8 | ജില്ലാ സഹകരണ ബാങ്ക്, എറണാകുളം | 7.05 |
| 9 | ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ | 5.36 |
| (1) | (2) | (3) |
| 10 | ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് | 5.20 |
| 11 | ജില്ലാ സഹകരണ ബാങ്ക്, മലപ്പുറം | 7.40 |
| 12 | ജില്ലാ സഹകരണ ബാങ്ക്, കോഴിക്കോട് | 9.02 |
| 13 | ജില്ലാ സഹകരണ ബാങ്ക്, വയനാട് | 5.63 |
| 14 | ജില്ലാ സഹകരണ ബാങ്ക്, കണ്ണൂർ | 5.77 |
| 15 | ജില്ലാ സഹകരണ ബാങ്ക്, കാസർഗോഡ് | 5.07 |

(ഡി) മൂലധന പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് 2010-11 വർഷങ്ങളിൽ 150 കോടി രൂപയുടെയും 2011-12-ൽ 136 കോടി രൂപയുടെയും ഓഹരി മൂലധനം സർക്കാരിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. 2012-13 വർഷം, കോട്ടയം ജില്ലാ സഹകരണ ബാങ്കിന് 11 കോടി രൂപയും ഈയിനത്തിൽ നൽകിയിട്ടുണ്ട്.

(ഇ) 2013-14 സാമ്പത്തിക വർഷം അനുവദിച്ച് ഉത്തരവായ 199.50 കോടി രൂപ നൽകിയിട്ടില്ല. അനുവദിച്ച തുകയ്ക്ക് തുല്യമായ തുക സംസ്ഥാന ട്രഷറിയിൽ പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതു കാരണമാണ് തുക അനുവദിക്കാൻ കഴിയാത്തത്.

**ഈസി ലോൺ സ്കീം**

74 (7910) <u>ശ്രീ. മോൻസ് ജോസഫ്</u> :

ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയുടെ പിടിയിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കുവാൻ സഹകരണ ബാങ്കുകൾ വഴി "ഈസി ലോൺ സ്കീം" ഏർപ്പെടുത്തുവാൻ നടപടികൾ ഉണ്ടാകുമോ ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിച്ച് സാലറി സർട്ടിഫിക്കറ്റിന്റെയും മറ്റും അടിസ്ഥാനത്തിൽ അപേക്ഷിക്കുന്ന ദിവസംതന്നെ മൂന്ന് ലക്ഷം രൂപാ വരെ വായ്പ നൽകാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ സഹകരണ ബാങ്കുകൾക്ക് നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) വായ്പയ്ക്കുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സാലറി സർട്ടിഫിക്കറ്റിന്മേൽ സ്ഥിരീകരണം ലഭിക്കുന്ന ദിവസം തന്നെ ബൈലാ പ്രകാരം അനുവദനീയമായ വായ്പ നൽകുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

**സഹകരണ വകുപ്പിലെ ആഡിറ്റ്**

75 (7911) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ ജോലി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ തരം സഹകരണ സ്ഥാപനങ്ങളെയാണ് ആഡിറ്റിന് വിധേയമാക്കുന്നത് ;

(സി) കൺകറന്റ്, യൂണിറ്റ്തല ആഡിറ്റർമാർ ഓരോ മാസവും ചെയ്തു തീർക്കേണ്ട ആഡിറ്റ് വർഷങ്ങളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ

എത്രയാണെന്ന് വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) ആഡിറ്റർമാർക്ക് അധിക ജോലി ഭാരം അടിച്ചേൽപ്പിക്കുന്നതിന്റെ ഫലമായി കൃത്യമായ ആഡിറ്റിംഗ് നടത്താതെ റിപ്പോർട്ട് സമർപ്പിക്കാൻ നിർബന്ധിതരാകുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സഹകരണ സംഘങ്ങളുടെ എണ്ണവും ആഡിറ്റർമാരുടെ അനുപാതവും വ്യക്തമാക്കുമോ ;

(എഫ്) ആഡിറ്റർമാർക്ക് കൃത്യമായ ഓഡിറ്റിംഗ് നടത്തുന്നതിന് മതിയായ സമയം അനുവദിക്കുമോ ?

<u>ഉത്തരം</u>

(എ) ഒരു സഹകരണ സംഘത്തിന്റെ രൂപീകരണം മുതൽ അതിന്റെ ഭരണപരമായ മുഴുവൻ ചുമതലകൾക്കും മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നൽകേണ്ട ഉദ്യോഗസ്ഥനാണ് സഹകരണ ഇൻസ്പെക്ടർ. സംഘം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോ എന്നും സംഘം പ്രവർത്തനം നിയമാനുസൃതമാണോ എന്നും പരിശോധന നടത്തുക, സംഘങ്ങളുടെ സ്റ്റോക്ക് പരിശോധന നടത്തുക, സംഘത്തിനെതിരെയുള്ള അഴിമതിയാരോപണങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥനായി പ്രവർത്തിക്കുക, ആർബിട്രേഷൻ കേസ് കേട്ട് തീർപ്പ് കൽപ്പിക്കുക, എക്സിക്യൂഷൻ പെറ്റീഷനുകളിൽ തീർപ്പ് കൽപ്പിക്കുക, വായ്പാ തിരിച്ചടവ് നടപടികളിൽ സെയിൽ ആഫീസറായി പ്രവർത്തിക്കുക, ആവശ്യമായ ഘട്ടങ്ങളിൽ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുക, സംഘം ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിന് റിട്ടേണിംഗ് ഓഫീസറായി പ്രവർത്തിക്കുക. കൂടാതെ സർക്കാർ ധനസഹായങ്ങൾ ലഭ്യമാക്കുക, കാർഷിക കാർഷികേതര പദ്ധതികളിലൂടെ അംഗങ്ങൾക്ക് വേണ്ടത്ര സഹായങ്ങൾ ലഭ്യമാക്കുക, വായ്പ, കൃഷി, വാണിജ്യം, ഉപഭോക്തൃ മേഖലകളിൽ പുരോഗതി ആർജ്ജിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, സംഘം പ്രവർത്തനം വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയവ ഇൻസ്പെക്ടറുടെ ചുമതലകളിൽപ്പെടുന്നവയാണ്.

(ബി) 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ

ചെയ്തിട്ടുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളെയും ആഡിറ്റിന് വിധേയമാക്കുന്നുണ്ട്.

(സി) നിശ്ചയിച്ചിട്ടുണ്ട്. യൂണിറ്റ് ആഡിറ്റർമാർ പ്രതിമാസം മൂന്ന് ആഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കണം. കൺകറന്റ് ആഡിറ്റർമാർക്ക് ആഡിറ്റ് സമകാലമാക്കുന്നതുവരെ സംഘത്തിന്റെ പ്രവർത്തന വൈപുല്യം അനുസരിച്ച് ആഡിറ്റ് തീർക്കുവാനുള്ള തീയതി നിശ്ചയിച്ച് നൽകുകയാണ് ചെയ്യുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 1-4-2014-ൽ സംസ്ഥാനത്ത് ആകെ 23966 സംഘങ്ങളുണ്ട്. ഇതിൽ 6209 എണ്ണം ആർ.എൻ.എ. ആണ്. ബാക്കി 17757 ആഡിറ്റബിൾ സംഘങ്ങൾ ഉള്ളതിൽ 4740 സംഘങ്ങളിൽ 1295 സമകാല ആഡിറ്റർമാർ ആഡിറ്റ് നിർവ്വഹിച്ചുവരുന്നു. ബാക്കിയുള്ള 13017 സംഘങ്ങളുടെ ആഡിറ്റ് 435 യൂണിറ്റ് ആഡിറ്റർമാർ നിർവ്വഹിച്ചുവരുന്നു. യൂണിറ്റ് ആഡിറ്റർമാരുടെ അനുപാതം 1:30 ആണ്. ആർ.എൻ.എ. സംഘങ്ങളുടെ ആഡിറ്റ് കൂടി ഉൾപ്പെടുത്തിയാൽ അനുപാതം 1:44 ആകും.

(എഫ്) ഓഡിറ്റിംഗിന് മതിയായ സമയം അനുവദിക്കുന്നുണ്ട്.

## സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി

76 (7912) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഇപ്പോൾ എത്രയാണ് ; ഈ സർക്കാർ അധികാരമേൽക്കുമ്പോൾ എത്രയായിരുന്നു ; വ്യക്തമാക്കുമോ ;

(ബി) എത്ര വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട് ; അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്നും എത്ര കോടി രൂപ വീതമാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ ;

(സി) നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഇപ്പോൾ 600.57 കോടി രൂപയാണ്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 449.34 കോടി രൂപയായിരുന്നു.

(ബി) സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശിക വരുത്തിയിട്ടുള്ള വായ്പേതര സഹകരണ സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | സ്ഥാപനത്തിന്റെ പേര് | 31-3-2014 പ്രകാരം മൊത്തം കുടിശ്ശിക (തുക കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ (കൺസ്യൂമർഫെഡ്), എറണാകുളം | 155.92 |
| 2 | കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്), എറണാകുളം | 43.20 |
| 3 | കേരള സംസ്ഥാന സഹകരണ കയർ വിപണന ഫെഡറേഷൻ (കയർഫെഡ്), ആലപ്പുഴ | 22.53 |
| 4 | കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം (ഹാൻടെക്സ്), തിരുവനന്തപുരം | 59.38 |
| (1) | (2) | (3) |
| 5 | കേരള സംസ്ഥാന സഹകരണ റബ്ബർ വിപണന ഫെഡറേഷൻ (റബ്ബർമാർക്ക്) | 65.20 |
| 6 | കേരള സംസ്ഥാന സഹകരണ റബ്ബർ സഹകരണ സംഘം (റബ്കോ), കണ്ണൂർ | 129.40 |
| 7 | അഗ്രീൻകോ, കണ്ണൂർ | 22.12 |
| 8 | മലബാർ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് & പ്രോസസിംഗ് സൊസൈറ്റി, കണ്ണൂർ | 1.26 (31-5-2014) |
| 9 | പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ | 1.25 (30-4-2014) |

(സി) നിഷ്ക്രിയ ആസ്തി നിയന്ത്രണത്തിനായി ഒരു നയം (എൻ.പി.എ. മാനേജ്മെന്റ് പോളിസി) പ്രത്യേകമായി ആവിഷ്കരിച്ച് അർഹതപ്പെട്ട വായ്പകളിന്മേൽ ഇളവുകൾ അനുവദിച്ച് നിഷ്ക്രിയ ആസ്തിയായ വായ്പകളിൽ തീർപ്പ് കൽപ്പിക്കുവാൻ ഫലപ്രദമായ പ്രവർത്തനം നടത്തി വരുന്നു. കൂടാതെ സർക്കാരിന്റെ കുടിശ്ശിക നിവാരണ പദ്ധതിയായ ആശ്വാസ് പദ്ധതിയുടെ ചുവട് പിടിച്ച് മുൻ വർഷങ്ങളിൽ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ നൽകി നിഷ്ക്രിയ ആസ്തിയായ വായ്പകൾ തിരികെ ഈടാക്കിയിട്ടുണ്ട്. ഇതിനുപുറമെ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി "കോ-ബാങ്ക് ആശ്വാസ് 2014" എന്ന പേരിൽ ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. കൂടാതെ സർഫെയ്സി നിയമമനുസരിച്ചും ആർബിട്രേഷൻ നടപടികളിലൂടെയും നിഷ്ക്രിയ ആസ്തിയായ വായ്പകൾ തിരിച്ച് പിടിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമായി നടന്നുവരുന്നു.

## സഹകരണ മേഖലയിലെ കാർഷിക വായ്പ നൽകുന്ന ബാങ്കുകളെ സംബന്ധിച്ച വിവരം

77 (7913) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കാർഷിക വായ്പകൾ നൽകുന്നത് ഏതെല്ലാം ബാങ്കുകളാണെന്ന് അറിയിക്കുമോ ;

(ബി) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം തിരിച്ചടവ് കുറയുന്നത് ഇതര വായ്പകൾ നൽകുന്നതിന് തടസ്സമാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം പലിശയിനത്തിൽ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ തുക കാലതാമസം കൂടാതെ ബാങ്കുകൾക്ക് തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് പ്രാഥമിക സർവീസ് സഹകരണ സംഘങ്ങളും/ബാങ്കുകളും ദീർഘകാല കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്കാണ് 15-2-2015 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

(സി&ഡി) കാർഷിക വായ്പകൾക്ക് മൊറട്ടോറിയം സർക്കാർ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സഹകരണ ബാങ്കുകൾക്കുണ്ടാകുന്ന പലിശ നഷ്ടം കണക്കാക്കിയിട്ടില്ല.

**സഹകരണ ബാങ്കുകൾ മുഖേനയുള്ള വായ്പാ വിതരണം**

78 (7914) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിലായ കർഷകരെ സഹായിക്കാൻ സഹകരണ ബാങ്കുകൾ മുഖേന എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ദേശസാൽകൃത ബാങ്കുകൾ മുഖേന കർഷകർക്ക് പലിശയിൽ സബ്സിഡി ഇളവ് നൽകി കാർഷിക വായ്പ നൽകുന്നതുപോലെ, സഹകരണ ബാങ്കുകൾ വഴി ഇത്തരത്തിലുള്ള വായ്പകൾ കർഷകർക്ക് നൽകുന്നുണ്ടോ ;

(സി) എങ്കിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ബാങ്കുകൾ വഴിയാണ് ഇത്തരത്തിലുള്ള വായ്പ വിതരണം ചെയ്യുന്നത് ;

(ഡി) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പാ തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ പരമാവധി എത്ര രൂപയാണ് നൽകുകയെന്ന് അറിയിക്കുമോ ;

(ഇ) കാർഷിക വായ്പയ്ക്ക് ഈടായി സ്വീകരിക്കുന്നത് എന്തെല്ലാമാണ് ; സബ്സിഡി കഴിഞ്ഞ് വായ്പ തുകയുടെ എത്ര ശതമാനമാണ് പലിശയായി കാർഷകരോട് ഈടാക്കുന്നത് ;

(എഫ്) ഇത്തരത്തിൽ നൽകുന്ന സബ്സിഡി വായ്പകൾ കർഷകർക്കു തന്നെയാണ് ലഭിക്കുന്നത് എന്നുറപ്പാക്കാൻ സഹകരണ വകുപ്പ് എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കാർഷിക കടാശ്വാസ കമ്മീഷന്റെ അവാർഡിന്റെ അടിസ്ഥാനത്തിൽ കടാശ്വാസം അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ 15-2-2015 വരെ കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തിവച്ചിട്ടുണ്ട്. കൂടാതെ കുടിശ്ശികയായ വായ്പകളിൽ മുതലിനേക്കാൾ അധികരിച്ച് പലിശ വരുന്നുണ്ടെങ്കിൽ മുതലിനൊപ്പം പലിശ വാങ്ങി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിനുപുറമെ ആശ്വാസ പദ്ധതിയിനത്തിൽ കുടിശ്ശിക കുറയുന്നതിനുള്ള ക്യാമ്പയിനുകളുടെ ഭാഗമായി പരമാവധി ഇളവുകൾ പലിശ/പിഴപ്പലിശയിനത്തിൽ നൽകുന്നുണ്ട്.

(ബി) ഉണ്ട്. നെൽകൃഷിക്ക് പലിശ രഹിത വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. അതോടൊപ്പം കൃത്യമായി ഹ്രസ്വകാല വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഉത്തേജക പലിശയിളവ് പദ്ധതി പ്രകാരം പരമാവധി 5% പലിശ ഇളവ് സംസ്ഥാന സർക്കാർ നൽകുകയും പരമാവധി 3% നബാർഡ് സബ്‌വെൻഷനും നൽകി, വായ്പ പൂർണ്ണമായും പലിശ രഹിതമായി നൽകുന്ന പദ്ധതി സഹകരണ ബാങ്കുകളിൽ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിലവിലുണ്ട്.

(സി) സഹകരണ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഇത്തരത്തിലുള്ള വായ്പകൾ വിതരണം ചെയ്യുന്നു.

(ഡി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പരമാവധി 3 ലക്ഷം രൂപ വരെ ഹ്രസ്വകാല കാർഷിക വായ്പകൾ സർവ്വീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നൽകി വരുന്നു. കൂടാതെ കാർഷിക അനുബന്ധ വായ്പകൾക്ക് 10 ലക്ഷം രൂപ വരെയും നൽകി വരുന്നു. എന്നാൽ 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് മാത്രമേ നിലവിലുള്ള പലിശയിളവ് ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

(ഇ) പരമാവധി ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ വസ്തു ജാമ്യത്തിന്മേലോ രണ്ടിൽ കുറയാത്ത സർക്കാർ ഉദ്യോഗസ്ഥരുടെയും ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. സംഘങ്ങൾ/ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത

കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപയിൽ അധികരിച്ച കാർഷികവും കാർഷികേതരവുമായ എല്ലാത്തരം വായ്പകളും വസ്തു ഈടിന്മേലും മതിയായ ജാമ്യത്തിന്മേലും മാത്രമേ നൽകാറുള്ളൂ. നബാർഡ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകുന്ന 3% സബ്‌വെൻഷനോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിന് ഉത്തേജന പലിശയിളവ് പദ്ധതി നിലവിലുണ്ട്. കൂടാതെ നെൽകൃഷിക്ക് പരിധി കണക്കിലെടുക്കാതെ പലിശ രഹിത വായ്പയും നൽകിവരുന്നു.

(എഫ്) സഹകരണ വകുപ്പിലെ ഇൻസ്പെക്ടർമാർ/ഓഡിറ്റർമാർ കാലാകാലങ്ങളിൽ സംഘം പരിശോധനയും ഓഡിറ്റും നടത്തി സബ്സിഡി വായ്പകൾ കർഷകർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതുസംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അതിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്.

**ഹ്രസ്വകാല പലിശ രഹിത കാർഷിക വായ്പ**

79 (7915) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഫണ്ടുപയോഗിച്ച് സഹകരണ ബാങ്കുകൾ നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി കണക്കാക്കുന്ന പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി ആരംഭിച്ച ശേഷം എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി പ്രകാരമുള്ള വായ്പ അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ?

ഉത്തരം

(എ) നബാർഡ് ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനുള്ള പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്.

(ബി) ഈ പദ്ധതി ആരംഭിച്ച ശേഷം 24,780 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്കാണ് പലിശ സബ്സിഡി നൽകുന്നത്. രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

**പ്രാഥമിക സർവ്വീസ് സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണം**

80 (7916) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സഹകരണ വകുപ്പിൽനിന്ന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രാഥമിക സഹകരണസംഘങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് സഹായം ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത് ?

ഉത്തരം

(എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2012-13 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക

നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി തുക വകയിരുത്തുന്നുണ്ട്. 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി 54 പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾക്കും 6 ജില്ലാ സഹകരണ ബാങ്കുകൾക്കുമായി 722.5 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ടി പദ്ധതിയിനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. സംഘങ്ങളിൽ നിന്ന് ക്രമപ്രകാരമുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹമായ ധനസഹായം അനുവദിക്കുന്നതാണ്.

(ബി) പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവത്കരണത്തിന് ഒരു പൊതു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം/പദ്ധതി തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണ സമിതിയാണ്. സംഘം ഭരണ സമിതി തെരഞ്ഞെടുത്ത സംവിധാനം/പദ്ധതിക്കനുസൃതമായാണ് ധനസഹായം അനുവദിച്ചുവരുന്നത്.

## സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ പുരോഗതി

81 (7917) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണവകുപ്പിൽ സേവനാവകാശനിയമം നടപ്പിലാക്കുന്നതിന്റ പുരോഗതി അവലോകനം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 8-4-2014-ലെ 16203/ എ.ആർ./ 12(1)/2013/ഉ.ഭ.പ.വ.നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഓഫീസർമാരെ നിയമിച്ചുകൊണ്ടും നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സഹകരണ ആഡിറ്റ് കാര്യക്ഷമമാക്കാൻ നടപടി

82 (7918) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം രജിസ്ട്രാരുടെ നിലവിലുള്ള സർക്കുലറിന് വിരുദ്ധമായി സഹകരണ മേഖലയിലെ ആഡിറ്റർമാരിൽ നിന്നും ക്രമത്തിലധികം സഹകരണ സംഘങ്ങളിൽ ആഡിറ്റ് നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കാൻ സമ്മർദ്ദം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതൊഴിവാക്കി ആഡിറ്റ് കാര്യക്ഷമമാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമ്മർദ്ദം ചെലുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പുതിയ സഹകരണ നിയമ ഭേദഗതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകേണ്ടതായിട്ടുണ്ട്. 1-4-2014-ൽ സംസ്ഥാനത്ത് ആകെ 23966 സംഘങ്ങൾ ഉള്ളതിൽ 6209 എണ്ണം ആർ.എൻ.എ. വിഭാഗത്തിൽപ്പെട്ടതാണ്. 17757 ആഡിറ്റബിൾ സംഘങ്ങളുടെ 20232 ആഡിറ്റുകൾ ഇപ്രകാരം പൂർത്തീകരിച്ച് 30-9-2014 ന് മുമ്പ് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുണ്ട്. ആകെയുള്ള 17757 ആഡിറ്റബിൾ സംഘങ്ങളിൽ 13017 എണ്ണം യൂണിറ്റ് വിഭാഗത്തിലും 4340 എണ്ണം ഗ്രൂപ്പ് കൺകറന്റ് വിഭാഗത്തിലും 400 എണ്ണം സിംഗിൾ കൺകറന്റ് വിഭാഗത്തിലും ആഡിറ്റ് ചെയ്യേണ്ടവയാണ്. നിലവിൽ ആഡിറ്റർമാരുടെ 1730 തസ്തികകൾ ഉള്ളതിൽ 1295 എണ്ണം കൺകറന്റ് വിഭാഗത്തിൽപ്പെട്ടതാണ്. ആകെ നിലവിലുള്ള 1730 ആഡിറ്റർ തസ്തികകളിൽ 208 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. ഈ സാഹചര്യത്തിൽ 6 മാസം കൊണ്ട് കൂടുതൽ ആഡിറ്റുകൾ പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ട സാഹചര്യം നിലവിലുണ്ട്.

(ബി) ആഡിറ്റർമാർ കുറവുള്ള ജില്ലയിൽ യൂണിറ്റ് ഇൻസ്പെക്ടർമാരുടെ സേവനം ആഡിറ്റിന് വിട്ടുനൽകാനും അത്യാവശ്യമുള്ള ഇൻസ്പെക്ടർമാരുടെ തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

83 (7919) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം കോഴ്സുകളാണ് ഈ സ്ഥാപനങ്ങളിൽ നടത്തുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ 78 സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ സഹകരണ മേഖലയിൽ സംസ്ഥാന സഹകരണ യൂണിയനു കീഴിൽ 13 സഹകരണ പരിശീലന കോളേജുകളും (എച്ച്.ഡി.സി.) 10 സഹകരണ പരിശീല കേന്ദ്രങ്ങളും (ജെ.ഡി.സി.) മാനേജ്മെന്റ് പഠനത്തിനായി കിക്മ എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. കൂടാതെ സർക്കാരിലെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന്റെ കീഴിൽ 8 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. കോളേജും ഒരു ഫിനിഷിംഗ് സ്കൂളും പ്രവർത്തിച്ചുവരുന്നു.

(ബി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് മറ്റ് സ്ഥാപനങ്ങളിലെ ഫീസിനെക്കാൾ കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിൽ ഇളവ് നൽകുന്നുണ്ട്. കൂടാതെ എസ്‌സി./എസ്റ്റി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ചില സ്ഥാപനങ്ങൾ 50% ഫീസ് ഇളവും നൽകുന്നുണ്ട്. എസ്‌സി./എസ്റ്റി., ഒ.ബി.സി. ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും ഭൂരിഭാഗം സ്ഥാപനങ്ങളും ലഭ്യമാക്കി നൽകുന്നുണ്ട്. കൂടാതെ കെ.പി.സി.ആർ. സ്കോളർഷിപ്പും മറ്റ് സ്കോളർഷിപ്പുകളും നൽകി വരുന്നു. കേപ്പിലെ വിദ്യാർത്ഥികൾക്ക് മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്, സെക്ടർ സ്കോളർഷിപ്പ് കെ.പി.സി.ആർ. സ്കോളർഷിപ്പ്, ട്യൂഷൻ ഫീ വേവർ സ്കീം, എസ്.സി./എസ്.റ്റി., ഒ.ഇ.സി. വിഭാഗങ്ങൾക്ക് ട്യൂഷൻ ഫീസ് ഇളവ്, ഒറ്റ പെൺകുട്ടികൾക്കുള്ള ആനുകൂല്യം, ഫിഷർമാൻ സ്കോളർഷിപ്പ്, കെട്ടിട നിർമ്മാണം,

തയ്യൽ, കയർ, കശുവണ്ടി മേഖലകളിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കായുള്ള ക്ഷേമനിധിയും അനുവദിക്കുന്നു.

(സി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈമറി ക്ലാസ്സുകളും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളും വിവിധ ആർട്സ് വിഷയങ്ങളിലെ ബാച്ചിലർ ഡിഗ്രി കോഴ്സുകളും ബി.കോം, ബി.എസ്.സി. കോഴ്സുകളും ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തിവരുന്നു. കൂടാതെ ബി.ബി.എ., എം.ബി.എ. കോഴ്സുകളും നടത്തുന്നുണ്ട്. സഹകരണ നഴ്സിംഗ് കോളേജുകളിൽ ജനറൽ നഴ്സിംഗ്-മിഡ്വൈഫറി കോഴ്സുകളും ബി.എസ്.സി. നഴ്സിംഗ് കോഴ്സുകളും നടത്തുന്നു. വിവിധ പാരാമെഡിക്കൽ കോഴ്സുകളും എൻ.സി.വി.റ്റി.യുടെ കോഴ്സുകളും കമ്പ്യൂട്ടർ കോഴ്സുകളും സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്നു. കൂടാതെ ബി.ടെക്., എം.ടെക് കോഴ്സുകളും നടത്തുന്നുണ്ട്. സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എച്ച്.ഡി.സി., ബി.എം. കോഴ്സും, ജെ.ഡി.സി. കോഴ്സും 'കിക്മ'യിൽ എം.ബി.എ. കോഴ്സും നടത്തുന്നു. കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകളും പുന്നപ്രയിൽ പ്രവർത്തിക്കുന്ന ഫിനിഷിംഗ് സ്കൂളിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധതരം ട്രെയിനിംഗുകളും നൽകിവരുന്നു.

## മിഷൻ 676-ന്റെ ഭാഗമായുള്ള പദ്ധതികൾ

84 (7920) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് ഓരോ പദ്ധതിക്കും വേണ്ടി നീക്കിവച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 50 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ പദ്ധതിയിൻകീഴിൽ 2014-15-ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതിയിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും എൻ.സി.ഡി.സി.-യിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) 50 സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് ഓരോ പദ്ധതിക്കും

വേണ്ടി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സംഘങ്ങൾ ചെലവഴിക്കുന്ന തുകയ്ക്കു പുറമേ ഇതിനായി സഹകരണ വകുപ്പിന്റെ പദ്ധതിയിനത്തിൽ മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നുകൂടി തുക കണ്ടെത്തുന്നതാണ്.

(ബി) 2014-15-ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി "പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിന് ധനസഹായം അനുവദിക്കുന്നതിന് ആകെ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കുന്നതാണ്. അതോടൊപ്പംതന്നെ എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെട്ട "പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായ പദ്ധതി"-യിൽ വകയിരുത്തിയിട്ടുള്ള 1125 ലക്ഷം രൂപയിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

(സി) പ്രസ്തുത സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾക്ക് വിധേയമായി ചുവടെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടുള്ള 50 സംഘങ്ങളെ തെരഞ്ഞെടുക്കുന്നതാണ്:

1. മുഴുവൻ സമയ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ ഉണ്ടായിരിക്കണം.
2. കുറഞ്ഞപക്ഷം 10 എസ്സി./എസ്റ്റി. അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കത്തക്ക പ്രോജക്ടായിരിക്കണം
3. സർക്കാർ കുടിശ്ശിക പാടില്ല
4. സർക്കാർ ധനസഹായം സ്വീകരിക്കുന്നതിന് ബൈലായിൽ വ്യവസ്ഥ ഉണ്ടായിരിക്കണം
5. സംഘം കുറഞ്ഞത് മൂന്ന് വർഷം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം
6. ആഡിറ്റ് രണ്ട് വർഷം മുമ്പ് വരെ പൂർത്തിയായിരിക്കണം

**മിഷൻ 676-ന്റെ ഭാഗമായുള്ള ധനസഹായം**

85 (7921) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി കെ.ജി.റ്റി.ഇ./സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള കോഴ്സകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇക്കാര്യത്തിന് ഒരു സഹകരണ സംഘത്തിന് നൽകുന്ന പരമാവധി ധനസഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായുള്ള ധനസഹായം ഏത് ഹെഡിൽനിന്നുമാണ് വകയിരുത്തിയിട്ടുള്ളതെന്നും 2014-15-ലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676-ന്റെ ഭാഗമായി കെ.ജി.റ്റി.ഇ./സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള കോഴ്സകളിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതിയുടെ രൂപരേഖ അംഗീകരിച്ചു ലഭിക്കുന്ന മുറയ്ക്ക് പരിശീലന സ്ഥാപനത്തിന്റെ സ്വഭാവമനുസരിച്ച് ധനസഹായം അനുവദിക്കുന്നതാണ്.

(ബി) പദ്ധതിയുടെ രൂപരേഖ അംഗീകരിക്കുന്ന മുറയ്ക്ക്, പരിശീലന സ്ഥാപനത്തിന്റെ സ്വഭാവം കണക്കിലെടുത്ത് പരമാവധി തുക നിശ്ചയിച്ച് നൽകുന്നതാണ്.

(സി) വാർഷിക പദ്ധതി 2014-15-ൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി ശീർഷകം 2425-108-42 പ്രകാരം സബ്സിഡിയായി 486 ലക്ഷം രൂപയും ശീർഷകം 4425-108-34 പ്രകാരം സർക്കാർ ഓഹരിയായി 114 ലക്ഷം രൂപയും ഉൾപ്പെടെ മൊത്തം 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മിഷൻ 676 പ്രകാരം വയനാട് ജില്ലയിലെ പദ്ധതികൾ**

86 (7922) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് വയനാട് ജില്ലയിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ കണക്കിലെടുത്ത് ജൈവ കാർഷിക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ചുവടെ പരാമർശിക്കുന്ന പദ്ധതികൾ വയനാട് ജില്ലയിലും നടപ്പിലാക്കുന്നതാണ്.

1. ജില്ലയിലെ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 2 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കും.
2. 100 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലും ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ സംഘങ്ങളെയും പുനരുദ്ധരിക്കും.
3. കെ.ജി.റ്റി.ഇ./മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേയ്ക്ക് എസ്സി./എസ്റ്റി വിഭാഗത്തിലുള്ള യുവ തലമുറയ്ക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി ജില്ലയിലും സ്ഥാപനങ്ങൾ ആരംഭിക്കുന്നതും, അത്തരം സംഘങ്ങൾക്ക് ധനസഹായം നൽകുന്നതുമാണ്.
4. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയുടെ ഭാഗമായി ജില്ലയിലെ സഹകരണ സംഘങ്ങൾ മുഖേന വായ്പ നൽകും.
5. പ്രവാസികൾക്ക് ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് സഹകരണ മേഖലയിൽ നിന്നും വായ്പ നൽകുന്നതിന്റെ ഭാഗമായി ജില്ലയിലെ ചെറുകിട വ്യവസായ പദ്ധതികൾക്ക് ധനസഹായം നൽകുന്നതാണ്.
6. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെയും തിരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങളെ പുനരുദ്ധരിക്കും.

7. സഹകരണ സംഘങ്ങളിൽ പുതുതായി അംഗത്വം എടുക്കുന്നവർക്കുവേണ്ടി സഹകരണ നിയമം, ചട്ടം, മറ്റ് നിയമങ്ങൾ എന്നിവയെ സംബന്ധിച്ച് ഓരോ താലൂക്ക് കേന്ദ്രീകരിച്ചും പരിശീലന പരിപാടികൾ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തും.

8. സൗരോർജ്ജ സംവിധാനം നടപ്പിലാക്കുന്നതിന് അംഗങ്ങൾക്കും സ്ഥാപനങ്ങൾക്കുകം ജില്ലയിലെ സഹകരണ വായ്പാ സ്ഥാപനങ്ങൾ/ ബാങ്കുകൾ മുഖേന വായ്പയും സബ്സിഡിയും അനുവദിക്കും.

9. ജില്ലയിലെ സഹകരണ സംഘങ്ങളിലൂടെ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കി, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

10. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കണ്ടുപഠിക്കുന്നതിനായി മികവ് കൈമാറ്റ സമ്പർക്ക പരിപാടി ജില്ലയിലും നടപ്പിലാക്കും.

11. സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

12. ജില്ലയിലെ ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി സ്റ്റോറുകൾ (നീതി മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ), നന്മ സ്റ്റോറുകൾ, നീതി ഗ്യാസ് എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്/വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

(ബി) സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററുകളിലൂടെ ജൈവ കാർഷിക പദ്ധതി വയനാട് ജില്ലയിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഉത്സവകാലത്ത് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

87 (7923) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വില്പന നടത്തുവാൻ സ്ഥിരം സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) റംസാൻ, കർക്കിടകവാവ്, ഓണം തുടങ്ങിയ ആഘോഷങ്ങളും

ചടങ്ങുകളും മുൻപിൽകണ്ട് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക വില്പനശാലകൾ ആരംഭിക്കുവാൻ സർക്കാർ പരിപാടിയുണ്ടോ ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ഇപ്പോൾ ലക്ഷ്യമിട്ടിട്ടില്ല. എന്നാൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നതും സഹകരണ സംഘങ്ങൾ മുഖേന നടത്തി വരുന്നതുമായ നന്മ സ്റ്റോറുകളിൽ സ്ഥിരമായി പൊതു വിപണിയിൽ നിന്നും 20% വരെ വിലക്കുറച്ച് 10 ഇനം അവശ്യസാധനങ്ങൾ വിപണനം നടത്തുന്നുണ്ട്.

(ബി) റംസാൻ, ഓണം തുടങ്ങിയ ഉത്സകാലങ്ങളിൽ കഴിഞ്ഞ എട്ട് വർഷങ്ങളായി സബ്സിഡി വിപണന മേളകൾ സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഈ വർഷവും റംസാൻ, ഓണം കാലങ്ങളിൽ വിപണന മേളകൾ നടത്തുന്നതിനുള്ള നടപടികൾ കൺസ്യൂമർഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്.

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ**

88 (7924) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എത്ര എണ്ണം പുതുതായി ആരംഭിച്ചു ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എത്ര എണ്ണം എവിടെയെല്ലാം പ്രവർത്തിക്കുന്നു ; വ്യക്തമാക്കുമോ ;

(സി) ഒരു സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോർ ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡിന് എന്ത് തുക ചെലവാകും ; സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ ശരാശരി വിറ്റുവരവ് എത്ര ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3 സഞ്ചരിക്കുന്ന ത്രിവേണികൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 139 സഞ്ചരിക്കുന്ന

ത്രിവേണി സ്റ്റോറുകളാണ് പുതുതായി ആരംഭിച്ചത്.

(ബി) ആലപ്പുഴ ജില്ലയിൽ താഴെ വിവരിച്ചിട്ടുള്ള പ്രകാരം ഒൻപത് സഞ്ചരിക്കുന്ന ത്രിവേണികളാണ് പ്രവർത്തിക്കുന്നത്.

| ക്രമ നമ്പർ | സഞ്ചരിക്കുന്ന ത്രിവേണികൾ പ്രവർത്തിക്കുന്ന സ്ഥലം |
|---|---|
| (1) | (2) |
| 1 | അരൂർ |
| 2 | ചേർത്തല |
| 3 | ആലപ്പുഴ |
| (1) | (2) |
| 4 | അമ്പലപ്പുഴ |
| 5 | കുട്ടനാട് |
| 6 | ഹരിപ്പാട് |
| 7 | കായംകുളം |
| 8 | മാവേലിക്കര |
| 9 | ചെങ്ങന്നൂർ |

(സി) ഒരു സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ ആരംഭിക്കുന്നതിന് ശരാശരി 15 ലക്ഷം രൂപയാണ് ചെലവാകുന്നത്. സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ ശരാശരി വിറ്റുവരവ് പ്രതിദിനം ശരാശരി 12,500 രൂപയാണ്.

**കൺസ്യൂമർഫെഡ് വെളിച്ചെണ്ണ വാങ്ങിയ വകയിലെ കടം**

89 (7925) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ഔട്ട്ലെറ്റുകൾ വഴി വെളിച്ചെണ്ണ വിൽപന നടത്തുന്നതിനായി വെളിച്ചെണ്ണ സംഭരിക്കുന്നത് എവിടെ നിന്നൊക്കെയാണെന്ന്

വ്യക്തമാക്കുമോ ;

(ബി) വെളിച്ചെണ്ണ വാങ്ങിയ വകയിൽ കൺസ്യൂമർഫെഡ് ആർക്കൊക്കെ എത്ര തുകവീതം നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക കൊടുത്തുതീർക്കുന്നതിന് കൺസ്യൂമർഫെഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകിയാണ് കൺസ്യൂമർഫെഡിന്റെ ഔട്ട്‌ലെറ്റുകൾ വഴി വിൽപ്പന നടത്തുന്നതിനായി വെളിച്ചെണ്ണ സംഭരിക്കുന്നത്. കൺസ്യൂമർഫെഡ് വെളിച്ചെണ്ണ സംഭരിക്കുന്ന ഏജൻസികളുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഏജൻസി | |
|---|---|---|
| | സ്ഥിരം സപ്ലയർമാർ | ഇപ്പോൾ ടെണ്ടർ വ്യവസ്ഥയിൽ സപ്ലൈ ചെയ്യുന്നവര് |
| 1 | കേരഫെഡ് | ഫൈവ്സ്റ്റാർ ട്രേഡിംഗ് കോ. |
| 2 | വടകര താലൂക്ക് പ്രൈമറി സഹകരണ സംഘം | കെ.എം. ഓയിൽ |
| 3 | കല്ലംകുന്ന് സർവ്വീസ് സഹകരണ സംഘം | എസ്സെൻ ട്രെഡിംഗ് കോ. |
| 4 | കൊട്ടൂർ സർവ്വീസ് സഹകരണ സംഘം | റ്റീകെ. ട്രേഡേഴ്സ് |
| 5 | - | കുഞ്ഞാനിയൽ ഓയിൽ എക്സ്ട്രാക്ടേഴ്സ് |
| 6 | - | ത്രീസ്റ്റാർ ക്രിയേഷൻസ് |

(ബി) വെളിച്ചെണ്ണ വാങ്ങിയ വകയിൽ കൺസ്യൂമർഫെഡ് നൽകാനുള്ള തുകകൾ, നൽകേണ്ട ഏജൻസികൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി

ചേർത്തിട്ടുണ്ട്.*

(സി) 2014 ജനുവരി മുതൽ ഫെഡറേഷൻ വാങ്ങുന്ന വെളിച്ചെണ്ണയുടെ വില 45 മുതൽ 60 ദിവസങ്ങൾക്കുള്ളിൽ കൊടുത്തു തീർക്കുന്നുണ്ട്. ഫണ്ട് ലഭ്യമാകുന്നതിനനുസൃതമായി കുടിശ്ശിക തുകകൾ തീർക്കുന്നതാണ്.

**കേപ്പിന്റെ സാമ്പത്തിക സ്ഥിതി**

90 (7926) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ ;

(ബി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം കേപ്പ് എത്ര രൂപ കൊച്ചി മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ നൽകിയെന്ന് അറിയിക്കുമോ ;

(സി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം അവിടെനിന്നും ഏതെങ്കിലും വിധത്തിലുള്ള വരുമാനം കേപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം കേപ്പ് കൊച്ചി മെഡിക്കൽ കോളേജിനുവേണ്ടി ചെലവഴിച്ച തുക സർക്കാർ റീ-ഇംബേഴ്സ് ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) 14-5-2014-ന് ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കേപ്പിന് എത്ര രൂപയുടെ സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചു ; അതിൽ ഇതുവരെ എത്ര രൂപ അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(എഫ്) 26-5-2014-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധ) നമ്പർ 1674/2014 എച്ച് &എഫ്.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം എത്ര കോടി രൂപ കേപ്പ് കൊച്ചിൻ മെഡിക്കൽ കോളേജിന് നല്കി ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേപ്പിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി തൃപ്തികരമല്ല. കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിന്റെ വസ്തു ഈടിന്മേൽ എറണാകുളം ജില്ലാ സഹകരണ ബാങ്ക് അനുവദിച്ചിരുന്ന 75 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് സൗകര്യം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കഴിഞ്ഞ ജൂൺ മാസത്തോടുകൂടി അതിന്റെ പരമാവധി പരിധിയിലെത്തിച്ചേർന്നിരിക്കുകയാണ്. കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനാൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം 30-6-2014-ന് ശേഷം നൽകാൻ എറണാകുളം ജില്ലാ സഹകരണ ബാങ്ക് വിസമ്മതിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും കേപ്പിന് 5 കോടി രൂപ പലിശ രഹിത വായ്പയായി നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 8,59,45,161 രൂപ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല. 31-7-2014 വരെ കേപ്പിന് ചെലവാകുന്ന തുക റീ-ഇംപേഴ്സ് ചെയ്യുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഇ) 14-5-2014-ൽ ചേർന്ന യോഗത്തിൽ, കേപ്പിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ 9 കോടി രൂപ കേപ്പിന് നൽകണമെന്ന് തീരുമാനിക്കുകയുണ്ടായി. ഇതിൽ 5 കോടി രൂപ ശമ്പള ഇനത്തിലും 4 കോടി രൂപ ബിൽ പേയ്മെന്റ് ഇനത്തിലുമാണ്. എന്നാൽ തുക ഇതുവരെയും ആരോഗ്യ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

(എഫ്) 1,70,00,000 രൂപ നൽകി.

**കേപ്പ് സ്ഥാപനങ്ങളിലെ ഫീസ് ഘടന**

91 (7927) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന് കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടന വിശദമാക്കുമോ ;

(ബി) 2012-13, 2013-14 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് അഡ്മിഷൻ നൽകിയത് എന്നറിയിക്കുമോ ;

(സി) 2012-13, 2013-14 വർഷത്തിൽ പഠനം പൂർത്തിയായവർ എത്രയാണ് ; ഇവരുടെ പഠന നിലവാരം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കേപ്പിന് കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടന അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി)

| കോഴ്സ് | അഡ്മിഷൻ നൽകിയ വിദ്യാർത്ഥികളുടെ എണ്ണം | |
|---|---|---|
| | 2012-13 | 2013-14 |
| ബി.ടെക് | 2204 | 1938 |
| എം.സി.എ. | 29 | 41 |
| എം.ബി.എ. | 37 | 36 |

(സി) 2012-13 വർഷത്തിൽ 1757 ബി.ടെക് വിദ്യാർത്ഥികളും 42 എം.ബി.എ. വിദ്യാർത്ഥികളും 2013-14-ൽ 1936 ബി.ടെക് വിദ്യാർത്ഥികളും 51 എം.ബി.എ. വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കിയിട്ടുണ്ട്. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

**കേപ്പ് ജീവനക്കാരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ച**

92 (7928) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേപ്പ് സ്റ്റാഫ് അസോസിയേഷൻ 2012 ഡിസംബർ ഒന്നു മുതൽ 2013 ജനവരി മൂന്നു വരെ കേപ്പ് ഹെഡ് ഓഫീസിന് മുന്നിൽ നടത്തിയ സമരത്തിന്റെ പശ്ചാത്തലത്തിൽ 3-1-2013-ൽ ജീവനക്കാരുടെ പ്രതിനിധികളുമായി കേപ്പ് ഡയറക്ടർ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കി ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഏതൊക്കെ തീരുമാനങ്ങൾ നടപ്പിലാക്കിയില്ല ; കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേപ്പിലെ വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി 3-1-2013-ൽ കേപ്പ് ഡയറക്ടർ നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

1. സ്റ്റാഫ് നഴ്സ്, ലാബ് അസിസ്റ്റന്റ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് പരിയാരം മെഡിക്കൽ കോളേജിൽ ഇപ്പോൾ നിലവിലുള്ള നിരക്കിൽ ശമ്പള വർദ്ധനവ് അനുവദിക്കാൻ തീരുമാനിച്ചു.

2. ചില തർക്കങ്ങളുടെ പശ്ചാത്തലത്തിൽ അപേക്ഷ നൽകിയ പ്രകാരം സ്ഥലം മാറ്റപ്പെട്ട ശ്രീ. ചെമ്പക് കുമാർ (അസിസ്റ്റന്റ് പ്രൊഫസർ) തുടങ്ങിയ നാല് ജീവനക്കാർക്ക് അവർക്കെതിരെ അച്ചടക്ക നടപടി നിലവിലില്ലെങ്കിൽ മറ്റ് ജീവനക്കാർക്ക് അസൗകര്യം ഉളവാക്കാത്ത രീതിയിൽ വേക്കൻസി പൊസിഷൻ അനുസരിച്ച് നേരത്തെ ജോലി ചെയ്തിരുന്ന കോളേജിലല്ലാതെ സ്ഥലംമാറ്റം അനുവദിക്കാൻ തീരുമാനിച്ചു.

3. കേപ്പിൽ നിലവിലുള്ള ലീവ് സറണ്ടർ അവകാശം 20-ൽനിന്ന് 25 ദിവസമായി ഉയർത്താൻ തീരുമാനിച്ചു.

4. ജീവനക്കാരുടെ വ്യക്തിപരമായ ഭവന, വാഹന, ചികിത്സാ ആവശ്യങ്ങൾക്കായി അവരുടെ തിരിച്ചടക്കുന്നതിലുള്ള കഴിവ് കണക്കിലെടുത്തുകൊണ്ട് ലയബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാൻ തീരുമാനിച്ചു.

5. റേഡിയേഷനുമായി ബന്ധപ്പെട്ട ആശുപത്രി ജീവനക്കാർക്ക് ശമ്പളത്തോടുകൂടി ഒരു വർഷം 15 ദിവസത്തെ റേഡിയേഷൻ ലീവ്, അതുമൂലം ഉണ്ടാകുന്ന ഒഴിവ് ഇന്റേണൽ അറേഞ്ച്മെന്റ് വഴി പരിഹരിച്ച് പ്രവർത്തിക്കണമെന്ന വ്യവസ്ഥയോടെ അനുവദിക്കാൻ തീരുമാനിച്ചു.

6. ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് 28-2-2013-ന് മുമ്പായി പ്രസിദ്ധീകരിക്കാനും അതിനുമേലുള്ള തടസ്സവാദങ്ങൾ 31-3-2013 വരെ സ്വീകരിക്കാനും യോഗത്തിൽ ധാരണയായി.

(ബി & സി) പ്രസ്തുത തീരുമാനങ്ങളെല്ലാം നടപ്പിലാക്കി.

## സഹകരണ നിയമത്തിലെ വകുപ്പുകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങൾ

93 (7929) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ നിയമത്തിലെ വകുപ്പുകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി സഹകരണ സംഘങ്ങൾ വ്യാപകമായി രജിസ്റ്റർ ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ 1-7-2011 മുതൽ 31-3-2014 വരെ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു ; അവ ഏതെല്ലാം ; ഓരോന്നിന്റെയും വിശദാംശം നൽകുമോ ;

(സി) പാലക്കാട് ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത സംഘങ്ങൾ ലാഭത്തിലാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങൾ ആണ് നൽകിയത് ; വിശദാംശങ്ങൾ നൽകാമോ ?

### ഉത്തരം

(എ) ഓരോ തരം സംഘങ്ങളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ ബൈലോയിൽ ഉൾക്കൊള്ളിച്ച് ചില സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തുന്നതിനും 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം വകുപ്പ് 13 എ-യിൽ ഓരോ സംഘത്തിന്റേയും ബൈലോ വ്യവസ്ഥകൾ കേരള സഹകരണ സംഘം നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമാകാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെടുത്തി കൊണ്ടും സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥരുടെ ജോലി അവലോകന യോഗങ്ങളിൽ ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാറുമുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ 1-7-2011 മുതൽ 31-3-2014 വരെ 92 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പാലക്കാട് ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന 292 സഹകരണ സംഘങ്ങളുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) പ്രസ്തുത സംഘങ്ങളെ ലാഭത്തിലാക്കുന്നതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. സംഘത്തിന്റെ ഓവർഡ്യൂ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
2. നൂതന വിവരസാങ്കേതിക സംവിധാനങ്ങൾ സംഘങ്ങളിൽ ഏർപ്പെടുത്തുക
3. ജീവനക്കാർക്ക് നിരന്തരമായ പരിശീലനങ്ങൾ കാലാകാലങ്ങളിൽ നൽകുക
4. ലോ കോസ്റ്റ് ഡെപ്പോസിറ്റ് മൊത്ത ഡെപ്പോസിറ്റിന്റെ 30% എങ്കിലും ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുക
5. ഫിനാൻഷ്യൽ മാർജിൻ 3% മുതൽ 3.50% വരെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക

**കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത കാർഷിക സഹകരണ സംഘങ്ങൾ**

94 (7930) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടെ സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ അഗ്രിക്കൾച്ചർ ഫാർമേഴ്സ് ഇംപ്രൂവ്മെന്റ് സൊസൈറ്റി, അഗ്രിക്കൾച്ചർ വർക്കേഴ്സ് വെൽഫെയർ സൊസൈറ്റി എന്നിങ്ങനെ എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ഇത് എവിടെയൊക്കെയാണെന്നും ഓരോന്നിന്റെയും പ്രവർത്തന പരിധിയും ഉദ്ദേശലക്ഷ്യങ്ങളും വ്യക്തമാക്കുമോ ; പ്രസ്തുത സംഘങ്ങളുടെ നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ കാർഷിക പ്രവർത്തനം ലക്ഷ്യംവച്ച് കൊണ്ട് ഇത്തരം സംഘങ്ങൾ ആരംഭിക്കുമ്പോൾ അതു കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടെ സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ 955 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ അഗ്രിക്കൾച്ചർ ഫാർമേഴ്സ് ഇംപ്രൂവ്മെന്റ് സൊസൈറ്റി, അഗ്രിക്കൾച്ചറൽ വർക്കേഴ്സ് വെൽഫെയർ സൊസൈറ്റി എന്നിങ്ങനെ 53 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ അനുബന്ധമായി ചേർത്തിട്ടുണ്ട്.* അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം കാർഷിക ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുകയും കാർഷിക വായ്പ അനുവദിക്കുകയുമാണ്.

അഗ്രിക്കൾച്ചറൽ വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘത്തിന്റെ പ്രധാന ലക്ഷ്യം കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നതാണ്. നിയമസഭാ ചോദ്യത്തിന്റെ മറുപടിയായി 53 സംഘങ്ങളുടെയും നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അന്നൂർ സായാഹ്ന ശാഖ നിലവിലുള്ള കെട്ടിടത്തിൽ നിന്നും മാറ്റാൻ അനുമതി

95 (7931) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ [നമ്പർ. എഫ് 1401] അന്നൂർ സായാഹ്ന ശാഖ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) 1-8-2012-ന് കണ്ണൂർ സഹകരണ ജോയിന്റ് രജിസ്ട്രാർ മുഖേന നൽകിയ അപേക്ഷയിൽ രണ്ട് വർഷമാകാറായിട്ടും അനുമതി നൽകി ഉത്തരവുണ്ടാകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ ;

(ഡി) ശാഖ നിലവിലുള്ള കെട്ടിടത്തിൽ നിന്ന് മാറ്റാനുള്ള അനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അപേക്ഷ കണ്ണൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) 26-11-2010-ലെ ഉത്തരവ് പ്രകാരം സായാഹ്ന ശാഖ അനുവദിക്കുന്നതിന് അനുവാദം നൽകിയിരുന്നുവെങ്കിലും അസിസ്റ്റന്റ് രജിസ്ട്രാരുടെ പരിശോധനയിൽ ജോയിന്റ് രജിസ്ട്രാർ അനുമതി നൽകിയ കെട്ടിടത്തിൽ സായാഹ്ന ശാഖ മാറ്റാതെ സാധാരണ ശാഖ പ്രവർത്തിക്കുന്ന സ്ഥലത്ത് തന്നെ സായാഹ്ന ശാഖയും പ്രവർത്തിക്കുന്നതായി കണ്ടെത്തുകയും തുടർന്ന് അസിസ്റ്റന്റ് രജിസ്ട്രാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സായാഹ്ന ശാഖ ഇപ്പോൾ ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ കേരള സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിൽ ബാങ്കിന്റെ പൊതു ഫണ്ട് 3,48,045 രൂപ ശാഖ മാറ്റുന്നതിനായി മറ്റൊരു കെട്ടിടത്തിൽ ചെലവഴിച്ചതായി കണ്ടെത്തുകയും ഈ കെട്ടിടത്തിലേക്ക് സായാഹ്ന ശാഖ മാറ്റുന്നതിന് ബാങ്ക് ഭരണ സമിതി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ടി അന്വേഷണ റിപ്പോർട്ടിന്മേൽ ജോയിന്റ് രജിസ്ട്രാർ ബാങ്കിനോട് ആവശ്യപ്പെട്ട വിശദീകരണം ഇനിയും സമർപ്പിക്കാത്തതിനാലുമാണ് ബാങ്കിന്റെ അപേക്ഷയ്ക്ക് ജോയിന്റ് രജിസ്ട്രാർ (ജനറൽ) അനുമതി നൽകി ഉത്തരവാകാത്തത്.

(ഡി) ജോയിന്റ് രജിസ്ട്രാർക്ക് ബാങ്ക് വിശദീകരണം നൽകുന്ന മുറയ്ക്ക് ബാങ്കിന്റെ അപേക്ഷ പരിശോധിച്ച് ജോയിന്റ് രജിസ്ട്രാർ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പ്രയാർ കമ്മീഷൻ റിപ്പോർട്ട്**

96 (7932) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഗോൾഡ് അപ്രൈസർമാർക്ക് മാസ ശമ്പളം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ബാങ്ക് ഈടാക്കുന്ന അപ്രൈസർ ചാർജിന്റെ എത്ര ശതമാനമാണ് ഇവർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) അപ്രൈസർമാരുടെ നിയമനം, സേവനവ്യവസ്ഥകൾ എന്നിവ പഠിക്കാൻ നിയോഗിച്ച പ്രയാർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത് വൈകുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ അനുബന്ധം III-ലെ വ്യവസ്ഥകൾക്കനുസൃതമായി സഹകരണ ബാങ്കിലെ ഫീഡർ കാറ്റഗറി ഉപനിബന്ധനയിൽ/റിക്രൂട്ട്മെന്റ് ചട്ടത്തിൽ പ്രതിപാദിക്കുംവിധം അപ്രൈസർ തസ്തികയിൽ നിയമനം നൽകിയിട്ടുള്ള ജീവനക്കാർക്ക് മാസശമ്പളം നൽകുന്നുണ്ട്. എന്നാൽ സഹകരണ ബാങ്കുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അപ്രൈസർമാർക്ക് നൽകിവരുന്ന കമ്മീഷൻ തുകയിൽനിന്നും 3,000 രൂപ പ്രതിമാസ വേതനമായി സർക്കാരിന്റെ 4-7-2012-ലെ സ.ഉ. (സാധാ) നമ്പർ 360/2012/സഹ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകളിലെ സ്ഥിരം ജീവനക്കാരായ അപ്രൈസർമാർക്ക് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകളാണ് ശമ്പളം നൽകുന്നതിനായുള്ള മാനദണ്ഡങ്ങൾ, കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാർക്ക് മാത്രമായി പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയിട്ടില്ല.

(സി) സഹകരണ ബാങ്കുകളിലെ സ്ഥിരം ജീവനക്കാരായ അപ്രൈസർമാർക്ക് ശമ്പളം നൽകുന്നതും കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അപ്രൈസർമാർക്ക് കമ്മീഷൻ തുക നിശ്ചയിച്ച് നൽകി വരുന്നതും ബാങ്ക് ഈടാക്കുന്ന അപ്രൈസർ ചാർജ്ജിന്റെ അടിസ്ഥാനത്തിലല്ല.

(ഡി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ നിക്ഷേപ/വായ്പ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ, ഡോ. ശൂരനാട് രാജശേഖരൻ, ഡോ. എസ്. രവീന്ദ്രൻ, ശ്രീ. കെ. വി. സുരേഷ് ബാബു എന്നീ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാരിന്റെ 28-2-2013-ലെ സ.ഉ. (സാധാ) നമ്പർ 138/2013/ സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സർക്കാരിന്റെ 22-10-2013-ലെ സ.ഉ. (സാധാ) നമ്പർ 666/2013/സഹ നമ്പർ ഉത്തരവ് പ്രകാരം ശ്രീ. പ്രയാർ ഗോപാലകൃഷ്ണന് പകരം അഡ്വ. പി. എം. സുരേഷ് ബാബുവിനെ ടി കമ്മിറ്റിയുടെ ചെയർമാനായി നിയമിക്കുകയുണ്ടായി. ടി കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുന്നോടിയായി മേഖലാതല തെളിവെടുപ്പ് സിറ്റിംഗ് നടത്തിവരുന്നു.

(ഇ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും ഗോൾഡ്

അപ്രൈസർമാരുടെയും എണ്ണം, അവരുടെ വിദ്യാഭ്യാസ യോഗ്യത, അവർക്ക് ലഭിക്കുന്ന വേതനം/കമ്മീഷൻ, പ്രതിദിന നിക്ഷേപം/വായ്പ കളക്ഷൻ, പെൻഷൻ ബോർഡ്, ക്ഷേമനിധി ബോർഡ് എന്നിവയിലെ അംഗത്വം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും പഠന കമ്മിറ്റിയുടെ മീറ്റിംഗുകൾക്കുപരിയായി നിക്ഷേപ/വായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും സംഘടനാ പ്രതിനിധികളുമായി തിരുവനന്തപുരത്ത് വച്ച് യോഗം ചേരുകയും സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കിന്റെയും പ്രസിഡന്റുമാരുമായുള്ള യോഗം ചേരുകയും ചെയ്തിട്ടുണ്ട് . തുടർന്ന് പഠന കമ്മിറ്റിയുടെ തീരുമാന പ്രകാരം രണ്ട് മേഖലാതല തെളിവെടുപ്പ് സിറ്റിംഗുകളും പ്രാഥമിക സംഘങ്ങളുടെയും അർബൻ ബാങ്കുകളുടെയും സംസ്ഥാന തല ഭാരവാഹികളുമായുള്ള മീറ്റിംഗും നടത്തേണ്ടതായുണ്ട്. ഇതിനിടയിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നതിനാൽ മേഖലാതല തെളിവെടുപ്പ് സിറ്റിംഗുകൾ യഥാസമയം നടത്തുവാൻ കഴിയാതെ വന്നതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസം വന്നിട്ടുള്ളത്.

## സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നതിന് നടപടി

97 (7933) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ ബാങ്ക ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) മറ്റു പൊതുമേഖലാ ബാങ്കുകളിൽ പെൻഷൻ പ്രായം 60 വയസ്സാണെന്നിരിക്കെ സഹകരണ ജീവനക്കാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുമോ ?

### ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## സഹകരണ സ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡിലെ അംഗങ്ങൾക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്താൻ നടപടി

98 (7934) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളാകുന്നവർക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളാകുന്നവർക്ക് പെൻഷനോ ക്ഷേമനിധിയോ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളാകുന്നവർക്ക് ഭരണ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീസും യാത്രാ പടിയും നിശ്ചയിച്ച് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രസിഡന്റ്/വൈസ് പ്രസിഡന്റുമാർക്ക് ഓണറേറിയം നൽകുന്നതിനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ അംഗങ്ങളാകുന്നവർക്ക് പെൻഷനോ ക്ഷേമനിധിയോ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഇതുസംബന്ധിച്ച വിശദമായ പഠനം നടത്തിയതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

## അഞ്ച് വർഷത്തിൽ കൂടുതൽ സേവനകാലമുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്താൻ നടപടി

99 (7935) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ എത്ര കളക്ഷൻ ഏജന്റുമാരുണ്ട് ;

(ബി) അഞ്ച് വർഷത്തിൽ കൂടുതൽ കാലമായി ജോലി നോക്കുന്ന എത്ര പേരുണ്ട് ;

(സി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഡി) സഹകരണ ബാങ്കുകളിൽ ജോലി നോക്കുന്ന കളക്ഷൻ ഏജന്റുമാരുടെ ജോലി സ്ഥിരതയും സേവന-വേതന വ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) 58 പേർ.

(സി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന വായ്പ/നിക്ഷേപ പിരിവുകാരുടെ സേവന വേതന വ്യവസ്ഥകൾ, 13-11-2009-ലെ സ.ഉ. (കൈ) നമ്പർ 189/2009/ സഹ നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ളത് ചുവടെ പ്രതിപാദിക്കുംവിധമാണ്:

1. നിക്ഷേപ പിരിവുകാർക്ക് ലഭിക്കുന്ന കമ്മീഷൻ തുകയുടെ 2/3 ഭാഗം പ്രതിമാസ വേതനമായി നൽകണം. നൽകുന്ന തുക 3000 രൂപയിൽ അധികരിക്കുവാൻ പാടില്ല.
2. കമ്മീഷൻ ഏജന്റുമാരുടെ വിരമിക്കിൽ പ്രായം 70 വയസ്സാണ്.
3. ഏറ്റവും കുറഞ്ഞ ബോണസ്/ഫെസ്റ്റിവൽ അലവൻസ് 1000 രൂപയാണ്. ബോണസ്/ഫെസ്റ്റിവൽ അലവൻസ് കണക്കാക്കുന്നതിനുള്ള ശമ്പളപരിധി 3000 രൂപയാണ്.
4. കമ്മീഷൻ ഏജന്റുമാർക്ക് ഏറ്റവും കുറഞ്ഞത് 2%-ഉം പരമാവധി 3%-ഉം കമ്മീഷൻ നൽകാവുന്നതാണ്. മൂന്ന് ശതമാനത്തിൽ അധികരിച്ച് കമ്മീഷൻ നൽകേണ്ടിവരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറുടെ (ജനറൽ) അനുമതി വാങ്ങേണ്ടതാണ്. ജോയിന്റ് രജിസ്ട്രാർ

(ജനറൽ) ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്.

5. കമ്മീഷൻ ഏജന്റുമാരായി ജോലി നോക്കുന്നവർക്ക് അതാത് സ്ഥാപനങ്ങൾ 31-12-2009-നകം തിരിച്ചറിയൽ കാർഡ് നൽകണം.

6. നിയമനം ലഭിക്കുന്നവരിൽനിന്ന് 10,000 രൂപയുടെ സെക്യൂരിറ്റി നിക്ഷേപവും ഇൻഡെമിനിറ്റി ബോണ്ടും അതാത് സംഘം വാങ്ങണം.

7. വെൽഫെയർ ഫണ്ട് ബോർഡിൽ ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ തുകയ്ക്ക് 12% പലിശ ഈടാക്കണം.

8. ഏറ്റവും കൂടുതൽ തുക നിക്ഷേപമായി സമാഹരിക്കുന്നവർക്ക് സംഘം തലത്തിലും ജില്ലാ തലത്തിലും 2000 രൂപ വീതവും സംസ്ഥാന തലത്തിൽ 10,000 രൂപയും ക്യാഷ് അവാർഡ് നൽകണം.

9. കമ്മീഷൻ ഏജന്റുമാരുടെ ആശ്രിതർക്ക് 5,000 രൂപ ചികിത്സാ ധനസഹായം അനുവദിക്കണം.

10. കമ്മീഷൻ ഏജന്റുമാർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായം 10,000 രൂപയിൽ നിന്ന് 20,000 രൂപയായി വർദ്ധിപ്പിച്ചു.

11. സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകി വരുന്ന ധനസഹായം 40,000 രൂപയിൽനിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ കളക്ഷൻ ഏജന്റുമാർക്ക് കളക്ഷൻ തുകയുടെ 2.50% കമ്മീഷനും ടി കമ്മീഷൻ തുകയിൽ നിന്നും പ്രതിമാസം 500 രൂപ നിശ്ചയിച്ച് ശമ്പളമായും നൽകിവരുന്നു.

(ഡി) സഹകരണ സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ നിക്ഷേപ വായ്പ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ 28-2-2013-ലെ സ.ഉ. (സാധാ) നമ്പർ 138/2013/സഹ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ഇ) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുന്നോടിയായി മേഖലാതല തെളിവെടുപ്പ് സിറ്റിംഗ് നടത്തിവരുന്നു.

(എഫ്) അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

**താൽക്കാലിക ഡെപ്പോസിറ്റ് കളക്ടേഴ്സിനെ തിരിച്ചെടുക്കാൻ നടപടി**

100 (7936) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് നിയമിച്ച താൽക്കാലിക ഡെപ്പോസിറ്റ് കളക്ടർമാരെ പിരിച്ചുവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) പിരിച്ചുവിടപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കുന്നത് സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ ധാരണ, പ്രാവർത്തികമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരെ എന്ന് ജോലിയിൽ തിരിച്ചെടുക്കുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Daily Deposist Scheme, സുവർണ്ണ വായ്പാ പദ്ധതി എന്നിവയ്ക്കുവേണ്ടി കളക്ഷൻ എടുക്കുന്നതിനാണ് കമ്മീഷൻ വ്യവസ്ഥയിൽ കളക്ഷൻ ഏജന്റുമാരെ നിയോഗിച്ചിരുന്നത്. ഈ രണ്ട് പദ്ധതിയും 1-6-2013 മുതൽ ബാങ്ക് നിർത്തൽ ചെയ്തിട്ടുള്ള സാഹചര്യത്തിലാണ് താൽക്കാലിക ഡെപ്പോസിറ്റ് കളക്ടർമാരെ പിരിച്ചുവിട്ടിട്ടുള്ളത്.

(ബി) ട്രേഡ് യൂണിയനുകളുമായി ഉണ്ടാക്കിയ ധാരണ പ്രകാരം 31-3-2014 വരെയുള്ള കാലയളവിൽ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി സേവിംഗ്സ് ബാങ്ക് ക്യാൻവാസ് ചെയ്യുന്നതിന് മാത്രമാണ് Daily Collection Agent-മാരെ നിയോഗിച്ചിരുന്നത്.

(സി) ഇക്കാര്യത്തിൽ ബാങ്ക് തീരുമാനമെടുത്തിട്ടില്ല.

## ക്ലാസ് 4 ജീവനക്കാരുടെ സ്ഥാനക്കയറ്റം

101 (7937) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ക്ലാസ്സ് 4 ജീവനക്കാരുടെ 10% സ്ഥാനക്കയറ്റം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ;

(ബി) സഹകരണ വകുപ്പിൽ ക്ലാസ്സ് 4 ജീവനക്കാരുടെ സീനിയോറിറ്റി അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രൊമോഷന് വേണ്ടിയുള്ള ഈ ലിസ്റ്റ് എന്നാണ് പ്രസിദ്ധപ്പെടുത്തിയത് എന്ന് വിശദമാക്കാമോ ;

(സി) ഈ ലിസ്റ്റിൽനിന്ന് നാളിതുവരെ എത്രപേർക്ക് പ്രൊമോഷൻ നൽകി എന്ന് അറിയിക്കുമോ ;

(ഡി) സ്ഥാനക്കയറ്റം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദീകരിക്കാമോ ;

(ഇ) ക്ലാസ്സ് 4 ജീവനക്കാരുടെ 10% പ്രൊമോഷൻ പ്രാവർത്തികമാകുന്നതിൽ സഹകരണ വകുപ്പിൽ നടപടികൾ വേണ്ടത്ര മുന്നോട്ട് പോകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

### ഉത്തരം

(എ) സഹകരണ വകുപ്പിൽ ക്ലാസ്സ് 4 ജീവനക്കാരുടെ 10% സ്ഥാനക്കയറ്റം ഉറപ്പാക്കുന്നതിന് നിലവിലുള്ള ക്ലാസ്സ് 4 ജീവനക്കാരുടെ 31-12-2013-ലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ജീവനക്കാരുടെ ഓപ്ഷൻ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) സഹകരണ വകുപ്പിൽ ക്ലാസ്സ് ഫോർ ജീവനക്കാരുടെ സീനിയോറിറ്റി അംഗീകരിച്ച് 21-3-2014-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല.

(ഡി & ഇ) ക്ലാസ്സ് ഫോർ ജീവനക്കാരുടെ 10% സ്ഥാനക്കയറ്റം നൽകുന്നത്

സംബന്ധിച്ച സർക്കാരിന്റെ 3-1-2014-ലെ 1/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന്മേൽ സ്പഷ്ടീകരണത്തിന്റെ ആവശ്യമുള്ളതിനാലും ആയത് ടി വകുപ്പിന്റെ പരിശോധനയിലാണ് എന്നതിനാലുമാണ് സ്ഥാനക്കയറ്റം നൽകാത്തത്. സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷൻ പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്.

**സഹകരണ വകുപ്പിലെ ജോലിഭാരം**

102 (7938) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ നിലവിൽ അനുഭവപ്പെടുന്ന ജോലിഭാരത്തെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ;

(ബി) വകുപ്പിലെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതെന്നാണെന്ന് പറയാമോ ; അതിനുശേഷം സ്റ്റാഫ് പാറ്റേൺ എപ്പോഴെങ്കിലും പരിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഈ കാലയളവിൽ സഹകരണ സംഘങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും എത്രമാത്രം വളർച്ചയും വർദ്ധനവും വന്നിട്ടുണ്ടെന്നും അത് എത്ര ശതമാനമാണെന്നും വിശദമാക്കാമോ ;

(ഡി) നിലവിൽ സഹകരണ വകുപ്പിൽ ഓഡിറ്റർമാർക്ക് നിശ്ചയിച്ചിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ ; മുമ്പ് നിശ്ചയിച്ച 3 റിപ്പോർട്ട് എന്നതിൻെറ സ്ഥാനത്ത് ഇപ്പോൾ മാസത്തിൽ 7 റിപ്പോർട്ട് എന്ന നിലയിൽ വകുപ്പ് മേധാവികൾ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്ഥിതി ജീവനക്കാർക്ക് അധികജോലി ഭാരമായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-5-1981-ലെ ജി.ഒ. (എംഎസ്.) നമ്പർ 191/81/എ.ഡി. ഉത്തരവ് പ്രകാരമാണ് സഹകരണ വകുപ്പിൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത്. ആയതിനുശേഷം നാളിതുവരെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിച്ചിട്ടില്ല.

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലും എണ്ണത്തിലും വളർച്ചയും

വർദ്ധനവുമുണ്ടായിട്ടുണ്ട്. എന്നാൽ ആയത് എത്ര ശതമാനം എന്നത് കണക്കാക്കിയിട്ടില്ല.

(ഡി) യൂണിറ്റ് ആഡിറ്റർമാർ പ്രിതിമാസം 3 ആഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 3 റിപ്പോർട്ടുകളുടെ സ്ഥാനത്ത് മാസത്തിൽ 7 റിപ്പോർട്ടുകൾ നൽകുന്നതിന് വകുപ്പ് മേധാവികൾ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. 97-ാം ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരള നിയമസഭ പാസ്സാക്കിയ കേരള സഹകരണ ഭേദഗതി നിയമപ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകിയിരിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ ആഡിറ്റർമാർ കൂടുതൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കേണ്ട സാഹചര്യം നിലവിലുണ്ട്.

(ഇ) ഉണ്ട്.

## ചായം സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച വിജിലൻസ് അന്വേഷണം

103 (7939) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ചായം സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ആയതു സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കേസിലെ പ്രതികൾ ആരെക്കെയാണെന്നുള്ള വിശദാംശങ്ങൾ പേര്, തസ്തിക, ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്നീ ക്രമത്തിൽ വ്യക്തമാക്കുമോ ;

(സി) വിജിലൻസ് കേസിൽ പ്രതിയായ ചായം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ സസ്പെൻഡു ചെയ്യാനുള്ള സഹകരണ വകുപ്പിന്റെ ഉത്തരവ് പ്രസ്തുത ബാങ്കിന്റെ ഭരണസമിതി നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ആയതു നടപ്പിലാക്കാത്ത ഭരണസമിതിയുടെ വിശദീകരണം സർക്കാർ തേടിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഭരണ സമിതിക്കെതിരെ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത ഭരണസമിതിയെ ഇക്കാര്യത്തിൽ പിരിച്ചുവിടാതിരിക്കുന്നതിനുള്ള നിയമതടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചായം സർവ്വീസ് സഹകരണ ബാങ്കിനെതിരായ വിജിലൻസിന്റെ സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം യൂണിറ്റിൽ വി.സി. 07/13/ടി.വി.എം. നമ്പർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം പ്രതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീമതി ജി. കെ. ഷൈല കുമാരി, സെക്രട്ടറി
2. ശ്രീ. എൻ. ശശിധരൻ നായർ, ബോർഡ് മെമ്പർ
3. ശ്രീ. കെ. വിശ്വംഭരൻ നായർ, ബോർഡ് മെമ്പർ
4. ശ്രീ. എസ്. ജയേന്ദ്രകുമാർ, ബോർഡ് മെമ്പർ
5. ശ്രീ. എം. അയൂബ്, ബോർഡ് മെമ്പർ
6. ശ്രീ. എൻ. പുഷ്പാംഗദൻ നായർ, ബോർഡ് മെമ്പർ
7. ശ്രീ. എം. എ. സലിം, ബോർഡ് മെമ്പർ
8. ശ്രീ. അബ്ദുൾ അസീസ്, ബോർഡ് മെമ്പർ
9. ശ്രീമതി എസ്. തങ്കമണി, ബോർഡ് മെമ്പർ
10. ശ്രീ. സി. എസ്. പ്രവീൺ, ബോർഡ് മെമ്പർ

ബാങ്കിൽ വ്യാജ അംഗത്വം നൽകി വായ്പാ വിതരണം നടത്തിയതും പൊതുഫണ്ട് ബാങ്ക് താൽപര്യത്തിന് വിരുദ്ധമായി ചെലവഴിച്ചതും ജീവനക്കാരുടെ പോഷക വിഭാഗം ഉപ നിബന്ധനകൾക്ക് വിരുദ്ധമായി ജീവനക്കാരന് ഉദ്യോഗക്കയറ്റം നൽകിയതുമാണ് മേൽപ്പറഞ്ഞവർക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള പ്രധാന കുറ്റങ്ങൾ.

(സി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ബാങ്ക് സെക്രട്ടറിയെ സസ്പെന്റ് ചെയ്യുന്നതിന് 22-4-2014-ലെ സർക്കാർ കത്ത് നമ്പർ 3163/സി1/2010/സഹ പ്രകാരം സഹകരണ രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ നിർദ്ദേശം ബാങ്ക് ഭരണ സമിതി നടപ്പിലാക്കിയിട്ടില്ലെന്ന് രജിസ്ട്രാർ ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

(ഡി&ഇ) സർക്കാർ/സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശം നടപ്പിലാക്കാത്തതിനെ തുടർന്ന് ബാങ്ക് ഭരണസമിതിയോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ജോയിന്റ് രജിസ്ട്രാർ കത്ത് നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാത്തപക്ഷം ഭരണ സമിതിക്കെതിരെ കേരള സഹകരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ചായം സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം പിരിച്ചുവിട്ടുകൊണ്ട് ജോയിന്റ് രജിസ്ട്രാർ നൽകിയ ഉത്തരവ് അസ്ഥിരപ്പെടുത്തി ബഹുമാനപ്പെട്ട ഹൈക്കോടതി 28832/2009 നമ്പർ റിട്ട് പെറ്റീഷനിൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

104 (7940) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്ര പദ്ധതികൾ ഏതെല്ലാം; ഓരോ വകുപ്പിനും കേന്ദ്രവിഹിതമായി 2013-14 വർഷത്തിൽ എത്ര തുക ലഭ്യമായി എന്ന് പദ്ധതിയുടെ അടിസ്ഥാനത്തിൽ വിവരം നൽകാമോ ;

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്കായി 2012-13 വർഷത്തിൽ എത്ര തുകയാണ് കേന്ദ്രം അനുവദിച്ചത് ; അതിൽ എത്ര ചെലവഴിച്ചു ; വിശദാംശം നൽകാമോ ;

(സി) ഒറ്റത്തവണയായി ലഭ്യമാവുന്ന കേന്ദ്രസഹായ പദ്ധതികൾ ഏതെല്ലാം; 2012-13, 2013-14 വർഷത്തിൽ എത്ര തുകയാണ് ധനസഹായമായി ലഭിച്ചത് ; അതിൽ എത്ര ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതിയിനത്തിലും കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിലും 2013-14 വർഷത്തിൽ ലഭിച്ച കേന്ദ്രവിഹിതം സംബന്ധിച്ച വിശദാംശം അനുബന്ധം 1-ൽ ചേർക്കുന്നു.*

(ബി) 2012-13 കാലഘട്ടത്തിൽ കേന്ദ്ര പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി എന്നിവയ്ക്കായി ആകെ 1200.60 കോടി രൂപ ലഭിക്കുകയും 1629.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(സി) ഒറ്റത്തവണയായി ലഭ്യമാവുന്ന കേന്ദ്ര സഹായ പദ്ധതിയിനത്തിൽ 2012-13, 2013-14 വർഷങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## 2011-12-ലെ പബ്ളിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

105 (7941) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) റിപ്പോർട്ടിൽ സാധാരണക്കാർക്കും സർക്കാർ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും മറ്റും പ്രതികൂലമാകുന്ന ശുപാർശകളിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(സി) അൺ എക്കണോമിക്കായ സർക്കാർ/എയിഡഡ് സ്കൂളുകൾ അടച്ചുപൂട്ടണമെന്ന നിർദ്ദേശത്തിൽ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2011-12 വർഷത്തെ പബ്ളിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. സെയിൽസ് ടാക്സ് പ്രാക്ടീഷനർമാർ, നികുതി ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ വ്യാപാരികൾ കണക്കുകൾ കുറച്ച് കാണിക്കുന്ന പ്രവണത നിയന്ത്രിക്കുന്നതിന് കർശന നടപടികൾ കൈക്കൊള്ളണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

2. നികുതി അടയ്ക്കുന്നത് ഒഴിവാക്കുന്നതിനായി ചരക്ക് ഇല്ലാത്ത വണ്ടികളാണ് ചെക്പോസ്റ്റു വഴി കടന്നുപോകുന്നതെന്ന് വ്യാപാരികൾ പ്രസ്താവന നടത്തുന്നു. നിരീക്ഷണ ക്യാമറ, ശക്തിയേറിയ സ്കാനർ, ചെക്പോസ്റ്റുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവയിലൂടെ ഇത്തരം പ്രവണതകൾ തടയാനും ഇതിലൂടെ വരുമാന വളർച്ച മെച്ചപ്പെടുത്തുവാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

3. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ അടിയന്തിരമായി നടപടി

കൈക്കൊള്ളുവാനും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

4. കമ്മികൾ നിയന്ത്രിച്ച് കടത്തിന്റെ വളർച്ച കുറയ്ക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

5. റബ്ബറിന്റെ ഉൽപ്പാദനവും ഇതിന്മേലുള്ള വാറ്റ് ലഭ്യതയും തമ്മിൽ കടുത്ത അന്തരം നിലനിൽക്കുന്നതിനാൽ, റബ്ബർ ബോർഡുമായി സഹകരിച്ച് നികുതി വെട്ടിപ്പ് തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

6. സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള എല്ലാ വായ്പകളും യഥാസമയം തിരിച്ചു പിടിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ധനകാര്യ വകുപ്പിൽ കേന്ദ്രീകൃത സംവിധാനം വേണ്ടതാണ്.

7. സാമൂഹ്യ മേഖലയിലെ വിവിധ സേവനങ്ങളിൽ നിന്നുള്ള യൂസർ ഫീ മെച്ചപ്പെട്ട രീതിയിൽ സമാഹരിക്കുന്നതിനും തദ്വാര സാമൂഹ്യ മേഖലയിലെ സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

8. വരുമാന വളർച്ചാ തോത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി സാമ്പത്തിക മേഖലയിലെ വിവിധ സേവനങ്ങളുടെ നിരക്ക് ഉചിതമായി പുനർനിർണ്ണയിക്കുവാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

9. സർക്കാർ ജീവനക്കാരുടെയും സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിലുള്ള 56 വർഷത്തിൽ നിന്ന് 58 ആക്കി ഉയർത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

10. സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെയും സർക്കാർ സ്കൂളുകളിലെയും റിട്ടയർമെന്റ് ഒഴിവുകളിലേക്ക് ലാഭകരമല്ലാത്ത സ്കൂളുകളിലെ അധികജീവനക്കാരെ പുനർ വിന്യസിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

11. ഗതാഗതം, ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം, ജലവിഭവ സംരക്ഷണം, ഭവനം, വാർത്താവിനിമയം, പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റ് പിന്നോക്ക വർഗ്ഗ ക്ഷേമം, വിദ്യാഭ്യാസം, കല, സാംസ്കാരികം,

സഹകരണം എന്നീ മേഖലകളിൽ കൂടുതൽ മൂലധന നിക്ഷേപം നടത്തുന്നതിന് മുൻഗണന നൽകണം.

12. വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയതിന്റെ പശ്ചാത്തലത്തിൽ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താനും അധികമുള്ള ജീവനക്കാരെ പുനർവിന്യസിക്കാനും നടപടി കൈക്കൊള്ളുവാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നു.

13. പ്ലാൻ ഫണ്ട് മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കുന്നതിന് ധനകാര്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ളതുപോലെ 0:30:30:30 എന്ന അനുപാതത്തിൽ പാദാന്ത്യത്തിൽ ഫണ്ട് ധനകാര്യ വകുപ്പ് തന്നെ നൽകേണ്ടതാണെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

(ബി) സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങളിലെയും സാമൂഹ്യ മേഖലകളിലെയും സർവ്വകലാശാലകളിലെയും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ശുപാർശകളാണ് കമ്മിറ്റി നടത്തിയിട്ടുള്ളത്.

(സി) സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെയും സർക്കാർ സ്കൂളുകളിലെയും റിട്ടയർമെന്റ് ഒഴിവുകളിലേക്ക് ലാഭകരമല്ലാത്ത സ്കൂളുകളിലെ അധിക ജീവനക്കാരെ പുനർവിന്യസിക്കണമെന്ന് മാത്രമാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

**സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് കർമ്മപദ്ധതികൾ**

106 (7942) ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഓഡിറ്റുകൾക്കായി ഫയലുകൾ ശാസ്ത്രീയമായി തരം തിരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം മേഖലകൾ ആണ് ഇതിനായി തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ 10-6-2005-ലെ സർക്കുലർ നമ്പർ 32/2005/ധന പ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളിലെ ഓഡിറ്റ് വിഭാഗത്തിന്റെ ചുമതലകളും നടപടിക്രമങ്ങളും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും ഉൾക്കൊള്ളിച്ചുകൊണ്ട് ധനകാര്യ (ഇന്റേണൽ ഓഡിറ്റ്) വകുപ്പ് 2008-ൽ ഒരു കൈ പുസ്തകം പുറപ്പെടുവിച്ച് എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി & ഡി) ബാധകമല്ല.

**ഭരണച്ചെലവ് നിയന്ത്രണം**

107 (T* 7943) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭരണച്ചെലവുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ എന്തെങ്കിലും നിലവിലുണ്ടോ ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെസൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

സംസ്ഥാനത്ത് ഭരണച്ചെലവുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ നിലവിലുണ്ട്. ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഭരണപരവും വിഭവ സംരക്ഷണത്തിനും അധിക വിഭവസമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യങ്ങളിൽ കണ്ടെത്തിയ അധിക തസ്തികകളിൽ നിന്നും നിയമനം നടത്താനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 8-8-2012-ലെ സ.ഉ. (പി) നമ്പർ 441/2012/ ധന, സ.ഉ. (പി)നമ്പർ 442/2012/ ധന എന്നീ നമ്പർ ഉത്തരവുകൾ പ്രകാരമാണ് മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്ക്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 5-8-2013-ലെ 382/2013/ ധന, 11-10-2013-ലെ 515/2013/ധന നമ്പർ ഉത്തരവുകൾ

പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ. (പി.) നമ്പർ 515/13/ധന, 28-11-2013-ലെ സ.ഉ. (പി) നമ്പർ 580/13/ധന എന്നീ നമ്പർ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## മിഷൻ 676-ന്റെ ഭാഗമായി വിവിധ വകുപ്പുകൾ പ്രഖ്യാപിച്ച പദ്ധതികൾ

108 (7944) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകൾ പദ്ധതികൾ പ്രഖ്യാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വകുപ്പും ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ നടപ്പാക്കാൻ 2014-15-ലെ ബഡ്ജറ്റിൽ നീക്കി വെച്ചിട്ടുള്ള തുകയുടെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മിഷൻ 676-ന്റെ ഭാഗമായി പദ്ധതികൾ പ്രഖ്യാപിച്ച വകുപ്പുകൾ ചുവടെ പറയുന്നു:

തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, ഭവന നിർമ്മാണ വകുപ്പ്, ഊർജ്ജ വകുപ്പ്, റവന്യൂ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ്, മത്സ്യബന്ധന വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, വ്യവസായ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, നോർക്ക വകുപ്പ്, പൊതു വിതരണ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആഭ്യന്തര വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, കയർ വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്.

(ബി) മിഷൻ 676 പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പുകൾക്ക് പ്രത്യേകം തുക അനുവദിച്ചിട്ടില്ല. എന്നാൽ നിലവിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളും മിഷൻ 676-ന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നപക്ഷം നിലവിലുള്ള പദ്ധതികളുടെ മുൻഗണനാക്രമം പുനർനിർണ്ണയിച്ച് ധനപുനഃക്രമീ കരണത്തിലൂടെ ആവശ്യമായ വിഹിതം കണ്ടെത്തുന്നതാണ്.

## തിരുവനന്തപുരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക വകയിരുത്താൻ നടപടി

109 (7945) ശ്രീ. എം. എ. ബേബി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലസ്ഥാനം എന്ന നിലയിൽ തിരുവനന്തപുരത്തെ അടിസ്ഥാന സൗകര്യവികസനത്തിന് തുക ബഡ്ജറ്റിൽ വകയിരുത്താത്തതിനെ കുറിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളുടെ ഏറ്റവും അടിസ്ഥാന ആവശ്യമായ കുടിവെള്ളം അടിക്കടി പൈപ്പുപൊട്ടുന്നതുമൂലം തടയപ്പെടുന്നത് പരിഹരിക്കാൻവേണ്ട പദ്ധതി നടപ്പാക്കുന്നതിന് പര്യാപ്തമായ തുക ബഡ്ജറ്റിലൂടെ ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മാലിന്യസംസ്കരണം നടത്താനുള്ള സംവിധാനത്തിലെ അപര്യാപ്തത പരിഹരിക്കുന്നതിനും ഫണ്ട് ബഡ്ജറ്റിൽ ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കാത്തത് തടസ്സമാകുന്നതായ പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വൻകിട മൂലധന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം '5475-00-800-92' എന്ന ശീർഷകത്തിൽ 1225 കോടി രൂപ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. തലസ്ഥാന നഗര വികസന പദ്ധതി ഉൾപ്പെടെയുള്ള 10 പ്രോജക്ടുകൾക്കായിട്ടാണ് ഈ തുക അനുവദിച്ചിരിക്കുന്നത്. കൂടാതെ ടോക്കൺ വിഹിതമായി 1 ലക്ഷം രൂപ '2217-01-800-99-തലസ്ഥാന നഗര വികസന പദ്ധതി (പ്ലാൻ)' എന്ന ശീർഷകത്തിലും തിരുവനന്തപുരം വികസന അതോറിറ്റിക്ക് 25 കോടി രൂപ '4217-60-191-98-(പ്ലാൻ)' എന്ന ശീർഷകത്തിലും തലസ്ഥാന നഗര വികസനത്തിനായി നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്.

(ബി) 2010-11 സാമ്പത്തിക വർഷം മുതൽ 2013-14 വർഷം വരെ ഉപയോഗശൂന്യവും പഴയതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റിക്ക് പദ്ധതി വിഹിതമായി 305 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 260 കോടി രൂപയാണ് ജല അതോറിറ്റി വിനിയോഗിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷവും ഈ ആവശ്യത്തിലേക്കായി 95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ കുടിവെള്ള പദ്ധതിക്ക് ആവശ്യമായ ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം '2515-00-101-68 ശുചിത്വ കേരളം (പ്ലാൻ)' എന്ന ശീർഷകത്തിൽ 20 കോടി രൂപയും '2217-80-800-71 നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം (പ്ലാൻ)' എന്ന ശീർഷകത്തിൽ 24.98 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ KSUDP, JNNURM പദ്ധതികളിൽപ്പെടുത്തിയും മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ, മോണോ റെയിൽ, സബർബൻ റെയിൽവേ, മൊബിലിറ്റി ഹബ് തുടങ്ങിയ പദ്ധതികൾക്കായി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1225 കോടി രൂപ 2014-15 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ കെ.എസ്.ആർ.ടി.സി.ക്കായി പദ്ധതിയിനത്തിൽ 65.42 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 150 കോടി രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

**ധനകാര്യ വകുപ്പിലെ ആധുനികവത്കരണം**

110 (7946) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ധനവകുപ്പിൽ എത്തുന്ന ഫയലുകൾ എത്രയും വേഗം തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) ധനവകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരണം നടത്തി ഡി.ഡി.എഫ്.എസ്. നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരണം നടത്തുകയും ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയലുകൾ സമർപ്പിക്കുകയും ചെയ്തുവരുന്നു. വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

(ബി) ധനവകുപ്പിൽ എത്തുന്ന ഫയലുകൾ എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതിനായി ഇ-ഫയലിംഗ് നടപ്പിലാക്കിവരുന്നു.

(സി) ധനവകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടർവത്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഡി.ഡി.എഫ്.എസ്-ന് പകരം ഇ-ഫയലിംഗ് സംവിധാനമാണ് നടപ്പിലാക്കിവരുന്നത്.

**ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം**

111 (7947) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന് പ്രവർത്തിക്കാനുള്ള ഓഫീസ് നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നുമുതലാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ആകെ എത്ര സ്റ്റാഫിനെയാണ് കമ്മീഷനിൽ പ്രവർത്തിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് ; ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ; എത്ര വീതം ;

(ഡി) ആകെ എത്ര ജീവനക്കാർ കമ്മീഷനിൽ ജോലി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷനാണ് നിലവിലുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 24-5-2014-ലെ സ.ഉ. (സാധാ) നമ്പർ 1277/2014/തസ്വഭ പ്രകാരം പത്താം ശമ്പള പരിഷ്കരണ കമ്മീഷന് പ്രവർത്തിക്കാനുള്ള ഓഫീസ് നൽകി ഉത്തരവായിട്ടുണ്ട്.

(ബി) 5-12-2013 മുതലാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്.

(സി) ആകെ 28 സ്റ്റാഫിനെയാണ് കമ്മീഷനിൽ പ്രവർത്തിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. അവ താഴെപറയും പ്രകാരമാണ്:

| | | |
|---|---|---|
| അഡീഷണൽ സെക്രട്ടറി | - | 1 |
| ജോയിന്റ് സെക്രട്ടറി | - | 1 |
| അണ്ടർ സെക്രട്ടറി | - | 2 |
| സെക്ഷൻ ഓഫീസർ | - | 4 |
| അസിസ്റ്റന്റ് | - | 8 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | - | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 4 |
| ക്ലറിക്കൽ അസിസ്റ്റന്റ് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 4 |
| | ആകെ | 28 |

(ഡി) കമ്മീഷനിൽ ആകെ 8 ജീവനക്കാരെ ധനകാര്യ വകുപ്പ് നിയമിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ഇതിൽ 7 പേർ ജോലി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**എട്ടും ഒൻപതും ശമ്പള കമ്മീഷനുകൾക്ക് ചെലവായ തുക**

112 (7948) <u>ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് നിയോഗിച്ച എട്ടും, ഒൻപതും ശമ്പള കമ്മീഷനുകൾക്ക് എന്തു തുക ചെലവായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കിയപ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിന് വേണ്ടി അനോമലി പരിഹാര സെല്ലിന് എന്തു തുകയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്നും എത്ര തുക ചെലവായി എന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് നിയോഗിച്ച എട്ടാം ശമ്പള കമ്മീഷന് 71.60 ലക്ഷം രൂപയും ഒൻപതാം ശമ്പള കമ്മീഷന് 149.97 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

(ബി) അനോമലി പരിഹാര സെൽ ധനകാര്യ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്നതിനാൽ ചെലവിന്റെ കണക്ക് പ്രത്യേകമായി സൂക്ഷിക്കുന്നില്ല.

**കേന്ദ്രബഡ്ജറ്റിന് മുന്നോടിയായുള്ള കൂടിക്കാഴ്ച**

113 (7949) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിലെ പുതിയ സർക്കാരിന്റെ പൊതുബഡ്ജറ്റ് അവതരണത്തിനു മുന്നോടിയായി സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി പ്രധാനമന്ത്രി ഉൾപ്പെടെയുള്ള ഏതെല്ലാം കേന്ദ്രമന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തിയെന്ന് വിശദമാക്കാമോ ;

(ബി) കൂടിക്കാഴ്ചയിൽ കേരളത്തിന്റെ എന്തെല്ലാം ആവശ്യമാണ് മുന്നോട്ട് വച്ചതെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ഓരോ ആവശ്യത്തോടും കേന്ദ്ര സർക്കാർ നിലപാട് എന്തായിരുന്നെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15-ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും പ്രധാനമന്ത്രി, കേന്ദ്ര ധനമന്ത്രി, കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി അവതരിപ്പിക്കുകയും ചെയ്തു.

(ബി) സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്യുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വളർച്ച തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പരമ്പരാഗത വ്യവസായങ്ങളുടെയും പുനരുദ്ധാരണത്തിനായി കേന്ദ്രസഹായം നൽകുക, പൊതു സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക, പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെലവുകുറഞ്ഞ വായ്പാ പദ്ധതികൾ ആരംഭിക്കുക, ഭവനവായ്പകളുടെ നിലവിലുള്ള പലിശ നിരക്ക് കുറയ്ക്കുക, സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവയാണ് സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികളിൽ പ്രധാനപ്പെട്ടവ.

സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ജി.എസ്.റ്റി. (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവ്വീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, റബ്ബർ, നാളികേരം തുടങ്ങി മുഖ്യമായും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നാണ്യവിളകളുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യൂണിറ്റുകൾക്ക് എക്സൈസ് തീരുവയിൽ ഇളവ് അനുവദിക്കുക തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങളോട് കേന്ദ്ര സർക്കാരിന് പൊതുവേ അനുകൂല പ്രതികരണമാണ് ഉണ്ടായിരുന്നത്.

### ആസ്തി വികസന ഫണ്ട് വിനിയോഗ മാനദണ്ഡങ്ങൾ

114 (7950) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലതല ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലും ഉടമസ്ഥതയിലും ഭവനസമുച്ചയങ്ങൾ നിർമ്മിക്കാമോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അതിനുള്ള നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും വിശദമാക്കാമോ ?

ഉത്തരം

(എ & ബി)) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് 11-6-2012-ലെ സ.ഉ.(പി.) നമ്പർ 332/12/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. എന്നിരിക്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കും ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് തടസ്സമില്ല.

### ആസ്തി വികസന ഫണ്ട്-ഏറനാട് മണ്ഡലം

115 (7951) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2012-13, 2013-14 വർഷത്തിൽ ആസ്തി വികസനഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും

ഓരോന്നിന്റെയും തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇനിയും സാങ്കേതികമായ തടസ്സങ്ങൾമൂലവും അല്ലാതെയും ഭരണാനുമതി നൽകാതെ കിടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; അവയ്ക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) ഏറനാട് മണ്ഡലത്തിൽ 2012-13-ലെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി 348 ലക്ഷം രൂപയുടെ 7 പ്രവർത്തികളും 2013-14-ലെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി 265 ലക്ഷം രൂപയുടെ 7 പ്രവർത്തികളും ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ധനവകുപ്പിൽ നിന്നും അനുമതി നൽകുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ഏറനാട് നിയോജക മണ്ഡലത്തിലെ എം.എൽ.എ.-യുടെ ശുപാർശ സഹിതം ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖക്കനുസൃതമായി ഈ വകുപ്പിൽ ലഭിച്ച എല്ലാ ശുപാർശകളും ധനാനുമതിയോടെ ബന്ധപ്പെട്ട ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. അതിൽ 2012-13 വർഷത്തിലെ എല്ലാ ശുപാർശകൾക്കും ഭരണ വകുപ്പുകൾ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ശുപാർശ ചെയ്ത പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമാക്കാത്തവയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

## ഇ-ഫയലിംഗ് സംവിധാനം

116 (7952) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് സമ്പ്രദായം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ടി സമ്പ്രദായം നടപ്പാക്കുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് വകുപ്പുതലത്തിൽ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(സി) ടി സമ്പ്രദായം നടപ്പിലാക്കുന്നതിന് പ്രതിവർഷം എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് സമ്പ്രദായം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇ-ഓഫീസ് നടപ്പാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിലെ ഒരു ചെറു സംഘം ഡൽഹിയിലുള്ള എൻ.ഐ.സി. ഓഫീസിൽ പരിശീലനം നേടിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ സഹായത്തോടെ ധനകാര്യ വകുപ്പിലെ ഇൻഫ്രാസ്ട്രക്ചർ ഗ്യാപ്പിനെ പറ്റി ഒരു പഠനം നടത്തുകയും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ, ധനകാര്യ വകുപ്പിലെ മുഴുവൻ കമ്പ്യൂട്ടറുകളുടെയും നിലവാരം ഇ-ഓഫീസ് നടപ്പാക്കുന്നതിന് ആവശ്യമായ രീതിയിൽ ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പിലെ ഓഫീസർമാർക്ക് ഇ-ഓഫീസിൽ ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നാഷണൽ ഇൻഫർമേറ്റിക്ക് സെന്റർ വഴി നൽകിയിട്ടുണ്ട്. ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് നൽകുന്നതിനായി എൻ.ഐ.സി.-യുടെ ഒരു ഓഫീസ് സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) സെക്രട്ടേറിയറ്റിൽ മുഴുവൻ ഇ-ഓഫീസ് നടപ്പാക്കുന്നതിന്റെ പ്രോജക്ട് കോസ്റ്റ് 8 കോടി രൂപയാണ്. അതിൽ മൂന്ന് കോടി രൂപ ഇതുവരെ എൻ.ഐ.സി.-ക്ക് നൽകിയിട്ടുണ്ട്.

**പുതിയ വായ്പാ പദ്ധതി**

117 (7953) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കടക്കെണിയിലായവർക്ക് വേണ്ടി രൂപീകരിച്ച വായ്പാ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വായ്പയുടെ പലിശനിരക്ക് സംബന്ധിച്ച വിവരങ്ങളും ലഭ്യമാകുന്ന തുകയുടെ വിവരവും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ&ബി) സ്വകാര്യ പണമിടപാടുകാരിൽനിന്ന് അമിത പലിശയ്ക്ക് കടം വാങ്ങി കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2014 ജൂൺ 26-ന് വിളിച്ചുകൂട്ടിയ കേരള സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ വാർഷിക അവലോകന യോഗം "ഋണ മുക്തി വായ്പാ പദ്ധതി" എന്ന പേരുള്ള ഒരു പ്രത്യേക വായ്പാ പദ്ധതി അംഗീകരിക്കുകയുണ്ടായി.

ഷെഡ്യൂൾഡ് ബാങ്കുകളുടെ സംസ്ഥാനത്തെ എല്ലാ ശാഖകളും അവരവരുടെ സേവന പരിധികളിൽ (സർവീസ് ഏരിയാ) ഈ പദ്ധതി പ്രകാരം വായ്പകൾ നൽകും. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

- ബാങ്കിതര സ്ഥാപനത്തിന് തിരിച്ചടയ്ക്കേണ്ട യഥാർത്ഥ വായ്പാ തുകയോ അപേക്ഷകന്റെ ആകെ വാർഷിക വരുമാനത്തിന്റെ 150 ശതമാനമോ അതിൽ ഏതാണോ കുറവ്, പരമാവധി 50,000 രൂപയായും വായ്പാതുക നിജപ്പെടുത്തിയിട്ടുണ്ട്.
- ബാങ്കുകൾ ഈടാക്കുന്ന അടിസ്ഥാന പലിശ നിരക്കിലാണ് ഈ വായ്പ നൽകുന്നത്.
- പ്രസ്തുത വായ്പ യാതൊരുവിധ ജാമ്യവുമില്ലാതെയാണ് അനുവദിക്കുന്നത്.
- വായ്പ അനുവദിക്കുന്ന സമയത്ത് യാതൊരുവിധ പ്രോസസിംഗ് ഫീസും ഈടാക്കുന്നതല്ല.
- വായ്പാ തിരിച്ചടവിന്റെ കാലാവധി 5 വർഷം ആണ്.
- വായ്പയ്ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 18 മുതൽ 60 വയസ്സുവരെയാണ്.
- അപേക്ഷകർ റവന്യൂ അധികൃതരിൽനിന്ന് ലഭിച്ച വാർഷിക വരുമാന സർട്ടിഫിക്കറ്റും സ്വകാര്യ പണമിടപാടുകാരിൽ നിന്നെടുത്ത വായ്പയെ സംബന്ധിച്ച അപേക്ഷകരുടെ സത്യപ്രസ്താവനയും (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയത്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകൻ എടുത്ത വായ്പ ബാങ്കിതരസ്ഥാപനത്തിൽ നിന്നായിരിക്കണം.
- അപേക്ഷകൻ വായ്പയ്ക്കായി അപേക്ഷിക്കുന്ന ബാങ്കിന്റെ സേവന

മേഖലയിലെ സ്ഥിര താമസക്കാരനായിരിക്കണം.

**സർക്കാർ ജീവനക്കാർക്ക് ഹൗസ്ബിൽഡിംഗ് അഡ്വാൻസ്**

118 (7954) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാ0രത്തിൽ വന്ന് നാളിതുവരെ എത്ര സർക്കാർ ജീവനക്കാർക്ക് ഹൗസ്ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായുള്ള എത്ര അപേക്ഷകൾ സർക്കാരിനു മുന്നിലുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 7518 സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായുള്ള 1164 അപേക്ഷകൾ സർക്കാരിന് മുന്നിലുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം തന്നെ ഈ അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**എച്ച്.ബി.എ. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ഇളവ്**

119 (7955) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബിൽഡിംഗ് അഡ്വാൻസ് എടുത്ത് ഭവന നിർമ്മാണം ആരംഭിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മണൽ, ചെങ്കല്ല് തുടങ്ങിയ കെട്ടിടനിർമ്മാണ സാമഗ്രികൾക്ക് നേരിടുന്ന ക്ഷാമംമൂലം വീട് പണിപൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലതാമസം നേരിടുന്നതിനാൽ എച്ച്.ബി.എ. എടുത്ത് ഒരു വർഷത്തിനകം പൂർത്തികരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന നിബന്ധനയിൽ ഇളവ്

നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. ഹൗസ് ബിൽഡിംഗ് അഡ്വാൻസ് എടുത്ത് ഭവന നിർമ്മാണം ആരംഭിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മണൽ, ചെങ്കല്ല് തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് നേരിടുന്ന ക്ഷാമംമൂലം വീട് പണി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതുമായി ബന്ധപ്പെട്ട പരാതികൾ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## സർക്കാർ ജീവനക്കാർക്ക് ശമ്പളം, അലവൻസുകൾ എന്നീയിനത്തിൽ ഖജനാവിൽനിന്നും ചെലവായ തുക

120 (7956) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം, അലവൻസുകൾ യാത്രാപ്പടി മറ്റിനങ്ങൾക്കായി സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചു ; ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന ഖജനാവിൽ നിന്നും ശമ്പളയിനത്തിൽ ദിവസ വേതനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നീ ഇനത്തിൽ 2013-14 വർഷത്തിൽ എത്ര തുക ചെലവഴിച്ചു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി എത്ര തവണ ഡി.എ. വർദ്ധിപ്പിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ് ജീവനക്കാരുടെ ശമ്പളത്തിനും മറ്റുമായി ചെലവഴിക്കുന്നത് ; വിശദമാക്കുമോ ;

(ഇ) ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2013-14 സാമ്പത്തിക വർഷത്തിലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, അലവൻസുകൾ എന്നീയിനത്തിൽ ചെലവായ തുക 18670.45 കോടി രൂപയാണ്. 2013-14 സാമ്പത്തിക വർഷം യാത്രാപ്പടി ഇനത്തിൽ 90.18 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും ദിവസ വേതനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നീ ഇനത്തിൽ 232.49 കോടിയോളം രൂപ ചെലവഴിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി 6 തവണ ഡി.എ. വർദ്ധിപ്പിച്ചു :

| നമ്പർ | ഡി.എ. നിരക്ക് (ശതമാനത്തിൽ) | പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|
| 1 | 7% | 1-7-2011 |
| 2 | 7% | 1-1-2012 |
| 3 | 7% | 1-7-2012 |
| 4 | 8% | 1-1-2013 |
| 5 | 10% | 1-7-2013 |
| 6 | 10% | 1-1-2014 |

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ 2013-14-ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 39.32 ശതമാനമാണ് ജീവനക്കാരുടെ ശമ്പളത്തിനായി ചെലവഴിച്ചത്.

(ഇ) 11-10-2013-ലെ സ.ഉ.(പി) നമ്പർ 515/2013/ധന, 28-11-2013-ലെ സ.ഉ.(പി) നമ്പർ 580/2013/ധന എന്നീ ഉത്തരവുകൾ വഴി സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യങ്ങളിൽ കണ്ടെത്തിയ അധിക തസ്തികകളിൽ നിന്നും നിയമനം നടത്തുവാനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽനിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 8-8-2012-ലെ സ.ഉ.(പി) നമ്പർ 441/2012/ ധന, സ.ഉ. (പി) നമ്പർ 442/2012/ ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തികളുടെ ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 5-8-2013-ലെ സ.ഉ. (പി) നമ്പർ 382/2013/ ധന, 11-10-2013-ലെ സ.ഉ. (പി) നമ്പർ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്.

## ദിവസ വേതന ജീവനക്കാർക്ക് നൽകുന്ന വേതനം

121 (7957) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനത്തിനു ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഒരു ദിവസം നൽകുന്ന വേതനം എത്രയാണെന്നു വ്യക്തമാക്കുമോ ;

(ബി) ഈ മേഖലയിൽ അവസാനമായി വേതനം വർദ്ധിപ്പിച്ചത് എത് ഉത്തരവുപ്രകാരമാണ് ;

(സി) വിലക്കയറ്റവും നാണ്യപ്പെരുപ്പവും വർദ്ധിക്കുകയും സംസ്ഥാനത്ത് എല്ലാ മേഖലയിലും വേതന വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ സർക്കാർ സ്ഥാപനങ്ങളിലെ ദിവസവേതനക്കാരുടെ വേതന വർദ്ധനവ് ഗവൺമെന്റ് പരിഗണിക്കുമോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവിധ വിഭാഗങ്ങളിൽപ്പെട്ട ദിവസ വേതന ജീവനക്കാരുടെ നിലവിലെ ദിവസ വേതനം ഇപ്രകാരമാണ്:

| കാറ്റഗറി | ദിവസ വേതനം ₹ |
|---|---|
| 1. ക്ലാർക്ക് | 350 |
| 2. ടൈപ്പിസ്റ്റ് | 350 |
| 3. ചെയിൻമാൻ | 300 |
| 4. സെക്യൂരിറ്റി ഗാർഡ് | 350 |
| 5. ക്ലാസ്സ് IV | 300 |
| 6. ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാർ | 300 |
| 7. പമ്പ് ഓപ്പറേറ്റർ | 350 |
| 8. ഡ്രൈവർ | 400 |
| 9. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 350 |
| 10. കമ്പ്യൂട്ടർ ഓപ്പറേറ്റർ/ജൂനിയർ പ്രോഗ്രാമർ | 450 |

(ബി) ഒന്ന് മുതൽ ഏഴ വരെ വിഭാഗങ്ങളിൽപ്പെട്ടവരുടെ വേതനം G.O.(P)

No. 204/2011/Fin dated 2-5-2011 ഉത്തരവ് മുഖേനയും ഡ്രൈവർ തസ്തികയുടെ വേതനം G.O.(P) No. 145/2013/Fin dated 30-3-2013 ഉത്തരവ് മുഖേനയും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ/ജൂനിയർ പ്രോഗ്രാമർ എന്നീ തസ്തികകളുടെ വേതനം G.O.(P) No. 264/2011/Fin dated 18-6-2011 ഉത്തരവ് മുഖേനയുമാണ് അവസാനമായി വർദ്ധിപ്പിച്ചത്.

(സി) സാധാരണയായി ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ വന്നതിനുശേഷം അതിന്റെ അടിസ്ഥാനത്തിലാണ് ദിവസ വേതന ജീവനക്കാരുടെ വേതനവും വർദ്ധിപ്പിക്കുന്നത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## റീ എംപ്ലോയ്മെന്റ് സാലറി

122 (7958) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2009-ന് റിട്ടയർ ചെയ്ത് തുടർന്നും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്നവരുടെ, 1-7-2009 മുതൽ പുതുക്കിയ നിരക്കിലുള്ള റീ-എംപ്ലോയ്മെന്റ് സാലറി ഏത് ഉത്തരവ് അനുസരിച്ചാണ് ക്രമീകരിക്കേണ്ടത് ;

(ബി) അപ്രകാരം ഓരോരുത്തരുടെയും റീ-എപ്ലോയ്മെന്റ് സാലറി ക്രമപ്പെടുത്തി അക്കൗണ്ടന്റ് ജനറൽ നല്കിയിട്ടുണ്ടോ എന്നറിയാമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) അങ്ങനെ നല്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം ഉത്തരവിന്റെ പോരായ്മയാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരുടെ ശമ്പളം ജി.ഒ.(പി)87/2011/ഫിൻ, തീയതി 28-2-2011 ശമ്പള/പെൻഷൻ പരിഷ്കരണ ഉത്തരവിൽ പറഞ്ഞ തരത്തിൽ ക്രമപ്പെടുത്തുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ ;

(ഇ) 1-7-2009-ന് മുമ്പ് പലവർഷങ്ങളായി ജോലി ചെയ്തിരുന്നവർക്ക് റീ-എംപ്ലോയ്മെന്റ് സാലറി ക്രമപ്പെടുത്തി നല്കുമ്പോൾ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) അപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ 1-7-2009-ൽ ലഭിച്ചിരുന്ന ശമ്പള സ്കെയിലിൽ അന്നേദിവസം ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഇംക്രിമെന്റ് തീയതി മാറി പോകാത്തവിധം തൊട്ടടുത്ത ഇംക്രിമെന്റ് തീയതി വച്ച് ശമ്പളം ക്രമപ്പെടുത്തി നല്കാൻ അനുവദിക്കുമോ ;

(ജി) 1-7-2009 മുതൽ റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ ശമ്പളം നിശ്ചയിക്കുമ്പോൾ മൊത്തം ശമ്പളത്തിൽ വരുന്ന കുറവ് എത്രമാത്രമെന്ന് വ്യക്തമാക്കുമോ ;

(എച്ച്) 1-7-2009-ന് മുമ്പ് മുതൽ സർവ്വീസിൽ ഉണ്ടായിരുന്നവരും 1-7-2009-ന് ശേഷം സർവ്വീസിൽ തുടരുന്നവരുമായ 1-7-2009-ന് മുമ്പ് റിട്ടയർ ചെയ്തവരിൽ അധികം പേരും ഈ സർക്കാർ നിലവിൽ വന്നതു മുതൽ സർവ്വീസിലില്ല എന്ന വസ്തുത കണക്കിലെടുത്തു ഇന്നും തുടരുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമൊണെന്ന കാര്യം കണക്കിെലടുത്തും ശമ്പളം പുതുക്കി നിശ്ചയിക്കുമ്പോൾ അധികം വാങ്ങിയതായി കാണുന്ന തുക എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ ;

(ഐ) മുമ്പുണ്ടായിരുന്നതും 1-7-2009-ന് ശേഷം ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുമായവരുടെ എണ്ണം നാമമാത്രമാണ് എന്നത് പരിഗണിച്ച് ഇവരുടെ റീ-എംപ്ലോയ്മെന്റ് സാലറി ക്രമപ്പെടുത്തുന്ന കാര്യത്തിൽ ഒരു നിർദ്ദേശം ഉടൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത ജീവനക്കാരുടെ ശമ്പളം G.O.(P) 87/2011/Fin dated 28-2-2011, G.O.(P) No. 316/2012/Fin dated 1-6-2012, G.O.(P) No. 48/2013/Fin. Dated 23-1-2013 എന്നീ ഉത്തരവുകൾ അനുസരിച്ചാണ് ക്രമീകരിക്കേണ്ടത്. (അനുബന്ധം)*

(ബി&സി) അക്കൗണ്ടന്റ് ജനറൽ ഗസറ്റഡ് തസ്തികയിൽ റീ-എംപ്ലോയ് ചെയ്യപ്പെടുന്നവരുടെ re-employment salary ക്രമപ്പെടുത്തി നൽകാറുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറൽ G.O.(P) No. 87/2011/Fin dated 28-2-2011-ൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് G.O. (P) No. 316/2012/Fin dated 1-6-2012 പുറപ്പെടുവിച്ചു. എന്നാൽ ഇപ്രകാരം ക്രമീകരിക്കുമ്പോൾ പ്രസ്തുത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജീവനക്കാർ വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ മിനിമം ഉറപ്പാക്കുന്നതിനായി G.O.(P) No. 48/2013/Fin dated 23-1-2013 പുറപ്പെടുവിച്ചു.

(ഇ-ജി) ഇപ്രകാരം സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കുന്നതിനാണ് G.O. (P) No. 316/2012/Fin dated 1-6-2012 പുറപ്പെടുവിച്ചിട്ടുള്ളത്.

(എച്ച് & ഐ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ശമ്പളപരിഷ്കരണത്തിലെ അപാകതകൾ**

123 (7959) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശമ്പളപരിഷ്കരണത്തിൽ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിന് പൊതുവായ മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും എന്തൊക്കെയാണ്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ശമ്പള പരിഷ്കരണത്തിലുണ്ടായ അനോമലികൾ പരിഹരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഒൻപതാം ശമ്പള പരിഷ്കരണത്തിലുണ്ടായ അനോമലികൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച് 26-5-2011-ലെ സർക്കുലർ നമ്പർ 29/2011/ധന പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം)*

**തിരുവനന്തപുരം ജില്ലയിൽ മിനിസിവിൽ സ്റ്റേഷനുകൾ**

124 (7960) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 ബഡ്ജറ്റുകളിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിൽ മിനിസിവിൽ സ്റ്റേഷൻ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) എവിടെയെല്ലാം സിവിൽസ്റ്റേഷൻ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിലും 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പോത്തൻകോടും മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി) കാട്ടാക്കടയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി G.O. (Rt) No. 92/2014/PWD dated 21-1-2014 പ്രകാരം 11.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പോത്തൻകോട് മിനി സിവിൽ സ്റ്റേഷനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

## വിരമിച്ച ജീവനക്കാർക്കെതിരെയുള്ള കേസുകൾ

125 (T* 7961) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച ജീവനക്കാർക്കെതിരെ കേസുകൾ നിലവിലുണ്ട് എന്ന കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ നിയമം, ചട്ടം ഏതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിലുള്ള എത്ര കേസുകൾ നിലവിലുണ്ടെന്നും ; അവ പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) കോടതി കേസുകൾ നിലവിലുള്ള സാഹചര്യത്തിൽ കെ.എസ്. ആർ. ഭാഗം 3 ചട്ടം 3A പ്രകാരം പ്രൊവിഷണൽ പെൻഷൻ ഒഴികെ മറ്റ് ആനുകൂല്യങ്ങൾ നൽകാൻ സാദ്ധ്യമല്ലെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

(സി) ഇത്തരത്തിലുള്ള എത്ര കേസുകൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടില്ല. വിരമിച്ച ജീവനക്കാർക്കെതിരെയുള്ള കോടതി കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് അർഹതയ്ക്ക് വിധേയമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകാനും കെ.എസ്.ആർ. ഭാഗം 3 ചട്ടം 3A-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി നടപടി

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

126 (7962) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ ഏജന്റുമാരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി പത്ര പരസ്യം നൽകുകയും ലഘുലേഘകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശിയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ കമ്മീഷൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി അസിസ്റ്റന്റ് ഡയറക്ടർമാരുടെ എട്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ബാക്കി ഏഴ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ മറ്റ് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

**വിവിധ നികുതിയിനങ്ങളിലായി സംസ്ഥാനത്തിന്**

**പിരിഞ്ഞുകിട്ടാനുള്ള തുക**

127 (7963) <u>ഡോ. ടി. എം. തോമസ് ഐസക്</u> :

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :

<u>ശ്രീ. രാജു എബ്രഹാം</u> :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപന നികുതി, എക്സൈസ് നികുതി, വൈദ്യുതി ഡ്യൂട്ടി എന്നിങ്ങനെ വിവിധ ഇനങ്ങളിലായി എന്തു തുക സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാനുള്ള ഉന്നതതല സമിതിയുടെ ശുപാർശയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) വരുമാനം വർദ്ധിപ്പിക്കുന്നതിലെ വീഴ്ച കാരണം മാസം എത്ര കോടിയുടെ കുറവ് സംസ്ഥാനത്ത് ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) ബഡ്ജറ്റിൽ എത്ര കോടിയുടെ റവന്യൂകമ്മിയാണ് പ്രതീക്ഷിച്ചിരുന്നത് ; 2013-14 വർഷം അവസാനിച്ചപ്പോൾ കമ്മി എത്ര കോടിയായി ഉയർന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ വിൽപ്പന നികുതി, എക്സൈസ് നികുതി, വൈദ്യുതി ഡ്യൂട്ടി എന്നീയിനങ്ങളിൽ പിരിഞ്ഞു കിട്ടാനുള്ള തുകകൾ താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

| | | |
|---|---|---|
| വിൽപ്പന നികുതി | - | 6565.84 |
| എക്സൈസ് നികുതി | - | 236.71 |
| വൈദ്യുതി ഡ്യൂട്ടി | - | 3653.60 |

(ബി) നികുതി കുടിശ്ശികകൾ പിരിക്കുന്നതുൾപ്പെടെയുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ

റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) മുൻ സാമ്പത്തിക വർഷത്തെ സമാന കാലയളവിലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പ് സാമ്പത്തിക വർഷം ഇതുവരെ ലഭിച്ച മൊത്തം റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ രാജ്യത്താകമാനം നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2013-14-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച റവന്യൂകമ്മി 6208.35 കോടി രൂപയായിരുന്നു. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം പ്രസ്തുത വർഷത്തെ റവന്യൂ കമ്മി 10298.31 കോടി രൂപയാണ്.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ സംസ്ഥാന നികുതി**

128 (7964) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും പാചകവാതകത്തിനും ഇപ്പോൾ സംസ്ഥാന സർക്കാർ എത്ര ശതമാനമാണ് നികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാർ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി നിരക്ക് കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര രൂപയുടെ കുറവാണ് ഇതുമൂലം നികുതി ഇനത്തിൽ ഉണ്ടായത് ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പെട്രോളിന് 26.21 ശതമാനവും ഡീസലിന് 19.8 ശതമാനവുമാണ് നിലവിലുള്ള നികുതി നിരക്ക്. ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകത്തിന് 5 ശതമാനവും അല്ലാത്തവയ്ക്ക് 14.5 ശതമാനവുമാണ് നിലവിലുള്ള നികുതി നിരക്ക്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വിലയിൽ വർദ്ധനവ് ഉണ്ടായപ്പോൾ ജനങ്ങൾക്ക്

ആശ്വാസം നൽകുന്നതിനായി വർദ്ധനവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിച്ചുകൊണ്ട് അനേകം തവണ നികുതി നിരക്ക് കുറച്ച് പുനഃക്രമീകരിച്ചിട്ടുണ്ട്. അടിസ്ഥാന വിലയിൽ മാസംതോറും നാമമാത്രമായ വർദ്ധനവ്/കുറവ് വരുത്തിയിട്ടുള്ള അവസരത്തിലെല്ലാം നികുതിനിരക്ക് കുറച്ച്/കൂട്ടി പുനഃക്രമീകരിക്കുക എന്നത് നികുതിഭരണത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന്റെ നികുതിനിരക്ക് 4 പ്രാവശ്യവും ഡീസലിന്റേത് 2 പ്രാവശ്യവും കുറച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിന്റെ അടിസ്ഥാന വില വർദ്ധിച്ചപ്പോൾ വിലവർദ്ധനവുമൂലമുണ്ടാകുന്ന അധികവരുമാനം 4 പ്രാവശ്യം വേണ്ടെന്ന് വച്ചുകൊണ്ട് നികുതിനിരക്ക് കുറയ്ക്കുകയുണ്ടായി. 14-5-2011-ന് അടിസ്ഥാനവിലയിൽ 5 രൂപ കൂട്ടിയപ്പോൾ സർക്കാരിന് ഒരു മാസം കിട്ടാവുന്ന അധിക റവന്യൂവരുമാനമായ 11 കോടി രൂപയും (പ്രതിവർഷം 132 കോടി), 16-9-2011-ന് അടിസ്ഥാനവിലയിൽ 3.14 രൂപ കൂട്ടിയപ്പോൾ ഒരു മാസം കിട്ടാവുന്ന അധിക വരുമാനമായ 9.08 കോടി രൂപയും (പ്രതിവർഷം 108.96 കോടി), 3-11-2011-ന് 1.82 രൂപ കൂട്ടിയപ്പോൾ പ്രതിമാസം ലഭിക്കാവുന്ന 5.10 കോടി രൂപയും (പ്രതിവർഷം 61.2 കോടി), 24-5-2012-ന് 6.28 രൂപ കൂട്ടിയപ്പോൾ പ്രതിമാസം ലഭിക്കാവുന്ന 22.48 കോടി രൂപയും (പ്രതിവർഷം 269.76 കോടി) ഇപ്രകാരം വേണ്ടെന്ന് വച്ചു. ഡീസലിന്റെ അടിസ്ഥാനവിലയിൽ വർദ്ധനവ് നടന്നപ്പോൾ വിലവർദ്ധനവു മൂലമുണ്ടാകുന്ന അധികനികുതി വരുമാനം രണ്ട് പ്രാവശ്യം നികുതിനിരക്ക് കുറച്ചുകൊണ്ട് വേണ്ടെന്ന് വയ്ക്കുകയുണ്ടായി. 25-6-2011-ന് ഡീസലിന്റെ അടിസ്ഥാനവിലയിൽ 3 രൂപ കൂട്ടിയപ്പോൾ സർക്കാരിന് പ്രതിമാസം കിട്ടാവുന്ന 13.07 കോടി രൂപയും (പ്രതിവർഷം 156.84 കോടി), 14-9-2012-ന് 5 രൂപ കൂട്ടിയപ്പോൾ പ്രതിമാസം ലഭിക്കുമായിരുന്ന 19.95 കോടി രൂപയും (പ്രതിവർഷം 239.4 കോടി) ഇപ്രകാരം വേണ്ടെന്ന് വച്ചു.

**പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഈടാക്കുന്ന നികുതികൾ**

129 (7965) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനത്ത് ഈടാക്കുന്ന നികുതികൾ ഏതൊക്കെയെന്ന് ഉൽപ്പന്നങ്ങളും ഇനങ്ങളും തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ ഉൽപ്പന്നങ്ങൾക്കും സംസ്ഥാനം ആകെ എത്ര ശതമാനം നികുതി ഈടാക്കുന്നു എന്നും മറ്റുസംസ്ഥാനങ്ങളിൽ ഈടാക്കാത്ത ഏതെങ്കിലും നികുതികൾ കേരളത്തിൽ ഈടാക്കുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള നികുതി ഇളവ് നൽകുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഉൽപ്പന്നത്തിന് എത്ര ശതമാനം ഇളവാണ് നൽകുന്നതെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

| ഉല്പന്നങ്ങൾ | സംസ്ഥാനം ഈടാക്കുന്ന നികുതികൾ ഇനം തിരിച്ച് |
|---|---|
| (1) | (2) |
| പെട്രോൾ | വിൽപ്പന നികുതി, സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
| ഡീസൽ | വിൽപ്പന നികുതി, സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
| ഏവിയേഷൻ ടർബൈൻ ഫ്യൂവൽ | വിൽപ്പന നികുതി, അധിക വിൽപ്പന നികുതി, സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
| ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകം | മൂല്യ വർദ്ധിത നികുതി |
| ഗാർഹികേതര പാചകവാതകം | മൂല്യ വർദ്ധിത നികുതി |

| | |
|---|---|
| പി.ഡി.എസ്. മണ്ണെണ്ണ | മൂല്യ വർദ്ധിത നികുതി |
| മണ്ണെണ്ണ | മൂല്യ വർദ്ധിത നികുതി |
| (1) | (2) |
| നാഫ്ത | മൂല്യ വർദ്ധിത നികുതി |
| ഫർണസ് ഓയിൽ | മൂല്യ വർദ്ധിത നികുതി |
| ലൂബ്രിക്കന്റുകൾ | മൂല്യ വർദ്ധിത നികുതി |

(ബി)

| ഉൽപ്പന്നം | വില്പന നികുതി | അധിക വിൽപന നികുതി | മൂല്യ വർദ്ധിത നികുതി | സോഷ്യൽ സെക്യൂരിറ്റി സെസ്സ് |
|---|---|---|---|---|
| പെട്രോൾ | 26.21% | - | - | 1% of the tax |
| ഡീസൽ | 19.80% | - | - | 1% of the tax |
| ഏവിയേഷൻ ടർബൈൻ ഫ്യൂവൽ | 25% | 15% of the tax | - | 1% of the tax |
| ഗാർഹിക ഉപയോഗത്തിനുള്ള പാചകവാതകം | - | - | 5% | - |
| ഗാർഹികേതര പാചകവാതകം | - | - | 14.5% | - |
| പി.ഡി.എസ്. മണ്ണെണ്ണ | - | - | 5% | - |
| മണ്ണെണ്ണ | - | - | 14.5% | - |
| നാഫ്ത | - | - | 5% | - |
| ഫർണസ് ഓയിൽ | - | - | 14.5% | - |
| ലൂബ്രിക്കന്റുകൾ | - | - | 14.5% | - |

സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഈടാക്കുന്നുണ്ട്.

(സി) കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരം പുറപ്പെടുവിച്ച എസ്.ആർ.ഒ. 319/2005-ഉം അനുബന്ധ ഭേദഗതികളും അനുസരിച്ച് താഴെ സൂചിപ്പിച്ചിരിക്കുന്ന നികുതി ഇളവുകൾ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, നാഷണൽ തെർമൽ പവർ കോർപ്പറേഷൻ, 25 കിലോവാട്ട് കപ്പാസിറ്റിയിൽ കൂടുതലുള്ളതും സംയുക്ത മേഖലയിലുള്ളതും ഊർജ്ജോൽപ്പാദനം നടത്തുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം നടത്തുന്നതിനുമായി ഉപയോഗിക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 4 ശതമാനം നികുതി നിരക്കാണ് ബാധകമാകുന്നത്.

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ, ലക്ഷദ്വീപ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ കോഴിക്കോട്, ലക്ഷദ്വീപ് ഹാർബർ വർക്സ്, ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷന്റെ അംഗീകാരമുള്ള ഡീലർമാർ എന്നീ വിഭാഗങ്ങൾക്കും ലക്ഷദ്വീപിലെ ഉപയോഗത്തിനായി വിൽക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് 4 ശതമാനം നിരക്ക് മാത്രമാണ് ബാധകം.

കേരളത്തിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന എയർ ഇന്ത്യയുടെയും ഇന്ത്യൻ എയർലൈൻസിന്റേയും ഇന്റർനാഷണൽ സർവ്വീസുകൾക്ക് നിറയ്ക്കുന്ന വിമാന ഇന്ധനത്തിനും വ്യവസ്ഥകൾക്ക് വിധേയമായി നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

ഇന്ത്യയ്ക്ക് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും കൺവെൻഷൻ ഓൺ ഇന്റർനാഷണൽ സിവിൽ ഏവിയേഷനിൽ ഉൾപ്പെട്ടതോ, ഇന്ത്യാ രാജ്യവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതോ ആയ വിമാനങ്ങൾ, ഇന്ത്യയിലേക്കോ പുറത്തേയ്ക്കോ ഷെഡ്യൂൾഡോ അല്ലാത്തവയോ ആയ ഇന്റർനാഷണൽ സർവ്വീസ് നടത്തുന്നതിന് നിറയ്ക്കുന്ന വിമാന ഇന്ധനത്തിനും വ്യവസ്ഥകൾക്ക് വിധേയമായി നികുതി ഒഴിവ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനത്തിനുള്ള കപ്പലുകൾ അല്ലാതെ ഫോറിൻ ഗോയിംഗ് വെസ്സലുകളിൽ ഉപയോഗിക്കുന്ന ഹൈ ഫ്ലാഷ് ഹൈ സ്പീഡ് ഡീസലിന്റെ (ബങ്കർ ഫ്യൂവൽ) നികുതി നിരക്ക് വ്യവസ്ഥകൾക്ക് വിധേയമായി അര ശതമാനം മാത്രമാണ്.

കേരള വിനോദസഞ്ചാര വകുപ്പിന്റെ അനുമതിയോടുകൂടിയുള്ള ടൂറിസം പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന സീപ്ലെയിനുകളിൽ നിറയ്ക്കുന്ന ഏവിയേഷൻ ടർബൈൻ ഫ്യൂവലിന് 31-3-2017 വരെ നികുതി ഒഴിവ്

നൽകിയിട്ടുണ്ട്.

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി ട്രയിനിംഗിനുവേണ്ടി ഉപയോഗിക്കുന്ന വിമാനങ്ങളിൽ നിറയ്ക്കുന്ന ഏവിയേഷൻ ഫ്യുവലിന്റെ നികുതി നിരക്ക് 1-4-2013 മുതൽ 31-3-2016 വരെ 5 ശതമാനമായി കുറച്ചിട്ടുണ്ട്.

കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നൽകിയിരുന്ന നികുതി ഇളവുകൾ താഴെ ചേർക്കുന്നു :

മത്സ്യബന്ധന നൗകകൾ അല്ലാത്ത ഫോറിൻ ഗോയിംഗ് വെസ്സലുകൾക്ക് വിൽക്കുന്ന ഇന്ധനത്തിനും ലൂബ്രിക്കന്റുകൾക്കും വ്യവസ്ഥകൾക്ക് വിധേയമായി അരശതമാനമാണ് നികുതി നിരക്ക്.

ചരക്ക് നീക്കത്തിനുപയോഗിക്കുന്ന കപ്പലുകളിൽ ഉപയോഗിക്കുന്ന ഫർണസ് ഓയിലിന്റെ നികുതി നിരക്ക് നിബന്ധനകൾക്ക് വിധേയമായി 5 ശതമാനമാക്കി ധനകാര്യ ബിൽ 2014 പ്രകാരം കുറച്ചിട്ടുണ്ട്.

## 2013-14-ൽ വാണിജ്യ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക

130 (7966) ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കോടതി നടപടികൾ മൂലം പിരിച്ചെടുക്കാൻ കഴിയാതിരിക്കുന്ന വാണിജ്യ നികുതി കുടിശ്ശിക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഒരു കോടിയിലധികം കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) വിദ്യുച്ഛക്തിയിന്മേലുള്ള നികുതിയും തീരുവകളുമായി കഴിഞ്ഞ സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയെന്നും എത്ര തുകയാണ് പിരിഞ്ഞുകിട്ടിയതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ നടപടികൾമൂലം പിരിച്ചെടുക്കാൻ കഴിയാതിരിക്കുന്ന നികുതി കുടിശ്ശിക 35047.53 ലക്ഷം രൂപയാണ്. സുപ്രീം കോടതിയിലെ കേസ്സുകളിൽ ഉൾപ്പെട്ട

നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഒരു കോടിയിലധികം കുടിശ്ശിക വരുത്തിയ 52 സ്ഥാപനങ്ങളുടെ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ടി സ്ഥാപനങ്ങളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു. *

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വാണിജ്യ നികുതി വകുപ്പിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക

131 (7967) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിൽ എത്ര രൂപയുടെ കുടിശ്ശിക ഇതുവരെയായി പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വാണിജ്യ നികുതി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുമൂലം 35047.53 ലക്ഷം രൂപയും സർക്കാരിന്റെ സ്റ്റേ ഉത്തരവുമൂലം 31-3-2014 വരെ 230.19 കോടി രൂപയും കുടിശ്ശികയുണ്ട്. ബാക്കി തുക സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വാണിജ്യ നികുതി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. 31-3-2014-ൽ ഈ കാലാവധി അവസാനിച്ചുവെങ്കിലും ധനകാര്യ ബില്ലിന്റെ ഭേദഗതിയിലൂടെ 31-8-2014 വരെ ഓപ്ഷൻ ഫയൽ ചെയ്യുവാനും 31-12-2014 വരെ പണം അടയ്ക്കുവാനും സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്ക് വേണ്ടി 2008-ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആംനസ്റ്റി പദ്ധതി, അതേ വ്യവസ്ഥകൾക്ക് വിധേയമായി വീണ്ടും നടപ്പിലാക്കി. ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 31, 2014 ആയും കുടിശ്ശിക അടച്ചു തീർക്കാനുള്ള തീയതി ഡിസംബർ 31, 2014 ആയും നിജപ്പെടുത്തി.

## നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള നടപടികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

132 (7968) ശ്രീ. സി. കെ. നാണു :

ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിന്റെ സ്റ്റേ ഉത്തരവുകൾ എത്ര കോടിയുടെ നികുതി പിരിവിന് തടസ്സമായി നിൽക്കുന്നു ;

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നുണ്ട്. എന്നാൽ കോടതി സ്റ്റേയും മറ്റ് നടപടികളും കാരണം കുടിശ്ശിക പിരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. വിദേശ മദ്യ വില്പനയിലുണ്ടായ കുറവ്, വാഹനങ്ങളുടെ വിൽപനയിലുണ്ടായ കുറവ്, കെട്ടിട നിർമ്മാണ മേഖലയിലുണ്ടായ മാന്ദ്യം, വർക്ക്സ് കോൺട്രാക്ട് വഴിയുള്ള വരുമാനത്തിലുണ്ടായ കുറവ്, ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവ് എന്നിവ ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാതിരുന്നതിന്റെ പ്രധാന കാരണങ്ങളാണ്. കൂടാതെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിൽ 2% കുറവ് വരുത്തിയതും അരിയെ പൂർണ്ണമായി നികുതിയിൽ നിന്ന് ഒഴിവാക്കിയതും പയർ വർഗ്ഗങ്ങൾ, മൈദ, ആട്ട, എഡിബിൾ ഓയിൽ എന്നിവയുടെ നികുതി 1% കുറച്ചതും റബ്ബർ മേഖലയിൽനിന്നുള്ള നികുതി വരുമാനത്തിലുണ്ടായ കുറവും ലക്ഷ്യമിട്ട തുക പിരിച്ചെടുക്കുവാൻ കഴിയാത്തതിന് കാരണങ്ങളാണ്. 30-6-2014 വരെയുള്ള കണക്കനുസരിച്ച് വാണിജ്യ നികുതി ഇനത്തിൽ മുൻവർഷം ഇതേ സമയം ലഭിച്ചതിനേക്കാൾ 684.54 കോടി രൂപ കൂടുതൽ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ സ്റ്റേ ഉത്തരവുകൾമൂലം വാണിജ്യ നികുതി വകുപ്പിൽ 31-3-2014 വരെ 230.19 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി & ഡി) ഉദ്ദേശിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും താഴെപറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ചെക്ക്പോസ്റ്റ് പരിശോധന കൾശനമാക്കും. ഇത് രേഖ പരിശോധനയിൽ ചുരുങ്ങാതെ സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തും. ചെക്ക്പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും ഓവർ ചെക്കിങ്ങും ഊർജ്ജിതപ്പെടുത്തും. സംസ്ഥാനത്തിനകത്തെ ചരക്ക് വാഹനങ്ങൾ, റെയിൽവേ, തുറമുഖം, ടൂറിസ്റ്റ് വാഹനം, പാർസൽ, കുറിയർ ഏജൻസികൾ എന്നിവിടങ്ങളിലെ പരിശോധന കർശനമാക്കും. നികുതി കുടിശ്ശിക ഫലപ്രദമായി പിരിച്ചെടുക്കുന്നതിനായി സ്റ്റേയിൽ കിടക്കുന്ന പ്രധാന കേസ്സുകൾ തിട്ടപ്പെടുത്തുകയും ആയത് എത്രയും പെട്ടെന്ന് തീർപ്പുകൽപ്പിക്കുന്നതിനുമുള്ള നടപടികൾ ഊർജ്ജിതമാക്കും. നികുതി കുടിശ്ശികയുള്ള നിലവിലുള്ള വ്യാപാരികളെ കണ്ടെത്തുകയും അത്തരക്കാരുടെ വാഹനങ്ങൾ ചെക്ക്പോസ്റ്റിൽ തടഞ്ഞുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. റവന്യൂ റിക്കവറി കേസ്സുകളിൽ തുകകൾ ഫലപ്രദമായി പിരിച്ചെടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള Unconditional Stay ഉത്തരവുകൾ വെക്കേറ്റ് ചെയ്ത സാഹചര്യത്തിൽ അതിൽ ഉൾപ്പെട്ട തുകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. നികുതി കുടിശ്ശിക വരുത്തിയ വ്യാപാരികൾക്ക് ഓൺലൈൻ സേവനങ്ങൾ നിർത്തിവയ്ക്കും. പുതുതായി രൂപീകരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കും. വിവിധ കേന്ദ്ര വകുപ്പുകളിൽനിന്നും യഥാസമയം ഡേറ്റാ ഷെയറിംഗ് ഓൺലൈനായി ലഭ്യമാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ റിട്ടേണിന്റെ നിജസ്ഥിതി തിട്ടപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ Under valuation കേസ്സുകളിൽ കുടിശ്ശിക ഉണ്ടായിരുന്ന തുക പിരിച്ചെടുക്കുവാനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. വാഹന നികുതി വകുപ്പിൽ എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്താനായി പുതിയതായി 17 സ്ക്വാഡുകൾ ആരംഭിച്ചു. കൂടാതെ ഇ-പേയ്മെന്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ "ആംനെസ്റ്റി സ്കീം" നടപ്പിലാക്കുന്ന

വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കൈത്തറി ഉൽപ്പന്നങ്ങളുടെ ടേണോവർ ടാക്സ് ഒഴിവാക്കാൻ നടപടി**

133 (7969) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ കൈത്തറി തുണികൾക്കോ കൈത്തറി വസ്ത്രങ്ങൾക്കോ ടേൺ ഓവർ ടാക്സ് ചുമത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) നിവേദനങ്ങളുടെയടിസ്ഥാനത്തിലും പരമ്പരാഗത കൈത്തിറി മേഖലയിലെ പ്രതിസന്ധികൾ പരിഗണിച്ചും ടേൺ ഓവർ ടാക്സ് ചുമത്തുവാനുള്ള തീരുമാനം പിൻവലിക്കുമോ ?

ഉത്തരം

(എ & ബി) 2014-15 വർഷത്തെ ബഡ്ജറ്റ് ഖണ്ഡിക 343 പ്രകാരം ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റുവരവിന്മേൽ 2 ശതമാനം ടേണോവർ ടാക്സ് ചുമത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ ഒരു കോടി രൂപയ്ക്ക് മേൽ തുണിത്തരങ്ങളിൽ വിറ്റുവരവുള്ള വ്യാപാരികൾക്ക് 2 ശതമാനം വിറ്റുവരവ് നികുതി (ടേണോവർ ടാക്സ്) ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നതിന് 6 എ എന്ന വകുപ്പ് കേരള ധനകാര്യ ബിൽ 2014-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ നികുതി ഉപഭോക്താക്കളിൽനിന്നും പിരിക്കാതെ വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നുമാണ് അടയ്ക്കേണ്ടത്.

(സി) കൈത്തറി തുണിത്തരങ്ങൾക്ക് ടേൺ ഓവർ ടാക്സ് പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിന് സംവിധാനം**

134 (7970) ശ്രീ. ആർ. സെൽവരാജ് :

<u>ശ്രീ. കെ. ശിവദാസൻ നായർ</u> :

<u>ശ്രീ. എം. പി. വിൻസെന്റ്</u> :

<u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കു ന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നിരീക്ഷണവും നിയന്ത്രണവും വഴി സംസ്ഥാനത്തിന് നികുതി വരുമാന വർദ്ധനവ് എത്ര മാത്രം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ&ബി) ഓൺലൈൻ വഴി ബുക്ക് ചെയ്യുന്ന സാധനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് റോഡ്/റെയിൽ/കപ്പൽ/വിമാന മാർഗ്ഗങ്ങൾ വഴി കേരളത്തിലേക്ക് കൊണ്ടു വരുമ്പോൾ അത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ വാണിജ്യ നികുതി വകുപ്പിനുണ്ട്. റോഡ് മാർഗ്ഗം കൊണ്ടുവരുന്ന സാധനങ്ങൾ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി നിയമപ്രകാരമുള്ള രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് കടത്തിവിടുന്നത്. റെയിൽ/ കപ്പൽ/വിമാന മാർഗ്ഗങ്ങൾ വഴി സംസ്ഥാന ത്തിനകത്തേയ്ക്ക് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഓൺലൈൻ ഫയലിംഗിലൂടെ മുൻകൂറായി ഡിക്ലറേഷൻ സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള സാധനങ്ങൾ സംസ്ഥാനത്തിനകത്തേയ്ക്ക് കൊണ്ടുവന്നാൽ നിയമപ്രകാരം പിഴ ഈടാക്കാറുണ്ട്. പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ വാണിജ്യ നികുതി വകുപ്പിന്റെ ചെക്കിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വാണിജ്യ നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം, ഇങ്ങനെയുള്ള ചരക്ക് നീക്കങ്ങൾ നിരീക്ഷിക്കുകയും നികുതി വെട്ടിപ്പ് കണ്ടെത്തിയാൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി&ഡി) ഓൺലൈൻ വ്യാപാരം സംബന്ധിച്ച നിരീക്ഷണവും നിയന്ത്രണവുംവഴി സംസ്ഥാനത്തിന് ഉണ്ടാകുന്ന നികുതി വരുമാന വർദ്ധനവ് തിട്ടപ്പെടുത്തിയിട്ടില്ല. ഓൺലൈൻ സംവിധാനത്തിലൂടെ സാധനങ്ങൾ ഓർഡർ ചെയ്ത് അന്യസംസ്ഥാനങ്ങളിൽനിന്ന് ക്യാഷ്-ഓൺ-ഡെലിവറി സംവിധാനം മുഖേന സംസ്ഥാനത്ത് ചരക്കുകൾ എത്തിച്ച് വിൽക്കുന്ന സമ്പ്രദായം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ പരിധിയിൽ വരും എന്നുകാണിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം വിൽപ്പന വില സ്വീകരിച്ച ഇടനിലക്കാരായ ചില ട്രാൻസ്പോർട്ടർമാർക്ക് മേൽ പിഴ ചുമത്തിയിട്ടുണ്ട്. ഇതിന്റെ നിയമസാധുത ചോദ്യം ചെയ്ത് അവർ സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**വ്യാപാര മേഖലയിൽഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം**

135 (7971) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരമേഖലയിൽ ഓൺലൈൻ ഡലിവറി നോട്ട് സംവിധാനം നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നികുതി വെട്ടിപ്പ് തടയുവാൻ ഇത് എത്രമാത്രം സഹായിക്കുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കേരള മൂല്യ വർദ്ധിത നികുതി നിയമമനുസരിച്ച് നോട്ടിഫൈഡ് ഗുഡ്സ് കൊണ്ടുപോകുമ്പോൾ ഫാറം 15 പ്രകാരമുള്ള ഡെലിവറി നോട്ട് നിർബന്ധമാണ്. കൂടാതെ വിൽപ്പനയ്ക്കല്ലാതെയുള്ള ചരക്കുകളുടെ സംസ്ഥാന ത്തിനകത്തുള്ള

ട്രാൻസ്പോർട്ടേഷനും ഇത് അത്യാവശ്യമാണ്. വാണിജ്യ നികുതി വകുപ്പിൽ നികുതി ഭരണം കമ്പ്യൂട്ടർവത്ക്കരിച്ചതിന്റെ ഭാഗമായിട്ടാണ് ഓൺലൈൻ വഴി ഫാറങ്ങൾ ഡൗൺലോഡ് ചെയ്യാനുള്ള സംവിധാനം നിലവിൽ വന്നത്. ഇതേത്തുടർന്നാണ് ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം നിർബന്ധ മാക്കിയത്. റബ്ബർ, സിമന്റ്, ഹൈഡ്സ് ആന്റ് സ്കിൻ എന്നിവയൊഴിച്ചുള്ള ചരക്കുകൾക്ക് ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

(ബി-ഡി) ഓൺലൈൻ ഡെലിവറി നോട്ട് നടപ്പിലാക്കിയപ്പോൾ പരിശോധന സ്ക്വാഡിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ലാപ്ടോപ്പ് ഉപയോഗിച്ച് യാത്രാമദ്ധ്യേതന്നെ ഡെലിവറി നോട്ട് പരിശോധിക്കുവാൻ കഴിയും. പ്രിന്റഡ് ഡെലിവറി നോട്ടിനെ സംബന്ധിച്ച് ട്രാൻസ്പോർട്ടിംഗ് കോപ്പിയിലും റിട്ടേണിനോടൊപ്പം ഫയൽ ചെയ്യുന്ന കോപ്പിയിലും തിരുത്തലുകൾ വരുത്തിയുള്ള നികുതി വെട്ടിപ്പിന് സാദ്ധ്യതയുണ്ട്. അതുപോലെതന്നെ ഡെലിവറി നോട്ടിൽ ക്വാണ്ടിറ്റി, പുറപ്പെടുന്ന തീയതി, സമയം എന്നിവയിലും ഇത്തരം തിരുത്തലുകൾ വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഓൺലൈൻ ഡെലിവറി നോട്ട് സംവിധാന ത്തിലൂടെ ഇത്തരത്തിലുള്ള തിരുത്തലുകൾക്കുള്ള സാദ്ധ്യത ഒഴിവാക്കാവുന്നതാണ്. വ്യാജമായ രേഖകളുപയോഗിച്ച് ചരക്ക് കടത്തുന്നതും നികുതിവെട്ടിപ്പും തടയാൻ ഒരു പരിധിവരെ ഇതുവഴി സാധിച്ചിട്ടുണ്ട്. റബ്ബർ, സിമന്റ്, ഹൈഡ്സ് ആന്റ് സ്കിൻ എന്നിവയൊഴിച്ചുള്ള ചരക്കുകൾക്ക് ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

## സ്വർണ്ണ വ്യാപാരം

136 (7972) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം എത്ര രൂപയുടെ സ്വർണ്ണ വ്യാപാരം നടക്കുന്നതായാണ് കണക്കാക്കപ്പെടുന്നത് ;

(ബി) സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ സ്വർണ്ണ വ്യാപാരം നടക്കുന്നുണ്ട് ;

(സി) സംസ്ഥാനത്ത് സ്വർണ്ണവ്യാപാരത്തിന് ഇപ്പോൾ എത്ര ശതമാനം വാറ്റ്

ആണ് ചുമത്തിയിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് സ്വർണ്ണ വ്യാപാരത്തിൽ നിന്നും നികുതിയിനത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുകയുടെ വരവുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഇ) സ്വർണ്ണവ്യാപാരത്തിന് ദക്ഷിണേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഏകീകരിച്ച നികുതിയാണോ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) സ്വർണ്ണവ്യാപാരത്തിന് ദക്ഷിണേന്ത്യയിൽ ഏറ്റവുമധികം നികുതി ഈടാക്കുന്നത് കേരളമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ദക്ഷിണേന്ത്യയിലെ മറ്റു സംസ്ഥാനങ്ങളോട് ഏകീകരിച്ച് നികുതി പരിഷ്കരണം നടത്തുവാനും വ്യാപാരചോർച്ചയും കള്ളക്കടത്തും തടയുവാനും വഴിയൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വാണിജ്യ നികുതി വകുപ്പിന്റെ സോഫ്റ്റ്‌വെയർ ആയ KVATIS-ൽ ലഭ്യമായ കണക്കുകൾ പ്രകാരം സ്വർണ്ണത്തിന്റെ വിറ്റുവരവ് ഇറക്കുമതി ഉൾപ്പെടെ 43,204 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് സ്വർണ്ണവ്യാപാരത്തിന് കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 5 ശതമാനമാണ് നികുതി നിരക്ക്.

(ഡി) സംസ്ഥാനത്ത് സ്വർണ്ണ വ്യാപാരത്തിൽനിന്നും നികുതിയിനത്തിൽ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 302.20 |
| 2012-13 | 393.54 |
| 2013-14 | 471.53 |

(ഇ) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് ഒരു ശതമാനമാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) ഇന്ത്യയിൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പാക്കുന്നതിനുള്ള ഉന്നതാധികാര സമിതിയുടെ ശുപാർശയനുസരിച്ച് 2005-06 സാമ്പത്തിക വർഷത്തിൽ ആഭരണങ്ങൾക്ക് സംസ്ഥാനത്ത് ഒരു ശതമാനം നികുതി ഏർപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത വർഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനം 51.48 കോടിയിൽനിന്ന് 21.21 കോടിയായി താഴ്ന്നതിനാൽ 2006-07 സാമ്പത്തിക വർഷം മുതൽ സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് 4 ശതമാനമായി ഉയർത്തിയിരുന്നു. തുടർന്ന് 2012-13 സാമ്പത്തിക വർഷം പൊതു നിരക്കായ 4 ശതമാനം എന്നത് 5 ശതമാനമായി ഉയർത്തിയപ്പോൾ സ്വർണ്ണാഭരണങ്ങളുടെ നികുതിനിരക്കും 5 ശതമാനമായിട്ടുണ്ട്.

ബില്ലോ വ്യാപാര സ്ഥാപനമോ ഇല്ലാതെയുള്ള കച്ചവടവും സ്യൂട്ട്കേസുകളിലും മറ്റും സുഗമമായി കടത്തുവാനുള്ള സൗകര്യവും കാരണം സ്വർണ്ണം നികുതി ചോർച്ച കൂടുതലായി ഉള്ള ഒരു മേഖലയായാണ് വർഗ്ഗീകരിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയാണ് ഈ മേഖലയിൽ നിന്ന് നികുതി പിരിക്കുവാൻ അഭികാമ്യമായി കാണുന്നത്. അതിനായി കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിലേക്ക് കൊണ്ടുവരുവാനാണ് ഉയർന്ന ഷെഡ്യൂൾ നികുതി നിരക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. കോമ്പൗണ്ടിംഗ് വ്യവസ്ഥ ഏർപ്പെടുത്തിയതിനുശേഷം നികുതി പിരിവ് 21.21 കോടിയിൽനിന്നും 2006-07-ൽ 97.90 കോടി രൂപയായി വർദ്ധിച്ചു. 2012-13 സാമ്പത്തിക വർഷം ഈ മേഖലയിൽ നിന്നും 393.54 കോടി രൂപയും 2013-14-ൽ 471.53 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കോമ്പൗണ്ടിംഗ് ചെയ്ത സ്വർണ്ണവ്യാപാരികൾക്ക് അവർ ഒടുക്കിയ നികുതിയുടെ അടിസ്ഥാനത്തിൽ 1.03 ശതമാനം മുതൽ 1.5 ശതമാനം വരെ ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കാവുന്നതാണ്. ഉയർന്ന ഷെഡ്യൂൾ നിരക്കും ആകർഷകമായ കോമ്പൗണ്ടിംഗ് വ്യവസ്ഥയും ചേർന്ന സമവാക്യം നികുതി വരുമാനം ഉയർത്തിയിട്ടുള്ളതായാണ് കണ്ടുവരുന്നത്.

## ഇറച്ചിക്കോഴിയുടെയും മുട്ടക്കോഴിയുടെയും മൂല്യവർദ്ധിത നികുതി

137 (7973) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഇറച്ചിക്കോഴിക്കും മുട്ടക്കോഴിക്കും ഒരേ നിരക്കിലാണ് മൂല്യവർദ്ധിത നികുതി നിശ്ചയിച്ചിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽ

പെട്ടിട്ടുണ്ടോ ;

(ബി) വിവിധ സർക്കാർ പദ്ധതികൾക്കായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്കായും മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ വേർതിരിക്കുവാനും പ്രസ്തുത സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന മുട്ടക്കോഴികളെ മൂല്യവർദ്ധിത നികുതിയിൽ നിന്നും ഒഴിവാക്കുവാനും നടപടി സ്വീകരിക്കുമോ ;

(സി) കേരളത്തിലെ മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അതുവഴി മുട്ട ഉൽപ്പാദനരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുവാനും പ്രസ്തുത നികുതി പരിഷ്കരണം കൊണ്ട് കഴിയുമെന്ന് കരുതുന്നുണ്ടോ ;

(ഡി) അങ്ങനെയെങ്കിൽ ഈ രംഗത്തെ നികുതി പരിഷ്കരണത്തിന് എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം പൗൾട്രി എന്ന നിർവചനത്തിലാണ് കോഴി ഉൾപ്പെടുന്നത്. പ്രസ്തുത നിയമത്തിൽ ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നുള്ള വേർതിരിവില്ല. അതിനാൽ 14.5 ശതമാനമാണ് നികുതി നിരക്ക്.

(ബി - ഡി) ഒരു പ്രത്യേക വിഭാഗത്തിന് മാത്രമായി ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥകൾ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഇല്ല. കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മുട്ട നികുതി വിമുക്തമാണ്.

## "ചെക്ക്പോസ്റ്റുകളിലൂടെ ഇരുചക്രവാഹനങ്ങളിൽ നികുതി വെട്ടിച്ച് ഇറച്ചിക്കോഴി കടത്തൽ"

138 (7974) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ചെക്ക്പോസ്റ്റുകളിൽ കൂടി നികുതി വെട്ടിച്ച് ബൈക്കുകളിൽ വ്യാപകമായി ഇറച്ചിക്കോഴി കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ചെക്ക് പോസ്റ്റുകളിൽ കൂടിയാണ് ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനാതിർത്തികളിലെ ഊടുവഴികളിലൂടെയും നികുതി വെട്ടിച്ച് ഇത്തരം പ്രവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതുവഴി 2013-14 സാമ്പത്തിക വർഷം നികുതിയിനത്തിൽ ഖജനാവിന് വന്ന നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ നികുതി വെട്ടിച്ച് ബൈക്കുകളിൽ ഇറച്ചിക്കോഴി കടത്തുന്നവർക്കെതിരെ നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; ഇത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) ചെക്ക്പോസ്റ്റുകൾക്ക് സമീപമുള്ള ഊടുവഴികളിലൂടെ (ബൈറൂട്ട്സ് വഴി) അനധികൃതമായി കോഴിക്കടത്ത് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു തടയുന്നതിന് ശക്തമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇന്റലിജൻസ് സ്ക്വാഡുകൾക്ക് പുറമേ അസസ്മെന്റ് വിഭാഗവും ഇന്റലിജൻസ് വിഭാഗവും ഉൾപ്പെട്ടുകൊണ്ട് അഡീഷണൽ സ്ക്വാഡുകൾ ഉണ്ടാക്കി അനധികൃത കോഴിക്കടത്ത് തടയുന്നുണ്ട്. കൂടാതെ ഊടുവഴികളിലൂടെയുള്ള (അതായത് നിലവിൽ ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത) അനധികൃത കോഴിക്കടത്ത് അസസ്മെന്റ് വിഭാഗത്തിലെ ജീവനക്കാരെ വിന്യസിച്ച് തടയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡിനെ ഉപയോഗിച്ച് രാത്രികാലം ഉൾപ്പെടെ നിരന്തരം പരിശോധന നടത്തുന്നുണ്ട്.

**ശമ്പളം ട്രഷറിയിൽനിന്നും ബാങ്കിലേയ്ക്ക് മാറ്റുന്ന നടപടി**

139 (7975) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി വഴി നൽകിയിരുന്ന സർക്കാർ ജീവനക്കാരുടെ ശമ്പളം ബാങ്കുകളിലേക്ക് മാറ്റിയത് മൂലം സംസ്ഥാന സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) ധനവിനിയോഗവും പദ്ധതി വിഹിതവും പോലുള്ളവയും ട്രഷറികളിൽ നിന്നും മാറ്റി ബാങ്കുകളെ ഏൽപ്പിക്കുന്ന നടപടി ട്രഷറി വകുപ്പിനെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായി ബാങ്കുകളിലേക്ക് മാറ്റാനുള്ള നീക്കങ്ങളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. സർക്കാർ ജീവനക്കാരുടെ

ശമ്പളം അവർ അപ്രകാരം നിർദ്ദേശിക്കുന്നവെങ്കിൽ പൊതുമേഖലാ ബാങ്ക് അക്കൗണ്ട് വഴിയും സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭൂരിഭാഗം സർക്കാർ ജീവനക്കാരുടെയും ശമ്പളം ട്രഷറി വഴി തന്നെയാണ് നൽകിവരുന്നത്. ബാങ്കുകൾ വഴിയുള്ള ശമ്പളവിതരണംമൂലം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിൽ വ്യത്യാസമൊന്നും സംഭവിച്ചിട്ടില്ല.

(ബി) സർക്കാർ ഫണ്ടുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ടുകളും ട്രഷറിയിൽത്തന്നെ നിലനിർത്തണമെന്നാണ് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂയെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശ ങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ധന (പിരശോധനാ) വിഭാഗത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല 27-3-2014-ലെ 31/2014/Fin സർക്കുലറിന്റെ ഖണ്ഡിക (ii) പ്രകാരം വാണിജ്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ഫണ്ട് തിരികെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വൺമാൻ ട്രഷറികൾ**

140 (7976) <u>ശ്രീ. എ. എ. അസീസ്</u> :

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൺമാൻ ട്രഷറികളാണ് പ്രവർത്തിക്കുന്നത് ;

(ബി) വൺമാൻ ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ;

(സി) ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നുമുതൽ നടപ്പിൽവരുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ വൺമാൻ ട്രഷറികളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) കോർബാങ്കിംഗ് നടപ്പിലാക്കുവാനാവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലാ ട്രഷറിയും സെക്രട്ടേറിയേറ്റ് സബ് ട്രഷറിയും തമ്മിൽ ബന്ധപ്പെടുത്തി പൈലറ്റ് ടെസ്റ്റിംഗ് ആരംഭിച്ചുകഴിഞ്ഞു. ട്രഷറി നെറ്റ്‌വർക്ക് നടപ്പിലാകുന്ന മുറയ്ക്ക് കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതാണ്.

**പിണറായിയിൽ പുതിയ സബ് ട്രഷറി**

141 (7977) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിലില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

**കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം**

142 (7978) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന പാവപ്പെട്ട ആളുകൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിൽ ഏതൊക്കെ സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്നവർക്കാണ് പ്രസ്തുത ധനസഹായം ലഭിക്കുന്നത്, ജില്ല തിരിച്ച് സ്വകാര്യ ആശുപത്രികളുടെ പേരും, ഏതൊക്കെ രോഗത്തിനാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത പാക്കേജും നിരക്കുകളും അംഗീകരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പ് വച്ചിട്ടുള്ളതുമായ 68 സർക്കാരിതര ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് ചികിത്സാ സഹായം ലഭ്യമാണ്. ജില്ല തിരിച്ചുള്ള സ്വകാര്യ ആശുപത്രികളുടെ പേരും രോഗങ്ങളുടെ വിവരങ്ങളും ഉൾക്കൊള്ളുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**കാരുണ്യ പദ്ധതി പ്രകാരമുള്ള വിദഗ്ധ ചികിത്സ**

143 (7979) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരം വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ അക്രഡിറ്റഡ് ആശുപത്രികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏഷ്യയിലെ തന്നെ ജനസാന്ദ്രതയേറിയ പ്രദേശമായ വൈപ്പിൻ ഉൾപ്പെടുന്നതിനാലും വ്യാവസായിക തലസ്ഥാനം എന്ന പ്രത്യേകത കണക്കിലെടുത്തും എറണാകുളം ജില്ലയിലെ കൂടുതൽ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കാ മോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ 6 സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) എറണാകുളം ജില്ലയിൽ 6 സ്വകാര്യ ആശുപത്രികളെ ഇതിനകംതന്നെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പാക്കേജുകളും നിരക്കുകളും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ചികിത്സ നൽകാൻ തയ്യാറായി വരുന്ന വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള കൂടുതൽ സർക്കാരിതര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വകാര്യ ആശുപത്രികളെയും വ്യവസ്ഥയനുസരിച്ച് പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്.

**കാരുണ്യ പദ്ധതിയിൽ തുക റീഫണ്ട് ചെയ്തു കിട്ടാത്ത സംഭവം**

144 (7980) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയിൽ ചികിത്സാ സഹായത്തിന് അപേക്ഷ നൽകുകയും തുക പാസ്സാക്കുകയും ചെയ്ത കേസിൽ ചികിത്സയോ ഓപ്പറേഷനോ കഴിഞ്ഞ് വളരെക്കാലം കഴിഞ്ഞിട്ടും തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ;

(ബി) ബൈപ്പാസ് ശസ്ത്രക്രിയക്ക് വിധേയനാവുകയും കാരുണ്യ പദ്ധതിപ്രകാരം അപേക്ഷ നൽകി ആലപ്പുഴ നിന്നും കെ.ബി.എഫ്/എ.എൽ.പി./ എഫ് 4/01176/2013 തീയതി 1-7-2013 ആയി അയച്ച് 1,50,000 രൂപ അനുവദിച്ചു എന്ന് അറിയിപ്പ് ലഭിക്കുകയും ചെയ്ത (റഫ. നമ്പർ 19456) ശ്രീ. യു. മോഹനൻ, ലതിക ഭവൻ, വാരനാട് പി.ഒ എന്നയാളിന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള തുക കഴിച്ച് ബാക്കി ഇനിയും ലഭിച്ചിട്ടില്ലെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; ഈ തുക നൽകുന്നതിലെ തടസ്സം എന്താണെന്ന് പറയാമോ ; അടിയന്തരമായി ഈ തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആശുപത്രിയിലേയ്ക്ക് രോഗിക്ക് അനുവദിക്കുന്ന ചികിത്സാ ധനസഹായതുക രോഗി ചികിത്സയ്ക്കായി ഉപയോഗിച്ചു കഴിഞ്ഞതിനുശേഷം ബാക്കിവരുന്ന തുകയാണ് റീഫണ്ടായി ലഭിക്കുന്നത്. അപേക്ഷകർ അപേക്ഷ യോടൊപ്പം ഉൾപ്പെടുത്തേണ്ട അനുബന്ധ രേഖകൾ പലതും യഥാസമയം ഹാജരാക്കാത്തതിനാലും ആശുപത്രി കളിൽനിന്നും റീഫണ്ട് തുക യഥാസമയം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് ലഭിക്കാത്തതിനാലുമാണ് രോഗികൾക്ക് റീഫണ്ട് തുക ലഭിക്കുവാൻ കാലതാമസം നേരിടുന്നത്.

(ബി) ശ്രീ. യു. മോഹനൻ, ലതിക ഭവൻ, വാരനാടിന് കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം 1,50,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്നു.

ആശുപത്രിയിൽ ചിലവഴിക്കാത്ത 1,50,000 രൂപ തിരികെ റീഫണ്ടായി ലഭിച്ചിട്ടുണ്ട്. ശ്രീ. യു. മോഹനന്റെ റീ-ഇംബേഴ്മെന്റിനുള്ള അപേക്ഷ പരിശോധിക്കുകയും 1,36,792 രൂപ റീ-ഇംബേഴ്മെന്റായി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തുക ശ്രീ. യു. മോഹനന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്.

## ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് പുതിയ നാമധേയം

145 (7981) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റുന്നതു സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേരുമാറ്റിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ ; എങ്കിൽ ഉത്തരവ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പേര് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## 2011 മേയ് മാസത്തിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ തസ്തികകൾ

146 (7982) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചത് ;

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളി ലേക്കായാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചത് ;

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോയെന്ന വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2011 മേയ് മാസത്തിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ആകെ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ജോയിന്റ് ഡയറക്ടർ-3, ഓഡിറ്റ് ഓഫീസർ-1, ഓഡിറ്റർ-2, ടൈപ്പിസ്റ്റ്-3, പ്യൂൺ-3 എന്നീ തസ്തികകൾ ആണ് സൃഷ്ടിച്ചിട്ടുള്ളത്.

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് വിഭാഗങ്ങൾ കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, എറണാകുളം, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ എന്നിവിടങ്ങളിൽ രൂപീകരിക്കുന്നതിനാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചത്.

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

**കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സംരംഭക വികസന മിഷൻ**

147 (7983) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സംരംഭക വികസന മിഷൻ പ്രവർത്തിച്ച് വരുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) യുവസംരംഭകരെ കണ്ടെത്താൻ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം മേഖലകളിലുള്ള സംരംഭകർക്കാണ് മിഷന്റെ ധനസഹായങ്ങൾ ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സംരംഭകർക്ക് നൽകുന്ന പലിശരഹിത സാമ്പത്തിക സഹായങ്ങളെ കുറിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 50,000 യുവജനങ്ങൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകി 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും അഞ്ച് ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലക്ഷ്യമാക്കുന്ന കേരള സംസ്ഥാന സംരംഭക വികസന മിഷൻ, 2011-12-ലെ കേരള സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 8-12-2011-ലെ ജി.ഒ. (എംഎസ്.) 590/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വരികയും ചെയ്തു. യുവാക്കൾക്കിടയിൽ കാര്യപ്രാപ്തിയും ആത്മവിശ്വാസവും സംരംഭകത്വവും വളർത്തി അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മക്ക് ക്രിയാത്മകമായ പരിഹാരം ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനാണ് നോഡൽ ഏജൻസി.

(ബി) മിഷനിലേക്ക് സംരംഭകരെ കണ്ടെത്താനായി അതാത് ജില്ലകളിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ.-കൾ തുടങ്ങിയവ കേന്ദ്രീകരിച്ച് പ്രചരണം നടത്തുകയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, പഞ്ചാത്തുകൾ, വ്യവസായ അസോസിയേഷനുകൾ തുടങ്ങിയവ വഴി ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണവും യുവജനങ്ങൾക്കായി സംഘടിപ്പിക്കുന്ന പരിപാടികളിൽ മിഷനെ സംബന്ധിച്ചുള്ള വീഡിയോ/ബാനർ പ്രദർശനവും ലഘുരേഖ വിതരണവും ക്ലാസ്/പ്രസന്റേഷനും നടത്താറുണ്ട്.

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അണു/സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്യപ്പെടാവുന്ന പുതിയ പദ്ധതികളേയും കാർഷികാധിഷ്ഠിത വ്യവസായ പദ്ധതികളെയും മിഷനിൽ പരിഗണിക്കുന്നതാണ്. വ്യാപാരം, ഗതാഗതം, ഫാമിംഗ്, മൽസ്യകൃഷി തുടങ്ങിയവയെ പരിഗണിക്കുന്നതല്ല. 18-നും 40-നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽരഹിതരായ, നല്ല ആശയങ്ങളുള്ള, വ്യവസായരംഗത്ത് പുതുതായി എത്തുന്ന യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടു ത്തിയിരിക്കുന്നത്. വിധവകൾക്ക് 45 വയസ്സുവരെ അപേക്ഷിക്കാം. +2/ വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5 പേർ അടങ്ങിയ ഗ്രൂപ്പുകളായിട്ടാണ് അപേക്ഷിക്കേണ്ടത്.

www.kfc.org-എന്ന വെബ്സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ചീഫ് മാനേജർ മുതലായവർ അടങ്ങിയ കമ്മിറ്റി

എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വച്ച് അഭിമുഖം നടത്തുകയും ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കു ന്നവർക്കായിരിക്കും ലോണിന് അർഹത.

(ഡി) പദ്ധതി തുകയുടെ 90% തുക സഹായം ഒരു സംരംഭകന് 4 ലക്ഷം എന്ന കണക്കിൽ 5 പേരുള്ള ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. ടെക്നോക്രാറ്റുകൾക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. ഒരാൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ നൽകും. ഒരു വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 5 വർഷമാണ് തിരിച്ചടവ് കാലാവധി. പലിശ രഹിത വായ്പയാണ് അനുവദിക്കുന്നത്. വായ്പയുടെ പലിശ സർക്കാർ നൽകുന്നതാണ്.

## കെ.എസ്.എഫ്.ഇ. വായ്പാ നടപടിക്രമങ്ങൾ

148 (7984) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. കൊള്ളപ്പലിശയാണ് ഈടാക്കുന്നതെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.എഫ്.ഇ.-യിൽ നിന്നും വായ്പ ലഭിക്കുന്നതിനും ചിട്ടികൾ കരസ്ഥമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് സാധാരണക്കാർക്ക് കൂടുതൽ സഹായം നല്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ. കൊള്ളപ്പലിശ ഈടാക്കുന്നില്ല. റിസർവ് ബാങ്കിന്റെയും സംസ്ഥാന സർക്കാരിന്റെയും നിബന്ധനകൾക്കനുസരിച്ചുള്ള പലിശ മാത്രമേ ഈടാക്കുന്നുള്ളൂ.

(ബി) കെ.എസ്.എഫ്.ഇ.-യിൽനിന്നും വായ്പ അനുവദിക്കുന്നതിനും ചിട്ടിത്തുക ലഭ്യമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ പരിശോധിച്ച് ലഘൂകരിക്കാറുണ്ട്. ചിട്ടി പണം കൈപറ്റുമ്പോൾ ഭാവിയിലടക്കാനുള്ള തുകയ്ക്കുള്ള ആൾ ജാമ്യ പരിധി 2012 ഏപ്രിൽ മുതൽ 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വസ്തു ജാമ്യ പരിധി ഒരു കോടി രൂപയിൽനിന്നും 2.5 കോടി രൂപയായി വർദ്ധിപ്പിച്ചു. സ്വർണ്ണപ്പണയ വായ്പ 3 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായും വ്യക്തിഗത വായ്പ 10 ലക്ഷം രൂപയിൽനിന്നും

15 ലക്ഷം രൂപയായും കൺസ്യൂമർ ലോൺ 10 ലക്ഷം രൂപയിൽനിന്നും 15 ലക്ഷം രൂപയായും ഭവന വായ്പ 25 ലക്ഷം രൂപയിൽനിന്നും 50 ലക്ഷം രൂപയായും ചിട്ടി വായ്പ 25 ലക്ഷം രൂപയിൽനിന്നും 75 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സുഗമ അക്ഷയ ഓവർ ഡ്രാഫ്റ്റ് 1 ലക്ഷം രൂപയിൽനിന്നും പരമാവധി 2 ലക്ഷം രൂപയാക്കിയിട്ടുണ്ട്. ബ്രാഞ്ചുതലത്തിലും റീജിയണൽ ഓഫീസ് തലത്തിലും അനുവദിക്കാവുന്ന ചിട്ടി/വായ്പ തുകയുടെ പരിധിയിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

**കേന്ദ്ര ചിട്ടി നിയമവും കെ.എസ്.എഫ്.ഇ.-യുടെ സാമ്പത്തിക നഷ്ടവും**

149 (7985) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കിയപ്പോൾ കെ.എസ്.എഫ്.ഇ.-ക്ക് ലഭിച്ചിരുന്ന പ്രത്യേക സംരക്ഷണവും ഇളവുകളും നഷ്ടമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പുതിയ ചിട്ടി ആക്ട്പ്രകാരം എത്ര രൂപയുടെ സെക്യൂരിറ്റി നിക്ഷേപമാണ് കെ.എസ്.എഫ്.ഇ. ട്രഷറിയിൽ നടത്തിയിട്ടുള്ളതെന്നും ആരുടെ പേരിലാണ് നിക്ഷേപമുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഈ നിക്ഷേപത്തിന് ട്രഷറി പലിശ ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് പ്രതിമാസം കെ.എസ്.എഫ്.ഇ.ക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് നിക്ഷേപത്തിന് പലിശ ലഭിക്കാത്തത് ;

(ഇ) പുതിയ ചിട്ടി ആക്ട് പ്രകാരം ചിട്ടി നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ സെക്യൂരിറ്റി നിക്ഷേപത്തിന് പലിശ ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കെ.എസ്.എഫ്. ഇ.-ക്ക് ഇത് നിഷേധിക്കുന്നത് എന്ത് കൊണ്ടാണെന്ന് വിശദീകരിക്കുമോ ;

(എഫ്) പുതിയ ചിട്ടി ആക്ട് വരുന്നതിന് മുൻപ് സെക്യൂരിറ്റി നിക്ഷേപം ആരുടെ പേരിലാണ് കെ.എസ്.എഫ്.ഇ. നിക്ഷേപിച്ചിരിക്കുന്നത് ; എത്ര രൂപയാണ് പ്രതിമാസം പലിശയായി ലഭിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) പുതിയ ചിട്ടി നിയമം കെ.എസ്.എഫ്.ഇ.ക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കിയപ്പോൾ കെ.എസ്.എഫ്.ഇ.-ക്ക് ലഭിച്ചിരുന്ന ചില പ്രത്യേക സംരക്ഷണവും ഇളവുകളും നഷ്ടമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിക്കുകയും പരമാവധി 5 വർഷം വരെയുള്ള ചിട്ടികൾ മാത്രമേ തുടങ്ങാവൂ, ചിട്ടി ഒഴികെ മറ്റ് ബിസിനസ്സുകൾ ചെയ്യാൻ പാടില്ല, സ്ഥാപനത്തിന്റെ പേരിനൊപ്പം കുറി/ചിട്ടി എന്ന നാമകരണം വേണം, ചിട്ടി വിളിച്ചെടുത്തശേഷം കൈപറ്റാത്ത സംഖ്യ ബാങ്കിൽ നിക്ഷേപിക്കണം എന്നീ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചിട്ടി സെക്യൂരിറ്റി നിക്ഷേപം 100% ട്രഷറിയിൽ സ്ഥിരനിക്ഷേപമാക്കാനുള്ള അനുമതിയും ചിട്ടി തുടങ്ങുവാൻ മുൻകൂർ അനുമതിയും നൽകിവരുന്നുണ്ട്. ചിട്ടി സെക്യൂരിറ്റി നിക്ഷേപത്തിന്റെ പലിശ മാസംതോറും കമ്പനിക്ക് ലഭ്യമാക്കുക,, ചിട്ടി തുടങ്ങുവാനുള്ള മുൻകൂർ അനുമതി സ്ഥിരമായി നൽകുക, ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് കെ.എസ്.എഫ്.ഇ.യുടെ പേരിൽ നിക്ഷേപിച്ച് ആയത് ചിട്ടി രജിസ്ട്രാർക്ക് അനുകൂലമായി 'ലീൻ' നോട്ട് ചെയ്യുക തുടങ്ങിയ കെ.എസ്.എഫ്.ഇ.-യുടെ മറ്റ് ആവശ്യങ്ങളിൽ തീരുമാനമായിട്ടില്ല. കൂടുതൽ ഇളവുകളും സംരക്ഷണവും നൽകുന്നതിന് സംസ്ഥാന സർക്കാരിന് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമാണ്.

(ബി) കേന്ദ്ര ചിട്ടി നിയമം (ചിട്ടി ഫണ്ട് ആക്ട്, 1982) പ്രകാരം ട്രഷറിയിൽ 749 കോടി രൂപയുടെ ചിട്ടി സെക്യൂരിറ്റി നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ നിക്ഷേപങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സിന്റെ പേരിലാണ് നടത്തിയിട്ടുള്ളത്.

(സി-ഇ) കേന്ദ്ര ചിട്ടി നിയമം അനുസരിച്ച് ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സിന്റെ പേരിലാണ് നടത്തേണ്ടത്. ഇപ്രകാരം നടത്തുന്ന ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾ പലിശ സഹിതം ചിട്ടിവട്ടമെത്തുമ്പോൾ മാത്രമേ പിൻവലിക്കാനാവൂ. അതിനാൽ ഇത്തരം നിക്ഷേപത്തിന്മേലുള്ള പ്രതിമാസ പലിശ പിൻവലിക്കാനാവില്ല. കേന്ദ്ര ചിട്ടി നിയമം കെ.എസ്.എഫ്.ഇ.-ക്കും സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമാണ്.

(എഫ്) പുതിയ ചിട്ടി ആക്ട് വരുന്നതിന് മുമ്പ് ചിട്ടി സെക്യൂരിറ്റി നിക്ഷേപം കെ.എസ്.എഫ്.ഇ.യുടെ പേരിൽ നിക്ഷേപിച്ച് അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ ബാധ്യത (ലീൻ) രേഖപ്പെടുത്തുകയാണ് ചെയ്തിരുന്നത്. 2011-12 സാമ്പത്തിക

വർഷം പുതിയ ചിട്ടി ആക്ട് വരുന്നതിനുമുമ്പുള്ള ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റിന് കമ്പനിക്ക് ലഭിച്ച പലിശ 75.37 കോടി രൂപയാണ്. (പ്രതിമാസ പലിശ ശരാശരി 6.28 കോടി രൂപ)

(ജി) പുതിയ ചിട്ടി നിയമം കെ.എസ്.എഫ്.ഇ.-ക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല.

**കെ.എസ്.എഫ്.ഇ.യിലെ ഒഴിവുള്ള തസ്തികകളിലെ നിയമനം**

150 (7986) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. എഫ്.ഇ.-യിലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 5%ത്തിൽ നിന്നും 10% ആയി ഉയർത്തിയ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) 2013 ജനുവരി മാസം മുതൽ 2014 മേയ് മാസം വരെയുള്ള ബിസിനസ്സ് റിവ്യൂ അനുസരിച്ചും ഇക്കാലയളവിൽ തുടങ്ങിയ പുതിയ ബ്രാഞ്ച് ഓഫീസുകളിലും അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ്-മാനേജർ പ്രൊമോഷൻ വഴിയും, ഇക്കാലയളവിലെ ഉദ്യോഗസ്ഥരുടെ വിരമിക്കൽ വഴിയും എത്ര ജൂനിയർ അസിസ്റ്റന്റ്മാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട് ; ഇവ തരംതിരിച്ച് വ്യക്തമാക്കാമോ ; ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) 2014 ഡിസംബർ വരെ ഉണ്ടാകാനിടയുള്ള എല്ലാത്തരം ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കണമെന്ന സർക്കാർ ഉത്തരവ് (10885 ഉപ.സി. 3/13/ഉ.ഭ.പ.വ) അനുസരിച്ച് ഈ കാലയളവിനുള്ളിൽ ഉണ്ടാകാനിടയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) കെ.എസ്.എഫ്.ഇ.-യിലെ ഓഫീസ് അസിസ്റ്റന്റ്മാരുടെ പ്രൊമോഷന് അധികയോഗ്യതയായി പറഞ്ഞിട്ടുള്ള കമ്പ്യൂട്ടർ യോഗ്യത ഒഴിവാക്കണമെന്ന്

കെ.എസ്.എഫ്.ഇ. ഡയറക്ടർ ബോർഡ് 2014 മേയ് മാസത്തിൽ പാസ്സാക്കിയ പ്രമേയം സർക്കാർ അംഗീകരിച്ച് 10% പ്രൊമോഷൻ ജി.ഒ.(എംഎസ്.) 162/13/റ്റി.ഡി. (തീയതി 24-9-2013) എന്ന ഉത്തരവ് ഇറങ്ങിയതു മുതൽ അതിന് പ്രാബല്യം നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) 2015 മാർച്ച് മാസം വരെ കെ.എസ്. എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ്മാരുടെ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ട് ; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിലൂടെ ഉണ്ടാകാനിടയുള്ള തസ്തികമാറ്റ പ്രൊമോഷൻ എത്രയും വേഗം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.എഫ്.ഇ-ലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം അഞ്ച് ശതമാനത്തിൽനിന്നും പത്ത് ശതമാനമായി ഉയർത്തിയത്, അധിക വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സ്പെഷ്യൽ റൂൾ ഭേദഗതിക്ക് വിധേയമായിട്ടാണ്. എന്നാൽ അധിക യോഗ്യത ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടില്ല. ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 5 ശതമാനത്തിൽ നിന്നും 10 ശതമാനമായി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിന്റെ ആനുകൂല്യം നിലവിലുള്ള റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്കുകൂടി ബാധകമാക്കുന്ന വിഷയം കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഇ.-ലെ അസിസ്റ്റന്റ് തസ്തികയിൽ ആവശ്യമുള്ളവരുടെ എണ്ണം പുനരവലോകനം ചെയ്യുന്നത് വർഷത്തിൽ രണ്ട് തവണയാണ്. (മാർച്ച് 31 & സെപ്റ്റംബർ 30). 2014 മാർച്ച് മാസത്തെ ബിസിനസ്സ് റിവ്യൂ അനുസരിച്ച് കെ.എസ്.എഫ്.ഇ.-യിൽ 953 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 125 ഒഴിവുകൾ പ്രൊമോഷൻ വഴിയും 113 ഒഴിവുകൾ വിരമിക്കൽ വഴിയും ഉണ്ടായതാണ്.

(സി) ഉണ്ട്. 1-4-2014 മുതൽ 31-12-2014 വരെയുള്ള കാലയളവിലെ പ്രതീക്ഷിത ഒഴിവുകൾ 65 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 5 ശതമാനത്തിൽ നിന്നും 10 ശതമാനമായി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിന്റെ ആനുകൂല്യം നിലവിലുള്ള റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്കുകൂടി ബാധകമാക്കുന്ന വിഷയം കേരള

പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ഇ) 1-1-2015 മുതൽ 31-3-2015 വരെ അസിസ്റ്റന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 9 ആണ്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31-3-2015-ലെ റിവ്യൂവിനുശേഷം ഒഴിവുകൾ തിട്ടപ്പെടുത്തി, ഓഫീസ് അറ്റൻഡന്റുമാരുടെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് അനുവദനീയമായ നിശ്ചിത അനുപാതത്തിലുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതാണ്.

## നിയമ പരിഷ്കരണം

151 (7987) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ് എന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നിയമങ്ങൾ എന്ന് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) അതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ നിയമങ്ങൾ മലയാളത്തിലാക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഇ) കോടതി നടപടികൾ മാതൃഭാഷയിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ ; അതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും 17-11-2007-ൽ ജി.ഒ. (എം.എസ്.) നമ്പർ 253/2007/നിയമം എന്ന സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായുള്ള ഒരു നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പഠനം നടത്തിയതിൻ പ്രകാരം വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന

104 കരട് ബില്ലുകൾ ഉണ്ട്. അവയിൽ 65 എണ്ണം പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും 30 എണ്ണം നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും 9 എണ്ണം നിലവിലുള്ള ചട്ടങ്ങളും റെഗുലേഷനുകളും ഭേദഗതി ചെയ്യുന്നതിനും ഉള്ളതാണ്. 107 കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനും പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്.

(സി) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമാക്കി പരിഷ്കരിക്കുന്നതിനും ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായിട്ടുള്ള നിയമ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അഭിപ്രായം വാങ്ങുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(2) പ്രകാരം ഇംഗ്ലീഷിൽ അധിനിയമം ചെയ്യപ്പെട്ട പ്രധാന ആക്ടിന്റെ ഭേദഗതി ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും മലയാള ഭാഷയിൽ മാത്രമേ നിയമസഭ മുമ്പാകെ അവതരിപ്പിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ സംസ്ഥാനത്ത് പുതിയതായി ഉണ്ടാക്കുന്ന നിയമങ്ങളെല്ലാംതന്നെ മലയാളത്തിലാണ് തയ്യാറാക്കുന്നത്. ഭേദഗതി നിയമങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിച്ച് പാസ്സാക്കാറുണ്ടെങ്കിലും പിന്നീട് അതിന്റെ മലയാള പരിഭാഷ പ്രസിദ്ധപ്പെടുത്തിവരുന്നു.

(ഇ) കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന ഔദ്യോഗിക ഭാഷ ഉന്നതതല സമിതി 19-12-2013-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 223/2013/നിയമം ഉത്തരവിലൂടെ വിപുലീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രസ്തുത സമിതിയുടെ 12-5-2014-ലെ യോഗത്തിന്റെ നടപടിക്കുറിപ്പിന്മേൽ സത്വരമായി തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും വകുപ്പുകൾക്കും നൽകിയിട്ടുണ്ട്.

കോടതിഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യായാധിപൻമാർക്ക് പരിശീലനം നൽകുവാൻ മതിയായ സൗകര്യം ഇപ്പോൾത്തന്നെ ഹൈക്കോടതിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത

റിപ്പോർട്ടിന്റെ 22-ാം ഖണ്ഡികയിൽ കേരള ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതിയുടെ വിധിന്യായങ്ങളുടെ ചുരുക്കക്കുറിപ്പുകളും അടങ്ങിയ മലയാളത്തിലുള്ള ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ആയതിന്റെ പ്രസിദ്ധീകരണത്തിന് ഹൈക്കോടതിയുമായി ആലോചിച്ച് സർക്കാർ വേണ്ട നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ 2-3-2012-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 78/2012/നിയമം ഉത്തരവിലൂടെ നിയമ ഔദ്യോഗിക ഭാഷാ പ്രസിദ്ധീകരണ സെൽ രൂപീകരിക്കുകയുണ്ടായി. കോടതി ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച പ്രസ്തുത സെൽ പ്രധാനപ്പെട്ടതും പ്രസക്തവുമായ സുപ്രീംകോടതി വിധിന്യായങ്ങളുടെയും ഹൈക്കോടതി വിധിന്യായങ്ങളുടെയും പരിഭാഷയും നിയമ ലേഖനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ നിയമ ജേർണലായ 'നിയമ ധ്വനി'-യുടെ രണ്ട് പുസ്തകങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമ വിദ്യാഭ്യാസ മാധ്യമം മലയാളത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളു ന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം**

152 (7988) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. സി. ജോർജ്ജ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രത്തിന്റെ ആകെ ആസ്തി കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത സ്ഥാപനം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായ പ്രവർത്തനശൈലിയാണോ പിൻതുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നിലവിൽ എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) നിലവിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തു നടത്തുന്ന പ്രധാന പ്രോജക്ടുകളുടെ വിശദാംശങ്ങൾ നല്കുമോ ;

(ഇ) സർക്കാർ മേഖലയിലെ നിർമ്മാണ പ്രവൃത്തികളുടെ ഒരു നിശ്ചിത ശതമാനം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ലഭിക്കത്തക്കവിധം ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കേരളത്തിൽ 20.86 ഏക്കർ സ്ഥലമുണ്ട്. ഇത് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉപയോഗത്തിന് സർക്കാർ നൽകിയതാണ്. ആയതിന് ഏകദേശം 20 കോടിയും ഇതിൽ കെസ്റ്റിക് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഏകദേശം 3 കോടിയും വാഹനങ്ങൾക്ക് 15 ലക്ഷവും മെഷീനുകൾക്ക് 1 കോടിയും സ്ഥാവര ജംഗമ വസ്തുക്കൾക്ക് ഏകദേശം 55 ലക്ഷം രൂപയും വില കണക്കാക്കുന്നു.

(ബി) ചെലവ് കുറഞ്ഞതും പ്രകൃതിക്ക് ഇണങ്ങിയതുമായ ഗുണമേന്മയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ചെലവ് കുറഞ്ഞ സാങ്കേതികവിദ്യകളിൽ ജനങ്ങൾക്ക് അവബോധം നൽകുക.
2. ആവശ്യക്കാർക്ക് ചെലവ് കുറഞ്ഞ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
3. കെട്ടിട നിർമ്മാണ ന്യായവില വിപണനകേന്ദ്രം (കലവറ) വഴി ബി.പി.എൽ. ഗുണഭോക്താക്കൾക്ക് 15% സൗജന്യ നിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകുക.
4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധനശാലകൾ നടത്തുക.
5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനശാലകൾ വഴി ഗുണമേന്മയുള്ള ഹോളോബ്രിക്സ്, ജനൽ, വാതിൽ കട്ടിളകൾ എന്നിവ നൽകുക.
6. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുക.
7. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിലുള്ള ലാറി ബേക്കർ ഇന്റർ

നാഷണൽ ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനം വഴി എഞ്ചിനീയർമാർക്ക് കൺസ്ട്രക്ഷൻ മാനേജ്മെന്റിൽ പരിശീലനം നൽകുക.

8. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.

(സി) നിലവിൽ ഓരോ വർഷവും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കലവറ, പ്രൊഡക്ഷൻ സെന്റർ തുടങ്ങിയ ജനങ്ങൾക്ക് ആവശ്യമായ എല്ലാ പദ്ധതികളും പുതുതായി ആരംഭിക്കുകയും നിലവിലുള്ളവ പുനരുദ്ധരിക്കുകയും ചെയ്തു വരുന്നു. പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് തുടങ്ങി. അതോടൊപ്പം ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാഴമുട്ടത്ത് 6.95 ഏക്കർ സ്ഥലത്ത് ഗവേഷണ സ്ഥാപനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 73 കോടി രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവൺമെന്റ്, സ്വകാര്യ വ്യക്തികൾ എന്നിവയുടേതാണ് ഈ പ്രോജക്ടുകൾ. 1 കോടി രൂപയ്ക്കുമേലുള്ള ചില പ്രധാനപ്പെട്ട പ്രോജക്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഇ) സർക്കാർ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനെയല്ലാതെ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**സർക്കാർ ജീവനക്കാർക്ക് ഭവന പദ്ധതി**

153 (7989) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് ഭവനപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭവന നിർമ്മാണ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) എവിടങ്ങളിലൊക്കെയാണ് പദ്ധതി നടപ്പിലാക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഭവനങ്ങളുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ; ജീവനക്കാരനെ തെരഞ്ഞെടുക്കുന്നത് എങ്ങനെ; ഭവനത്തിന്റെ വില ജീവനക്കാരൻ അടയ്ക്കേണ്ടത് എപ്രകാരമാണ് ; തുടങ്ങിയ വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിക്കായി 2010-11, 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ സർക്കാർ ബഡ്ജറ്റിലൂടെ പദ്ധതിച്ചെലവ് അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം 2010-11 സാമ്പത്തിക വർഷം മുതൽ ബോർഡ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്.

(ബി) ഇടുക്കി ജില്ലയിൽ ദേവികുളത്തും കാസർഗോഡ് ജില്ലയിൽ കാസർഗോഡും തൃശ്ശൂർ ജില്ലയിൽ കുട്ടനെല്ലൂരുമാണ് ഈ പദ്ധതി നിലവിൽ നടപ്പിലാക്കുന്നത്.

(സി) എസ്റ്റിമേറ്റ് തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ദേവികുളം സർക്കാർ ക്വാർട്ടേഴ്സ് ഫേസ് II (6 യൂണിറ്റുകൾ) | - 1,82,00,000 രൂപ. |
| ദേവികുളം സർക്കാർ ക്വാർട്ടേഴ്സ് ഫേസ് III (6 യൂണിറ്റുകൾ) | - 2,00,00,000 രൂപ. |
| കുട്ടനെല്ലൂർ സർക്കാർ ക്വാർട്ടേഴ്സ് ഫേസ് III (6 യൂണിറ്റുകൾ) | - 1,31,00,000 രൂപ. |
| കാസർഗോഡ് ഫേസ് I (12 യൂണിറ്റുകൾ) | - 1,82,08,125 രൂപ. |
| കാസർഗോഡ് ഫേസ് II (12 യൂണിറ്റുകൾ) | - 1,57,84,000 രൂപ. |
| കാസർഗോഡ് ഫേസ് III (12 യൂണിറ്റുകൾ) | - 2,38,00,000 രൂപ. |

പ്ലാൻ ഫണ്ട് വിനിയോഗിച്ച് സർക്കാർ ഭൂമിയിൽ ബോർഡ് നിർമ്മിച്ച് കൈമാറുന്ന ഫ്ലാറ്റുകളുടെ അലോട്ട്മെന്റ് മാനദണ്ഡങ്ങളും വാടകയും നിശ്ചയിച്ച് അർഹതപ്പെട്ട സർക്കാർ ജീവനക്കാർക്ക് അലോട്ട് ചെയ്യുന്നത് ജില്ലാ കളക്ടറാണ്.

## രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പയെടുത്തവർക്ക് ആധാരം തിരികെ നൽകാൻ നടപടി

154 (7990) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പ അനുവദിച്ച് കിട്ടുകയും ഹൗസിംഗ് ബോർഡിന് തുക പൂർണ്ണമായും തിരിച്ചടയ്ക്കുകയും ചെയ്ത ഗുണഭോക്താക്കൾക്ക് അവരുടെ ആധാരം തിരികെ നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) 1996-ൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പ എടുക്കുകയും തുക പൂർണ്ണമായും തിരിച്ചടയ്ക്കുകയും ചെയ്ത ചേർത്തല മുനിസിപ്പൽ 23-ാം വാർഡിൽ കണത്താപറമ്പത്ത് വെളിയിൽ ശ്രീ. കെ. വി. മനോഹരൻ തന്റെ ആധാരം തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ ; ഇദ്ദേഹത്തിന്റെ ആധാരം തിരികെ നൽകുന്നതിന് ഹൗസിംഗ് ബോർഡിലെ ഉദ്യോഗസ്ഥർ തടസ്സം പറയുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; ആധാരം എത്രയും വേഗം തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം വായ്പ ലഭിച്ച് തുക പൂർണ്ണമായും തിരിച്ചടച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ഒഴിമുറി രജിസ്റ്റർ ചെയ്തു കൊണ്ടുവരുന്ന മുറയ്ക്ക് അവർ ബോർഡിൽ പണയപ്പെടുത്തിയിട്ടുള്ള ആധാരം തിരികെ നൽകിവരുന്നു. ഇതിന് തടസ്സങ്ങളൊന്നും ഇല്ല.

(ബി) ആധാരം തിരികെ ലഭിക്കുന്നതിന് ശ്രീ. കെ. വി. മനോഹരൻ അപേക്ഷ നൽകിയിട്ടില്ല. ചേർത്തല മുനിസിപ്പൽ 23-ാം വാർഡിൽ കണത്താപറമ്പത്ത് വെളിയിൽ ശ്രീ. കെ. വി. മനോഹരൻ, ചേർത്തല ബ്രാഞ്ച് ഓഫീസിൽനിന്നും സി/305/ഇ.ഡബ്ല്യു.എസ്. നമ്പരായി എടുത്ത വായ്പ, 20-5-2009-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 21/2009/ഭവനം പ്രകാരം എഴുതിത്തള്ളിയിട്ടുള്ളതാണ്. എന്നാൽ ഒഴിമുറി രജിസ്റ്റർ ചെയ്ത് ഹാജരാക്കുന്നതിന് ആയതിന്റെ നക്കൽ പണയാധാരം സഹിതം ഹൗസിംഗ് ബോർഡിൽനിന്നും ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണ്. ആയത് രജിസ്റ്റർ ചെയ്ത് ഹാജരാക്കാൻ

കാലതാമസം നേരിടുന്നതിനാലാണ് ആധാരം തിരികെ നൽകാൻ ഹൗസിംഗ് ബോർഡിന് സാധിക്കാത്തത്.

**ഭവന നിർമ്മാണ ബോർഡ് വായ്പാ പലിശയിൽ ഇളവ്**

155 (7991) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്നും കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോഴും നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഭവന നിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പയുടെ പലിശ ഇളവ് നൽകുന്നത് ഏതു വർഷം വരെയുള്ളവർക്കാണെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പ എടുത്തിട്ടുള്ളവർ മരണപ്പെട്ടാൽ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കപ്പെടുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) ഭവന നിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പകൾക്ക് പലിശ ഇളവ് അനുവദിച്ചിട്ടില്ല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശ, വീഴ്ചപ്പലിശ ഇനത്തിലുള്ള ഇളവുകൾ എല്ലാ വായ്പകൾക്കും ബാധകമാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 30-6-2014-ൽ അവസാനിച്ചു.

(സി) വായ്പക്കാരൻ മരണപ്പെട്ടാൽ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കപ്പെടില്ല. മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശികൾ ബോർഡിന്റെ ബാദ്ധ്യത തീർക്കാത്തപക്ഷം വായ്പക്കാരൻ ബോർഡുമായി ഏർപ്പെട്ട പണയാധാരത്തിലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ റിക്കവറി നടപടികളിലൂടെ ബോർഡിന്റെ കുടിശ്ശിക ഈടാക്കുന്നതാണ്.

**കൊട്ടാരക്കര മണ്ഡലത്തിൽ സാഫല്യം ഭവന പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾ**

156 (7992) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ സാഫല്യം ഭവനപദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ വിശദാംശങ്ങൾ

ലഭ്യമാക്കുമോ ;

(ബി) 2013-14 സാമ്പത്തികവർഷം കൊട്ടാരക്കര മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് അനുമതി നൽകിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങളും ഭവനനിർമ്മാണത്തിന്റെ പുരോഗതിയും ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ സാഫല്യം ഭവന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) ഉത്തരം (എ)യുടെ വെളിച്ചത്തിൽ ബാധകമല്ല.

**മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകൾ**

157 (7993) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭവനനിർമ്മാണവകുപ്പിൽ നിന്നും മാവേലിക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ലഭിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഭവനനിർമ്മാണ വകുപ്പ് നടപ്പിലാക്കിയ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതിയുടെ നിബന്ധനകൾ വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ ഭവന നിർമ്മാണ ബോർഡിൽനിന്നും വീടുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി) അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 30-6-2014-ൽ അവസാനിച്ചു.

(ഡി) 7-2-2004 മുതൽ ബോർഡിൽ നടപ്പിലാക്കി വരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിവിധ ഉത്തരവുകളിലായി ദീർഘിപ്പിച്ച് അവസാനമായി 1-3-2014-ലെ സ.ഉ. (എംഎസ്.) 4/2014/ഭവനം പ്രകാരം 1-1-2014 മുതൽ 30-6-2014 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വായ്പാ/ഹയർ പർച്ചേയ്സ് ഗുണഭോക്താവിന് ഇനിപറയും പ്രകാരം ഇളവ് നൽകിയിരുന്നു. താഴ്ന്ന (LIG)/ഇടത്തരം (MIG) വരുമാന വിഭാഗക്കാർക്ക് കുടിശ്ശിക തുകയ്ക്ക് ഈടാക്കിവരുന്ന പിഴപ്പലിശ പൂർണ്ണമായും, മുടക്കപ്പലിശയിൽ 70 ശതമാനവും ബാക്കി നിൽക്കുന്ന മുതലിന്റെ 5 ശതമാനം ഇളവും ലഭിക്കുന്നതാണ്. HIG വിഭാഗത്തിന് മുടക്കപ്പലിശ 50%, പിഴപ്പലിശ 100% ബാക്കി നിൽപ്പുതുകയിൽ 5% ഇളവും ലഭിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടി നേരിടുന്ന ഗുണഭോക്താക്കൾക്കും പ്രസ്തുത ഇളവ് കൂടാതെ കളക്ഷൻ ചാർജ്ജ് ഇനത്തിലും ഇളവുണ്ട്. പദ്ധതിയുടെ കാലാവധിക്കുള്ളിൽ തുക ഒന്നായോ, ഗഡുക്കളായോ അടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യുകയോ കുടിശ്ശിക തീർക്കുകയോ ചെയ്യാവുന്നതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം റീഫണ്ട് അനുവദിക്കുന്നതല്ല. ബോർഡ് ജീവനക്കാർക്ക് ആനുകൂല്യങ്ങളോടുകൂടി അനുവദിച്ചിട്ടുള്ള അലോട്ട്മെന്റുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ബാധകമല്ല. വായ്പാ കുടിശ്ശിക സംബന്ധിച്ച് ബോർഡിനോ ഗവൺമെന്റിനോ എതിരായി കേസ് ഫയൽ ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ പ്രസ്തുത കേസിന്റെ വിധിയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ കേസ് പിൻവലിച്ച ശേഷമോ തീരുമാനമെടുക്കുന്നതാണ്.

(ഇ) 7-2-2004 മുതൽ 30-6-2014 വരെ സംസ്ഥാനത്ത് 69400 പേർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

**പരമ്പരാഗത വ്യവസായങ്ങളുടെ വികസനം**

158 (7994) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈറ്റ/മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള

തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത വ്യവസായവുമായി ബന്ധപ്പെട്ടു നിൽക്കുന്ന തൊഴിലാളികൾക്ക് മറ്റു തൊഴിൽ മേഖലകളെക്കാൾ കുറഞ്ഞ വേതനവും ആനുകൂല്യങ്ങളും, സൗകര്യങ്ങളുമാണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(ഡി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തിയില്ലെങ്കിൽ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകുമെന്നത് കണക്കിലെടുത്തും പ്രസ്തുത വ്യവസായത്തിന്റെ നിലനില്പ് കണക്കിലെടുത്തും ശക്തമായ നവീകരണ പരിപാടികൾ നടപ്പിലാക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈറ്റ/മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം ലക്ഷ്യമാക്കി കേരള ബാംബൂ കോർപ്പറേഷൻ വഴി കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. തൊഴിലാളികൾക്ക് പി.എഫ്. ആനുകൂല്യം നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള മിനിമം വേതനം പദ്ധതിയുടെ ഭാഗമായി ഈ മേഖലയിലെ തൊഴിലാളികൾക്ക് കോർപ്പറേഷൻ 2013 മേയ് മുതൽ ഡി.എ. ആനുകൂല്യം നൽകിവരുന്നു. കോർപ്പറേഷന്റെ ഈറ്റവെട്ട്/കയറ്റിയിറക്ക്/ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്ര തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് കോർപ്പറേഷൻ കാലാകാലങ്ങളായി ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കൂടാതെ കോർപ്പറേഷൻ നേരിട്ട് നൽകുന്ന വിദ്യാഭ്യാസം, മെഡിക്കൽ, മരണാനന്തര സഹായം എന്നീ ക്ഷേമാശ്വാസങ്ങൾക്കു പുറമേ ഈ വിഭാഗം തൊഴിലാളികളെ സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന KBKPWW-ൽ അംഗങ്ങളാക്കുകയും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കേരള ബാംബൂ മിഷന്റെ കീഴിൽ വിപണന ശൃംഖല വർദ്ധിപ്പിക്കുവാൻ വേണ്ടി ഇന്ത്യയിൽ അറിയപ്പെടുന്ന മേളകളിൽ പങ്കെടുക്കുകയും കേരളത്തിൽ തന്നെ വർഷംതോറും അന്താരാഷ്ട്ര നിലവാരത്തിൽ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്യുന്നു. കരകൗശലക്കാർക്ക് കഴിവ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ അസംസ്കൃത വസ്തു ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷന്റെ സഹായത്തോടെ വനം വകുപ്പുമായി സഹകരിച്ച് മുളയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പൊതുഫണ്ടിൽനിന്നും റിയാബ് വഴി 170 ലക്ഷം രൂപയും ഹാന്റിക്രാഫ്റ്റ് സെക്ടറിൽ നിന്നും ജില്ലാ വ്യവസായ കേന്ദ്രം വഴി 80 ലക്ഷം രൂപയും ഉൾപ്പെടെ 2.5 കോടി രൂപ ബാംബൂ കോർപ്പറേഷനുവേണ്ടി നീക്കിവച്ചിട്ടുണ്ട്.

(സി) ഇല്ല. സംസ്ഥാന ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ തൊഴിലാളികൾക്ക് രണ്ട് വർഷത്തിനുള്ളിൽ 20% വേതന വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2011-ൽ പ്രഖ്യാപിച്ച മിനിമം വേതനം ഇവർക്ക് നടപ്പിലാക്കിയിട്ടുണ്ട്. ഇതോടെ ഒരു ശരാശരി സ്ത്രീ തൊഴിലാളിക്ക് അവർ ചെയ്യുന്ന ജോലിക്ക് അനുസൃതമായി ഇരുന്നൂറ്റി മുപ്പതോ അതിൽ കൂടുതലോ രൂപ പ്രതിദിനം ലഭിക്കുന്നുണ്ട്.

(ഡി) ബാംബൂ കോർപ്പറേഷന് കീഴിലെ തൊഴിലാളികളുടെ ജോലിഭാരം ലഘൂകരിക്കുന്നതോടൊപ്പം കൂടുതൽ ഉൽപ്പാദനക്ഷമത കൈവരുത്തുന്നതിനായി സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ പി.എഫ്., മെഡിക്കൽ, ഇൻഷ്വറൻസ് പരിരക്ഷ, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവ നൽകിവരുന്നു. അതുപോലെ സൗകര്യപ്രദമായ രീതിയിൽ ഈറ്റ ലഭ്യമാക്കുന്നതിനും പനമ്പ് ശേഖരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ളവ കൂടാതെ സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ എണ്ണം കൂട്ടാനും ലക്ഷ്യമിട്ടിട്ടുണ്ട്.

**പരമ്പരാഗത തൊഴിൽമേഖലയെ സംരക്ഷിക്കാൻ നടപടി**

159 (7995) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ഉല്പന്നങ്ങളുടെയും അതേ തരത്തിലെ യന്ത്രവത്കൃത ഉല്പന്നങ്ങളുടെയും വില നിലവാരത്തിൽ നില നില്ക്കുന്ന ഭീമമായ അന്തരം പരമ്പരാഗത തൊഴിലിനെ സാരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തൊക്കെ മുൻകരുതലുകളും നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) 2014-15 വർഷത്തിൽ പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് എന്തൊക്കെ

പ്രോത്സാഹനം നല്കാനാണ് ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരമ്പരാഗത കൈത്തറി മേഖലയിൽ പരമ്പരാഗത ഉൽപ്പന്നങ്ങളുടെയും അതേ തരത്തിലുള്ള യന്ത്രവത്കൃത ഉൽപ്പന്നങ്ങളുടെയും വിലനിലവാരത്തിൽ നിലനിൽക്കുന്ന അന്തരംമൂലമുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ റിബേറ്റും പ്രൈസ് സബ്സിഡിയും കഴിവുൽ സബ്സിഡിയും ഡൈസ് & കെമിക്കൽ സബ്സിഡിയും നൽകിവരുന്നു. റിസർവേഷൻ ഓഫ് ആർട്ടിക്കിൾ ഫോർ പ്രൊഡക്ഷൻ ആക്ട് പ്രകാരം കൈത്തറിയിൽ മാത്രമേ നിർമ്മിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ള ഇനങ്ങൾ യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വാല്യൂ അഡിഷൻ നടത്തിയും നൂതന ഡിസൈനുകൾ നൽകിയും ഉൽപ്പന്നങ്ങളെ കൂടുതൽ ആകർഷകമാക്കിയും വ്യാപക പ്രചരണം നടത്തി കൈത്തറി വസ്ത്രം ഉപയോഗിക്കുന്നതിൽ ജനങ്ങളെ ആകൃഷ്ടരാക്കുന്നുണ്ട്.

പരമ്പരാഗത കയർമേഖലയിൽ കയർ കോർപ്പറേഷൻ ചെറുകിട ഉൽപാദക സഹകരണ സംഘങ്ങളിൽനിന്നും സംഭരിച്ച് എക്സ്പോർട്ടർമാർക്ക് ഉൽപ്പന്നങ്ങൾ നൽകിവരുന്നു. 100% കൈത്തറിയിലുണ്ടാക്കുന്ന കയറുൽപ്പന്നങ്ങൾ കയറ്റുമതിക്കായി എക്സ്പോർട്ടർമാർ കയർ കോർപ്പറേഷനിൽനിന്നും വാങ്ങുമ്പോൾ അതിന്റെ വിലയുടെ 7.5% ഡിസ്കൗണ്ട് അവർക്ക് നൽകുന്ന ക്രയവില സ്ഥിരതാ പദ്ധതി കയർ മേഖലയിൽ വിജയകരമായി നടപ്പാക്കിവരുന്നു.

പരമ്പരാഗത കരകൗശലമേഖലയിൽ ഉൽപ്പന്നങ്ങളുടെയും അതേതരത്തിലുള്ള യന്ത്രവത്കൃത ഉൽപ്പന്നങ്ങളുടെയും വിലനിലവാരത്തിൽ നിലനിൽക്കുന്ന അന്തരം പരിഹരിക്കുന്നതിനായി കരകൗശല തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ സബ്സിഡി ഇനത്തിൽ നൽകിവരുന്നു. കൂടാതെ കരകൗശല മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ സാങ്കേതിക മികവ് ഉയർത്തുന്നതിന് ഉതകുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

ഖാദി മേഖലയിൽ വിലയിലെ അന്തരം കുറയ്ക്കുന്നതിനായി 20% റിബേറ്റ് ഇനത്തിൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാരും, 10% വിലക്കുറവ്

എം.ഡി.എ.-ൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരും സഹായം നൽകിവരുന്നു. ഖാദി തൊഴിലാളികളുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് ഇൻകം സപ്പോർട്ട് സ്കീമിലൂടെ സർക്കാർ ധനസഹായം നൽകുന്നു. കൂടാതെ പ്രൊഡക്ഷൻ ഇൻസെന്റീവും ഉത്സവ ബത്തയും നൽകിവരുന്നു.

(സി) പരമ്പരാഗത കശുവണ്ടിമേഖലയുടെ പ്രോത്സാഹനത്തിനായി പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 2014-15 സാമ്പത്തിക വർഷത്തിൽ മോഡണൈസേഷനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി 28 കോടി രൂപയും സി.ഡി.സി. ബ്രാൻഡ് പ്രൊമോഷനുവേണ്ടി 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിലെ സഹകരണ സ്ഥാപനമായ കാപ്പെക്സിന്റെ ഫാക്ടറികളിൽ ആധുനികവത്കരണവും ഭാഗിക യന്ത്രവത്കരണവും നടത്തുവാനുള്ള പദ്ധതിക്കും കാപെക്സിന്റെ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ദേശീയതലത്തിലും അന്താരാഷ്ട്ര തലത്തിലും വിറ്റഴിക്കുന്നതിനായുള്ള പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുണ്ട്.

പരമ്പരാഗത കയർമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കയർ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതമായി 11693.90 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിപണനം, പ്രചരണ പരിപാടികൾ, വ്യാപാരമേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനക്കുള്ള വിപണി വികസന സഹായത്തിനായും കയർ ഭൂവസ്ത്ര വികസന പരിപാടിക്കായും കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായത്തിനായും സംരംഭകർക്കുള്ള മാർജിൻമണി വായ്പക്കായും കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവത്കരണത്തിനായും പരിശീലന പരിപാടികൾക്കായും ഉൽപ്പാദന വിപണന പ്രചോദനങ്ങൾക്കായും വിലവ്യതിയാനം പരിഹരിക്കുന്നതിനായും കയർ സഹകരണ സംഘങ്ങളിലെ സർക്കാർ ഓഹരി പങ്കാളിത്തത്തിനായും കയർ മേഖലയിലെ ക്ലസ്റ്റർ വികസന പരിപാടികൾക്കായും കയർ ഭവൻ കെട്ടിട നിർമ്മാണത്തിനായും വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പരമ്പരാഗത കൈത്തറി മേഖലയുടെ പ്രോത്സാഹനത്തിനായി പരമ്പരാഗത കൈത്തറി വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയും അവ ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ഹാന്റക്സ്,

ഹാൻവീവ്, പ്രൈമറി കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റും കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് മാർക്കറ്റിങ് ഇൻസെന്റീവും നൽകിവരുന്നു. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി നൽകുകയും ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനായി സഹായം നൽകുകയും ചെയ്തു വരുന്നു. ഉത്സകാലങ്ങളോട് അനുബന്ധിച്ച് ജില്ലകൾതോറും പ്രദർശനങ്ങൾ, വിൽപനമേളകൾ എന്നിവ സംഘടിപ്പിക്കുകയും കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വ്യാപക പ്രചരണം നടത്തുകയും ചെയ്യുന്നു. കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവത്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു. കൈത്തറി നെയ്ത്തുകാർക്ക് സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുന്നു. നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു. ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നു. ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധ തൊഴിലാളികളേയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.

പരമ്പരാഗത കരകൗശലമേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെയും സുരഭിയുടെയും വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ എക്സിബിഷനുകൾ നടത്തുക, ഹെൽത്ത് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുക, പ്രാഥമിക സംഘങ്ങളുടെ പണിപ്പുര പുതുക്കി പണിയുക, പുതിയ മെഷീനറികൾ സ്ഥാപിക്കുക, ട്രെയിനിങ് നൽകുക എന്നിവയാണ് മുഖ്യമായും ഉദ്ദേശിക്കുന്നത്. കാഡ്കോയുടെ പരിധിയിൽ വരുന്ന ആർട്ടിസാൻമാരുടെ ഉന്നമനം ലക്ഷ്യമിട്ട് ആർട്ടിസാൻ വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ സർക്കാർ ധനസഹായത്തോടെ വിവിധ ജില്ലകളിൽ നടത്തിവരുന്നുണ്ട്. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശല തൊഴിലാളികളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിച്ച് പുതുമയാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഖാദിമേഖലയിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്. ഗ്രാമവ്യവസായ മേഖലയിൽ പരമ്പരാഗത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ സംരംഭകർക്ക് സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതാണ്.

## പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധിമൂലം ദുരിതമനുഭവിക്കുന്നവരുടെ പുനരധിവാസം

160 (7996) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമേഖലയിലെ പ്രതിസന്ധി കാരണം ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോ ; വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ പുനരധിവസിപ്പിക്കപ്പെടേണ്ടതായ എത്ര പേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രതിസന്ധിയിൽപ്പെട്ട പരമ്പരാഗത വ്യവസായ മേഖലയെ ആധുനികവൽക്കരണത്തിലൂടെ പുനരുദ്ധരിക്കാനുള്ള സാദ്ധ്യതയെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

(എ) പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെയും പ്രസ്തുത മേഖലയിലെ തൊഴിലാളികളേയും പുനരുദ്ധരിക്കുന്നതിനും സംരക്ഷിക്കുന്നതിനും സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നു. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകിവരുന്നു. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും

കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകി വരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു.

കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ കൂടുതൽ ലഭ്യതയ്ക്ക് വേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുകയും കൂടുതൽ പ്രവർത്തന മൂലധനം അനുവദിക്കുകയും ചെയ്തുവരുന്നു. തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പി ക്കുന്നതിനും തന്മൂലം തൊഴിലാളികൾക്ക് വർഷം മുഴുവൻ മികച്ച വേതനം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനായി ഭാഗീകമായ യന്ത്രവൽക്കരണം നടപ്പിലാ ക്കിയിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു.

പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ ഇൻസെന്റീവ് വർദ്ധിപ്പിച്ചു കൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കയർ പിരി, ഡീഫൈബറിങ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി കാരണം പ്രവർത്തനം നിലച്ചു പോയ സഹകരണ സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും പുനരുദ്ധാരണത്തിന് ധനസഹായം നൽകിവരുന്നു. സംസ്ഥാന സർക്കാർ പദ്ധതിയായ എന്റെ ഗ്രാമം പദ്ധതി വഴിയും കേന്ദ്ര സർക്കാരിന്റെ പി.എം.ഇ.ജി.പി. വഴിയും പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെടാൻ സാമ്പത്തിക സഹായം നൽകിവരുന്നു. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡ് വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

ഖാദിമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കരകൗശലമേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ കേരള കരകൗശല വികസന കോർപ്പറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം നടത്തിവരുന്നു. കരകൗശല തൊഴിലാളികൾക്ക് കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായവും തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായമേഖലയിൽ പുനരധിവസിപ്പിക്കപ്പെടേണ്ടവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി പഠനം നടത്തുവാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയിലെ ഹാന്റെക്സ്, പ്രൈമറി കൈത്തറി സംഘങ്ങൾ എന്നിവയുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലക്കായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് അനുസൃതമായ ധനസഹായം അർഹതയുള്ള സംഘങ്ങൾക്ക് നൽകിവരുന്നു. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി യാൺ ബാങ്കുകൾ സ്ഥാപിക്കുകയും അവയുടെ വിലയിലുള്ള വ്യതിയാനം പിടിച്ചുനിർത്തുന്നതിന് കഴിഞ്ഞുൽ സബ്സിഡി നൽകിവരുന്നുമുണ്ട്. ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിനും കലാമേന്മ വർദ്ധിപ്പിക്കുന്നതിനും പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

ഡോബി, ജെക്കാർഡ് തുടങ്ങിയ സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം നൽകിവരുന്നു.

ഖാദിമേഖലയുടെ ആധുനികവത്കരണം സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റിയെ നിയോഗിച്ചിരുന്നതും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതുമാണ്.

പരമ്പരാഗത കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങളേയും പ്രതിസന്ധികളേയും പറ്റി സമഗ്രമായ പഠനം നടത്തുന്നതിനായി ശ്രീ. ആനത്തലവട്ടം ആനന്ദൻ ചെയർമാനായി ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്കരണം നടപ്പാക്കി ആധുനികവത്കരിക്കുന്നതിനടക്കമുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിരുന്നു. പ്രസ്തുത ശുപാർശയടക്കം മിക്ക നിർദ്ദേശങ്ങളും കയർമേഖലയിൽ നടപ്പാക്കിയിട്ടുണ്ട്.

**പരമ്പരാഗത വ്യവസായങ്ങൾ**

161 (7997) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിലുള്ള വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) കൈത്തറി വ്യവസായം, കശുവണ്ടി വ്യവസായം, കയർ വ്യവസായം, ഖാദി ഗ്രാമവ്യവസായങ്ങൾ, കരകൗശലമേഖല, ഈറ്റ-പനമ്പ് വ്യവസായങ്ങൾ എന്നിവയെ പരമ്പരാഗത വ്യവസായങ്ങളായി കണക്കാക്കിവരുന്നു.

(ബി) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലവഴി ഏകദേശം

50433 പേർക്കും ഖാദിഗ്രാമവ്യവസായമേഖല വഴി ഏകദേശം 174711 പേർക്കും പരമ്പരാഗത കരകൗശല മേഖല വഴി ഏകദേശം മൂന്ന് ലക്ഷം പേർക്കും പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ കേരള കശുവണ്ടി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനമായ കാപെക്സ് എന്നിവ വഴി ഏകദേശം 18723 തൊഴിലാളികൾക്കും പരമ്പരാഗത കയർ വ്യവസായ മേഖല മുഖേന ഏകദേശം 3.75 ലക്ഷം പേർക്കും തൊഴിൽ ലഭിക്കുന്നതായി കണക്കാക്കുന്നു.

(സി) പരമ്പരാഗത കൈത്തറി വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുകയും അവ ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി നൽകുകയും ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനായി സഹായം നൽകുകയും ചെയ്തുവരുന്നു. വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്സവ സീസണുകളിൽ ജില്ലകൾതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു. കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവത്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു. കൈത്തറി നെയ്ത്തുകാർക്ക് സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുന്നു. നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

കയർമേഖലയിൽ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരവും അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർപിരി സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ട് അനുവദിക്കുന്നുണ്ട്. തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കി വരുന്നു. മിനി ഡീഫൈബറിങ് മെഷീൻ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യ ഉൽപാദകർക്ക് സബ്സിഡി നിരക്കിലും നൽകിവരുന്നു. ഉൽപാദനവും വിപണന പ്രചോദനവും പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു. വിപണി വികസന സഹായ പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധനസഹായം നൽകുന്നു. ഡീഫൈബറിങ് മില്ലുകളുടെ നവീകരണം,

പുനരുദ്ധാരണം, പുതിയവ സ്ഥാപിക്കൽ എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം മിനിമം കൂലിയുടെ ഒരു വിഹിതം സർക്കാർ വകയായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സ്വകാര്യ സംരംഭകർക്ക് മാർജിൻമണി വായ്പ, സ്പെഷ്യൽ ഇൻസെന്റീവ് സബ്സിഡി എന്നിവ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കരകൗശല തൊഴിൽ മേഖലയുടെ പുരോഗതിക്കായി അർഹതപ്പെട്ട കരകൗശല തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. രാജീവ് ഗാന്ധി ശിൽപി സ്വസ്തി യോജന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം കരകൗശലതൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നുണ്ട്. കരകൗശല മേഖലയിലെ തൊഴിലാളികൾക്കായി ഈ മേഖലയിലെ സഹകരണ അപെക്സ് സ്ഥാപനമായ സുരഭി സർക്കാർ സഹായത്തോടെ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം, എ.എച്ച്.വി.വൈ. സ്കീം, സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിങ്, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ നടത്തിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്.

പരമ്പരാഗത കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപറേഷനിലേയും സഹകരണ സ്ഥാപനമായ കാപെക്സിലെയും തൊഴിലാളികൾക്ക് ശമ്പളം, ഡി.എ., ലീവ് ആനുകൂല്യങ്ങൾ, ബോണസ്, പി.എഫ്., ഇ.എസ്.ഐ., ക്ഷേമനിധി, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നു.

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കിവരുന്ന പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് നിശ്ചിത തുക മാർജിൻ മണി ഗ്രാന്റായി നൽകിവരുന്നുണ്ട്. ഗ്രാമ വ്യവസായത്തിൽപ്പെടുന്ന കുമ്മായം, കളിമൺ പാത്രം,

കരിപ്പട്ടി, പനംകൽക്കണ്ടം, സോപ്പ് തുടങ്ങിയ വ്യവസായങ്ങൾക്ക് പുനരുജ്ജീവന പരിപാടികൾ ആവിഷ്കരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. ഖാദിതൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ അനുവദിക്കുന്നന തുക ഉപയോഗിച്ച് മിനിമം വേതനം നൽകിവരുന്നുണ്ട്.

**സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ**

162 (7998) ശ്രീ. കെ. മുരളീധരൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സംസ്ഥാനത്തെ വ്യവസായ കുതിപ്പിന് ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി "സംരംഭകത്വ സഹായ പദ്ധതി" നടപ്പിലാക്കുകയുണ്ടായി.

കൂടാതെ,

(1) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ

ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.

(2) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.

(3) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.

(4) ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകിവരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉൽപന്നങ്ങളുടെ ഉൽപാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകുന്നുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് എന്നീ പശ്ചാത്തല സൗകര്യങ്ങൾ കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നിവ മുഖേന ലഭ്യമാക്കുന്നു. കൂടാതെ, ഇടത്തരം വൻകിട മേഖലയിലുള്ള വ്യവസായം തുടങ്ങുവാൻ വിവിധ വകുപ്പുകളിൽ നിന്നുമുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു. വ്യവസായം തുടങ്ങാനുള്ള ധന വായ്പയും പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു.

(ബി) സാമൂഹിക സാമ്പത്തിക വളർച്ചയിലേക്ക് സംഭാവന ചെയ്യുക. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക വഴി തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉന്മൂലനം ചെയ്യുക.

(സി) കേരളത്തിന്റെ വ്യവസായ വികസനത്തിനും ഈ സംസ്ഥാനത്തിനെ ഒരു നിക്ഷേപ സൗഹൃദ മേഖലയാക്കി മാറ്റുന്നതിനും ഇത് പ്രയോജനപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സംരംഭകരിൽനിന്നും ധനകാര്യ സ്ഥാപനങ്ങൾ വഴിയും സംരംഭകത്വ സഹായ പദ്ധതി വഴിയുള്ള ഗ്രാന്റായും ധനം സമാഹരിക്കുന്നു. കൂടാതെ, വ്യവസായ പാർക്ക്/എസ്റ്റേറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ ധനം സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായും കേന്ദ്ര സർക്കാരിന്റെ ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതികൾ വഴിയും ലഭ്യമാക്കുന്നു.

**പുതിയ വ്യവസായം ആരംഭിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

163 (7999) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ വ്യവസായം ആരംഭിക്കുന്ന ചെറുകിട/വൻകിട വ്യവസായ സ്ഥാപനങ്ങൾക്കും, സംരംഭകർക്കും എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് അവയുടെ സ്ഥിരനിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, യുവാക്കൾ (45 വയസ്സിൽ താഴെ) എന്നിവർക്ക് ഇത് 20 ശതമാനവും പരമാവധി 30 ലക്ഷം രൂപവരെയുമാണ് ഈ പദ്ധതി പ്രകാരം സബ്സിഡി നൽകുക. മുൻഗണനാ വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾക്കും പിന്നോക്ക ജില്ലയിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതികവിദ്യ പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10% പരമാവധി 10 ലക്ഷം രൂപവരെ അധിക സബ്സിഡി ലഭിക്കുന്നതാണ്. ഇടുക്കി, വയനാട്, കാസർകോട്, പത്തനംതിട്ട ജില്ലകളെ പിന്നോക്ക ജില്ലകളുടെ ഗണത്തിൽപ്പെടുത്തിയിരിക്കുന്നു. ഒരു യൂണിറ്റിന് പരമാവധി 30 ലക്ഷം രൂപ വരെ സഹായം ലഭിക്കുന്നു.

ഈ പദ്ധതി പ്രകാരം സംരംഭം തുടങ്ങാൻ പ്രാരംഭ ഘട്ടത്തിൽ മൂന്ന് ലക്ഷം രൂപ വരെ 'സ്റ്റാർട്ടപ്പ് സപ്പോർട്ട് ' അനുവദിക്കുന്നു. ഉൽപാദനം തുടങ്ങി ഒരു വർഷത്തിനകം ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് ആയി പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം ഗ്രാന്റായി ലഭിക്കും. ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി പ്രവർത്തനമാരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്ക് ടെക്നോളജി സപ്പോർട്ടായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും.

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് എന്നീ പശ്ചാത്തല സൗകര്യങ്ങൾ കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നിവ മുഖേന ലഭ്യമാക്കുന്നു.

കൂടാതെ, ഇടത്തരം വൻകിട മേഖലയിലുള്ള വ്യവസായം തുടങ്ങുവാൻ വിവിധ വകുപ്പുകളിൽനിന്നുമുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു.

വ്യവസായം തുടങ്ങാനുള്ള ധന വായ്പയും പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

164 (8000) ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ഡോ. കെ. ടി. ജലീൽ :

ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമല്ലാതെ പ്രവർത്തിക്കുന്ന പൊതുമേഖലസ്ഥാപനങ്ങളോടും കമ്പനി മേധാവികളോടും ഈ സർക്കാർ സ്വീകരിക്കുന്ന നയം വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും അവലോകനത്തിനുമുള്ള സമിതിയായ റിയാബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം പാലിക്കാറുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിനായി പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ കമ്പനി മേധാവികൾക്ക് നൽകുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഹ്രസ്വ-ദീർഘകാല പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യമായ ധനസഹായവും പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ നിരീക്ഷണവും അവലോകനവും നടത്തിവരികയും ചെയ്യുന്നു.

(ബി) ഉണ്ട്; റിയാബിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ വിദഗ്ദ്ധരായവരെ ഉൾപ്പെടുത്തി, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി റിയാബിന്റെ ഗവേർണിംഗ് ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുടെ ആവശ്യകതയും പ്രായോഗ്യക്ഷമതയും കമ്പനികൾക്കുണ്ടാകുന്ന ഗുണങ്ങളും റിയാബ് മുഖേന വിശദമായി പരിശോധിച്ച് സാദ്ധ്യമായവ വർക്കിംഗ് ഗ്രൂപ്പ് വഴി അംഗീകരിച്ചാണ് ആവശ്യമായ ധനസഹായം നൽകുന്നത്.

**ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി**

165 (8001) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് പരിഹാരമാർഗമാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) തകർച്ച നേരിടുന്ന ബീഡി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര തൊഴിലാളികളും കുടുംബങ്ങളും ദുരിതമനുഭവിക്കുന്നുണ്ട് എന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവർക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ഇ) ഈ മേഖലയിൽ പ്രവർത്തിച്ചവർക്ക് സർക്കാർ നൽകേണ്ട പല ആനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിൽ നഷ്ടപ്പെട്ട 45 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള ദിനേശ്ബീഡി തൊഴിലാളികൾക്ക് 2009 ജൂൺ മാസം മുതൽ 500 രൂപ പ്രതിമാസ പെൻഷൻ അനുവദിച്ചിട്ടുള്ളതും പ്രസ്തുത പെൻഷൻ തുക 2013 ഫെബ്രുവരി മാസം വരെ വിതരണം ചെയ്തിട്ടുള്ളതുമാണ്. ബീഡി മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കുസാറ്റ് എന്ന സ്ഥാപനം മുഖേന പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ മറ്റുവകുപ്പുകളെ ഏകോപിപ്പിച്ച് പാക്കേജ് നടപ്പിലാക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള ദിനേശ്ബീഡി തൊഴിലാളികളുടെ 2780 കുടുംബങ്ങൾ അനാരോഗ്യം കാരണം ജോലി ഉപേക്ഷിച്ചതായി കണക്കാക്കുന്നു.

(ഡി) പുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഹാന്റ് ഹോൾഡിംങ് സർവ്വീസ് നടത്തുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുക, ബീഡി തൊഴിലാളികളെ കാർഷികാധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കി പുനരധിവസിപ്പിക്കുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) അനാരോഗ്യവും തൊഴിൽകുറവും കാരണം തൊഴിൽ നഷ്ടപ്പെട്ട 45 വയസ്സിനും 55 വയസ്സിനും ഇടയിൽ പ്രായമുള്ള ദിനേശ്ബീഡി തൊഴിലാളികൾക്ക് 2013 മാർച്ച് മാസം മുതലുള്ള ആശ്വാസപെൻഷൻ കുടിശ്ശിക തുക അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ**

166 (8002) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പുതിയ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. സംരംഭകത്വ സഹായ പദ്ധതിയിൻകീഴിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് 26-2-2015 മുതൽ 28-2-2015 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ബിസിനസ് ടു ബിസിനസ് മീറ്റിൽ റബ്ബർ അധിഷ്ഠിത വ്യവസായ മേഖലക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. കേരളത്തിലെ റബ്ബർ മേഖലയിലുള്ള ഇടത്തരം, ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തുള്ള വിപണികളിലേക്ക് വഴി തുറക്കുവാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

## താലൂക്ക് തല വ്യവസായ ഓഫീസുകൾ

167 (8003) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ചിട്ടുള്ള താലൂക്കുകളിൽ താലൂക്ക്തല വ്യവസായ ഓഫീസുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) നിലമ്പൂർ, തിരൂരങ്ങാടി എന്നീ താലൂക്കുകൾക്കായി വണ്ടൂർ, വേങ്ങര എന്നീ സ്ഥലങ്ങൾ കേന്ദ്രമായി പുതിയ ഓരോ താലൂക്ക് വ്യവസായ ഓഫീസുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പുതുതായി അനുവദിച്ചിട്ടുള്ള ശേഷിച്ച താലൂക്കുകളിൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

## മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖല

168 (8004) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ബി) മൾട്ടിലെവൽ മാർക്കറ്റിംഗിലൂടെ വിറ്റഴിക്കപ്പെടുന്ന സാധനങ്ങൾക്ക് വില്പനക്കാർ വാഗ്ദാനം ചെയ്യുന്ന ഗുണങ്ങൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ ; വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ വില്ക്കുന്ന സാധനങ്ങൾ വാങ്ങുന്ന ജനങ്ങൾ കബളിക്കപ്പെടുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൾട്ടിലെവൽ മാർക്കറ്റിംഗ് വഴി വില്പന നടത്തുന്നതിൽ സംസ്ഥാനത്തിന്

ലഭ്യമാകേണ്ട നികുതികൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധി ച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഉണ്ട്. മൾട്ടിലെവൽ മാർക്കറ്റിംഗ് വഴി സാധനങ്ങൾ വാങ്ങുന്ന ജനങ്ങൾ പലവിധത്തിൽ വഞ്ചിതരാകപ്പെടുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് പൊതുജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനായി മൾട്ടിലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കുന്നതിലേക്ക് നിയമ നിർമ്മാണം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും ടി സമിതി ഒരു കരട് ബിൽ തയ്യാറാക്കുകയും ആയത് ഇപ്പോൾ നിയമ വകുപ്പ് പരിശോധിച്ചുവരികയുമാണ്. ഉപഭോക്തൃതാൽപര്യം സംരക്ഷിക്ക ന്നതിനായുള്ള സംവിധാനങ്ങൾ കരട് ബില്ലിൽ വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾ പരാതിപ്പെടുകയാണെങ്കിൽ വിറ്റഴിക്കപ്പെടുന്ന സാധനങ്ങൾക്ക് ഗുണനിലവാരമുണ്ടോ എന്ന് പരിശോധിക്കുന്ന നിലവിലുള്ള പൊതുസംവിധാനം മൾട്ടിലെവൽ മാർക്കറ്റിംഗിന്റെ കാര്യത്തിലും ബാധകമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്**

169 (8005) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വ്യവസായ ഉച്ചകോടിയിൽ വന്ന പദ്ധതികൾക്ക് വിവിധ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഒരുക്കിയിരി ക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട് ;

വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സർക്കാരിന്റെ 24-9-2012-ലെ സ.ഉ. (സാധാ) നമ്പർ 1412/2012/വ്യവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ഈ ബോർഡിന്റെ അദ്ധ്യക്ഷനും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഈ ബോർഡിന്റെ കൺവീനറുമാണ്. കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമാണ്.

(ബി) എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി ലഭിച്ച വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി പദ്ധതി നിർദ്ദേശങ്ങൾക്ക് അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക മുതലായവയാണ് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡിന്റെ ലക്ഷ്യങ്ങൾ.

(സി) എമർജിംഗ് കേരള വ്യവസായ നിക്ഷേപക സംഗമത്തിൽ ലഭിച്ച പദ്ധതികളെക്കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുവാനുള്ള സൗകര്യങ്ങളാണ് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് ഒരുക്കിയിരിക്കുന്നത്. ഈ ബോർഡിൽ സർക്കാർ തലത്തിലുള്ള വിവിധ സെക്രട്ടറിമാരുടെ പ്രാതിനിധ്യം ഉള്ളതിനാൽ പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും കാലതാമസമോ തടസ്സമോ നേരിടുകയാണെങ്കിൽ അത് പെട്ടെന്ന് പരിഹരിക്കാൻ സാധിക്കും.

(ഡി) എമർജിംഗ് കേരള വ്യവസായ സംഗമത്തിൽ ലഭിച്ച വിവിധ പദ്ധതികളുടെ അംഗീകാരത്തിനുള്ള വിശദമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന ലഭിക്കുന്ന മുറയ്ക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് യോഗം കൂടുന്നതാണ്.

**എമർജിംഗ് കേരള വേറൊരു രൂപത്തിൽ വീണ്ടും നടത്തുന്നതിന് നീക്കം**

170 (8006) ശ്രീ. എളമരം കരീം :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള വേറൊരു രൂപത്തിൽ വീണ്ടും നടത്തുന്നതിനു വ്യവസായ വകുപ്പ് നീക്കം നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) എമർജിംഗ് കേരളയിൽ എത്ര പദ്ധതികളാണ് സമർപ്പിക്കപ്പെട്ടിരുന്നത് ; ഇതിൽ വിദേശത്തുനിന്നും സ്വദേശത്തുനിന്നും എത്ര കമ്പനികൾ വീതം ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 'യംഗ് എന്റർപ്രണർ സമ്മിറ്റ് ' എന്ന പേരിൽ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സംഗമം കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 2014 സെപ്റ്റംബർ 12-ന് കൊച്ചിയിൽ വച്ച് സംഘടിപ്പിക്കുന്നുണ്ട്.

(ബി) എമർജിംഗ് കേരള സംഗമത്തിൽ 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. അതിൽ വിവിധ വകുപ്പുകളായി 148 പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. ഇതിൽ 83 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിദേശത്തുനിന്നും സ്വദേശത്തു നിന്നുമുള്ള കമ്പനികളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

**അതിവേഗ റെയിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ**

171 (8007) ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം ലക്ഷ്യങ്ങളാണ് അതിവേഗ റെയിൽ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ

എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മുതൽ കാസർകോട് വരെ 526 കി.മീറ്റർ ദൈർഘ്യമുള്ള ഒരു അതിവേഗ റെയിൽപ്പാതയാണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ സാധ്യതാപഠന റിപ്പോർട്ട് പ്രകാരം ഈ പ്രോജക്ട് 90 കി.മീറ്റർ ഉപരിതലങ്ങളിലും 297 കി.മീറ്റർ തൂണിന് മുകളിലും 126 കി.മീറ്റർ ഭൂമിക്കടിയിൽ കൂടിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ആവശ്യത്തിലേക്കുള്ള ട്രാക്കിന് 20 മീറ്റർ വീതിയുള്ള സ്ഥലമേ ആവശ്യമുള്ളൂ. പാതയുടെ റൂട്ട്, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയ ശേഷമേ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

(ബി & സി) ഈ പദ്ധതിയുടെ വിശദമായ രൂപരേഖ ഡി.എം.ആർ.സി. തയ്യാറാക്കിവരുന്നു. ഇതിന്റെ സർവ്വേ ജോലികൾ 60% ഇതിനകം പൂർത്തീകരിച്ചിരിക്കുന്നു. സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗ്യാസ് പൈപ്പ്ലൈൻ നിർമ്മാണം**

172 (8008) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്ധ്രാപ്രദേശിൽ പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശത്തുണ്ടായ പൊട്ടിത്തെറിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഗ്യാസ് പൈപ്പ് ലൈൻ നിർമ്മിക്കുന്ന കാര്യത്തിൽ പുനഃപ്പരിശോധന ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ജനസാന്ദ്രതയിൽ ഏറെ മുന്നിലുള്ള സസ്ഥാനത്ത് ഇത്തരം അപകടം ഉണ്ടായാൽ സഭവിക്കാവുന്ന ദുരന്തത്തെ നേരിടാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പൈപ്പ് ലൈനിന് വേണ്ട സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മാണം നടപ്പിലാക്കണമെന്ന ധാരണയിലാണ് സർക്കാരും ഗെയ്ൽ കമ്പനിയും മുന്നോട്ട് പോകുന്നത്. ലോകമെമ്പാടും അംഗീകരിച്ചിട്ടുള്ള ASME (അമേരിക്കൽ

സൊസൈറ്റി ഓഫ് മെക്കാനിക്കൽ എഞ്ചിനിയേഴ്സ്) 31.8.B. SECTION 854.1 പ്രകാരമുള്ള പൈപ്പുകളാണ് ജനസാന്ദ്രത ഉള്ളയിടങ്ങളിൽ വിന്യസിക്കുന്നത്. ഇതിനുപുറമേ, വാർഷികാടിസ്ഥാനത്തിൽ ELECTRONIC GAUGE PIGGING ഉപയോഗപ്പെടുത്തി പൈപ്പിന്റെ ഘന നിരീക്ഷണവും ഗ്യാസിന്റെ നിരന്തരമായ അളവ് നിരീക്ഷണവും നടത്തുകയും CATHODIC PROTECTION INTEGRITY MANAGEMENT SYSTEM പൈപ്പ് ലൈൻ സംവിധാനത്തെ നിരീക്ഷിക്കുവാനും സംരക്ഷിക്കുവാനും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ, ദേശീയ തലത്തിലുള്ള OISD-യുടെ (OIL INDUSTRIES SAFETY DIRECTORATE) നിരീക്ഷണവും THIRD PARTY നിരീക്ഷണവും നടത്തേണ്ടത് നിയമപ്രകാരം അനിവാര്യമായതിനാൽ വർഷംതോറും ഇത് ചെയ്തുവരുന്നു. മേൽപ്പറഞ്ഞ സംവിധാനങ്ങൾ പൈപ്പ് ലൈനിന്റെ സുരക്ഷ ഉറപ്പുവരുത്തുവാൻ പര്യാപ്തമാണ്. ജനവാസ കേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുവാനാണ് ശ്രമം നടത്തുന്നത്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കനോലി കനാൽ ഉൾപ്പെടെയുള്ള ചെറുകിട കനാൽ ശൃംഖലയിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ കഴിയുമോ എന്ന സാധ്യത പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുവാൻ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഉന്നതതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

**ബ്രഹ്മോസിന്റെ വികസനം**

173 (8009) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മോസിന്റെ വികസനവുമായി ബന്ധപ്പെട്ട് കേരള സർക്കാരുമായി ഏതെങ്കിലും കരാർ നിലവിലുണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ബ്രഹ്മോസിന്റെ 2012 മുതലുള്ള ലാഭനഷ്ടകണക്കുകൾ വിശദമാക്കുമോ ;

<u>ഉത്തരം</u>

(എ) 5-12-2007-ന് കേരള സർക്കാർ കെൽടെക് എന്ന സ്ഥാപനം ബ്രഹ്മോസ് എയ്റോസ്പേസ് (പ്രൈ.) ലിമിറ്റഡിന് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ഒരു കൈമാറ്റ കരാർ ഒപ്പുവച്ചിട്ടുണ്ട്. ഈ കൈമാറ്റ കരാർ പ്രകാരം കേരള സർക്കാർ ബ്രഹ്മോസിന് കൂടുതൽ സൗകര്യങ്ങൾ നിർമ്മിക്കുന്നതിലേക്കാവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കുന്നതിനും പുതിയ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കാവശ്യമായി വരുന്ന നിയമപരമായതും അനുബന്ധമായ എല്ലാ സഹായവും

നൽകുന്നതായിരിക്കുമെന്ന് വ്യവസ്ഥയുള്ളതാണ്. മേൽപ്പറഞ്ഞ കൈമാറ്റ കരാർ അല്ലാതെ, ബ്രഹ്മോസിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരു കരാറും കേരള സർക്കാരും ബ്രഹ്മോസും തമ്മിൽ നിലവിലില്ല.

(ബി) ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകളനുസരിച്ച് കമ്പനിക്ക് 2011-12 സാമ്പത്തിക വർഷത്തിൽ 3.36 കോടി രൂപയുടെ നഷ്ടവും 2012-13 സാമ്പത്തിക വർഷത്തിൽ 3.24 കോടി രൂപയുടെ നഷ്ടവുമുണ്ടായിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പും ഓഡിറ്റും നടന്നുകൊണ്ടിരിക്കുകയാണ്.

## കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

174 (T* 8010) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പർച്ചേസ് ഓർഡർ ലഭിച്ചതിനുശേഷം ഉത്പാദിപ്പിച്ച മരുന്നുകൾ വാങ്ങിക്കൊണ്ട് പോകാത്തതുമൂലം ഭീമമായ ധനനഷ്ടം കമ്പനിക്ക് ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട് ; 2013-14 വർഷത്തിൽ ലെറ്റർ ഓഫ് ഇന്റെന്റ് അനുസരിച്ച് ഉത്പാദിപ്പിച്ച മരുന്നുകൾക്ക് പർച്ചെയ്സ് ഓർഡർ ലഭിക്കാത്തതുമൂലം 59.33 ലക്ഷം രൂപയുടേയും അസംസ്കൃത വസ്തുക്കളുടെ ഇനത്തിൽ 134.18 ലക്ഷം രൂപയുടേയും നഷ്ടമുണ്ടായിട്ടുണ്ട്.

## മലബാർ സിമന്റ്സ് ലിമിറ്റഡ്

175 (8011) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമൻറ്സ് ലിമിറ്റഡ് കഴിഞ്ഞ 8 വർഷമായി എത്ര കോടി രൂപയാണ് ലാഭമുണ്ടാക്കിയതെന്നു വ്യക്തമാക്കാമോ ;

(ബി) ഓരോ വർഷത്തെയും ലാഭവിവരം പ്രത്യേകം പ്രത്യേകമായി അറിയിക്കുമോ ;

(സി) കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസായ സ്ഥാപനം എന്തെങ്കിലും തരത്തിലുള്ള ഭീഷണി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫാക്ടറി പ്രദേശത്തെ ഇ.എസ്.എയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ കഴിഞ്ഞ 8 വർഷത്തെ ലാഭക്കണക്കിന്റെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്; കസ്തൂരി രംഗൻ റിപ്പോർട്ട് അതേപടി പ്രാബല്യത്തിൽ വന്നാൽ മലബാർ സിമന്റ്സിന്റെ ഖനിക്കും ഫാക്ടറിക്കും ടൗൺഷിപ്പിനും ഭീഷണിയാകുന്നതാണ്. റിപ്പോർട്ട് പ്രാബല്യത്തിൽ വരികയാണെങ്കിൽ 2019-ഓടുകൂടി ഖനിയുടെയും ഫാക്ടറിയുടെയും പ്രവർത്തനം പൂർണ്ണമായി നിർത്തേണ്ടതായിവരും.

(ഡി & ഇ) ഉണ്ട്; ഇ.എസ്.എ.-യിൽനിന്ന് ഒഴിവാക്കേണ്ട സ്ഥലങ്ങളെപ്പറ്റി സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും കഡസ്ട്രൽ മാപ്പിൽ അവ രേഖപ്പെടുത്തുവാനും വേണ്ടി സർക്കാർ നിയോഗിച്ച ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മീഷന് മുമ്പാകെ കമ്പനി ഖനിയും വ്യവസായശാലയും ടൗൺഷിപ്പും ഉൾപ്പെടുന്ന പ്രദേശം ഇ.എസ്.എ.-യുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു. കമ്മീഷന്റെ വിശദമായ പഠനത്തിനുശേഷം പരിഷ്കരിച്ച കഡസ്ട്രൽ മാപ്പിൽ ഈ പ്രദേശങ്ങളെ ഇ.എസ്.എ.-യിൽനിന്നും ഒഴിവാക്കാൻ വേണ്ടിയാണ് സമർപ്പിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബി.എച്ച്.ഇ.എൽ-ന്റെ നിക്ഷേപ/ടെക്നോളജി വികസനം

176 (8012) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പ്രവർത്തിച്ചുവരുന്ന കെ.ഇ.എൽ. യൂണിറ്റ് ബി.എച്ച്.ഇ.എൽ.-മായി സംയുക്ത സംരംഭം തുടങ്ങിയതിന് ശേഷം പുതിയ നിക്ഷേപമോ ടെക്നോളജി വികസനമോ വന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ബി.എച്ച്.ഇ.എൽ.ന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യവസായ വകുപ്പുമന്ത്രി ബി.എച്ച്.ഇ.എൽ. സന്ദർശിക്കുവാനും തൊഴിലാളികളെയും മാനേജ്മെന്റ് പ്രതിനിധികളെയും പങ്കെടുപ്പിച്ച് യോഗം വിളിച്ചുചേർത്ത് അവസ്ഥ മെച്ചപ്പെടുത്താനും ആവശ്യമായത് ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്. ബി.എച്ച്.ഇ.എൽ., ഇ.എം.എൽ. യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ടെണ്ടറുകളിൽ പങ്കെടുക്കുമ്പോൾ ടെണ്ടർ ഫീസ്, ഏണസ്റ്റ് മണി ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കുന്നതിൽ നിന്നും കമ്പനിയെ ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഈറ്റ, പനമ്പ് മേഖലയിലെ പ്രതിസന്ധി

177 (8013) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ ഈറ്റ, പനമ്പ് മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഗണിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന്

വ്യക്തമാക്കുമോ ;

(സി) ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിലില്ലായ്മ കാരണമുള്ള ജീവിത പ്രയാസം പരിഹരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഈറ്റ, പനമ്പ് മേഖലയുമായി ബന്ധപ്പെട്ട് കാര്യമായ പ്രതിസന്ധികളൊന്നും നിലനിൽക്കുന്നില്ല. സംസ്ഥാന ബാംബൂ കോർപ്പറേഷന് പനമ്പിന്റെ വിപണിയിൽ നേരിട്ടിട്ടുള്ള മാന്ദ്യം നേരിടാൻ വിപണി വിപുലപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത വ്യവസായമായ മുള അനുബന്ധ മേഖലകളിൽ പ്രായോഗിക സാങ്കേതിക പരിജ്ഞാന കുറവ്, വിപണന സാദ്ധ്യതയിലെ കുറവ്, കുറഞ്ഞ ഉൽപാദനക്ഷമത, ഉൽപന്നങ്ങളിലെ വൈവിദ്ധ്യമില്ലായ്മ തുടങ്ങിയ പ്രശ്നങ്ങളുടെ പരിഹാരത്തിനായി സംസ്ഥാന ബാംബൂ മിഷൻ ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി സഹകരിച്ച് പരിശീലകർക്ക് വേണ്ടിയുള്ള പരിശീലനം നൽകിവരുന്നു. വിപണന ശൃംഖല ശക്തമാക്കുന്നതിനായി കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്യുന്നു. മുളകൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന വിദഗ്ധരെ ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുപ്പിച്ചു. മുളകൊണ്ട് നൂതനമായ വസ്തുക്കൾ നിർമ്മിക്കുന്നതിനായുള്ള പരിശീലകരുടെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ ബാംഗ്ലൂർ ആസ്ഥാനത്ത് നടത്തി. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്ക് വേണ്ടി വിവിധ ജില്ലകളിൽ കരകൗശല പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ തൊഴിലാളികൾക്കെല്ലാം തന്നെ തൊഴിലും ചെയ്യുന്ന തൊഴിലിന് അനുസൃതമായ കൂലിയും കൃത്യമായി നൽകുന്നുണ്ട്.

**സ്വകാര്യമേഖലയിൽ കരിമണൽ ഖനനം**

178 (8014) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിൽ സമൃദ്ധമായുള്ള കരിമണൽ ഖനനം

ചെയ്യുന്നതിനായി സ്വകാര്യ മേഖലയെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കരിമണൽ ഖനനം ചെയ്തെടുത്തശേഷം ഏതെല്ലാം വാണിജ്യ ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നത് ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈയിനത്തിൽ എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്നതിന്റെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കരിമണലിൽനിന്നും ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ, സിലിമനൈറ്റ് തുടങ്ങിയവ വേർതിരിച്ചെടുക്കുന്നു. കൂടാതെ ഇൽമനൈറ്റിൽനിന്നും റ്റൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിക്കുന്നു.

(സി) 2011-12 സാമ്പത്തിക വർഷം മുതൽ 2014 ജൂൺ മാസം വരെയുള്ള കാലത്തേക്ക് റോയൽറ്റി ഇനത്തിൽ 15,07,67,2417 രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

**സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ചെലവഴിച്ച തുക**

179 (8015) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷൻെറ നാലു സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) മലബാർ സ്പിന്നിംഗ് മില്ലിന് നവീകരണത്തിനായി എത്ര കോടി രൂപ ചെലവഴിച്ചു ;

(സി) പരുത്തി വാങ്ങുന്നതിലും നൂൽ വിൽക്കുന്നതിലും നഷ്ടം വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(ഡി) ടെക്സ്റ്റൈൽ കോർപ്പറേഷനിലെ കെടുകാര്യസ്ഥതയുടെ വിവരങ്ങൾ അന്വേഷിച്ച ധനകാര്യ പരിശോധനാ വിഭാഗത്തിൻെറ റിപ്പോർട്ടിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള നാല് സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം 4.92 കോടി രൂപ 2013-14-ലെ ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചിട്ടുണ്ട്.

(ബി) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ നവീകരണത്തിനായി 0.30 കോടി രൂപയാണ് ചെലവഴിച്ചത്.

(സി) സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകൾക്കും പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾക്കും കൂടി ചേർന്ന് പഞ്ഞി (പരുത്തി) വാങ്ങുന്നതിനുള്ള സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖേനയും ഭാരത സർക്കാർ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിൽ നിന്നുമാണ് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ പഞ്ഞി വാങ്ങുന്നത്. അതുപോലെ സെയിൽസ് കമ്മിറ്റി കൂട്ടായി ചേർന്ന് വില നിശ്ചയിച്ചാണ് നൂൽ വിൽക്കുന്നത്. പഞ്ഞിയുടെ വിപണി വിലയിൽ ക്രമാതീതമായുണ്ടാകുന്ന വർദ്ധനവും ക്രമാനുസരണമായി നൂൽ വിപണി വിലയിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുന്നതുംമൂലമാണ് നഷ്ടമുണ്ടാകുന്നത്. കുറഞ്ഞവിലയിൽ ഗുണനിലവാരം ഉള്ള പഞ്ഞി വാങ്ങിയാൽ നഷ്ടം പരിഹരിക്കാവുന്നതാണ്.

(ഡി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

**ഹാന്റക്സിന്റെ പ്രവർത്തനം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

180 (8016) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റക്സിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രൈമറി സംഘങ്ങളിൽ നിന്നും ഹാന്റക്സ് സംഭരിച്ച തുണിത്തരങ്ങളുടെ വില കുടിശ്ശികയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൈത്തറി സംഘങ്ങളിൽ നിന്നും തുണിത്തരങ്ങൾ വാങ്ങുന്നതിനേക്കാൾ ഹാന്റക്സിനു താല്പര്യം അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രൈമറി സംഘങ്ങളിൽ നിന്ന് തുണിത്തരങ്ങൾ വാങ്ങിയ ഇനത്തിൽ ഹാന്റക്സ് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പ്രൈമറി സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ കൂടുതൽ സംഭരിക്കുന്നതിനും ഹാന്റക്സിനെ സജ്ജമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് തുണിത്തരങ്ങൾ വാങ്ങുന്നുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പദ്ധതി നടപ്പിലാക്കുമ്പോൾ പ്രാഥമിക സംഘങ്ങളുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കുവാൻ സാധിക്കുന്നതാണ്. പ്രൈമറി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന വിൽപ്പനയോഗ്യമായ തുണിത്തരങ്ങൾ ഹാന്റക്സ് പരമാവധി സംഭരിക്കുന്നതാണ്.

**കൈത്തറി വികസനം**

181 (8017) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറിയുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഹാന്റ്-ടെക്സിന് കോഴിക്കോട് ജില്ലയിൽ എത്ര വില്പന കേന്ദ്രങ്ങൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പല വില്പന കേന്ദ്രങ്ങളും ശോച്യാവസ്ഥയിൽ ആയതുകാരണം ഉപഭോക്താക്കൾ എത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതു പരിഹരിച്ച് വില്പനകേന്ദ്രങ്ങളെ ആകർഷകമാക്കി വില്പന വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറിയുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് 431 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഹാന്റക്സിന് കോഴിക്കോട് ജില്ലയിൽ 9 വിൽപ്പന കേന്ദ്രങ്ങളുണ്ട്. അവ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ്.

1. ബാലുശ്ശേരി
2. കോഴിക്കോട് നമ്പർ 1 കോഴിക്കോട്, കല്ലായി റോഡ്
3. ഫറൂക്ക്-നമ്പർ 1-ഫറൂക്ക്
4. കൊയിലാണ്ടി-കൊയിലാണ്ടി
5. കോഴിക്കോട്-ഷോറൂം- കോഴിക്കോട്
6. കോഴിക്കോട്-ദോത്തി ഷോറൂം- കോഴിക്കോട്
7. കോഴിക്കോട്-റിഡക്ഷൻ സെന്റർ - കോഴിക്കോട്
8. വടകര ഷോറൂം-വടകര
9. കല്ലാച്ചി ഷോറൂം-കല്ലാച്ചി

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വിൽപന ശാലകളുടെ നവീകരണത്തിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ ആരംഭിച്ച് ഉടൻതന്നെ പണികൾ പൂർത്തീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡിപ്പോ നവീകരിക്കുന്നതുവഴി അവ ആകർഷകമാക്കുവാനും വിൽപന വർദ്ധിപ്പിക്കുവാനും സാധിക്കും.

## കാസർഗോഡ് ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക

182 (8018) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം കൈത്തറി സഹകരണ സംഘങ്ങൾക്കാണ് റിബേറ്റ് കുടിശ്ശിക നൽകാനുള്ളതെന്ന് തുകയും സംഘവും തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിബേറ്റ് കുടിശ്ശികയ്ക്കായി ക്ലെയിം സമർപ്പിച്ചിട്ടുള്ള സംഘങ്ങളുടെ പേരും അവ ഉന്നയിച്ചിരിക്കുന്ന ക്ലെയിം സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) സംഘങ്ങൾ സമർപ്പിച്ചിരിക്കുന്ന ക്ലെയിം സംബന്ധിച്ച് പരിശോധന നടത്തി അർഹത നിർണ്ണയിച്ചതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്യുന്നതാണ്.

## ഇ-ഗവേണൻസ്

183 (8019) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഇ-ഗവേണൻസ് രംഗത്ത് ദേശീയതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾ പരിഗണിച്ചാണ് ഈ അർഹത ലഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഇ-ഗവേണൻസിലൂടെ ജനങ്ങൾക്ക് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) അംഗീകാരം ലഭിക്കുന്നതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ തലത്തിൽ ഇ-ഗവേണൻസ് രംഗത്ത് വിവിധ സർക്കാർ/ സർക്കാരേതര ഏജൻസികൾ ഏർപ്പെടുത്തിയിട്ടുള്ള നിരവധി പുരസ്കാരങ്ങൾ സംസ്ഥാന സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ദേശീയ തലത്തിൽ പല വിഭാഗങ്ങളിലായാണ് അവാർഡുകൾ നിശ്ചയിക്കുന്നത്. പൊതുവെ Citizen Centric ആയ ഇ-ഗവേണൻസ് പ്രോജക്ടുകളുടെ വിജയകരമായ നടത്തിപ്പിനാണ് അവാർഡുകൾ നൽകുന്നത്. ഇതിനുപുറമേ ആസൂത്രണം, നടപ്പിലാക്കൽ, പരിണാമം, ഭരണ നവീകരണം, ഇ-ഗവേണൻസ് പദ്ധതികളുടെ വ്യാപിപ്പിക്കൽ എന്നീ മാനദണ്ഡങ്ങളും അവാർഡിന് പരിഗണിക്കുമ്പോൾ കണക്കാക്കാറുണ്ട്.

നോമിനേഷൻ സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ അവാർഡ് കമ്മിറ്റി വിശദമായ സർവ്വേ നടത്തുകയും പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വ്യാപ്തി മനസ്സിലാക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തുവരുന്നത്.

(സി) സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കിവരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ലഭിക്കുന്നതാണ്. പൊതുരംഗത്തെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനമെടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനുംവേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, DDFS, e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന്

ഇ-പേയ്മെന്റ്, ഇ-ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ ഇ-സർവ്വീസ് നടപ്പിലാ ക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഇപ്പോൾ ഓൺലൈനായി നൽകിവരുന്ന സേവനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും പരാതികൾ സ്വീകരിക്കുന്നതിനായി "Citizen Help Desk" എന്ന പേരിൽ പുതിയ ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. SSDG പദ്ധതിയുടെ ഭാഗമായി State portal വഴിയും (e-services.kerala.gov.in) ഓൺലൈൻ സേവനങ്ങൾ നൽകുന്നുണ്ട്.

(ഡി) വിവിധ ഏജൻസികൾ അവാർഡുകൾക്കായി പൊതു പരസ്യത്തിലൂടെ ക്ഷണിക്കുമ്പോൾ അതാത് സ്ഥാപനങ്ങൾ തന്നെ നോമിനേഷൻ നേരിട്ട് സമർപ്പിച്ച് ഏജൻസികളുടെ പരിശോധനയ്ക്കും മറ്റ് നടപടികൾക്കും വിധേയമായി അംഗീകാരം നേടുകയാണ് ചെയ്തുവരുന്നത്. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ പ്രത്യേകിച്ച് നടപടികൾ സ്വീകരിക്കാറില്ല.

**ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ**

184 (8020) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ വിവരങ്ങൾ ഐ.ടി. വകുപ്പിന്റെ അനാസ്ഥമൂലം മറ്റു രാജ്യങ്ങളുടേയും ഏജൻസികളുടേയും കൈകളിലെത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) സെർവറുകളിൽ വിവരശേഖരണത്തിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കാൻ ഐ.ടി. വകുപ്പ് ആരെയാണ് ചുമതലപ്പെടുത്തിയത് എന്നും അവരുമായി ഉണ്ടാക്കിയ കരാറും നിബന്ധനകളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി സോഫ്റ്റ് വെയർ നിർമ്മാണം, പരിപാലനം, ഡാറ്റാബാങ്ക് നിയന്ത്രണം എന്നിവ ഐ.ടി. വകുപ്പുമായി കരാറിലേർപ്പെട്ട സ്ഥാപനവും ഐ.ടി. വകുപ്പുംകൂടി മറ്റു സ്വകാര്യ ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ അവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇവരുമായി കരാർ ഇല്ല എങ്കിൽ ആധാർ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സ്വകാര്യ കമ്പനിയുടെ വിവരങ്ങളും ഉന്നത ബന്ധങ്ങളും, വിവരങ്ങൾ ചോർത്തി നൽകിയതും അതിലൂടെ പൊതുജനങ്ങളുടെ വിവരങ്ങൾ തീവ്രവാദികൾക്കു ലഭിക്കാനിടയുണ്ടോ എന്നതും സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണം നടത്തുമോ ;

(ഇ) ആധാർ വിവരങ്ങൾ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് ഐ.ടി. വകുപ്പ് നാളിതുവരെ എന്തു തുക ചിലവഴിച്ചു ; എന്തു തുകയുടെ കേന്ദ്രസഹായം ലഭ്യമായി ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്റ്റേറ്റ് ഡാറ്റാ സെന്ററിലും UIDAI-യുടെ കേന്ദ്ര സെർവറിലുമായി സൂക്ഷിച്ചിട്ടുള്ള ആധാർ വിവരങ്ങൾ മറ്റ് രാജ്യങ്ങളുടേയോ ഏജൻസികളുടേയോ കൈകളിൽ എത്തിയിട്ടില്ല.

(ബി) ആധാറുമായി ബന്ധപ്പെട്ട വിവര ശേഖരണം നടത്തുന്നതിന് അഖിലേന്ത്യാ തലത്തിൽ UIDAI നൽകിയ സോഫ്റ്റ്‌വെയർ ആണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തിന് ആവശ്യമായ അധിക വിവരങ്ങൾ ശേഖരിക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ കെൽട്രോണിനെ ആണ് ഐ.ടി. മിഷൻ ചുമതലപ്പെടുത്തിയത്. കരാർ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) സോഫ്റ്റ്‌വെയർ നിർമ്മാണവും പരിപാലനവും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ കെൽട്രോണിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഡാറ്റാ ബേസ് നിയന്ത്രണം ഐ.ടി. മിഷനാണ് നിർവ്വഹിക്കുന്നത്. ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള അധിക വിവരങ്ങൾ ശേഖരിക്കുന്നതിനായി M/s ഓസ്പിൻ ടെക്നോളജീസ് വികസിപ്പിച്ച സോഫ്റ്റ്‌വെയർ കെൽട്രോൺ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആധാർ വിവരങ്ങൾ സ്വകാര്യ ഏജൻസിക്ക് കൈമാറിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഐ.ടി. മിഷനിൽനിന്നും കെൽട്രോണിൽ നിന്നും വിശദീകരണം വാങ്ങിയിരുന്നു. യു.ഐ.ഡി. സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എൻക്രിപ്റ്റ് ചെയ്ത് ശേഖരിക്കുന്ന വിവരങ്ങളായതിനാൽ ആധാർ വിവരങ്ങൾ സ്വകാര്യ ഏജൻസിക്കോ വ്യക്തികൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ ലഭ്യമാക്കാൻ സാധിക്കില്ല.

(ഇ) സംസ്ഥാന സർക്കാരിന് ആധാർ പ്രോജക്ടുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവ് ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ഇതിനാവശ്യമായ എല്ലാ ചെലവുകളും യുണിക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യു.ഐ.ഡി.എ.ഐ.) ആണ് വഹിക്കുന്നത്. ഇതുവരെ 9866.48 ലക്ഷം രൂപ കേന്ദ്ര സഹായ ധനമായി ലഭിച്ചതിൽ 8386.08 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## സർക്കാർ ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനും കമ്പ്യൂട്ടർവത്കരിക്കുന്നതിനും നടപടികൾ

185 (8021) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനും പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ബി) കമ്പ്യൂട്ടർവൽക്കരിച്ച സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടർ തകരാറുകൾ അടിയന്തരമായി പരിഹരിക്കുവാനും മെമ്മറി കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും സോഫ്റ്റ്‌വെയറുകൾ കലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്നു പറയാമോ ; ഈ നടപടികൾ തികച്ചും പര്യാപ്തമാണോ എന്നു പരിശോധിക്കാറുണ്ടോ ; ഈ സംവിധാനം കുറ്റമറ്റതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് പറയാമോ ?

### ഉത്തരം

(എ) സർക്കാർ ഓഫീസുകൾ ആധുനികവത്കരിക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അതത് വകുപ്പുകളിൽ രൂപം കൊടുത്ത സാങ്കേതിക വിദഗ്ധർ ഉൾപ്പെടെ ഉള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും അവരുടെ നിർദ്ദേശാനുസരണം കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വകുപ്പുകളെയും ഒരു പൊതു നെറ്റ്‌വർക്കിന് കീഴിൽ കൊണ്ടുവരികയും എല്ലാ വകുപ്പുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന ഡാറ്റാ സെന്ററിൽ എത്തിച്ചുകൊണ്ട് കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കിവരുന്നു. സർക്കാർ ഫയലുകളെ ഡിജിറ്റൈസ് ചെയ്യാൻ ഇ-ഓഫീസ് എന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇത് സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലും വിവരസാങ്കേതിക വിദ്യാ വകുപ്പിലും ആദ്യ ഘട്ടമായി നടപ്പിലാക്കി കഴിഞ്ഞു. ക്രമേണ ഇത് മറ്റ് സർക്കാർ ഓഫീസുകളിലേക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ ദർഘാസുകൾ സുതാര്യമാക്കുന്നതിന് ഇ-ടെണ്ടർ, റവന്യൂ സർട്ടിഫിക്കറ്റുകൾക്കും ഫീ പേയ്മെന്റുകൾക്കും വേണ്ടി ഇ-ഡിസിടിക്ക് എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർവത്കരിച്ച വകുപ്പുകളിലെ ഡാറ്റാ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്ന

സെർവറുകളിലെ മെമ്മറി കപ്പാസിറ്റി അതത് കാലഘട്ടങ്ങളിൽ ഉചിതമായത് ഏതെന്ന് കണ്ടെത്തി അതാത് വകുപ്പുകളെ അറിയിക്കുകയും ആയത് വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള അനന്തര നടപടികൾ ഉടനടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇതിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്വെയറുകൾ പുതിയ സാങ്കേതിക വശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യുവാൻ വകുപ്പുകൾ ശ്രമിക്കുന്നുണ്ട്. ഈ നടപടികൾ പര്യാപ്തമാണോ എന്ന് ഇടയ്ക്കിടയ്ക്ക് വിശകലനം ചെയ്ത് പോരായ്മകൾ പരിഹരിക്കാറുണ്ട്.

**ഉപയോഗശൂന്യമായ കമ്പ്യൂട്ടർ**

186 (8022) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചിട്ട് എത്ര വർഷമായി എന്നു പറയാമോ ;

(ബി) ഈ കാലഘട്ടത്തിനുള്ളിൽ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകളിലെ കാലഹരണപ്പെട്ടതും കേടായവയുമായ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും എന്തു ചെയ്തു എന്നു പറയാമോ ;

(സി) ഒട്ടേറെ ഓഫീസുകൾ ഉപയോഗശൂന്യമായ കമ്പ്യൂട്ടർ ഭാഗങ്ങൾ കൊണ്ട് പൊറുതിമുട്ടിയ അവസ്ഥയിലാണെന്നും അവ സംസ്കരിക്കാനോ ലേലം ചെയ്യാനോ പറ്റാതെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ ; ഈ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കുമോ ?

ഉത്തരം

(എ) 1990-കളിലാണ് കേരളത്തിലെ സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്കരണം ആരംഭിച്ചത്.

(ബി) കേടായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ബൈ ബാക്ക് (buy back) സംവിധാനത്തിൽ മാറ്റി പുതിയവ വാങ്ങി വരികയാണ്.

(സി) ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകളുടെ അംഗീകൃത കളക്ഷൻ സെന്റർ-ഡിസ്മാന്റലർ/റീസൈക്ലർ എന്നിവർക്ക് കൈമാറുകയോ ഉത്പാദകരുടെ ടേക്ക് ബാക്ക് (take back) സംവിധാനത്തിലേക്ക് നൽകുകയോ ചെയ്യണമെന്ന് ചട്ടങ്ങൾ

വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് ഇ-മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ സംവിധാനങ്ങൾ ഇല്ല. ഇ-മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ/ഡിസ്മാന്റലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. വേണാട് സ്റ്റീൽ കോർപ്പറേഷൻ (വെള്ളായണി, നേമം, തിരുവനന്തപുരം), എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് (കഞ്ചിക്കോട്, പാലക്കാട്), അൽ അമീൻ ഇൻഡസ്ട്രീസ് (ആലുവ, എറണാകുളം), കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (അമ്പലമേട്, കൊച്ചി) എന്നീ നാല് സ്ഥാപനങ്ങൾക്കാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി ഉള്ളത്. ഇ-മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക, പത്രമാധ്യമങ്ങൾ വഴി പരസ്യം നൽകുക എന്നിവയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

## സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ

187 (8023) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ കണക്ഷൻ നൽകുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളുമായി ധാരണയിൽ എത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതിനുള്ള പൊതുവായ ഒരു സംവിധാനം നിലവിലില്ല. എന്നാൽ സർക്കാർ വെബ്സൈറ്റുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) എന്ന പദ്ധതി ഐ.ടി. മിഷൻ മുഖേന നടപ്പാക്കി വരുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി എടുക്കുന്നത് അതത് വകുപ്പ്/സ്ഥാപന മേധാവികളാണ്. ഇത് സംബന്ധിച്ച് ഐ.ടി. വകുപ്പിനോട് ഉപദേശം തേടുന്ന വകുപ്പുകൾക്ക് കണക്റ്റിവിറ്റി സംബന്ധിച്ച അഭിപ്രായം നൽകാറുണ്ട്.

(ബി) സർക്കാർ സ്ഥാപനങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ്/ ബാന്റ്‌വിഡ്ത്ത് കണക്ടിവിറ്റി ലഭ്യമാക്കണം എന്നതുൾപ്പെടെയുള്ള നിബന്ധനകൾക്ക് വിധേയമായി താഴെ ചേർത്തിരിക്കുന്ന ടെലികോം സേവന ദാതാക്കൾക്ക് ഓപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1. റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്
2. ഐഡിയാ സെല്ലുലാർ ലിമിറ്റഡ്/ എസ്കോടെൽ
3. വോഡഫോൺ/Essar/BPL/Hutch
4. ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ്
5. എയർടെൽ/ഭാരതി ടെലി വെർച്വൽ ലിമിറ്റഡ്
6. ടാറ്റാ ടെലി സർവീസ്
7. ഡിജിറ്റൽ എന്റർടെയൻമെന്റ് നെറ്റ്‌വർക്ക്/ഡിഷ് നെറ്റ്
8. ടാറ്റാ കമ്മ്യൂണിക്കേഷൻസ്/VSNL
9. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്
10. റെയിൽടെൽ കോർപ്പറേഷൻ
11. ക്യൂനെറ്റ് പ്രൈവറ്റ് ലിമിറ്റഡ്
12. സീ ഇന്ററാക്ടീവ് ലിമിറ്റഡ്
13. പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ

**പുതിയ ടെക്നോപാർക്കുകൾ**

188 (8024) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ ടെക്നോപാർക്കുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**പദ്ധതികൾക്ക് ഐ.ടി. മിഷന് ലഭിച്ച തുക**

189 (8025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഐ.ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്രത്തിൽ

നിന്നും സംസ്ഥാനത്ത് നിന്നും ഐ.ടി. മിഷന് 2013-14-ൽ എന്ത് തുക ലഭിച്ചുവെന്നും ഇതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഐ.ടി മിഷന് ലഭിക്കുന്ന തുക ഏതൊക്കെ ബാങ്കുകളിലാണ് നിക്ഷേപിക്കുന്നതെന്നുള്ളതിന്റെ വിശദാംശം നൽകുമോ ;

(സി) ഐ.ടി മിഷന് ലഭിക്കുന്ന തുക ചെലവഴിക്കാതിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2013-14 വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ ഐ.ടി. മിഷന്റെ വിവിധ പദ്ധതികൾക്കായി 69.87 കോടി രൂപ വകയിരുത്തിയതിൽ നിന്നും 36.80 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ആ തുക പൂർണ്ണമായും വിനിയോഗിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽനിന്നും 2013-14-ൽ ഒരു തുകയും നേരിട്ട് വകയിരുത്തിയിരുന്നില്ല. എന്നാൽ ആധാർ പദ്ധതിക്കായി UIDAI-ൽനിന്നും 16.11 കോടി രൂപ ലഭിച്ചതിൽ 4.37 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിൽനിന്നും ലഭിക്കുന്ന തുക സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുകകൾ ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അതാത് പദ്ധതികളുടെ പേരിൽ ദേശസാൽകൃത ബാങ്കുകളിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.

(സി) 2013-14-ൽ ഐ.ടി. മിഷന് അനുവദിച്ച 36.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**അക്ഷയ സംരംഭകർക്ക് പ്രതിഫലം**

190 (8026) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ രജിസ്ട്രേഷൻ നടത്തുന്ന അക്ഷയസംരംഭകർക്ക് പ്രതിഫലം ലഭ്യമാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ആധാർ രജിസ്ട്രേഷനു വേണ്ടി എത്ര പേർക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ഡി) പാലക്കാട് ജില്ലയിൽ എത്ര തുകയാണ് കുടിശ്ശികയായി നൽകുവാനുള്ളതെന്ന്

വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. UIDAI-ൽ നിന്നാണ് വിജയകരമായി പൂർത്തിയാക്കിയ ആധാർ എൻറോൾമെന്റിനുള്ള തുക കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ലഭിക്കുന്നത്. UIDAI-ൽ നിന്ന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. ഇതിൽ അക്ഷയയുടെ വിഹിതം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, ടി തുക അക്ഷയ സ്റ്റേറ്റ് ഓഫീസിന് നൽകുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിയും.

(സി) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) 12,32,915 രൂപ (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ).

**അക്ഷയ പദ്ധതിയുടെ കീഴിൽ ജോലി ചെയ്യുന്നവർ**

191 (8027) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ പദ്ധതിയുടെ കീഴിൽ എത്ര പേർ കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും ജോലി നോക്കിവരുന്നു ;

(ബി) ഇ-ഗവേർണൻസ് പദ്ധതി വിവിധ വകുപ്പുകളിലേക്ക് വ്യാപ്പിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ജീവനക്കരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ജീവനക്കാർക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അക്ഷയ പദ്ധതിയുടെ കീഴിൽ ആകെ 128 പേർ കരാർ അടിസ്ഥാനത്തിലും 26 പേർ ദിവസവേതന അടിസ്ഥാനത്തിലും ജോലി നോക്കിവരുന്നു.

(ബി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(സി) കരാർ ജീവനക്കാർക്ക് അവർ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ് ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ദിവസവേതനക്കാരെ പ്രത്യേക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജോലികൾക്കായി അതത് സമയത്ത് നിയോഗിച്ചുവരികയാണ് പതിവ്.

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ**

192 (8028) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എന്തൊക്കെ സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) ഫ്രണ്ട്സിൽ ലഭിക്കുന്ന സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഓരോ നിയോജക മണ്ഡലങ്ങളിലും ഒരു ഫ്രണ്ട്സ് ജനസേവന കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. താഴെപ്പറയുന്ന വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ സേവനങ്ങൾ ജനസേവന കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കിയിട്ടുണ്ട്:

- കെ.എസ്.ഇ.ബി.
- വാട്ടർ അതോറിറ്റി
- കോർപ്പറേഷൻ
- കേരള യൂണിവേഴ്സിറ്റി
- എം.ജി. യൂണിവേഴ്സിറ്റി
- കാലിക്കറ്റ് യൂണിവേഴ്സിറ്റി
- മോട്ടോർ വെഹിക്കിൾ
- ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
- റവന്യൂ
- സിവിൽ സപ്ലൈസ്
- ബി.എസ്.എൻ.എൽ
- പോലീസ്

(ബി & സി) നിലവിൽ ജനസേവന കേന്ദ്രത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന

സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. അനുയോജ്യമെന്ന് കണ്ടെത്തുകയാണെങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും അക്ഷയ കേന്ദ്രങ്ങൾ മുഖേന ജനസേവന കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

**ജനസേവന കേന്ദ്രങ്ങൾ**

193 (8029) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസേവനകേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിലവിൽ എത്ര ജനസേവനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ ;

(സി) ജനങ്ങൾക്ക് സമയനഷ്ടം കൂടാതെ സേവനം ലഭ്യമാക്കുന്നതിനായി കൂടുതൽ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നൂറുകണക്കിനാളുകൾക്ക് ദിവസേന സേവനം ലഭിച്ചുവരുന്ന തിരുവനന്തപുരം പാളയത്ത് ടിഡ കോംപ്ലക്സിലുള്ള ജനസേവനകേന്ദ്രം നിർത്തലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിലുള്ള ജനസേവന കേന്ദ്രങ്ങൾ നിർത്തലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിൽ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ജനസേവന കേന്ദ്രങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ കീഴിൽ പുതിയ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശമില്ല.

(ഡി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

**പുറക്കാട് ഐ.ടി. പാർക്ക്**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

194 (8030) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ പുറക്കാട് കേന്ദ്രമാക്കി, പുറക്കാട് വില്ലേജിലെ ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് തുടങ്ങുന്നതിനുള്ള തടസ്സം എന്താണ് ;

(ബി) ബയോഡൈവേഴ്സിറ്റി ബോർഡ് ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ച് പുറക്കാട് ഐ.ടി. പാർക്ക് സ്മൃതിവനത്തിൽ ലഭ്യമായ സ്ഥലത്തുതന്നെ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിലെ അമ്പപ്പുഴ താലൂക്കിലെ പുറക്കാട് ഐ.ടി. പാർക്ക് തുടങ്ങുന്നതിനായി വിവര സാങ്കേതിക വിദ്യ വകുപ്പിന് കൈമാറി ലഭിച്ച ഗാന്ധിസ്മൃതിവനം പദ്ധതിയിൽപ്പെടുന്ന 100 ഏക്കർ സ്ഥലത്ത് ഐ.ടി. പാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ ബയോഡൈവേഴ്സിറ്റി ബോർഡ് എതിർപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ചതുപ്പ് നിലമായതിനാൽ പുതുതായി നിലവിൽ വന്ന തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പ്രസ്തുത പദ്ധതി തുടരുന്നത് നിയമവിധേയമല്ല എന്നതിനാലും ഈ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

**അട്ടപ്പാടി കിടപ്പാടം പദ്ധതിയിലെ സാമ്പത്തിക ക്രമക്കേട്**

195 (8031) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് പ്രഖ്യാപിച്ച പല പദ്ധതികളുടെയും ആനുകൂല്യങ്ങൾ ആദിവാസികൾക്ക് നൽകിയതായി രേഖയുണ്ടാക്കി വൻവെട്ടിപ്പ് നടത്തുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) കിടപ്പാടം ഇല്ലാത്ത ആദിവാസികൾക്ക് കിടപ്പാടം നൽകുന്ന പദ്ധതിയിൽ വൻ സാമ്പത്തിക തട്ടിപ്പ് നടത്തിയതായ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

വിശദാംശം വ്യക്തമാക്കുമോ ;

(ഡി) അട്ടപ്പാടിയിൽ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടം നൽകുന്ന പദ്ധതിയിൽ സാമ്പത്തിക ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം അന്വേഷണം നടക്കുകയുണ്ടായി ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ ആദിവാസികൾക്ക് വീട് നിർമ്മിച്ച് നൽകിയതിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം അന്വേഷണം പുരോഗമിച്ചുവരുന്നു. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കേ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാവുകയുള്ളൂ.

## ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനങ്ങൾ

196 (8032) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മ കാരണം പ്രഖ്യാപിച്ച പദ്ധതികൾ ആദിവാസികൾക്ക് ഗുണപ്രദമായ രീതിയിൽ നടപ്പാക്കുന്നതിന് സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആദിവാസി മേഖലയിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ തുക കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെടുന്നുണ്ടെങ്കിലും പ്രസ്തുത മേഖലയിലുള്ളവർക്ക് ഉപകാരപ്രദമാകുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ആദിവാസി മേഖലയിൽ ചെലവഴിക്കപ്പെടേണ്ട തുകയിൽ ഏതൊക്കെ

രീതിയിൽ വെട്ടിപ്പ് നടന്നു എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നതിന് ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് & മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെൽ എല്ലാ മാസവും പ്രോജക്ട് ഓഫീസർമാരുടെയും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെയും യോഗം വിളിച്ചു ചേർത്ത് പദ്ധതി പുരോഗതി അവലോകനം നടത്താറുണ്ട്. കൂടാതെ സർക്കാർ തലത്തിലും അവലോകനം നടത്തുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഡയറക്ടറേറ്റിലെ പ്ലാനിംഗ് & മോണിറ്ററിംഗ് സെൽ എല്ലാ മാസവും പ്രോജക്ട് ഓഫീസർമാരുടെയും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെയും യോഗം വിളിച്ചു ചേർത്ത് പദ്ധതി പുരോഗതി അവലോകനം നടത്താറുണ്ട്.

**ഭൂരഹിതരായ ആദിവാസികൾക്ക് സൗജന്യമായി വീട് നിർമ്മിച്ചു നൽകാനുള്ള പദ്ധതി**

197 (8033) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് സൗജന്യമായി വീട് നിർമ്മിച്ചു നൽകാനുള്ള പദ്ധതിയിൽ വീഴ്ചയുണ്ടായതായുള്ള അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തൊക്കെ ക്രമക്കേടുകളാണ് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഭൂരഹിതരെ തെരഞ്ഞെടുത്തത് സംബന്ധിച്ച് ഫയലുകൾ വയനാട്, ഇടുക്കി ജില്ലകളിൽ കാണാനില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷവും വിവിധ സ്കീമുകളിൽപ്പെടുത്തി വിവിധ ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന ധനസഹായമനുസരിച്ച് ഏറ്റെടുക്കുന്ന വീടുകൾ യഥാസമയം പൂർത്തിയാകുന്നില്ലെന്ന് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികൾ**

198 (8034) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായും ടി വിഭാഗക്കാരെ ജീവിതത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി സംസ്ഥാനത്ത് അഞ്ച് മാതൃകാ കോളനികൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട്

ജില്ലയിലെ കാരപ്പുഴ, വാകേരി, കുഞ്ഞോം എന്നിവയാണ് മാതൃകാ കോളനികൾ സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലത്ത് പരമാവധി 25 (ഇരുപത്തിയഞ്ച്) കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീട്, അനുബന്ധ സൗകര്യങ്ങൾ, കോളനിയിലേക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷി ഫാം, കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വയംപര്യാപ്ത കോളനി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) മാതൃകാ കോളനി സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഓരോ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകൾ നിർമ്മിക്കുന്ന പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്.

(ഡി) 125 വീടുകൾ നിർമ്മിക്കുന്നതിന് വീട് ഒന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ ആവശ്യമായ തുകയായ 6.65 കോടി രൂപ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പുരോഗതി സർക്കാർ അവലോകനം ചെയ്തുവരുന്നു.

**പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിന് പ്രത്യേക പാക്കേജ്**

199 (8035) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കോടി രൂപയാണ് പാക്കേജ് വഴി ചെലവാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ചുള്ള പദ്ധതി പ്രവർത്തനങ്ങൾ 2011-12 വർഷത്തിൽ ആരംഭിച്ചു. 2011-12 മുതൽ 2014-15 വരെയുള്ള നാല് വർഷമാണ് പദ്ധതി കാലയളവ്. 2011-12 വർഷം പദ്ധതി പ്രവർത്തനങ്ങൾക്ക് വകകൊള്ളിച്ച 11.55 കോടി രൂപയിൽ 9.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 (2014 ജൂൺ വരെ) വർഷങ്ങളിൽ യഥാക്രമം 36.93 കോടി, 56.82 കോടി, 5.15 കോടി രൂപ വീതം പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ചുവടെ ചേർക്കുന്ന പദ്ധതികളാണ് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്:

1. ഭവന നിർമ്മാണം
2. വൈദ്യുതീകരണം
3. കുടിവെള്ള പദ്ധതികൾ
4. മണ്ണ് സംരക്ഷണ പദ്ധതികൾ
5. റോഡ്
6. ആരോഗ്യ പരിപാലനം
7. പെരിപ്പതറ്റിക് സെന്ററുകൾ
8. സ്പെഷ്യൽ അംഗൻവാടികൾ
9. ഹെൽത്ത് പ്രൊമോട്ടർ
10. വനസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പരിശീലനവും
11. ഭക്ഷ്യ സഹായ പദ്ധതി

12. പ്ലാനിംഗ്, ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ്

(സി) 148 കോടി രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ഡി) പദ്ധതി നടത്തിപ്പിനായി കോഴിക്കോട് കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ടീം 2011 ഡിസംബർ അവസാനം രൂപീകരിക്കുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതുകൂടാതെ, പാലക്കാട്/തൃശ്ശൂർ, കൽപ്പറ്റ, ബത്തേരി, മാനന്തവാടി, പുൽപ്പള്ളി, നിലമ്പൂർ, കാസർകോട് എന്നിവിടങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി സെക്ടറൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, മണ്ണാർക്കാട് ആസ്ഥാനമാക്കി ഒരു സെക്ടറൽ ഓഫീസും കൂടി പുതുതായി അനുവദിച്ചിട്ടുണ്ട്.

## പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം രൂപം കൊടുത്ത പദ്ധതി

200 (8036) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം രൂപം കൊടുത്ത പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര രൂപ ലഭിച്ചു ; എത്ര രൂപ ചെലവഴിച്ചു ;

(ബി) ഓരോ വർഷവും ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയത്; ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പാക്കിയത് ; ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്ര ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ; പദ്ധതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രാക്തന ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രം

രൂപീകരിച്ച പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 വർഷങ്ങളിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ കുറിക്കുന്നു:

| | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2011-12 | 11.55 കോടി | 9.77 കോടി |
| 2 | 2012-13 | 37 കോടി | 36.93 കോടി |
| 3 | 2013-14 | 57 കോടി | 56.82 കോടി |

(ബി) ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.* പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്ന കാസർകോട്, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വിവിധ കോളനികളിൽ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ കാലാവധി 2015 മാർച്ചിൽ അവസാനിക്കും.

## പട്ടികവർഗ്ഗ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ നടപടികൾ

201 (8037) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും പെൺകുട്ടികളും ബലാൽസംഗത്തിനും പീഡനത്തിനും ഇരയായിട്ടുള്ള എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട് ;

(ബി) ബലാൽസംഗത്തിന് ഇരയായി എത്ര പട്ടികവർഗ്ഗ സ്ത്രീകളും പെൺകുട്ടികളും ആണ് കൊല ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) വനമേഖലയിലെ ദുർഘടജീവിതസാഹചര്യങ്ങളാൽ സാമൂഹ്യപരമായും സാമ്പത്തികപരമായും ഏറെ അവശത അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെയും പെൺകുട്ടികളെയും ചൂഷണമുക്തമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 177 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) രണ്ട്.

(സി) ഉണ്ട്.

(ഡി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടേയും സഹകരണത്തോടുകൂടിയും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിതാ കമ്മീഷൻ നിലവിലുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വർഗ്ഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടിയെടുത്തുവരുന്നു. ജില്ലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സെമിനാറുകൾ/ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നുണ്ട്. 1989-ലെ പട്ടികജാതി/ പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്.

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ

202 (8038) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിൽ ഈ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; ഇതേവരെ എത്രപേർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം ഭൂമി നൽകിയിട്ടുണ്ട് ; എത്രപേർ ഭൂമി ഏറ്റുവാങ്ങി ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് അനുവദിക്കുന്ന ഭൂമി കൃഷിയോഗ്യമോ വാസയോഗ്യമോ അല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എവിടെയൊക്കെയാണ് പ്രസ്തുത വിഭാഗത്തിൽപെട്ടവർക്ക് ഭൂമി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ;

(സി) ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണുള്ളത് ; എത്ര തുകയാണ് ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ളത് ;

(ഡി) പട്ടികവർഗ്ഗക്കാർക്ക് ഏതെങ്കിലും ഏജൻസി മുഖേന വാസയോഗ്യമായ വീട് നിർമ്മിച്ചു നൽകാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇതിനായി ഒരു പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം ഭൂരഹിതരായ 777 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 730.52 ഏക്കർ ഭൂമി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും 450 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റവന്യൂ വകുപ്പിന്റെ ഭൂരഹിത കേരളം പദ്ധതി പ്രകാരവും, കെ.എസ്.റ്റി. ആക്ട് പ്രകാരം ഭൂമി നഷ്ടപ്പെട്ട 120 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 120 ഏക്കർ ഭൂമിയും, 2006-ലെ വനാവകാശ നിയമമനുസരിച്ച് 8223 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 12652.34 ഏക്കർ ഭൂമിയും നൽകിയിട്ടുണ്ട്. ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും ജലലഭ്യതയുള്ളതും വാസയോഗ്യവുമായ സ്വകാര്യ ഭൂമി സ്വന്തം ആഗ്രഹ പ്രകാരം കണ്ടെത്തി പരമാവധി 10 ലക്ഷം രൂപ വരെ വില നൽകി വാങ്ങുന്ന പദ്ധതി പ്രകാരം 139 കുടുംബങ്ങൾക്ക് 49.687 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ ഭൂമി ലഭിച്ച വയനാട്

ജില്ലയിലെ ഭൂരഹിത പട്ടികവർഗ്ഗക്കാർ ഭൂമി വാസയോഗ്യമല്ല എന്നതിനാൽ ഏറ്റവാങ്ങിയിട്ടില്ല. ഇടുക്കി ജില്ലയിലെ ചിന്നക്കനാലിൽ വന്യമൃഗശല്യംമൂലം പട്ടയം കൈപ്പറ്റിയവർ താമസമാക്കാത്ത സ്ഥിതിയുമുണ്ട്.

(സി) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2.50 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം സംസ്ഥാനത്ത് പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് 2.50 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നത് ദുർഘട പ്രദേശങ്ങളിലാകയാൽ ഭവന നിർമ്മാണ സാധന സാമഗ്രികളുടെ കടത്തുകൂലിയായി ഒരു ലക്ഷം രൂപയും അടക്കം ആകെ 3.50 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം നൽകിവരുന്നു.

(ഡി) ഉണ്ട്. മുൻവർഷങ്ങളിൽ കേരളാ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോർഡ്, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ലേബർ കോൺട്രാക്ട് സൊസൈറ്റി, കേരളീയൻ സമിതി എന്നിവ മുഖേന വീടുകൾ നിർമ്മിച്ചു നൽകാൻ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ഇവയിൽ പലതും യഥാസമയം പൂർത്തീകരിക്കാത്തതായും പൂർത്തീകരിച്ചവയ്ക്ക് ചോർച്ച തുടങ്ങിയ അപാകതകൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടുംബശ്രീ, നിർമ്മാണ മേഖലയിലേ-ക്ക് പ്രവർത്തനം വ്യാപിപ്പിച്ചതോടെ എറണാകുളം ജില്ലയിലെ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലുള്ള പുനരധിവാസ കോളനിയിൽ ഭവന നിർമ്മാണ പദ്ധതി കുടുംബശ്രീ വഴി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ സുരക്ഷ

203 (8039) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ എന്തൊക്കെ പുതിയ തൊഴിൽ പദ്ധതികളാണ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

- പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി തൊഴിലവസരങ്ങൾ, ഉന്നത വിദ്യാഭ്യാസ അവസരങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായി 'സഹായി' എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിച്ചു.
- സംസ്ഥാനത്തെ 935 അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം ലക്ഷ്യമാക്കി 689.08 ലക്ഷം രൂപയുടെ പദ്ധതികൾ, ഭവന നിർമ്മാണം, തയ്യൽ മെഷീൻ, തയ്യൽ പരിശീലനം, ആടുവളർത്തൽ, പെട്ടിക്കട, പശുവളർത്തൽ, കോഴി വളർത്തൽ എന്നീ ജീവനോപാധി പ്രവർത്തനങ്ങൾ ഉൾപ്പെടെ ആവിഷ്കരിച്ച് നടപ്പിലാക്കി.

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലയെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും പ്രസ്തുത മേഖലകളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുവാനും പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം, ആർട്ടിക്കിൾ 275(1) അനുസരിച്ചുള്ള ഗ്രാന്റ് ഇൻ എയ്ഡ്, കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് മുതലായ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- കോഴി വളർത്തൽ കേന്ദ്രം, ആടു വളർത്തൽ കേന്ദ്രം, ക്ഷീര യൂണിറ്റുകൾ, കന്നുകുട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.
- പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങളായ തിരുവനന്തപുരത്തെ (കിറ്റ്സ്), നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കോവളത്തെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, കഴക്കൂട്ടം കിൻഫ്രാ പാർക്കിലെ അപ്പാരൽ പാർക്ക് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന ഭക്ഷ്യ സാങ്കേതിക വിദ്യയിലും ടൂറിസം സാങ്കേതിക വിദ്യയിലും പരിശീലനം

നൽകുന്നുണ്ട്. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിലും കാറ്ററിംഗ് ടെക്നോളജിയിലുമുള്ള പരിശീലനം, തുന്നൽ, ഗാർമെന്റ് മേക്കിംഗ് പരിശീലനം തുടങ്ങിയവ ഉൾപ്പെടുന്നു.

- യുവാക്കൾക്ക് ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷ നൽകൽ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

- അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസനത്തിനായുള്ള പ്രോജക്ടുകൾ.
- സംരംഭകത്വ വികസനം/വ്യക്തിത്വ വികസനം തുടങ്ങിയ പ്രത്യേക കോച്ചിംഗും നൽകുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.
- പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനമാഗ്രഹിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം നൽകുക.
- ഐ.ടി.ഐ., ഐ.ടി.സി. പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക.
- പ്ലസ് ടു, ബിരുദധാരികൾ തുടങ്ങിയവർക്ക് കരിയർ വികസനവും ഓറിയന്റേഷൻ ക്ലാസ്സുകളും നൽകുക.
- പെട്ടിക്കടകൾ തുടങ്ങൽ, ഫോട്ടോസ്റ്റാറ്റ് കടകൾ, പ്രൊവിഷൻ സ്റ്റോറുകൾ, സ്റ്റേഷനറി കടകൾ, ബേക്കറി, ഡി.ടി.പി. സെന്ററുകൾ, തയ്യൽ സ്ഥാപനങ്ങൾ തുടങ്ങിയ സ്വയംസഹായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം.
- പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേയ്ക്കും ഐ.ടി.-യുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേക്കും പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുക.
- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മുഖേന ഇലക്ട്രീഷ്യൻ, പ്ലമ്പിംഗ്, ഡി.സി.എ., പി.ജി.ഡി.സി.എ., ഡാറ്റാ എൻട്രി, ഡി.ടി.പി., എം.എസ്. ഓഫീസ്, ടാലി, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയ്ക്ക് പരിശീലനം നൽകുക.
- പി.എസ്.സി., യു.പി.എസ്.സി, എസ്.എസ്.സി./ആർ.ആർ.ബി.

ബാങ്ക് പരീക്ഷകളിലേക്കുള്ള പരിശീലനം.

- ഗോത്രവർഗ്ഗ ഭാഷ ഉൾപ്പെടെ നൈപുണ്യ പരിശീലനം നൽകുക.
- പട്ടികവർഗ്ഗക്കാർക്കുള്ള സാക്ഷരത പരിപാടികളും അനൗദ്യോഗിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുക.

## പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ കാർഡ്

204 (8040) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ട് ;

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭ്യമാക്കാനുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട 8101 കുടുംബങ്ങളുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വയനാട് ജില്ലയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ്

205 (8041) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കല്പറ്റ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ചുള്ള പദ്ധതി പ്രവർത്തനങ്ങൾ 2011-12 വർഷത്തിൽ ആരംഭിച്ചു. 2011-12 മുതൽ 2014-15 വരെയുള്ള നാല് വർഷമാണ് പദ്ധതി കാലയളവായി നിശ്ചയിച്ചിട്ടുള്ളത്. ചുവടെ ചേർക്കുന്ന പദ്ധതികളാണ് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്:

1. ഭവന നിർമ്മാണം
2. വൈദ്യുതീകരണം
3. കുടിവെള്ള പദ്ധതികൾ
4. മണ്ണ് സംരക്ഷണ പദ്ധതികൾ
5. റോഡ്
6. ആരോഗ്യ പരിപാലനം
7. പെരിപ്പതറ്റിക് സെന്ററുകൾ
8. സ്പെഷ്യൽ അംഗൻവാടികൾ
9. ഹെൽത്ത് പ്രൊമോട്ടർ
10. വനസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പരിശീലനവും
11. ഭക്ഷ്യ സഹായ പദ്ധതി
12. പ്ലാനിംഗ്, ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ്

(ബി) വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻബത്തേരി, വൈത്തിരി താലൂക്കകളിലായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഭവനനിർമ്മാണം
2. ഭക്ഷ്യ സഹായ പദ്ധതി
3. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്
4. സ്പെഷ്യൽ അംഗൻവാടി-4 എണ്ണം (മാനന്തവാടി-നെടുംതന, വെള്ളറ, ചുണ്ടപ്പാടി, കൽപറ്റ-ആനപ്പാറ)
5. പെരിപ്പതറ്റിക് സ്കൂൾ (മാനന്തവാടി-ആക്കോലിക്കുന്ന്, ബേഗൂർ, പരിയാരം)
6. കുടിവെള്ള പദ്ധതികൾ

7. വൈദ്യുതീകരണ പദ്ധതികൾ
8. റോഡ് നിർമ്മാണ പദ്ധതികൾ
9. മണ്ണ് സംരക്ഷണ പദ്ധതികൾ
10. കാർഷിക വികസന പദ്ധതികൾ (സി.സി. ഡി.)
11. ഭൂരഹിതരായ പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ

എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു:

1. ഭവന നിർമ്മാണ പദ്ധതിയിൽ 200 വീടുകൾ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
2. ഭക്ഷ്യ സഹായ പദ്ധതിയിൽ മാസംതോറും 25 കിലോ അരി, 2 കിലോ ചെറുപയർ, 2 കിലോ വൻപയർ, 2 കിലോ കടല, 2 ലിറ്റർ വെളിച്ചെണ്ണ, 500 ഗ്രാം ചായപ്പൊടി, 2 കിലോ പഞ്ചസാര എന്ന അളവിൽ ഓരോ കുടുംബത്തിനും നൽകിവരുന്നു.
3. ഒരു ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.
4. ആനപ്പാറയിൽ സ്പെഷ്യൽ അംഗൻവാടി പ്രവർത്തിച്ചുവരുന്നു.
5. പത്ത് കോളനികളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
6. ആറ് കോളനികളിൽ വൈദ്യുതീകരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
7. മൂന്ന് കോളനികളിൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
8. നാല് കോളനികളിൽ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാ ക്കിവരുന്നു.
9. കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏലകൃഷിക്ക് ധനസഹായവും നൽകിയിട്ടുണ്ട്.

**ആദിവാസികൾക്കിടയിൽ മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യം**

206 (8042) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഘോരവനമേഖലയിൽ അധിവസിക്കുന്ന പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്കിടയിൽ മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും പ്രകടമാകുന്നു എന്നമാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിജസ്ഥിതി അറിയുന്നതിന് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഘോരവനമേഖലയിൽ വസിക്കുന്ന ആദിവാസി വിഭാഗങ്ങൾക്കിടയിൽ മാവോയിസ്റ്റ് തീവ്രവാദികളുടെ പ്രവർത്തനം നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ വിപുലീകരിക്കുന്നതിനും വാഹനസൗകര്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഘോരവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സങ്കേതങ്ങളിൽ കണ്ടെത്തിയിട്ടുള്ള മാവോയിസ്റ്റ് സാന്നിദ്ധ്യം സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ ആഭ്യന്തര വകുപ്പ് മുഖേന നടന്നുവരുന്നുണ്ട്. കൂടാതെ മാവോയിസ്റ്റ് സാന്നിദ്ധ്യവും ഭീഷണിയും ഫലപ്രദമായി നേരിടുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ 1-6-2013-ലെ സ.ഉ. (കൈ) നമ്പർ 139/2013/ആഭ്യന്തരം പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം പരിപൂർണ്ണമായും യഥാർത്ഥ ഗുണഭോക്താക്കൾക്ക് യഥാസമയം ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇവരുടെ ക്ഷേമ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ജില്ലകളിൽ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികവർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായം**

207 (8043) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര യുവതികൾക്ക് എത്ര രൂപ വീതം പട്ടികവർഗ്ഗ വകുപ്പ് വഴി വിവാഹ ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പട്ടികവർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായത്തിനായുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ എന്നത്തേക്ക് തീർപ്പുകല്പിക്കാനാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 11 പട്ടികവർഗ്ഗ യുവതികൾക്ക് 10,000 രൂപ വീതവും ഒരാൾക്ക് 40,000 രൂപയും 410 പട്ടികവർഗ്ഗ യുവതികൾക്ക് 20,000 രൂപ വീതവും 406 പട്ടികവർഗ്ഗ യുവതികൾക്ക് 50,000 രൂപ വീതവും വിവാഹ ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) 43 അപേക്ഷകൾ നിലവിലുണ്ട്.

(സി) പ്രസ്തുത അപേക്ഷകൾ ഉടനെതന്നെ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

## പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ധനസഹായം

208 (8044) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് എത്ര രൂപ വീതം പട്ടികവർഗ്ഗ വകുപ്പ് വഴി വിതരണം ചെയ്തെന്ന് വിശദമാക്കാമോ ;

(ബി) ചികിത്സാ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പുകല്പിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 48676 പേർക്ക് 11,23,70,000 രൂപ ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 12 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനായി നിലവിലുണ്ട്.

(സി) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ**

209 (8045) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതി തള്ളുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഏതൊക്കെ കാലയളവിൽ എടുത്ത ഏതൊക്കെ വായ്പകളാണ് എഴുതിതള്ളുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയുള്ളതുമായ വായ്പ പലിശയും പിഴപ്പലിശയുമുൾപ്പെടെ 25,000 രൂപ വരെയുള്ളത് എഴുതിത്തള്ളുന്നതിനും അതിന് മുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനും ഉത്തരവായിരുന്നു. ടി പദ്ധതിയുടെ കാലാവധി 30-6-2013-ന് അവസാനിച്ചു. ഈ സാഹചര്യത്തിൽ 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പട്ടികവർഗ്ഗക്കാരുടെ 50,000 രൂപവരെയുള്ള വായ്പ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വിവിധ മേഖലകളിലെ അവബോധവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മപരിപാടി**

210 (8046) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിവിധ മേഖലകളിലെ അവബോധത്തിനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്കായി വിവിധ വകുപ്പുകൾ നടത്തുന്ന എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത സ്കൂളുകളിൽ നടപ്പാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സ്കൂളുകളിൽ നടത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിവിധ മേഖലകളിലെ അവബോധത്തിനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ചുവടെ പരാമർശിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു :

1. സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി :

   ടി പദ്ധതി മുഖേന 2013-14 അദ്ധ്യയന വർഷം 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കുമായി ആരോഗ്യപരിപാലനം, പ്രഥമ ശുശ്രൂഷ, വ്യക്തി ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ആരോഗ്യ വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹായത്തോടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച കുട്ടികൾ മറ്റുള്ളവർക്കും ആരോഗ്യപരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

2. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി :

വിദ്യാർത്ഥികളിൽ രാജ്യത്തെ നീതിബോധവും സാമൂഹിക പ്രതിബദ്ധതയും ഒത്തുചേർത്ത് മികച്ച അച്ചടക്കം, വ്യക്തിപ്രഭാവം, സാമൂഹികാവബോധം, നീതിനിർവ്വഹണബോധം എന്നിവയിലൂടെ വ്യക്തിത്വ വികസനം സാദ്ധ്യമാക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ട് പോലീസ് വകുപ്പിന്റെ സഹായത്തോടുകൂടി 2013-14 അദ്ധ്യയന വർഷം മലമ്പുഴ ആശ്രമം സ്കൂൾ, ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ ടി പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷം ടി പദ്ധതി മറ്റ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കൂടി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

3. സർഗ്ഗോത്സവം :

വിദ്യാർത്ഥികളുടെ പഠനത്തോടൊപ്പം അവരുടെ കലാഭിരുചി വർദ്ധിപ്പിക്കുന്നതിനും മാനസികോല്ലാസത്തിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ 'സർഗ്ഗോത്സവം' എന്ന പേരിൽ ഒരു കേന്ദ്രീകൃത കലാവേദി 2013-14 അദ്ധ്യയന വർഷം നടപ്പിലാക്കുകയുണ്ടായി.

4. സഹവാസ ക്യാമ്പ് :

സാംസ്കാരിക സമ്മിശ്രണത്തിലൂടെ വിദ്യാർത്ഥികളുടെ വ്യക്തി വൈഭവം വർദ്ധിപ്പിക്കുന്നതിനും അന്തർമുഖത്വം ഇല്ലാതാക്കുന്നതിനും സർവ്വോപരി പരീക്ഷാഭീതി, പഠന സംബന്ധമായ പ്രശ്നങ്ങൾ എന്നിവ ഒഴിവാക്കി പ്രസരിപ്പോടെ പഠനം നടത്തുന്നതിനും ഉന്നതതല വിദ്യാഭ്യാസ മേഖലകളെക്കുറിച്ചുള്ള അവബോധം നൽകുന്ന തരത്തിലുള്ള സെമിനാറുകളും ചർച്ചകളും ക്ലാസ്സുകളും ഉൾപ്പെടുത്തി 10, +2 തലങ്ങളിലെ വിദ്യാർത്ഥികൾക്കായി ഓരോ വർഷവും ഡിസംബറിൽ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും സഹവാസ ക്യാമ്പുകൾ നടത്തിവരുന്നു.

5. സ്റ്റുഡന്റ് കൗൺസിലേഴ്സ് :

വിദ്യാർത്ഥികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നീ കാര്യങ്ങൾക്ക് മുൻഗണന നൽകി വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് 2013-14 അദ്ധ്യയന വർഷം തെരഞ്ഞെടുത്ത 33 വ്യക്തികളെ സ്റ്റുഡന്റ് കൗൺസിലർമാരായി വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ പോസ്റ്റ്മെട്രിക്/പ്രീമെട്രിക് ഹോസ്റ്റലുകളിൽ നിയമിച്ചിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

6. <u>മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ്</u> :

വിദ്യാർത്ഥികൾക്ക് പ്ലസ്സ ടുവിന് മികച്ച വിജയം കരസ്ഥമാക്കുന്നതിനോടൊപ്പം തന്നെ എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ വിജയം നേടുന്നതിനും ഉന്നതതല കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് അവരെ പ്രാപ്തരാക്കാനും പഠനത്തോടൊപ്പംതന്നെ എൻട്രൻസ് ഓറിയന്റഡ് കോച്ചിംഗ് ക്ലാസ്സുകളും എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടത്തിവരുന്നു.

7. <u>നാഷണൽ സർവ്വീസ് സ്കീം</u> :

സാമൂഹിക സേവന പ്രവൃത്തികളിലൂടെ സാമൂഹിക പ്രതിബദ്ധത വളർത്തി ജനനന്മയും വ്യക്തിഗുണവും ഉറപ്പാക്കി ഉന്നത മൂല്യബോധമുള്ള പൗരന്മാരാക്കി വിദ്യാർത്ഥികളെ വളർത്തിക്കൊണ്ടുവരുന്നതിനായി ഹയർസെക്കണ്ടറിയുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും (8 സ്കൂളുകളിൽ) നാഷണൽ സർവ്വീസ് സ്കീം നടപ്പിലാക്കി വരുന്നു.

8. <u>അഡീഷണൽ സ്കിൽ അക്വിസിഷൻ പരിപാടി</u> :

തെരഞ്ഞെടുക്കപ്പെട്ട 8 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മേൽ പദ്ധതികളെല്ലാംതന്നെ നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശവും തുകയും സമയബന്ധിതമായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ

211 (8047) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഏതെല്ലാം തലത്തിലുള്ള വിദ്യാർത്ഥിനികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര പേർക്ക് അവ വിതരണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാശങ്ങൾ എന്തെല്ലാം ;

<u>ഉത്തരം</u>

(എ-സി) ഉണ്ട്. 2012-13 അദ്ധ്യയന വർഷത്തിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പഠിച്ചിരുന്ന എല്ലാ എട്ടാം ക്ലാസ്സുകാരായ പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും സൈക്കിളുകൾ നൽകിയിരുന്നു. ആകെ 6224 പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കാണ് ഈ ആനുകൂല്യം ലഭ്യമായത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ദുർഘടമായ പട്ടികവർഗ്ഗ മേഖലയിൽ പദ്ധതി വേണ്ടത്ര ഗുണകരമല്ലായെന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തുടർന്ന് നടപ്പിലാക്കിയിട്ടില്ല.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്കൂളുകളിലെത്തിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ

212 (8048) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികളെ പൂർണ്ണമായും സ്കൂളുകളിലെത്തിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) നടപ്പു അദ്ധ്യയന വർഷാരംഭം മുതൽ ആദിവാസി മേഖലയിലെ സ്കൂളുകളിൽ കുട്ടികൾ പൂർണ്ണമായും എത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കുട്ടികളുടെ ഹാജർ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞിട്ടും പ്രസ്തുത മേഖലയിലെ കുട്ടികളെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർണ്ണമായി സ്കൂളുകളിലെത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കുട്ടികളെ സ്കൂളിൽ എത്തിക്കാൻ കഴിയാതിരുന്ന സാഹചര്യങ്ങൾ വിശദമാക്കാമോ ?

## ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ പൂർണ്ണമായും സ്കൂളിലെത്തിക്കുവാനായി എസ്.ടി. പ്രൊമോട്ടർമാർ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബോധവൽക്കരണം നടത്തി സ്കൂളുകൾ തുറക്കുന്നതിനുമുൻപ് തന്നെ ശക്തമായ ഇടപെടലുകൾ നടത്തിയിരുന്നു. യാത്രാക്ലേശം രൂക്ഷമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി 2013-14 അദ്ധ്യയന വർഷം മുതൽ 'ഗോത്രസാരഥി' എന്ന പദ്ധതി നടപ്പാക്കിവരുന്നു. വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കുന്നതിനായി പ്രീമെട്രിക് ഹോസ്റ്റലുകൾ എം.ആർ.എസ്സുകൾ എന്നിവയും ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഏകാധ്യാപക സ്കൂളുകൾ, പെരിപ്പതറ്റിക് സ്കൂൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ ആരംഭത്തിൽതന്നെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും വിതരണം ചെയ്തുവരുന്നു. കൂടാതെ 75 ശതമാനത്തിൽ അധികം ഹാജരുള്ള ലോവർ പ്രൈമറി വിഭാഗത്തിൽപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥി കളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റും നൽകിവരുന്നു.

(ബി) നടപ്പു അദ്ധ്യയന വർഷാരംഭം ചുരുക്കം ചില സ്കൂളുകളിലൊഴികെ തൊണ്ണൂറ് ശതമാനത്തിലധികം പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഹാജരായിട്ടുണ്ട്. ഇനിയും സ്കൂളുകളിൽ എത്താത്ത കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഹാജർ വിശദാംശങ്ങൾ പട്ടിക വർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്കൂൾ പ്രായത്തിലുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് രക്ഷിതാക്കൾ വിമുഖത കാട്ടുന്നതിനാലാണ് ചില സ്കൂളുകളിലെങ്കിലും മുഴുവൻ കുട്ടികളെയും എത്തിക്കാൻ കഴിയാതെ വരുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ കൂടി വിദ്യാലയങ്ങളിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കൾ**

213 (8049) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള എത്ര ഐ.ടി.ഐ.-കൾ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കൈമാറിയ ഐ.ടി.ഐ. കളിലെ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; ഇത് സംബന്ധിച്ച് ഉത്തരവുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) പട്ടികവർഗ്ഗ വകുപ്പിൻ കീഴിലുള്ള 2 ഐ.ടി.ഐ.-കൾ തൊഴിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൈമാറിയ ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് തൊഴിൽ വകുപ്പുമായി ആലോചിച്ച് തീരുമാനം എടുക്കുന്നതുവരെ നിലവിലുള്ള സ്ഥിതി തുടരുന്നതാണ്. പ്രവേശനം സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

## അട്ടപ്പാടിയിൽ ഐ.റ്റി.ഡി.പി. ഓഫീസ്

214 (8050) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു മാത്രമായി ഐ.റ്റി.ഡി.പി. ഓഫീസ് രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഷോളയാർ ഗിരിജൻ സൊസൈറ്റിക്ക് ധനസഹായം

215 (8051) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക ശമ്പളം നൽകുന്നതിനും കൃഷി, വനവിഭവങ്ങൾ ശേഖരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും കഴിയാത്ത വിധത്തിൽ ഷോളയാർ ഗിരിജൻ സൊസൈറ്റി സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃഷി ചെയ്യുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിനും പ്രസ്തുത ഗിരിജൻ സൊസൈറ്റിക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടികവർഗ്ഗ സഹകരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സൊസൈറ്റി കൃത്യമായി പദ്ധതി രൂപരേഖ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

## പട്ടികവർഗ്ഗ വികസന വകുപ്പിനെക്കുറിച്ച് പി & എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി

216 (8052) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പി. & എ.ആർ.ഡി. മുഖേന പട്ടികവർഗ്ഗ വികസന വകുപ്പിനെക്കുറിച്ച് നടത്തിയ വർക്ക് സ്റ്റഡി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുക്കൊണ്ട് ;

(ബി) ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത വർക്ക് സ്റ്റഡി വകുപ്പിന് ഗുണം ചെയ്യുമെന്ന് അഭിപ്രായമുണ്ടോ ; ഇക്കാര്യത്തിൽ നയം എന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി. & എ.ആർ.ഡി. ടീം 2010 നവംബറിൽ സർക്കാരിന് സമർപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്.

(സി) പ്രസ്തുത വർക്ക് സ്റ്റഡിയിലെ നിർദ്ദേശങ്ങൾ വകുപ്പിലെ ജോലിഭാരം ലഘൂകരിക്കുന്നതിനും അതുവഴി പട്ടികവർഗ്ഗ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനും സഹായകമാണ്.

**അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറുടെ സ്ഥലംമാറ്റം**

217 (8053) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറെ സ്ഥലംമാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ ; സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇദ്ദേഹത്തിന്റെ സ്വദേശം എവിടെയാണ് ; സ്ഥലംമാറ്റാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രോജക്ട് ഓഫീസറുടെ നടപടികളെകുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) എന്ന് മുതലാണ് പ്രോജക്ട് ഓഫീസർ ഇവിടെ ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അട്ടപ്പാടി ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ ഗ്രാമ വികസന വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. ആയതിനാൽ മേൽ ഉദ്യോഗസ്ഥന്റെ സ്ഥലംമാറ്റം സംബന്ധിച്ച വിവരം പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല.

(ബി - ഡി) ബാധകമല്ല.

## പ്രി-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം

218 (8054) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രി-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിൽ ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

പ്രി-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നോർക്ക റൂട്ട്സിന്റെ സഹകരണത്തോടുകൂടിയാണ് സംഘടിപ്പിച്ചുവരുന്നത്. വിദേശ രാജ്യങ്ങളിലേക്ക് തൊഴിലന്വേഷിച്ച് പോകുന്ന യുവജനങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ, വിസയും പാസ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ, എയർ ട്രാൻസ്പോർട്ടേഷൻ സംബന്ധമായ വിവരങ്ങൾ, ഭാഷാശൈലി, ആചാര മര്യാദകൾ തുടങ്ങിയവയെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ നൽകുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണ് പ്രി-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. പരിപാടിയുടെ നടത്തിപ്പിന്റെ 50% തുക നോർക്കയാണ് ചെലവഴിക്കുന്നത്. പ്രി ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം 2011-12 സാമ്പത്തിക വർഷത്തിൽ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. യുവജനങ്ങൾക്ക് ഒരു ദിവസത്തെ പരിശീലനമാണ് നൽകിയിരുന്നത്.

## മാധ്യമരംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് ക്ലാസ്സുകൾ

219 (8055) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മാധ്യമ രംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് ക്ലാസുകൾ സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം കാര്യങ്ങളാണ് ഇത് വഴി നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മാധ്യമ രംഗത്തേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിനായി എല്ലാ വർഷവും യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു.

(ബി) സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവയെ സംബന്ധിച്ച് യുവജനങ്ങൾക്കും യുവ മാധ്യമ പ്രവർത്തകർക്കും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുന്നത്.

(സി) കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ജേർണലിസം പഠിക്കുന്ന വിദ്യാർത്ഥികളെയും ദൃശ്യ-അച്ചടി-മാധ്യമ രംഗത്ത് ആഭിമുഖ്യമുള്ള യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2011 ആഗസ്റ്റ് 25, 26 തീയതികളിൽ എറണാകുളം കലൂരിൽ വച്ച് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു. 2013 നവംബർ 29, 30 ഡിസംബർ 1 തീയതികളിൽ കോഴിക്കോട് വച്ച് ത്രിദിന യുവ മാധ്യമ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ കേരള മുഖ്യമന്ത്രിയുമായി മുഖാമുഖം പരിപാടി, മാധ്യമ രംഗത്തെ പ്രഗത്ഭർ നയിച്ച സെഷനുകൾ എന്നിവ സംഘടിപ്പിച്ചു. 2014 ഏപ്രിൽ 27, 28, 29 തീയതികളിൽ കോഴിക്കോട് ജില്ലയിലെ വെള്ളിമാട് കുന്നിൽ വച്ച് ത്രിദിന യുവ മാധ്യമ

ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ വിവിധ ജില്ലകളിൽ നിന്നായി ഇരുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു. വിവിധ സെഷനുകൾ രംഗത്തെ പ്രഗത്ഭർ നയിച്ചു.

(ഡി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് യുവ മാധ്യമ പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചുവരുന്നത്.

**ദേശീയോദ്ഗ്രഥന ക്യാമ്പുകൾ**

220 (8056) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ അന്യസംസ്ഥാന പ്രതിഭകളെ ഉൾപ്പെടുത്തി ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

**ഉത്തരം**

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985 മുതൽ ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളായി 'ജാഗരൺഭാരത്' എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചു വരുന്നു. 2014-ൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ വികാസ് കേന്ദ്രയിൽ വച്ച് മേയ് 21 മുതൽ 25 വരെ ' ജാഗരൺഭാരത് ' ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചു. കേരളം ഉൾപ്പെടെ 23 സംസ്ഥാനങ്ങളിൽ നിന്നുമായി 450 പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു.

(ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സംസ്കാരവും കലയും നമ്മുടെ നാടിനെ പരിചയപ്പെടുത്തുക വഴി ദേശീയോദ്ഗ്രഥനം ഊട്ടിയുറപ്പിക്കുക എന്നതാണ് ക്യാമ്പിന്റെ ഉദ്ദേശലക്ഷ്യം. വിവിധ ഭാഷകളുടെയും വേഷവിധാനങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും സംസ്കാരങ്ങളുടെയും ഒത്തുചേരൽ ഈ ക്യാമ്പ് വഴി സാധ്യമാകുന്നു.

(സി) വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ അവരവരുടെ സംസ്ഥാനങ്ങളിലെ തനത് കലാ രൂപങ്ങൾ അവതരിപ്പിക്കുകയുണ്ടായി. കൂടാതെ ദേശീയ അവബോധം വളർത്തുന്നതിനായുള്ള സെമിനാർ സംഘടിപ്പിച്ചു. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിലെ ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ടാണ് 'ജാഗരൺഭാരത് ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചത്. നാഷണൽ സർവ്വീസ് സ്കീം, നെഹ്റു യുവകേന്ദ്ര തുടങ്ങിയ സർക്കാർ ഏജൻസികളുടെ സഹകരണം പ്രസ്തുത ക്യാമ്പിന് പ്രയോജനപ്പെടുത്താറുണ്ട്. 2014-ലെ 'ജാഗരൺഭാരത്' ക്യാമ്പ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ., കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ ജനപ്രതിനിധികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണം ലഭിച്ചിട്ടുണ്ട്.

## യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗോത്രകലാമേള

221 (8057) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗോത്രകലാമേള സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പരിപാടിവഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ഗോത്ര വർഗ്ഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ഗോത്രവർഗ്ഗ കലാമേളകൾ സംഘടിപ്പിച്ചുവരുന്നു. അന്യം നിന്നു പോകുന്ന ഗോത്രവർഗ്ഗ സംസ്കാരത്തെ പരിപോഷിപ്പിക്കുക, തനത് സാംസ്കാരിക മൂല്യങ്ങളേയും വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളേയും വിശ്വാസങ്ങളേയും തനത് കലകളേയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുക എന്നിവയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും യുവജനകാര്യ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ദേശീയതലത്തിൽ "ഗോത്രായനം" എന്ന പേരിൽ വയനാട് ജില്ലയിലെ മാനന്തവാടി വള്ളിയൂർക്കാവ് ക്ഷേത്ര മൈതാനത്ത് വച്ച് 2012 ഏപ്രിൽ 30 മുതൽ മേയ് 4 വരെ ദേശീയ ഗോത്രവർഗ്ഗ കലാമേള അതിവിപുലമായി സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിലെ ഗോത്രവർഗ്ഗ കലകളുടെ അവതരണം, എക്സിബിഷൻ, സെമിനാറുകൾ, സാഹസിക പരിപാടികൾ, ഭക്ഷ്യമേള, ഫ്ലവർ ഷോ, മെഗാഷോ എന്നിവ സംഘടിപ്പിച്ചു. കേരളമുൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി അഞ്ഞൂറോളം ആദിവാസി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടുകൂടി 2013 നവംബർ 1 മുതൽ 4 വരെ കൊല്ലം ജില്ലയിലെ ഓച്ചിറയിൽ വച്ച് "ഗോത്രതാളം " എന്ന പേരിൽ സംസ്ഥാന ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ഗോത്രവർഗ്ഗ യുവജനങ്ങളുടെ കലാപരിപാടികൾ, വംശീയ വൈദ്യം, ആവികുളി, വംശീയ ഭക്ഷണം, കരകൗശല വസ്തുക്കൾ, കാർഷിക വിഭവങ്ങൾ, വനവിഭവങ്ങൾ എന്നിവയുടെ പ്രദർശനം ഉൾക്കൊള്ളിച്ചുള്ള എക്സിബിഷൻ, നിയമബോധവൽക്കരണം, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ്, വനാവകാശ നിയമം എന്നീ വിഷയങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള സെമിനാറുകൾ എന്നിവയും കൂടാതെ "ആദരണീയം" എന്ന പരിപാടിയും സംഘടിപ്പിച്ചു.

(ഡി) ഗോത്രവർഗ്ഗ കലാമേളകൾ സംഘടിപ്പിക്കുന്നതിലേക്കായി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

222 (8058) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന ക്ഷേമ ബോർഡു മുഖേന വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക മേഖലകളിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) എം.എൽ.എ. മാരുടെ ശുപാർശ പ്രകാരം പ്രസ്തുത മേഖലകളിൽ സന്നദ്ധ സംഘടനകൾ, യുവജന ക്ലബ്ബുകൾ എന്നിവ വഴി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ബോർഡ് ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) ബോർഡിൽ നിന്ന് പദ്ധതികൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം, ഗോത്രവർഗ്ഗ കലാമേള, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യ ക്യാമ്പ്, ജേർണലിസ്റ്റ് ക്യാമ്പ്, ഇന്റർനാഷണൽ/ഇന്റർസ്റ്റേറ്റ് യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് അവാർഡ്, വനിതാ ശില്പശാല, ഡി.റ്റി.പി./പി.എസ്.സി. പരിശീലനം, വിവിധ ദിനാചരണങ്ങൾ, സംസ്ഥാന നാടക ക്യാമ്പ്, വ്യവസായ സംരംഭകത്വം, സാഹസിക പരിപാടികൾ, നാടൻ കലാമേളകൾ, സ്വയംതൊഴിൽ-കാർഷിക പദ്ധതികൾ, ബോധവൽക്കരണ-വ്യക്തിത്വ വികസന ക്യാമ്പുകൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി, ഐ.ബി.പി.എസ്. കോച്ചിംഗ്, സംസ്ഥാന പെയിന്റിംഗ് ശില്പശാല, യൂത്ത് ലീഡർ ഷിപ്പ് ക്യാമ്പ്, ജീവദായിനി, സ്പോർട്സ് കിറ്റ്, പുനർജ്ജനി എന്നീ പദ്ധതികൾ വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. ശ്രീ. ആരിഫ്, എം.എൽ.എ.-യുടെ ശിപാർശ പ്രകാരം 2013-ൽ നടന്ന അരൂർ ജോബ് ഫെസ്റ്റിന് 5 ലക്ഷം രൂപ അനുവദിച്ചു. ശ്രീ. കെ. എം. ഷാജി എം.എൽ.എ.-യുടെ ശിപാർശ പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടത്തുന്നതിന് ഒരു ലക്ഷം രൂപ അനുവദിച്ചു. ശ്രീ. വിഷ്ണുനാഥ് എം.എൽ.എ.-യുടെ ശിപാർശ പ്രകാരം ചെങ്ങന്നൂർ ഫെസ്റ്റ് നടത്തുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചു.

(സി) ബോർഡിൽ അഫിലിയേഷൻ ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ/ബോധവൽക്കരണം/കാർഷികം എന്നീ മേഖലകളിൽ പ്രവർത്തനം നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. ജില്ലാ യുവജനകേന്ദ്രങ്ങൾ വഴി ജില്ലാ ഓഫീസറുടെ ശിപാർശയോടുകൂടി വരുന്ന അപേക്ഷകൾക്ക് ഡയറക്ടർ ബോർഡ്

തീരുമാനപ്രകാരം ധനസഹായം നൽകിവരുന്നു.

## തിരുവനന്തപുരം മൃഗശാലയിലെ മൃഗപരിപാലനം

223 (8059) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരിക്കു ശേഷം തിരുവനന്തപുരം മൃഗശാലയിൽ രോഗം പിടിപ്പെട്ട് എത്ര മൃഗങ്ങൾ ചത്തിട്ടുണ്ട് ;

(ബി) മൃഗശാലയിലെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത കാലയളവിൽ മൃഗശാലയിലേക്ക് പുതിയ മൃഗങ്ങളെ കൊണ്ടുവന്നിട്ടുണ്ടോ ?

ഉത്തരം

(എ) 2013 ജനുവരിക്കുശേഷം തിരുവനന്തപുരം മൃഗശാലയിൽ 7 മൃഗങ്ങൾ രോഗം പിടിപെട്ട് മരണപ്പെടുകയുണ്ടായി.

(ബി) മൃഗശാലയിലെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ശാസ്ത്രീയ രീതിയിലുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ
2. ഫുട്ട് ടിപ്പുകൾ സ്ഥാപിക്കൽ
3. വാക്സിനേഷൻ
4. ഓടകളുടെ സമയബന്ധിതമായ ശുചീകരണം
5. അണുനശീകരണം നടത്തൽ
6. ആഹാര അവശിഷ്ടങ്ങൾ അതത് ദിവസംതന്നെ നീക്കം ചെയ്യൽ
7. കൃത്യമായുള്ള മാലിന്യ നിർമ്മാർജ്ജനം

(സി) ഉണ്ട്. പ്രസ്തുത കാലയളവിൽ മൃഗശാലയിലേക്ക് 34 പക്ഷിമൃഗാദികളെ കൊണ്ടുവന്നിട്ടുണ്ട്.

**തിരുവനന്തപുരം മൃഗശാലയിൽ അനക്കോണ്ട**

224 (8060) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ അനക്കോണ്ട പാമ്പുകളെ ഇറക്കുമതി ചെയ്ത വകയിൽ സർക്കാരിന് എത്ര തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) അനക്കോണ്ട പാമ്പുകൾക്ക് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയിൽ അനക്കോണ്ട പാമ്പുകളെ കൊണ്ടുവന്ന വകയിൽ 2,80,613 രൂപ ചെലവായിട്ടുണ്ട്.

(ബി&സി) അനക്കോണ്ട പാമ്പുകൾക്ക് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

(ഡി) പാമ്പുകളുടെ വില നിശ്ചയിക്കാൻ കഴിയാത്തതിനാൽ ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തര പ്രമേയം

**എയിംസ് സ്ഥാപിക്കൽ**

മി.സ്പീക്കർ: സംസ്ഥാനത്ത് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എയിംസ്) സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട നിർദ്ദേശം

കേന്ദ്ര ബഡ്ജറ്റിന് മുമ്പുതന്നെ സമർപ്പിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് വീഴ്ച വരുത്തിയതുമൂലം ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പട്ടികയിൽ നിന്ന് കേരളം പുറത്തായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. പി. റ്റി. എ. റഹീം, ശ്രീ. വി. എസ്. സുനിൽകുമാർ, ശ്രീ. ജോസ് തെറ്റയിൽ, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരളത്തിൽ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ യാതൊരുവിധ അലംഭാവവും സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. 9-7-2014-ൽ കൂടിയ മന്ത്രിസഭാ യോഗത്തിലും 14-7-2014-ൽ കൂടിയ സ്പെഷ്യൽ കാബിനറ്റിലും ഈ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അതനുസരിച്ച് ഒരു തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിർദ്ദേശം അനുസരിച്ച് എയിംസ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണ്. അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോകും. ഈ കാര്യത്തിൽ ഒരു അലംഭാവവും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. റ്റി. എ. റഹീം : സർ, എല്ലാത്തിനും കൂടിയുള്ള ഒരു മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിരിക്കുന്നത്. കേരളം വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സ്വപ്ന പദ്ധതിയാണ് എയിംസ്. എന്നാൽ യു.പി.എ. സർക്കാരിൽ സമ്മർദ്ദം ചെലുത്തി അത് നേടിയെടുക്കാൻ കേരള സർക്കാരിന് സാധിച്ചിട്ടില്ല. 2014 ജൂൺ 14-ന് കേന്ദ്ര സർക്കാർ എയിംസിനായുള്ള നിർദ്ദേശം നൽകുവാൻ കേരളത്തോട് ആവശ്യപ്പെട്ടിരുന്നു. എയിംസ് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെയും ഉൾപ്പെടുത്തി പുതിയ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി പരസ്യ പ്രസ്താവനയും നടത്തിയിരുന്നു. എന്നിട്ടും അനുയോജ്യമായ സ്ഥലം കണ്ടെത്തി ബഡ്ജറ്റ് അവതരണത്തിന് മുമ്പ്തന്നെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ വീഴ്ച വരുത്തി. ബഡ്ജറ്റ് വന്നപ്പോൾ പട്ടികയിൽ നിന്നും കേരളം പുറത്തായി. അത്യന്തം ഗുരുതരമായ ഈ

സ്ഥിതിവിശേഷമാണ് സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. കേന്ദ്രത്തിൽ പുതിയതായി അധികാരത്തിൽ വന്ന സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ കേരളം ഏറ്റവും കൂടുതൽ പ്രതീക്ഷ അർപ്പിച്ചിരുന്നത് കേരളത്തിന് എയിംസ് അനുവദിച്ച് കൊണ്ടുള്ള പ്രഖ്യാപനം ഉണ്ടാകും എന്നതായിരുന്നു. എന്നാൽ ശ്രീ. അരുൺജെയ്റ്റിലിയുടെ ബഡ്ജറ്റ് പ്രസംഗം കേരളത്തിന് നൽകിയത് കടുത്ത നിരാശയാണ്. എന്തുകൊണ്ട് എയിംസ് കേരളത്തിന് അനുവദിക്കപ്പെട്ടില്ല എന്ന ചോദ്യം സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. കേന്ദ്രസർക്കാർ ആവശ്യപ്പെട്ടുള്ള പ്രകാരം കൃത്യസമയത്ത് നിർദ്ദേശം സമർപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് ഉണ്ടായ പരാജയം മലയാളികളുടെ ഏറെ പ്രതീക്ഷകളെയാണ് തല്ലിക്കെടുത്തിയത്. മിഥ്യയായ അവകാശവാദങ്ങളും, ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന പ്രഖ്യാപനങ്ങളുമായി അതിവേഗം ബഹുദൂരം സഞ്ചരിക്കപ്പെടുന്നുവെന്ന് അവകാശപ്പെടുന്ന സംസ്ഥാന സർക്കാർ കേരളത്തിന് എയിംസ് നഷ്ടപ്പെടുത്തിയത് വരും തലമുറയോടുള്ള വലിയ ഒരു പാതകം ആണ്. രാജ്യത്തെ പ്രഥമ പ്രധാന മന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രുവിന്റെ സ്വപ്ന പദ്ധതിയായിരുന്നു ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ലോക രാഷ്ട്രങ്ങൾക്കിടയിൽ ഇൻഡ്യയുടെ യശസ്സ് ഉയർത്തിപ്പിടിക്കുന്ന സുപ്രധാന അടയാളങ്ങളിൽ ഒന്നായി ഇന്ന് എയിംസ് തലയുയർത്തി നിൽക്കുന്നു. നെഹ്രുവിന്റെ മന്ത്രിസഭയിൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന രാജ്കുമാരി അമൃത് ഗൗറിന്റെ ശ്രമഫലമായും ന്യൂസിലാന്റ് സർക്കാരിന്റെ സഹായത്തോടെയും 1952-ൽ തറക്കല്ലിടുകയും 1956-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത എയിംസ് ഡൽഹിയിലെ പാർലമെന്റ് പാസ്സാക്കിയ പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വയംഭരണ സ്ഥാപനമായി പ്രവർത്തിച്ചുവരുന്നു. ഇൻഡ്യയിലെ ഇതര മെഡിക്കൽ കോളേജുകൾക്ക് മാതൃകയും മാർഗ്ഗനിർദ്ദേശവും ആകുന്ന രീതിയിലാണ് എയിംസിന്റെ ഘടന. അന്താരാഷ്ട്ര നിലവാരമുള്ള മികച്ച ചികൽസാ സൗകര്യങ്ങൾ സാധാരണക്കാരന് തികച്ചും സൗജന്യമായും ലഭിക്കുന്ന സംവിധാനമാണ് എയിംസിൽ ഉള്ളത്. അന്താരാഷ്ട്ര തലത്തിൽ റിസർച്ച് ഉൾപ്പടെ പൂർത്തീകരിച്ച മികച്ച ഫാക്കൽറ്റിയാണ് എയിംസിന്റെ പ്രത്യേകത. എയിംസിൽ നിന്നും ബിരുദവും ബിരുദാനന്തര ബിരുദവും പൂർത്തീകരിച്ച ഡോകടർമാർ ചികിത്സാരംഗത്ത് പ്രത്യേകം വൈദഗ്ദ്ധ്യം ലഭിച്ചവരാണ്. റിസർച്ച് ഓറിയന്റഡ് ആയിട്ടുള്ള കോഴ്സുകളാണ് എയിംസ് നടത്തുന്നത്. എയിംസിൽ

മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്നത് പ്രത്യേക എൻഡ്രൻസിലൂടെയാണ്. വരുമാന പരിധി കണക്കിലെടുക്കാതെ മുഴുവൻ കുട്ടികൾക്കും നാമമാത്രമായ ഫീസാണ് ഈടാക്കുന്നത്. 5 വർഷത്തേക്ക് ഒരു കുട്ടിയിൽ നിന്നും 5,300 രൂപ മാത്രമാണ് ഫീസായി ഈടാക്കുന്നത്. ഇത് മാത്രമല്ല, ത്രീസ്റ്റാർ സൗകര്യങ്ങളോടുകൂടിയ താമസ സൗകര്യങ്ങൾക്ക് കേവലം മെസ് ചാർജ്ജ് മാത്രമാണ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നത്. അന്താരാഷ്ട്ര സെമിനാറുകളിൽ പങ്കെടുക്കുവാനും ഈ രംഗത്ത് ലോക നിലവാരത്തിൽ വൈദഗ്ധ്യം നേടിയവർക്ക് പരിശീലനത്തിനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നു. രോഗികൾക്ക് അന്താരാഷ്ട്ര നിലവാര ചികൽസാ സൗകര്യം തികച്ചും സൗജന്യമായിട്ടാണ് ഇവിടെ നൽകുന്നത്. കേരളമുൾപ്പെടെ ആന്ധ്രാപ്രദേശ്, പശ്ചിമ ബംഗാൾ മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും എയിംസ് സ്ഥാപിക്കുമെന്ന് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഡോ. ഹർഷവർദ്ധൻ പാർലമെന്റിൽ പ്രഖ്യാപിച്ചിരുന്നു. കൃത്യസമയത്ത് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിൽ പരാജയപ്പെട്ട കേരളത്തെ ഒഴിവാക്കി കേരളത്തോടൊപ്പം നിർദ്ദേശം സമർപ്പിക്കാനാവശ്യപ്പെട്ട ആന്ധ്രാപ്രദേശ്, ഉൾപ്പെടെ ബാക്കിയുള്ള നാല് സംസ്ഥാനങ്ങൾക്കും എയിംസ് സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനമാണ് ബഡ്ജറ്റിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺജെയ്റ്റിലിയിൽ നിന്നുണ്ടായത്. ഇതിനായി 500 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കേരളം ഏറെക്കാലമായി ആവശ്യപ്പെട്ടു കൊണ്ടിരുന്ന സ്വപ്ന പദ്ധതിയാണ് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്. കേന്ദ്രത്തിലും കേരളത്തിലും ഒരേ പാർട്ടി തന്നെ അധികാരത്തിലിരുന്ന സന്ദർഭത്തിൽ ഡൽഹിയിൽ എയിംസ് സ്ഥാപിച്ച് 56 വർഷങ്ങൾക്കുശേഷമാണ് 2012-ൽ ആറ് പുതിയ എയിംസുകൾ രണ്ടാം യു.പി.എ സർക്കാർ അനുവദിച്ചതെങ്കിലും കേരളത്തെ തഴയുകയായിരുന്നു. എട്ട് മന്ത്രിമാരാണ് അപ്പോൾ നമുക്കുണ്ടായിരുന്നത്. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട പദ്ധതി കപ്പിനും ചുണ്ടിനും ഇടയിൽ സംസ്ഥാന സർക്കാരിന്റെ അലംഭാവം മൂലം നഷ്ടപ്പെടുത്തുകയായിരുന്നു. കേന്ദ്രം ആവശ്യപ്പെട്ടതു പ്രകാരം ബഡ്ജറ്റിനു മുമ്പായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിനുണ്ടായ പരാജയമാണ് കേരളത്തിന് എയിംസ് നഷ്ടപ്പെടുവാൻ ഇടയാക്കിയിരിക്കുന്നത്. കേന്ദ്രത്തിൽ സർക്കാർ മാറിയ വിവരം ഇവിടെ പലരും അറിഞ്ഞിട്ടില്ലായെന്ന മട്ടാണ്. എട്ട് മന്ത്രിമാർ ഉണ്ടായിരുന്നപ്പോൾ നമുക്ക് കാര്യമായി ഒന്നും നേടിയെടുക്കാൻ സാധിച്ചില്ല. അതിവേഗം ബഹുദൂരം ഒച്ച് ഇഴയുന്നതുപോലെ

ആയാൽ ഇതുപോലെയുള്ള കാര്യങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കാൻ കഴിയില്ലെന്ന ബോധം സർക്കാരിനുണ്ടാകേണ്ടതാണ്. 2014 ജൂൺ 14-ന് കേന്ദ്ര സർക്കാർ എയിംസിനുള്ള നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ടിട്ടും ബഡ്ജറ്റിന് മുമ്പായി പ്രൊപ്പോസൽ സമർപ്പിക്കാതെ കേരളത്തിന് എയിംസ് നഷ്ടപ്പെടുത്തിയ കേരള സർക്കാരിന്റെ വീഴ്ചമൂലമുണ്ടായ ഗുരുതരമായ സ്ഥിതി വിശേഷം സംബന്ധിച് ഇന്നത്തെ സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, എയിംസ് സ്ഥാപിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ഇതുസംബന്ധിച്ച ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ കത്ത് 19-6-2014-ൽ ആണ് ഫാക്സ് മുഖേന മുഖ്യമന്ത്രിക്ക് ലഭിച്ചത്. കത്തായി ലഭിച്ചത് ഈ മാസം രണ്ടാം തീയതിയാണ്. അന്നുമുതൽതന്നെ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതിൽ പറഞ്ഞിട്ടുള്ളത്, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഘട്ടംഘട്ടമായി എയിംസ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്നും ഇതിനായി 200 ഏക്കറിൽ കുറയാത്ത മൂന്നോ നാലോ സ്ഥലങ്ങൾ കണ്ടെത്തി ഒരു മാസത്തിനുള്ളിൽ അറിയിക്കണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. കണ്ടെത്തുന്ന സ്ഥലത്ത് റോഡ്, വെള്ളം, വൈദ്യുതി, മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നും ഇവ സംസ്ഥാന ഗവൺമെന്റ് സൗജന്യമായി നൽകണം; എയിംസിനുള്ള കെട്ടിടനിർമ്മാണം, നടത്തിപ്പ്, എന്നിവയ്ക്കുള്ള ചെലവ് കേന്ദ്രസർക്കാർ പി.എം.എസ്.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കും തുടങ്ങിയ വ്യവസ്ഥകളാണ് അതിൽ പറഞ്ഞിട്ടുള്ളത്. സ്ഥലങ്ങൾ ഏതെല്ലാമെന്ന് അറിയിച്ച് കഴിഞ്ഞാൽ ഒരു കേന്ദ്ര സംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കും. ആ സംഘത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഒരു സ്ഥലം സെലക്ട് ചെയ്യുമെന്നാണ് കത്തിൽ പറഞ്ഞിട്ടുള്ളത്. ഇതനുസരിച്ച് 9-7-2014-ൽ നടന്ന മന്ത്രിസഭായോഗം വളരെ ഗൗരവമായിതന്നെ ഈ വിഷയം ചർച്ച ചെയ്തു. മുഖ്യമന്ത്രിക്കാണ് കത്ത് ലഭ്യമായത്. ആ മന്ത്രിസഭായോഗത്തിൽ ഭൂമി അക്വയർ ചെയ്ത് നൽകുന്നതിനോ അല്ലെങ്കിൽ പുതിയ നിയമം കൊണ്ടുവന്ന് സ്ഥലം ഏറ്റെടുക്കുന്നതിനോ കാലതാമസം ഉണ്ടാകുമെന്നതിനാൽ റവന്യൂ ഭൂമിയോ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള

ഭൂമിയോ കണ്ടെത്തി നൽകുന്നതിനാണ് തീരുമാനം എടുത്തത്. അതിന്റെ ഫലമായി റവന്യൂ വകുപ്പുമന്ത്രി സ്ഥലങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശങ്ങൾ കൊടുത്തു. അതിന്റെയടിസ്ഥാനത്തിൽ 14-7-2014-ൽ കൂടിയ സ്പെഷ്യൽ കാബിനറ്റിൽ ഈ തീരുമാനം മാത്രമാണ് എടുത്തത്. അതുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ തീരുമാനിച്ചു. വളരെ വിശദമായ ചർച്ചകൾക്കുശേഷം നാല് സ്ഥലങ്ങൾ മന്ത്രിസഭായോഗം തീരുമാനിച്ചു. അതിൽ ഒന്ന് നെട്ടുകാൽത്തേരിയിലെ ഓപ്പൺ ജയിൽ അനക്സ്, തേവൻകോട്, 263.45 ഏക്കർ സ്ഥലം, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ കൈവശമുള്ള 200 ഏക്കർ സ്ഥലം, എറണാകുളത്ത് കളമശ്ശേരി എച്ച്.എം.റ്റി.-യുടെ ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതായ സ്ഥലം, കോട്ടയം മെഡിക്കൽ കോളേജ് കോമ്പൗണ്ടും സമീപ പ്രദേശത്തുള്ളതുമായ സ്ഥലം. ഈ നാലു സ്ഥലങ്ങളെ സംബന്ധിച്ച് കാബിനറ്റ് തീരുമാനമെടുത്തിട്ടുണ്ട്. അതുപോലെതന്നെ മന്ത്രിസഭാ തീരുമാനമനുസരിച്ച് കേന്ദ്ര സർക്കാരിന് ഇന്നുതന്നെ കത്ത് നൽകുന്നതാണ്. അതുസംബന്ധിച്ച് എല്ലാ തീരുമാനങ്ങളും എടുത്തുകഴിഞ്ഞു. ഇതിന് കേന്ദ്ര ബഡ്ജറ്റും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ കത്തുമായി യാതൊരു ബന്ധവുമില്ല. കേന്ദ്ര ഗവൺമെന്റ് അയച്ച ആ കത്ത് ഇപ്പോൾ എന്റെ കൈവശമുണ്ട്. 19-ാം തീയതി അവർ അയച്ച കത്ത് 20-ാം തീയതിയാണ് ഇവിടെ കിട്ടുന്നത്. 19-ാം തീയതിക്കുമുൻപ് ഇവിടെ സ്ഥലം ഐഡന്റിഫൈ ചെയ്തു എന്നുള്ള വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചാൽ അവർ വന്ന് സ്ഥലം വെരിഫൈ ചെയ്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി അതുമായി ബന്ധപ്പെട്ട് മാത്രമേ കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ട് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. 19-ാം തീയതി വരെ സമയമുള്ള ഒരു കാര്യത്തിന് അതിനുമുൻപ് പ്രഖ്യാപിച്ച ബഡ്ജറ്റുമായി യാതൊരു ബന്ധവുമില്ല. ജൂലൈ 19-ാം തീയതിക്കുമുമ്പ് പ്രൊപ്പോസൽ കൊടുക്കണമെന്നും അതനുസരിച്ച് മാത്രമേ തീരുമാനിക്കുകയുള്ളൂവെന്നും കേന്ദ്ര ഗവൺമെന്റ് തന്നെ പറഞ്ഞിരിക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിച്ചത് അതിനുമുമ്പാണ്. ബഡ്ജറ്റിന് മുമ്പ് പ്രൊപ്പോസൽ കൊടുക്കണമെന്ന് കേന്ദ്ര ഗവൺമെൻറ് പറഞ്ഞിട്ടില്ല. അതുമാത്രമല്ല, 19-ാം തീയതി കൊടുക്കണമെന്നാണ് കത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി 13 സംസ്ഥാനങ്ങൾക്ക് കത്തയച്ചിട്ടുണ്ട്. 13 സംസ്ഥാനങ്ങളും

19-ാം തീയതിക്കുമുമ്പ് മാത്രമേ പ്രൊപ്പോസൽ കൊടുക്കുകയുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന്റെ നടപടിക്രമങ്ങൾ മുഴുവൻ പൂർത്തീകരിച്ചുകഴിഞ്ഞു. അപ്പോൾ ജൂലൈ മാസം 19-ാം തീയതിക്കുമുമ്പ് കൊടുക്കണമെന്ന് പറഞ്ഞാൽ, എക്സാമിനേഷൻ 19-ാം തീയതി അതിനുമുൻപ് റിസൾട്ട് പ്രസിദ്ധീകരിക്കാൻ സാധിക്കുമോ ? ഇക്കാര്യം രണ്ട് ക്യാബിനറ്റ് മീറ്റിംഗുകളിൽ വളരെ വിശദമായി ചർച്ച ചെയ്തു. പല സ്ഥലങ്ങളെപ്പറ്റിയും പല ആളുകളും പറഞ്ഞു. അങ്ങനെയുള്ള സ്ഥലങ്ങൾ അക്വയർ ചെയ്താൽ നിയമ നടപടികളുണ്ടാകും. അതിലൂടെ കാലതാമസം നേരിടുകയും ചെയ്യും. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ഗൗരവത്തോടുകൂടിയുള്ള തീരുമാനം എത്രയും പെട്ടെന്ന് എടുക്കേണ്ടത് അത്യാവശ്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 19-ാം തീയതിക്കുമുൻപ് പ്രൊപ്പോസൽ കൊടുത്താൽ മതിയെന്ന് പറഞ്ഞ് കേന്ദ്ര ഗവൺമെന്റ് അയച്ച തന്ന കത്തിലെ സ്പെസിഫിക് പോർഷൻ വായിക്കാമോ?

ശ്രീ. വി. എസ്. ശിവകുമാർ: ഞാൻ വായിക്കാം. I request you to kindly send your response on land locations and other infrastructure within a month, dated 19th June 2014 എന്നുപറഞ്ഞുകൊണ്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ കത്താണ്. 13 സംസ്ഥാനങ്ങൾക്കും ഇതനുസരിച്ചുള്ള കത്താണ് കൊടുത്തിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഡൽഹിയിൽ പോയപ്പോൾ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ നേരിൽകണ്ട് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യങ്ങളെപ്പറ്റി തീരുമാനിച്ചുകൊണ്ടിരിക്കുകയാണെന്നും സമയബന്ധിതമായി കത്ത് അയയ്ക്കാമെന്നും പറഞ്ഞു. അപ്പോൾ രണ്ടോ മൂന്നോ ദിവസം വൈകിയാലും കുഴപ്പമില്ലെന്നും ഇക്കാര്യങ്ങൾ പരിശോധിക്കാനായി കേന്ദ്ര ഡെലിഗേഷൻ വരുമെന്നും അതിനുശേഷം കേരളത്തിന് എയിംസ് നൽകുമെന്നുമുള്ള ഉറപ്പും അദ്ദേഹം നൽകിയിട്ടുണ്ട്. അടുത്ത ബഡ്ജറ്റിന് മുമ്പ് അല്ലെങ്കിൽ അടുത്ത ബഡ്ജറ്റിൽ കേരളത്തിൽ എയിംസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ നടപടിക്രമങ്ങളും വളരെ ഗൗരവത്തോടുകൂടി രണ്ട് ക്യാബിനറ്റ് മീറ്റിംഗുകളിലും ചർച്ച ചെയ്ത് എത്രയും വേഗം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ്

നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ കാര്യങ്ങളും സംസ്ഥാന ഗവൺമെന്റ് ചെയ്യും. അതുകൊണ്ട് ഇപ്പോൾ ഇത്തരത്തിലുള്ള ഒരു ചർച്ചയുടെ ആവശ്യമില്ല. ഈ അടിയന്തരപ്രമേയ ചർച്ചയ്ക്കുള്ള അനുമതി നിഷേധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരനാസ്ഥയും ഉണ്ടായില്ലെന്നു മാത്രമല്ല, ഇതിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുകയും ചെയ്യുകാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയും ചെയ്തു. ജൂൺ 19-ാം തീയതി അവിടെനിന്നും കത്ത് ഫാക്സ് ചെയുകയും 20-ാം തീയതി ഇവിടെ ലഭിക്കുകയും പ്രസ്തുത കത്ത് 20-ാം തീയതിതന്നെ ആരോഗ്യ വകുപ്പുമന്ത്രിക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ലൊക്കേഷൻ സംബന്ധിച്ചുള്ള ചർച്ചകൾ നടത്തുകയും ചെയ്തു. ഇതിനിടയിൽ ജൂലൈ 3-ാം തീയതി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ നേരിട്ടുകണ്ട് ഇക്കാര്യം സംസാരിച്ചപ്പോൾ കത്തിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ സംസ്ഥാനങ്ങളുടെ പ്രൊപ്പോസലുകൾ തരണമെന്നും അതനുസരിച്ച് കേന്ദ്രത്തിൽ നിന്നും ഒരു ടീമിനെ അയയ്ക്കുണമെന്നും അതിനുശേഷം ഇതുസംബന്ധിച്ച് തീരുമാനമെടുക്കാമെന്നും പറഞ്ഞു. കൂടാതെ 14-ാം തീയതി ശ്രീ. വി. എസ്. ശിവകുമാർ വീണ്ടും അദ്ദേഹത്തെ പോയി കണ്ടു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പ്രസ്തുത വാചകം വായിക്കാമോയെന്ന് ചോദിച്ചു. ബഹുമാനപ്പെട്ട മന്ത്രി ആ വാചകം ഇവിടെ വായിച്ചുവെങ്കിലും ഞാൻ ഒരിക്കൽ കൂടി വായിക്കുകയാണ്. I request you to kindly send your response on land locations and other infrastructure within a month. within a month എന്നുള്ളത് അണ്ടർലൈൻ ചെയ്തിരിക്കുകയാണ്. ജൂൺ 19-ാം തീയതി അയച്ച കത്ത് ഇവിടെ കിട്ടിയ തീയതി നോക്കണ്ട. അവിടെ നിന്ന് അയച്ചത് 19-ാം തീയതിയാണെങ്കിൽ ഇവിടെ within a month എന്നുപറഞ്ഞാണ് അയച്ചിരിക്കുന്നത്. മാത്രമല്ല, എന്താണ് എഴുതിയിരിക്കുന്നത് upon receipt of the details about the alternate locations a Central Team will be sent to the state for inspection of the alternate sites, locations before finalization. ബഹുമാനപ്പെട്ട പി. റ്റി. എ. റഹീം ബഡ്ജറ്റിനുവേണ്ടിയാണോ ഈ കത്ത് അയച്ചിരിക്കുന്നത്.

ശ്രീ. പി. റ്റി. എ. റഹീം: സർ, ഇവിടത്തെ വിഷയം അതല്ല, 1956-ലാണ് ആദ്യത്തെ എയിംസ് നിലവിൽ വന്നത്. പിന്നീട് 56 വർഷം കഴിഞ്ഞ് 2012-ൽ

6 എണ്ണം വന്നപ്പോഴും കേരളത്തിന് ഒരെണ്ണം നേടിയെടുക്കാൻ കഴിഞ്ഞില്ല. ആ സമയത്തൊന്നും ഇത് നേടിയെടുക്കാനുള്ള യാതൊരു നടപടിയുമുണ്ടായിട്ടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. പി. റ്റി. എ. റഹീം അതിനുശേഷം കേന്ദ്രത്തിലും കേരളത്തിലും പല ഗവൺമെന്റുകളും മാറിമാറി വന്നു. എന്നിട്ടും എയിംസ് ലഭിച്ചില്ല. എന്നാൽ ഇപ്പോൾ ലഭിച്ച എല്ലാ സ്ഥാപനങ്ങളും നേരത്തെ ഉണ്ടായിരുന്ന പ്രൊപ്പോസലുകളിന്മേൽ ലഭിച്ചിട്ടുള്ളതാണ്. ഈ ബഡ്ജറ്റിൽ കേരളത്തിനൊരു ഐ.ഐ.റ്റി. കിട്ടിയത് എങ്ങനെയാണ്? സംസ്ഥാന ഗവൺമെന്റ് നേരത്തെ കൊടുത്ത പ്രൊപ്പോസലിന്റെയും പഠന റിപ്പോർട്ടു കളുടെയും ഭാഗമായിട്ടാണ്.

ശ്രീ. എം. എ. ബേബി: സർ, കേരളത്തിന് ഇപ്പോൾ ഐ.ഐ.റ്റി. കിട്ടിയതിൽ നമ്മൾ സന്തോഷിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഓർമ്മയുണ്ടാവും. 2006 നവംബർ 1-ാം തീയതി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ വിളിച്ചുകൊണ്ടുവന്ന് കേരളപ്പിറവിയുടെ അൻപതാം വാർഷിക ചടങ്ങ് നടത്തിയപ്പോൾ കേരളത്തിന്റെ അൻപതാം പിറന്നാൾ വേളയിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് ഐ.ഐ.റ്റി. പ്രഖ്യാപിക്കണമെന്ന് പ്രധാനമന്ത്രിയോട് പറഞ്ഞപ്പോൾ ഇക്കാര്യം ഞങ്ങളുടെ മുൻഗണനാപരിധിയിലുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിനുശേഷം അന്നത്തെ യു.പി.എ. ഗവൺമെന്റ് എട്ട് ഐ.ഐ.റ്റി.-കൾ പ്രഖ്യാപിച്ചിട്ടും കേരളം അതിൽ ഉൾപ്പെട്ടില്ല. അപ്പോൾ വീണ്ടും അന്നത്തെ മുഖ്യമന്ത്രിയും ഞാനും കൂടി പ്രധാനമന്ത്രിയെ കണ്ടിട്ട് കേരളത്തിനുമേൽ അവഗണനയുണ്ടായെന്ന് പറഞ്ഞു. അതിനുശേഷം നാല് വർഷങ്ങൾക്കുശേഷം അങ്ങ് പങ്കെടുത്തുകൊണ്ട് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ രാജീവ്ഗാന്ധി പഠന ഗവേഷണ കേന്ദ്രം നടത്തിയ സെമിനാർ പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്നപ്പോൾ പ്രധാനമന്ത്രിയെ വേദിയിലിരുത്തികൊണ്ട് അന്ന് സംസാരിക്കാൻ കിട്ടിയ അവസരത്തിൽ 2006-ൽ പ്രധാനമന്ത്രി നൽകിയ വാഗ്ദാനം ഇതുവരെ പാലിച്ചിട്ടില്ലെന്നും എട്ട് സംസ്ഥാന ങ്ങൾക്ക് അതിനുശേഷം കേന്ദ്ര ഗവൺമെന്റ് ഐ.ഐ.റ്റി. കൊടുത്തുവെന്നും ഇനിയെങ്കിലും കേരളത്തിന്റെ

ഐ.ഐ.റ്റി.-യെന്ന ആവശ്യം അംഗീകരിക്കുമോയെന്ന് ഞാൻ ചോദിച്ചു. അന്ന് പ്രധാനമന്ത്രി മറുപടി പറഞ്ഞപ്പോൾ അക്കാര്യം ഞങ്ങളുടെ പരിഗണനയിലുണ്ടെന്ന് പറഞ്ഞു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേദിയിൽ വച്ചാണെങ്കിലും അങ്ങ് ഈ ആവശ്യം സ്ഥാപിച്ചെടുത്തല്ലോ എന്ന് എന്റെ ചെവിയിൽ പറഞ്ഞു. ഇതൊക്കെയുണ്ടായിട്ടും കേരളത്തിന്റെ ഐ.ഐ.റ്റി. സ്വപ്നം സാക്ഷാത്കരിക്കാൻ ബി.ജെ.പി. ഗവൺമെന്റ് വേണ്ടിവന്നതിൽ നിങ്ങൾക്ക് നാണമില്ലേ എന്നാണ് ഈ ഘട്ടത്തിൽ ഞാൻ ചോദിക്കുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ഒരു നാണവുമില്ല, അന്ന് ഡോ. മൻമോഹൻ സിംഗ് പറഞ്ഞ വാഗ്ദാനമാണ് ഇന്നിപ്പോൾ നടന്നിരിക്കുന്നത്. കാരണം, ഇന്ന് നാല് സ്റ്റേറ്റുകളിൽ ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് അനുവദിച്ചതും ഐ.ഐ.റ്റി. അനുവദിച്ചതുമെല്ലാം നേരത്തെ നടത്തിയ പ്രൊപ്പോസലുകളുടെയും നടപടികളുടെയും ഭാഗമായിട്ടാണ്. അല്ലാതെ ഈ ഗവൺമെന്റ് വന്നിട്ട് ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് അനുവദിച്ചതാണോ, അല്ല. അപ്പോൾ പ്രതിപക്ഷ അംഗങ്ങൾക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കേന്ദ്ര ഗവൺമെന്റ് ഇന്നെടുത്തിട്ടുള്ള തീരുമാനങ്ങൾ വളരെ വ്യക്തമാണ്. ഇവിടെ ഐ.ഐ.ടി.-യും എയിംസും വന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ നടപടികളുടെ തുടർച്ചയായി തന്നെയാണ്. ഈ ഗവൺമെന്റ് പുതിയതായി സ്ഥാപനങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ച് വച്ചിട്ടുള്ള വ്യവസ്ഥകൾ പൂർണ്ണമായും അതിന്റെ ഗൗരവത്തോടുകൂടി ഈ ഗവൺമെന്റ് കാണുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം നേടിയെടുക്കുവാനുള്ള എല്ലാ നടപടികളും എടുക്കുന്നതാണ്. കേരളത്തിൽ ഇതിനായി സ്ഥലം കണ്ടെത്തുകയെന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് 200 ഏക്കർ വച്ച് നാല് സ്ഥലങ്ങൾ ശുപാർശ ചെയ്യാൻ പറഞ്ഞപ്പോൾ വളരെ ബുദ്ധിമുട്ടേറിയ ഒരു ജോലിയായിരുന്നിട്ടും എയിംസ് കേരളത്തിന് സമയബന്ധിതമായി കിട്ടണമെന്നും കേന്ദ്ര ഗവൺമെന്റ് പറഞ്ഞ ഡെഡ് ലൈനിനുള്ളിൽ നിന്ന് കൊടുക്കണമെന്നുള്ളതിന്റെ പേരിലാണ് സ്ഥലങ്ങൾ സജസ്റ്റ് ചെയ്തിരിക്കുന്നതെന്ന് ശ്രീ വി. എസ്. ശിവകുമാർ ഇവിടെ പറഞ്ഞു, സമയബന്ധിതമായി 200 ഏക്കർ വീതം കിട്ടുന്ന നാല് സ്ഥലങ്ങൾ കണ്ടെത്തിയിരിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>): സർ, നേരത്തെ

ഇതിനുവേണ്ടി നടത്തിയ ശ്രമങ്ങളുടെ തുടർച്ചയായിട്ടാണ് ഐ.ഐ.ടി. അനുവദിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ നിന്നുതന്നെ മനസ്സിലാകുന്നതാണ്. അതാണെങ്കിൽത്തന്നെ ഇപ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത് എയിംസിന്റെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് അനുവദിക്കുകയും ഇവിടെ അനുവദിക്കാതിരിക്കുകയും ചെയ്തത് നമ്മൾ വേണ്ടതുപോലെ ഇക്കാര്യത്തിൽ ഇടപെട്ടില്ല എന്നുള്ളതിന്റെ തെളിവല്ലേ; അങ്ങയുടെ മറുപടിയിൽ നിന്നുതന്നെ അത് വ്യക്തമാണല്ലോ?എൽ.ഡി.എഫ്. ഗവൺമെന്റും പിന്നീട് യു.ഡി.എഫ്. ഗവൺമെന്റും സന്ദർഭോചിതമായി ഇടപെട്ടതിന്റെ ഫലമായിട്ടാണ് പല സ്ഥാപനങ്ങളും കിട്ടിയതെന്നിരിക്കെ ഇക്കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഇടപെട്ടിട്ടില്ല എന്ന രീതിയിൽ സംസാരിക്കുന്നത് ഉചിതമാണോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഐ.ഐ.ടി.-യുടെ കാര്യത്തിൽ നമുക്ക് ഇവിടെയൊരു ചരിത്രമുണ്ട്. 9-7-2004-ൽ ഈ സഭയിൽ കേരളത്തിന് ഐ.ഐ.ടി. വേണമെന്നുപറഞ്ഞ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഒരു പ്രമേയം അവതരിപ്പിക്കുകയും അത് ഈ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. അന്നുമുതൽ ആരംഭിച്ച ശ്രമമാണ്. അതുകഴിഞ്ഞ് എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നു. നിങ്ങൾ അതിനുവേണ്ടി ശ്രമിച്ചു. ശ്രീ. എം. എ. ബേബി പറഞ്ഞത് ശരിയാണ്. പ്രധാനമന്ത്രിയോട് പറഞ്ഞു, പ്രധാനമന്ത്രി ആദ്യം അത് പരിഗണിക്കുമെന്ന് പറഞ്ഞു, പിന്നീട് രാജീവ് ഗാന്ധി സെന്ററിൽ ശ്രീ. എം. എ. ബേബി ഈ വിഷയം ഉന്നയിച്ചപ്പോൾ കേരളത്തിന് അനുവദിക്കുമെന്നുതന്നെ വ്യക്തമായി പറഞ്ഞിരുന്നു. അതിനുശേഷം, ആ നടപടികളുടെ തുടർച്ചയായാണ് ഐ.ഐ.ടി.-യും എയിംസും വന്നിട്ടുള്ളതെന്ന് പറഞ്ഞാൽ എല്ലാവർക്കുമറിയാം. ഈ ഗവൺമെന്റ് എടുത്ത നടപടികൾ ഈ കത്തിന്റെ അടിസ്ഥാനത്തിലാണ്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്.

<u>ശ്രീ. എം. എ. വാഹീദ്</u>: സർ, സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തതിൽ, വളരെ എളുപ്പം കിട്ടുന്ന തരത്തിലുള്ള സർക്കാർ വക ഭൂമി എന്റെ നിയോജക മണ്ഡലത്തിലെ ശ്രീകാര്യത്തുണ്ട്. കിഴങ്ങുഗവേഷണ കേന്ദ്രത്തിൽ പത്തഞ്ഞൂറോളം ഏക്കർ ഭൂമി കാടുപിടിച്ച് ഉപയോഗശൂന്യമായി കിടക്കുകയാണ്. തിരുവനന്തപുരത്ത്

നിർദ്ദേശിച്ച നെട്ടുകാൽത്തേരി അല്ലെങ്കിൽ കിഴങ്ങുഗവേഷണ കേന്ദ്രം (സി.ടി.സി.ആർ.ഐ.) കൂടി ഉൾപ്പെടുത്താൻ അങ്ങ് ശ്രമിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സംസ്ഥാന ഗവൺമെന്റിന് നേരിട്ട് നിയന്ത്രണമുള്ള ഭൂമിയുണ്ടെങ്കിൽ അത് കൊടുക്കണമെന്നുള്ളതിനാണ് പ്രയോറിറ്റി കൊടുത്തത്. അങ്ങനെയാണ് തിരുവനന്തപുരത്തെ തുറന്ന ജയിലും കോഴിക്കോടിലെ കിനാലൂരും കോട്ടയത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ സ്ഥലവും വന്നത്. കൊച്ചിയിൽ എച്ച്.എം.ടി.-യുടെ സ്ഥലം ചോദിച്ചിട്ടുണ്ട്. അതിനായി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വേണം. ബഹുമാനപ്പെട്ട ശ്രീ. എം. എ. വാഹീദ് പറഞ്ഞ സ്ഥലം കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്. കിട്ടുമെന്നുണ്ടെങ്കിൽ അതും നിർദ്ദേശിക്കുന്നതിൽ കുഴപ്പമില്ല. അതും പ്രത്യേകമായി പരിഗണിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, അങ്ങ് ഇവിടെ വിശദീകരിച്ചപ്പോൾ ഐ.ഐ.ടി.-യും എയിംസും മുൻകാലങ്ങളിൽ നടന്നുവന്നിരുന്ന ഒരു പ്രോസസ്സിന്റെ തുടർച്ചയായി നേടാൻ കഴിഞ്ഞതാണെന്ന് പറഞ്ഞല്ലോ; എയിംസിന്റെ കാര്യത്തിൽ മുൻ ഗവൺമെന്റിന്റെ കാലത്ത്, ഇപ്പോൾ വന്നിരിക്കുന്ന പ്രൊപ്പോസൽ പോലെ കത്തായിട്ടോ നിർദ്ദേശമായിട്ടോ അഭിപ്രായ രൂപീകരണമായിട്ടോ എന്തെങ്കിലും വന്നിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിനെ സംബന്ധിച്ചിടത്തോളം എനിക്ക് ഫയൽ നോക്കാതെ പറയാൻ സാധിക്കില്ല. പക്ഷേ നമ്മൾ ശ്രദ്ധ കേന്ദ്രീകരിച്ചി രുന്ന ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. അത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്യാൻസർ സെന്ററാണ്. അത് നമുക്ക് വേണമെന്ന് നമ്മൾ വളരെ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടു. അതിനുവേണ്ടി നമ്മൾ ശ്രമിച്ചിരുന്നു. അതിന്റെ നടപടികൾ വളരെയധികം മുന്നോട്ടുപോയി. തിരുവനന്തപുരത്തെ ആർ.സി.സി.-യെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്യാൻസർ സെന്ററായി ഉയർത്തണ മെന്നതായിരുന്നു നമ്മുടെ ലക്ഷ്യം. തലശ്ശേരിയിലെ മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനെയും ആർ.സി.സി. ആയിട്ട് മാറ്റണം. അപ്പോൾ കേരളത്തിന്റെ രണ്ട് മേഖലകളിൽ ഏറ്റവും ഉന്നതമായ രീതിയിലുള്ള ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യമുണ്ടാകുമെന്ന് നമ്മൾ ധരിച്ചിരുന്നു.

ഇപ്പോൾ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി അംഗീകരിച്ചില്ലെങ്കിലും ആർ.സി.സി.-യെ അങ്ങനെ ഉയർത്തു ന്നതിനുള്ള തീരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ എടുത്തിരുന്നു. അതനുസരിച്ച് മുന്നോട്ടുപോകും. ഇപ്പോൾ തലശ്ശേരിയിലെ മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനെ ആർ.സി.സി.യാക്കുന്നതിനെക്കുറിച്ചാണ് ആലോചിച്ചു കൊണ്ടിരിക്കുന്നത്. ഏതായിരുന്നാലും ഈ കാര്യത്തിൽ ഗവൺമെന്റ് വളരെയേറ താൽപ്പര്യത്തോടുകൂടിയാണ് മുന്നോട്ടുനീങ്ങുന്നത്. അതിനകത്ത് ഒരു മാറ്റവുമുണ്ടാകില്ല, ഒരു വീഴ്ചയും വന്നിട്ടില്ല. ഗവൺമെന്റിനെ കുറ്റപ്പെടുത്തണമെങ്കിൽ കുറ്റപ്പെടുത്താം. എല്ലാ കാര്യങ്ങളെ സംബന്ധിച്ചും സമയബന്ധിതമായിത്തന്നെ നടപടിയെടുത്തിട്ടുണ്ട്. ഈ കാര്യങ്ങളുമായി മുമ്പോട്ടുപോകും. അതിൽ യാതൊരു സംശയവും വേണ്ട.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇപ്പോൾ ഇതിനെപ്പറ്റി ഒരു ചർച്ചതന്നെ നടന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബഹുമാനപ്പെട്ട വകുപ്പു മന്ത്രിയുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അടിയന്തരപ്രമേയം അവതരിപ്പിച്ച് വാക്കൗട്ട് ചെയ്തേ ഒക്കൂ എന്ന് ഞങ്ങൾക്ക് നിർബന്ധമില്ല. ഐ.ഐ.ടി.-യുടെ കാര്യത്തിലും എയിംസിന്റെ കാര്യത്തിലുമുണ്ടായിട്ടുള്ള വ്യത്യസ്തതകൾ മാത്രമല്ല, ക്യാൻസർ സെന്ററും കൂടി ഉദ്ദേശിച്ചിരുന്നുവെന്നാണ് ഇപ്പോൾ മുഖ്യമന്തി പറഞ്ഞത്. അപ്പോൾ ഏതിനാണ് പ്രയോറിറ്റി എന്നുള്ളത് വ്യക്തമല്ല. അതുപോലെതന്നെ, സ്ഥലത്തിന്റെ കാര്യത്തിലും നിങ്ങളുടെ ഇടയിൽത്തന്നെ ഏകീകൃതമായ ഒരു അഭിപ്രായമുണ്ടെന്നും തോന്നുന്നില്ല. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കഴിയുന്നത്ര വേഗത്തിൽ എയിംസ് നേടിയെടുക്കുന്നതിനുള്ള നടപടികളിലേക്ക് ഗവൺമെന്റ് വളരെ ജാഗ്രതയോടുകൂടി നീങ്ങണമെന്നുമാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. അതുകൊണ്ട് വാക്കൗട്ട് ഒഴിവാക്കുകയാണ്.

# III ശ്രദ്ധ ക്ഷണിക്കൽ

## (1) എയർ കേരള യാഥാർത്ഥ്യമാക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളത്തിലെ പ്രവാസി സമൂഹം നമ്മുടെ സാമ്പത്തിക ഭദ്രതയുടെ നട്ടെല്ലായി വർത്തിക്കുകയാണ്. 17 ലക്ഷത്തിൽപ്പരം വരുന്ന വിദേശ മലയാളികൾ മുക്കാൽ ലക്ഷം കോടിയിൽപ്പരം രൂപയാണ് നമ്മുടെ വാണിജ്യ മേഖലകളിൽ നിക്ഷേപിച്ചിട്ടുള്ളത്. ഇവരുടെ യാത്രയ്ക്കായി ഉപയോഗ പ്പെടുത്തുന്നത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളെയാണ്. തദ്ദേശീയവും വിദേശീയവുമായ 20-ൽപ്പരം വിമാന കമ്പനികളാണ് ഈ മേഖലയിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ വിമാനങ്ങളിൽ യാത്ര ചെയ്യുന്നവർ 90 ശതമാനവും ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരായതിനാൽ ഈ യാത്രക്കാരെ കറവപ്പശുക്കളായാണ് കാണുന്നത്. മിക്കപ്പോഴും നിർണ്ണയപ്പെടുത്തിയ ചാർജ്ജിനേക്കാൾ നാലിരട്ടിയും അഞ്ചിരട്ടിയും നൽകി യാത്ര ചെയ്യേണ്ട ഗതികേടാണ് ഇവർക്കുള്ളത്. ഭീമമായ നിരക്കിലുള്ള ചാർജ്ജ് നൽകി യാത്ര ചെയ്യുന്നതിനുപുറമേ മോശമായ അനുഭവങ്ങൾവരെ എയർ ഇൻഡ്യയിൽ നിന്നുപോലും ഉണ്ടാകുകയാണ്. എയർ ഇൻഡ്യ നഷ്ടം നികത്താൻ, അതായത് പലപ്പോഴും യൂറോപ്യൻ സെക്ടറിന്റെ നഷ്ടം നികത്തുന്നത് ഗൾഫ് സെക്ടറിനെ പിഴിഞ്ഞുകൊണ്ടാണ്. ഈ സാഹചര്യത്തിൽ 17 ലക്ഷത്തിൽപ്പരം വരുന്ന വിദേശ മലയാളികൾക്കായി കേരളത്തിന് സ്വന്തമായി ഒരു വിമാന സർവ്വീസ് എന്ന ആശയം ഉയർന്നുവന്നു. ഇതിനാവശ്യമായി വരുന്ന സാമ്പത്തിക ബാദ്ധ്യത ഷെയറായി നൽകാൻ തയ്യാറാണെന്ന് അന്തർദ്ദേശീയ വ്യവസായ പ്രമുഖന്മാർ അടങ്ങുന്ന പ്രവാസികൾ പലതവണ വാഗ്ദാനം ചെയ്യുകയുണ്ടായി. എന്നാൽ സ്വന്തമായി ഒരു വിമാന സർവ്വീസ് ആരംഭിക്കണമെങ്കിൽ 5 വർഷത്തെ ആഭ്യന്തര സർവ്വീസ് നടത്തിയ പരിചയവും 20 വിമാനങ്ങളുടെ ലഭ്യതയും ഉറപ്പാക്കണമെന്ന നിലപാടിൽ കേന്ദ്ര സർക്കാർ ഉറച്ചുനിന്നതിനാൽ സംസ്ഥാനത്തിന്റെ ദൗത്യം വിജയിച്ചില്ല. അതേസമയം 2004-ൽ എയർ ഇൻഡ്യാ എക്സ്പ്രസ്സ് എന്നൊരു പുതിയ വിമാന കമ്പനി തുടങ്ങാൻ എയർ ഇൻഡ്യയുടെ സബ്സിഡിയറി എന്ന പേരിൽ അനുമതി നൽകുകയും ചെയ്തു. ഒരു സർക്കാർ പദ്ധതിയായ എയർ കേരളയ്ക്ക് ഒരു ഇളവും അനുവദിക്കാൻ തയ്യാറായില്ല. എന്നാൽ ഏതാനും നാളുകളായി ടാറ്റ, സിംഗപ്പൂർ എയർലൈൻസ്, എയർ ഏഷ്യ എന്നീ വിമാന കമ്പനികളുടെ

സമ്മർദ്ദത്തിന് വിധേയമായി ഈ നിലപാടിൽ സർക്കാർ ഇളവ് വരുത്തുന്നുവെന്ന വാർത്തയുണ്ടായിരുന്നു. ഇക്കഴിഞ്ഞ 2014 ജൂലൈ 15-ന് പുതിയ കേന്ദ്ര സർക്കാരിന്റെ വ്യോമയാന വകുപ്പുമന്ത്രി ഈ നിബന്ധനകൾ റദ്ദാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ കേരളത്തിലെ പ്രവാസികളുടെ ഏറെക്കാലത്തെ സ്വപ്നമായ കേരള എയർവേസ് യാഥാർത്ഥ്യമാക്കുന്നതിന് കേരള സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രവാസി മലയാളികൾ, പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന മലയാളികൾ ഇന്ന് ഏറ്റവുമധികം നേരിടുന്ന ഒരു പ്രശ്നം വിമാനക്കമ്പനികൾ കാലാകാലങ്ങളിൽ വരുത്തുന്ന ചാർജ്ജ് വർദ്ധനവാണ്. സീസണിൽ യാതൊരു നിയന്ത്രണവുമില്ലാതെ രണ്ടിരട്ടിയും മൂന്നിരട്ടിയുമൊക്കെയായി ചാർജ് വർദ്ധിപ്പിക്കുകയാണ്. സ്കൂൾ അടയ്ക്കുന്ന സമയത്തും ലീവ് കിട്ടുന്ന സമയത്തും മാത്രമേ അവർക്ക് ഇങ്ങോട്ട് വരാൻ സാധിക്കൂ, അത് സീസൺ സമയത്തായിരിക്കും. ഇത് ഏറ്റവും വലിയൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ബജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുകയെന്ന ഉദ്ദേശത്തോടുകൂടി നമ്മുടെ ഗവൺമെന്റുതന്നെ വളരെ താൽപ്പര്യമെടുത്താണ് എയർ ഇന്ത്യ എക്സ്പ്രസ് കൊണ്ടുവന്നത്. അതും പൂർണ്ണമായും പ്രയോജനപ്പെട്ടിട്ടില്ല. ഈ ബുദ്ധിമുട്ട് കണ്ടുകൊണ്ടാണ് 2005-ൽ എയർ കേരളയെന്ന ഒരു കമ്പനി ഫോം ചെയ്തത്. അതിന്റെ പേരിൽ ഗൾഫിലേക്ക് സർവ്വീസ് നടത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിയത്. പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരുകോടി രൂപ എയർ കേരളയ്ക്ക് കൊടുത്ത് നടപടികളുമായി മുന്നോട്ടുപോയിയെങ്കിലും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ പറഞ്ഞ വ്യവസ്ഥകൾ നമുക്ക് ഹാനികരമായിരുന്നു. ഒന്ന്, വിദേശത്തേക്ക് സർവ്വീസ് നടത്തുന്ന വിമാനക്കമ്പനിക്ക് 20 എയർ ക്രാഫ്റ്റ് എങ്കിലും ഉണ്ടായിരിക്കണം. രണ്ട്, അഞ്ചുവർഷം ഡൊമസ്റ്റിക് സർവ്വീസ് നടത്തിയ എക്സ്പീരിയൻസുണ്ടായിരിക്കണം. ഇത് രണ്ടും നമുക്കില്ല. അഞ്ചുവർഷം ഡൊമസ്റ്റിക് സർവ്വീസ് നടത്താമെന്നുവച്ചാൽ, ഇത് വലിയ നഷ്ടമാണ്. അഞ്ചുവർഷം സർവ്വീസ് നടത്തണമെങ്കിൽ ഏറ്റവും കുറഞ്ഞത് 120 കോടി രൂപയെങ്കിലും നഷ്ടം വരുമെന്നാണ് നമ്മൾ കണക്കാക്കിയിരിക്കുന്നത്. അത്രയും വലിയൊരു നഷ്ടം സഹിച്ചുകൊണ്ട് ഒരു കമ്പനിയുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. തുടക്കമെന്ന നിലയിൽ അഞ്ച് വിമാനങ്ങളുമായി സർവ്വീസ് നടത്താനാണ് ഉദ്ദേശിച്ചത്.

ഈ രണ്ട് വ്യവസ്ഥകളും നമുക്ക് തടസ്സമായിരുന്നു. അതുകൊണ്ട് നമ്മൾ വളരെ ആഗ്രഹിച്ചുവെങ്കിലും അത് സാധിച്ചില്ല. പുതിയ ഗവൺമെന്റ് വന്നതിനെത്തുടർന്ന് നമ്മൾ ഇതിനെക്കുറിച്ച് ആലോചിച്ചു. വ്യവസ്ഥകൾക്ക് ഇളവ് കിട്ടുമെങ്കിൽ വീണ്ടും ഈ ശ്രമം തുടരുവാനാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് ഞാൻ കത്തയച്ചിട്ടുണ്ട്. ഈ രണ്ട് വ്യവസ്ഥകൾക്ക് ഇളവ് നൽകിക്കൊണ്ട് എയർ കേരളയ്ക്ക് രാജ്യാന്തര സർവ്വീസ് നടത്താൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ട്. രാജ്യാന്തര സർവ്വീസ് എന്നുപറയുമ്പോൾ കേരളത്തിൽനിന്ന് ഗൾഫിലേയ്ക്കുതന്നെയാണ് ഉദ്ദേശിക്കുന്നത്. മന്ത്രിയെക്കണ്ട് നേരിട്ട് ഉടനെതന്നെ ഈ ആവശ്യം ഉന്നയിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. ഗൾഫിൽ ജോലി ചെയ്യുന്ന മഹാഭൂരിപക്ഷം ആളുകളും സാധാരണക്കാരാണ്, തൊഴിലാളികളാണ്. പത്തുവർഷമായിട്ടും വീട്ടിലേക്ക് വരാതെ അവിടെത്തന്നെനിന്ന് പണിയെടുക്കുന്ന ധാരാളം പേരുണ്ട്. എന്തുകൊണ്ടാണ്? ഈ വലിയ ചാർജ്ജുകൊണ്ടാണ്. അങ്ങനെയുള്ളവരെ മുന്നിൽകണ്ടുകൊണ്ടാണ് ഇങ്ങനെയൊരു പരിപാടി തുടങ്ങിയത്. ഈ പരിപാടി യാഥാർത്ഥ്യമാക്കാൻവേണ്ടി വീണ്ടും ചെയ്യാവുന്നതെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, കൊച്ചിയിൽ ചേർന്ന ഭാരതീയ പ്രവാസി ദിവസിൽ കേരള സർക്കാർ സ്വന്തം വിമാനക്കമ്പനി തുടങ്ങാൻ സന്നദ്ധമാണെങ്കിൽ അതിന്റെ പൂർണ്ണമായ ഷെയർ സമാഹരിക്കാൻ തയ്യാറാണെന്നുവരെ പ്രവാസി പ്രമുഖർ അറിയിച്ച സാഹചര്യത്തിൽ ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ കേരളത്തിന് വളരെയേറെ മുന്നോട്ടുപോകാനാകും. എയർ ഇൻഡ്യ, എയർ, ഇൻഡ്യ എക്സ്പ്രസ്സിന്റെ സബ്സിഡിയറിയാക്കിയതുപോല എയർ ഏഷ്യപോലെയുള്ള ഏതെങ്കിലും ഒരു വിമാനക്കമ്പനിയുടെ സബ്സിഡിയറി സർവ്വീസായി എയർ കേരള തുടങ്ങുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, സബ്സിഡിയറി സർവ്വീസായിട്ടല്ല, സ്വതന്ത്രമായിട്ട് നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഷെയറും സാമ്പത്തികവശവും നമുക്കൊരു പ്രശ്നമേയല്ല. ഇതിന്റെ ഷെയറെടുക്കാൻ തയ്യാറായിട്ടുള്ള ധാരാളം ആളുകളുണ്ട്.

സാമ്പത്തികമായി മുന്നോട്ടുപോകുന്നതിന് ബുദ്ധിമുട്ടുകളൊന്നുമില്ല. പക്ഷേ വന്ന തടസ്സം, കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള രണ്ട് നിബന്ധനകളാണ്. അത് ഒഴിവാക്കിയെടുക്കാനാണ് ശ്രമിക്കുന്നത്. അതിന് ഒരുവിധത്തിലുള്ള സാധ്യതയുമില്ലായെന്നുണ്ടെങ്കിൽ മാത്രമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം പരിഗണിക്കുന്നത്. അത് സാമ്പത്തികവശം വച്ചുകൊണ്ടല്ല, മറിച്ച് പ്രായോഗിക സാങ്കേതിക പ്രശ്നങ്ങൾ, കേന്ദ്ര ഗവൺമെന്റിന്റെ അനുമതി നേരിട്ട് കിട്ടാത്ത സാഹചര്യം ഒഴിവാക്കാൻവേണ്ടിയുള്ള നിർദ്ദേശമാണത്. അങ്ങനെയൊരു സാഹചര്യം വന്നാൽ അത് അപ്പോൾ പരിഗണിക്കേണ്ട കാര്യമാണ്. അതിനെക്കുറിച്ച് ആലോചിക്കാം.

## (2) സംവരണതത്വം പാലിക്കൽ

ശ്രീ. ബി. സത്യൻ: സർ, ദേവസ്വം വകുപ്പുമന്ത്രിയുടെ സജീവമായ പരിഗണനയ്ക്കും അനുകൂലമായ തീരുമാനത്തിനും വേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. സാമൂഹ്യമായ അടിച്ചമർത്തലും സാമ്പത്തികമായ ചൂഷണവുംമൂലം സമൂഹത്തിൽ ഏറ്റവും ക്ലേശവും പ്രയാസവും അനുഭവിച്ചുവരുന്ന ഒരു വലിയ വിഭാഗമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഈ കാലയളവുവരെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് രാജ്യത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഏതെങ്കിലും തരത്തിൽ തൊഴിൽപരമായിട്ടുള്ള അവസരങ്ങൾ ലഭിച്ചിട്ടുള്ളത്. ഒരു പ്യൂണിന്റെയെങ്കിലും ജോലി എന്റെ സമുദായത്തിൽപ്പെട്ടവർക്ക് കിട്ടണമെന്ന് 1912-ൽ ശ്രീമൂലം പ്രജാസഭയിലെ അംഗമായിരുന്ന നവോത്ഥാന നായകൻ അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിൽ അന്ന് പറഞ്ഞു. എന്റെ സമുദായത്തിൽപ്പെട്ട ഒരു ബി.എ.ക്കാരനെങ്കിലും ഉണ്ടാകണമെന്ന് പിൽക്കാലത്ത് അദ്ദേഹം ആഗ്രഹിച്ചു. നമ്മുടെ സംസ്ഥാനത്തുതന്നെ ഇക്കഴിഞ്ഞ ഹയർസെക്കന്ററി പരീക്ഷ പാസ്സായിട്ടുള്ള ഏതാണ്ട് മുപ്പതിനായിരത്തോളംപേർ

പട്ടികജാതി വിഭാഗത്തിലും ഏതാണ്ട് മൂവായിരത്തോളംപേർ പട്ടികവർഗ്ഗ വിഭാഗത്തിലുമുണ്ട്. പ്ലസ് ടു പാസ്സായ കുട്ടികളും അതിനുശേഷം ഡിഗ്രി തലത്തിലും പോസ്റ്റ് ഗ്രാജ്വേറ്റ് തലങ്ങളിലും ബിരുദങ്ങളായ മൽസരപരീക്ഷകളിലൊക്കെ നല്ല നിലയിൽ വിജയിച്ചുവരുന്ന അഭ്യസ്തവിദ്യരായ ആളുകളും നമ്മുടെ കേരളത്തിലുണ്ട്. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്, ഇവിടെ അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വലിയ ജനവിഭാഗം, ഇവിടെ ഭരണഘടനാപരമായിട്ടുള്ള പിൻബലം ഭരണഘടനയിൽത്തന്നെ വ്യക്തമായി സൂചിപ്പിക്കുന്ന ആർട്ടിക്കിളുണ്ട്. അവർക്ക് നിയമാനുസൃതമായ സംവരണം, സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ലഭ്യമാക്കണമെന്ന് ഇവിടെ പറയുന്നുണ്ട്. കാലമത്രയും പിന്നിട്ടു. ഒരുപാട് സർക്കാരുകൾ വന്നു. പക്ഷേ ഈ കാലമൊക്കെ പരിശോധിക്കുമ്പോൾ ഈ സമുദായത്തോടും ഈ സമൂഹത്തോടും നീതിപുലർത്താൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കണം. ദളിത് വിഭാഗത്തിൽപ്പെട്ടവരുടെ മോചനത്തിനും നവോത്ഥാനത്തിനുംവേണ്ടിയുള്ള കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നുള്ള ഒരുപാട് പ്രഖ്യാപനങ്ങൾ കഴിഞ്ഞു. മഹാത്മജി തന്നെ കേരളത്തിൽ വരുമ്പോൾ ശ്രീനാരായണഗുരുദേവനെയും അയ്യങ്കാളിയേയുമൊക്കെ സന്ദർശിച്ചിട്ടുണ്ട്. അങ്ങനെയുള്ള വലിയ ചരിത്രപാരമ്പര്യം നമുക്കുണ്ട്. ഞാനിവിടെ സൂചിപ്പിക്കുന്നത് കാലം പിന്നിട്ടപ്പോഴും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പൊതു സ്ഥാപനങ്ങളിൽ പ്രത്യേകിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള തൊഴിൽ സംരംഭങ്ങൾ കുറഞ്ഞുവരികയാണ്. നവലിബറൽ നയങ്ങൾ നടപ്പിലാക്കുകയും ആഗോളവൽക്കരണ നയങ്ങൾ പിന്തുടരുകയും ചെയ്യുന്ന ഇക്കാലത്ത് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇത്തരത്തിലുള്ള തൊഴിലവസരങ്ങൾ ലഭിക്കുന്നത് കുറഞ്ഞുവരുമ്പോൾ നിയമപരമായിട്ടുള്ള പരിരക്ഷ അവർക്ക് നൽകണം. നിയമപരമായി ഭരണഘടനാപരമായിട്ടുള്ള പിൻബലത്തെ ബെയ്സ് ചെയ്തുകൊണ്ട് നമ്മുടെ

സംസ്ഥാനത്തും കേന്ദ്രത്തിലും നിയമങ്ങളുണ്ടാക്കാം. അങ്ങനെയുള്ള ഒരു നിയമമാണ് കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ വിശേഷിച്ചും അതിന്റെ പരമ്പരാഗതമായ മേഖലയിലല്ല, 1950-ലെ തിരുവിതാകൂർ, കൊച്ചി ഹിന്ദുമത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന നിയമം ഭേദഗതി ചെയ്തതിനുശേഷം 2007-ലാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ്, ശ്രീ. ജി. സുധാകരൻ ദേവസ്വംബോർഡ് മന്ത്രിയായിരുന്നപ്പോൾ ഒരു ഭേദഗതിവഴി, അഡ്മിനിസ്ട്രേറ്റീവ് മേഖലയിലെ നിയമനങ്ങൾ പി.എസ്.സി. വഴി റിക്രൂട്ട്മെന്റ് നടത്താൻ ചുമതലപ്പെടുത്തുകയും അതിനനുസരിച്ച് 2008-ൽ റൂൾസ് ഫ്രെയിം ചെയ്യുകയും ചെയ്തു. അത് നടപ്പിലാക്കാൻ ഇരിക്കവേയാണ് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ പുതിയ സർക്കാർ വരുന്നത്. പുതിയ സർക്കാർ ആദ്യം ഒരു ഓർഡിനൻസ് വഴി ഇതു റദ്ദ് ചെയ്യുകയും അതിനുശേഷം 2013-ൽ ഒരു അമന്റ്മെന്റ് കൊണ്ടുവരികയും ചെയ്തു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ.)

<u>മി. സ്പീക്കർ:</u> ശ്രീ. സത്യൻ പ്ലീസ്.....(മൈക്ക്...ഓഫ്) .....അങ്ങനെ വിളിച്ചാൽ കേൾക്കാതിരിക്കുന്നത് ശരിയല്ല. അങ്ങ് പറഞ്ഞ വിഷയങ്ങളെല്ലാം ഈ സഭയിൽ ചർച്ച ചെയ്തതാണ്. ഇന്ന് 50 സബ്മിഷനുകൾ അവതരിപ്പിക്കാനുണ്ട്. അതുപോലെ ഉപധനാഭ്യർത്ഥനയുടെ ചർച്ചയുണ്ട്. അതുകൊണ്ട് അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. ബി. സത്യൻ</u> : സർ, കൺക്ലൂഡ് ചെയ്യാം. ഒരു ഓർഡിനൻസ് കൊണ്ടുവരികയും അതിനുശേഷം കഴിഞ്ഞ നിയമസഭയിൽ അങ്ങുതന്നെ ഒരു ഭേദഗതി മൂവ് ചെയ്ത് അത് പാസ്സാക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം വീണ്ടും ഒരു റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരാനുള്ള ഓർഡിനൻസും പുറപ്പെടുവിച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ ഒരു ഓർഡിനൻസുകൂടി പുറപ്പെടുവിച്ച സാഹചര്യം നിലനിൽക്കുമ്പോൾ ഈ സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിൽ ഇപ്പോഴും നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ 2014 മാർച്ച് ഒന്നാം തീയതി ഓർഡിനൻസ്

പുറപ്പെടുവിച്ചു. സംസ്ഥാനത്തെ ഗവർണ്ണർ അംഗീകരിച്ച ഒരു ഓർഡിനൻസ് നിലനിൽക്കേ തിരുവിതാംകൂർ ദേവസ്വം ബോർഡിലും അതുപോലെ മലബാർ, കൊച്ചി ദേവസ്വം ബോർഡുകളിലും നിയമംവഴി പുതിയ റിക്രൂട്ട്മെന്റ് ബോർഡുകൾ കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. സ്കൂളുകളിൽ 275-പേരെ നിയമിച്ചതിൽ ഒരു പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമില്ല. അതുകൊണ്ട് ഈ റിക്രൂട്ട്മെന്റ് ബോർഡാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതെങ്കിൽ അത് ഉടൻ കൊണ്ടുവരാനും അവിടെയുള്ള നിയമനങ്ങളിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം നൽകപ്പെടേണ്ട സംവരണതത്വം പാലിച്ച് നിയമനങ്ങൾ നടത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നുമാണ് എനിക്ക് ഇവിടെ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബി. സത്യൻ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഹിന്ദുമതത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേത്ര ജീവനക്കാർ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള വിജ്ഞാപനം 13-6-2006-ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നായർ സർവ്വീസ് സൊസൈറ്റി ഫയൽ ചെയ്ത WPC/17581/2006 പ്രകാരം ശ്രീ. മുരളീധരൻ ഫയൽ ചെയ്ത കേസ്സുകൾ തീർപ്പായിട്ടില്ല. ആയതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ദേവസ്വം ബോർഡുകളിലെ നിയമനം പി.എസ്.സി. വഴി നടത്തണമെന്ന് ഉത്തരവായതിനുശേഷം കൊച്ചിൻ ദേവസ്വം ബോർഡിന്റെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആറു വർഷമായി നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. മലബാർ ദേവസ്വംബോർഡിൽ ഭരണപരമായ മേൽനോട്ടം മാത്രമുള്ള ക്ഷേത്രങ്ങളൊഴികെ മറ്റ് സ്ഥാപനങ്ങളൊന്നുംതന്നെയില്ല. ഗുരുവായൂർ ദേവസ്വം ആക്ട് 19 പ്രകാരം ദേവസ്വത്തിലെ എല്ലാ നിയമനങ്ങളിലും പത്തുശതമാനം എസ്‌സി./എസ്ടി. വിഭാഗങ്ങൾക്ക് സംവരണം ചെയ്തിരിക്കണമെന്ന്

നിഷ്കർഷിക്കുന്നുണ്ട്. അതവിടെ നടക്കുന്നുണ്ട്. പാരമ്പര്യ തസ്തികകളിലൊഴികെ നിയമനങ്ങൾ നടത്തുന്നതിലേക്കായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഉടൻതന്നെ രൂപീകരിക്കുന്നതാണ്. റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചതിനുശേഷം മാത്രമേ ഇനി മിനിസ്റ്റീരിയൽ തസ്തികകളിലേക്ക് നിയമനങ്ങൾ നടക്കുകയുള്ളൂ. അപ്രകാരം നിയമനങ്ങൾ നടത്തുമ്പോൾ സംവരണതത്വം പാലിച്ചുമാത്രമേ നിയമനങ്ങൾ നടത്തുകയുള്ളൂ. ഇക്കാര്യം ഇതിനായുള്ള ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : നോ ഇതിൽ പോയിന്റ് ഓഫ് ഓർഡറില്ല. നോ...നോ... അങ്ങേക്ക് ഇതിനെക്കുറിച്ച് ധാരാളം കാര്യങ്ങളറിയാവുന്നതാണ്. അങ്ങനെ ചർച്ച ചെയ്താൽ സഭ നീണ്ടുപോകും. ക്രമപ്രശ്നം ഇപ്പോഴല്ല ഉന്നയിക്കേണ്ടത്. മന്ത്രിയുടെ മറുപടിയുമായി ബന്ധപ്പെട്ട് ക്രമപ്രശ്നമുണ്ടെങ്കിൽ അങ്ങ് എഴുതിത്തന്നാൽ അതിനകത്ത് കാര്യമുണ്ടെങ്കിൽ ചെയർ പരിശോധിക്കാം. എന്നിട്ട് മന്ത്രിക്ക് മറുപടി പറയാൻ സമയം നൽകും. ഇതിനിടയിൽ വരുന്നത് ക്രമപ്രശ്നമല്ല. ബാലൻ വളരെ സീനിയറായ അംഗമാണ്. ഒരു പ്രസംഗത്തിനിടയിൽ ക്രമപ്രശ്നം അല്ല വരുന്നത്. അതൊരു ക്രമപ്രശ്നമല്ലെന്ന് ഞാൻ അറിയുന്ന ചട്ടങ്ങൾ പറയുന്നു.

ശ്രീ. ബി. സത്യൻ: റിക്രൂട്ട്മെന്റ് ബോർഡ് വന്ന് ഈ സംവരണ തത്വം പാലിക്കുമ്പോൾ മുൻകാലങ്ങളിൽ ഈ വിഭാഗങ്ങൾക്ക് നഷ്ടപ്പെട്ടുപോയ ബാക്ക് ലോഗ് കൂടി നികത്താനുള്ള നടപടി സ്വീരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: നിയമനങ്ങളുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ എടുത്തിട്ടുള്ള നടപടിക്രമങ്ങൾ പരിശോധിച്ചതിനുശേഷം മാത്രമേ ഇതിനെക്കുറിച്ച് എന്തെങ്കിലും ആലോചിക്കാൻ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ ക്രമാനുസൃതമായി എഴുതിത്തന്നാൽ പരിശോധിക്കാം. .... (ബഹളം) ...

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ചെയർ കഴിഞ്ഞ

ദിവസം ഇവിടെയൊരു റൂളിംഗ് നൽകി. ഞാൻ അന്ന് ചട്ടമുണ്ടാക്കുന്നതിൽ കാലതാമസം വരുന്നത് സംബന്ധിച്ച് മൂന്നാംവായനയിൽ പറഞ്ഞപ്പോൾ, അങ്ങ് തന്നെ പറഞ്ഞു, ഭേദഗതി ചെയ്തിട്ടുണ്ട് ആറു മാസംകൊണ്ട് വരുമെന്ന്. ഇതുവരെ വന്നില്ല. നിയമസഭ കൊടുത്ത നിർദ്ദേശം, ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ നിർദ്ദേശമൊന്നും ഈ ഗവൺമെന്റിന് ബാധകമല്ല എന്നുവന്നാൽ, അതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട ബാലൻ ഇവിടെ ഉന്നയിക്കാൻ ശ്രമിച്ചത്. അതിന് അങ്ങുതന്നെ ഇടപെട്ട് ആ റൂളിംഗ് നടപ്പാക്കണമെന്ന് പറയണം. ചട്ടത്തിലെ വ്യവസ്ഥ നടപ്പാക്കണമെന്ന് പറയണം.

മി. സ്പീക്കർ: ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് മന്ത്രി മറുപടി പറയുമ്പോൾ സ്പീക്കർ എങ്ങനെയാണ് ഇടപെടുന്നത് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചട്ടത്തിൽ വളരെ വ്യക്തമാണ് ആറു മാസം കൊണ്ട് റൂൾസ് വരണം. ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കറായ സന്ദർഭത്തിൽ ഒരു കമ്മിറ്റി വച്ച് ഭേദഗതി ചെയ്തതാണ്. എന്നിട്ടും ഈ റൂൾസ് ഉണ്ടാക്കുന്നില്ല. നമ്മൾ പി.എസ്.സി.-ക്ക് വിടുന്നു. ആളുകൾ പഴയതുപോലെതന്നെ നിയമനം നടത്തുന്നു. ഇതാണ് ദേവസ്വംബോർഡിന് സംഭവിച്ചിട്ടുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ: ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതാണ് ഇവിടെ പറഞ്ഞ കാര്യങ്ങൾ. അതനുസരിച്ച് നിയമനങ്ങൾ വരുമ്പോൾ കാര്യങ്ങൾ ചെയ്യും. മുൻകാലങ്ങളിൽ നടത്തിയ നിയമനങ്ങളിൽ റിസർവ്വേഷൻ കാര്യങ്ങളെല്ലാം പുന:പരിശോധിക്കേണ്ടത് നിയമപരമായി ആലോചിച്ചശേഷം മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചതിനുശേഷം അതിന്റെ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും. റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതുവരെ നിയമനങ്ങൾ നടക്കുന്നുണ്ടെങ്കിൽ അത് നിർത്തി വയ്ക്കുന്നതിലേക്കുള്ള നിർദ്ദേശം നൽകും.

മി. സ്പീക്കർ : ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ മറുപടി പറയാൻ മന്ത്രിമാർക്ക് സമയം കൊടുക്കണം. അതിൽ നാം അക്ഷമ കാണിച്ചിട്ട് കാര്യമൊന്നുമില്ല. നിങ്ങളൊക്കെ മന്ത്രിമാരായിരുന്നവരാണ്. ഇത്തരത്തിലുള്ള ഇൻകൺവീനിയന്റ് പൊസിഷൻ പല സന്ദർഭങ്ങളിലും മന്ത്രിമാർക്കുണ്ടായിട്ടുണ്ട്. ഗൺപോയിന്റിൽ നിർത്തി മന്ത്രിമാരോട് ചോദിക്കാൻ സാധ്യമല്ലെന്ന് വരും. മന്ത്രി ഇപ്പോൾ മറുപടി പറഞ്ഞല്ലോ.

# IV സബ്മിഷൻ

## (1) സ്വകാര്യ സൂപ്പർക്ലാസ് സർവ്വീസുകൾ ഏറ്റെടുക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, 1999-ൽ സംസ്ഥാന സർക്കാർ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയനുസരിച്ച് ഓർഡിനറി ബസ്സുകൾക്ക് പരമാവധി 140 കിലോമീറ്റർ വരെയായി പെർമിറ്റ് നിജപ്പെടുത്തിയിരുന്നു. 140 കിലോ മീറ്ററിനുമുകളിലുള്ള റൂട്ടുകൾ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ് പെർമിറ്റുകളായിരിക്കണമെന്നും ഭേദഗതി ചെയ്തു. ഇതിനെതിരെ ബസ്സുടമകൾ ഫയൽ ചെയ്ത കേസ്സുകൾ ഹൈക്കോടതി തള്ളിക്കളഞ്ഞു. കെ.എസ്.ആർ.ടി.സി. പുനഃസംഘടനയുടെ ഭാഗമായി സർക്കാർ നിയമിച്ച രണ്ട് കമ്മിറ്റികളും ഹൈക്കോടതിയിൽ നിന്നു ലഭിച്ച ഈ അനുകൂല ഉത്തരവ് നടപ്പിലാക്കാൻ ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുൻ ഗതാഗത വകുപ്പുമന്ത്രി 2013-ൽ, സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെ പെർമിറ്റ് കാലാവധി കഴിയുന്ന മുറയ്ക്ക് ആ റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കാൻ ഉത്തരവിട്ടു. ഇതനുസരിച്ച് ഒരുമാസം മുമ്പ് പെർമിറ്റ് കാലാവധി അവസാനിച്ച സ്വകാര്യ ദീർഘദൂര റൂട്ടുകളിൽ 52 കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസുകൾ ആരംഭിച്ചു. എന്നാൽ സ്വകാര്യ ബസ്സുടമകളുടെ സമ്മർദ്ദത്തെത്തുടർന്ന് കഴിഞ്ഞ ബുധനാഴ്ച ചേർന്ന മന്ത്രിസഭാ യോഗം ഈ ഉത്തരവ് മരവിപ്പിച്ചിരിക്കുകയാണ്. എന്നുമാത്രമല്ല, ബാക്കിയുള്ള ദീർഘദൂര റൂട്ടുകളിൽ സർവ്വീസ് നടത്തിവരുന്ന എല്ലാ സ്വകാര്യ ബസ്സുകൾക്കും പെർമിറ്റ് പുതുക്കി നൽകാനും നിർദ്ദേശം നൽകിയിരിക്കുകയാണ്. നിയമസഭയിൽ ഈ വിഷയം ഉന്നയിച്ചതിനെത്തുടർന്ന് സർക്കാർ വിളിച്ചുചേർത്ത കക്ഷിനേതാക്കളുടെ യോഗതീരുമാനത്തിന് വിരുദ്ധമായാണ് മന്ത്രിസഭ ഈ തീരുമാനമെടുത്തിരിക്കുന്നത്. നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ ശ്രമം നടക്കുന്നതിനിടയിലാണ് സ്വകാര്യ ബസ്സുടമകളെ സഹായിക്കുന്നതിനുവേണ്ടി ഇപ്രകാരം മന്ത്രിസഭ തീരുമാനമെടുത്തിരിക്കുന്നത്. ഈ തീരുമാനം കെ.എസ്.ആർ.ടി. സി.-യുടെ വരുമാനത്തെ സാരമായി ബാധിക്കും. വിദ്യാർത്ഥികൾക്കുൾപ്പെടെ മലയോര, മലബാർ മേഖലയിലെ യാത്രക്ലേശം രൂക്ഷമാകും. അഴിമതിയും സ്വജനപക്ഷപാതവുമാണ് ഈ ഉത്തരവിന് പിന്നിൽ. ആയതിനാൽ നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.-യെ കരകയറ്റുന്നതിനും വിദ്യാർത്ഥികളുടെയും മലബാർ മലയോര പ്രദേശങ്ങളിലെ യാത്രക്കാരുടെയും ക്ലേശം ഒഴിവാക്കുന്നതിനും ഈ മന്ത്രിസഭാ യോഗതീരുമാനം

ഉടൻ പിൻവലിക്കേണ്ടതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ insinuation ഞാൻ ആദ്യംതന്നെ നിഷേധിക്കുകയാണ്. സ്വകാര്യ സ്റ്റേജ് ക്യാരേജുകൾ സൂപ്പർ ക്ലാസ് സർവ്വീസ് പെർമിറ്റ് കരസ്ഥമാക്കിയതിനുമുമ്പ് നിലവിലുണ്ടായിരുന്ന സ്കീമിന്റേയും കോടതി വിധികളുടേയും അടിസ്ഥാനത്തിൽ 16-7-2013-ൽ പ്രാബല്യത്തിൽ വന്ന എസ്.ആർ.ഒ. 555/2013 പ്രകാരം 16-7-2013-നോ അതിനുമുമ്പോ തീരുന്ന സ്വകാര്യ സ്റ്റേജ് ക്യാരേജുകൾക്ക് നൽകിയിട്ടുള്ള പെർമിറ്റുകൾ കാലാവധി തീരുന്നതുവരെ തുടരാൻ അനുവദിച്ചിരുന്നു. മോട്ടോർ വാഹന നിയമപ്രകാരം ഈ സ്കീം കൊണ്ടുവന്നത് ഫലപ്രദവും പര്യാപ്തവും ചെലവുകുറഞ്ഞതും ശരിയായ രീതിയിൽ ഏകോപിപ്പിക്കുന്നതുമായ ഒരു പബ്ലിക് ട്രാൻസ്പോർട്ട് സർവ്വീസ് ജനങ്ങളുടെ താൽപര്യം മുൻനിർത്തി നടപ്പാക്കുന്നതിനാണ്. എന്നാൽ വാഹനങ്ങളുടെ അപര്യാപ്തതമൂലം നിലവിലുള്ള ഷെഡ്യൂളുകൾ നിലനിർത്തിക്കൊണ്ട് പെർമിറ്റുകൾ ഏറ്റെടുത്ത് സർവ്വീസ് നടത്താൻ കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോൾ കഴിയാതെ വരികയാണ്. പതിനഞ്ചുവർഷം പഴക്കമുള്ള ബസ്സുകൾ നിയമപ്രകാരം റീപ്ലേസ് ചെയ്യേണ്ടതുണ്ട്. ഇതോടൊപ്പം, ഇപ്പോൾത്തന്നെ നഷ്ടത്തിലോടുന്ന 2000 ഷെഡ്യൂളുകൾ ഘട്ടംഘട്ടമായി ഒഴിവാക്കി ലാഭകരമായ റൂട്ടിലേക്ക് കെ.എസ്.ആർ.ടി.സി.-യെ മാറ്റിയെങ്കിൽ മാത്രമേ ഭാരിച്ച ഋണബാദ്ധ്യതയിൽനിന്നും കരകയറാൻ കഴിയൂ. ഈ ഭാരിച്ച പ്രയാസത്തിൽനിന്നും കരകയറാൻ കെ.എസ്.ആർ.ടി.സി. ചില മാർഗ്ഗങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ശ്രീ. പി. സി. ജോർജ് എം.എൽ.എ. 1-7-2014-ൽ ഉന്നയിച്ച സബ്മിഷന് മറുപടി നൽകവെ ഈ വിഷയം സംബന്ധിച്ച് നിയമസഭയിലെ വിവിധ കക്ഷി നേതാക്കളുമായി ചർച്ച ചെയ്ത് ഒരു പൊതു ധാരണയിലെത്താമെന്ന് നിയമസഭയിൽ പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2-7-2014-ൽ വിവിധ കക്ഷി നേതാക്കളെ യോഗത്തിന് ക്ഷണിക്കുകയും (അങ്ങേക്കും കത്ത് നൽകിയിരുന്നു.) അവിടെയുണ്ടായ പൊതുധാരണയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയുള്ള റൂട്ടുകളും പെർമിറ്റുകളും മാത്രം കണ്ടെത്തി അതിനനുസൃതമായ ഒരു പുതിയ സ്കീം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തതനുസരിച്ച് നിലവിലുണ്ടായിരുന്ന പെർമിറ്റുകൾ താൽക്കാലികമായി പുതുക്കി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. മാത്യൂ. റ്റി. തോമസ് : സർ, കക്ഷിനേതാക്കളുടെ യോഗത്തിൽ അങ്ങനെയല്ല പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാനൊന്ന് പറഞ്ഞോട്ടെ. ഇതെന്ത് ഏർപ്പാടാണ് ; ഞാനല്ലേ സംസാരിക്കുന്നത്; എന്ത് അതോറിറ്റിയിലാണിത് ?

ശ്രീ. പി. സി. ജോർജ് : ഈ വിഷയം കക്ഷിനേതാക്കളുടെ യോഗത്തിൽ ചർച്ച ചെയ്തതാണ്.

ശ്രീ. സി. ദിവാകരൻ : സർ, ചീഫ് വിപ്പ് ഭീഷണിപ്പെടുത്തുന്നു....... (ബഹളം)............

ശ്രീ. പി. സി. ജോർജ് : എന്നെ ഭീഷണിപ്പെടുത്താമോ; ഞാൻ അങ്ങനെ പേടിക്കില്ല. നിങ്ങളെപ്പോലുള്ള അഭിപ്രായ സ്വാതന്ത്ര്യം എനിക്കുമുണ്ട്.... ഞാനും യോഗത്തിൽ പങ്കെടുത്തതാണ്. ........ (ബഹളം)

മി. സ്പീക്കർ : ശ്രീ. പി. സി. ജോർജ് ഇരിക്കു. പ്ലീസ്........ പ്ലീസ്.......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാനൊന്ന് പറഞ്ഞോട്ടെ. സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്ന ബസുകൾക്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി കാലാവധി നിശ്ചയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഇത്തരം സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്ന 119 ബസ്സുകളുടെ കാലാവധി കഴിഞ്ഞതിനെത്തുടർന്ന് അവയ്ക്ക് അഞ്ചുവർഷത്തെ കാലപരിധിയിൽനിന്ന് എക്സ്റ്റംഷൻ നൽകുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ ബസ്സുകൾ ലഭ്യമാക്കിയാൽ മാത്രമേ ഇവ മാറ്റുന്നതിന് കഴിയുകയുള്ളൂ. ഇത് കൂടാതെ പ്രൈവറ്റ് ഓപ്പറേറ്റർമാർ നടത്തിക്കൊണ്ടിരിക്കുന്ന സർവ്വീസുകൾ ഏറ്റെടുക്കുന്നതിനും പുതിയ ബസ്സുകൾ വേണ്ടിവരും. ഈ സാഹചര്യത്തിലാണ് പുതിയ സ്കീം കൊണ്ടുവരുന്നതുവരെ പ്രൈവറ്റ് ഓപ്പറേറ്റർമാരെ താൽക്കാലിക പെർമിറ്റ് നൽകി തുടരാൻ മന്ത്രിസഭ തീരുമാനിച്ചത്. ഇതേസമയം ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് സമഗ്രമായ നിയമോപദേശംകൂടി തേടി ഒരു പാക്കേജ് കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കും. ആത്യന്തികമായി ഇപ്പോൾ ജനങ്ങൾക്ക് നിലവിലുള്ള യാത്രാസൗകര്യമെങ്കിലും ഉറപ്പുവരുത്താൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. എന്നാൽ പുതിയ സർവ്വീസുകളെല്ലാം ഏറ്റെടുത്തതോടെ നഷ്ടത്തിലല്ലാതെ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോൾ കഴിയുന്നുമില്ല. ഈ സാഹചര്യത്തിലാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റെടുക്കാൻ പ്രാപ്തിയുള്ള റൂട്ടുകൾ ഏറ്റെടുക്കുന്നതിനുള്ള പുതിയ സ്കീം കൊണ്ടുവരുന്നതുവരെ നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന പെർമിറ്റുകൾ

താൽക്കാലികമായി പുതുക്കി നൽകുന്നതിന് മന്ത്രിസഭ തീരുമാനിച്ചത്. എന്റെ അറിവ് ശരിയാണെങ്കിൽ 2009-ൽ ഇതുപോലൊരു സാഹചര്യമുണ്ടായി. അന്നൊരു യോഗം വിളിച്ചുകൂട്ടി. അന്നും ഇതുപോലെ താൽക്കാലികമായ ഒരു ക്രമീകരണം കൊടുത്തു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതൊരു പെർമനന്റായ ക്രമീകരണമല്ല. ഇത് കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റെടുക്കാൻ കഴിയുന്നതുവരെ, അങ്ങനെ പോകത്തക്ക വിധത്തിലുള്ള ഒരു പൊതുധാരണയുടെ അടിസ്ഥാനത്തിൽ മന്ത്രിസഭയെടുത്ത ഒരു തീരുമാനമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ സർവ്വകക്ഷി യോഗത്തെക്കുറിച്ച് പരാമർശിച്ചു. അന്നത്തെ യോഗത്തിലുണ്ടായ പ്രശ്നം, ആ കോടതി വിധിക്കെതിരായി ഡിവിഷൻ ബഞ്ചിന്റെ മുമ്പിൽ ഒരു അപ്പീലുണ്ടായിരുന്നു. അതുകൊണ്ട് ഞങ്ങൾ പറഞ്ഞു ഡിവിഷൻ ബഞ്ച് അപ്പീൽ കേൾക്കുന്നതുകൊണ്ട് ഇപ്പോൾ ഒരു തീരുമാനവുമെടുക്കേണ്ട, കോടതിവിധിക്കു ശേഷം ആലോചിക്കാമെന്നാണ് പറഞ്ഞത്. അതിനുശേഷം ഞങ്ങളോട് ഒരു ആലോചനയും ഈ ഗവൺമെന്റ് നടത്തിയിട്ടില്ല. ഇപ്പോൾ ഗവൺമെന്റ് ഒരു തീരുമാനമെടുത്തുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചിടത്തോളം ഓടിക്കാനാവശ്യമായ ബസ്സുകളുണ്ടെങ്കിൽ ഓരോ റൂട്ടും ഇത്തരത്തിൽ ചെയ്യാമെന്ന പൊതു അഭിപ്രായമാണ് ആ യോഗത്തിൽ വന്നത്. അന്നുപറഞ്ഞത് 140 ബസ്സുകളുണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ്. പക്ഷേ അതിന്റെ പ്രായോഗികവശമെന്താണ് എന്നുള്ളതിനെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾക്ക് യാതൊരു അറിവുമില്ല. ഹൈക്കോടതി തീരുമാനത്തിനുശേഷം നമുക്ക് ആലോചിക്കാം എന്നുള്ള തീരുമാനത്തിൽ യോഗം പിരിഞ്ഞു എന്നുള്ളതാണ് വസ്തുത.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ പൊതുധാരണയ്ക്ക് വ്യത്യസ്തമായി ആ ചർച്ചയിൽ പങ്കെടുത്ത ആളുകൾ ഏകപക്ഷീയമായി മാറുകയാണെങ്കിൽ നമുക്ക് പുതിയതായിത്തന്നെ തീരുമാനിച്ചേക്കാം. അന്നുണ്ടായ പൊതുധാരണയിൽനിന്നും വ്യത്യസ്തമായി ഏതെങ്കിലും ഒരു കക്ഷിയോ അതുമായി ബന്ധപ്പെട്ടവരോ പുറകോട്ട് പോകുകയാണെങ്കിൽ നമുക്ക് പുതിയതായിട്ട് ആലോചിക്കാം.

ശ്രീ. മാത്യു റ്റി. തോമസ് : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശരിയാണ്. അതായത് ഇപ്പോൾ ഹൈക്കോടതി ഡിവിഷൻ ബഞ്ചിനുമുമ്പിൽ കേസ് നിൽക്കുമ്പോൾ ധൃതിവച്ച് ഒരു തീരുമാനമെടുക്കേണ്ട എന്നാണ് പറഞ്ഞത്. ആ തീരുമാനത്തിൽനിന്നും ആരെങ്കിലും പുറകോട്ട് പോയിട്ടുണ്ടെങ്കിൽ ഗവൺമെന്റാണ് പുറകോട്ടുപോയത്. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുമ്പോൾത്തന്നെ പെർമിറ്റുകൾ

മരവിപ്പിക്കാനുള്ള തീരുമാനമെടുത്തത് മന്ത്രിസഭായോഗത്തിലാണ്. ഇവിടെ വർമ്മ ആന്റ് വർമ്മ കമ്മീഷൻ റിപ്പോർട്ട് ഉൾപ്പെടെ നിരവധി കമ്മീഷനുകൾ, ദീർഘദൂര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കണമെന്ന നിർദ്ദേശം വച്ചിട്ടുണ്ട്. അപ്പോൾ സർവ്വകക്ഷിയോഗത്തിലെ തീരുമാനം ഇങ്ങനെയായിരുന്നു എന്ന് തെറ്റായി വ്യാഖ്യാനിച്ച് ഇപ്പോൾ മന്ത്രിസഭയെടുത്ത തീരുമാനത്തിന്റെ ഉത്തരവാദിത്വം ഞങ്ങളുടെ തലയിൽ വച്ചുകെട്ടേണ്ട. അന്നെടുത്ത തീരുമാനം ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതാണ്.

മി. സ്പീക്കർ: നിങ്ങൾ ഓരോരുത്തരും ഇങ്ങനെ മിടുക്കുകാണിച്ചാൽ സഭ എപ്പോഴാണ് തീരുന്നത് ? പ്ലീസ്....പ്ലീസ്.....

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. മാത്യു റ്റി. തോമസിന് ചോദ്യം ചോദിക്കാനുള്ള അവസരം കൊടുത്തതുകൊണ്ട് എനിക്കും ഒരു അവസരം തരണം. ഞാനും ഈ സഭയിലെ ഒരംഗമാണ്. തെരഞ്ഞെടുപ്പിൽ ജയിച്ചാണ് ഞാനും സഭയിലെ അംഗമായത്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ എനിക്കും സമയം അനുവദിക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഒരു പ്രത്യേക സാഹചര്യം ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കണമെന്നത് സംബന്ധിച്ച് ഒരു എസ്.ആർ.ഒ. ഉണ്ട്. അതൊരു ഗവൺമെന്റ് ഓർഡറാണ്. ആ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കേണ്ടതാണ്, കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. അതേസമയം മറ്റൊരു റൂട്ടിൽ ഓടുന്ന ഒരു ബസിനെയെടുത്താൽ കെ.എസ്.ആർ.ടി.സി.-ക്ക് മറ്റുചില പ്രശ്നങ്ങൾകൂടിയുണ്ടാകും. ഒരു പ്രശ്നം പരിഹരിക്കാൻ മറ്റൊരു പ്രശ്നം ഉണ്ടാക്കേണ്ട എന്നു കരുതിയാണ് അങ്ങനെ തീരുമാനിച്ചത്. നമ്മൾ ചെയ്തത് തൽക്കാലം status quo-ൽ തന്നെ നിൽക്കട്ടെ. അതേസമയം കൃത്യമായി നയപരമായ ആ തീരുമാനത്തിൽ തന്നെ നിൽക്കുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം അതാണ് അന്നത്തെ യോഗത്തിലുണ്ടായ ഒരു പൊതുധാരണ. ആ യോഗത്തിൽ പങ്കെടുത്ത ആളുകൾ അത് പറയട്ടെ. ആ തീരുമാനത്തിന്റെ സ്പിരിറ്റിൽ നിന്ന് ഏതെങ്കിലും ഒരു കക്ഷി പുറകോട്ട് പോകുകയാണെങ്കിൽ ആ തീരുമാനം വേണമെന്ന് ഒരു നിർബന്ധവുമില്ല. ഇതുപോലൊരു സിറ്റുവേഷൻ കേരളത്തിലെ പൊതുസമൂഹവും സഭയുമറിയണം.

ഒരാളിന്റെ തലയിൽ ചാരി മറ്റൊരാൾക്ക് രക്ഷപ്പെടാൻ സാധ്യമല്ല. ഇതിനകത്ത് വിപ്ലവകാരിയും പ്രതിവിപ്ലവകാരിയും ഇല്ല. ഞാൻ മനസ്സിലാക്കിയിടത്തോളം 2009-ൽ ഇതുപോലൊരു സിറ്റുവേഷൻ ഉണ്ടായി. ആ സിറ്റുവേഷൻ വന്നപ്പോൾ ഇതുപോലെതന്നെയാണ് അതിനെ സോൾവ് ചെയ്തത്. ഇന്ന് ഒരു സിറ്റുവേഷൻ വന്നിരിക്കുന്നു. അത് സോൾവ് ചെയ്യുന്നതിനുവേണ്ടി എല്ലാവരുടെയും അഭിപ്രായം നമ്മൾ തേടി. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഒരു കാര്യം കറക്ടാണ്. കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ആ കേസ് കോടതിയിൽ നിലനിൽക്കുമ്പോൾ തന്നെ ഒരു കാര്യം പറഞ്ഞിരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് ഏറ്റെടുക്കാൻ കഴിയുന്നിടത്ത് ചെയ്യുക അല്ലാത്തപക്ഷം ബലം പ്രയോഗിക്കേണ്ട എന്ന ഒരു പൊതുധാരണയാണുണ്ടായത്. അതല്ല വ്യത്യാസമാണെങ്കിൽ അത്തരത്തിൽ ആലോചിക്കാം.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഈ വിഷയം ഗവൺമെന്റിന് വിട്ടതാണ്. അക്കാര്യം ഞങ്ങളുടെ തലയിൽ കൊണ്ടുവരുന്നത് എന്തിനാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞങ്ങൾ ആരുടേയും തലയിൽ വെച്ചതല്ല. ഞങ്ങൾ കുറച്ചുകൂടി ഡെമോക്രാറ്റിക്കായി. തീരുമാനമെടുക്കുമ്പോൾ എല്ലാവരുമായും കൺസൾട്ട് ചെയ്യാം. അങ്ങനെ കൺസൾട്ട് ചെയ്തു. ഗവൺമെന്റ് ആരുടേയും തലയിൽ വയ്ക്കില്ല. ഗവൺമെന്റ് ഒരു നിലപാട് സ്വീകരിച്ചാൽ ആ നിലപാടിൽ തന്നെ നിൽക്കും. അതിനകത്ത് വ്യത്യാസമൊന്നുമില്ല. പക്ഷേ ഗവൺമെന്റ് എല്ലാവരുടേയും അഭിപ്രായം കേട്ട് അതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തത്. ഒരു കാര്യം കൂടി പറയാനുണ്ട്. ഒരു ഇന്ററിം അറേഞ്ച്മെന്റ് എന്നുള്ള നിലയിൽ മാത്രമാണ് മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഹൈക്കോടതിയിലിരിക്കുന്ന കേസിനെ സംബന്ധിച്ച് ഇവിടെ ഒരു അഭിപ്രായമുണ്ടാകുന്നത് ശരിയല്ല.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട ചെയർ പലർക്കും സംസാരിക്കാൻ സമയം അനുവദിച്ചുകൊടുത്തു. എനിക്ക് സംസാരിക്കാൻ സമയം തന്നില്ല. അങ്ങ് വൈമനസ്യം കാണിച്ചതിൽ എനിക്ക് ദുഃഖമുണ്ട്. ഇവിടെ പ്രൈവറ്റ് ബസ്സുകാരിൽനിന്ന് അച്ചാരം വാങ്ങിയിട്ടില്ല. അത് പറയാതിരിക്കാൻ പറ്റില്ല. എന്റെ നിയോജക മണ്ഡലത്തിൽ എനിക്കുണ്ടായ ഒരനുഭവം ഞാൻ പറയാം. തീക്കോയി-എറണാകുളം സർവ്വീസ്, അത് കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കട്ടെ, നമുക്ക് അതിൽ എതിരില്ല. കയ്പ്പള്ളിക്കും വേറെ റൂട്ടിലും പോകുന്ന സർവ്വീസിന് പകരം വിടുകയാണ്, ഇതൊന്നും പറ്റില്ലെന്നാണ് പറഞ്ഞത്. കുമളി-എറണാകുളം റൂട്ടിലെ

ബസ് മാറ്റിയിടുകയാണ്. അവിടെ കെ.എസ്.ആർ.ടി.സി.-ക്ക് ബസ് ഉണ്ടെങ്കിൽ ഞങ്ങളാരും എതിരല്ല. നിലവിലിരിക്കുന്ന സർവ്വീസിനെ ക്യാൻസൽ ചെയ്തുകൊണ്ട് പ്രൈവറ്റ് ബസ്സിന് പാര വയ്ക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ നടപടികളോട് ഞങ്ങൾക്ക് തർക്കമുണ്ട്. അക്കാര്യം തന്നെയാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ്, അങ്ങേക്ക് ഞാൻ സമയം അനുവദിക്കാത്തത്, ചെയർ എന്ന നിലയിൽ സഭ നടത്തിക്കൊണ്ടുപോകാൻ പ്രതിപക്ഷ നേതാക്കന്മാർ എഴുന്നേറ്റപ്പോൾ സമയമനുവദിച്ചത് സ്വാഭാവികമായ കാര്യമാണ്. അങ്ങനെയൊന്നും സംസാരിക്കരുത്. ആ സംസാരമൊന്നും സ്പീക്കറോട് വേണ്ട. അങ്ങ് ഭരണകക്ഷിയുടെ ചീഫ് വിപ്പായതുകൊണ്ട് നല്ല നിലയിൽ സഭ നടത്തിക്കൊണ്ടുപോകാനുള്ള ചെയറിന്റെ പരിശ്രമങ്ങളെ സഹായിക്കേണ്ട ഒരാളാണ്. അങ്ങയുടെ അവകാശത്തെ ചോദ്യം ചെയ്തതല്ല. അത് എന്റെ ഭാഗത്തു നിന്നുള്ള തെറ്റല്ല. എന്റെ സമീപനത്തിൽ വന്നുപോയ ഒന്നാണ്. ഇന്ന് 48 സബ്മിഷനുകളുണ്ട്. ഇത് രണ്ടാമത്തെ സബ്മിഷനായതേയുള്ളൂ. നിങ്ങൾ ഓരോരുത്തരും ഇങ്ങനെ എഴുന്നേറ്റുനിന്ന് പറഞ്ഞാൽ ചെയറിന് പ്രശ്നമില്ല. വെളുക്കുന്നതുവരെയിരിക്കാം.

## (2) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് നാമകരണം

ശ്രീ. അൻവർ സാദത്ത്: സർ, കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോഴും അല്ലാതിരുന്നപ്പോഴും കേരളത്തിൽ ഒരുപാട് വികസന പ്രവർത്തനങ്ങൾ സംഭാവന ചെയ്ത വ്യക്തിയായിരുന്നു. അതിൽ പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത്, കൊച്ചി അന്താരാഷ്ട്ര സ്റ്റേഡിയത്തിന് മുൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ പേര് അദ്ദേഹം നാമകരണം ചെയ്യപ്പെട്ടു. അതുപോലെ കൊണ്ടുവന്ന ഒരു പ്രധാന പദ്ധതിയാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താളം (സിയാൽ). ഇത് ഇന്ത്യയിൽതന്നെ മാതൃകയാക്കി എടുക്കാൻ പറ്റിയ ഒരു സ്ഥാപനമാണ്. ലീഡർ കെ. കരുണാകരന്റെ നിശ്ചയദാർഢ്യത്തിന്റേയും ഇച്ഛാശക്തിയുടേയും ദീർഘവീക്ഷണത്തിന്റേയും ഉദാഹരണമായാണ് ഈ വിമാനത്താവളത്തെ നമ്മൾ നോക്കി കാണുന്നത്. ഇന്ത്യയിൽ കേന്ദ്ര ഗവൺമെന്റ് അടക്കം ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു പദ്ധതിയാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. വിദേശ ഇന്ത്യക്കാർക്കും കേരളത്തിനും വലിയ പ്രയോജനം ചെയ്യുന്ന ഒന്നാണ് ഈ വിമാനത്താവളം. അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുവാൻ ഈ വിമാനത്താവളത്തിന് കെ. കരുണാകരന്റെ പേര് നാമകരണം ചെയ്യണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഇന്ത്യയിലെ ആദ്യത്തെ ബഹുജനപങ്കാളിത്തത്തോടെയുള്ള (PPP മോഡൽ) വിമാനത്താവളമാണ്. ഈ വിമാനത്താവളം ഇന്ത്യക്കുതന്നെ മാതൃകയാവുകയും അതേ മാതൃകയിലുള്ള വിമാനത്താവളങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വന്നുകൊണ്ടിരിക്കുകയുമാണ്. ഈ വിമാനത്താവളം വന്നത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കെ. കരുണാകരൻ എന്ന ഭരണാധികാരിയുടെ ഇച്ഛാശക്തിയുടെ ഫലമായിട്ടാണ്. അന്ന് പല എതിർപ്പുകളും വിമർശനങ്ങളുമുണ്ടായെങ്കിലും അതൊന്നും വകവയ്ക്കാതെ ഈ വിമാനത്താവളം കേരളത്തിന്റെ വികസനത്തിന് ആവശ്യമാണെന്ന് കാണുകയും അതനുസരിച്ച് അദ്ദേഹമെടുത്ത നിലപാടുമായി മുന്നോട്ടുപോവുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഇത് യാഥാർത്ഥ്യമായത്. ഇന്ന് ലോകത്തിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രോഫിറ്റ് റേഷ്യോ പരിശോധിച്ചാൽ ഏറ്റവും കുറഞ്ഞ ഇൻവെസ്റ്റ്മെന്റും കൂടിയ പ്രോഫിറ്റുമുള്ള ലോകത്തിലെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമാണിത്. ഇന്ന് ആ വിമാനത്താവളത്തിന്റെ പേര് കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (സിയാൽ) എന്നാണ് അന്താരാഷ്ട്ര ദേശീയ സംസ്ഥാന വ്യോമയാന രേഖകളിലെല്ലാം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. പേര് മാറ്റുന്ന വിഷയം കമ്പനിയുടെ നയപരമായ കാര്യമായതിനാൽ സിയാൽ-ന്റെ ഡയറക്ടർ ബോർഡിന്റെ ശുപാർശ പ്രകാരം കമ്പനിയുടെ വാർഷിക പൊതുയോഗത്തിലാണ് തീരുമാനിക്കേണ്ടത്. പേര് മാറ്റുവാൻ ഇന്ത്യാ ഗവൺമെന്റിന്റെ അംഗീകാരവും നേടേണ്ടതുണ്ട്. ഇവിടെ പറഞ്ഞ നിർദ്ദേശം കുറെ നാളുകളായി പല കേന്ദ്രങ്ങളിൽ നിന്ന് വന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഭയിൽ ഇങ്ങനെയൊരു സബ്മിഷനവതരിപ്പിച്ച സാഹചര്യത്തിൽ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ ഈ പ്രശ്നമുന്നയിക്കും. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് കെ. കരുണാകരന്റെ പേര് വന്നിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ഇച്ഛാശക്തിയുടെ പ്രതീകമായിട്ടാണ് ആ വിമാനത്താവളം നിലനിൽക്കുന്നത്. കെ. കരുണാകരന്റെ പേര് വിമാനത്താവളത്തിന് നൽകുന്നത് സംബന്ധിച്ച് അടുത്ത ബോർഡ് യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

### (3) ആർക്കിടെക്റ്റ്സ് ആക്ട് നടപ്പിലാക്കൽ

ശ്രീ. എ. പ്രദീപ്കുമാർ : സർ, 1972-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദി ആർക്കിടെക്റ്റ്സ് ആക്ട് ഇതുവരെ കേരളത്തിൽ നടപ്പിലാക്കാത്തതിനെക്കുറിച്ചാണ് ഉന്നയിക്കുന്നത്. ഏറ്റവും മികച്ച ആർക്കിടെക്റ്റിന്റെ മികവുറ്റ സേവനം സർക്കാരിനും സമൂഹത്തിനും ലഭ്യമാക്കാനുദ്ദേശിച്ചാണ് 1972-ൽ പാർലമെന്റ് ഈ ആക്ട്

പാസ്സാക്കിയത്. ഇന്ന് ആധുനിക സാങ്കേതിക വിദ്യയും സൗന്ദര്യബോധവും സമന്വയിപ്പിച്ച വികസന പദ്ധതികളും നിർമ്മിതികളുംവഴി ഏറ്റവും മെച്ചപ്പെട്ട ജീവിതാന്തരീക്ഷം ലഭ്യമാക്കുകയെന്നത് ഒരു ജനതയുടെ അവകാശമായിട്ടാണ് കാണുന്നത്. 1972-ലെ ആർക്കിടെക്റ്റ്സ് ആക്ട് വിഭാവനം ചെയ്യുന്നതും ഈ കാര്യം തന്നെയാണ്. ആർക്കിടെക്റ്റിന്റെ കടമകളും ഉത്തരവാദിത്തങ്ങളും രൂപകല്പനയിൽ വേണ്ട മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും ഈ ആക്ടിൽ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. ഇതിന്റെ ചട്ടങ്ങളും മറ്റും തുടർന്നുണ്ടായിട്ടുമുണ്ട്. കേരളത്തിന് ഇതൊന്നും ബാധകമല്ലെന്ന രീതിയിലാണ് ഇപ്പോൾ കാര്യങ്ങൾ പോകുന്നത്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാത്ത വളരെ ദുർബ്ബലമായ ആർക്കിടെക്റ്റ് ഡിപ്പാർട്ടുമെന്റാണ് പി.ഡബ്ല്യു.ഡി.ക്കുള്ളത്. ടൂറിസം ഡിപ്പാർട്ടുമെന്റും പി.ഡബ്ല്യു.ഡി.-യുമൊക്കെ പ്രൈവറ്റ് ആർക്കിടെക്റ്റിന്റെ സേവനം ഔട്ട്സോഴ്സ് ചെയ്യുന്നുണ്ട്. എന്നാൽ ആർക്കിടെക്റ്റിനെ തെരഞ്ഞെടുക്കുകയും ചുമതല ഏൽപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ പാർലമെന്റ് പാസ്സാക്കിയ ആക്റ്റ് നിഷ്കർഷിക്കുന്ന വിധത്തിലല്ല ഇപ്പോൾ നടക്കുന്നത്. കാലഹരണപ്പെട്ട വളരെ പ്രാകൃതമായ പി.ഡബ്ല്യു.ഡി. മാന്വലിൽ പറയുംപ്രകാരം ഡിസൈൻ ക്ഷണിക്കുകയും ടെക്നിക്കൽ ബിഡ്ഡിലൂടെ മികച്ച ഡിസൈൻ തെരഞ്ഞെടുത്തുകഴിഞ്ഞാൽത്തന്നെ ഫിനാൻഷ്യൽ ആയിട്ടുള്ള പ്രശ്നം വരും. അപ്പോൾ ടെക്നിക്കൽ ബിഡ്ഡിൽ പിന്നിലായിപ്പോയ ആളുകൾ കുറഞ്ഞ നിരക്ക് ക്വാട്ട്ചെയ്ത് അനാരോഗ്യകരമായ മത്സരത്തിലൂടെ വർക്ക് പിടിക്കുമ്പോൾ മികച്ച ഡിസൈൻ സമർപ്പിച്ച ആളുകൾ പോവുകയും നമുക്ക് നല്ല ഡിസൈനും പ്രവൃത്തിയും നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ആളുകളെ അയോഗ്യരാക്കണമെന്ന് ആക്റ്റിൽ പറയുന്നുണ്ട്. മനോഹരമായ ഒരു ഡിസൈൻ സമർപ്പിക്കുക മാത്രമല്ല, പ്രവൃത്തിയുടെ ഗുണമേന്മ ഉറപ്പാക്കുക എന്നതുകൂടിയാണ് ആർക്കിടെക്റ്റിന്റെ ഉത്തരവാദിത്വം. അതിനാണ് നിയമം നിഷ്കർഷിക്കുന്ന ഫീസ് നമ്മൾ കൊടുക്കുന്നത്. ഈ കാര്യങ്ങളൊന്നും ഇവിടെ നടക്കുന്നില്ല. ഇതെല്ലാം നടക്കണമെങ്കിൽ 1972-ലെ ആക്റ്റ് ഇവിടെ നടപ്പാക്കണം. അതിന് എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും എല്ലാ നിർമ്മാണ പ്രവൃത്തികളിലും ആർക്കിടെക്റ്റിന്റെ സേവനം ഉറപ്പുവരുത്തണം. ഡിപ്പാർട്ടുമെന്റുകൾ ആർക്കിടെക്റ്റിനെ തെരഞ്ഞെടുക്കുന്ന പ്രക്രിയ നിയമപരമായും സുതാര്യമായും നടക്കണം. ഇതിന് പ്രതിബന്ധം സൃഷ്ടിക്കുന്ന പി.ഡബ്ല്യു.ഡി. മാന്വലുൾപ്പെടെയുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ചട്ടങ്ങൾ 1972-ലെ ആർക്കിടെക്റ്റ് ആക്ടിന് വിധേയമായി പരിഷ്കരിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 1972-ലെ ആർക്കിടെക്റ്റ്സ് ആക്റ്റിന്റെയും ഗൈഡ്‌ലൈൻസ് ഓൺ റോൾ ഓഫ് ആർക്കിടെക്റ്റ്സ് ഇൻ പബ്ലിക് സർവീസസിന്റെയും അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള വാസ്തുശില്പ വിഭാഗത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ഇവിടെ നടപ്പിലാക്കിയിട്ടില്ലെന്ന് പറയുന്നത് ശരിയില്ല. ഏത് നിയമത്തിന്റെയും നടത്തിപ്പിൽ ചിലപ്പോൾ പൂർണ്ണത കാണുകയില്ല, അതിനെ മറികടക്കുന്നവർ ഉണ്ടാകാം. ഇതിന്റെ ഭാഗമായി കേരളീയ വാസ്തുശില്പ മാതൃകയുടെ തനിമ ചോരാതെ ആധുനികസൗകര്യങ്ങളെ ഇണക്കിച്ചേർത്തുകൊണ്ട് സർക്കാർ കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും രൂപകല്പന നിർവ്വഹിക്കുന്നത് വാസ്തുശില്പ വിഭാഗമാണ്. കൂടാതെ സർക്കാർ കെട്ടിടങ്ങൾ വാസ്തുശില്പ വിഭാഗത്തിന്റെ രൂപകല്പനയനുസരിച്ച് നിയമാനുസൃതമായാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ചീഫ് ആർക്കിടെക്റ്റിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്. വാസ്തുശില്പ രൂപകല്പനയിൽ മതിയായ സാങ്കേതിക യോഗ്യതയുള്ളവരും ന്യൂഡൽഹിയിലെ കൗൺസിൽ ഓഫ് ആർക്കിടെക്ചറിൽ നിയമാനുസൃതമായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുമാണ് വന്നിട്ടുള്ളത്. 1972-ലെ ആക്റ്റനുസരിച്ച് പൊതുമരാമത്ത് വകുപ്പിലെ ആർക്കിടെക്റ്റുകളുടെ സർവീസ് ചട്ടങ്ങളുടെ രൂപീകരണം ഉടനെതന്നെ നടത്തുന്നതാണ്.

## (4) ജി.എഫ്.ആർ.ജി. വാൾ പാനലിന് അനുമതി

ശ്രീ. ഹൈബി ഈഡൻ : സർ, ഫാക്ട്, രാഷ്ട്രീയ കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്നിവയുടെ സംയുക്ത സംരംഭമായ FACT-RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് പുറത്തിറക്കിയ GFRG (Glass Fiber Reinforced Gypsum)-നെ സംബന്ധിച്ച് ഇന്ന് രാവിലെയും ചർച്ച നടന്നിരുന്നു. ഇന്ന് വലിയ തോതിൽ ക്ഷാമം അനുഭവപ്പെടുന്ന സിമന്റ്, മണൽ, കമ്പി എന്നിവയുടെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ വാൾ പാനൽ ഉപയോഗിച്ചുള്ള ഒരു പുതിയ ടെക്നോളജിയാണിത്. വിദേശ രാജ്യങ്ങളിലെല്ലാം അവലംബിച്ച് വിജയിച്ചിട്ടുള്ള ഈ ടെക്നോളജിയുടെ മാതൃകയിൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞാൽ വിപ്ലവകരമായ മാറ്റം ഈ രംഗത്തുണ്ടാക്കാൻ സാധിക്കും. ഫാക്ടിന്റെ ബൈ പ്രോഡക്ടാണ് ജിപ്സം. ഏകദേശം മൂന്ന് ലക്ഷം സ്ക്വയർ ഫീറ്റ് ഇപ്പോൾത്തന്നെ വിപണിയിലിറക്കിക്കഴിഞ്ഞു. ഗുജറാത്തിലെ ഒരു ഐ.എ.എസ്. ഓഫീസർ 15000 അംഗൻവാടികൾക്ക് ഓർഡർ കൊടുത്തു കഴിഞ്ഞു. അതുപോലെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളും ഓർഡർ കൊടുത്തിട്ടുണ്ട്. രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെയുംകൂടി കമ്പനിയായതു കൊണ്ട് ഇതിന്റെ ടെക്നോളജിയും വിശ്വാസവും കൂടുതൽ വർദ്ധിക്കുകയാണ്. അതുകൊണ്ട് എം.എൽ.എ. ഫണ്ടുകൾ

ഇതിൽ വിനിയോഗിക്കാനുള്ള അനുവാദം ലഭിക്കുകയാണെങ്കിൽ ഒരു വർഷം വേണ്ടിവരുന്ന പ്രോജക്ടുകൾ രണ്ടുമൂന്നു മാസം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കും. ചെന്നൈ ഐ.ഐ.ടി.-യുടെ കാമ്പസിൽ ഹോസ്റ്റൽ നിർമ്മിച്ചിട്ടുള്ളതും ഈ പ്രോഡക്റ്റ് ഉപയോഗിച്ചാണ്. 32 ദിവസം കൊണ്ടാണ് രണ്ട് നില കെട്ടിടമായ ഹോസ്റ്റൽ നിർമ്മിച്ചതും ഇത് മാതൃകയായി സ്വീകരിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സംയോജനം നടത്തിക്കൊണ്ട് വളരെ വേഗത്തിൽ നമുക്ക് ഭരണാനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ജിപ്സം ഉപയോഗിച്ച് കൺസ്ട്രക്ഷൻ നടത്തുന്നതിൽ കുഴപ്പമൊന്നുമില്ല. ഗവൺമെന്റ് കൺസ്ട്രക്ഷന് എവിടെയൊക്കെ ഇതുപയോഗിക്കാമെന്നത് സംബന്ധിച്ച് ആധികാരികമായി തീരുമാനമുണ്ടായിട്ടില്ല. വാൾ പാനൽ വലിയ പ്രശ്നങ്ങളില്ലാത്ത കൺസ്ട്രക്ഷന് ഉപയോഗിക്കുന്നുണ്ട്. അത് പോപ്പുലറാക്കാനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

## (5) സബ്ട്രഷറി ആഫീസ്

ശ്രീ. കെ. അജിത്: സർ, 9 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്നതാണ് വൈക്കം നിയോജക മണ്ഡലത്തിൽ ഒരു സബ്ട്രഷറിയാണ് ഇപ്പോഴുള്ളത്. തലയോലപ്പറമ്പിൽ ഒരു സബ്ട്രഷറി ആരംഭിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നേരിട്ട് അറിയാവുന്ന സ്ഥലമാണ്. അവിടെയുള്ള ആളുകൾ ആവശ്യങ്ങൾക്കായി വൈക്കം ട്രഷറിയിലേക്കാണ് പോകുന്നത്. 6000-ലധികം പെൻഷൻകാരാണ് വൈക്കം ട്രഷറിയിൽ വരുന്നത്. ഇത് വളരെ തിരക്കുള്ള ട്രഷറിയാണ്. അതിനാൽ ധാരാളം ഓഫീസുകളും മറ്റുമുള്ള തലയോലപ്പറമ്പിൽ ഒരു സബ്ട്രഷറി ആരംഭിക്കണം. അവിടെ മിനി സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയായതിനാൽ ഇപ്പോൾ സ്ഥലസൗകര്യമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സബ്ട്രഷറി അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേരളത്തിന്റെ ഭൂപടത്തിൽ തലയോലപ്പറമ്പിന് പ്രത്യേക സ്ഥാനമുണ്ട്. ട്രഷറി വകുപ്പിൽ ആധുനികവൽക്കരണത്തിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഭാഗമായി കോർ ബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി മുതലായ പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നതിനാൽ ട്രഷറി ഇടപാടുകൾ കൂടുതൽ സുഗമമാകുന്നതാണ്.

ഈ സാഹചര്യത്തിൽ പുതുതായി ട്രഷറികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. പുതുതായി അനുവദിക്കുന്ന സന്ദർഭത്തിൽ അക്കാര്യത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

## (6) വിദ്യാലയങ്ങളിൽ ജൈവ പോളിഹൗസുകൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളം ഒരു കാർഷിക സംസ്ഥാനമാണ്. അമിതമായ രാസവളപ്രയോഗവും കീടനാശിനികളുടെ ഉപയോഗവും കാരണം കാൻസർ പോലുള്ള രോഗങ്ങളുടെ എണ്ണം കൂടിവരികയാണ്. കർഷകർ അവരുടെ വീട്ടുവളപ്പിൽത്തന്നെ ജൈവവളമുൽപ്പാദിപ്പിച്ച് കൃഷി ചെയ്യുകയെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ആശയമാണ്. ജൈവകൃഷിയുടെ പ്രാധാന്യം കർഷകരിൽ എത്തിക്കുന്നതിനും പുത്തൻ തലമുറയെ ജൈവ കർഷകരാക്കി മാറ്റിയെടുക്കുന്നതിനും താൽപ്പര്യമുള്ള വിദ്യാലയങ്ങൾ തെരഞ്ഞെടുത്ത് അവിടെ പോളിഹൗസ് പദ്ധതി ആരംഭിച്ച് വിദ്യാർത്ഥികളിൽ ജൈവ പച്ചക്കറി കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള പരിശീലനം നൽകണമെന്നാണ് ഞാൻ ഈ സബ്മിഷനിൽക്കൂടി ആവശ്യപ്പെടുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിൽ ജൈവകൃഷിയുടെ ആവശ്യകതയെപ്പറ്റി അവബോധം വളർത്തിയെടുക്കുന്നതിനുമായി ഹൈടെക് കൃഷിയുടെ ഭാഗമായി സംസ്ഥാനത്ത് പോളിഹൗസുകൾ വഴി സംരക്ഷിത കൃഷി കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ വഴിയാണ് ഹൈടെക് പദ്ധതി പ്രകാരം പോളിഹൗസുകൾ സ്ഥാപിക്കുന്നത്. വിദ്യാലയങ്ങളിൽ ജൈവപോളിഹൗസുകൾക്ക് രൂപം നൽകിക്കൊണ്ട് വിദ്യാർത്ഥികളിൽ ജൈവകൃഷി രീതിയെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുകയാണ് ചെയ്യുന്നത്. വിദ്യാർത്ഥികൾക്കിടയിൽ ജൈവകൃഷിയുടെ അഭിരുചി വർദ്ധിപ്പിക്കാനും അതുവഴി ജൈവപച്ചക്കറികൾ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണത്തിന് ലഭ്യമാക്കാനും അതോടൊപ്പം വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കുന്നതിനും സാധ്യമാകുന്ന തരത്തിൽ എല്ലാ വിദ്യാലയങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. വിദ്യാലയങ്ങളിൽ, ബയോഗ്യാസ് പദ്ധതിയുടെ ഭാഗമായുള്ള ബയോഗ്യാസ് പ്ലാന്റിന്റെ വിതരണ ഉദ്ഘാടനം ജൂലൈ മാസം 18-ാം തീയതി കോഴിക്കോട് വച്ച് നടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദ്ധതിയുടെ ഉദ്ഘാടനം നേരത്തെ നടത്തിയിരുന്നു. ഈ ഒരു ബൃഹത്തായ പദ്ധതിയിലൂടെ ഉറവിട മാലിന്യ സംസ്കരണം, ജൈവകൃഷി, ഉച്ചഭക്ഷണത്തിനുള്ള പച്ചക്കറി, ഉച്ചക്കഞ്ഞിക്കുള്ള ഗ്യാസ് എന്നിവ ലഭിക്കുന്നതാണ്.

## (7) പ്രീജയുടെ മരണം

ശ്രീ. കെ. രാജു: സർ, എന്റെ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കുളത്തൂപ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിൽ വാവാച്ചി എന്നുവിളിക്കുന്ന പ്രീജ എന്ന സ്ത്രീ 18-5-2014-ന് 11 മണിയോടുകൂടി ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുകയുണ്ടായി. ഇവരുടെ ഭർത്താവ് കുളത്തൂപ്പുഴ സ്വദേശി ബിജുകുമാർ ഗൾഫിലാണ്. എട്ടും നാലും വയസ്സുള്ള ആൺകുട്ടികളുടെ മാതാവുകൂടിയായ ഇവർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യങ്ങളൊന്നുമില്ല. ഇവർ മരണപ്പെടുന്നതിന് തൊട്ടുമുമ്പ് കുളത്തൂപ്പുഴ ചോഴിയക്കോട് സ്വദേശിയും അടുത്ത വീട്ടിൽ താമസിക്കുന്ന മറ്റൊരാളും പ്രീജയുമായി ഫോണിൽ മോശപ്പെട്ട രീതിയിൽ സംസാരിക്കുകയും ചെയ്തിരുന്നതിന് സമീപവാസികളിൽനിന്നും തെളിവുകളുമുണ്ട്. ഉച്ചയ്ക്ക് കഴിക്കാനുള്ള ആഹാരം പാകം ചെയ്യുന്നതിന് കറികൾക്ക് അരിഞ്ഞുവയ്ക്കുകയും ഇറച്ചി പാചകം ചെയ്തു വയ്ക്കുകയും ചെയ്തതിനുശേഷമാണ് മരണമുണ്ടായത്. ഈ മരണമുണ്ടായതിൽ വളരെ ദുരൂഹത നിലനിൽക്കുകയാണ്. പരാതിപ്പെട്ടിട്ടും കാര്യമായ അന്വേഷണം നടക്കുന്നില്ല. ഫോൺ ചെയ്ത ആളിന്റെയും സമീപവാസിയുടെയും പേര് പറഞ്ഞുകൊടുത്തെങ്കിലും പോലീസ് അന്വേഷിക്കുകയോ അവരെ ചോദ്യം ചെയ്യുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ ദുരൂഹ മരണത്തിൻെറ യഥാർത്ഥ വസ്തുത വെളിച്ചത്ത് കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എൻെറ സബ്മിഷൻ.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ.)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കുളത്തൂപ്പുഴ പോലീസ് സ്റ്റേഷൻ പരിധിയിലെ അയ്യൻപിള്ളവളവ് ഗണപതിവിലാസം വീട്ടിൽ ബിജുവിൻെറ ഭാര്യ വാവച്ചി എന്നു വിളിക്കുന്ന 27 വയസ്സുള്ള പ്രീജയെ വീടിന്റെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ 18-5-2014-ന് രാവിലെ 11.30 മണിയോടെ കാണപ്പെട്ടു. ഈ സംഗതിക്ക് പ്രീജയുടെ സഹോദരന്റെ ഭാര്യ ശാലിനിയുടെ മൊഴി പ്രകാരം സിആർ.പി.സി. 174-ാം വകുപ്പനുസരിച്ച് ക്രൈം നമ്പർ 521/14 ആയി കുളത്തൂപ്പുഴ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തി മൃതദേഹം സംസ്കരിക്കുന്നതിനായി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പ്രീജയുടേത് തൂങ്ങിമരണമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ കേസ്സിൻെറ അന്വേഷണം കുളത്തൂപ്പുഴ സബ് ഇൻസ്പെക്ടർ നടത്തിവരുന്നു.

പ്രീജയുടെ ഭർത്താവ് വിദേശത്ത് ജോലി ചെയ്യുകയാണ്. പ്രീജയുടെ മൊബൈൽ ഫോൺ കോൾ വിവരങ്ങളെപ്പറ്റി സൈബർ സെൽ മുഖേന അന്വേഷണം നടത്തിയതിൽ മരിക്കുന്നതിനുമുമ്പ് ചോഴിയക്കോട് കല്ലുകുഴി വീട്ടിൽ വിജയൻ മകൻ നിജിൻ 23 വയസ്, എന്ന ആൾ തന്റെ മൊബൈൽ ഫോണിൽ നിന്നും നിരവധി തവണ പ്രീജയെ വിളിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ തെളിവിന്റെയും മറ്റ് സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ നിജിനെ പ്രതിയാക്കി ഐ.പി.സി. 306-ാം വകുപ്പ് ചേർത്ത് അന്വേഷണം നടത്തി ബഹുമാനപ്പെട്ട പുനലൂർ ജെ.എഫ്.സി.എം. കോടതി മുമ്പാകെ റപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രതി ഒളിവിൽ പോയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇയാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷയിൽ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ കീഴടങ്ങണമെന്ന നിർദ്ദേശത്തോടുകൂടി പ്രതിക്ക് ജാമ്യം നിരസിച്ചിട്ടുള്ളതാണ്. അന്വേഷണത്തിൽ പ്രീജ മേൽപ്പറഞ്ഞ നിജിനുമായി എങ്ങനെയോ അടുപ്പത്തിലാവുകയും നിരന്തരം ഫോണിലും മറ്റും ബന്ധം പുലർത്തിവരവെ നിജിനുമായി കലഹിച്ചതിന്റെ പേരിൽ തൂങ്ങിമരിച്ചതാണെന്നാണ് പ്രാഥമികമായി വെളിവായിട്ടുള്ളത്. പ്രീജയുടെ അയൽവാസിയായ അനിയൻകുഞ്ഞ് എന്ന വ്യക്തിക്ക് മരണത്തിൽ എന്തെങ്കിലും പങ്കുള്ളതായി ഇതുവരെ തെളിവ് ലഭിച്ചിട്ടില്ല. പോലീസ് ഇതുസംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

## (8) പോലീസ് സേനയിലെ സംഘടനാ സ്വാതന്ത്ര്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പോലീസ് സേനയിലെ സംഘടനാ സ്വാതന്ത്ര്യത്തിന്റെ പേരിൽ ഉണ്ടാകുന്ന അസ്വാരസ്യങ്ങളെ സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പോലീസിന്റെ സംഘടനാ സ്വാതന്ത്ര്യം ജനാധിപത്യത്തിന്റെ വികാസത്തിന്റെ ഭാഗമായിട്ടാണ് ആരംഭിച്ചത്. അത് കക്ഷിരാഷ്ട്രീയ വൽക്കരണം, പക്ഷഭേദം, സ്വജനപക്ഷപാതം എന്നിവയാകാൻ പാടില്ല. ചേരിതിരിവോ രാഷ്ട്രീയ കക്ഷികളുടെ ഭാഗമോ ആകാനും പാടില്ല. സ്വതന്ത്രവും നിഷ്പക്ഷവുമാണ് പരിഷ്കൃതമായ പോലീസിന്റെ നേതൃത്വം. എന്നാൽ ഇന്ന് ആ സ്ഥിതി കേരളത്തിൽ മാറിയിരിക്കുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി ധാരാളം നല്ല കാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അറിവോടുകൂടിയാണോ നടക്കുന്നതെന്നറിയില്ല. പോലീസ് അസോസിയേഷൻ കേരളത്തിലെ ഗവൺമെന്റിന്റെ രാഷ്ട്രീയ നേതൃത്വം നടത്തുന്ന സംഘടനയുടെ പോഷക സംഘടനയായിട്ടാണ് പ്രവർത്തിക്കുന്നത്. സ്ഥലം മാറ്റത്തിന് യാതൊരു

മാനദണ്ഡവുമില്ല. പോലീസുകാർക്ക് സ്വന്തം സ്റ്റേഷനിലും ഭാര്യയുടെ സ്റ്റേഷൻ പരിധിയിലും ജോലി ചെയ്യാൻ പാടില്ല. എസ്.ഐ., സി.ഐ.-മാർക്കും ഇത്തരത്തിൽ ജോലി ചെയ്യാൻ പാടില്ല. 'കാപ്പ' അടിസ്ഥാനത്തിൽ ആളുകളെ നാട് കടത്തുന്നതുപോലെ പോലീസുകാരേയും നാട് കടത്തുന്ന അവസ്ഥയാണ്. എന്നാൽ ഇത് എല്ലാവർക്കും ബാധകമല്ല. സി.ആർ. ബിജു, ചന്ദ്രശേഖരൻ നായർ, ജിജു സി. നായർ, സജീർ എന്നിവർ മുൻ ഭാരവാഹികളായിരുന്നു. ഫേസ് ബുക്കിൽ ടാഗ് ചെയ്തുവെന്നതിന്റെ പേരിൽ നടപടി സ്വീകരിച്ചു. എ.സി.പി. അന്വേഷണം നടത്തി നിയമവിരുദ്ധമായ പരാതിയാണെന്ന് കണ്ടെത്തിയിട്ടും നടപടി റദ്ദാക്കിയില്ല. അതേസമയം രാഷ്ട്രീയ പ്രചരണം നടത്തുന്ന ആളുകളുടെ പേരിലും നടപടി സ്വീകരിക്കുന്നില്ല. കേരളത്തിലെ പോലീസ് സഹകരണ സംഘങ്ങൾ തിരുവനന്തപുരവും കണ്ണൂരും പിടിച്ചെടുത്തു. മനോജ് എബ്രഹാം ഐ.പി.എസ്. പ്രസിഡന്റായിട്ടുള്ള സംഘം പിരിച്ചുവിട്ട് കൃത്രിമ കാർഡുകൾ ഉണ്ടാക്കുന്നതായി മാധ്യമങ്ങളിൽ വാർത്ത വരികയാണ്. കേരളത്തിലെ പല സ്ഥലത്തും ജോലിയുള്ള പോലീസുകാർ എറണാകുളത്ത് കേന്ദ്രീകരിച്ച് സഹകരണസംഘം പടിച്ചെടുക്കാൻ ശ്രമിക്കുന്നു. രാഷ്ട്രീയ പാർട്ടികൾക്കിടയിൽ നിലനിൽക്കുന്ന ചേരിതിരിവിന് സമാനമായ ചേരിതിരിവ് പോലീസ് അസോസിയേഷനിൽ വന്നിരിക്കുകയാണ്. ഇത് കേരളത്തിലെ പോലീസ് സേനയുടെ വിശ്വാസ്യതയും പോലീസ് സേനയെ സംബന്ധിച്ച ജനങ്ങളുടെ പ്രതീക്ഷയും തകർത്തിരിക്കുകയാണ്. ആഭ്യന്തരവകുപ്പുമന്ത്രിയുടെ അറിവോടുകൂടിയായാലും അല്ലെങ്കിലും ഇതവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, പോലീസ് അസോസിയേഷൻ പൂർണ്ണമായും രാഷ്ട്രീയമില്ലാത്ത സംഘടനയായി പ്രവർത്തിക്കേണ്ടതാണെന്ന് അസോസിയേഷൻ ചട്ടങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ തന്നെ വ്യക്തമാക്കുന്നുണ്ട്. 1966-ലെ പോലീസ് ഫോഴ്സസ് (റെസ്ട്രിക്ഷൻ ഓഫ് റൈറ്റ്സ്) ആക്ടിന്റെ പരിധിക്കുള്ളിൽ നിന്നാണ് പോലീസ് അസോസിയേഷൻ പ്രവർത്തിച്ചുവരുന്നത്. വിവിധ പോലീസ് അസോസിയേഷനുകൾ പ്രത്യക്ഷമായോ പരോക്ഷമായോ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ മറ്റ് സംഘടനകളുമായി സംയോജിച്ച് പ്രവർത്തിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സേനയിലെ വിവിധ തസ്തികകളിൽ പ്രവർത്തിക്കുന്നവരിൽ സാഹോദര്യം, ഐകമത്യം, പരസ്പരധാരണ, അച്ചടക്കം എന്നിവ വളർത്തിയെടുക്കാൻ വേണ്ടിയാണ് പോലീസ് അസോസിയേഷൻ രൂപീകരിച്ചിട്ടുള്ളത്. ബംഗാളിലും കേരളത്തിലും മാത്രമാണ് അസോസിയേഷനുകൾ നിലവിലുള്ളതെന്ന് ഞാൻ ഇന്നലെ ഇവിടെ

സൂചിപ്പിച്ച കാര്യമാണ്. ബംഗാളിൽ പുതിയ ഗവൺമെന്റ് വന്നതിനുശേഷം അവർ അസോസിയേഷൻ നിർത്തലാക്കിയിട്ടുണ്ട്. ഇവിടെ നിർത്തലാക്കേണ്ട ആവശ്യകത വന്നിട്ടില്ല. കൂടുതലായി രാഷ്ട്രീയമായ കിടമത്സരം വന്നാൽ അതിനെ നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സദുദ്ദേശപരമായ കാരണങ്ങളാൽ ആരംഭിച്ച പോലീസ് അസോസിയേഷൻ രാഷ്ട്രീയമായ ചേരിതിരിവിന് വഴിതെളിക്കുന്ന രീതിയിലേക്ക് പോവുകയാണെങ്കിൽ അതിനെ നിയന്ത്രിക്കുന്ന കാര്യം കൂട്ടായി ആലോചിക്കാം. സ്ഥലംമാറ്റത്തിന് ചില നോംസ് വരുത്തിയിട്ടുണ്ട്. ആ നോംസിന്റെ അടിസ്ഥാനത്തിൽ പോലിസുകാർക്ക് അതാത് സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടില്ല. എസ്.ഐ.-മാർക്ക് അവരുടെ സർക്കിളിൽ ജോലി ചെയ്യാൻ പാടില്ല. അത് പ്രാദേശികമായ പക്ഷപാതപരമായിട്ടുള്ള നിലപാട് സ്വീകരിക്കാതിരിക്കാൻ വേണ്ടിയുള്ള നോംസാണ്. അതിൽ അപാകത ഉണ്ടെന്ന് പറഞ്ഞപ്പോൾ ഭാര്യയുടെ സ്ഥലം എന്നുള്ളത് മാറ്റിയിട്ടുണ്ട്. സ്വന്തം പഞ്ചായത്തിലോ പോലീസ് സ്റ്റേഷൻ പരിധിയിലോ പാടില്ലന്നേയുള്ളൂ. പോലീസ് അസോസിയേഷന്റെ പ്രവർത്തനം നിഷ്പക്ഷവും നീതിപൂർവ്വവുമായി മുന്നോട്ടുപോകണം. ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ ആഗ്രഹിക്കുന്നത്, ഒരുതരത്തിലുള്ള ചേരിതിരവും ഉണ്ടാകരുതെന്നുമാത്രമാണ്. മാത്രമല്ല, ജനാധിപത്യപരമായ തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. തെരഞ്ഞെടുക്കപ്പെടുന്നവരേയും പരാജയപ്പെടുന്നവരേയും ഒരുപോലതന്നെ ആഭ്യന്തര വകുപ്പും ഗവൺമെന്റും കാണണമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

11.00 A.M.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

## (9) നഷ്ടപരിഹാരം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട ആളുകൾതന്നെ അത് തകർത്തതിനുശേഷം പരിഹാരം കണ്ടില്ലായെന്നുള്ള ഏറ്റവും വേദനാജനകമായ കാര്യം ശ്രദ്ധയിൽപ്പെടുത്താനാണ് എന്റെ ഈ സബ്മിഷൻ. എന്റെ മണ്ഡലത്തിൽ കീഴരിയൂർ ഉറവക്കുന്ന് മലയിലാണ് കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പ് സ്ഥിതി ചെയ്യുന്നത്. ക്യാമ്പിനോട് ചേർന്നാണ് രാജീവ് ഗാന്ധി കോളനിയുള്ളത്. അതുപോലെ ഒട്ടേറെ പട്ടികജാതി സെറ്റിൽമെന്റ് കോളനികളും പാവപ്പെട്ട ആളുകൾ മാത്രം താമസിക്കുന്ന ഒരു കോളനിയുമുണ്ട്. വെറും കശുമാവ് മാത്രം കൃഷിചെയ്യാൻ കഴിയുന്ന, നാലും അഞ്ചും സെന്റ് സ്ഥലം സ്വന്തമായുള്ള ആളുകൾ താമസിക്കുന്ന കോളനിയാണ്. ഈ ഉറവക്കുന്ന് എ.ആർ.

ക്യാമ്പിലാണ് എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള പ്രദേശങ്ങളിൽനിന്നും പിടിച്ചെടുത്ത സ്ഫോടക വസ്തുക്കൾ ശേഖരിച്ചുവച്ചിരിക്കുന്നത്. 2012 ഏപ്രിൽ 21-ന് ഈ ക്യാമ്പിൽ വച്ച് സ്ഫോടക വസ്തുക്കൾ നശിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഫോടനം നടത്തുകയുണ്ടായി. അന്ന് 12 മണിക്ക് നടത്തിയ സ്ഫോടനത്തിൽ പൊട്ടിത്തെറിയുടെ ശബ്ദംകേട്ട് ആളുകളെല്ലാം പേടിച്ച് അങ്ങോട്ടുചെന്നപ്പോൾ ഒന്നും സംഭവിക്കില്ലായെന്ന് ബന്ധപ്പെട്ട ആളുകൾ അറിയിച്ചെങ്കിലും 1.30 മണിക്ക് വീണ്ടും സ്ഫോടനം നടത്തിയതിന്റെ ഫലമായി 162 വീടുകൾ തകർന്നു, തകർന്നുവെന്നു പറഞ്ഞാൽ ചുമര് വിണ്ടുകീറി, കോൺക്രീറ്റ് വിണ്ടുകീറി ഓടുകൾ ഇളകിവീണു. പാവപ്പെട്ട ആളുകളുടെ വീടുകൾ തകർന്നിട്ടിപ്പോൾ രണ്ടു കൊല്ലവും മൂന്നുമാസവുമായി. വീട്ടിൽ ഒരു ടാർപാളിൻ ഇട്ട് മൂടിയിട്ട് അവർ താമസിക്കുകയാണ്. 22-6-2012-ന് ഈ വിഷയം ഞാൻ സബ്മിഷനായി അവതരിപ്പിച്ചിരുന്നു. അന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രി. കളക്ടറുടെ നേതൃത്വത്തിൽ പി.ഡബ്ല്യു.ഡി. എഞ്ചിനീയറെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റിയുണ്ടാക്കുമെന്നും ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അവർക്ക് നഷ്ടപരിഹാരം നൽകുമെന്നും അദ്ദേഹം സബ്മിഷന് മറുപടിയായി പറഞ്ഞിരുന്നു. ഇപ്പോൾ രണ്ടു വർഷവും മൂന്നു മാസവുമായി. പാവപ്പെട്ട ആളുകളുടെ 162 വീടുകൾ തകർന്നതിന് നഷ്ടപരിഹാരമായി ഒരൊറ്റ പൈസ പോലും കൊടുത്തിട്ടില്ല. ടാർപാളിൻ ഇടുന്നതിനുവേണ്ടി ചെലവാക്കിയ തുകയെങ്കിലും വാങ്ങിത്തരണമെന്നാണ് ഇപ്പോൾ അവർ എന്നോട് പറയുന്നത്. അതുമാത്രമല്ല, അവിടെയുള്ള ഒരൊറ്റ സ്ഥലവും വിൽക്കാൻ കഴിയുന്നില്ല എന്നതാണ് മറ്റൊരു വേദനാജനകമായ വസ്തുത. ഏകദേശം 8 സെന്റ് സ്ഥലം മാത്രമുള്ള വീടിന്റെ കോൺക്രീറ്റിന് പോറലേറ്റാൽ ആരെങ്കിലും വീട് വാങ്ങുമോ? അതുകൊണ്ട് അവർക്ക് വീട് വിൽപ്പന നടത്തിയിട്ട് പോകാനും സാധിക്കുന്നില്ല. ഈ പാവപ്പെട്ട ആളുകൾക്ക് പഞ്ചായത്തുവഴി പുതിയ വീട് അനുവദിക്കാൻ സാധിക്കുമോ? അതുകൊണ്ട് നമ്മുടെ ഡിപ്പാർട്ടുമെന്റിന് പറ്റിയ കുറ്റത്തിന് നഷ്ടപരിഹാരം നൽകാൻ തയ്യാറാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ കേസുകളുമായി ബന്ധപ്പെട്ട് പടക്കനിർമ്മാണ ശാലയിൽനിന്ന് പിടിച്ചെടുത്ത് സൂക്ഷിച്ചുവച്ചിരുന്ന സ്ഫോടക വസ്തുക്കൾ ബഹുമാനപ്പെട്ട കൊയിലാണ്ടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവു പ്രകാരം 21-4-2012 ഉച്ചയ്ക്ക് രണ്ടുമണിയോടുകൂടി എറണാകുളത്തുനിന്നെത്തിയ എക്സ്പ്ലോസീവ് കൺട്രോളറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥർ കീഴരിയൂർ സ്ഥിതി ചെയ്യുന്ന കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ

വച്ച് നിർവീര്യമാക്കുന്ന സമയത്ത് ഉഗ്രശബ്ദത്തോടെ പോട്ടിത്തെറിച്ചതിനെത്തുടർന്നുണ്ടായ ആഘാതത്തിൽ സമീപത്തുള്ള അനേകം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. കോഴിക്കോട് ജില്ലാ കളക്ടർ, കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉന്നത ഉദ്യോസ്ഥർ സംഭവ സ്ഥലം സന്ദർശിക്കുകയും പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജൻ, നിർമ്മിതി കേന്ദ്രം പോജക്ട് മാനേജർ ശ്രീ. മനോജ് എന്നിവരുൾപ്പെടുന്ന വിദഗ്ദ്ധ സമിതിയെ നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. സ്ഫോടക വസ്തുക്കൾ നിർവ്വീര്യമാക്കിയത് ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശ പ്രകാരമായതിനാൽ സ്ഫോടനം സംബന്ധിച്ചുള്ള കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. നാശനഷ്ടങ്ങൾ കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് റവന്യൂ വിഭാഗത്തെയാണ്. 162 വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന് റവന്യൂ വകുപ്പിൽ പരാതികൾ കിട്ടിയിട്ടുണ്ട്, റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. ജില്ലാ കളക്ടറോട് ഉടനടി റിപ്പോർട്ട് സമർപ്പിക്കാൻ ഞാനാവശ്യപ്പെടുന്നതാണ്. അതിനുശേഷം അനന്തര നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

## (10) പോലീസ് നടത്തുന്ന നിയമലംഘനം

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടിയിൽ സമീപകാലത്ത് പോലീസ് നടത്തുന്ന നിയമലംഘനവും നീതിനിഷേധവും സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടു വരാനാണ് ഈ സബ്മിഷൻ. പോലീസിനെ ആക്രമിച്ചെന്ന പേരിൽ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയെ അറസ്റ്റുചെയ്ത് നഗരമദ്ധ്യത്തിലൂടെ കയ്യാമംവച്ച് നടത്തിച്ച പോലീസ് നടപടി പ്രതിഷേധാർഹമാണ്. ജ്ജൂൺ 24-ാം തീയതി വൈകിട്ട് അഞ്ചുമണിക്ക് കൊയിലാണ്ടി ബസ് സ്റ്റാന്റിനരികെ മേൽപ്പാലം മുതൽ മാർക്കറ്റ് പരിസരംവരെ ഏതാണ്ട് ഒരു കിലോമീറ്റർ ദൂരം പതിനാറോളം പോലീസുകാരുടെയും പോലീസ് വണ്ടികളുടെയും അകമ്പടിയോടെയാണ് യുവാവിനെ നടത്തിച്ചത്. ഇതിനുമുമ്പും അവിടത്തെ സി.ഐ.-യ്ക്കെതിരെ വിമർശനമുണ്ടായിട്ടുള്ളതാണ്. 20 വയസ്സുകാരനായ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയെ പൊതുജനമദ്ധ്യത്തിൽ അപമാനിക്കുന്ന രീതിയിലാണ് അദ്ദേഹം പ്രവർത്തിച്ചത്. ബുധനാഴ്ച്ച രാത്രി പോലീസിനെ ആക്രമിച്ചുവെന്നാണ് അദ്ദേഹത്തിനെതിരെയുള്ള കേസ്. കഴിഞ്ഞ ദിവസം ചെങ്ങോട്ടുകാവിലെ ഒരു അഡ്വക്കേറ്റിനെതിരെ വധശ്രമം നടത്തിയ കേസ്സിലെയും മകന്റെ ഭാര്യയെ പീഡിപ്പിച്ച കേസിലെ പ്രതിയുമായ അബൂബെക്കറെ തെളിവെടുപ്പിന് കൊണ്ടുപോയത് അതീവ രഹസ്യമായിട്ടാണെന്നും ഇതേ ഉദ്യോഗസ്ഥനെതിരെ ആരോപണമുണ്ട്. കൊയിലാണ്ടിയിൽവച്ച് മോഷണം നടത്തിയ തമിഴ്നാട് സ്വദേശികളെ കൊണ്ടുപോയതും

രഹസ്യമായിട്ടാണ്. രാഷ്ട്രീയ പാർട്ടികളെ അപമാനിക്കുന്ന നിയവിരുദ്ധമായ പ്രവർത്തനങ്ങളിൽനിന്ന് പോലീസ് പിൻമാറണമെന്ന് അവിടെയുള്ള എല്ലാ പാർട്ടികളും ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടിരിക്കുകയാണ്. കൊടും കുറ്റവാളികളോടുപോലും കാണിക്കാത്ത വിധത്തിലാണ് പോലീസ് നടപടിയെന്ന് വിമർശനം ഉയർന്നിട്ടുണ്ട്. ഇതിനുമുമ്പും യുവാക്കളെ കൈവിലങ്ങണിയിച്ച് നടത്തിയിട്ടുണ്ട്. കൈയാമം വച്ച് നടത്തിച്ച് കാപ്പാടിലും കുറവിലങ്ങാടും ഇതേ രീതി അരങ്ങേറി. വിലങ്ങുവയ്ക്കുന്നത് തെറ്റാണെങ്കിൽ കൈയാമം സർക്കാർ പിൻവലിക്കട്ടെയെന്നാണ് പോലീസ് പറയുന്നത്. യാതൊരു മാർഗ്ഗവുമില്ലെങ്കിൽ മാത്രമേ കൈവിലങ്ങ് വയ്ക്കാവൂവെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. വിലങ്ങണിയിച്ച് പൊതുനിരത്തിലൂടെ നടത്തുമ്പോൾ ഒരു വ്യക്തിയുടെ മാനസികനിലയെ ബാധിക്കും, വിലങ്ങുവയ്ക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും കോടതിയെയും ബോദ്ധ്യപ്പെടുത്തണം, മതിയായ കാരണമില്ലെന്നു കണ്ടാൽ വിലങ്ങുവച്ച ഉദ്യോഗസ്ഥൻ സമാധാനം പറയാനും ബാദ്ധ്യസ്ഥനാണ്. പ്രതികളെ പൊതുസ്ഥലത്തുകൂടി വിലങ്ങണിയിച്ചു കൊണ്ടുപോകുന്ന പോലീസിന്റെ പ്രകടനം സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കൊയിലാണ്ടിയിലെ അഭിഭാഷകർ ആലോചിക്കുന്നുണ്ട്. ഇതിന്റെകൂടെ മറ്റൊരുകാര്യം കൂടി എനിക്ക് ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്.

മി. ചെയർമാൻ: യെസ്.. പ്ലീസ്.. രണ്ട് മിനിട്ട് അധികമായി ഇന്ന് 48 സബ്മിഷനുകളുള്ളതാണ്. ഇത് പത്താമത്തെ സബ്മിഷനാണ്.

ശ്രീ. കെ. ദാസൻ: സർ, ഈ സർക്കിൾ ഇൻസ്പെക്ടർ ജനപ്രതിനിധികളെ അപമാനിക്കുന്ന രീതിയിൽ പത്രകുറിപ്പുകൾ നൽകുകയാണ്. സി.ഐ. നൽകിയ പത്രക്കുറിപ്പിൽ, ക്രിമിനലുകൾക്ക് പിന്തുണ നൽകുന്ന ഒരു പ്രമുഖ ജനപ്രതിനിധി ഉണ്ടെന്നും അത് പോലീസിന്റെ ആത്മവീര്യം നഷ്ടപ്പെടുത്തുന്നു എന്നുമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇങ്ങനെ മൂന്നുതവണയായി സി.ഐ.-യുടെ പത്രക്കുറിപ്പിറക്കിയിരിക്കുന്നു. ജനപ്രതിനിധികളെ അപമാനിക്കുന്നതിനും അവരെ പൊതുസമൂഹത്തിൽ ഇകഴ്ത്തികാണിക്കുന്നതിനും വേണ്ടി പോലീസ് നടത്തുന്ന ഇത്തരം ശ്രമങ്ങൾ സർക്കാർ കണ്ടില്ലെന്ന് നടിക്കരുത്. കേവലം ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് ജനപ്രതിനിധികൾക്കെതിരായി ഇത്തരത്തിലുള്ള പത്രവാർത്ത നൽകുന്നതിനും ജനപ്രതിനിധികളെ അപമാനിക്കുന്ന തരത്തിൽ നടപടിയെടുക്കാനുമുള്ള ഊർജ്ജം എവിടെ നിന്നാണ് ലഭിക്കുന്നത്. ഈ നടപടി ശക്തമായ പ്രതിഷേധം ഉയർത്തുന്നതാണ്. ഇത് അടിയന്തരമായി അന്വേഷിച്ച് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ പറഞ്ഞതിനകത്ത് രണ്ട് ആസ്പെക്ടാണുള്ളത്. ഒന്ന്, പത്രവാർത്ത

നൽകിയതിനെപ്പറ്റിയാണ്. ചില സന്ദർഭങ്ങളിൽ പോലീസിന് പ്രമാദമായ കേസുകളെ സംബന്ധിച്ച് പത്രവാർത്തകൾ കൊടുക്കേണ്ടിവരും. കൊയിലാണ്ടി സർക്കിൾ പരിധിയിലുണ്ടായിട്ടുള്ള കളവുകേസുകൾ, ബോംബേറ് കേസ്, പൊതുമുതൽ നശിപ്പിച്ചതിനുള്ള കേസുകൾ, ഗുരുതരമായ അടിപിടികേസുകൾ, ബലാൽസംഗ കേസുകൾ, പോലീസിനെ ആക്രമിച്ച കേസുകളിലുൾപ്പെട്ടുന്ന പ്രതികളുടെ വിവരം, പൊതുജനസുരക്ഷയ്ക്ക് ഭീഷണിയാകുന്നതരത്തിൽ പ്രവർത്തിച്ചത് സംബന്ധിച്ച റിപ്പോർട്ടുകൾ എന്നിവ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി പല തീയതികളിലായി വിവിധ പത്രവാർത്തകൾ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ കേസുകളിൽ കൊയിലാണ്ടി ട്രാഫിക് യൂണിറ്റിലെ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച പ്രതിയെ സംബന്ധിച്ചും കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ ക്രൈം 279/12, 655/12, 792/12 എന്നീ 3 കേസുകളിൽകൂടി ഉൾപ്പെട്ടിട്ടുള്ളത് സംബന്ധിച്ചും എയ്ഡ്സ് രോഗിയായ പ്രതി തന്റെ മകന്റെ ഭാര്യയെ ബലാൽസംഗം ചെയ്തത്, കൊയിലാണ്ടി പോലീസ് സ്റ്റേഷൻ ക്രൈം 403/14 നമ്പർ കേസിലെ പ്രതികൾ, അടുത്ത വീട്ടിലേക്ക് ബോംബെറിഞ്ഞ് വീട്ടുകാരിയെ പരിക്കേൽപ്പിച്ചത്, കളവുകേസിലെയും കഞ്ചാവ് കേസിലെയും പ്രതികളെ അറസ്റ്റ് ചെയ്തത് തുടങ്ങിയവ സംബന്ധിച്ച് കൊയിലാണ്ടി പോലീസ് വിവിധ പത്രങ്ങളിൽ വാർത്തകൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ജനപ്രതിനിധികളെ അപമാനിക്കുന്ന തരത്തിലുള്ള യാതൊരു പത്രവാർത്തകളും നൽകിയിട്ടില്ല. കൂടാതെ, പൊതുജനങ്ങൾക്കെതിരെ നീതിനിഷേധ സമീപനം കൊയിലാണ്ടി പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. പത്രക്കുറിപ്പ് കൊടുക്കുകയോ പത്രസമ്മേളനം നടത്തുകയോ ചെയ്തിട്ടില്ല. ഒരു വിദ്യാർത്ഥിയുടെ കാര്യമിവിടെ പറഞ്ഞു. കൊയിലാണ്ടി പഴയ മാർക്കറ്റിന് സമീപം നാഷണൽ ഹൈവേയിൽ വാഹനഗതാഗതം തടസ്സപ്പെടുത്തുന്നവിധം അക്രമാസക്തമായിനിന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥി അജയ് ചന്ദ്രനെയും മറ്റ് രണ്ടുപേരെയും നൈറ്റ് പെട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന കൊയിലാണ്ടി ട്രാഫിക് യൂണിറ്റിലെ ഉദ്യോഗസ്ഥരായ ഗ്രേഡ് എസ്.ഐ. ചന്ദ്രൻ, സി.പി.ഒ.മാരായ ഹരിദാസൻ, ശ്രീധരൻ എന്നിവർ ചോദ്യം ചെയ്ത സമയത്ത് അജയചന്ദ്രൻ പോലീസ് ഉദ്യോഗസ്ഥരെ അസഭ്യം പറയുകയും പോലീസ് സംഘം ഉടൻതന്നെ അജയ ചന്ദ്രനെ പിടികൂടി പോലീസ് ജീപ്പിൽ കയറ്റാൻ ശ്രമിക്കവേ അക്രമാസക്തനായി പോലീസ് ഉദ്യോഗസ്ഥരെ ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്തു. ആ അക്രമത്തിൽ സി.പി.ഒ.-മാരായ ഹരിദാസന്റെ മൂക്കിലും ശ്രീധരന്റെ കയ്യിലും പരിക്കേറ്റു. അതിനാൽ അജയചന്ദ്രനെ ജീപ്പിൽ കയറ്റി കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെത്തിച്ച് 294 ഐ.പി.സി. (ബി) 332,

352 കെ.പി. ആക്ട് സെക്ഷൻ 117 (ഇ) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 612/2014 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിലെ തെളിവെടുപ്പിനായി അന്നേദിവസം വൈകിട്ട് അജയചന്ദ്രനെ സംഭവസ്ഥലത്ത് കൊണ്ടുപോകാൻ തുടങ്ങിയപ്പോൾ ഇയാൾ വീണ്ടും പോലീസ് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുകയും അക്രമം നടത്താൻ മുതിരുകയും ചെയ്തപ്പോഴാണ് പ്രതിയെ കൈവിലങ്ങണിയിക്കുകയല്ലാതെ പോലീസിന് മറ്റൊരു മാർഗ്ഗവുമില്ലാത്ത സാഹചര്യത്തിൽ കൈവലിങ്ങ് വച്ച് കോടതിയിലേക്ക് കൊണ്ടുപോകേണ്ടിവന്നത്. പരമാവധി ഇത്തരം സന്ദർങ്ങളിൽ കൈവിലങ്ങുകൾ വയ്ക്കാനുള്ള നിയമങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതനുസരിച്ച് മാത്രമാണ് പ്രവർത്തിച്ചിട്ടുള്ളത്. കൊയിലാണ്ടി പോലീസ് അക്രമപ്രവർത്തനങ്ങൾ നടത്തുന്ന ആളുകളെ തടസ്സപ്പെടുത്തുകമാത്രമാണ് ചെയ്തിട്ടുള്ളത്.

## (11) പട്ടയം ലഭ്യമാക്കൽ

ശ്രീ. ബി. ഡി. ദേവസ്സി : സർ, ചാലക്കുടി നിയോജക മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽപ്പെട്ട പെരിങ്ങൽകുത്ത് പുളിയിലപ്പാറയിലെ കെ.എസ്.ഇ.ബി. വക സ്ഥലത്ത് 60 വർഷത്തിലേറെക്കാലമായി താമസിച്ചുവരുന്ന 116 കുടുംബങ്ങൾ പട്ടയം ലഭിക്കാത്തതുമൂലം അവരുടെ വിവിധ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ കഷ്ടപ്പെടുകയാണ്. സ്വന്തമായി വീടും വോട്ടർപ്പട്ടികയിൽ പേരും റേഷൻകാർഡും വൈദ്യുതി കണക്ഷനും ഉള്ള ഇവരിൽ 80 ശതാമനംപേരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. അവർക്ക് ഇനിയും പട്ടയം നൽകാത്തത് കടുത്ത അനീതിയാണ്. ആയതിനാൽ കെ.എസ്.ഇ.ബി.-യുടെ എൻ.ഒ.സി. റവന്യൂ വകുപ്പിന് കൈമാറി പുളിയിലപ്പാറയിലെ താമസക്കാരായ മുഴവൻ കുടുംബങ്ങൾക്കും പട്ടയം ലഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ പുളിയിലപ്പാറ നിവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പെരിങ്ങൽകുത്ത് ഡാമിനോട് ചേർന്ന് പൈപ്പ് ലൈൻവഴി വെള്ളമെടുക്കുന്നതിനുള്ള അനുമതി നൽകണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിന്മേൽ പട്ടയം നൽകേണ്ടത് റവന്യൂ/ ഫോറസ്റ്റ് വകുപ്പുകളാണ്. ഈ ഭൂമി ലീസ് വ്യവസ്ഥയിൽ കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ളതാണ്. വളരെക്കാലമായി ഇവിടെ താമസിക്കുന്നവർക്ക് എൻ.ഒ.സി. നൽകാൻ കെ.എസ്.ഇ.ബി. തയ്യാറാണ്. വലിയ താമസമില്ലാതെ എൻ.ഒ.സി. നൽകുന്നതാണ്. പട്ടയം കിട്ടേണ്ട കാര്യം വനം വകുപ്പിനോടും റവന്യൂ വകുപ്പിനോടും

ആവശ്യപ്പെടേണ്ടതാണ്. പുളിയിലപ്പാറ കോളനിയിലെ കുടിവെള്ളത്തിന്റെ കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. അതിനും 26-6-2014-ൽ പെർമിസ്സീവ് സാങ്ഷൻ കൊടുത്തുകഴിഞ്ഞു.

## (12) ബിരുദ പ്രവേശനം നിഷേധിച്ച സംഭവം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തലശ്ശേരി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ് ടുവിന് 95.42% മാർക്ക് വാങ്ങിയ ഷാഹിഷ്ണ എന്നൊരു വിദ്യാർത്ഥിനി തലശ്ശേരി ഗവണ്മെന്റ് ബ്രണ്ണൻ കോളേജിൽ ബി.എ. എക്കണോമിക്സിനുവേണ്ടി അപേക്ഷ കൊടുത്തു. അപേക്ഷകരിൽ ഒന്നാം സ്ഥാനം ഈ പെൺകുട്ടിക്കാണ്. പക്ഷെ കോളേജിൽ ചേരാൻ പോയ സന്ദർഭത്തിൽ പ്രിൻസിപ്പൽ പറഞ്ഞു, നിങ്ങൾക്ക് ഈ കോളേജിൽ പ്രവേശനം തരില്ല. ഈ കുട്ടി മാഹിക്കാരിയായതുകൊണ്ടാണ് പ്രവേശനം നിഷേധിച്ചിരിക്കുന്നത്. പഠിച്ചതു മുഴുവൻ കേരളത്തിലെ ഗവണ്മെന്റ് സ്കൂളിലാണ്. അവരുടെ സ്വദേശം മാഹിയാണെന്നു പറഞ്ഞുകൊണ്ട് ബ്രണ്ണൻ കോളേജിൽ പ്രവേശനം നിഷേധിക്കുന്നു. മാഹിക്കാർക്ക് മുമ്പ് ബ്രണ്ണൻ കോളേജിൽ പ്രവേശനം കിട്ടിയിട്ടുണ്ട്. അവിടത്തെ എം.എൽ.എ. വൽസരാജൻ ബ്രണ്ണൻ കോളേജിൽ പഠിച്ച ആളാണ്. ഞാൻ മാഹി കോളേജിൽ പഠിച്ച ആളാണ്. അങ്ങോട്ടും ഇങ്ങോട്ടും ഒരു ഡിസ്ക്രിമിനേഷൻ ഇല്ലാതെ നടന്നിരുന്നത് ഇടക്കാലത്ത് മാഹിയിൽ കേരളത്തിലുള്ളവർക്ക് പ്രവേശനം കൊടുക്കാത്ത ഒരു പ്രശ്നമുണ്ടായി. അതിന്റെ ഫലമായി കുറേ സീറ്റ് അവിടെ ഒഴിവ് വന്നു. പിന്നീട് പോണ്ടിച്ചേരിയിലെ വൽസരാജൻതന്നെ ഇടപെട്ട് ഇവിടെ ചർച്ച ചെയ്ത് ആ സീറ്റ് കൊടുക്കാനുള്ള അറേഞ്ച്മെന്റുണ്ടാക്കി. അതിന്റെ ഭാഗമായിട്ട് കേരളത്തിലെ കുട്ടികൾക്ക് മാഹിയിൽ പഠിക്കാൻ സൗകര്യത്തിനുവേണ്ടി ഒരു ഉത്തരവ് ഇറക്കി. ആ ഉത്തരവിനെ വ്യാഖ്യാനിച്ചുകൊണ്ട് അവിടത്തെ പ്രിൻസിപ്പൽ ഈ വിദ്യാർത്ഥിനിക്ക് പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. മെറിറ്റിലുള്ള കുട്ടികൾക്ക് നമ്മുടെ രാജ്യത്ത് ഏത് കോളേജിലും പഠിക്കാം. മെറിറ്റിലുള്ള കുട്ടികൾ ഇപ്പോൾ തമിഴ്നാട്ടിൽപ്പോയി പഠിക്കുന്നുണ്ട്. കേരളത്തിലെ ഒരു കോളേജിൽ അത് നിഷേധിക്കപ്പെട്ടാൽ ഇത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും. 2-5-2013-ൽ ഇറക്കിയ ഉത്തരവിൽ അവ്യക്തതയുണ്ടെങ്കിൽ ആ അവ്യക്തത പരിഹരിച്ചുകൊണ്ട് ഇങ്ങനെ മെറിറ്റ് പ്രകാരം ഫസ്റ്റ് റാങ്ക് കിട്ടുന്ന കുട്ടികൾക്ക് പ്രവേശനം നിഷേധിക്കുന്ന നടപടി പുനഃപരിശോധിക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇന്നലെ ഞാനൊരു നോട്ട് കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന് അതിൽ ഇടപെടാൻ കഴിയുമെന്ന്

കരുതുന്നു. ബ്രണ്ണൻ കോളേജിന് തൊട്ടടുത്താണ് ആ കുട്ടിയുടെ വീട്. ബ്രണ്ണൻ കോളേജും മാഹിയും വളരെ വ്യത്യാസമില്ല. ഏതെങ്കിലും തരത്തിൽ ഈ കുട്ടിക്ക് അവിടെ സീറ്റ് കൊടുത്തിട്ടില്ലെങ്കിൽ അത് വളരെ പ്രത്യാഘാതമുണ്ടാക്കും എന്നുള്ളതുകൊണ്ട് അടിയന്തരമായി ഗവൺമെന്റ് ഇടപെടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, തലശ്ശേരി ബ്രണ്ണൻ കോളേജിൽ ബിരുദ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് അനുസരിച്ച് കേരളത്തിലുള്ള വിദ്യാർത്ഥികൾക്കു മാത്രമേ പ്രവേശനം നൽകാൻ കഴിയൂ. പോണ്ടിച്ചേരി ഗവൺമെന്റുമായുണ്ടാക്കിയ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ 2-5-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 113/2013/ഉ.വി.വ. പ്രകാരം മാഹിയിലെ മഹാത്മാഗാന്ധി ഗവൺമെന്റ് കോളേജിൽ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിലായി ബിരുദ പ്രവേശനത്തിന് 70 സീറ്റുകളും ബിരുദാനന്തര ബിരുദത്തിന് 10 സീറ്റുകളും നൽകുന്നതിന് പകരമായി മാഹിയിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് തലശ്ശേരി ബ്രണ്ണൻ കോളേജ് ഉൾപ്പെടെയുള്ള നാല് ഗവൺമെന്റ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ആകെ ആറ് സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്. എന്നാൽ ബിരുദ പ്രവേശനത്തിന് കേരളത്തിലെ കോളേജുകളിൽ മാഹിയിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് സീറ്റുകൾ അനുവദിച്ചിട്ടില്ല. എന്നിരുന്നാലും കേരളത്തിൽതന്നെ പഠിച്ച് പ്ലസ് ടൂവിന് വളരെ ഉയർന്ന മാർക്ക് വാങ്ങി തലശ്ശേരി ബ്രണ്ണൻ കോളേജിൽ ബിരുദ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിൽ ഒന്നാം സ്ഥാനം നേടിയ വിദ്യാർത്ഥിനിക്ക് സ്വദേശം കേരളത്തിലല്ല എന്നതിന്റെ പേരിൽ തുടർ പഠനം നിഷേധിക്കുന്നതിനോട് സർക്കാർ യോജിക്കുന്നില്ല. അതിനാൽ ഇതുസംബന്ധിച്ച പരാതി ലഭിച്ചാൽ തലശ്ശേരി ബ്രണ്ണൻ കോളേജിൽ ബിരുദ പ്രവേശനത്തിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (13) അദ്ധ്യാപക നിയമനം

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ആർ.എം.എസ്.എ. പദ്ധതിപ്രകാരം പീരുമേട് നിയോജക മണ്ഡലത്തിൽ പാമ്പനാർ, വഞ്ചിവയൽ, ചെമ്മണ്ണ് എന്നീ മൂന്ന് സ്കൂളുകളാണ് അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ പാമ്പനാർ സ്കൂളിൽ ഏഴ് ഡിവിഷനിൽ മലയാളവും മൂന്ന് ഡിവിഷനിൽ തമിഴും 14 തസ്തികകളും അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ വഞ്ചിവയലിലും

ഇത്തരത്തിൽതന്നെ 14 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ലെന്നുള്ളതാണ് പ്രശ്നം. ഇതേത്തുടർന്ന് സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം അവിടെയുണ്ട്. കുമളിയിൽ നടക്കുന്ന തമിഴ് ടി.ടി.ഐ.യിലും ആർ.എം.എസ്.എ. സ്കൂളുകളിലും തമിഴ് അദ്ധ്യപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. അതോടൊപ്പംതന്നെ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ലിങ്കുസ്റ്റിക് മൈനോറിറ്റി കമ്മിറ്റിയിൽ ഈ വിഷയം കൊണ്ടുവന്ന് ഇതിന്മേൽ ഒരു തീരുമാനമെടുത്ത് നടപ്പിലാക്കുന്നതിന് ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടി ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തിരിക്കുന്ന യു.പി.-സ്കൂളുകളിൽ ഹെഡ്മാസ്റ്റർ -1, അദ്ധ്യാപകർ -5, പ്യൂൺ -1 എന്നിങ്ങനെ ഏഴ് തസ്തികകൾക്കുമാത്രമാണ് എം.എച്ച്.ആർ.ഡി.-യുടെ അനുവാദമുള്ളത്. ഇടുക്കി ജില്ലയിലെ പാമ്പനാർ, വഞ്ചിവേൽ എന്നീ സ്കൂളുകൾക്കും ഇതേ പാറ്റേൺ തന്നെയാണ് ബാധകം. മേൽപ്പറഞ്ഞവയിൽ കൂടുതൽ ജീവനക്കാർക്കുള്ള ശമ്പളം ആർ.എം.എസ്.എ.-യിൽ നിന്ന് അനുവദിച്ച് കിട്ടുകയില്ല. അധികം ആവശ്യമായി വരുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം ആർ.എം.എസ്.എ.യുടെ നിയമാവലി പ്രകാരം സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ജി.യു.പി.എസ്. ചെമ്മണ്ണ 2013 വർഷം സംസ്ഥാന സർക്കാരിന്റെ ചെലവിൽ എട്ടാം ക്ലാസ് ആരംഭിച്ച 30 സ്കൂളുകളിൽ ഉൾപ്പെടുന്നതാണ്. 2014-15 വർഷം ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യാനായി സമർപ്പിച്ചെങ്കിലും അതിനുള്ള അനുമതി എം.എച്ച്.ആർ.ഡി.-യിൽനിന്നും ലഭിച്ചില്ല. ആയതിനാൽ ആർ.എം.എസ്.എ. പദ്ധതിയിലൂടെ ഈ സ്കൂളുകളിലുള്ള ജീവനക്കാർക്ക് ശമ്പളം അനുവദിക്കാൻ നിർവ്വാഹമില്ലാതെവന്നു. എന്നിരുന്നാലും 2013-2014 വർഷത്തിൽ സംസ്ഥാന സർക്കാർ എട്ടാം ക്ലാസ് ആരംഭിച്ച 30 സ്കൂളുകളിൽ തുടർന്നും ഒമ്പതാം ക്ലാസ് ആരംഭിക്കാവുന്നതാണ് എന്ന് 27-5-2014-ൽ വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകളിലും അപ്ഗ്രേഡ് ചെയ്യുന്നതിന് മുന്നോടിയായി എട്ടാം ക്ലാസ് ആരംഭിച്ച സ്കൂളുകളിലും ഒമ്പതാം ക്ലാസ് പ്രവർത്തിപ്പിക്കുന്നതിനും പഠനം മുടങ്ങാതിരിക്കാൻ അദ്ധ്യാപകരെ നിയമിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ രണ്ട് ഗവണ്മെന്റ് ടി.ടി.ഐ.-കളാണ് നിലവിലുള്ളത്. ഇവിടെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഹൈസ്കൂൾ വിഭാഗത്തിൽ അദ്ധ്യാപകരും ദിവസ വേതനാടിസ്ഥാനത്തിൽ പി.ടി.എ. നിയമിച്ചിരിക്കുന്ന അദ്ധ്യാപകരുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. കുമളി ഗവണ്മെന്റ് ടി.ടി.ഐ.-യിൽ തമിഴ് ടീച്ചർ എഡ്യൂക്കേറ്റർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

## (14) പോളിടെക്നിക്ക് അനുവദിക്കൽ

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കരയിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിൽതന്നെ ഏറ്റവും ഉയർന്ന റിസൾട്ടുള്ള വിദ്യാഭ്യാസ ജില്ലകളിലൊന്നാണ് മാവേലിക്കര. പ്ലസ് ടു അടക്കമുള്ള കോഴ്സുകളിൽ നല്ല മാർക്ക് വാങ്ങി പഠിച്ചുവരുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിലോ സാങ്കേതിക വിദ്യാഭ്യാസമേഖലയിലോ പഠിക്കാനുള്ള ഒരു സ്ഥാപനം മാവേലിക്കരയിൽ ഇല്ല. ഗ്രാമീണ മേഖലയിൽപോലും നൂറ് ശതമാനം റിസൾട്ടും നല്ല വിദ്യാഭ്യാസ നിലവാരവുമുള്ള സ്കൂളുകളുള്ള മാവേലിക്കരയിൽ ഒരു പോളിടെക്നിക് അനുവദിക്കേണ്ടത് അനിവാര്യമാണ്. ആവശ്യമായ സ്ഥലം എത്രവേണമെങ്കിലും ഏറ്റെടുത്ത് നൽകാം. ആസ്തിവികസന ഫണ്ട് അടക്കം എത്ര തുകവേണമെങ്കിലും അതിനുവേണ്ടി വകയിരുത്താം. ഈ സാഹചര്യത്തിൽ മാവേലിക്കരയിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, മാവേലിക്കര മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ ചേർത്തല ഗവൺമെന്റ് പോളിടെക്നിക്ക്, ആലപ്പുഴ കാർമൽ പോളിടെക്നിക്ക്, കായംകുളം വനിതാ പോളിടെക്നിക്ക് എന്നീ മൂന്ന് പോളിടെക്നിക്കുകളിലായി വിവിധ ബ്രാഞ്ചുകളിൽ 540 സീറ്റുകൾ നിലവിലുണ്ട്. മാവേലിക്കരയ്ക്ക് സമീപമുള്ള പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളം, അടൂർ, വെച്ചൂച്ചിറ എന്നീ ഗവൺമെന്റ് പോളിടെക്നിക്കുകളിലെയും പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെയും വിവിധ ബ്രാഞ്ചുകളിലായി 900 സീറ്റുകൾ നിലവിലുണ്ട്. സർക്കാർ മേഖലയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പോളിടെക്നിക്ക് ആരംഭിക്കുന്നതിന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലും തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, കോഴിക്കോട് ജില്ലയിലെ മുക്കം എന്നിവിടങ്ങളിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് 2014-15 സാമ്പത്തിക

വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിരുന്നു. 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ മാനന്തവാടി ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്ക്നിക്കായി അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ ഇവയൊന്നും തന്നെ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. മാവേലിക്കര മണ്ഡലത്തിൽ പുതിയ പോളിടെക്നിക്ക് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിലും നിലവിലെ സാമ്പത്തിക പരിമിതിയുടെ പശ്ചാത്തലത്തിൽ സർക്കാർ മേഖലയിൽ കൂടുതൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല. എന്നാൽ സർക്കാരിന്റെ സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്.

## (15) സ്കൂൾ ബസ്സുകളിൽ പെയിന്റ് മാറ്റൽ

ശ്രീ. രാജു എബ്രഹാം: സർ, സ്കൂൾ ബസ്സുകൾക്ക് നിലവിൽ മഞ്ഞ പെയിന്റാണ്. അത് മാറ്റി ഗോൾഡൻ മഞ്ഞ പെയിന്റടിക്കണമെന്ന തീരുമാനത്തെ തുടർന്ന് പല സ്കൂളുകളും അതിനുള്ള നടപടി ആരംഭിച്ചിരിക്കുകയാണ്.

മി. ചെയർമാൻ: മുൻപ് 1972 വരെ തിരുവനന്തപുരം സിറ്റി ബസ്സുകളുടെ നിറം പച്ച നിറമായിരുന്നു.

ശ്രീ. രാജു എബ്രഹാം: സർ, അങ്ങയോട് ഞാൻ യോജിക്കുന്നു. പക്ഷെ ഇത് ആൾ ഇന്ത്യ പാറ്റേൺ ആണ്. ഗവൺമെന്റ് സ്കൂളുകൾക്കും യു. പി. സ്കൂളുകൾക്കും ബസ്സിന്റെ കളർ മാറ്റാൻ കാശില്ല. ഒരു ബസിന്റെ കളർ മാറ്റാൻ ഇരുപതിനായിരം രൂപ വേണം. പഴയ ബസ്സിന്റെ കളർ വേണമെങ്കിൽ മാറ്റാം. എന്നാൽ പുതിയ ബസ് അഞ്ച് വർഷം കഴിഞ്ഞ് റീ-പെയിന്റ് ചെയ്താൽ മതി. ഓരോ സ്കൂളും ഇല്ലാത്ത പണം ഉണ്ടാക്കി പെയിന്റ് മാറ്റുകയാണ്. ഒരു വർഷത്തെ സമയം അങ്ങ് പറഞ്ഞു. എന്നാൽ ആൾ ഇന്ത്യ പാറ്റേൺ വരുമ്പോൾ നമ്മൾ ഇപ്പോൾ തന്നെ മഞ്ഞ നിറമാണ് ചെയ്തിരിക്കുന്നതെന്ന് അറിയിച്ചിരുന്നെങ്കിൽ സ്വാഭാവികമായി ഇളവ് കിട്ടുമായിരുന്നു. അതുണ്ടായില്ല. അതുകൊണ്ട് പെയിന്റ് മാറ്റുന്നതനുസരിച്ച് അഞ്ച് വർഷമെങ്കിൽ അഞ്ച് വർഷം എട്ട് വർഷമെങ്കിൽ എട്ട് വർഷം അതനുസരിച്ച് ഗോൾഡൻ മഞ്ഞ നിറത്തിലേക്ക് മാറ്റം കൊണ്ടു വന്നില്ലെങ്കിൽ പാവപ്പെട്ട സ്കൂളുകൾ ഗതികേടിലാകും. അക്കാര്യത്തിൽ അടിയന്തരമായ തീരുമാനം ഉണ്ടാക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് ആൾ ഇന്ത്യ ആക്ടിന്റെ അടിസ്ഥാനത്തിൽ

വന്ന മാറ്റമാണ്. ആ മാറ്റത്തിനനുസൃതമായാണ് തീരുമാനമെടുത്തത്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. നമ്മൾ തീരുമാനം ഇൻഫോം ചെയ്തത് മാർച്ച് മാസത്തിലാണ്. അപ്പോഴേയ്ക്കും ചില ആളുകൾ പഴയ പെയിന്റ് തന്നെ റീ പെയിന്റ് ചെയ്തിരുന്നു. പുതിയ പെയിന്റടിക്കണമെന്ന് പറയുമ്പോൾ ബുദ്ധിമുട്ട് വരുമെന്നതുകൊണ്ട് അടുത്ത ടെസ്റ്റിംഗിന് ചെല്ലുന്നതിന് മുമ്പ് ഈ ചെയ്ഞ്ച് വരുത്തിയാൽ മതിയെന്നു പറഞ്ഞു. കാരണം ആൾ ഇന്ത്യ പാറ്റേണിലേക്ക് നമ്മൾ വരികയാണ്. ഓരോ വ്യക്തിക്കും വ്യത്യസ്തമായ ടൈംമിങ്ങാണ് വരിക. അതുകൊണ്ട് അത് വരാതിരിക്കാൻ വേണ്ടി ടെസ്റ്റിംഗ് വരെ നിലവിലെ രീതി തുടരാൻ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാവുകയില്ല. ഏതെങ്കിലും പ്രത്യേക കാര്യം അങ്ങേക്ക് തോന്നുന്നുണ്ടെങ്കിൽ എഴുതി തന്നാൽ മതി. നിബന്ധനകൾക്ക് വിരുദ്ധമായി ആരെങ്കിലും ഇടപെടൽ നടത്തിയെങ്കിൽ അതിൽ ഗവൺമെന്റിനും ഇന്റർഫിയർ ചെയ്യാൻ കഴിയും.

## (16) അടിസ്ഥാന അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, എന്റെ മണ്ഡലത്തിൽ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുഴൽമന്ദം മോഡൽ റെസിഡൻഷ്യൽ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഇതുവരെ ഒരുക്കിയിട്ടില്ല. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. സ്കൂൾ പ്രവർത്തനം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞെങ്കിലും ഇതുവരെയും വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ല, സ്ഥിരം വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. താത്കാലിക വൈദ്യുതി കണക്ഷനാണ് ഉള്ളത്. ഹോസ്റ്റലിന്റെ പ്രവർത്തനം പൂർണ്ണമായും ആരംഭിച്ചിട്ടില്ല. ഹോസ്റ്റൽ, മെസ്ഹാൾ, സ്കൂൾ എന്നിവിടങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടില്ല. ഹോസ്റ്റലിൽ നിന്നും മെസ്ഹാളിലേക്കും സ്കൂളിലേക്കും പോകുന്നതിനുള്ള വഴി സൗകര്യമില്ല. സ്കൂൾ ഹോസ്റ്റൽ, മെസ് ഹാൾ, ക്ലാസ് റൂം, പഠന മുറി എന്നിവിടങ്ങളിൽ അത്യാവശ്യം വേണ്ട ഫർണിച്ചർ പോലുമില്ല. നിലത്തിരുന്നാണ് കുട്ടികൾ പഠിക്കുന്നതും ഭക്ഷണം കഴിക്കുന്നതും. കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സയൻസ് ലാബ് എന്നിവ ഇതുവരെയും സജ്ജീകരിച്ചിട്ടില്ല. മാലിന്യ സംസ്കരണം, ഡ്രെയിനേജ് സംവിധാനം എന്നിവയും ഏർപ്പെടുത്തണം. സ്ഥലമുണ്ടെങ്കിലും കളിസ്ഥലം നിർമ്മിച്ചിട്ടില്ല. സ്പോർട്സ് ഉപകരണങ്ങളും നൽകിയിട്ടില്ല. ചുറ്റുമതിൽ നിർമ്മാണവും പൂർത്തിയായിട്ടില്ല. അടുക്കളയിൽ ഉപയോഗിക്കുന്ന ഗ്യാസ് സിലിണ്ടറിന്റെയും ഗ്യാസ് സ്റ്റൗവിന്റെയും

എണ്ണം വളരെ പരിമിതമാണ്. 25 കിലോമീറ്റർ അകലെയുള്ള ആലത്തൂരിലെ ഭാരത് ഗ്യാസ് ഏജൻസിയിൽ നിന്നാണ് ഗ്യാസ് സിലിണ്ടർ എടുക്കുന്നത്. സ്കൂളിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെ പെരിങ്ങോട്ടുകുറിശ്ശിയിൽ ഐ.ഒ.സി.-യുടെ പുതിയ ഗ്യാസ് ഏജൻസി ആരംഭിച്ചിട്ടുണ്ട്. അവിടെ നിന്നും സിലിണ്ടർ എടുക്കാവുന്നതാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഏറ്റവും നല്ല സ്കൂളാണ് ഇത്. 10-12 കോടി രൂപ ചെലവഴിച്ചുകൊണ്ട് നിർമ്മിച്ച മനോഹരമായ കെട്ടിടമാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ അവിടെയില്ല. കിറ്റ്കോ എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് കരാർ ഏൽപ്പിച്ചത്. അവർ സബ്കോൺട്രാക്ടറെ ഏൽപ്പിച്ചു. ഇപ്പോൾ കിറ്റ്കോയും സബ്കോൺട്രാക്ടറും ആരുമില്ല. നൂറ് ശതമാനം വിജയമാണ് ഇവിടെയുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളും മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ കുറച്ച് കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ച് പണി പൂർത്തീകരിച്ചാൽ നല്ല പ്രവർത്തനം നടത്താൻ കഴിയും. ഈ സ്കൂളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ഏർപ്പെടുത്തി നല്ല നിലയിൽ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കുഴൽമന്ദം മോഡൽ റെസിഡൻഷ്യൽ സ്കൂൾ പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽ പുതിയ കെട്ടിടത്തിൽ 1-11-2013-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ എം.ആർ.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 8.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യം, ഭക്ഷണം, പഠന സൗകര്യം എന്നിവ നൽകി മികച്ച വിദ്യാഭ്യാസം നൽകി വരുന്നു. 5 മുതൽ 9 വരെയുള്ള ക്ലാസുകളിലാണ് ഇപ്പോൾ ഈ വിദ്യാലയത്തിൽ അദ്ധ്യയനം നടന്നു വരുന്നത്. കുഴൽമന്ദം എം.ആർ.എസ്.-ന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഗ്യാസ് ഇൻസ്റ്റലേഷൻ, എമർജൻസി ലാമ്പ്, ഗ്രൈന്റർ, ഫർണിച്ചർ, ബെഡ്, പില്ലോ, ടി. വി, ഫ്രിഡ്ജ്, സ്റ്റെബിലൈസർ, മോട്ടോറുകൾ, സോളാർ ലൈറ്റിംഗ് സിസ്റ്റം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ 10.42 ലക്ഷം രൂപ വില വരുന്ന ഫർണിച്ചറുകൾ വങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കുഴൽമന്ദം എം.ആർ.എസ്-ൽ ആകെയുള്ള 17 ജീവനക്കാരിൽ 6 പേർ സ്ഥിരവും ബാക്കിയുള്ള 11 പേർ കരാർ ദിവസ വേതനാടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്നു.

നിയമനങ്ങൾ നടത്താനുള്ള നടപടികൾ ഗവൺമെന്റ് നടപ്പാക്കി വരികയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ചുറ്റുമതിൽ നിർമ്മാണം, കമ്പിവേലി സ്ഥാപിക്കൽ, അഴുക്കുചാൽ നിർമ്മാണം, ഗ്രൗണ്ട് സജ്ജീകരിക്കൽ, ക്വാർട്ടേഴ്സ് നിർമ്മാണം, ഹോസ്റ്റലിലെ കബോർഡ് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ്, വൈദ്യുതീകരണം പൂർത്തീകരിക്കൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടറുകൾ തുടങ്ങിയ അക്കാദമിക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ ഉദ്യോഗസ്ഥതലത്തിൽ മീറ്റിംഗ് നടത്തി ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (17) മായം ചേർക്കൽ തടയൽ

ശ്രീ. പി. ഉബൈദുള്ള: സർ, ഭക്ഷ്യവസ്തുക്കളുടെ ശുചിത്വം, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ധാന്യവിഭവങ്ങൾ എന്നിവയിലെ വിഷ സാന്നിധ്യം, പാൽ, മുട്ട തുടങ്ങിയവയിലെ മായം ചേർക്കൽ എന്നീ കാര്യങ്ങളിൽ കർശന പരിശോധനകൾ നടത്തുന്നതിനും ഫലപ്രദമായ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി നഗരസഭകളിലെ ആരോഗ്യപരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പഴം പച്ചക്കറിവർഗ്ഗങ്ങൾ, മത്സ്യമാംസാദികൾ തുടങ്ങിയവ കേട്ടുകൂടാതെ അധിക ദിവസം സൂക്ഷിക്കുന്നതിനു വേണ്ടി മാരകമായ വിഷവസ്തുക്കൾ ചേർക്കുന്നതായി വ്യാപകമായ പരാതികൾ ഉയർന്നു വരികയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ മാരകമായ വിഷവസ്തുക്കൾ ഉപയോഗിക്കുന്നതായി പറയപ്പെടുന്നു. അയൽസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മാങ്ങയുൾപ്പെടെയുള്ള പഴവർഗ്ഗങ്ങൾ മാസങ്ങളോളം കേട്ടുകൂടാതെയിരിക്കുകയാണ്. അത്രയും മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നതു കൊണ്ടാണ് മാസങ്ങളോളം സൂക്ഷിക്കാൻ കഴിയുന്നത്. പരിചയമുള്ള കടയിൽ ചെന്ന് മാങ്ങയോ മറ്റ് പഴവർഗ്ഗങ്ങളോ ചോദിച്ചാൽ പരിചയമുള്ളവരോട് കൊണ്ടുപോകണ്ടായെന്ന് ചില കടക്കാർ പറയാറുണ്ട്. അത് മായം ചേർത്തതാണെന്ന് കച്ചവടക്കാർക്കുപോലും അറിയാവുന്നതുകൊണ്ടാണ് പരിചയക്കാരോട് ഇത്തരം സാധനങ്ങൾ കൊണ്ടുപോകണ്ട എന്നുപറയുന്നത്. ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന തരത്തിലുള്ള വിഷ പ്രയോഗമാണ് നടന്നുകൊണ്ടിരിക്കുന്നത്. പല മാരകരോഗങ്ങൾക്കും കാരണമാകുന്നത് മായം ചേർക്കപ്പെട്ട ഭക്ഷ്യവസ്തുക്കളുടെ ഉപയോഗമാണ്. ദൂരെ ദിക്കുകളിൽ നിന്നുള്ളവർ വന്നുപോകുന്ന നഗര പ്രദേശങ്ങളിലാണ്

വിഷം കലർന്ന ഭക്ഷ്യ വസ്തുക്കൾ കൂടുതൽ വിറ്റഴിക്കുന്നത്. മിനറൽ വാട്ടർ എന്ന പേരിൽ വിൽക്കുന്ന കുപ്പി വെള്ളം പോലും മലിനജലമാണെന്ന് നമ്മുടെ നിയമസഭാ സമിതി തന്നെ ഒരിക്കൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ഭക്ഷണ പദാർത്ഥങ്ങളിലെ മായം ചേർക്കൽ തടയുന്നതിന് നിലവിൽ നിയമമുണ്ടെങ്കിൽപ്പോലും അത് നടപ്പാക്കുന്നതിലുള്ള പരാജയവും ഈ വിഷയത്തിലുള്ള പൊതുസമൂഹത്തിന്റെ അജ്ഞതയും കാരണം മായം ചേർക്കൽ ഇന്നും വ്യാപകമായി തുടരുകയാണ്. മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പിന് തന്നെ വെല്ലുവിളി ഉയർത്തുന്ന ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കലും വിഷം കലർത്തലും കർശനമായി തടയേണ്ടതുണ്ട്. ഇത് ഒരു മണ്ഡലത്തിലെയോ ജില്ലയിലെയോ പ്രശ്നമല്ല, മനുഷ്യസമൂഹത്തെ പൊതുവേ ബാധിക്കുന്ന ജീവൽപ്രധാനമായ പ്രശ്നമാണ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ റെയ്ഡുകളും മറ്റും നടത്തുന്നുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമാകുന്നില്ല. വിഷംകലർന്ന ഭക്ഷണ സാധനങ്ങൾ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നത് നഗരപ്രദേശത്തായതുകൊണ്ട് നഗരസഭകളിലെ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് ആരോഗ്യ-പൊതുവിതരണ-നഗരകാര്യ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ ചേർന്ന് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കണം.

<u>മി. ചെയർമാൻ</u>: അങ്ങ് എല്ലാ പോയിന്റുകളും പറഞ്ഞുകഴിഞ്ഞു. സമയം വളരെ കൂടുതലായി. അങ്ങ് പറഞ്ഞതിന്റെ ഗൗരവം സഭ ഉൾക്കൊള്ളുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. മഞ്ഞളാംകുഴി അലി):</u> സർ, 1954-ലെ ഫുഡ് അഡൾട്ടറേഷൻ ആക്ടനുസരിച്ച് ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിനും ശുചിത്വവും സുരക്ഷയും ഉറപ്പാക്കുന്നതിനും വിപുലമായ അധികാരങ്ങളാണ് നഗരസഭകൾക്കുണ്ടായിരുന്നത്. ഓരോ നഗരസഭയിലുമുള്ള ഫുഡ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഭക്ഷ്യവസ്തുക്കളിൽ മായംചേർക്കൽപോലുള്ള കാര്യങ്ങളിൽ ശക്തമായ നടപടികളാണ് എടുത്തിരുന്നത്. പക്ഷെ കേന്ദ്ര സർക്കാർ 2006-ൽ നടപ്പാക്കിയ ഫുഡ് ആന്റ് സേഫ്റ്റി ആക്ടിനെ തുടർന്ന് അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും മായംചേർക്കൽ തടയുന്നതിനും ഫുഡ് സേഫ്റ്റി കമ്മീഷണറെ ചുമതലപ്പെടുത്തി. നമ്മുടെ സംസ്ഥാനത്ത് ഇത് ആരോഗ്യ വകുപ്പിന്റെ കീഴിലാണ്. 140 നിയോജക മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ നിലവിൽവന്നു. നമ്മുടെ സംസ്ഥാനത്തെ സാഹചര്യങ്ങൾ തികച്ചും വ്യത്യസ്തമാണ്. ഭൂരിഭാഗം ഭക്ഷ്യവസ്തുക്കളും അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. ഒരു ഉദ്യോഗസ്ഥനെക്കൊണ്ടോ ഒരു ഓഫീസിന്റെ

പ്രവർത്തനംകൊണ്ടോ നിയന്ത്രിക്കാവുന്ന സ്ഥിതിവിശേഷമല്ല ഇക്കാര്യത്തിൽ നിലവിലുള്ളത്. മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യം, ആരോഗ്യം, തദ്ദേശ സ്വയംഭരണം, കൃഷി തുടങ്ങിയ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം കൊണ്ടു മാത്രമേ സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. സംസ്ഥാനത്ത് നഗരസഭകളിലും കോർപ്പറേഷനുകളിലും ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് സംബന്ധിച്ച നിരവധി പരാതികളാണ് ദിവസവും വന്നു കൊണ്ടിരിക്കുന്നത്. ഭക്ഷ്യവസ്തുക്കളിൽ മായംചേർക്കൽ തടയുന്നതിനും ഭക്ഷ്യവസ്തുക്കളുടെ സുരക്ഷ, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനും നഗരസഭകളിലെ ആരോഗ്യവിഭാഗം കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇക്കാര്യത്തിൽ ഫുഡ് സേഫ്റ്റി കമ്മീഷണറുമായും ആരോഗ്യ വകുപ്പുമായും കൂടിയാലോചിച്ച് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതാണ്.

## (18) വിദ്യാഭ്യാസ വായ്പയ്ക്ക് പലിശയിളവ്

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, സാമ്പത്തികമായി കഷ്ടപ്പെടുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സഹായിക്കുന്നതിനാണ് വിദ്യാഭ്യാസ വായ്പ. വിദ്യാഭ്യാസ വായ്പ കൊടുക്കാൻ തുടക്കത്തിൽ പല ബാങ്കുകളും വൈമനസ്യം കാണിച്ചു. എന്നാൽ വിവിധ ഇടപെടലുകൾമൂലം വിദ്യാഭ്യാസ വായ്പ കൊടുക്കാൻ ബാങ്കുകൾ മുന്നോട്ടുവരികയുണ്ടായി. വിദ്യാഭ്യാസ വായ്പയ്ക്ക് കൂടുതൽ പലിശ ഈടാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ പലിശയിളവ് കൊടുത്തുകൊണ്ടുള്ള ഒരു പ്രഖ്യാപനം സംസ്ഥാന സർക്കാർ നടത്തുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിലും അതിനെ സംബന്ധിച്ച് പ്രഖ്യാപനമുണ്ടായി, അതിലേയ്ക്കുള്ള തുക മാറ്റിവയ്ക്കുകയും ചെയ്തു. 2009 മാർച്ച് 31-നുമുമ്പ് വായ്പയെടുത്തിട്ടുള്ള 3 ലക്ഷം രൂപവരെ വരുമാനമുള്ള പാവപ്പെട്ടവർക്കാണ് ഈ ആനുകൂല്യം പ്രഖ്യാപിച്ചത്. പിന്നീട് കേന്ദ്ര ഗവൺമെന്റ് 4.5 ലക്ഷം രൂപയായി വരുമാനപരിധി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ഇതിൽനിന്ന് പിന്മാറുകയും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾക്കുവേണ്ടി വിദ്യാർത്ഥികളും രക്ഷിതാക്കളും മുന്നോട്ടുപോകുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് ഇതിനാവശ്യമായ തുക നീക്കിവയ്ക്കാൻ തയ്യാറാണെങ്കിലും പല ബാങ്കുകളും വലിയ നിബന്ധനകൾ ഏർപ്പെടുത്തി കർക്കശമായ നിലപാടുകൾ സ്വീകരിക്കുകയാണ്. വിദ്യാർത്ഥികൾക്കും അവരുടെ കുടുംബങ്ങൾക്കുമെതിരെ ജപ്തി നടപടികളും കോടതി കേസുകളുമായി പല ബാങ്കുകളും മുന്നോട്ടു പോകുകയാണ്. പല കാരണങ്ങൾ പറഞ്ഞ് ബാങ്കുകൾ ഈ അനുകൂല്യങ്ങൾ നിഷേധിക്കുകയാണ്.

വ്യത്യസ്തമായ മാനദണ്ഡങ്ങൾ ബാങ്കുകൾ അടിച്ചേൽപ്പിക്കുകയാണ്. ഈ മാനദണ്ഡങ്ങളൊന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകളോ റിസർവ് ബാങ്കോ പറഞ്ഞിട്ടുള്ളതല്ല. ഓരോ ബാങ്കുകളും അവരുടെ ഇഷ്ടംപോലെ മാനദണ്ഡങ്ങൾ വച്ച് വായ്പാ പലിശയിളവ് കൊടുക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതൊരു ഗുരുതരമായ അവസ്ഥയാണ്. സംസ്ഥാന ഗവൺമെന്റോ കേന്ദ്ര ഗവൺമെന്റോ പ്രഖ്യാപിച്ച ആനുകൂല്യം ബാങ്കുകളുടെ നടപടിമൂലം കുട്ടികൾക്കോ രക്ഷിതാക്കൾക്കോ ലഭിക്കാത്ത അവസ്ഥയാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. വളരെ വേഗത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2009 വരെയുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശയിളവ് കേന്ദ്ര ഗവൺമെന്റ് നേരത്തെ പ്രഖ്യാപിക്കുകയുണ്ടായി. അതിനുശേഷം 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിലെ പലിശയിളവ് സംസ്ഥാന ഗവൺമെന്റ് വഹിക്കാൻ തീരുമാനിക്കുന്നതായുള്ള പ്രഖ്യാപനം 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2004 മുതൽ 2009 വരെ സംസ്ഥാന ഗവൺമെന്റും 2009-നുശേഷം കേന്ദ്ര ഗവൺമെന്റുമാണ് പലിശയിളവിന്റെ സാമ്പത്തികബാദ്ധ്യത വഹിക്കേണ്ടത്. ഇപ്പോൾ ആദ്യം മുതലുള്ള വിദ്യാഭ്യാസ വായ്പയ്ക്കു മുഴുവൻ, അതായത് 4.5 ലക്ഷം രൂപവരെയുള്ള എല്ലാ വായ്പകളുടെയും പലിശയിളവിന്റെ ആനുകൂല്യം കേന്ദ്രം കൊടുക്കാമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ കേരളത്തിന് ഇനി ബാദ്ധ്യതയില്ല. പക്ഷെ വായ്പ നൽകാനുള്ള ചില മാനദണ്ഡങ്ങൾ നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഒന്ന്, ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവർക്കു മാത്രമേ പലിശയിളവിന് അർഹതയുണ്ടാവുകയുള്ളൂ. രണ്ട്, ഷെഡ്യൂൾഡ്, കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിനുള്ള വായ്പെയടു ത്തവർക്കാണ് പലിശയിളവിന് അർഹതയുള്ളത്. മൂന്ന്, പ്രവേശനത്തീയതി മുതൽ കോഴ്സ് പൂർത്തിയായി ഒരുകൊല്ലംവരെ ഈ ആനുകൂല്യം ലഭിക്കും. അതിനുശേഷം ആനുകൂല്യം ലഭിക്കുകയില്ല. ഈ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള തീയതി 15-7-2014 ആയിരുന്നു. ലഭിച്ച അപേക്ഷകൾ പ്രോസസ് ചെയ്തു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ധാരാളം പരാതികൾ ഗവൺമെന്റിന് ലഭിക്കുന്നുണ്ട്. കാരണം ബാങ്കുകളുടെ ഭാഗത്തുനിന്ന്

ഈ വായ്പ കൊടുക്കുന്നതിന് വിമുഖതയുള്ളതായും എന്തെങ്കിലും കാരണംപറഞ്ഞ് ബോധപൂർവ്വം ഒഴിഞ്ഞു മാറുന്നതായുമുള്ള പരാതിയുണ്ടായിട്ടുണ്ട്. ആ കാര്യം പലവട്ടം സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ യോഗത്തിൽ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഉന്നയിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെയും ആർ.ബി.ഐ.-യുടെയും നിർദ്ദേശമനുസരിച്ചുള്ള വായ്പ ലഭിക്കണമെന്ന നിർബന്ധബുദ്ധി ഗവൺമെന്റിനുണ്ട്. ഏതായാലും അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഈ വായ്പയുടെ പലിശയാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്നത്. ക്യാപ്പിറ്റൽ എമൗണ്ട് വിദ്യാർത്ഥി വഹിക്കണം. അടയ്ക്കുവാൻ സാവകാശം ലഭിക്കുമായിരിക്കും. ഏതായാലും ഇതുമായി ബന്ധപ്പെട്ട് ആർ.ആർ. നടപടികളുണ്ടായാൽ നിറുത്തി വയ്ക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാം. ഇത് സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

മി. ചെയർമാൻ: അടുത്ത സബ്മിഷൻ അവതരിപ്പിക്കേണ്ടത് ശ്രീ. സണ്ണി ജോസഫാണ്. ഇതേ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കെ. നാരായണനും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. കെ. നാരായണൻ: സർ, ഈ സബ്മിഷന് ഞാൻ നേരത്തെ നോട്ടീസ് നൽകിയതാണ്. എന്റെ പേര് ലിസ്റ്റ് ചെയ്യാതെ ശ്രീ. സണ്ണി ജോസഫിന്റെ പേരാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്.

മി. ചെയർമാൻ: ചെയറിന് ലഭിച്ച ലിസ്റ്റ് വച്ചാണ് അനുവദിച്ചത്. സഭാ ചട്ടങ്ങൾ അനുസരിച്ചാണ് സബ്മിഷൻ അനുവദിക്കുന്നത്. ...... (ബഹളം)....... ഈ മണ്ഡലവുമായി ബന്ധപ്പെട്ട എം.എൽ.എ.-മാർക്കാണ് പ്രയോറിറ്റി. ഇത് ശ്രീ. സണ്ണി ജോസഫിന്റെ മണ്ഡലവുമായി ബന്ധപ്പെട്ടതായതുകൊണ്ടാണ് അദ്ദേഹത്തിന് അനുവദിച്ചത്. ഇത് സംബന്ധിച്ച് റൂളിംഗ് നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം കെ. കെ. നാരായണൻ നോട്ടീസ് നൽകിയിട്ടുണ്ട്. അതുകൂടി ഇവിടെ രേഖപ്പെടുത്തുന്നു. സബ്മിഷൻ അവതരിപ്പിക്കുന്നതിനായി ശ്രീ. സണ്ണി ജോസഫിനെ ക്ഷണിക്കുന്നു.

## (19) ശമ്പള പരിഷ്കരണം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. കെ. നാരായണനും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. സണ്ണി ജോസഫ് : സർ, എന്റെ മണ്ഡലമായ പേരാവൂർ നിയോജക

മണ്ഡലത്തിലെ ആറളം പഞ്ചായത്തിലാണ് ആറളം ഫാം സ്ഥിതി ചെയ്യുന്നത്. ആറളം ഫാം കേന്ദ്ര ഫാമിംഗ് കോർപ്പറേഷനിൽനിന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്തുവെങ്കിലും അവിടത്തെ തൊഴിലാളികൾക്കും ജീവനക്കാർക്കും കേന്ദ്ര-സംസ്ഥാന ഫാമുകളുടെ ശമ്പള പരിഷ്കരണമൊന്നും ലഭ്യമല്ല. ദീർഘനാളായി ന്യായയുക്തമായ ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികളും ജീവനക്കാരും രാഷ്ട്രീയവ്യത്യാസമില്ലാതെ എല്ലാ സംഘടനകളും യോജിച്ചുകൊണ്ട് പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയാണ്. 225 തൊഴിലാളികൾ ജൂലൈ 1 മുതൽ അനിശ്ചിതകാല സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഫാമിലെ നടീൽവസ്തുക്കൾ പുറമേ കൊണ്ടുപോയി കച്ചവടം നടത്തേണ്ടതും അതുപോലെ കൃഷി ചെയ്യേണ്ടതും മഴക്കാലത്താണ്. സമരംമൂലം നടീൽവസ്തുക്കൾ കൊണ്ടു പോകുന്നതുൾപ്പെടെയുള്ള ഫാമിന്റെ പ്രവർത്തനങ്ങൾ സാരമായി തടസ്സ പ്പെട്ടിരിക്കുകയാണ്. തൊഴിലാളികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ ന്യായയുക്തം തന്നെയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ നവംബർ മാസത്തിൽ യോഗം വിളിച്ചുചേർക്കുകയും തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട പട്ടികവർഗ്ഗ വകുപ്പുമന്ത്രിയും നിയോജക മണ്ഡലം എം.എൽ.എ. എന്ന നിലയിൽ ഞാനും അവിടത്തെ തൊഴിലാളി പ്രതിനിധികളും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള എല്ലാവരും ഉണ്ടായിരുന്നു. സാമ്പത്തിക തടസ്സങ്ങൾ പറഞ്ഞുകൊണ്ട് ആ യോഗത്തിലെടുത്ത തീരുമാനങ്ങൾ പലതും നടപ്പിലാക്കുന്നില്ല. സംസ്ഥാന സർക്കാർ ഫാമിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളോ കേന്ദ്ര ഗവൺമെന്റ് ഫാമിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളോ ലഭിക്കാത്ത സാഹചര്യത്തിൽ അവിടെ സമരം നടക്കുകയാണ്. ആ സമരം അവസാനിപ്പിക്കാനും പട്ടികവർഗ്ഗത്തിൽപ്പെട്ട കാഷ്വൽ ലേബേഴ്സ് ഉൾപ്പെടെയുള്ള തൊഴിലാളികൾക്കും ജീവനക്കാർക്കും അർഹമായ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം എത്രയും വേഗം നൽകാനും ഗവൺമെന്റ് തലത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഇത് ഒരു കീഴ്വഴക്കമായി എടുക്കരുത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ശ്രീ. കെ. കെ. നാരായണന് ഒരു മിനിറ്റ് സംസാരിക്കാം.

<u>ശ്രീ. കെ. കെ. നാരായണൻ</u>: സർ, 2013 നവംബർ മാസം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒത്തുതീർപ്പുണ്ടായതാണ്. ആ ഒത്തുതീർപ്പ് ഉത്തരവായി വന്നിരുന്നുവെങ്കിൽ അവരുടെ ശമ്പളവർദ്ധനവ് നടക്കുമായിരുന്നു. അത് ധനകാര്യ

വകുപ്പ് തടഞ്ഞുവച്ചിരിക്കുകയാണ്. അതുകൊണ്ട് അക്കാര്യത്തിൽ ധനകാര്യ വകുപ്പ് അനുമതി കൊടുക്കണം, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) : സർ, ആറളം ഫാമിലെ തൊഴിലാളികളുടെ വേതന പരിഷ്ക്കരണം, കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-11-2013-ൽ ചേർന്ന യോഗത്തിൽ ചില തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. ഇതിനകം 240 പ്രവൃത്തിദിവസം പൂർത്തീകരിച്ച ആദിവാസി വിഭാഗത്തിൽപ്പെട്ട 73 കാഷ്വൽ തൊഴിലാളികളെ ഫാമിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്താനും വേതന പരിഷ്ക്കരണത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് എത്രയുംവേഗം തീരുമാനം കൈക്കൊള്ളാനും ധാരണയായിരുന്നു. കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ആറളം ഫാമിലെ തൊഴിലാളികൾക്ക് വേതന പരിഷ്ക്കരണം നടപ്പിലാക്കുന്നതുവരെ നിലവിലുള്ള ശമ്പളത്തിന്റെ 20 ശതമാനം ഇടക്കാല ആശ്വാസമായി നൽകുന്നതാണ്.

### (20) ഗിരിവർഗ്ഗ കോളനിയിലേക്ക് വൈദ്യുതിലൈൻ സ്ഥാപിക്കൽ

ശ്രീ. സാജുപോൾ : സർ, എന്റെ നിയോജക മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്ത് കണ്ണംപറമ്പ് വാർഡിലുൾപ്പെട്ട പോങ്ങൻചുവട് ഗിരിവർഗ്ഗ കോളനി നിവാസികളായ 106 കുടുംബങ്ങൾ വലിയ ദുരിതത്തിലാണ്. ഇടമലയാറിൽനിന്ന് പത്ത് കിലോമീറ്റർ ദൂരമുള്ള കോളനിയിലേക്ക് എത്തിച്ചേരുന്നത് വലിയ ദുഷ്ക്കരമാണ്. റോഡിലുണ്ടായിരുന്ന അഞ്ച് കലുങ്കുകൾ തകർന്നുകിടക്കുകയാണ്. ഇതുവരെ വൈദ്യുതിയും ലഭിച്ചിട്ടില്ല. ഈ അവസ്ഥയിൽ പ്രതിഷേധിച്ച് ബഹുഭൂരിപക്ഷം കോൺഗ്രസ് അനുഭാവികളായ കോളനി നിവാസികളും ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ട് ബഹിഷ്ക്കരിച്ചു. ഇന്ത്യയിൽത്തന്നെ പൂർണ്ണമായും തെരഞ്ഞെടുപ്പ് ബഹിഷ്ക്കരിച്ച ഏക ഗിരിവർഗ്ഗ കോളനി പോങ്ങൻചുവടാണ്. വനമേഖലയിലെ പാവപ്പെട്ട ആദിവാസി സമൂഹത്തെ അവഗണിക്കുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാനും മറ്റ് ജനപ്രതിനിധികൾ, കളക്ടർ, എസ്.പി., ഡി.എം.ഒ., വിവിധ വകുപ്പ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയ നൂറോളം പേർ ചേർന്ന് ഈ കോളനി സന്ദർശിച്ചു. തൊട്ടുചേർന്ന് കിടക്കുന്ന കുട്ടമ്പുഴ പഞ്ചായത്തിലെ താളുകണ്ടം കോളനി കോതമംഗലം നിയോജക

മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. ശ്രീ. റ്റി. യു. കുരുവിളയും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. ഇവിടത്തെ പ്രശ്നങ്ങളുടെ മുഖ്യ കാരണക്കാർ ട്രൈബൽ ഡിപ്പാർട്ടുമെന്റുകാരാണ്. ഇവിടെയുള്ള രണ്ട് എം.എൽ.എ.മാരും ഉന്നത ഉദ്യോഗസ്ഥരും കോളനി സന്ദർശിച്ച് ഇടമലയാർ ഐ.ബി.യിൽ യോഗം ചേർന്നപ്പോൾ ട്രൈബൽ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ മാത്രമാണ് അവിടെ ഹാജരാകാതിരുന്നത്. സന്ദർശന വിവരം അറിഞ്ഞിട്ടും കോളനിയിൽ പോകാനുള്ള സംവിധാനങ്ങളോ സൗകര്യങ്ങളോ അവർ ഒരുക്കിയില്ല. ഇക്കാര്യം ഡയറക്ടറെ വിളിച്ചുപറഞ്ഞിട്ടും യാതൊരു പ്രതികരണവും ഉണ്ടായില്ല. ബഹുമാനപ്പെട്ട മന്ത്രിയോടും പറഞ്ഞിരുന്നു. ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ നമുക്ക് അംഗീകരിക്കാം. പക്ഷേ, നോമ്പ് കാലമായിട്ടും മുസ്ലീം വനിതകളുൾപ്പെടെ ഉള്ളവർ ഞങ്ങളോടൊപ്പം സജീവമായി ഉണ്ടായിരുന്നിട്ടും ട്രൈബൽ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രം മാറിനിന്നത് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. ട്രൈബൽ ഡിപ്പാർട്ടുമെന്റിലെ കൊടും ക്രിമിനലുകൾ അക്ഷരാർത്ഥത്തിൽ കണ്ടൻപൂച്ചകളാണ്. അവരെ പുകച്ച് പുറത്തുചാടിക്കണമെന്നാണ് ഞാൻ പറയുന്നത്. അവിടെ രണ്ട് കലുങ്കുകൾക്ക് ജില്ലാ പഞ്ചായത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ട്. റോഡിന് ബഹുമാനപ്പെട്ട എം.പി.-യുടെ ഫണ്ടിൽനിന്ന് കുറെ തുക ലഭിക്കുകയും ചെയ്തു. ഒരു കലുങ്കിന് നിയോജകമണ്ഡല ആസ്തി വികസന സ്കീമിൽനിന്ന് ആവശ്യമായ തുക അനുവദിക്കാമെന്ന് ഞാൻ പറഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് പോങ്ങൻചുവട്, താളുകണ്ടം കോളനികളിലേക്ക് വൈദ്യുതി എത്തിക്കാൻ ഫണ്ട് അനുവദിക്കാനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നും അതോടൊപ്പം സ്ഥലം സന്ദർശിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) : വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങൻചുവട് ഗിരിവർഗ്ഗ കോളനിയിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അടിയന്തരമായി തയ്യാറാക്കി നൽകുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോളനിയിൽ 1.90 കോടി രൂപ ചെലവിൽ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് മുൻ എം.പി. ശ്രീ. കെ. പി. ധനപാലൻ അവർകളുടെ ഫണ്ടിൽനിന്ന് 80 ലക്ഷം രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. കൂടാതെ കോളനിയിലെ തകർന്ന

കിടക്കുന്ന രണ്ട് കലുങ്കുകളുടെ നിർമ്മാണം എറണാകുളം ജില്ലാ പഞ്ചായത്തിന്റെയും സ്ഥലം എം.എൽ.എ.-യുടെയും ഫണ്ടിൽ നിന്ന് നിർവ്വഹിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തീർച്ചയായും ഇക്കാര്യങ്ങൾ പ്രത്യേകം പരിശോധിക്കുന്നതും എത്രയും പെട്ടെന്ന് പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതുമാണ്.

## (21) റോഡുകളുടെ തകർച്ച

ശ്രീ. എം. എ. വാഹീദ് : സർ, തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി വളരെ ദുരിതം വിതച്ചുകൊണ്ടിരിക്കുകയാണ്. പലയിടത്തും പൈപ്പ് പൊട്ടി ബി.എം. & ബി.സി. റോഡുകൾവരെ തകർന്നുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു കിലോമീറ്ററിനുള്ളിൽ 50-60 സ്ഥലത്ത് പൈപ്പുകൾ പൊട്ടി റോഡുകൾ നാശമായിക്കൊണ്ടിരിക്കുന്നതുകാരണം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വാൽവ് അടച്ചിടുകയും ജലവിതരണം തടസ്സപ്പെട്ടിരിക്കുകയുമാണ്. ഈ പദ്ധതികൊണ്ട് വെള്ളവും കിട്ടുന്നില്ല റോഡും തകരുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഞാൻ അന്വേഷിച്ചിടത്തോളം ഇത് അറ്റകുറ്റപ്പണി ചെയ്യാനുള്ള സംവിധാനം ഇവിടെയില്ല. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കോൺട്രാക്ടർമാർ അവരുടെ വർക്ക് പൂർത്തിയാക്കി പോയിക്കഴിഞ്ഞതിനാൽ മെയിന്റനൻസ് ചെയ്യാൻ ആളില്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് മെയിന്റനൻസ് നടത്തി ജനങ്ങൾക്ക് വെള്ളം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും റോഡ് പുനഃസ്ഥാപിക്കുകയും ചെയ്യണമെന്നാണ് എന്റെ സബ്മിഷൻ.

മി. ചെയർമാൻ: ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. തൊട്ടടുത്ത എന്റെ നിയോജക മണ്ഡലത്തിൽ ഇതിനേക്കാൾ ഭീകരമാണ് റോഡുകളുടെ സ്ഥിതി.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, തിരുവനന്തപുരം നഗരത്തിൽ ജപ്പാൻ ധനസഹായത്തോടുകൂടി നടപ്പാക്കിവരുന്ന ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. അരുവിക്കരയിൽ സ്ഥാപിച്ച 74 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല 2011 മുതൽ പൂർണ്ണശേഷിയിൽ പ്രവർത്തിച്ചുവരികയാണ്. ഇതുകൂടാതെ വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, പൗഡിക്കോണം, മൺവിള, പോങ്ങുംമൂട് തുടങ്ങിയ സോണുകളിൽ ജലവിതരണ ടാങ്കുകൾ കമ്മീഷൻ ചെയ്ത് ജൈക്ക-ജൻറം പൈപ്പുകളിലെ ജലവിതരണം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം ആരംഭിച്ച ചില സ്ഥലങ്ങളിൽ പി.വി.സി. പൈപ്പ് ലൈനുകളിൽ ജോയിന്റിൽ ലീക്കുകൾ

വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജപ്പാൻ-ജൻറം കുടിവെള്ള പദ്ധതിയുടെ കരാറുകൾ പ്രകാരം ഇത്തരത്തിലുള്ള ചോർച്ചകൾ പരിഹരിക്കേണ്ടത് കരാറുകാരുടെ ചുമതലയാണ്. പൈപ്പ് ലൈൻ കമ്മീഷൻ ചെയ്ത് നിശ്ചിത കാലയളവുവരെ കരാറുകാരാണ് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടത്. ചോർച്ചമൂലം റോഡിനുണ്ടായ തകരാറുകൾ ശരിയാക്കുന്നതിനുള്ള തുക കരാറുകാരിൽനിന്ന് ഈടാക്കി ബന്ധപ്പെട്ട ഏജൻസിക്ക് നൽകുന്നതാണ്. ജൈക്ക - ജൻറം പദ്ധതിയുടെ കരാറുകാർ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നില്ലെങ്കിൽ ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഓഫീസിൽ നിന്ന് പണികൾ നടത്തി ജലവിതരണം സുഗമമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവമായി എടുത്ത് നടപടി സ്വീകരിക്കുന്നതാണ്.

## (22) ചിത്താരികടപ്പുറത്തെ കടലാക്രമണം

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അജാനൂർ പഞ്ചായത്തിൽ ചിത്താരികടപ്പുറത്ത് രൂക്ഷമായ കടലാക്രമണംമൂലം നിരവധി വീടുകൾ കടലെടുക്കുന്ന അവസ്ഥയിലാണ്. ഇപ്പോൾത്തന്നെ ഒരു വീട് പൂർണ്ണമായും കടലിൽ ഉൾപ്പെടുകയും 18 എണ്ണം തകർച്ചയുടെ വക്കിലുമാണ്. നൂറിലധികം തെങ്ങുകൾ കടപുഴകി വീഴുകയും 500 മീറ്ററോളം നീളത്തിൽ കര കടലെടുക്കുകയും ചെയ്തുകഴിഞ്ഞു. ഒരുഭാഗം കടലും മറുഭാഗത്ത് പുഴയുമായി നിൽക്കുന്ന ദ്വീപ് പോലുള്ള പ്രദേശത്താണ് ഇവിടത്തെ ആളുകൾ അധിവസിച്ചുവരുന്നത്. 640 ഓളം കുടുംബങ്ങൾ ഇവിടെ താമസിച്ചുവരികയാണ്. 500 മീറ്ററോളം ഇപ്പോൾ കടൽ കയറിക്കഴിഞ്ഞു ഇനി അവശേഷിക്കുന്ന ഏതാണ്ട് നൂറിലധികം മീറ്റർ മാത്രം വരുന്ന പ്രദേശമാണ് ഇവിടെ നിലനിൽക്കുന്നത്. തീരദേശത്ത് ശക്തമായ രീതിയിൽ കടൽഭിത്തി കെട്ടാൻ ഇനിയും താമസിച്ചാൽ അടുത്ത കാലവർഷം ആകുമ്പോഴേക്കു ദ്വീപ് പൂർണ്ണമായും ഇല്ലാത്ത അവസ്ഥയിൽ ചെന്നെത്തും. അത്രയേറെ ഗൗരവതരമായ വിഷയമാണ് അവിടെ നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ, വീട് പൂർണ്ണമായി നശിച്ചവർക്കും ഭാഗികമായി വീടുകൾ തകർന്നവർക്കും അതുപോലെ കടപുഴകി വീണ നൂറിലധികം തെങ്ങുകളുടെ ഉടമസ്ഥർക്കും നഷ്ടപരിഹാരം നൽകാനും, കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് ഈ ദ്വീപ് നിവാസികളെ രക്ഷിക്കുന്നതിനുമുള്ള ചുമതല സർക്കാർ ഏറ്റെടുക്കണമെന്നാണ് എൻെറ സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരികടപ്പുറത്ത് രൂക്ഷമായ കടലാക്രമണം

അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഏതാനും വീടുകൾ തകർച്ചയുടെ ഭീഷണിയിലാണ്. കൂടാതെ നിരവധി തെങ്ങുകൾ കടപുഴകി വീഴുന്ന അവസ്ഥയിലുമാണ്. ശക്തമായ കടലാക്രമണംമൂലം ഈഭാഗത്ത് കരയിടിച്ചിൽ രൂക്ഷമാണ്. കിഴക്കുഭാഗം ചിത്താരിപുഴയും തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ കടലുമായി സ്ഥിതിചെയ്യുന്ന ദ്വീപ് പ്രദേശമായതിനാൽ ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണി നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടര കിലോമീറ്റർ നീളമുള്ള ചിത്താരി കടപ്പുറത്തെ കടലാക്രമണം തടയുന്നതിനായി മേൽപ്പറഞ്ഞ ഭാഗങ്ങൾ ഉൾപ്പെടെ അത്യാവശ്യമായി ഒരു കിലോമീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി 595 ലക്ഷംരൂപയുടെ ഡി.പി.ആർ. ആർ.ഐ.ഡി.എഫ്. 20-ൽ ഉൾപ്പെടുത്താൻ നബാർഡ് തയ്യാറാക്കിയിട്ടുണ്ട്. നബാർഡിൽ നിന്ന് ധനസഹായം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ എത്രയുംവേഗം ഏറ്റെടുക്കുന്നതാണ്.

## (23) മുനയം റഗുലേറ്റർ നിർമ്മാണം

<u>ശ്രീമതി ഗീതാ ഗോപി :</u> സർ, എന്റെ നിയോജക മണ്ഡലത്തിലെ കരിവന്നൂർ പുഴയ്ക്ക് കുറുകെയുള്ള മുനയം റഗുലേറ്റർ നിർമ്മിക്കുന്നതിന് 1-10-2013-ലെ ജി.ഒ. (ആർടി.) നമ്പർ 1066/11 ഡബ്ല്യൂ.ആർ.ഡി. ഉത്തരവ് പ്രകാരം 21.75 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. ഇതുസംബന്ധിച്ച് ഉത്തരവ് ഇറങ്ങി 9 മാസമായെങ്കിലും റഗുലേറ്റർ നിർമ്മിക്കുന്നതിന് ഇതുവരെ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. റഗുലേറ്ററിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ഭൂമി സർവ്വേ നടത്തി ആവശ്യമായിവരുന്ന സ്ഥലത്തിന്റെ വിലകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നാണ് ഔദ്യോഗിക വിശദീകരണം. ഞാൻ പലതവണ കത്ത് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗതീരുമാനം അനുസരിച്ചുള്ള നടപടികൾ എവിടംവരെ എത്തിയെന്നും വ്യക്തമല്ല. 2-11-2009-ൽ 6.50 കോടിരൂപ അനുവദിച്ച് തുടക്കം കുറിച്ച പദ്ധതിയുടെ നിർമ്മാണത്തിന് പലതരം സാങ്കേതിക തടസ്സങ്ങൾകാരണം ഇനിയും കാലതാമസം നേരിടുന്ന അവസ്ഥയാണ്. ലക്ഷക്കണക്കിന് ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന കരിവന്നൂർ പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ വർഷംതോറും ഖജനാവിൽ നിന്ന് വൻതുക മുടക്കി യുദ്ധകാലാടിസ്ഥാനത്തിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതുവഴി കോടികൾ പാഴാക്കുകയാണ്. ഇത് തടയുന്നതിനു വേണ്ടിയാണ് മുനയത്ത് ഇങ്ങനെയൊരു റഗുലേറ്റർ സ്ഥിരം തടയണയായി നിർമ്മിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ

ഭരണാനുമതി ലഭിച്ചുകഴിഞ്ഞ റഗുലേറ്ററിന്റെ നിർമ്മാണം സാങ്കേതികപ്രശ്നങ്ങളിൽപ്പെട്ട് വീണ്ടും തടസ്സപ്പെടുത്തുന്ന അവസ്ഥ തികച്ചും ദുരൂഹമാണ്. ഈ സാഹചര്യത്തിൽ 1-10-2013-ന് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയ നിർദ്ദിഷ്ട എസ്റ്റിമേറ്റും പ്ലാനും അനുസരിച്ചുതന്നെ മുനയം റെഗുലേറ്റർ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് വളരെ വിനയത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നാട്ടിക നിയോജക മണ്ഡലത്തിലെ കരുവന്നൂർ പുഴയ്ക്ക് കുറുകെയുള്ള മുനയം റഗുലേറ്റർ-കം- ബ്രിഡ്ജ് നിർമ്മാണത്തിനായി 1-10-2013-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 21.75 കോടിരൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥിരം ബണ്ടുനിർമ്മാ ണത്തിന് അപ്രോച്ച് റോഡ് വേണമെന്ന വ്യവസ്ഥയില്ല. എന്നിരുന്നാലും പൊതുജനങ്ങളുടെ ആവശ്യത്തിനായി അപ്രോച്ച് റോഡിനും അതിനാവശ്യമായ ഭൂമി അക്വയർ ചെയ്യുന്നതിനുമുള്ള തുക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ വ്യക്തമാക്കിയിരുന്നു. പ്രാഥമിക സർവ്വേപ്രകാരം അപ്രോച്ച് റോഡിനായി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ ഭൂമിയുടെ വിലകൂടി ഉൾപ്പെടുത്തിയിരുന്നു. ഈ എസ്റ്റിമേറ്റ് സി.പി.ഡബ്ല്യൂ.ഡി. നിരക്കിൽ പുതുക്കി തയ്യാറാക്കിവരുന്നു. മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജിന് സാങ്കേതികാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് ശ്രീമതി ഗീതാ ഗോപിയുടെ സാന്നിദ്ധ്യത്തിൽ 18-2-2014-ന് ജലവിഭവ അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ അപ്രോച്ച് റോഡിന് വേണ്ടിവരുന്ന സ്ഥലം ലിത്തോ മാപ്പുപയോഗിച്ച് കണ്ടുപിടിച്ച് അക്വയർ ചെയ്യേണ്ട സ്ഥലത്തിന്റെ അവകാശികളുടെ സമ്മതപത്രം വാങ്ങിയശേഷം ലാന്റ്മാർക്ക് രജിസ്ട്രേഷൻ ഓഫ് അപ്രോപ്രിയേറ്റ് ഡിസൈൻ തയ്യാറാക്കാൻ തീരുമാനിക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പുരോഗമിച്ചുവരുന്നുണ്ട്. ആയത് പൂർത്തീകരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ ഡിസൈനും സാങ്കേതികാനുമതി നൽകുന്നതാണ്.

## (24) ബി.പി.എൽ. റേഷൻ കാർഡാക്കി മാറ്റൽ

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ സംസ്ഥാനത്തെ എ.പി.എൽ.

കാർഡിൽപ്പെട്ടിട്ടുള്ളതിൽ വളരെ പാവപ്പെട്ടവരായ ആളുകൾക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനുവേണ്ടി 27-4-2012-ൽ സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. ആശ്രയ പദ്ധതിയിൽ അംഗമായിട്ടുള്ള ആളുകൾ, മാനസിക രോഗികൾ, ശാരീരിക വൈകല്യമുള്ള ആളുകൾ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണപ്പെട്ട സ്ത്രീകൾ, എയ്ഡ്സ് രോഗികൾ, ക്യാൻസർ രോഗികൾ, ഡയാലിസിസിന് വിധേയരായി കൊണ്ടിരിക്കുന്ന ആളുകൾ, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും നിരാലംബരുമായ ആളുകൾ, ശരീരം തളർന്ന് ശയ്യാവലംബരായി ദുരിതമനുഭവിക്കുന്നവർ, ഇങ്ങനെയുള്ള ആളുകൾ എ.പി.എൽ. കാർഡിലുണ്ടെങ്കിൽ അവരെ ബി.പി.എൽ. ആക്കാൻവേണ്ടിയാണ് ഈ ഉത്തരവ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ പതിനായിരക്കണക്കിന് അപേക്ഷകൾ കേരളത്തിലെ എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും താലൂക്ക് സപ്ലൈ ആഫീസുകളിലും ബ്ലോക്ക് പഞ്ചായത്ത് ആഫീസുകളിലും കെട്ടിക്കിടക്കുകയാണ്. ബ്ലോക്ക് ആഫീസിലേക്ക് ഈ അപേക്ഷയുമായി ചെന്നാൽ അവർ പറയുന്നത് കളക്ടറേറ്റിൽ കൊടുക്കണമെന്നാണ്. കളക്ടറേറ്റിൽ ചെന്നാൽ സപ്ലൈ ആഫീസിൽ കൊടുക്കാൻ പറയുകയാണ്. ഇങ്ങനെ പല ആഫീസുകളിലുമായി പതിനായിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. എന്നുമാത്രമല്ല അപേക്ഷ കൊടുത്തവർക്ക് റെസീപ്റ്റും കൊടുക്കുന്നില്ല. പിന്നീട് അന്വേഷിച്ച് ചെല്ലുമ്പോൾ അവിടെ അപേക്ഷപോലുമില്ലാത്ത സ്ഥിതിവിശേഷമാണ്. 2009-ലെ സർവ്വേപ്രകാരം ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയവരുടെ അപേക്ഷകൾ വേറെയും കെട്ടിക്കിടക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി കൊടുക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കൊടുത്ത നിരവധി അപേക്ഷകളുമുണ്ട്. ഒരു ഉദാഹരണം പറയുകയാണെങ്കിൽ, ഡയാലിസിസിന് വിധേയരാകുന്നവർക്ക് പെൻഷൻ കൊടുക്കും. എന്നാൽ ബി.പി.എൽ. കാർഡുള്ളവർക്ക് മാത്രമേ പെൻഷൻ കൊടുക്കുകയുള്ളൂ. ഡയാലിസിസിന് വിധേയരാകുന്ന ആളുകൾ എ.പി.എൽ. ആണെങ്കിൽ ബി.പി.എൽ. ആക്കി കൊടുക്കണം. അങ്ങനെ ബി.പി.എൽ. ആക്കാൻ അപേക്ഷ കൊടുത്ത ആളുകൾ മരിച്ചുകഴിഞ്ഞിട്ടും ബി.പി.എൽ. ആക്കി കൊടുത്തിട്ടില്ല. ഒരു ഉത്തരവിറക്കിയാൽ അത് പാലിക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. ഈ ഉദ്യോഗസ്ഥർ ആളുകളെ പന്ത് തട്ടുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കൊണ്ടിരിക്കുകയാണ്. ഈ പാവപ്പെട്ട രോഗികളോടാണ് ഇങ്ങനെ ചെയ്യുന്നത്. നിശ്ചിത ശതമാനത്തിലധികം ബി.പി.എൽ. കാർഡുകളുണ്ടെങ്കിൽ പിന്നീട് പുതിയ അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് 2012-ലെ ഈ ഉത്തരവിനുശേഷം എല്ലാ ജില്ലാ കളക്ടർമാർക്കും ഒരു രഹസ്യ സർക്കുലർ

കൊടുത്തിരിക്കുകയാണ്. ജില്ലാ കളക്ടർമാർ പറയുന്നത് ജില്ലയ്ക്ക് അനുവദിച്ചിരിക്കുന്ന ബി.പി.എൽ. കാർഡുകളുടെ നിശ്ചിത ശതമാനം ആയിക്കഴിഞ്ഞു, ആയതിനാൽ ഇനി പുതിയ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ലെന്ന് സർക്കാർ അറിയിച്ചിട്ടുണ്ടെന്നാണ്. അതേസമയം 27-4-2012-ലെ ഉത്തരവ് പ്രകാരം നിരാലംബരായ, പാവപ്പെട്ട ആളുകൾക്ക് ബി.പി.എൽ. കാർഡിന് അർഹതയുണ്ട്. പക്ഷെ, അവരുടെ അപേക്ഷ പരിഗണിക്കുന്നില്ല. ഞാൻ തന്നെ നേരിട്ട് കൊടുത്തിട്ടുള്ള ഒരുവർഷംകഴിഞ്ഞ അപേക്ഷകളും അവിടെ കെട്ടിക്കിടക്കുകയാണ്. ഇത് മനുഷ്യത്വരഹിതമായ ഒരു കാര്യമാണ്. ഗവൺമെന്റ് എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകളെ ബി.പി.എൽ. ആക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവരെ ഇങ്ങനെ നടത്തിക്കാതെ സമയബന്ധിതമായി ബി.പി.എൽ. കാർഡ് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കളക്ടർമാർക്കും നിർദ്ദേശം കൊടുക്കണം. നിശ്ചിത ശതമാനം കഴിഞ്ഞായാൽപ്പോലും ഈ ഓർഡറിൽ പറഞ്ഞിട്ടുള്ള മാനദണ്ഡപ്രകാരം അർഹതപ്പെട്ട ആളുകൾക്ക് കൊടുക്കണമെന്ന് അങ്ങ് ഉത്തരവ് ഇറക്കണം. അല്ലാതെ ഏട്ടിലെ പശുവിനെപോലെ മേൽപ്പറഞ്ഞ ഉത്തരവുകൊണ്ട് ഒരു ഗുണവുമുണ്ടാകില്ല. അതുകൊണ്ട് ദയവായി അർഹതയുള്ള എ.പി.എൽ. കാർഡുടമകൾക്ക് ബി.പി.എൽ. കാർഡ് സമയബന്ധിതമായി നൽകുന്നതിന് ഉത്തരവ് നൽകണം. അത് നടപ്പാക്കാനായി ഒരു അദാലത്ത് നടത്താൻ തയ്യാറാകണം. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാനത്ത് 14,89,977 ബി.പി.എൽ. കാർഡുകളും 5,89,233 എ.എ.വൈ. കാർഡുകളുമാണുള്ളത്. 1996-ൽ അന്ന് നിലവിലുണ്ടായിരുന്ന കാർഡുകളുടെ 25 ശതമാനം ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിക്കുകയും അതിനായുള്ള റേഷൻ വിഹിതം അനുവദിക്കുകയും ചെയ്തു. എന്നാൽ സംസ്ഥാന സർക്കാർ പതിനേഴ് ശതമാനം കാർഡുടമകളെക്കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും അങ്ങനെ 42 ശതമാനം കാർഡുടമകളെ ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. 2009-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് കേന്ദ്ര നിർദ്ദേശങ്ങൾക്ക് അനുസൃതമായി ബി.പി.എൽ. പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഈ പട്ടികപ്രകാരം 32,29,823 കുടുംബങ്ങളാണ് ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രസ്തുത പട്ടികയെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉണ്ടായെങ്കിലും പരാതിയിൽ തീർപ്പ് കൽപ്പിച്ച് ടി പട്ടിക അംഗീകരിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 4-1-2011-ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ 27-4-2012-ൽ പുനർനിർണ്ണയിച്ചു.

അത് പ്രകാരം സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായനികുതിയൊടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനങ്ങൾ സ്വന്തമായുള്ളവർ എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽനിന്ന് ഒഴിവാക്കുകയും ആശ്രയ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണപ്പെട്ടവർ, എയ്ഡ്സ്, ക്യാൻസർ രോഗികൾ, ഡയാലിസിസിന് വിധേയരായവർ, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ എന്നിവരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവാകുകയും ചെയ്തു. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 80873 എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റി നൽകിയിട്ടുണ്ട്. നിലവിൽ 70125 അപേക്ഷകളാണ് ജില്ലാ കളക്ടേറ്റുകളിൽ തീർപ്പുകൽപ്പിക്കുവാനായിട്ടുള്ളത്. മാരകമായ രോഗം ബാധിച്ചവരുടെ അപേക്ഷകൾക്ക് മുന്തിയ പരിഗണന നൽകി തീർപ്പുകൽപ്പിക്കുന്നുമുണ്ട്. അനർഹമായ ബി.പി.എൽ. കാർഡുകൾ കണ്ടെത്തുന്നതിനായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അർഹതയുള്ളവർക്കെല്ലാം ബി.പി.എൽ. കാർഡ് നൽകാൻ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. ഇന്ന് അനർഹരായിട്ടുള്ള ധാരാളം ആളുകൾ ബി.പി.എൽ. കാർഡ് കൈവശം വച്ചിട്ടുണ്ട്. അതൊരു സത്യാവസ്ഥയാണ്. പല കാരണങ്ങൾ കൊണ്ടാണ് ഇങ്ങനെയുണ്ടാകുന്നത്. ആ കാരണങ്ങളെക്കുറിച്ച് ഞാനിവിടെ പറയുന്നില്ല. പലപ്പോഴും മാറിമാറിവരുന്ന സർക്കാരുകൾ ഏതെങ്കിലുമൊരു വിഭാഗത്തെ മുഴുവനായി ഇതിൽ ഉൾപ്പെടുത്താനുള്ള തീരുമാനമെടുക്കും. അങ്ങനെ തീരുമാനമെടുക്കുന്ന അവസരത്തിൽ അനർഹരായിട്ടുള്ള നിരവധി ആളുകൾ ബി.പി.എൽ. ലിസ്റ്റിലേക്ക് കടന്നുവന്നിട്ടുണ്ട്. അങ്ങനെയുള്ളവരെ ഒഴിവാക്കിക്കൊണ്ടുവേണം ഇനി ബാക്കിയുള്ള ആളുകളെക്കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (25) നഷ്ടപരിഹാരം

ശ്രീ. റ്റി. യു. കുരുവിള : സർ, കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട വടാട്ടുപാറ പ്രദേശത്ത് കഴിഞ്ഞ ശനിയാഴ്ചയുണ്ടായ കനത്ത മഴയിലും കൊടുങ്കാറ്റിലും വീടുകളും കൃഷിയും നശിക്കുകയും ഒരു ദേവാലയത്തിനു മൊത്തമായും വലിയ കേടുപാടുകൾ സംഭവിച്ചിരിക്കുകയുമാണ്. ദേവാലയത്തിന്റെ

മേൽക്കൂര പൂർണ്ണമായും തകർന്നിരിക്കുകയാണ്. മരങ്ങൾവീണ് കെട്ടിടങ്ങൾ തകരുകയും വലിയ മരങ്ങൾ കെട്ടിടത്തിന്റെ മുകളിൽ തങ്ങിനിൽക്കുകയുമാണ്. മറിഞ്ഞു വീണതായ വലിയ മരങ്ങളിൽ പ്ലാവ്, മാവ്, തേക്ക് തുടങ്ങിയ മരങ്ങളുണ്ട്. പ്രസ്തുത മരങ്ങൾ അവിടെനിന്നും മുറിച്ച് കൊണ്ടുപോകുന്നതിന് അടിയന്തരമായി അനുമതി നൽകണം. കൂടാതെ റബ്ബർ, വാഴ, ജാതി, കോഴി ഫാം തുടങ്ങിയവ നശിച്ചു പോയിട്ടുണ്ട്. ഇക്കാര്യങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകണം. തുണ്ടം റെയ്ഞ്ചിൽ പട്ടയ ലാന്റിൽ മാത്രമാണ് മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിന് അനുവാദം കൊടുക്കാത്തത്. ആ പട്ടയ ലാന്റിലെ മരങ്ങൾ മുറിച്ചുകൊണ്ടുപോയാൽ മാത്രമേ ഈ മരങ്ങൾ മുറിച്ച് മാറ്റുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അതിനും അടിയന്തരമായി വനംവകുപ്പിൽനിന്നും നിർദ്ദേശം കൊടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. മറ്റെല്ലാ റെയ്ഞ്ചുകളിലുമുള്ള പട്ടയ ലാന്റിലും മരംമുറിക്കുന്നതിന് അനുവദിക്കുന്നുണ്ട്. തുണ്ടം റെയ്ഞ്ചിൽമാത്രം അനുവാദം കൊടുക്കുന്നില്ല. ഇതിന് അടിയന്തര പരിഹാരമുണ്ടാകണം. അതുപോലെ വാഴ തുടങ്ങിയ കൃഷികൾ നശിച്ചുപോയതിന് കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും കെട്ടിടങ്ങൾ നശിച്ചുപോയതിന് റവന്യൂ ഡിപ്പാർട്ടു മെന്റിൽനിന്നും അടിയന്തരമായി ധനസഹായം നൽകുന്നതിനുള്ള നടപടിയെടുക്കണം.

12.00 Noon]

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 12-7-2014-ൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ വില്ലേജിൽപ്പെട്ട വടാട്ടുപാറ ഭാഗത്തുള്ള 3 വീടുകൾ ഭാഗികമായും ഒരു വീടിന് വലിയ തോതിലും നാശനഷ്ടം സംഭവിക്കുകയും ഒരു കോഴിഫാം പൂർണ്ണമായും തകരുകയും വൻതോതിലുള്ള കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. വടാട്ടുപാറ ഭാഗത്ത് സെന്റ് മേരീസ് കത്തോലിക്കാ പള്ളിയുടെ മുകളിൽ സമീപമുള്ള മാവ് ചരിഞ്ഞുവീഴുകയും പള്ളിക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തെ കാർഷികവിളകൾക്ക് ഉദ്ദേശം 7,62,000 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ഈ സാമ്പത്തിക വർഷം 13 കോടി 13 ലക്ഷം രൂപ അനുവദിച്ചു കൊടുത്തിട്ടുണ്ട്. പ്രകൃതിക്ഷോഭം മുഖേനയുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് സംസ്ഥാനത്തെ ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അർഹമായ ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിച്ചു വരികയാണ്.

## (26) റോഡിന് സ്ഥലം ഏറ്റെടുക്കൽ

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, കൊടുവള്ളി മണ്ഡലത്തിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൗണിലൊന്നമാണ് നരിക്കുനി. പടനിലം നന്മണ്ട റോഡും, കുന്നൂര് കുമാരസ്വാമി റോഡും, കാപ്പാട് തുഷാരഗിരി സ്റ്റേറ്റ് ഹൈവേയും ഈ ടൗണിലൂടെയാണ് കടന്നുപോകുന്നത്. ബി.എം. ആന്റ്. ബി.സി. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയ ഈ റോഡിലൂടെ ധാരാളം വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. നരിക്കുനി ടൗൺ പലപ്പോഴും മണിക്കൂറുകളോളം ഗതാഗതക്കുരുക്കുമൂലം സ്തംഭിക്കാറുണ്ട്. വളരെ രൂക്ഷമായ ഗതാഗതപ്രശ്നം മനസ്സിലാക്കി ഇവിടെ റിംഗ് റോഡ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഊരാളുങ്കൽ സൊസൈറ്റി സ്ഥലം സന്ദർശിച്ച് സർവ്വേ നടത്തി മാർക്ക് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി എവിടെയും എത്തിയിട്ടില്ല. കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിയമം നിലവിൽ വരുന്നതിനുമുൻപ് തന്നെ ഏറ്റെടുക്കുന്ന ഭൂമിക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഇവിടെ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള നിയമം അനുസരിച്ച് സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്തിന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് റോഡിനുവേണ്ടി 1.853 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥാധികാരിയായ പൊതുമരാമത്ത് വകുപ്പ് 28-6-2013-ൽ അർത്ഥന നൽകിയിട്ടുണ്ട്. 7-9-2013-ൽ അർത്ഥാധികാരിയും റവന്യൂ ഉദ്യോഗസ്ഥരും സംയുക്ത സ്ഥല പരിശോധന നടത്തുകയും 30-1-2013-ൽ അലൈൻമെന്റ് സ്റ്റോൺ സ്ഥാപിക്കുന്നതിന് അർത്ഥാധികാരിക്ക് കത്ത് നൽകുകയും ചെയ്തു. 28-3-2014-ൽ അർത്ഥാധികാരി അലൈൻമെന്റ് സ്റ്റോൺ സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. 1-1-2014 മുതൽ പുതിയ ലാൻഡ് അക്വിസിഷൻ ആക്ട് നിലവിൽ വന്നതിനാൽ മേൽപ്പടി ആക്ടിലെ ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷം മാത്രമേ സ്ഥലമെടുപ്പു നടപടികൾ തുടങ്ങുവാൻ നിർവ്വാഹമുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇത് നേരത്തെതന്നെ ആരംഭിച്ചിരുന്ന ജോലികളാണെന്ന് ഇവിടെ പ്രത്യേകം എടുത്തു പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എത്രയുംവേഗം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമോയെന്നതിനെക്കുറിച്ച് തീർച്ചയായും പരിശോധിക്കുന്നതാണ്.

## (27) ഭൂനികുതി സ്വീകരിക്കൽ

ശ്രീ. സി. കൃഷ്ണൻ: സർ, പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആയിരത്തോളം കുടുംബങ്ങൾ നേരിടുന്ന ഭൂപ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആലപ്പടമ്പ് വില്ലേജിൽ വെളിച്ചംതോട്, കുട്ടപ്പന, കരിയാത്ത് പ്രദേശങ്ങളിൽ 152-ഓളം കുടുംബങ്ങളിൽ നിന്ന് 1994-95-ന ശേഷം ഭൂനികുതി സ്വീകരിക്കുന്നില്ല. പെരിങ്ങം വില്ലേജിൽ മടക്കാംപൊയ്യയിൽ ചിലക്, വണ്ണാരപൊയിൽ, കരിന്തടം, കുവപ്പൊയിൽ, കാട്ടോൾ, അരവിഞ്ചാൽ എന്നിവിടങ്ങളിലെ 60-ൽപ്പരം കൈവശക്കാരിൽ നിന്ന് 1996-മുതൽ നികുതി സ്വീകരിക്കുന്നില്ല. എരമം വില്ലേജിൽ, എരമം പുല്ലുപാറ കണ്ണാപ്പള്ളിപ്പായിൽ പ്രദേശങ്ങളിൽ രേഖപ്രകാരം കൈവശംവച്ചുവരുന്ന 200-ഓളം കുടുംബങ്ങളിൽ നിന്ന് 1997-നശേഷം ഭൂനികുതി സ്വീകരിക്കുന്നില്ല. വെള്ളോറ വില്ലേജിൽ കൈവശഭൂമിക്ക് രേഖയും പട്ടയവുമുള്ള നിരവധി കുടുംബങ്ങളിൽ നിന്ന് 1984-ന ശേഷം നികുതി സ്വീകരിക്കുന്നില്ല. ആലപ്പടമ്പ് വില്ലേജിൽ വെളിച്ചന്തോട്, കരക്കാട്ട്, കുട്ടപ്പന പ്രദേശങ്ങളിൽ 85-ഓളം കുടുംബങ്ങൾ 37 വർഷമായി ഭൂമി കൈവശം വച്ച് വരുന്നവരാണ്. 1995-ൽ 50 സെന്റ് വീതം പ്ളോട്ട് തിരിച്ച് ഇതിൽ 52 പേർക്ക് കൊടുക്കുമെന്ന പറഞ്ഞിരുന്നുവെങ്കിലും ഇവർക്ക് ആർക്കും പട്ടയം ലഭിച്ചിട്ടില്ല. പെരിങ്ങം വില്ലേജിൽ 6 മാസത്തിലധികമായി താമസിക്കുന്ന 40-ൽപ്പരം കുടുംബങ്ങൾക്ക് കൈവശരേഖ ലഭിച്ചിട്ടില്ല. അതുപോലെ പെരിങ്ങം വില്ലേജിൽ ആറാട്ടുകടവ് പ്രദേശത്ത് 50 വർഷത്തിലധികമായി താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള 33 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. ഇവർ കർണ്ണാടക വനാതിർത്തിയിൽ താമസിക്കുന്ന കർണ്ണാടക സർക്കാരിന്റെ കുടിയിറക്ക് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. പയ്യന്നൂർ-രാമന്തളി വില്ലേജുകളിൽ ദേവസ്വം ബോർഡ് വക നിരവധി കുടുംബങ്ങൾക്ക് പട്ടയം നൽകാത്ത പ്രശ്നങ്ങൾ ഉണ്ട്. ഈ വിഷയം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മിച്ചഭൂമി കയ്യേറിയതും മിച്ചഭൂമിയാണെന്നറിയാതെ വാങ്ങിയതുമായ ഏകദേശം 1050-ഓളം കൈവശക്കാരിൽ നിന്ന് ഭൂനികുതി സ്വീകരിക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് വിവിധ കോടതികളിലായി നിരവധി കേസുകളും ലാൻഡ് ബോർഡ് മുമ്പാകെ ഫോറം 6 ഹർജികളും നിലവിലുണ്ട്. കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ചതിനുശേഷം മാത്രമേ കൈവശക്കാരിൽ നിന്നും നിലവിലുള്ള നിയമപ്രകാരം ഭൂനികുതി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. ഇവിടെ പല മേഖലകളിലും വർഷങ്ങൾകൊണ്ട്

താമസിക്കുന്നവർക്ക് പട്ടയവും ഭൂമിയുടെ അവകാശവും ഉണ്ടെങ്കിലും നികുതി സ്വീകരിക്കാത്തതുൾപ്പെടെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൂടി വിളിച്ച് കൂട്ടായ ഒരു യോഗം ചേർന്ന് ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (28) ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കൽ

ശ്രീ. സി. കെ. സദാശിവൻ: സർ, കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കണമെന്നും സർജനടക്കമുള്ള ഡോക്ടർമാരെയും മറ്റ് നഴ്സുമാരടക്കമുള്ള പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നമാണ് എന്റെ സബ്മിഷൻ. ദേശീയപാത 45-ന്റെയും കെ. പി. റോഡിന്റെയും സമീപത്തുള്ള കായംകുളം ആശുപത്രിയിൽ അപകടത്തിൽപ്പെട്ട് ആശുപത്രിയിലെത്തി മരിക്കുന്നവരുടെ എണ്ണം ഏറി വരികയാണ്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ റോഡപകടത്തിൽപ്പെട്ട് അത്യാഹിത വിഭാഗത്തിലെത്തിയത് 8162 പേരാണ്. ഇതിൽ 5000-ത്തോളം പേർക്ക് വേണ്ടത്ര ചികിത്സ നൽകാൻ കഴിയാതെ ആലപ്പുഴ മെഡിക്കൽ കോളേജ് അടക്കമുള്ള മറ്റ് ആശുപ്രതികളിലേക്ക് റഫർ ചെയ്യുകയാണുണ്ടായത്. ഈ സഭാസമ്മേളനം നടക്കുമ്പോഴാണ് കായംകുളത്തെ കരിയിലകുളങ്ങരയിൽ ദേശീയപാതയിൽ വാഹനാപകടത്തിൽപ്പെട്ട് രണ്ടുകുട്ടികളടക്കം 6 പേർ മരണ പ്പെടുകയുണ്ടായത്. ഇവരെ ആദ്യം എത്തിച്ചത് കായംകുളം താലൂക്കാശുപത്രിയിലാണ്. അവിടെ ഡോക്ടർമാരില്ല. ആധുനിക സംവിധാനങ്ങളില്ല. അതിനാൽ അവരെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്ത്, പോകുന്ന വഴിക്ക് 2 പേർ മരിച്ചു. അവിടെ ചെന്ന് 4 പേർ മരിച്ചു. അങ്ങനെ 6 പേരുള്ള കുടുംബം പൂർണ്ണമായി നാമാവശേഷമായി. കായംകുളം ആശുപത്രിയിൽ കുറച്ചെങ്കിലും സംവിധാനമുണ്ടാ യിരുന്നുവെങ്കിൽ മൂന്നുനാലുപേരെയെങ്കിലും രക്ഷിക്കാൻ കഴിയുമായിരുന്നു. പ്രതിദിനം 1800 മുതൽ 2000 വരെ രോഗികൾ ഒ.പി. വിഭാഗത്തിലും 250-ഓളം രോഗികൾ ഐ.പി. വിഭാഗത്തിലുമെത്തുന്നുണ്ട്. എന്നാൽ ഇപ്പോഴും 125 എന്ന ബെഡ്സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിലാണ് ഡോക്ടർമാരും, മറ്റ് നഴ്സസും, പാരാമെഡിക്കൽ സ്റ്റാഫും ഉള്ളത്. സർജന്റെ തസ്തിക സ്ഥാപിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി രണ്ടുവർഷത്തിനു മുൻപ് കോൺഫറൻസിൽ വച്ച് ഉറപ്പ് നൽകിയതാണ്. അതിതുവരെ നടന്നിട്ടില്ല. ബ്ലഡ്സ്റ്റോറേജിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടും ഇതിന്റെ പ്രവർത്തനം നടക്കുന്നില്ല. കഴിഞ്ഞ 10 മാസത്തിനുള്ളിൽ 82 പേരിൽ നിന്ന് ശേഖരിച്ച 27 ലിറ്റർ രക്തമാണ്

ഒഴക്കിക്കളയേണ്ടി വന്നത്. കെ.എച്ച്.ആർ.ഡബ്ള്യു.എസ്.-ന്റെ വക 18 പേവാർഡുകൾ ഉള്ളതിൽ 15 എണ്ണവും പൂട്ടിക്കിടക്കുകയാണ്, മാത്രവുമല്ല, വൃത്തിഹീനവുമാണ്; അത് നവീകരിക്കണം. ഡയാലിസിസ് യൂണിറ്റാരംഭിക്കണം. ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനും സർജനെ നിയമിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കായംകുളം താലൂക്ക് ആശുപത്രിയെ 2008-ലാണ് ഈ പദവിയിലേയ്ക്ക് ഉയർത്തിയത്. ഇവിടെ 125 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. ഈ ആശുപത്രിയുടെ ശരാശരി ഒ.പി. 1700-ഉം ഐ.പി. 190-ഉം ആണ്. നിലവിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഇ.എൻ.റ്റി., ഗൈനക്കോളജി, ഓർത്തോപീഡിക്സ്, ഒഫ്ത്താൽമോളജി, ദന്തൽ എന്നീ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാണ്. 17 ഡോക്ടർമാരുൾപ്പെടെ 104 തസ്തികകളാണ് ഇവിടെ അനുവദി ച്ചിട്ടുള്ളത്. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന നിയമിക്കപ്പെട്ട 4 ഡോക്ടർമാരുടെ സേവനവും ഇവിടെ ലഭ്യമാണ്. ഇവിടെ ട്രോമാകെയർ അനുവദിച്ചിട്ടില്ല. ഇവിടെ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട കാര്യം, ഇത് കാഷ്വാലിറ്റിയുള്ള താലൂക്കാശുപത്രിയാണ്. കാഷ്വാലിറ്റി ഉള്ള താലൂക്കാശുപത്രികളിൽ രാത്രിയിൽ ഒരു ഡോക്ടറുടെ സേവനം ഉണ്ടായിരിക്കും. കരിയിലക്കുളങ്ങരയിലുണ്ടായ കാറപകടത്തിൽ രണ്ടുപേരെ മരിച്ച നിലയിലും 6 പേരെ ഗുരുതരാവസ്ഥയിലുമാണ് ആശുപത്രിയിൽ കൊണ്ടുവന്നത്. ഡ്യൂട്ടി ഡോക്ടർ ഫസ്റ്റ് എയ്ഡ് നൽകി ആലപ്പുഴ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തു. വളരെ പെട്ടെന്നുതന്നെ സമീപത്തുണ്ടായിരുന്ന രണ്ട് ഡോക്ടർമാരും അവിടെ എത്തിയിരുന്നു. പക്ഷേ അവിടെ സർജൻ ഇല്ലായിരുന്നു എന്നുള്ളത് ശരിയാണ്. ന്യൂറോസർജൻമാർ നമ്മുടെ ഹെൽത്ത് ഡിപ്പാർട്ടുമെന്റുകളിലില്ല. മെഡിക്കൽ കോളേജുകളിൽ മാത്രമേയുള്ളൂ. അവരെ അടിയന്തരമായി റഫർ ചെയ്ത് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് അയയ്ക്കുകയാണുണ്ടായത്. ആശുപത്രിയിൽ സൗകര്യങ്ങളുമുണ്ടായിരുന്നു, അടിയന്തരമായി അവിടെ ഡോക്ടർമാർ ഉണ്ടായിരുന്നു. കൂടാതെ രണ്ടു ഡോക്ടർമാർ അവിടേയ്ക്ക് എത്തിച്ചേരുകയും ചെയ്തു. എന്നാൽ വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമായിരുന്നു. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യമുണ്ട്. അത് നാഷണൽ ഹൈവേയുടെ അടുത്താണ്, ട്രോമാകെയർ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടിട്ടുള്ള ഇരുപതോളം ആശുപത്രികളിൽ ട്രോമാകെയർ സ്ഥാപിക്കുന്നതിന് ആദ്യഘട്ടമായി നമ്മൾ നടപടി സ്വീകരിച്ചു. കരുനാഗപ്പള്ളി ആശുപത്രിയിലും ആലപ്പുഴ ആശുപത്രിയിലും സ്ഥാപിക്കുകയാണ്. എന്തായാലും

ട്രോമാകെയർ യൂണിറ്റ് അടുത്ത ഘട്ടത്തിൽ ഇവിടെ സ്ഥാപിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഇവിടെ പി.ജി. കഴിഞ്ഞ കുട്ടികൾ ഉണ്ട്. വളരെ പെട്ടെന്നുതന്നെ സർജനെ അവിടെ നിയമിക്കുന്നതിനു വേണ്ടി ഡി.എച്ച്.എസ്സിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉടൻ തന്നെ അവിടെ സർജനെ നിയമിക്കുന്നതാണ്.

## (29) വിഴിഞ്ഞം പി.എച്ച്.സി. താലൂക്ക് ആശുപത്രിയാക്കൽ

ശ്രീമതി ജമീലാ പ്രകാശം: സർ, കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ വർഷന്തോറും പല തരത്തിലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കാറുണ്ട്. പലപ്പോഴും നിരവധി പേരുടെ മരണത്തിനും അത് ഇടയാക്കാറുണ്ട്. കാലാവസ്ഥ വ്യതിയാനവും കൂടുതൽ രോഗങ്ങൾക്ക് വഴിയൊരുക്കാറുണ്ട്. ഈ വർഷവും പലതരത്തിലുള്ള പകർച്ചപ്പനികൾ പടർന്നുപിടിക്കുകയുണ്ടായി. ഈ പനിയുടേയും മറ്റും രൂക്ഷാവസ്ഥയിൽ ചിലർ മരണപ്പെടുകയും ചെയ്തു. ഈയിടെ വിഴിഞ്ഞത്ത് ഡിഫ്തീരിയ ബാധിച്ച് ഒരു ആറാം ക്ലാസ് വിദ്യാർത്ഥിനി മരിച്ചു. വർഷങ്ങൾക്കുമുമ്പ് നിർമ്മാർജ്ജനം ചെയ്തതായി രേഖകളിൽ കാണുന്നതാണ് ഈ രോഗം. അങ്ങനെ പാടെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു കരുതുന്ന പല രോഗങ്ങളും മടങ്ങിവന്നുകൊണ്ടിരിക്കുന്നുവെന്നത് ആശങ്കാജനകമാണ്. വളരെയധികം ജനസാന്ദ്രതയുള്ള കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ പൂവാർ, പുല്ലുവിള, വിഴിഞ്ഞം എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കോട്ടുകാൽ പ്രാഥമിക ആരോഗ്യ കേന്ദ്രവും മാത്രമാണുള്ളത്. ഇവിടങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നുകളും കിടക്കകളും മറ്റു സൗകര്യങ്ങളുമില്ല എന്ന പരാതി വളരെക്കാലമായി ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ പ്രസവമുറി, ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ റൂം എന്നീ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും ഇവയൊന്നും സ്റ്റാഫ് ഇല്ലാത്തതിനാൽ ഉപയോഗിക്കപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ വിഴിഞ്ഞം ആരോഗ്യകേന്ദ്രത്തെ താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്കോ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്കോ ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, തിരുവനന്തപുരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പുല്ലുവിള, വിഴിഞ്ഞം ആശുപ്രതികളിലും പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പൂവാർ സാമൂഹ്യാരോഗ്യകേന്ദ്രത്തിലും ആവശ്യത്തിന് ഡോക്ടർമാരും അനുബന്ധ

സ്റ്റാഫും നിലവിലുണ്ട്. സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള മുഴുവൻ സ്റ്റാഫുമുണ്ട്. അനുവദിക്കപ്പെട്ട തസ്തികകൾക്കു പുറമേ പുല്ലുവിള ആശുപത്രിയിൽ 3 ഡോക്ടർമാരെയും 4 സ്റ്റാഫ് നേഴ്സുമാരേയും വിഴിഞ്ഞം ആശുപത്രിയിൽ 2 ഡോക്ടർമാരേയും ഒരു സ്റ്റാഫ് നേഴ്സിനേയും പൂവാർ ആശുപത്രിയിൽ 3 ഡോക്ടർമാരേയും 5 സ്റ്റാഫ് നേഴ്സുമാരേയും എൻ.ആർ.എച്ച്.എം. മുഖേന കൂടുതലായി നിയമിച്ചിട്ടുണ്ട്. ഈ 3 ആശുപ്രതികളും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. തീരദേശമേഖലയായതുകൊണ്ട് 24 മണിക്കൂറും പ്രവർത്തിക്കു ന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടുകാൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിലവിലുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. തീരദേശം എന്നനിലയിൽ ഈ പ്രദേശത്തെ ആശുപത്രികൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഓരോ ബ്ലോക്കുപഞ്ചായത്തിലേയും ഒരു ആശുപത്രിയിൽ ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി 154 ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. വിഴിഞ്ഞം സാമൂഹ്യാരോഗ്യകേന്ദ്രം ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 96 സെൻറ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന വിഴിഞ്ഞം സി.എച്ച്.സി.ക്ക് സ്ഥലപരിമിതിയുണ്ടെങ്കിലും തീരദേശമേഖല എന്നുള്ള പ്രത്യേക പരിഗണന നൽകി താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ മുക്കോല പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന കടകുളം കോളനിയിലെ 10 വയസ്സുള്ള പെൺകുട്ടി ഡിഫ്ത്തീരിയ രോഗംമൂലം 23-6-2014-ന് മരണപ്പെടുകയുണ്ടായി. സംസ്ഥാനത്ത് ഇതൊരു ഒറ്റപ്പെട്ട സംഭവമായിരുന്നു. ടിനു എന്ന ഈ കുട്ടിക്ക് പ്രതിരോധ ചികിത്സ കൃത്യമായി എടുത്തിരുന്നില്ല. ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഫീൽഡ് ജീവനക്കാർ പല പ്രാവശ്യം കുട്ടിയുടെ വീടും പരിസരവും സന്ദർശിച്ച് ആരോഗ്യബോധവത്ക്കരണ പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിന് മാതാപിതാക്കൾ താല്പര്യം കാട്ടിയിരുന്നില്ല. തീരദേശ ഗ്രാമം ഉൾപ്പെട്ട ജില്ലയിൽ പ്രതിരോധകുത്തിവയ്പ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സർവ്വേ, ബോധവത്ക്കരണ പരിപാടികൾ, പ്രതിരോധ കുത്തിവയ്പുകൾ, ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. പ്രതിരോധ കുത്തിവയ്പ് ക്യാമ്പുകൾ വിജയിപ്പിക്കുന്നതിനും പ്രതിരോധ കുത്തിവയ്പ് വാരം ആചരിക്കുന്നതിനും ആവശ്യമായ ഫണ്ടും വാക്സിനുകളും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (30) നഴ്സുമാരുടെ നിയമനം

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലെ റാങ്ക് ലിസ്റ്റിൽ സംവരണ അട്ടിമറി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ എൻ.സി.എ. വിഭാഗത്തിൽ 14-10-2009-ന് കാറ്റഗറി നമ്പർ. എം. 391/2009 പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് വർഷങ്ങൾക്കുശേഷം 28-1-2014-ലാണ്. വിജ്ഞാപനം ക്ഷണിക്കുമ്പോൾ ധീവര വിഭാഗത്തിന് 11 ഒഴിവും മുസ്ലീം വിഭാഗത്തിന് 67 ഒഴിവും ഉണ്ടായിരുന്നു. 30-4-2014-ൽ എൻ.സി.എ. ഒഴിവുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 131 ഒഴിവിലേക്കും ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകി. ആദ്യത്തെ 86 പേർക്ക് ഹെൽത്ത് സർവ്വീസിലും, 40 പേർക്ക് മെഡിക്കൽ എഡ്യൂക്കേഷനിലും, 5 പേർക്ക് മെഡിക്കൽ കോളേജിലേക്കുമാണ് മെമ്മോ നൽകിയത്. ഇതിൽ താഴെ റാങ്ക് നേടിയ 45 പേർ ഡി.എം.ഇ.-യുടെ കീഴിലുള്ള മെഡിക്കൽ കോളേജിൽ നിയമനം നേടി. ഉയർന്ന റാങ്ക് നേടിയ 86 പേർക്ക് ഇതുവരെയും ഹെൽത്ത് സർവ്വീസിൽ നിന്ന് നിയമനം ലഭിച്ചിട്ടില്ല. ഇതിന് കാരണമായി ഡി.എം.ഒ. പറയുന്നത് അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകുവാൻ നിലവിൽ ഒഴിവില്ലായെന്നാണ്. അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകാൻ ഒഴിവില്ലായെന്നത് വളരെ വിചിത്രമാണ്. എന്നാൽ സംവരണ സമുദായാംഗങ്ങൾക്ക് നിയമനം നൽകി നികത്തപ്പെടേണ്ട ഒഴിവിൽ 2013-ൽ നിലവിൽ വന്ന സ്റ്റാഫ് നഴ്സ് ജനറൽ കാറ്റഗറി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയതുമൂലമാണ് ഇപ്പോൾ പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിച്ച എൻ.സി.എ. ധീവര/മുസ്ലീം വിഭാഗങ്ങൾക്ക് നിയമനം ലഭിക്കാത്തത്. അതിനാൽ പി.എസ്.സി അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത 86 പേർക്ക് നിയമനം നൽകുവാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. മെമ്മോ ലഭിച്ചിട്ട് ജോലിക്കായി കാത്ത് നിൽക്കുകയെന്നത് നഗ്നമായ നീതി നിഷേധമാണ്. ഇപ്പോൾ പറയുന്നത് അവർക്ക് നിയമനം നൽകാൻ പോസ്റ്റില്ല എന്നാണ്. അതുകൊണ്ട് ഈ നീതിനിഷേധം അടിയന്തരമായി പരിഹരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 എൻ.സി.എ .

തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുന്നില്ല എന്ന പരാതി സർക്കാർ പരിശോധിക്കുകയും ഇപ്പോൾ നിലവിലുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-ന്റെ മുഴുവൻ ഒഴിവിലേക്കും എൻ.സി.എ. റാങ്ക് സീനിയോറിറ്റിയനുസരിച്ച് നിയമനം നൽകണമെന്നും ശേഷിക്കുന്നവരെ നിയമിക്കുന്നതിന് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനായി അടിയന്തരമായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് 8-7-2014-ൽ ആവശ്യപ്പെട്ടിട്ടുമുണ്ട്. പ്രസ്തുത നിർദ്ദേശം അടിയന്തരമായി ലഭ്യമാക്കി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## (31) കാസർഗോഡ് ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് ജനറൽ ആശുപത്രി നിത്യരോഗിയാണ്. ഈ സബ്മിഷൻ കൊണ്ടോ മന്ത്രിയുടെ മറുപടി കൊണ്ടോ മാറുന്നതല്ല ആ രോഗം. മന്ത്രി തന്നെ നേരിട്ട് വന്ന് യോഗം വിളിച്ച് യഥാർത്ഥ പ്രശ്നം എന്താണെന്ന് ബന്ധപ്പെട്ടവരിൽ നിന്നും മനസ്സിലാക്കിയാൽ മാത്രമേ എന്തെങ്കിലും ഗുണം ഉണ്ടാകുകയുള്ളൂ. ഈ സബ്മിഷൻ ഫലം കണ്ടു എന്നുള്ള സംതൃപ്തിയും ചാരിതാർത്ഥ്യവും ലഭിക്കണമെങ്കിൽ കാസർഗോഡ് ജനറൽ ആശുപത്രിയുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയെന്ന ഏക അജണ്ടയോടുകൂടി കാസർഗോഡ് ജനറൽ ആശുപത്രി സന്ദർശിക്കാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വരുന്ന തീയതി ഇപ്പോൾ തന്നെ പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആ പ്രഖ്യാപനം ഉണ്ടാകുമെന്ന തന്നെയാണ് പ്രതീക്ഷിക്കുന്നത്. 7 നില കെട്ടിടമാണ് കാസർഗോഡ് ജനറൽ ആശുപത്രി. അവിടെയൊരു റാമ്പില്ല. താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തിയപ്പോൾ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സുമാരുടെയും പോസ്റ്റുകളിൽ നിയമനം നടന്നു എന്നല്ലാതെ ക്ലീനിംഗ് സ്റ്റാഫ് അടക്കം പോസ്റ്റ് ക്രിയേഷൻ നടത്തിയിട്ടില്ല. ചുരുക്കത്തിൽ മാറാ വ്യാധിയിലും തീരാ വേദനയിലുമാണ് കാസർഗോഡ് ജനറൽ ആശുപത്രി. ദിവസവും ആശുപത്രിയുടെ മുൻപിൽ സമരമാണ്. സെക്രട്ടേറിയറ്റിനു മുൻപിൽ പോലും ഇത്രയധികം സമരങ്ങൾ ഉണ്ടാകില്ല. വേണ്ടത്ര ഡോക്ടർമാരില്ല. ഡെന്റൽ വിംഗിലെ ഡോക്ടർ ഡെപ്യൂട്ടേഷനിലാണ്. ശമ്പളം കാസർഗോഡും ജോലി മറ്റൊരിടത്തും. ഫോറൻസിക് സർജനില്ല. എക്സ്റേ മെഷീൻ സ്ഥാപിക്കാൻ മുറിയില്ല. സി. റ്റി. സ്കാൻ പ്രവർത്തിപ്പിക്കാൻ ജീവനക്കാരില്ല. ദിവസവും മുന്നൂറിലധികം ഇൻ പേഷ്യന്റ്സ് ഉണ്ട്. പക്ഷേ 212 രോഗികളെ കിടത്താനുള്ള സൗകര്യമേയുള്ളൂ. പാവപ്പെട്ട രോഗികൾക്ക് മരുന്ന് ലഭ്യമല്ല. പുറമേയുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്ന് വാങ്ങാൻ ഡോക്ടർമാർ ചീട്ട് കൊടുക്കുകയാണ്.

അത്തരമൊരു ചീട്ട് ഇപ്പോൾ എന്റെ കൈയിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്ക ണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് കാസർഗോഡ് ജനറൽ ആശുപത്രി സന്ദർശിക്കുന്ന ഒരു തീയതി കൂടി ഇവിടെ പ്രഖ്യാപിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ: മന്ത്രി വിചാരിച്ചാൽ നടക്കില്ലെന്നുള്ള വാചകം ആദ്യം പറഞ്ഞിട്ടാണ് തുടങ്ങിയത്, അങ്ങനെയൊന്നും പറയേണ്ട.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2008-ൽ ജനറൽ ഹോസ്പിറ്റലായി ഉയർത്തിയ കാസർഗോഡ് ജനറൽ ഹോസ്പിറ്റലിലെ ശരാശരി ഒ.പി. 800-ഉം അനുവദിച്ച കിടക്കകൾ 212-ഉം ആണ്. 39 ഡോക്ടർമാർ ഉൾപ്പെടെ 206 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഒഴിവുള്ള 12 ഡോക്ടർമാരുടെ തസ്തികയിൽ 10 പേരെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ചികിത്സാ കേന്ദ്രവും ഈ ആശുപത്രിയാണ്. മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., ഒഫ്താൽമോളജി, അനസ്തേഷ്യ, റേഡിയോളജി, ഡെർമ്മറ്റോളജി, ഫിസിക്കൽ മെഡിസിൻ, ഫോറൻസിക് മെഡിസിൻ, ദന്ത രോഗ വിഭാഗം, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങൾ ഈ ആശുപത്രിയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക്, ലാബ് എന്നിവ ഈ ആശുപത്രിയിലുണ്ട്. റേഡിയോളജിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ അൾട്രാ സൗണ്ട് സ്കാനിംഗ് നടത്താൻ കഴിയുന്നില്ല. സ്വകാര്യ ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് സി.റ്റി. സ്കാൻ പ്രവർത്തിപ്പിച്ചു വരുന്നു. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി എട്ടര കോടി രൂപ ചെലവഴിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.എസ്.ജി.വൈ., ജെ.എസ്.എസ്.കെ., ആരോഗ്യ കിരണം, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ചികിത്സ, എന്നിവ നല്ല രീതിയിൽ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വിലയിരുത്തുന്നതിന് ആഗസ്റ്റ് മാസത്തിൽ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുന്നതാണ്. ഇവിടെ ഉയർത്തിയ ആവശ്യങ്ങൾ എന്താണെന്ന് പരിശോധിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## (32) കൊടുങ്ങല്ലൂർ ബൈപ്പാസ് സർവ്വീസ് റോഡ്

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നമ്മുടെ ദേശീയപാത 17-ൽ, കൊടുങ്ങല്ലൂർ

ബൈപ്പാസ് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകാലമായി ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യമായിരുന്നു. അവിടെ ബൈപ്പാസ് നിർമ്മിക്കുന്നതിനുവേണ്ടി ജനങ്ങൾ 45 മീറ്റർ സ്ഥലം യാതൊരു പ്രക്ഷോഭവുമുണ്ടാകാതെ ഗവൺമെന്റ് പറഞ്ഞ സംഖ്യയ്ക്ക് വിട്ടുകൊടുത്തതാണ്. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഉൾപ്പെടെ കേസ് വന്നു, കോടതിയലക്ഷ്യത്തിന് ഉദ്യോഗസ്ഥന്മാർക്ക് എതിരെ നോട്ടീസ് വന്നിട്ടാണ് അവിടെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ബൈപ്പാസിന് അനുമതി നൽകിയത്. അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ ഗുരുവായൂരിലേക്കും മലബാറിലേയ്ക്കും പോകുന്നത് കൊടുങ്ങല്ലൂർ വഴിയാണ്. അതിനുവേണ്ടിയാണ് കൊടുങ്ങല്ലൂർ ബൈപ്പാസ് എന്ന പ്രൊപ്പോസൽ തന്നെ ഉണ്ടായത്. ബൈപ്പാസ് പ്രൊപ്രോസൽ വന്ന സന്ദർഭത്തിൽ 350 മീറ്റർ സർവ്വീസ് റോഡുകൂടി ഉണ്ടായിരുന്നു. 45 മീറ്റർ സ്ഥലമാണ് ജനങ്ങൾ റോഡിനുവേണ്ടി സ്വയം വിട്ടു കൊടുത്തത്. മൂന്നര കിലോമീറ്റർ വരുന്ന ബൈപ്പാസിന്റെ 350 മീറ്ററിലുള്ള സർവ്വീസ് റോഡ് നിർമ്മിച്ചിട്ടില്ല. 150 മീറ്റർ സ്ഥലത്ത് മാത്രമാണ് ഇപ്പോൾ സർവ്വീസ് റോഡ് നിർമ്മിച്ചത്. ബൈപ്പാസിന്റെ പണി പൂർത്തിയായി. പക്ഷേ റോഡ് തുറന്നു കൊടുക്കാൻ സാധിക്കുന്നില്ല. ജനങ്ങൾ വളരെ പ്രക്ഷോഭത്തിലാണ്. അവശേഷിക്കുന്ന 200 മീറ്റർ സർവ്വീസ് റോഡുകൂടി പൂർത്തിയാക്കിയാൽ മാത്രമേ ഇപ്പോൾ പണി പൂർത്തിയായ റോഡ് തുറന്നു കൊടുക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണം. അതോടൊപ്പം തന്നെ പി.ഡബ്ല്യൂ.ഡി. പ്രീ-മൺസൂൺ വർക്കുകൾ റോഡുകളിൽ ചെയ്തിട്ടില്ല. കുഴികളൊന്നും അടച്ചിട്ടില്ല. മഴക്കാലമാണെങ്കിൽ പോലും, പി.ഡബ്ല്യൂ.ഡി. മൺസൂൺ വർക്ക് ചെയ്യാത്തതിന്റെ ഫലമായി വന്നിട്ടുള്ള കുഴികൾ നികത്തുന്നതിനും, അറ്റകുറ്റ പണികൾ നടത്തുന്നതിനും വേണ്ട നടപടികൾ സംസ്ഥാന വ്യാപകമായി ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു സബ്മിഷനാണ്. 3.58 കിലോമീറ്റർ ദൈർഘ്യമുള്ള കൊടുങ്ങല്ലൂർ ബൈപ്പാസിന് 38 കോടി 80 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. നിർഭാഗ്യവശാൽ, ആദ്യഘട്ടത്തിൽ ഡി.പി.ആർ. എടുത്ത അവസരത്തിൽ സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള പണം വകകൊള്ളിച്ചിട്ടുണ്ടായിരുന്നില്ല. ഈ റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. വളരെ വലിയ സേവനം അർപ്പിച്ചിട്ടുണ്ട്. അത് പറയാതിരിക്കാൻ കഴിയുകയില്ല. എന്നെ തന്നെ പ്രേരിപ്പിച്ച് ചുരുങ്ങിയത് ഒരു ഡസൺ റിവ്യൂ മീറ്റിംഗെങ്കിലും നടത്തിയിട്ടുണ്ട്. റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. പക്ഷേ റോഡ് തുറന്നു

കൊടുക്കാൻ സ്ഥലം വിട്ടുതന്ന ജനങ്ങൾ സമ്മതിക്കുന്നില്ല. അതിന്റെ നേതൃത്വം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കുമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, റോഡ് ഉപയോഗിക്കാതെ കിടന്നാൽ മോശമായി പോകാനുള്ള സാധ്യതയുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ നമുക്കൊരു സന്തോഷ വാർത്തയുള്ളത് സെൻട്രൽ ഗവൺമെന്റിന്റെ ആന്വൽ പ്ലാനിൽ ഇതുൾപ്പെടുത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ചുള്ള ഒരു കടലാസ് കിട്ടിയിട്ടുണ്ട്. അത് സഭയുടെ മേശപ്പുറത്ത് വയ്ക്കാനും അദ്ദേഹത്തിന് കൊടുക്കാനും ഞാൻ തയ്യാറാണ്. അദ്ദേഹത്തിന്റെ ഗുഡ് ഓഫീസ് ഉപയോഗിച്ചു കൊണ്ട് ജനങ്ങളെ സമാധാനപ്പെടുത്തി റോഡ് തുറന്നുകൊടുക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. സഭ കഴിഞ്ഞാൽ ചീഫ് എഞ്ചിനീയർ ഡൽഹിയിൽ പോയി അനുവാദം വാങ്ങിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം തന്നെ അത് സാധിച്ചില്ലെങ്കിൽ സംസ്ഥാന പൊതുമരാമത്തു വകുപ്പ് ഇതിന്റെ കുറേ ഐറ്റംസ് ഒഴിവാക്കിക്കൊണ്ട് ഏറ്റവും അത്യാവശ്യമുള്ള സർവ്വീസ് റോഡ് നിർമ്മിക്കുന്നതാണ്. കുഴികൾ അടയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കരാറുകാർ മുഴുവൻ കരാറും ഏറ്റെടുക്കാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. അതാണ് പ്രധാന പ്രശ്നം. അതിന്റെ വിശദ വിവരത്തിലേക്ക് പോകുന്നില്ല. കാരണം ശ്രീ. മാത്യു റ്റി. തോമസ് ഒരു സബ്മിഷൻ നൽകിയിട്ടുണ്ട് അതിൽ ഇക്കാര്യം സംബന്ധിച്ച് മറുപടി പറയാം. ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ മുൻകൈ എടുത്ത് വളരെ ചരിത്രപ്രസിദ്ധമായ നഗരത്തിലെ ബൈപ്പാസ് തുറന്നുകൊടുക്കാൻ ഒരു സംവിധാനം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## (33) മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണം

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, കൊച്ചി ധനുഷ്കോടി നാഷണൽ ഹൈവേയിലെ മൂവാറ്റുപുഴ ബൈപ്പാസിനുവേണ്ടി കടാതി മുതൽ പുന്നമറ്റം വരെയുള്ള സ്ഥലം വർഷങ്ങൾക്കുമുൻപേ അലൈൻമെന്റ് ഫിക്സ് ചെയ്ത് ഭൂമി മാർക്ക് ചെയ്ത് മാറ്റിയിട്ടിരിക്കുകയാണ്. എന്നാൽ ബൈപ്പാസിന്റെ നിർമ്മാണം വർഷങ്ങളായി അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ഈ അലൈൻമെന്റിൽപ്പെട്ട ഭൂമിയുടെ ഉടമസ്ഥർക്ക് ഭൂമി കൈമാറ്റം നടത്താൻ സാധിക്കാതെയും നഷ്ടപരിഹാരം ലഭിക്കാതെയും നട്ടം തിരിയുകയാണ്. തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ മൂന്ന് ബൈപ്പാസുകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനിടയിൽ പി.പി.പി. അടിസ്ഥാനത്തിലോ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത സംരംഭമെന്ന നിലയിലോ ഇത് പണിയുമെന്നാണ് വാർത്തകൾ കേൾക്കുന്നത്. എന്നാൽ ഇപ്പോൾ ബന്ധപ്പെട്ടവരെല്ലാം മൗനം പാലിക്കുകയാണ്. മൂവാറ്റുപുഴ നഗര മധ്യത്തിലൂടെ കടന്നുപോകുന്ന

നാഷണൽ ഹൈവേക്ക് ബൈപ്പാസ് നിർമ്മിക്കുകയെന്നത് ഏറ്റവും അനിവാര്യമായ കാര്യമാണ്. അതുപോലെ തന്നെ ഭൂമി നൽകാൻ സന്നദ്ധരായ അനേകം ആളുകൾ അനുഭവിക്കുന്ന ജീവിത പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കേണ്ടതാണ്. നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി പ്രശ്നം പരിഹരിക്കാനും റോഡ് നിർമ്മിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മൂവാറ്റുപുഴ ടൗണിൽ ദേശീയപാത 49-ൽ കാരക്കുന്നം മുതൽ കടാതി വരെയുള്ള 6 കിലോമീറ്ററാണ് മൂവാറ്റുപുഴ ബൈപ്പാസിന്റെ അംഗീകരിക്കപ്പെട്ട അലൈൻമെന്റ്. ഇതിനായി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 22.81 ഹെക്ടർ സ്ഥലം ആവശ്യമാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ മൂവാറ്റുപുഴ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശുപാർശ ഉടൻ കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

## (34) കോൺവെന്റ് ബീച്ച് പാലം

ശ്രീ. എസ്. ശർമ്മ: സർ, വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്തിലുള്ള കടലോരവാസികളുടെ ദീർഘകാല ആവശ്യമാണ് കോൺവെന്റ് ബീച്ചിനോട് ചേർന്ന് പാലം നിർമ്മിക്കുക എന്നുള്ളത്. അവർക്ക് കരബന്ധം സ്ഥാപിക്കുന്നതിനും വൈപ്പിൻ മുനമ്പിൽനിന്നും സംസ്ഥാനപാതയിലേക്ക് പ്രവേശിക്കുന്നതിനുമുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമാണിത്. 2004-ൽ സുനാമി വന്നതിനെത്തുടർന്ന് ഭയവിഹ്വലരായ ജനങ്ങളെ പെട്ടെന്നാണ് ഇവിടെനിന്നും അപ്പുറത്തേക്ക് എത്തിച്ച് താമസിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയത്. അന്ന് എം.എൽ.എ. ആയിരുന്ന ശ്രീ. പുരുഷോത്തമൻ മുൻകയ്യെടുത്ത് പാലത്തിന് അനുവാദം വാങ്ങിയിരുന്നു. അതിന് ടെണ്ടർ വിളിച്ചു, എഗ്രിമെൻറ് വച്ചു. സ്ഥലം കൈമാറാൻ കാലതാമസം വന്നതിനെത്തുടർന്ന് ഫണ്ട് ലാപ്സായിപ്പോയി. അന്നത്തെ എ.എസ് നിലവിലുണ്ടായിരുന്നു. ഇപ്പോൾ പുതുക്കിയ എ.എസ്. എസ്റ്റിമേറ്റ് അപ്രൂവ് ചെയ്യുന്നതിന് ഗവൺമെന്റിൽ വന്നിട്ടുണ്ട്. തദ്ദേശവാസികൾ ഓരോ പാർട്ടിക്കാരുമായി വിവിധ രൂപത്തിലുള്ള സമരത്തിനൊരുങ്ങുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി കോൺഫറൻസ് വിളിക്കുകയും, അനുകൂലമായ തീരുമാനം എടുക്കുകയും ചെയ്തെങ്കിലും പിന്നീട് മുമ്പോട്ടു

പോയതായി കാണുന്നില്ല. പലവട്ടം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതും അനുഭാവപൂർവ്വം മറുപടി നൽകിയിട്ടുള്ളതുമായ ഇക്കാര്യത്തെക്കുറിച്ച് അടിയന്തരമായി തീരുമാനമെടുക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ ഇബ്രാഹിം കുഞ്ഞ്): സർ, പള്ളിപ്പുറം പഞ്ചായത്തിൽ കോൺവെന്റ് ജംഗ്ഷനേയും ബീച്ച് റോഡിനേയും ബന്ധിപ്പിക്കുന്ന കോൺവെന്റ് ബീച്ച് പാലം നിർമ്മിക്കുന്നതിനായി 14-8-2009-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നതാണ്. പക്ഷേ അന്ന് പ്രവർത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. പാലത്തിന്റെ ഡിസൈൻ അംഗീകരിച്ചിട്ടുണ്ട്. പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി മുൻകൂർ ലഭ്യമാക്കുന്നതിന് സ്ഥലമുടമയിൽനിന്നും സമ്മതപത്രം വാങ്ങിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി ഇപ്പോൾ 19,50,00,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചു. ബഡ്ജറ്റിൽ ലഭ്യമായ തുക പരിമിതമായതിനാൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്-20 പദ്ധതിയിൽ ഉൾപ്പെടുത്തി പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (35) റിംഗ് റോഡ് യാഥാർത്ഥ്യമാക്കൽ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന സ്ഥലമാണ് കുന്നംകുളം ടൗൺ. കാസർഗോഡു മുതൽ വടക്കൻ ജില്ലകളിൽ നിന്നുള്ള ആയിരക്കണക്കിന് വാഹനങ്ങളാണ് തൃശ്ശൂരിലേക്കും തെക്കൻ ജില്ലകളിലേക്കും ഇതുവഴി കടന്നുപോകുന്നത്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും ഗുരുവായൂരിലേയ്ക്കും ശബരിമലയിലേക്കും തീർത്ഥാടത്തിനെത്തുന്ന ആയിരക്കണക്കിന് വാഹനങ്ങളും ചരക്ക് ലോറികളും ഈ ടൗണിലൂടെയാണ് കടന്നുപോകുന്നത്. ഈ വാഹനങ്ങളെല്ലാമാകുമ്പോൾ ടൗണിൽ എല്ലാസമയത്തും വലിയ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു. കുന്നംകുളത്തെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിന് ടൗണിന് ചുറ്റുമായി ഒരു റിംഗ് റോഡ് നിർമ്മിക്കുന്നതിന് 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് 4 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. തുടർവർഷങ്ങളിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. 2014-15 ബഡ്ജറ്റിൽ റിംഗ് റോഡ് നിർമ്മിക്കുന്നതിന് 8 കോടി രൂപ വകയിരുത്തണമെന്ന് ഞാൻ കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു എങ്കിലും 100 രൂപയുടെ ടോക്കൺ തുകയല്ലാതെ മതിയായ തുക വകയിരുത്തിയിട്ടില്ല. വലിയ ഗതാഗത പ്രാധാന്യമുള്ള കുന്നംകുളം

ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് റിംഗ് റോഡ് അത്യന്താപേക്ഷിതമാണ്. ഇത് യാഥാർത്ഥ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരി ഇവിടെ ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. കുന്നംകുളം ടൗണിൽ റിംഗ് റോഡ് നിർമ്മിക്കുന്നത് ഒരു പ്രധാന പദ്ധതിയാണ്. ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടില്ല. ഇത് എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യും മറ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതിനുശേഷം അതെങ്ങനെ പ്രായോഗിക മാക്കാമെന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്.

## (36) ചെങ്കുളം-കല്ലുവാതുക്കൽ-വേളമാനൂർ റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീ. ജി. എസ്. ജയലാൽ : സർ, കൊല്ലം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് ചെങ്കുളം-കല്ലുവാതുക്കൽ-വേളമാനൂർ റോഡ്. എൻ. എച്ച്. 66-ഉം കൊല്ലം-കുളത്തൂപ്പുഴ കെ.എസ്.റ്റി.പി. റോഡുമായി ബന്ധിപ്പിക്കുന്ന റോഡാണിത്. ഈ റോഡ് ദീർഘനാളായി പൊളിഞ്ഞുകിടക്കുകയാണ്. കഴിഞ്ഞ വർഷം ചേർന്ന കൊല്ലം ജില്ലയിലെ എം.എൽ.എ-മാരുടെ മീറ്റിംഗിലൂടെയും പത്രവാർത്തയിലൂടെയും അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവന്ന റോഡാണിത്. മനോരമ ചാനൽ ഉയർത്തിയ ഒരു വാർത്തയുമായി ബന്ധപ്പെട്ട് പരാമർശങ്ങൾ വന്നതാണ്. ആ റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി വളരെ ദയനീയമാണ്. കല്ലുവാതുക്കൽ, വെളിനല്ലൂർ, പൂയപ്പള്ളി, കൊട്ടാരക്കര, ചടയമംഗലം പ്രദേശങ്ങളെ ബന്ധിക്കുന്ന പതിനായിര ക്കണക്കിന് ആളുകൾക്ക് പ്രയോജനപ്പെടുന്ന റോഡാണ്. കൊട്ടാരക്കരയിൽനിന്ന് തിരുവനന്തപുരത്തേക്ക് വരുന്നതിനും ആളുകൾ കൂടുതൽ ആശ്രയിക്കുന്നത് ഈ റോഡാണ്. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജുൾപ്പെടെയുള്ള സ്ഥലങ്ങളിലേക്കും ഐ.ഒ.സി. പ്ലാന്റിലേക്കുമുള്ള വലിയ വാഹനങ്ങളുൾപ്പെടെ കടന്നുപോകുന്ന റോഡാണിത്. ആ റോഡ് ശരിയാക്കുന്നതിനുവേണ്ടി നിരവധി അപേക്ഷകൾ നൽകിയിട്ടുണ്ട്. അതിൽ 7 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് വലിയ പ്രതിഷേധങ്ങൾ അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഭരണാനുമതി തരണമെന്ന് അപേക്ഷിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചെങ്കുളം-കല്ലുവാതുക്കൽ-വേളമാനൂർ റോഡ് ഉപരിതലം ഉയർത്തി ബി.എം. ആന്റ്

ബി.സി. ചെയ്ത് നവീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിലേക്കായി 7 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 15-7-2014-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

### 37 ചങ്ങാടക്കടവ് പാലം നിർമ്മാണം

ശ്രീ. എ. റ്റി. ജോർജ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ നെയ്യാർ റിസർവോയറിന് കുറുകെ ഒരു പാലം വേണമെന്ന ആവശ്യത്തിന് ഏകദേശം എന്റെ പ്രായത്തേക്കാൾ പഴക്കമുണ്ട്. ചങ്ങാടക്കടവ് പ്രദേശം അമ്പൂരി ഗ്രാമപഞ്ചായത്തിൽ നെയ്യാർ റിസർവോയർ ഉൾപ്പെട്ട പ്രദേശമാണ്. കുന്നത്തുമല, തെന്മല, ശംഖുക്കോണം, കൊമ്പ, പുലയിമല, അയ്യൻവിളാകം, കൈപ്പൻപ്ലാവിള, ചാക്കപ്പാറ, കണ്ണുമാമൂട്, വള്ളുകാട്, കാരിക്കുഴി എന്നിങ്ങനെ പതിനൊന്ന് ആദിവാസി സെറ്റിൽമെന്റ് കോളനിയിലെ ആദിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടാനുള്ള ഏക ആശ്രയം ഇപ്പോൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ചങ്ങാടക്കടവ് പാലം മാത്രമാണ്. സ്കൂൾ കുട്ടികൾ ഉൾപ്പെടെ ധാരാളം ആളുകൾ ദിവസേന നെയ്യാർ റിസർവ്വോയറിലൂടെ യാത്ര ചെയ്യുന്നത് സ്വന്തമായി കെട്ടിയുണ്ടാക്കിയ ചങ്ങാടങ്ങൾ ഉപയോഗിച്ചാണ്. കാലവർഷം ആരംഭിച്ചാൽ യാത്ര വളരെ അപകടം പിടിച്ചതാണ്. കഴിഞ്ഞ കാലങ്ങളിൽ സ്കൂൾ കുട്ടികൾക്ക് മരണം വരെ സംഭവിച്ചിട്ടുണ്ട്. ദീർഘനാളായുള്ള ആദിവാസികളുടെ ആവശ്യമാണ് ഈ ചങ്ങാടക്കടവ് പാലം നിർമ്മാണം. ചങ്ങാടക്കടവ് പാലം നിർമ്മിക്കുന്നതിന് മണ്ണ് പരിശോധനയും മറ്റു പ്രാഥമിക നടപടികളും പൂർത്തിയാക്കി 12 കോടി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും ബ്രിഡ്ജസ് ചീഫ് എഞ്ചിനീയർ മാസങ്ങൾക്കുമുമ്പ് സമർപ്പി ച്ചിരിക്കുകയാണ്. 8-3-2012-ൽ ഈ വിഷയം ഞാൻ ഈ സഭയിൽ ഉന്നയിച്ചിരുന്നു. വീണ്ടും ഒരു ദുരന്തം ഉണ്ടാകുന്നതിനുമുമ്പ് ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ചങ്ങാടക്കടവ് പാലം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാറശ്ശാല നിയോജക മണ്ഡലത്തിൽ കരിപ്പുഴയാറിന് കുറുകേ ചങ്ങാടക്കടവിൽ പാലം നിർമ്മിക്കുന്നതിന് ആർ.ഐ.ഡി.എഫ്.-18-ൽ ഉൾക്കൊള്ളിച്ചുകൊണ്ട് ഭരണാനുമതി ലഭിക്കുന്നതിന് 890 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ ആർ.ഐ.ഡി.എഫ്.-18-ൽ പൊതുമരാമത്ത് വകുപ്പിനുള്ള

സെക്ടർ അലോക്കേഷനിലെ തുക പരിമിതമായതിനാൽ ഇത് പരിഗണിക്കാൻ സാധിച്ചില്ല. 2014-15-ൽ ആർ.ഐ.ഡി.എഫ്.-20-ൽ മതിയായ സെക്ടർ അലോക്കഷൻ തുക പൊതുമരാമത്ത് വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ഈ പാലം പണി നബാർഡ് ധനസഹായത്തോടെ ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (38) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ഡോ. കെ. ടി. ജലീൽ: സർ, സാങ്കേതികമായി എന്റെ നിയോജക മണ്ഡലത്തിൽപ്പെടുന്ന ഒരു കാര്യമാണെങ്കിലും സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും നിലനിൽക്കുന്ന ഒരു വിഷയവും കൂടിയാണിത്. റിലയൻസ് ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികളുടെ കേബിൾ പി.ഡബ്ല്യൂ.ഡി. റോഡുകളിലും റബ്ബറൈസ്ഡ് റോഡുകളിലുമിട്ട് റോഡുകൾ മുഴുവൻ തകരാറുകളിലാകുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ആളുകൾ ഇതിനോട് പ്രതിഷേധിക്കാത്തത് സർക്കാർ കമ്പനികളുടേയോ സർക്കാർ സംവിധാനങ്ങളുടെയോ കേബിളുകളാണ് ഇത് എന്ന് തെറ്റിദ്ധരിച്ചിട്ടാണ്. സ്വകാര്യ കമ്പനികൾ റോഡ് വെട്ടിപ്പൊളിക്കുമ്പോൾ അത് നന്നാക്കാനുള്ള പണം അവർതന്നെ സംസ്ഥാന പി.ഡബ്ല്യൂ.ഡി. ഡിപ്പാർട്ട്മെന്റിൽ കെട്ടിവയ്ക്കുന്നുണ്ടെന്നാണ് പറയുന്നത്. എന്നാൽ നമ്മുടെ റബ്ബറൈസ്ഡ് റോഡുകൾ കുഴിച്ച് കേബിൾ ഇടുന്നതിനെത്തുടർന്ന് കേടുപാടുകൾ വരുന്ന റോഡുകൾ നന്നാക്കാൻ അവർ കെട്ടിവയ്ക്കുന്ന നാമമാത്ര സംഖ്യയേക്കാൾ എത്രയോ ഇരട്ടിയാണ് ഇവ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ചെലവ് വരുന്നത്. കേബിളുകൾ സ്ഥാപിക്കുമ്പോൾ റോഡുകളുടെ അറ്റകുറ്റപണികൾക്ക് കേബിളിട്ട ഉടനെ പണം അനുവദിക്കുന്നതിനും ബന്ധപ്പെട്ട റോഡുകൾ നേരെയാക്കുന്നതിനും പി.ഡബ്ല്യൂ.ഡി.യും വകുപ്പുമന്ത്രിയും തയ്യാറാകണം. എൻെറ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ചമ്രവട്ടം, പുറത്തൂർ, ആലത്തൂർ പള്ളിക്കടവ് റോഡുകളിൽ സ്വകാര്യ കമ്പനികളുടെ കേബിൾ സ്ഥാപിച്ച് റോഡുകൾ മുഴുവൻ ഗതാഗത യോഗ്യമല്ലാതായിരിക്കുകയാണ്. ഈ റോഡുകൾ മുഴുവൻ അറ്റകുറ്റപണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ കേബിളുകൾ ഇടുന്ന കാര്യത്തിൽ ഗവൺമെന്റ് അത്ര വലിയ താൽപ്പര്യം കാണിച്ചിരുന്നില്ല. പക്ഷേ 4 ജി പോലുള്ള അത്യന്താധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ നിന്ന് കേരളത്തെ തടയുമെന്ന് പലരും ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് അത്തരത്തിലുള്ള കേബിളുകൾ ഇടുന്നതിന് പിന്നീട് അനുവാദം കൊടുത്തത്. അനുവാദം കൊടുത്തപ്പോൾതന്നെ അതിന്റെ കേബിളുകൾ സ്ഥാപിച്ചാലുടൻ restoration ജോലികൾ നടത്തണമെന്നും അതിനുള്ള

സംവിധാനം ചെയ്യണമെന്നും പ്രത്യേകം പറഞ്ഞിരുന്നു. ഏതായാലും തവനൂർ മണ്ഡലത്തിലെ തിരൂർ, ചമ്രവട്ടം, ആലത്തിയൂർ, മംഗലം, കൂട്ടായിക്കടവ്, പള്ളിക്കടവ്, ടിപ്പുസുൽത്താൻ, പുറത്തൂർ തുടങ്ങിയ റോഡുകളിൽ കുഴിയെടുത്തതിന്റെ restoration ശരിയായ രീതിയിൽ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (39) ഗട്ടറിൽ വീണ് മരണം

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഇന്നലെ രാവിലെ എന്റെ മണ്ഡലത്തിലെ മല്ലപ്പള്ളിയിൽ വച്ച് പി.ഡബ്ല്യു.ഡി. റോഡിന്റെ നടുക്കുണ്ടായ ഗട്ടറിൽ വീണ് ഒരു വീട്ടമ്മ മരിക്കാനിടയായ സംഭവമാണ് സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. പി.ഡബ്ല്യു.ഡി. റോഡിന്റെ നടുക്ക് രൂപപ്പെട്ട ഗട്ടറിൽ വീണ് 38 വയസ്സുള്ള ബീനാ ഷാജി എന്ന വീട്ടമ്മ മരിക്കാനിടയായി. റോഡിന് നടുവിൽ ഈ കുഴി രൂപപ്പെട്ടിട്ട് കുറച്ചുദിവസങ്ങളായി. അത് മൂടണമെന്ന് അധികാരികളുടെ മുമ്പിൽ പലയാളുകളും ശ്രദ്ധയിൽപ്പെടുത്തിയിട്ടും അനക്കമുണ്ടായില്ല എന്ന് നാട്ടുകാർക്കിടയിൽ പ്രതിഷേധമുണ്ട്. പ്ലസ് വൺ-ന് പ്രവേശനം ലഭിച്ച കുട്ടിയെ സ്കൂളിൽ കൊണ്ടുചെന്നാക്കി സന്തോഷത്തോടെ മടങ്ങുമ്പോഴാണ് സ്കൂട്ടർ യാത്രികയായ വീട്ടമ്മ ഇന്നലെ വീണത്. തലയിൽ ഹെൽമറ്റ് ഉണ്ടായിട്ടും തലയ്ക്ക് പരിക്കേറ്റ് മരിക്കുകയാണുണ്ടായത്. അതീവ ദാരുണമായ ഈ അപകട മരണത്തെപ്പറ്റി വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് അന്വേഷിക്കണമെന്നും മരണപ്പെട്ട ആളിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നും മരണം വിതയ്ക്കുന്ന തരത്തിൽ അപകടകരമായിക്കാണുന്ന പി.ഡബ്ല്യു.ഡി. റോഡിലെ കുഴികൾ, പ്രത്യേകിച്ച് ആ പ്രദേശത്തുള്ള റോഡുകൾ, യുദ്ധകാലാടിസ്ഥാനത്തിൽ മൂടി കൂടുതൽ അപകടങ്ങൾ ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, വളരെ ദൗർഭാഗ്യകരമായ ഒരു സംഭവമാണ് ബഹുമാനപ്പെട്ട മാത്യു. റ്റി. തോമസ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. തീർച്ചയായും അത് ദൗർഭാഗ്യകരമാണ്. നമ്മുടെ സംസ്ഥാനത്തെ റോഡുകൾ താരതമ്യേന വളരെ മെച്ചപ്പെട്ടതും കുഴിയില്ലാത്തതുമാണ്. ചില സ്ഥലങ്ങളിൽ മഴയ്ക്കുശേഷം കുഴി രൂപപ്പെട്ട് വന്നിട്ടുണ്ട്. ആ കുഴികൾ അടയ്ക്കുന്നതിന് ഗവൺമെന്റ് ഓരോ ഡിവിഷനിലും ഒരു കോടിരൂപ വീതം നൽകിയിട്ടുണ്ട്. അതുപോലെ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ 257 കോടിരൂപയും നൽകിയിട്ടുണ്ട്. പക്ഷേ നിർഭാഗ്യവശാൽ പല കരാറുകളും ഏറ്റെടുക്കാൻ ആളില്ലാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. കുഴിമൂടുന്നത് ഉൾപ്പെടെയുള്ള കരാറുകൾ ഏറ്റെടുക്കാൻ കരാറുകാർ മുന്നോട്ടുവരുന്നില്ല. അങ്ങനെ

ഒരു ദൗർഭാഗ്യകരമായ ഒരവസ്ഥയും കൂടിയുണ്ട്. ഏതായാലും ഇന്നലെ ഈ സംഭവം ശ്രദ്ധയിൽപ്പെട്ടതോടുകൂടി സംസ്ഥാനത്തുള്ള എല്ലാ പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥരെയും അലർട്ട് ആക്കിയിട്ടുണ്ട്. ഏതെങ്കിലും വിധത്തിൽ കരാറുകാർ ഏറ്റെടുക്കുന്നില്ലെങ്കിൽ കുഴി രൂപപ്പെട്ടിട്ടുള്ള എല്ലാഭാഗങ്ങളും പരിശോധിച്ച് നേരിട്ട് കുഴി അടയ്ക്കുന്നതിനുള്ള സംവിധാനം ചെയ്യാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ ഒരന്വേഷണം നടത്തുന്നതാണ്. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. നഷ്ടപരിഹാരത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് തീരുമാനമെടുക്കേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വളരെ നിർഭാഗ്യകരമായ ഒരു സംഭവമായിപ്പോയി. ആ സമയത്തുതന്നെ വകുപ്പുമന്ത്രി ഉദ്യോഗസ്ഥന്മാർക്കെല്ലാം ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. അവിടത്തെ മാത്രമല്ല കേരളത്തിലൊട്ടാകെയുള്ള റോഡുകളിലെ കുഴി അടയ്ക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. നിർഭാഗ്യമെന്നു പറഞ്ഞാൽ കുഴി അടയ്ക്കുന്ന വർക്കുകൾ തൊട്ടടുത്ത സ്ഥലങ്ങളിലൊക്കെ നടന്നു കൊണ്ടിരിക്കുകയായിരുന്നു. സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചു. അവർക്ക് സഹായം കൊടുക്കുന്ന കാര്യം ഗവൺമെന്റ് നിശ്ചയമായും പരിഗണിക്കും.

## V മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

ജി.ഒ. (എംഎസ്.) നമ്പർ 128/2014/ഹോം തീയതി 24-6-2014 (എസ്.ആർ.ഒ. നമ്പർ 377/2014).

II. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 95/2014/റ്റി.ഡി. തീയതി 19-6-2014 (എസ്.ആർ.ഒ. നമ്പർ 363/2014)
2. ജി.ഒ. (പി) നമ്പർ 96/2014/റ്റി.ഡി. തീയതി 19-6-2014

(എസ്.ആർ.ഒ. നമ്പർ 364/2014)

III. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ. (പി)നമ്പർ 20/2014/പി.ഡി. തീയതി 28-5-2014 (എസ്.ആർ.ഒ. നമ്പർ 348/2014)
2. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2012-13-ലെ വാർഷിക ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IV. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

ജി.ഒ. (പി) നമ്പർ 48/2014/എഫ്. ആന്റ് പി.ഡി. തീയതി 13-6-2014 (എസ്.ആർ.ഒ. നമ്പർ 354/2014)

V. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 72/2014/കോ-ഓപ്. തീയതി 6-6-2014 (എസ്.ആർ.ഒ. നമ്പർ 367/2014)
2. ജി.ഒ. (പി) നമ്പർ 74/2014/കോ-ഓപ്. തീയതി 12-6-2014 (എസ്.ആർ.ഒ. നമ്പർ 368/2014)
3. ജി.ഒ. (പി) നമ്പർ 75/2014/കോ-ഓപ്. തീയതി 12-6-2014 (എസ്.ആർ.ഒ. നമ്പർ 369/2014)
4. ജി.ഒ. (പി) നമ്പർ 76/2014/കോ-ഓപ്. തീയതി 13-6-2014 (എസ്.ആർ.ഒ. നമ്പർ 370/2014)
5. ജി.ഒ. (പി) നമ്പർ 80/2014/കോ-ഓപ്. തീയതി 24-6-2014 (എസ്.ആർ.ഒ. നമ്പർ 372/2014)
6. ജി.ഒ. (പി) നമ്പർ 81/2014/കോ-ഓപ്. തീയതി 24-6-2014 (എസ്.ആർ.ഒ. നമ്പർ 373/2014)
7. ജി.ഒ. (പി) നമ്പർ 82/2014/കോ-ഓപ്. തീയതി 24-6-2014 (എസ്.ആർ.ഒ. നമ്പർ 383/2014)
8. ജി.ഒ.(പി) നമ്പർ 83/2014/കോ-ഓപ്. തീയതി 25-6-2014 (എസ്.ആർ.ഒ. നമ്പർ 384/2014)

VI. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

സ.ഉ.(അച്ചടി) നമ്പർ 20/14/കാ.യു.വ. തീയതി 27-5-2014

(എസ്.ആർ.ഒ. നമ്പർ 323/2014)

VII. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 115/2014/എ.ഡി. തീയതി 31-5-2014 (എസ്.ആർ.ഒ. നമ്പർ 365/2014)
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2011-12 ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2012-13-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

VIII. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 68/2014/റ്റി.ഡി. തീയതി 15-5-2014 (എസ്.ആർ.ഒ. നമ്പർ 290/2014)
2. ജി.ഒ. (പി) നമ്പർ 69/2014/റ്റി.ഡി. തീയതി 15-5-2014 (എസ്.ആർ.ഒ. നമ്പർ 291/2014)

IX. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

ജി.ഒ. (എംഎസ്.) നമ്പർ 100/2014/എൽ.എസ്.ജി.ഡി. തീയതി 6-6-2014 (എസ്.ആർ.ഒ. നമ്പർ 355/2014)

X. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ. (എംഎസ്.) നമ്പർ 119/2014/ഹോം തീയതി 10-6-2014 (എസ്.ആർ.ഒ. നമ്പർ 358/2014)
2. ജി.ഒ. (ആർറ്റി.) നമ്പർ 1626/2014/ഹോം തീയതി 10-6-2014 (എസ്.ആർ.ഒ. നമ്പർ 366/2014)
3. ജി.ഒ. (എംഎസ്.) നമ്പർ 130/2014/ഹോം തീയതി 26-6-2014 (എസ്.ആർ.ഒ. നമ്പർ 385/2014)

4. ജി.ഒ. (എംഎസ്.) നമ്പർ 129/2014/ഹോം തീയതി 26-6-2014 (എസ്.ആർ.ഒ. നമ്പർ 386/2014)

XI. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. ജി.ഒ. (ആർറ്റി.) നമ്പർ 745/2010/എൽ.ബി.ആർ. തീയതി 22-4-2010 (എസ്.ആർ.ഒ. നമ്പർ 613/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (ആർറ്റി.) നമ്പർ 757/2010/എൽ.ബി.ആർ. തീയതി 23-4-2010 (എസ്.ആർ.ഒ. നമ്പർ 615/2010, 616/2010, 617/2010, 618/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ. (ആർറ്റി.) നമ്പർ 784/2010/എൽ.ബി.ആർ. തീയതി 29-4-2010 (എസ്.ആർ.ഒ. നമ്പർ 620/2010, 621/2010, 622/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (ആർറ്റി.) നമ്പർ 818/2010/എൽ.ബി.ആർ. തീയതി 7-5-2010 (എസ്.ആർ.ഒ. നമ്പർ 623/2010, 624/2010, 625/2010, 626/2010, 627/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
5. ജി.ഒ. (ആർറ്റി.) നമ്പർ 822/2010/എൽ.ബി.ആർ. തീയതി 7-5-2010 (എസ്.ആർ.ഒ. നമ്പർ 628/2010, 629/2010, 630/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
6. ജി.ഒ. (ആർറ്റി.) നമ്പർ 820/2010/എൽ.ബി.ആർ. തീയതി 7-5-2010 (എസ്.ആർ.ഒ. നമ്പർ 648/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
7. ജി.ഒ. (എംഎസ്.) നമ്പർ 70/2014/തൊഴിൽ തീയതി 23-6-2014 (എസ്.ആർ.ഒ. നമ്പർ 380/2014)
8. ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ (ഒഡെപെക്) 2011-12-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

XII. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. സ.ഉ. (പി) നമ്പർ 18/2014/കാ.യു.വ. തീയതി 13-5-2014 (എസ്.ആർ.ഒ. നമ്പർ 321/2014)
2. സ.ഉ. (അച്ചടിച്ചത്) നമ്പർ 52/2014/വനം തീയതി 11-6-2014 (എസ്.ആർ.ഒ. നമ്പർ 359/2014)
3. സ.ഉ. (അച്ചടിച്ചത്) നമ്പർ 51/2014/വനം തീയതി 7-6-2014 (എസ്.ആർ.ഒ. നമ്പർ 360/2014)
4. ജി.ഒ. (ആർറ്റി.) നമ്പർ 248/2014/ട്രാൻ. തീയതി 7-6-2014 (എസ്.ആർ.ഒ. നമ്പർ 362/2014)

XIII. നിയമസഭ സെക്രട്ടറി (ശ്രീ. പി. ഡി. ശാരംഗധരൻ): സർ, നിയമസഭ പാസ്സാക്കിയ, ഗവർണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ബിൽ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്ട്
(2014-ലെ 25-ാം ആക്ട്)

(2) ലിസ്റ്റ് 2 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1229 പത്താം സമ്മേളനത്തിലെ 4960 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

2. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 5189 നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 685

നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4759 നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(3) ലിസ്റ്റ് 3 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

1. സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന "2070-00-003-98-ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനുള്ള വരിസംഖ്യ" എന്ന കണക്കിനത്തിലും "2070-00-003-99-ഐ.എ.എസ്. പ്രൊബേഷണർമാരുടെ പരിശീലനം" എന്ന കണക്കിനത്തിലുള്ള പൊതുഭരണ വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കയർ വികസന വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

3. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ജലവിഭവ വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ജലവിഭവ വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

4. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2012-13 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

## VI. റിപ്പോർട്ട് സമർപ്പണം

1. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, VII-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 239 (3) പ്രകാരം സമിതിയുടെ ചർച്ചയുടെ ഒരു സംക്ഷേപം സമർപ്പിക്കുന്നു.

2. ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 25-ാമതും 26-ാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നെല്ലിയാമ്പതി കരുണാ എസ്റ്റേറ്റിന് കരം അടയ്ക്കുന്നതിന് അനുമതിയുമായി ബന്ധപ്പെട്ട് ചർച്ച നടന്നിരുന്നു. അതിനെ സംബന്ധിച്ച് ഒരന്വേഷണം നടത്തുമെന്ന് പറഞ്ഞിരുന്നു. അന്വേഷണം നടത്തിയതിനുശേഷമുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, അടിയന്തര പ്രമേയത്തിന്റെ ഭാഗമായിട്ടാണ് ഈ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചത്. റിപ്പോർട്ടിന്റെ കോപ്പി മെമ്പർമാർക്ക് ലഭിക്കുമോ ?

മി. സ്പീക്കർ: ഇത്തരം റിപ്പോർട്ടുകൾ ലൈബ്രറിയിൽ വയ്ക്കുന്നതാണ് പതിവ്. ഓരോന്ന് എടുത്ത് കൊടുക്കാറില്ല. ആവശ്യമുള്ള അംഗങ്ങൾക്ക് ലൈബ്രറിയിൽ നിന്നും കോപ്പി എടുക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, അടിയന്തര പ്രമേയത്തിന് തുടർച്ചയായിട്ടാണല്ലോ റിപ്പോർട്ടുകൾ വയ്ക്കുന്നത്. അതിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ടുകൊണ്ട് പ്രതിപക്ഷത്തിന് മെറിറ്റിലേക്ക് കടന്ന് എന്തെങ്കിലും സംസാരിക്കണമെങ്കിൽ അതിന്റെ കോപ്പി

ലഭ്യമായേ പറ്റൂ. ഇപ്പോൾത്തന്നെ തന്നുകഴിഞ്ഞാൽ വളരെ ഉപകാരമായിരിക്കും.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ ഇത് ലൈബ്രറിയിൽ വയ്ക്കാം. സാധാരണ അങ്ങനെയാണ് ചെയ്യുന്നത്.

# VII ധനകാര്യം

## 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,21,81,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,25,01,000 രൂപയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,00,13,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,03,000 രൂപയുടെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,73,29,000 രൂപയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,58,09,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,32,03,000 രൂപയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 91,09,65,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,34,34,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,02,000 രൂപയുടെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 130,65,46,000 രൂപയുടെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,00,03,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 58,34,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 306,54,68,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 575,74,61,000 രൂപയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 70,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,20,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,57,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ 157,91,69,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 30,96,61,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 72,96,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 59,04,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2547,64,12,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,05,000 രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,15,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 400,98,38,000 രൂപയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,32,02,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 148,69,09,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,00,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,12,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: 180 മിനിട്ടാണ് ചർച്ചയ്ക്കുവേണ്ടി സാധാരണഗതിയിൽ അനുവദിക്കുന്നത്. ഇവിടെയും അത്രതന്നെയാണ്. സമയബന്ധിതമായി കാര്യങ്ങൾ നിങ്ങൾതന്നെ നിയന്ത്രിച്ചാൽ നല്ലത്.

1.00 PM]

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. 4854.63 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റുകളാണ് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്തരമൊരു ഡിമാന്റ് ഇവിടെ കൊണ്ടു വരുന്നതിന് എന്തു യുക്തിയാണ് ഈ ഗവൺമെന്റിന് മുന്നോട്ടുവയ്ക്കാനുള്ളത്. കക്ഷത്തിലുള്ളത് കാത്തുസൂക്ഷിക്കാൻ കഴിയാത്ത ആളുകൾക്കെങ്ങനെയാണ് പണക്കിഴി കൊടുക്കാൻ കഴിയുക; ഈ ഗവണ്മെന്റ് ഏതെങ്കിലും നിലയിൽ ധനകാര്യ മാനേജ്മെന്റ് ഫലപ്രദമായി നിർവ്വഹിച്ചിട്ടുണ്ടോ ? ഇവിടെ നിരവധി പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടു, പ്രഖ്യാപിച്ചതിൽ ഏതെങ്കിലും ഫലപ്രദമായി നിർവ്വഹിക്കാൻ സാധിച്ചോ? ഒരുതരത്തിലും ഈ ഡിമാന്റിന് ആർഹതയില്ലാത്ത, ആത്മാർത്ഥമായി നികുതി സമാഹരിക്കാത്ത, അനുവദിച്ച തുക ചിലവഴിക്കാൻ യാതൊരു മര്യാദയും കാണിക്കാത്ത ഒരു ഗവൺമെന്റാണിത്. ഇത്തരമൊരു ഉപധനാഭ്യർത്ഥന കൊണ്ടുവരുന്നതിന് ഗവൺമെന്റിന് യാതൊരു യുക്തിയും പറയുവാനില്ല. അതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ സപ്ലിമെന്ററി ഡിമാന്റിന്റെ പേജ് 11-ൽ ഒരു അഭ്യർത്ഥന മുന്നോട്ടുവച്ചിട്ടുണ്ട്. ലഹരി വിമുക്ത കേരളത്തിനുവേണ്ടിയാണത്. എന്താണ് ഈ ഗവൺമെന്റിന്റെ ലഹരിയെ സംബന്ധിച്ച നയം; നാളെ ഈ സഭ അവസാനിക്കാൻ പോകുകയാണ്. ഈ

ഗവൺമെന്റിനും അതിന്റെ രാഷ്ട്രീയ നേതൃത്വത്തിനും മദ്യവുമായി ബന്ധപ്പെട്ട ഒരു നയമുണ്ടോ; 418 ബാറുകൾ പൂട്ടിയിട്ട് പരസ്പരം പോരടിച്ചുകൊണ്ട് ഗ്രൂപ്പ്പോര് നടത്തിക്കൊണ്ടിരിക്കുന്ന ഒരു നേതൃത്വമാണിവിടെയുള്ളത്. നിങ്ങൾ ബാർ പൂട്ടാനാണോ അതോ തുറക്കാനാണോ ഉദ്ദേശിക്കുന്നത്? ഇവിടെ ശ്രീ. കെ. ശിവദാസൻ നായർ കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ ആറൻമുള വിമാനത്താവളവുമായി ബന്ധപ്പെട്ടുകൊണ്ടാണ് പറഞ്ഞതെങ്കിലും അദ്ദേഹം ഈ ഗവൺമെന്റിന്റെ സ്വഭാവത്തെയാണ് പറഞ്ഞത്. അദ്ദേഹം പറഞ്ഞത് to be or not to be ഏതെങ്കിലുമൊന്ന് ഒരു ഗവൺമെന്റിന് ഉണ്ടാകണമെന്ന്. രണ്ടുമില്ലാത്ത ഒരു ഗവൺമെന്റായിട്ട് നിന്നാൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല എന്ന് ഭരണപക്ഷത്തിന്റെ ഭാഗമായ ഒരു എം.എൽ.എ. ആണ് പറഞ്ഞത്. എന്താണ് കേരളത്തിലെ മദ്യമേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സഭ ഒന്നര മാസം ചേർന്നിട്ടും മദ്യനയം സംബന്ധിച്ച് വ്യക്തമായി പറയാനോ നടപ്പാക്കാനോ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. മദ്യമുതലാളിമാരെ പരമാവധി ഭീഷണിപ്പെടുത്തി നിങ്ങൾക്കിത് കിട്ടില്ല എന്നൊരു പൊതുബോധം സൃഷ്ടിച്ച് അവസാനം ഇത് കൊടുക്കാനല്ലേ ആസൂത്രണം ചെയ്യപ്പെടുന്നത്. ഞങ്ങൾ ഈ 418 ബാറുകളും ഇനി തുറക്കാൻ പോകുന്നില്ല എന്ന് ചങ്കുറ്റത്തോടുകൂടി ധൈര്യസമേതം പ്രഖ്യാപിക്കാൻ സാധിക്കുമോ, അതാണ് നിങ്ങളുടെ നയമെങ്കിൽ നിങ്ങളത് പ്രഖ്യാപിക്കണം. കോടതിയിൽ നിന്ന് നിങ്ങളോട് ആവശ്യപ്പെട്ടത് നിങ്ങളൊരു നയമെടുക്കണം അല്ലെങ്കിൽ ഒരു തീരുമാനമെടുക്കണമെന്നാണ്. ഈ കോടതിയുടെ കമന്റ് എന്തായിരുന്നു. നിങ്ങൾക്ക് ഇക്കാര്യത്തിലൊരു തീരുമാനമുണ്ടെങ്കിൽ ആ തീരുമാനം നിങ്ങൾ പറയണം, കോടതി പറഞ്ഞല്ലോ. കോടതി ആവശ്യപ്പെട്ടിട്ടുപോലും ഒരു തീരുമാനം പറയാതെ ആകാശത്തു നിൽക്കുന്ന ഒരു ഗവൺമെന്റിന് എങ്ങനെയാണ് ഉപധനാഭ്യർത്ഥന കൊടുക്കാൻ വേണ്ടി കഴിയുക. ഇതിൽ അഴിമതി സംശയിച്ചാൽ കുറ്റം പറയാൻ പറ്റുമോ. ഇവിടെ ഒരിക്കലും ബാർ തുറക്കാൻ അനുവാദം തരില്ല എന്നൊരു നിലപാട് സ്വീകരിക്കുക, തുടർച്ചയായി സമ്മർദ്ദത്തിലാക്കുക, അവസാനം കിട്ടാനിടയുണ്ടെന്ന് ഒരു തോന്നലുണ്ടാക്കുക, എന്നിട്ട് മുന്നിൽ വന്ന് വണങ്ങുന്നവർക്ക് അത് കൊടുക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനാണല്ലോ അഴിമതി എന്ന് പറയുന്നത്. ആ അഴിമതിക്ക് അനുസൃതമായ അന്തരീക്ഷം സൃഷ്ടിക്കുന്ന ഒരു ഗവൺമെന്റാണിതെന്നത് മദ്യ നയത്തിൽ തന്നെ തെളിഞ്ഞിരിക്കുകയല്ലേ. എന്തിനാണ് ഈ സപ്ലിമെന്ററി; കഴിഞ്ഞ മൂന്നു വർഷം നിങ്ങൾ ഫലപ്രദമായി നികുതി പിരിച്ചിട്ടുണ്ടോ; ഫലപ്രദമായി ചെലവഴിച്ചിട്ടുണ്ടോ; നികുതി പിരിച്ചിട്ടുമില്ല, ചെലവഴിച്ചിട്ടുമില്ല. ഈ വർഷം തന്നെ നിയമസഭയിൽ

തന്നൊരു കണക്കുണ്ട്. വാണിജ്യ നികുതി 6565.84 കോടി രൂപ പിരിച്ചെടുത്തിട്ടില്ല. ഇത് പ്രതിപക്ഷം പറഞ്ഞതല്ല. നിയമസഭയിൽ ധനകാര്യ വകുപ്പുമന്ത്രി നൽകിയിട്ടുള്ള ഒരു മറുപടിയാണ്. ഈ വർഷത്തെ മൂന്ന് മാസം കൂടി കൂട്ടിയാൽ അത് 2500 കോടിരൂപയോളം വരും. അതായത് 10000 കോടി രൂപയുടെ നികുതി വെട്ടിപ്പിന് കൂട്ടുനിന്നൊരു ഗവൺമെന്റാണിത്. വരുമാന സ്രോതസ്സുകളുമായിട്ട് ഈ ഗവൺമെന്റും അതിന്റെ നേതൃത്വവും എല്ലാം കോമ്പ്രമൈസിലാണ്. അതുകൊണ്ട് ഒരു വരുമാന സ്രോതസ്സിനെയും തൊടാൻ നിവൃത്തിയില്ല. കേന്ദ്ര ഗവൺമെന്റ് അന്തർസംസ്ഥാന ഇടപാടുകാർക്കുവേണ്ടി ആരംഭിച്ച ഒരു പദ്ധതിയാണ് സി ഫോറം. ചെക്ക് പോസ്റ്റുകളിൽ സി ഫോറം കൊടുക്കാം. സി ഫോറം തട്ടിപ്പ് നടത്തി 30000 വ്യാജ സി ഫോറങ്ങൾ കെട്ടിക്കിടക്കുകയാണ്. എന്തെങ്കിലും ഒരു ചെറുവിരൽ അനക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചോ. 2200 കോടി രൂപ ശമ്പളവും 2500 കോടി കരാറുകാർക്കും കൊടുക്കാനായി 5000 കോടി രൂപയ്ക്കുവേണ്ടി പാടുപെടുന്ന ഒരു ഗവൺമെന്റ്, 10000 കോടി രൂപയുടെ നികുതി പിരിച്ചെടുക്കാതെ ഇത്ര ധിക്കാരപരമായ സമീപനമാണ് തുടരുന്നത്. വ്യാപാരികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നിട്ടും വാണിജ്യനികുതിയെന്താണ് കുറഞ്ഞു പോകുന്നത്; ഏതാണ്ട് 2 ലക്ഷം വ്യാപാരികളുടെ എണ്ണം ഇവിടെ വർദ്ധിച്ചു കഴിഞ്ഞു. ശരാശരി 30000 വ്യാപാരികൾ ഒരു വർഷത്തിൽ വർദ്ധിക്കുന്നു എന്നതാണ് കണക്ക്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മോൻസ് ജോസഫ്)

എൽ.ഡി.എഫ്.-ന്റെ കാലത്ത് നികുതി പിരിവ് നടന്നിട്ടില്ലേ, അതുമായിട്ട് ഇതൊന്ന് താരതമ്യം ചെയ്യണ്ടേ. 10616 കോടി രൂപ 2008-ൽ ടാർഗറ്റ് വച്ചു. 11000 കോടിരൂപ പിരിച്ചെടുത്തു. 12000 കോടി രൂപ 2009-ൽ ടാർഗറ്റ് വച്ചു. 12770 കോടി രൂപ പിരിച്ചെടുത്തു. 2010-11-ൽ 15125 കോടി രൂപ ടാർഗറ്റ് നിശ്ചയിച്ചു. 15833 കോടിരൂപ പിരിച്ചെടുത്തു. ഇപ്പോൾ എന്താണ് സംഭവിക്കുന്നത്. നിങ്ങൾ 5000 കോടി രൂപയുടെ പാക്കേജിന് എ.എസ്. കൊടുത്തിട്ട് പോയതാണ്, ഞാനത് പറയേണ്ടിവന്നതുകൊണ്ടാണ് ഈ ബുദ്ധിമുട്ട് എന്നാണ് എപ്പോഴും മാണിസാർ പറയുന്നത്. അദ്ദേഹം 2011 ജൂലൈയിൽ പുറത്തിറക്കിയ ധവളപത്രത്തിൽ 3882 കോടി രൂപ ട്രഷറിയിലുള്ളതായിട്ട് വെളിപ്പെടുത്തിയിട്ടുണ്ട്. 3882 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചത് നഷ്ടമാണെന്നു പറഞ്ഞിരുന്ന ഗവൺമെന്റാണ് യു.ഡി.എഫ്.-ഗവൺമെന്റ്. ഇതിനൊക്കെ പലിശ കൊടുക്കാൻ ഞങ്ങൾ ബുദ്ധിമുട്ടുകയാണെന്നാണ് പറഞ്ഞിരുന്നത്. അതിന്റെ സ്ഥിതി ഇപ്പോൾ എന്താണ്? കേരളത്തിന്റെ പൊതുകടം യു.ഡി.എഫ്. അധികാരത്തിലാകുമ്പോൾ 78673 കോടി

രൂപ ആയിരുന്നത് ഇപ്പോൾ 1,17,596 കോടി രൂപയായി. ഇങ്ങനെ പൊതുകടം ഭീകരമായ രീതിയിൽ വർദ്ധിച്ചിരിക്കുകയാണ്. നിങ്ങൾക്ക് എന്തിനാണ് ഈ പണം കിട്ടുന്നത്, പണം കിട്ടിയാൽ നിങ്ങൾ ഭംഗിയായിട്ട് ചെലവഴിക്കുന്നുണ്ടോ; ഇവിടെ 2014 ജനവരിയിൽ നിങ്ങൾ ഒരു വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി. എന്താണ് അതിന്റെ അവസ്ഥ? അതിന് നിയമസഭയിൽ കിട്ടിയ ഒരു മറുപടിയാണിത്. ഒരു ശതമാനം നടപ്പാക്കിയ രണ്ട് ഡിപ്പാർട്ടുമെന്റുകളേയുള്ളു. ബാക്കിയെല്ലാം പൂജ്യമാണ്. ഇത് ശൂന്യതയിൽ നിന്ന് കിട്ടിയതല്ല. അഗ്രികൾച്ചർ, 1059 കോടി രൂപയായിരുന്നു പ്ലാൻ ചെയ്തത്, ചെലവാക്കിയത് 7.11 കോടി രൂപ, ഒരു ശതമാനമാണ്. വാട്ടർ റിസോഴ്സസ്, ചെലവാക്കിയത് ഒരു ശതമാനമാണ്. ഈ രണ്ടു വകുപ്പുകൾ മാത്രമാണ് ഒരു ശതമാനം ചെലവാക്കിയത്. ബാക്കിയെല്ലാം പൂജ്യം. ഈ പൂജ്യത്തിന്റെ പട്ടിക ഞങ്ങൾ കണ്ടെത്തിയതല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനവുമായി ബന്ധപ്പെട്ട് ഇന്നലെ C&AG-യുടെ റിപ്പോർട്ട് പുറത്തു വന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ വിനിയോഗം 47.32 ശതമാനം മാത്രമാണ്. നഗരവികസനത്തിന് വകയിരുത്തപ്പെട്ട തുക 50 ശതമാനവും ലാപ്സാക്കി. ഇന്നലെ കിട്ടിയ C&AG-യുടെ റിപ്പോർട്ടിൽ, നഗരവികസനം, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം, തൊഴിൽ തുടങ്ങിയവ ഉൾപ്പെട്ട 11 ഇനങ്ങളിൽ പകുതിയോളം തുക ചിലവഴിക്കപ്പെട്ടിട്ടില്ല. 33500-ഓളം തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു. ഖരമാലിന്യ പരിപാലനം, ശൗചാലയ നിർമ്മാണം, വീട് നിർമ്മാണം, കുടിവെള്ളം, ആരോഗ്യം, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ പദ്ധതികളാണ് പാതിവഴിയിൽ നിലച്ചുപോയത്. എന്താണ് അതിന്റെ കാരണം? വ്യത്യസ്ഥങ്ങളായ മാർഗ്ഗരേഖകൾ കൊടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സമ്മർദ്ദത്തിലാക്കുക. സാമ്പത്തിക വർഷം തുടങ്ങി നാലര മാസങ്ങൾക്കുശേഷവും ഈ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്ന രീതി കൊണ്ടുവന്നു. ഇതൊക്കെ C&AG-യുടെ റിപ്പോർട്ടിൽ പറയുകയാണ്. 2011-12-ൽ തദ്ദേശസ്വയംഭരണ പദ്ധതി വിഹിതം 11030 കോടിരൂപ. ചെലവഴിച്ചത് 23.24 ശതമാനം. 2012-13-ൽ 14000 കോടിരൂപ. ചെലവഴിച്ചത് 21 ശതമാനം. ഈ വർഷവും സ്ഥിതി ഈ നിലയിൽത്തന്നെയല്ലേ തുടരുക. ഇത് എന്തുകൊണ്ടാണ് സംഭവിച്ചത്? ഇവിടെ തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്ന് കഷണങ്ങളാക്കി വീതം വച്ചു. ഒരു സബ്ജക്റ്റ് കമ്മിറ്റി പോലും ഫലപ്രദമായി ചേരാൻ കഴിയില്ല. മന്ത്രിമാർ മൂന്നായതുകൊണ്ട് തീരുമാനങ്ങളെടുക്കുന്നില്ല, കോ-ഓർഡിനേഷനില്ല, സംയുക്തമായ ആലോചനയില്ല. അങ്ങനെ കണ്ടംവച്ച കോട്ട് പോലെയായ തദ്ദേശസ്വയംഭരണ വകുപ്പ് ഈ കേരളത്തിലെ പഞ്ചായത്തുകളിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയല്ലേ? വികസന പ്രവർത്തനങ്ങളെ

തകർക്കുന്ന ഒരു വകുപ്പായി മാറി. അത് നിങ്ങളുടെ അധികാരത്തിന്റെ പങ്കുവയ്പ്പിന്റെ ഭാഗമായിട്ടല്ലേ സംഭവിച്ചത്? ഇവിടെ 2011 മുതൽ 2014 വരെയുള്ള ചെലവിനെ സംബന്ധിച്ച് നിയമസഭയിൽ കിട്ടിയ ഒരു ഉറപ്പുണ്ട്, പ്രൊഫ. സി. രവീന്ദ്രനാഥിന് കിട്ടിയ ഒരു ഉത്തരമാണ്. അതിൽ എന്താണ് പ്ലാനിന്റെ അവസ്ഥ എന്ന് പറഞ്ഞിട്ടുണ്ട്. നിരവധിയായ പ്രവൃത്തികൾ, നഗര വികസനം, 16 ശതമാനമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. സഭാസമ്മേളനത്തിൽ കിട്ടിയ ഉത്തരമാണ്. പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് 50 ശതമാനമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. പ്രകൃതിക്ഷോഭത്തിന്റെ പ്രശ്നം ഈ സഭയിൽ എത്രതവണ ഗൗരവമായി ഉന്നയിക്കപ്പെട്ടതാണ്. എവിടെയെല്ലാം ഭീകരമായ കടലാക്രമണങ്ങളുണ്ടായി, എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടായി. അനുവദിക്കപ്പെട്ട തുകയുടെ 50 ശതമാനമാണ് നിങ്ങൾ ചെലവഴിച്ചത്. സഹകരണം 58 ശതമാനം. സാമ്പത്തിക സർവ്വീസുകൾ 20 ശതമാനം, കേരളത്തിന്റെ ഏറ്റവും മർമ്മ പ്രധാനമായ വകുപ്പല്ലേ വാട്ടർ റിസോഴ്സ്. അതിനുവേണ്ടി ചിലവഴിച്ചത് 49 ശതമാനം. തുറമുഖങ്ങൾ 52 ശതമാനവും, ഗതാഗതം 45 ശതമാനവുമാണ്. അതിന് പകുതിയോളം തുക ലാപ്സാക്കുന്ന സമീപനം നിങ്ങൾ സ്വീകരിച്ചു. ഇങ്ങനെ ലഭിച്ച തുകയൊന്നും ചെലവഴിക്കാനുള്ള കാര്യശേഷിയില്ലാത്ത ഗവൺമെന്റായിട്ട് നിങ്ങൾ സ്വയം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവിടെ നടന്ന പദ്ധതി തന്നെ കോൺട്രാക്ടർമാരുടെ മിടുക്കുകൊണ്ടാണ്. മറ്റ് വാഗ്ദാനങ്ങൾ ഒരുപാട് ഇവിടെ നടന്നു. നെല്ല് സംഭരണത്തിന് 400 കോടി രൂപ കൊടുക്കുമെന്ന് നിങ്ങൾ പ്രഖ്യാപിച്ചതാണ്. അത് ഇതുവരെ കൊടുത്തിട്ടില്ല. തൊഴിലുറപ്പ് പദ്ധതി - 100 കോടി രൂപ ബാക്കിയാണ്. തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ച് ഈ കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടിക്ക് നാണവും മാനവുമുണ്ടെങ്കിൽ പ്രതികരിക്കേണ്ട മർമ്മ പ്രധാനമായ പ്രശ്നം വന്നിട്ടില്ലേ. മഹാത്മാഗാന്ധിയുടെ പേരിലുണ്ടായിരുന്ന തൊഴിലുറപ്പ് പദ്ധതി സംഘപരിവാറിന്റെ നേതൃത്വത്തിലുള്ള ശ്യാമപ്രസാദ് മുഖർജിയുടെ പേരിലേക്ക് മാറ്റിയിട്ട് നിങ്ങളൊരു പ്രതിഷേധ പ്രമേയം പാസ്സാക്കിയോ; പാർലമെന്റിൽ ഉന്നയിച്ചോ. ഗാന്ധി പിറന്ന ഗുജറാത്തിനെ നിങ്ങൾ ബി.ജെ.പി-ക്ക് കൊടുത്തു. ഗാന്ധിയെ നിങ്ങൾ ഗോഡ്സെയ്ക്ക് കൊടുത്തു. രാമരാജ്യത്തെ നിങ്ങൾ രാവണനെ ഏൽപ്പിച്ചു. ഗാന്ധിജിയുടെ രാമരാജ്യത്തെ രാവണനെ ഏൽപ്പിച്ച് നിശബ്ദത പാലിക്കുന്ന നിങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു നിലപാട് എടുക്കാൻ കഴിയുമോ. കേരളത്തിലെ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി ഒരു രൂപ ചെലവഴിക്കുവാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? ഇവിടെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിട്ടുള്ള അരക്ഷിതാവസ്ഥ തുടർന്നു പോകുകയാണ്. കേന്ദ്ര പദ്ധതി വിഹിതം ഇതേ അവസ്ഥയാണ്. മുഖ്യമന്ത്രി ആസൂത്രണ ബോർഡിനോട് ആവശ്യപ്പെട്ട ഒരു

രഹസ്യവിവരമുണ്ടായിരുന്നു. മൂന്ന് മന്ത്രിമാർ വട്ടപൂജ്യമാണ് ചെലവഴിച്ചത്. 2669 കോടിരൂപ കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടുകിട്ടി, നാലു പേര് 50 ശതമാനവും നാലുപേര് മൂന്നിലൊന്നുമാണ് ചെലവഴിച്ചത്. അത്രയും വലിയ നിരുത്തരവാദമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടു ചെലവഴിക്കുന്നതിൽ കാണിച്ചത്. ഇതിനെല്ലാം കാരണം, ഒരുതരം കുത്തഴിഞ്ഞ പുസ്തകം പോലെ ഈ ഗവൺമെന്റ് മാറിക്കഴിഞ്ഞതാണ്. അതിനൊരുദാഹരണമാണ് ഇവിടെത്തന്നെ കിട്ടിയിട്ടുള്ള മറ്റൊരു കണക്ക്, ക്യാബിനറ്റിൽ നോട്ടില്ലാതെ, കുറിപ്പില്ലാതെ വന്ന തീരുമാനങ്ങളുടെ കണക്ക് നിയമസഭയിൽ ചോദ്യമായി വന്നു. 1313 തീരുമാനങ്ങളാണ് യാതൊരു ഗൃഹപാഠവുമില്ലാതെ, എവിടെയും ചർച്ച ചെയ്യാതെ, ഒരു തരത്തിലുമുള്ള ഫയലുകളുമില്ലാതെ, മന്ത്രിമാർ കാതിൽ പറഞ്ഞ് നേടിയെടുത്ത് പോയിട്ടുള്ളത്. അതിൻെറ ഭാഗമായി ധനകാര്യ മാനേജ്മെന്റ് കുത്തഴിഞ്ഞു. അതിന്റെ ഭാഗമായിട്ട് ഗവൺമെന്റിന് നിൽക്കാൻ പറ്റാത്ത സാഹചര്യമുണ്ടായി. അതിന്റെ ഇടയിലാണ് മിഷൻ 676 നിങ്ങൾ പ്രഖ്യാപിച്ചത്. എന്താണീ മിഷൻ 676. മാണിസാർ തന്നെ പറയുന്നതു കേട്ടു, സ്വപ്നമൊന്നും കാണേണ്ട. "അരിമണിയൊന്നു കൊറിക്കാനില്ല, തരിവളയിട്ടു കിലുക്കാൻ മോഹം" എന്ന്. അങ്ങനെ തരിവളയൊന്നും ആരും ഇടേണ്ട എന്ന് മാണി സാർ തന്നെ പറഞ്ഞു. എന്താണീ 676, 786 ? നമ്മൾ കേട്ടിട്ടുണ്ട്, 786 എന്നു പറഞ്ഞാൽ "ബിസ്മില്ലാ റഹ്മാൻ റഹിം" എന്നാണ്. ഇസ്ലാം മതവിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പദമാണ്, "ദൈവത്തിന് സ്തുതി " എന്നത് ഇവിടെ 676 -ന് "തുംഫാർ അഫിഷാ ഹോ", "നീ നാശത്തിലേക്ക് പോ" എന്നാണ് മാണിസാർ പറഞ്ഞു കൊണ്ടിരിക്കുന്നത്. ഈ 676 ഗവൺമെന്റിന്റെ അന്ത്യത്തിൻെറ അവസാന ദിവസമാണ്, തകർച്ചയിലേക്ക് പോകുന്ന ഈ ബഡ്ജറ്റ് പ്രഖ്യാപനം, എന്താണ് മാണിസാർ തകർച്ചയിലേക്ക് പോകണമെന്ന ഈ നിലപാട് എടുക്കുവാൻ കാരണം, 382 പദ്ധതികളാണ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. 197 എണ്ണത്തിന് മാത്രമാണ് എ.എസ്. കൊടുക്കുവാൻ സാധിച്ചത്. ആ നിലയിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ നിർവഹിക്കുവാൻ സാധിക്കാത്ത, ഒരു തരത്തിലുമുള്ള ധനകാര്യ മാനേജ് മെന്റ് പാലിക്കാത്ത, ലഭിച്ച ഫണ്ട് ഫലപ്രദമായി ചെലവഴിക്കാൻ കഴിയാത്ത, നികുതി പിരിവുകാരിൽ നിന്നും നികുതി പിരിച്ചെടുക്കാത്ത, കൃത്യമായ ഒരു നയമില്ലാത്ത, To be or not to be എന്നു തീരുമാനിക്കാൻ സാധിക്കാത്ത, ഏറ്റവും മലിനമായ ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഒരു കാരണവശാലും അനുവദിക്കുവാൻ പറ്റാത്തതുകൊണ്ട് ഞാൻ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇത്തവണ 4854.63 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് വിവിധ വകുപ്പുകൾ സഭയുടെ മുൻപാകെ വച്ചിരിക്കുന്നത്. കൃഷി 130 കോടിരൂപ,

പൊതുജനാരോഗ്യം 575 കോടിരൂപ, ഗ്രാമവികസനം 2547 കോടിരൂപ, വ്യവസായം 148 കോടിരൂപ ഇങ്ങനെ പോകുന്നു. ഇത്തവണ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് നേരിട്ട് കൊടുക്കുന്നതിനുപകരം സ്റ്റേറ്റിന്റെ കൺസോളിഡേറ്റഡ് ഫണ്ടുവഴി ചെലവഴിക്കുന്നതു കൊണ്ടാണ് ഇത്രയും തുക വർദ്ധിച്ചിരിക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. ഈ വർഷം മുതൽ അത് ഒരു പുതിയ പരിഷ്കരണമാണ്. തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളൊക്കെ ട്രഷറികൾ വഴി പണം ചെലവഴിക്കുകയാണ്. അതുകൊണ്ട് പണം കൃത്യമായി അതാത് പദ്ധതികൾക്ക്, പ്രോഗ്രാമുകൾക്ക്, പ്രോജക്ടുകൾക്ക് എത്തണം എന്ന കാര്യം ഞാൻ അദ്യമായി ഓർമ്മിപ്പിക്കുകയാണ്. ഇവിടെയെല്ലാപേരും പറയുകയാണ് സാമ്പത്തിക പ്രതിസന്ധി വലിയ പ്രശ്നമാണ് എന്ന്. സാമ്പത്തിക പ്രതിസന്ധി പ്രവർത്തിക്കുന്ന എല്ലാ ഗവൺമെന്റുകൾക്കും സ്വാഭാവികമായും ഉണ്ടാകും. പി.ഡബ്ല്യൂ.ഡി. വകുപ്പിൽ ലാപ്സായിട്ടുള്ള കുറെ കഥയാണ് ശ്രീ. ശ്രീരാമകൃഷ്ണൻ വായിച്ചിട്ടുള്ളത്. ലാപ്സായി എന്നു പറയുന്നത് ശരിയല്ല. അത് പലതും അതിന്റെ ഓൺഗോയിംങ്ങ് പ്രോസസ്സ് നടക്കുകയാണ്. സ്വാഭാവികമായും ഫണ്ട് ചെലവഴിച്ചു കഴിയുമ്പോഴാണ് അതിൻെറ ചെലവായിട്ട് കണക്കാക്കുന്നത്. അതിന്റെ പ്രോസസ്സ് നടക്കുമ്പോൾ പൂർണ്ണമായും ചെലവഴിച്ചതായി വരില്ല. 300 ശതമാനം ചെലവഴിച്ച വകുപ്പുകൾ ഇവിടെയുണ്ട്. പി.ഡബ്ല്യൂ.ഡി., നമുക്ക് അലോട്ട് ചെയ്തു തന്നതിന്റെ 300 ശതമാനം ചിലവഴിച്ചു എന്നു മാത്രമല്ല കേരളത്തിൽ എത്ര വലിയ മാറ്റമാണ് റോഡിൻെറ കാര്യത്തിലുണ്ടായത്. ബി.എം. & ബി.സി. റോഡുകളാണ് കേരളത്തിലെ പ്രധാനപ്പെട്ട മിക്ക റോഡുകളും, അതൊന്നും കണ്ടില്ലാ എന്നു നടിക്കാനാകുകയില്ല. ഇവിടെ തൊഴിലുറപ്പ് പദ്ധതിയുടെ പേരു മാറ്റി, കോൺഗ്രസ്സുകാർ സംസാരിച്ചില്ല എന്നു ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. മഹാത്മാഗാന്ധിയുടെ പേരു മാറ്റിയാൽ അതിനെതിരെ ഈ രാജ്യത്ത് ശക്തമായ പ്രതിഷേധം നടത്താൻ കെൽപ്പുള്ള പാർട്ടിയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്. തെരഞ്ഞെടുപ്പിൽ രണ്ട് സീറ്റ് ചിലപ്പോൾ കുറഞ്ഞു പോയിക്കാണും, പക്ഷെ അങ്ങനെ ഏതോ ചില പത്ര വാർത്തകൾ വന്നു എന്നല്ലാതെ, ബഡ്ജറ്റ് പ്രസംഗത്തിലോ, അവരുടെ ഒരു പദ്ധതി പ്രഖ്യാപനത്തിലോ അതു കണ്ടില്ല. പുതുതായി ചില പദ്ധതികൾക്ക് ഏതോ ഒന്നു രണ്ട് ആളുകളുടെ പേരിട്ടു എന്നുള്ളതല്ലാതെ മഹാത്മാഗാന്ധിയുടെ പേരിലുള്ളതോ, ഇന്ദിരാഗാന്ധിയുടെ പേരിലുള്ളതോ ആയ ഒരു പദ്ധതിയുടേയും പേര് മാറ്റിയതായി ഔദ്യോഗികമായി ഞങ്ങൾ ഇതുവരേയും കണ്ടിട്ടില്ല. എനിക്ക് മാണിസാറിനോട് ഒരു കാര്യം പറയാനുള്ളത് നമുക്ക് ഇവിടെ സാമ്പത്തികമായി

കുറേ പ്രശ്നങ്ങളുണ്ട്, ഇല്ലാ എന്നു പറയുന്നില്ല. നികുതി പിരിവ് കുറച്ചുകൂടി ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് വർഷം വികസന രംഗത്ത് അത്ഭുതങ്ങൾ നടത്തിയിട്ടുള്ള ഗവൺമെന്റാണ്, ഇനിയും ആളുകൾ ഒരുപാട് പ്രതീക്ഷിക്കുന്നുണ്ട്. ഒരുപാട് ഓൺഗോയിംഗ് പ്രോജക്ടുകൾ, കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പ്രോജക്ടുകൾ. പക്ഷെ ഇവിടെ ചില മേഖലകളിൽ നമ്മുടെ ടാക്സേഷൻ കുറച്ചുകൂടി ശക്തമാക്കേണ്ടതായിട്ടുണ്ട്. കള്ളപ്പണക്കാരെ പിടിക്കുവാൻ വേണ്ടി ശ്രീ. രമേശ് ചെന്നിത്തലയോട് അഭ്യർത്ഥിക്കുവാനുള്ളത് ഓപ്പറേഷൻ കുബേരയുടെ മാതൃകയിൽ അതിന്റെ നാലിരട്ടി ശക്തിയോടുകൂടി ഫിനാൻസ് ഡിപ്പാർട്ടുമെന്റും, പോലീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് കള്ളപ്പണം പിടിച്ചെടുക്കുവാൻ വേണ്ടി അതിശക്തമായ നടപടി ഉണ്ടായാൽ നമ്മുടെ സംസ്ഥാനത്തെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിയും. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേന്ദ്ര ഗവൺമെന്റിന്റെ കറണ്ട് അക്കൗണ്ട് ഡഫിസിറ്റ് വരാനുള്ള പ്രധാനപ്പെട്ട രണ്ടു കാരണങ്ങൾ ഒന്ന് ഓയിലിന്റെ ഇറക്കുമതിയും, രണ്ട് സ്വർണ്ണത്തിന്റെ ഇറക്കുമതിയുമാണ്. ഓയിലിന്റെ ഇറക്കുമതി നമുക്ക് ഒഴിവാക്കാൻ കഴിയുകയില്ല. സ്വർണ്ണത്തിന്റെ ഇറക്കുമതി നമുക്ക് വേണമെങ്കിൽ ഒഴിവാക്കാൻ പറ്റുന്നതാണ്. സ്വർണ്ണവും, ഓയിലും നമ്മൾ ക്രമാതീതമായി ഇറക്കുമതി ചെയ്യുന്നത് കൊണ്ടാണ് നമുക്ക് നാണയപ്പെരുപ്പം ഉണ്ടാകുന്നത്, രൂപയുടെ മൂല്യം ഇടിയുന്നത്, വിലക്കയറ്റമുണ്ടാകുന്നത്. എനിക്ക് മാണിസാറിനോട് അഭ്യർത്ഥിക്കാനുള്ളത്, സ്വർണ്ണത്തിന് ഡ്യൂട്ടി വർദ്ധിപ്പിക്കണം. ഒരു കാരണവശാലും സ്വർണ്ണത്തിന്റെ ഡ്യൂട്ടി കുറക്കാൻ പാടില്ല. സ്വർണ്ണം ഒട്ടും ആവശ്യമുള്ള കാര്യമല്ല.

ഡോ. എൻ. ജയരാജ്: സർ, വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്ന ഫ്രഞ്ചുകാരനായ നോസ്ട്രാഡംസ് പ്രോഫസിയിൽ പറഞ്ഞ പല കാര്യങ്ങളും പിന്നീട് സംഭവിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞിട്ടുണ്ട് "The people will throw away the yellow metal" എന്ന്, ഇന്നല്ലെങ്കിൽ നാളെ ഈ മഞ്ഞ ലോഹം മനുഷ്യൻ വലിച്ചെറിയുന്ന ഒരു കാലമുണ്ടാകുമെന്ന് അദ്ദേഹം വളരെ കൃത്യമായി പറഞ്ഞ കാര്യമാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, തീർച്ചയായിട്ടും, നോസ്ട്രാഡംസിൻെറ ഇതുപോലുള്ള ഒരുപാട് പ്രവചനങ്ങളുണ്ട്, ഇത് വളരെ സത്യമായിട്ടുള്ള പ്രവചനമാണ്. ഒരു ആവശ്യവുമില്ലാത്ത സാധനം ഇറക്കുമതി ചെയ്ത് ഒരു രാജ്യം പട്ടിണിയിലേക്ക് പോകുകയാണ്. ഞാനും മാണിസാറുമൊക്കെ പാലാക്കാരാണ്, ഞങ്ങൾക്ക് പണ്ടേ

സ്വർണ്ണത്തിനോട് കമ്പമൊന്നുമില്ല. സ്വർണ്ണത്തിന് ഡ്യൂട്ടി ഒരു കാരണവശാലും കുറക്കാൻ പാടില്ല പറ്റുമെങ്കിൽ കൂട്ടണം. അതിനുള്ള ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ ധനാഭ്യർത്ഥനയിൽ 306 കോടി രൂപയാണ് വിദ്യാഭ്യാസത്തിന് ഉള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.എസ്.എ. ഉൾപ്പെടെയുള്ളത് സപ്ലിമെന്ററി ഡിമാന്റിൽ വന്നതുകൊണ്ടാണ് ഇത്രയും തുക കൂടി വന്നത്. എനിക്ക് വിദ്യാഭ്യാസവകുപ്പിൽ പറയാനുള്ള നിർദ്ദേശം എസ്.എസ്.എൽ.സി.-യുടെ റിസൾട്ട് വന്നിട്ട് ഒന്നര മാസം കഴിഞ്ഞു. +2-ന്റെ റിസൾട്ട് വന്നിട്ടും കുറച്ചുനാളായി. നമ്മുടെ സംസ്ഥാനത്ത് ആരോ ഏതോ കാലഘട്ടത്തിൽ ഏർപ്പെടുത്തിയ അശാസ്ത്രീയമായ ഒരു പദ്ധതിയായിരുന്നു ഏകജാലകം. ഏകജാലകമെന്ന പദ്ധതി ഇന്ന് നമ്മുടെ സംസ്ഥാനത്തെ കുട്ടികളേയും രക്ഷകർത്താക്കളേയും വലിയ പ്രശ്നത്തിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. ജനപ്രതിനിധികളായ നമ്മൾ അസംബ്ലി കഴിഞ്ഞ് വീട്ടിലേക്കോ അല്ലെങ്കിൽ ഓഫീസിലേക്കോ ചെന്നാൽ ഏറ്റവും വലിയ പ്രശ്നം അഡ്മിഷനാണ്. എത്ര ആളുകളോടാണ് നമ്മൾ സമാധാനം പറഞ്ഞ് മടുക്കുന്നത്. എന്തിനാണീ ഏകജാലകം. 95-96 ശതമാനം മാർക്ക് വാങ്ങി ജയിക്കുന്ന കുട്ടിക്കുപോലും തൊട്ടടുത്ത ഇഷ്ടപ്പെട്ട സ്കൂളിൽ പഠിക്കാൻ പറ്റില്ല എന്നു പറയുന്നതിൽ എന്ത് ന്യായമാണുള്ളത്. നമുക്ക് സെലക്ട് ചെയ്യാനുള്ള അവകാശമില്ല എന്നു പറയുന്നത് അന്യായമാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഇത്രയും വലിയ അഴിമതി നടക്കുന്നുണ്ടോ; മാനേജ്മെന്റെന്ന് കേട്ടാലുടൻ ഇത്രയേറെ ഭയപ്പെടേണ്ട കാര്യമുണ്ടോ? ഒരുതരത്തിലും ഭയപ്പെടേണ്ട കാര്യമില്ല. ഈ സംസ്ഥാനത്ത് ഇതിനൊക്കെ വളരെ കൃത്യമായൊരു നിയമമുണ്ട്. 60 ശതമാനം ഓപ്പൺ മെറിറ്റ്, പത്ത് ശതമാനം അതാത് കമ്മ്യൂണിറ്റികൾക്ക്, പത്ത് ശതമാനം എസ്സി./എസ്ടി. വിഭാഗക്കാർക്ക്, 20 ശതമാനം മാനേജ്മെന്റ് ക്വാട്ട എന്ന വ്യവസ്ഥ നേരത്തെയുള്ളതാണ്. ഇതിൽ എവിടെയെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ അത് തടയുകയെന്നല്ലാതെ ഈ ഏകജാലക സംവിധാനം കൊണ്ട് യാതൊരു കാര്യവുമില്ല. ഈ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷിക്കാൻവേണ്ടി രക്ഷകർത്താക്കൾ നെട്ടോട്ടമോടുകയാണ്. ഇതുകൊണ്ട് ആകെ നടന്നിട്ടുള്ളൊരു കാര്യമെന്നു പറയുന്നത് കുറേ പാവപ്പെട്ട കാരണവന്മാർക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകാൻ സാധിച്ചുവെന്നതാണ്. അവർ ഇത് അപ്‌ലോഡ് ചെയ്യുകയാണ് ചെയ്യുന്നത്. എം.ജി. യൂണിവേഴ്സിറ്റിയിലൊക്കെ അപേക്ഷിക്കുന്നതിനായി ഏഴും എട്ടും ദിവസം രക്ഷകർത്താക്കൾ മക്കളുമായി കമ്പ്യൂട്ടറിനുമുന്നിൽ ഇരിക്കുകയാണ്. എന്നിട്ടും ഇത് അപ്‌ലോഡ് ചെയ്യാൻ പറ്റുന്നില്ല.

അവിടെ സർവ്വറിനും മറ്റും കുഴപ്പമാണെന്നുള്ള ഓരോരോ പ്രശ്നങ്ങളാണ് പറയുന്നത്. ഈ രീതിയിൽ അനാവശ്യമായ ഒരു പരിഷ്കരണമാണ് വിദ്യാഭ്യാസ രംഗത്ത് ഇവിടെ നടത്തിയിരിക്കുന്നത്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഈ ഗവൺമെന്റ് ഏകജാലകമെന്നുള്ള സംവിധാനം പിൻവലിച്ച് പഴയ രൂപത്തിലേക്ക് പോകാൻ തയ്യാറാകണം. അതിൽ എവിടെയെങ്കിലും തെറ്റോ അഴിമതിയോ നടക്കുന്നുണ്ടെങ്കിൽ തീർച്ചയായും ശക്തമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: പ്ലസ് ടു അഡ്മിഷനുമായി ബന്ധപ്പെട്ട് വളരെ നല്ലരീതിയിൽ പ്രായോഗികമായി ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയാണ് അങ്ങ് ഇവിടെ പറയുന്നത്. എന്നാൽ പല സ്കൂളുകളിലും ആയിരക്കണക്കിന് പ്ലസ് ടു സീറ്റുകൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നുവെന്നാണ് പറയുന്നത്. അതേസമയം ചില സ്കൂളുകളിൽ വ്യാപകമായി പ്ലസ് ടു സീറ്റിനുവേണ്ടി ആളുകൾ ആർത്തിപിടിച്ച് നടക്കുകയാണ്. ഇപ്പോൾ സീറ്റുകളും ബാച്ചുകളും അനുവദിച്ചുവെങ്കിലും ഈ പ്രശ്നം ഇപ്പോഴും നിലനിൽക്കുകയാണ്. ഇങ്ങനെ ഒരുഭാഗത്ത് സീറ്റുകൾ ഇല്ലാതിരിക്കുകയും മറുഭാഗത്ത് സീറ്റുകൾ വേക്കന്റായി കിടക്കുകയും ചെയ്യുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: അതിന് പ്രധാനപ്പെട്ടൊരു കാരണം ഏകജാലക സംവിധാനം തന്നെയാണ്. കാരണം, അവർക്ക് ഇഷ്ടമില്ലാത്ത സ്കൂളുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുമ്പോൾ കുട്ടികൾ അവിടെ പോകാൻ തയ്യാറല്ല. അതുകൊണ്ട് ആ സീറ്റുകൾ അവിടെ ഒഴിഞ്ഞുകിടക്കുകയാണ്. പിന്നെ കുട്ടികൾ അവർക്കിഷ്ടപ്പെട്ട സ്കൂളിൽ സീറ്റ് കിട്ടാൻവേണ്ടി കാത്തിരിക്കുകയാണ്. ഇത് വളരെ അശാസ്ത്രീയമായൊരു ഏർപ്പാടാണ്. ഇത് ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്തോ മറ്റോ തുടങ്ങിവച്ച ഏർപ്പാടാണ്. അദ്ദേഹം തുടങ്ങിവച്ച ആ രീതി ശരിയല്ലെങ്കിൽ അത് അംഗീകരിക്കാമല്ലോ; ശ്രീ. വി. എസ്. സുനിൽകുമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇതിന് അനുകൂലമായി തന്നെയാണ് സംസാരിച്ചതെന്നു തന്നെയാണ് എന്റെ വിശ്വാസം. കാരണം, അതിൽ പൊതുവായൊരു അഭിപ്രായ സമന്വയമുണ്ടാകേണ്ടതായിട്ടുണ്ട്.

ആരോഗ്യ മേഖലയ്ക്കുവേണ്ടി 519 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണ് നടത്തിയിരിക്കുന്നത്. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാനുള്ളത്, എല്ലാ ആശുപത്രികളിലും ഫസ്റ്റ് പ്രയോറിറ്റി കൊടുത്ത് ഒഴിവുള്ള ഡോക്ടർമാരുടേയും നേഴ്സുമാരുടേയും തസ്തിക നികത്തേണ്ടതായിട്ടുണ്ട്. കൃഷി വകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഏകദേശം 45-ഓളം പുതിയ പദ്ധതികൾ സപ്ലിമെന്ററി

ഡിമാന്റ്സിനുവേണ്ടി വച്ചിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ വാഴക്കുളത്ത് അഗ്രോ ഫ്രൂട്ട്സ് പ്രോസസ്സിംഗ് കമ്പനിയെന്നൊരു പുതിയ പൊതുമേഖലാ സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. അതിന്റെ വർക്കിംഗ് ക്യാപ്പിറ്റലായി ഒന്നര കോടി രൂപ ആവശ്യപ്പെട്ടെങ്കിലും അത് സപ്ലിമെന്ററി ഡിമാന്റ്സിൽ ഉൾപ്പെടുത്തിയതായി കണ്ടില്ല. അതുകൂടി ഈ ഉപധനാഭ്യർത്ഥനയുടെ ഭാഗമായി ഉൾപ്പെടുത്താൻ ശ്രമിക്കണമെന്നുള്ള ഒരഭ്യർത്ഥനകൂടിയുണ്ട്. തൊഴിലുറപ്പ് ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ ഗ്രാമവികസന വകുപ്പിലെ ഉപധനാഭ്യർത്ഥനയുടെ ഭാഗമായിട്ടാണ് വന്നിരിക്കുന്നത്. ഇതിന്റെ ഭാഗമായിട്ടുള്ള ഐ.എ.വൈ. പദ്ധതിക്കുമൊക്കെയായി 177 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ വരും നാളുകളിൽ ഈ പദ്ധതി ഉണ്ടാകുമോ എന്നുള്ളതിനെക്കുറിച്ച് യാതൊരു നിശ്ചയവുമില്ല. ഒരു ഹൗസിംഗ് പ്രോജക്ട് സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി പ്രഖ്യാപിക്കേണ്ടതായിട്ടുണ്ട്. അതിന്റെ വലിയൊരു പോരായ്മ സംസ്ഥാനത്തുണ്ട്. അതുകൂടി ഗവൺമെന്റ് ഗൗരവമായി എടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ടൂറിസം മേഖലയിൽ ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ പറയാനുള്ളൂ. ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം ടൂറിസം മേഖലയിൽ കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റ് ചെയ്യാനുള്ള ഒരു കാര്യം സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ ടൂറിസം കേന്ദ്രങ്ങളിലും നല്ല ടോയ്ലറ്റുകൾ ഉണ്ടാക്കുക എന്നതാണ്. ഓപ്പറേഷൻ റസ്റ്റ്റൂം അല്ലെങ്കിൽ ഓപ്പറേഷൻ ടോയ്ലറ്റ് എന്നൊരു പ്രോഗ്രാം അനൗൺസ് ചെയ്ത് നടപ്പിലാക്കിയതിനുശേഷം മാത്രമേ ടൂറിസം മേഖലയിൽ മറ്റുകാര്യങ്ങൾ ചെയ്തിട്ട് കാര്യമുള്ളൂ. വിദേശത്തുനിന്നും സ്വദേശത്തുനിന്നും വരുന്ന ആളുകൾക്ക് സമാധാനത്തോടുകൂടി പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള അവസരം കൊടുക്കുക എന്നതിനാണ് പ്രാമുഖ്യം നൽകേണ്ടത്. സമയക്കുറവ് കാരണം മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. അതുകൊണ്ട് പ്രധാനമായും ഇവിടെ ഉന്നിയിച്ചിട്ടുള്ള മർമ്മപ്രധാനമായ ചില കാര്യങ്ങൾ ഗവൺമെന്റ് ഗൗരവപൂർവ്വം ശ്രദ്ധിക്കണം. പി.ഡബ്ല്യൂ.ഡി.-യെ സംബന്ധിച്ചിടത്തോളം അവിടത്തെ കോൺട്രാക്ടർമാർക്ക് ഇനിയും ഫണ്ട് കൊടുത്തുതീർക്കേണ്ടതായിട്ടുണ്ട്. 300 ശതമാനം ഫണ്ട് ചെലവഴിച്ചിട്ടുള്ള ഒരു ഡിപ്പാർട്ടുമെന്റാണിതെങ്കിലും കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള ഫണ്ട് ഇനിയും പെൻഡിംഗിലുണ്ട്. അത് തീർക്കേണ്ടതായിട്ടുണ്ട്. കാരണം, വികസന രംഗത്ത് അതിവേഗം മുന്നോട്ടുകുതിക്കുന്ന സംസ്ഥാനത്തിന് ഇവരെക്കൂടി സംരക്ഷിക്കേണ്ട ഉത്തരവാദിത്തമുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ ലക്ഷ്യസ്ഥാനത്തെത്തുകയുള്ളൂവെന്ന് അറിയിച്ചു കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചു കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. രാജു: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചുവേണമല്ലോ ആ ഗവൺമെന്റിന് പ്രവർത്തിക്കാനാവശ്യമായ സപ്ലിമെന്ററി ഗ്രാൻറ് അനുവദിക്കുന്നതിനെ സംബന്ധിച്ച് അനുകൂലിക്കുകയും പ്രതികൂലിക്കുകയും ചെയ്യേണ്ടത്. ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുകയാണെങ്കിൽ വളരെ ദയനീയമായ ഒരു ചിത്രമാണ് കാഴ്ചവയ്ക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഏത് വകുപ്പെടുത്തുനോക്കിയാലും സ്ഥിതി ഇതുതന്നെയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച കോൺഗ്രസ്സിന്റെ നേതാവുകൂടിയായ ശ്രീ. ജോസഫ് വാഴക്കൻ വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറഞ്ഞു. ഇവിടെ യു.ഡി.എഫ്. നേതൃത്വം നൽകുന്ന പാർട്ടിയായ കോൺഗ്രസ്സ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒരു നയം ആദ്യം പ്രഖ്യാപിക്കണം. ഇവിടെ എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ സീറ്റിലേയ്ക്ക് അഡ്മിഷൻ കൊടുക്കാൻ കഴിയുന്ന ഒരു നയമാണ് കോൺഗ്രസ്സിന് ഉള്ളതെങ്കിൽ ബാക്കി ഘടക കക്ഷികളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ കൊടുക്കാൻ കഴിയത്തക്ക രീതിയിലുള്ള ഒരു സംവിധാനം എന്തുകൊണ്ട് ഉണ്ടാക്കുന്നില്ല. പന്ത്രണ്ടാം ക്ലാസ് വരെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറ്റുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമല്ലേ ഇവിടെ നടപ്പിലാക്കുന്നത്. അങ്ങനെയാണെങ്കിൽ ഇവിടെ കഴിയുന്നിടത്തോളം എല്ലാ സ്കൂളുകളിലും ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്. അതിന് ഏകജാലകത്തിന്റെയും മറ്റും കാര്യങ്ങൾ പറയാതെ ഇക്കാര്യത്തിൽ വ്യക്തമായൊരു തീരുമാനമെടുക്കാൻ കോൺഗ്രസ്സിനും യു.ഡി.എഫ്.-നും കഴിയുന്നുണ്ടോ ? വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് എല്ലാ മേഖലകളിലുമുണ്ടാകുന്ന തകർച്ച, കുട്ടികൾക്ക് യൂണിഫോം നൽകുന്ന കാര്യത്തിലും പുസ്തകം യഥാസമയം പ്രിന്റ് ചെയ്ത് എത്തിക്കുന്ന കാര്യത്തിലും ഉച്ചഭക്ഷണം കൊടുക്കുന്ന കാര്യത്തിലും യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരെ നിയമിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ ഈ ഗവൺമെന്റിന് വ്യക്തമായൊരു കാഴ്ചപ്പാടോ നയമോ ഇല്ല. അതാണ് മാറ്റം വരുത്തേണ്ടത്. സപ്ലിമെന്ററി ഡിമാന്റ്സിന്റെ പേജ് 54-ൽ പറയുന്നത് ദുരന്തനിവാരണ ഫണ്ടിനെ സംബന്ധിച്ചാണ്. അത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടാണ്. The supplementary grant moved is to facilitate utilisation of the Central assistance of ₹61.74 crore received as per Government of India and also to utilise the unspent balance of ₹ 26.0365 crore in the State Disaster Response Fund as on 31-3-2014. ഡിസാസ്റ്റർ മാനേജ്മെന്റിനുവേണ്ടി,

ഡ്രൗട്ട് റിലീഫിനു വേണ്ടി കേന്ദ്രം അനുവദിക്കുന്ന ഫണ്ട് ഒരു നിശ്ചിത കാലാവധിക്കുള്ളിൽ പരമാവധി വിനിയോഗിക്കുക എന്നുള്ളതാണ്. ഫണ്ടില്ലാത്തതുകൊണ്ട് വരൾച്ചയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ലെന്നുള്ള നിലയിൽ എം.എൽ.എ.-മാരും ജനപ്രതിനിധികളുമടക്കം പൈപ്പ് നീട്ടാനോ പുതിയ കിണറ് കുഴിക്കാനോ കുളം കുഴിക്കാനോ കഴിയുന്നില്ലെന്ന് പറഞ്ഞ് നിലവിളിക്കുമ്പോഴാണ് സപ്ലിമെന്ററി ഗ്രാന്റിനുവേണ്ടിയുള്ള അനുവാദം ചോദിച്ചിരിക്കുന്നത്. ഡ്രൗട്ടുമായി ബന്ധപ്പെട്ട് കേന്ദ്രം അനുവദിച്ചുതന്ന ഫണ്ടിൽ 26 കോടി രൂപ അൺസ്പെൻഡായി കിടക്കുന്ന തുകയും അതോടൊപ്പംതന്നെ 61.74 കോടി രൂപ അനുവദിച്ചതും ചെലവഴിക്കാനുള്ള അനുവാദം ചോദിച്ചിരിക്കുകയാണ്. എന്താണ് ഇവിടത്തെ ഡിസാസ്റ്റർ മാനേജ്മെന്റ് ചെയ്തു കൊണ്ടിരിക്കുന്നത്? ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് വകുപ്പ് മുൻകൈയെടുത്ത് സമയബന്ധിതമായി നടത്തേണ്ട കാര്യങ്ങൾ ഇവിടെ നടത്താൻ കഴിയാത്തതിനാൽ തുക ലാപ്സായി പോകുന്നു. ആ തുക ചെലവഴിക്കാൻ കഴിയുന്നില്ലെന്നുള്ളതല്ലേ ഇപ്പോഴത്തെ സ്ഥിതി. അതുപോലെതന്നെ the Supplimentary Grants sought is for utilising the unspent balance of 13th Finance Commission Grant. ധനകാര്യ കമ്മീഷൻ ഏതെങ്കിലും ഒരു പ്രത്യേക മേഖലയ്ക്കുവേണ്ടി, പ്രത്യേക കാര്യങ്ങൾക്കുവേണ്ടി അനുവദിച്ചുതരുന്ന തുകയല്ലേ? ആ തുക ചെലവഴിക്കാൻ കഴിയുന്നില്ല. അതല്ലേ ഇവിടത്തെ യഥാർത്ഥ സ്ഥിതി? കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ സ്ഥിതിയെന്താണ്? സപ്ലിമെന്ററി ലിസ്റ്റിലെങ്കിലും ജീവനക്കാർക്ക് കൊടുക്കാനുള്ള പെൻഷന്റെ ബാദ്ധ്യത ഏറ്റെടുക്കുന്നതിനുവേണ്ടി ഇത്ര തുകയെന്ന് പറയണ്ടെ? ഈ ഡിമാന്റിൽ അങ്ങനെയില്ല. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിന് ഒരു പദ്ധതി, അതിനുവേണ്ടി ഇത്ര തുക, അങ്ങനെയൊന്ന് സപ്ലിമെന്ററി ലിസ്റ്റിൽ കാണുന്നില്ലല്ലോ? ഇലക്ട്രിസിറ്റി ബോർഡ് തകർന്ന് തരിപ്പണമായില്ലേ ; ഇവിടെ വൈദ്യുതിയുണ്ടോ; പുതിയ ഒരു മെഗാവാട്ട് വൈദ്യുതിയുത്പാദിപ്പിക്കാനായി കഴിയുന്നുണ്ടോ; പുതിയ പദ്ധതിയുണ്ടോ? അതിനും സപ്ലിമെന്ററി ഡിമാന്റൊന്നും കാണുന്നില്ല. ഇങ്ങനെ ഓരോ വകുപ്പെടുത്ത് പരിശോധിച്ചാലും വളരെ ദയനീയമായ സ്ഥിതിയാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. അതിനേക്കാളെല്ലാം പ്രധാനം, ഈ സപ്ലിമെന്ററി ലിസ്റ്റിൽത്തന്നെ നോക്കിയാൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴുള്ള പക്ഷഭേദം കാണാം. മാണി സാറിനെപ്പോലെ ഏറ്റവും സീനിയറായിട്ടുള്ള ഒരു മന്ത്രി, അദ്ദേഹം സംസ്ഥാനത്തിന്റെ ഖജനാവിലെ തുകകൾ പങ്കുവയ്ക്കുകയോ അല്ലെങ്കിൽ വികസനത്തിനുവേണ്ടി വീതം വയ്ക്കുകയോ ചെയ്യുമ്പോൾ

സ്വജനപക്ഷപാതം കാണിക്കുന്നത് ശരിയാണോ? അദ്ദേഹത്തെപ്പോലെ സീനിയറായ ഒരാൾക്ക് അതിന്റെ ആവശ്യമുണ്ടോ? ഇക്കാര്യത്തിൽ എത്രയോ ഉദാഹരണങ്ങൾ എനിക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. സപ്ലിമെന്ററി ഡിമാൻറ് എടുത്തുനോക്കിയാലും കാണാം, സ്ഥലപ്പേര് പാല. പാല മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ റിനവേഷൻ 83.86 ലക്ഷം രൂപ. അതുപോലെ ചെറുതുരുത്തി ന്യൂ ബസ് ടെർമിനൽ.

<u>മി. ചെയർമാൻ</u>: ചെറുതുരുത്തി പാലായിൽ അല്ല.

<u>ശ്രീ. കെ. രാജു</u>: പാലായിൽ അല്ല. സ്വജനപക്ഷപാതമെന്നാണ് ഞാൻ പറഞ്ഞത്, സ്വന്തം പക്ഷത്തേക്ക്, ചെറുതുരുത്തിയിലേക്ക് ബസ് ടെർമിനലിനുവേണ്ടി ഒരു കോടി രൂപ, ബസ് ടെർമിനൽ ചെറുതുരുത്തിയിൽ മാത്രമേ ആവശ്യമുള്ളോ; ഈ സപ്ലിമെന്ററി ലിസ്റ്റിൽ അതുമാത്രമെടുത്ത് പറഞ്ഞ് തുക അനുവദിക്കുന്നത് ശരിയായ കാര്യമാണോ? നമ്മുടെ സംസ്ഥാനത്തൊട്ടാകെ എത്രയോ ബസ് ടെൽമിനലുകളുടെ ആവശ്യമുണ്ട്. അതുപോലെതന്നെ ഇടുക്കിയിൽ മെഡിക്കൽ കോളേജ്, അതും ഈ പറഞ്ഞ ചെറുതുരുത്തിക്കടുത്ത് തന്നെയാണ്. അങ്ങേക്കറിയാമല്ലോ? അതുപോലെതന്നെ ഇറിഗേഷൻ മ്യൂസിയം. ഇവിടെ കുടിവെള്ളത്തിന്റെ പ്രശ്നമെല്ലാം തീർന്നോ? തൊടുപുഴയിൽ ഇറിഗേഷൻ മ്യൂസിയം. അതും സ്വന്തം മണ്ഡലത്തിൽത്തന്നെ. ഇന്റർനാഷണൽ ആർട്ട് ആന്റ് ഹെറിറ്റേജ് സിറ്റി, ഇരിഞ്ഞാലക്കുട; അദ്ദേഹത്തിന്റെ തൊട്ട് ഇപ്പുറത്തിരിക്കുന്ന എം.എൽ.എ.-യ്ക്കുതന്നെ. എല്ലാം സ്വന്തം പാർട്ടിക്കാർക്ക്, സ്വന്തം മണ്ഡലത്തിൽ. കോൺഗ്രസ്സുകാർ തന്നെ ഇതൊന്ന് ശ്രദ്ധിക്കണ്ടേ; മുസ്ലീംലീഗുകാർ ശ്രദ്ധിക്കണ്ടേ? ആർട്ട് ആന്റ് ഹെറിറ്റേജ് സിറ്റി ഇരിഞ്ഞാലക്കുട, ഇതുപോലെയുള്ള നിരവധി ഉദാഹരണങ്ങൾ കാണാൻ സാധിക്കും. അതൊന്നും പറഞ്ഞ് ഞാൻ സമയം കളയുന്നില്ല. ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിനുവേണ്ടി ഒരു പ്രത്യേക ഡിസ്ട്രിക്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, അതിനുവേണ്ടി ഒരു കെട്ടിടം, അതും പാലായിൽ. ഈ നിലയിൽ പോകുകയല്ലേ? ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തെക്കുറിച്ച് ചോദിച്ചു. ഈ ഗവൺമെന്റിന് യഥാർത്ഥത്തിൽ ഒരു മദ്യനയമുണ്ടോ; ഒരു പാർപ്പിട നയമുണ്ടോ ; പാവപ്പെട്ട ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഈ സപ്ലിമെന്ററി ലിസ്റ്റിൽ അതുമാത്രമെടുത്ത് പറഞ്ഞ് തുക അനുവദിക്കുന്നത് ശരിയാണോ? പാർപ്പിട പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇവിടെയുണ്ടായിരുന്ന ഇ.എം.എസ്. ഭവന പദ്ധതിയെയും എം. എൻ. ഭവന പദ്ധതിയെയുമെല്ലാം തകർത്തതല്ലാതെ പുതിയ ഏതെങ്കിലും ഒരു പദ്ധതിക്ക് നിങ്ങൾ തുടക്കമിട്ടോ? അങ്ങനെയുള്ള യാതൊരുവിധ സമീപനങ്ങളും ഈ സപ്ലിമെന്ററി ലിസ്റ്റിൽ കാണാനില്ല. ആ സാഹചര്യത്തിൽ

എനിക്ക് പറയാനുള്ളത് ഇത് അനുവദിച്ചു കൊടുത്താൽത്തന്നെ ഈ ഗവൺമെന്റിന് യാതൊരു രീതിയിലുമുള്ള പ്രവർത്തനങ്ങളും നടത്തി മുന്നോട്ടുപോകാൻ കഴിയില്ല. മന്ത്രിസഭാ പുനഃസംഘടനയെ സംബന്ധിച്ചാണ് ഇപ്പോൾ നാട്ടിലാകെയുള്ള ചർച്ച. കുറെ നാളുകളായിട്ട് അങ്ങനെയായിരുന്നു. മന്ത്രിമാരെ മാറ്റുന്നത്, പുതിയ മന്ത്രി വരുന്നത്, മന്ത്രിസഭാ പുനഃസംഘടന ഇതൊക്കെയാണ് ഇപ്പോഴത്തെ ചർച്ചാവിഷയം. ഇനി മന്ത്രിസഭ പുനഃസംഘടനയുമായി കുറെനാൾ അങ്ങനെ പോകും. ഇവിടെ ഒരു ഭരണവും നടക്കുകയില്ല, അതുകൊണ്ട് പ്രത്യേകിച്ച് പൈസയുടെ ആവശ്യമില്ലാത്തതുകൊണ്ട് ഈ സപ്ലിമെന്ററി ഗ്രാന്റിനെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഇവിടെ അവതരിപ്പിച്ച സപ്ലിമെന്ററി ഡിമാന്റുകളെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ കൊണ്ടുതന്നെ കേരളം സാമ്പത്തിക രംഗത്ത് വളരെ വലിയ വളർച്ച പ്രാപിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സപ്ലിമെന്ററി ഡിമാന്റിനെ സഹായിക്കേണ്ടതാവശ്യമാണ്. 2012-13-ൽ കേരളത്തിന്റെ വളർച്ചാ നിരക്ക് 8.2 ശതമാനമാണ്. ദേശീയ ശരാശരി 5 ശതമാനം മാത്രമാണ്. 2012-13-ലെ പെർക്യാപ്പിറ്റ ഇൻകം 63,492 രൂപയാണ്. ദേശീയ ശരാശരി 45,238 രൂപ ആണ്. ഏറ്റവും കൂടുതൽ പെർക്യാപ്പിറ്റ ഇൻകം വന്നത് എറണാകുളത്താണ്, 94,392 രൂപ. ഏറ്റവും കുറവ് വയനാട്ടിൽ 46,507 രൂപ. പക്ഷേ വയനാട്ടിലെ 46,507 രൂപ പോലും ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. വാഹന വിൽപ്പന മാനദണ്ഡമായെടുത്താൽ 2012-13-ൽ 80,48,673 വാഹനങ്ങൾ കേരളത്തിൽ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. 2011-12-ൽ 68,65,539 ആയിരുന്നു. കേരളത്തിലെ ഈ മാറ്റം എല്ലാ രംഗത്തും നമുക്ക് കാണാൻ സാധിക്കും. സാധാരണ പ്രതിപക്ഷത്തിരിക്കുമ്പോൾ ഇതൊക്കെ പറയേണ്ടതാണ്, അതുകൊണ്ട് അവർ പറഞ്ഞുവെന്ന് മാത്രമേ ഞാൻ കരുതുന്നുള്ളൂ. ഇപ്പോൾ റംസാൻ മാസത്തിൽ മലബാറിലെ ഏതെങ്കിലും തുണിക്കടയിൽ പോയിനോക്കിയാൽ പോലീസിന്റെ സഹായമില്ലാതെ അങ്ങോട്ട് പ്രവേശിക്കാൻ കഴിയില്ല, അത്ര വലിയ തിരക്കാണ്. എന്റെ സ്നേഹിതൻ ശ്രീ. ജോസഫ് വാഴക്കൻ സ്വർണ്ണത്തിന്റെ നികുതി കുറയ്ക്കണമെന്നുപറഞ്ഞു. ഞാനും ആ അഭിപ്രായക്കാരനാണ്. എനിക്കും മഞ്ഞ ലോഹത്തിനോട് പ്രത്യേകിച്ച് ആഭിമുഖ്യമൊന്നുമില്ല. അടുത്ത കാലത്തായി ഒരു ചെറിയ ആഭരണം വാങ്ങാനായി ഞാൻ കോഴിക്കോട് മലബാർ ഗോൾഡിൽ പോയി. ഞാൻ അവിടെ കയറിച്ചെല്ലുമ്പോൾ പോലീസുകാർ അവിടെ ചെല്ലുന്ന ആളുകളുടെ ക്യൂ നിയന്ത്രിക്കുകയാണ്. ആ ഉടമസ്ഥനുമായിട്ട് ചെറിയൊരു

പരിചയമുള്ളതുകൊണ്ട് എനിക്ക് അകത്തേക്ക് പ്രവേശനം കിട്ടി. സ്വർണ്ണക്കടകളിലും ഹോട്ടലുകളിലുമൊക്കെ എന്തുമാത്രം തിരക്കാണ്. പൊതുവെ എല്ലാ സ്ഥലത്തും തിരക്കാണ്. അപ്പോൾ മനുഷ്യന്റെ ജീവിത നിലവാരത്തിൽ വന്ന മാറ്റം നമ്മൾ കാണാതിരിക്കാൻ പാടില്ല. ഈ ഗവൺമെന്റ് എന്തുചെയ്തുവെന്ന് ചോദിക്കേണ്ട ആവശ്യമില്ല. ഇതിനേക്കാൾ നല്ലൊരു ഗവൺമെന്റ് ഏതാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും മാണി സാറുമെന്നൊക്കെ വളരെ പോസിറ്റീവായ നിലപാടെടുക്കുന്നവരാണ്. ഇന്നലെ എന്റെ സ്നേഹിതൻ ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞു, 'മുഖ്യമന്ത്രിക്ക് ഇപ്പോൾത്തന്നെ ഒരുപാട് കുരിശാണ്. ഇനിയെന്തിനാണ് കുരിശെന്ന്'. ബഹുമാനപ്പെട്ട സുനിൽകുമാർ മനസ്സിലാക്കേണ്ടത് 'കുരിശിൽ തറയ്ക്കപ്പെട്ടവന് മാത്രമേ ഉയിർത്തെഴുന്നേൽപ്പുള്ളൂ. അല്ലാത്തവർക്ക് ഉയിർത്തെഴുന്നേൽപ്പില്ല'. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ പോസിറ്റീവായിട്ടാണ് ഭരണം നടത്തുന്നത്, ബാക്കിയുള്ള മന്ത്രിമാരൊക്കെ നെഗറ്റീവാണെന്നല്ല ഞാൻ പറയുന്നത്. എല്ലാ കാര്യങ്ങളിലും വളരെ പോസിറ്റീവായ അപ്രോച്ചെടുക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. ഇവിടത്തെ ഏത് വകുപ്പാണ് മോശമായിട്ടുള്ളത്? വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് ധാരാളം കുറ്റങ്ങളൊക്കെ ആളുകൾക്ക് പറയാമെങ്കിലും എത്ര പുതിയ സർവ്വകലാശാലകൾ വന്നു, എത്ര പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വന്നു? ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ അടിത്തറ വിപുലമായി. ഇപ്പോൾ പാലായെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. കെ. രാജു പറഞ്ഞു. പണ്ടൊക്കെ പാല നമുക്കൊക്കെ ഒരു ബാലികേറാ മലയായിരുന്നു. ഇപ്പോൾ മലപ്പുറത്തെ കുട്ടികൾ മുഴുവൻ പാലായിൽ കോച്ചിംഗിന് പോകുകയാണ്. മലപ്പുറത്തെ മുസ്ലീം കുട്ടികളായ ആണും പെണ്ണും ഒരുപോലെ പാലായിലാണ്. പാല ഇപ്പോൾ മലപ്പുറത്തുകാർക്ക് സുപരിചിതമാണ്. കാരണം, എൻട്രൻസ് കോച്ചിംഗിനായി അവിടെ പോകുകയാണ്. അതുകൊണ്ടുതന്നെ ഒന്നാംതരം റാങ്ക് വാങ്ങുന്ന വലിയ സ്ഥാപനങ്ങൾ അവിടെയുണ്ടായി. അതൊക്കെ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റമാണ്. പുതിയ സർവ്വകലാശാലകൾ വരുന്നു. അതുപോലെ 8 മെഡിക്കൽ കോളേജുകൾ. എന്റെ സ്നേഹിതൻ ശ്രീ. എം. ഉമ്മറിന്റെയൊക്കെ കഠിനാധ്വാനം വഴി മഞ്ചേരി മെഡിക്കൽ കോളേജ് വന്നു. അതിന്റെ നിലനിൽപ്പിനുവേണ്ടി അദ്ദേഹം ഇപ്പോഴും ആത്മാർത്ഥമായി പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം കൊണ്ടല്ലേ ഈ മെഡിക്കൽ കോളേജുകളൊക്കെ വന്നത് ? കഴിഞ്ഞ വർഷം ബഡ്ജറ്റ് അവതരിപ്പിക്കാനായി മാണിസാർ എഴുന്നേറ്റുനിന്നപ്പോൾ എല്ലാവരും താലൂക്ക് ചോദിച്ചു. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനിടയിൽ ഒറ്റയടിക്ക് 12 താലൂക്കുകൾ, ഇതാ കിടക്കുന്നു. ചോദിച്ചവരും കിട്ടുമെന്ന് വിചാരിച്ചില്ല, മാണി സാറും

കൊടുക്കണമെന്ന് വിചാരിച്ചതല്ല. യാദൃശ്ചികമായ ഒരു സാഹചര്യത്തിൽ 12 താലൂക്കുകൾ വന്നു. ഇതിനൊക്കെ പുതുതായിട്ട് ചെലവ് വരുന്നില്ലേ? ഇങ്ങനെയുള്ള മാറ്റങ്ങൾ പല രംഗങ്ങളിലും ഇവിടെ വന്നുകൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്ത് മെഡിക്കൽ കോളേജ്, വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകൾ, അങ്ങനെ എല്ലാ രംഗങ്ങളിലും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെപ്പോലെ പോസിറ്റീവ് ചിന്താഗതിയുള്ള മന്ത്രി വേറെ ആരാണുള്ളത്? ഒരാൾക്കും ഒരു ബുദ്ധിമുട്ടില്ലാത്തവിധം വളരെ ഭംഗിയായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. ലോക നിലവാരത്തിലുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഇവിടെ ഉണ്ടാക്കിക്കൊണ്ടിരിക്കുകയല്ലേ. ഇതെല്ലാം നമുക്ക് കണ്ടില്ലെന്ന് നടിക്കാൻ പറ്റുമോ? ഈ ഗവൺമെന്റ് വരുന്ന സമയത്തുള്ള പ്രതിപക്ഷമാണോ ഇപ്പോഴുള്ളത്? വന്ന സമയത്ത് എന്ത് ശക്തമായിരുന്നു. ഇതെല്ലാം നാളെത്തട്ടി താഴെയിടാമെന്ന് വിചാരിച്ച് എന്തെല്ലാം ആരോപണങ്ങളും പ്രത്യാരോപണങ്ങളും ബഹളവും സമരവും രാത്രിസമരവും പകൽ സമരവുമൊക്കെ നടത്തിയിട്ട് ഇപ്പോൾ എല്ലാം തകർന്നുതരിപ്പണമായില്ലേ.

"ഒരു പാട്ട് പിന്നെയും പാടിനോക്കുന്നിതാ
ചിറകൊടിഞ്ഞുള്ളൊരീ കാട്ടുപക്ഷീ....."

എന്ന് സുഗതകുമാരി പറഞ്ഞതുപോലെ, പ്രതിപക്ഷം പിന്നെയും ഒരു പാട്ട് വെറുതെ പാടിനോക്കിയെന്നല്ലാതെ, എന്താണ് അവർക്ക് ഇതിൽ പറയാനുള്ളത്? ഏറ്റവും നല്ല ഒരു മിനിസ്ട്രിയാണ്. കേരളത്തിൽ ഇൻഡസ്ട്രിയൽ രംഗത്ത് വലിയ മാറ്റങ്ങൾ വന്നു. Eco-friendly ആയിട്ടുള്ള സാഹചര്യങ്ങൾ വന്നു. പുതിയ വ്യവസായങ്ങൾ വന്നു. ഐ.ടി. രംഗത്തും ധാരാളം മാറ്റങ്ങളുണ്ടായി. ഇപ്പോൾ വേഗതയുടെ ഒരു കാലഘട്ടമാണ്. എല്ലാവർക്കും എല്ലാം വേഗത്തിലാകണമെന്നാണ്. പക്ഷേ പ്രകൃതിക്ക് അതിന്റേതായ ചില നിയമങ്ങളുണ്ട്. ഒരു കുട്ടിയെ ദൈവം ജനിപ്പിക്കുന്നതിന് 9 മാസവും 10 ദിവസവുമെടുക്കും. അത് ഒരു ഇൻഫർമേഷൻ ടെക്നോളജികൊണ്ട് മാറ്റാനോ സ്പീഡ്പ്പ് ചെയ്യാനോ പറ്റില്ല. ദൈവത്തിന് അതിന്റേതായ നിയമമുണ്ട്. 280 ദിവസമില്ലാതെ ഒരു കുട്ടി അമ്മയുടെ വയറ്റിൽനിന്ന് പുറത്തുവരില്ല. പൂർണ്ണവളർച്ച എത്തണമെങ്കിൽ 280 ദിവസം വേണം. അത് പ്രകൃതിയുടെ നിയമമാണ്. എല്ലാത്തിനും പ്രകൃതിദത്തമായ സമയമെടുക്കുന്നുണ്ട്. നമുക്ക് ചില കാര്യങ്ങൾ സ്പീഡ്പ്പ് ചെയ്യാൻ സാധിക്കും. എല്ലാം സ്പീഡ്പ്പ് ചെയ്യാൻ സാധിക്കില്ല. ഹൈടെക് കൃഷി വന്നില്ലേ? മുമ്പില്ലാത്ത പല കാര്യങ്ങളും വന്നില്ലേ? എത്ര പണമാണ് കൃഷിക്കുവേണ്ടി ചെലവഴിച്ചത്. അപ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ പ്രശ്നങ്ങൾക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനേയും ഇലക്ട്രിസിറ്റിയുടെ പ്രശ്നങ്ങൾക്ക്

ശ്രീ. ആര്യാടൻ മുഹമ്മദിനേയുമൊക്കെ കുറ്റം പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ഇതൊക്കെ എന്നും ഇങ്ങനെയായിരുന്നു. ഇലക്ട്രിസിറ്റി ബോർഡും കെ.എസ്.ആർ.ടി.സി.-യും ഏതുകാലത്തും ഇങ്ങനെയായിരുന്നു. ഒരുപാട് വിദഗ്ദ്ധൻമാരായിട്ടുള്ള ഭരണാധികാരികൾ മാറിയും മറിഞ്ഞുമൊക്കെ വന്നിട്ടുണ്ട്. പക്ഷേ എന്നെ തല്ലണ്ടമ്മാവായെന്നുള്ള മട്ടിലാണ് ഇലക്ട്രിസിറ്റി ബോർഡും കെ.എസ്.ആർ.ടി.സി.-യും നിൽക്കുന്നത്. വാട്ടർ അതോറിറ്റിയൊക്കെ എത്ര വർഷമെടുത്തിട്ടാണ് ഒരു പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യുന്നത്. അതിൽ ചില ചില മാറ്റങ്ങൾ വരും. നല്ല ഗവൺമെന്റ് വരുമ്പോൾ, നല്ല മിനിസ്റ്റേഴ്സ് വരുമ്പോൾ, നല്ല ഭരണാധികാരികൾ വരുമ്പോൾ ചെറിയ വ്യത്യാസം വരും. നഷ്ടം കുറയും. ചിലപ്പോൾ 14 വർഷം കൊണ്ട് പൂർത്തിയാക്കേണ്ട കാര്യം 12 വർഷംകൊണ്ട് തീരും. അങ്ങനെയൊക്കെയാണ് ഈ വകുപ്പിലൊക്കെ നടക്കുന്നത്. അതിന് ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അതിനെ നന്നാക്കാൻവേണ്ടി നടത്തിയ ശ്രമങ്ങളൊക്കെ പരാജയപ്പെട്ടിരിക്കുകയാണ്. എന്ത് വ്യവസായം വരണമെങ്കിലും അൺഇന്ററപ്റ്റഡായ പവർ വേണം, എവിടെ നിന്നാണ് അൺഇന്ററപ്റ്റഡ് പവർ? ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ട്സ് ഇനി പറ്റുമോ; ആണവനിലയങ്ങൾ ആർക്കെങ്കിലും ഇഷ്ടപ്പെടുമോ? യുറേനിയം ആണവ ഇന്ധനമായി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് എത്ര നാശകരമായ പ്രത്യാഘാതമാണുണ്ടാക്കുന്നത്. അതൊക്കെ പരിസ്ഥിതി വിഘാതം സൃഷ്ടിക്കുന്ന കാര്യങ്ങളാണ്. ഇന്ത്യയിൽ തോറിയം ഉപയോഗിച്ച് അത് ചെയ്യാൻ പറ്റുമോയെന്ന് നോക്കുന്നുണ്ട്. ആറേഴ് വർഷം കഴിയുമ്പോൾ ആ ഗവേഷണം വിജയിച്ചാൽ യുറേനിയത്തിനുപകരം തോറിയം ഉപയോഗിക്കും. അപ്പോൾ ഇത്രമാത്രം മാലിന്യം ഉൽപ്പാദിപ്പിക്കാത്ത സാഹചര്യംവരും. അതുപോലെ തെർമൽ പവർ പ്ലാന്റ്സ് വേണ്ടിവരും. അപ്പോൾ ഹൈഡ്രോഇലക്ട്രിക്കൽ പ്രോജക്ട്സ് നടക്കില്ല. അൺഇന്ററപ്റ്റഡായി കറന്റ് വേണം, സൗകര്യങ്ങൾ വേണം. അതിന് നമ്മൾ ഇവിടെ എന്തെങ്കിലും ചെയ്യാൻ തീരുമാനിച്ചാൽ ആരും സമ്മതിക്കുകയുമില്ല. പലതരത്തിലുള്ള പ്രശ്നങ്ങളുണ്ട്. ഈ ബുദ്ധിമുട്ടുകൾക്കിടയിൽ നിന്നുകൊണ്ട് എന്തെല്ലാം മാറ്റങ്ങൾ വരുത്തി. ഇതൊക്കെ എതിർക്കുന്നവർക്ക് പലതും പറയാം. പത്രമാധ്യമങ്ങളായാലും, ഇപ്പോൾ സത്യം മനസ്സിലാക്കി എഴുതുന്ന നല്ല മാധ്യമങ്ങളൊക്കെയുണ്ട്. ഒരു ഗവൺമെന്റ് എങ്ങനെയായിരിക്കണമെന്ന് ഒന്നാന്തരം എഡിറ്റോറിയൽ എഴുതുന്ന അപൂർവ്വം ചില പത്രാധിപൻമാരുണ്ട്. പക്ഷേ അയാളെ മുഖ്യമന്ത്രിയാക്കിയാൽ ഇയാൾക്കൊന്നും ചെയ്യാൻ പറ്റില്ല. ഒരു പത്രാധിപർക്കോ ഒരു ചാനലുകാരനോ ഇത് ചെയ്യാൻ പറ്റില്ല. പറയുന്ന ആളുകൾക്ക് എളുപ്പമാണ്. യഥാർത്ഥത്തിൽ അത് ചെയ്യുമ്പോഴേ

മനസ്സിലാകുകയുള്ളൂ. Twisting facts, paid news, non-issue making real issue, branding തുടങ്ങിയ നാലുദോഷങ്ങൾ ഇന്ത്യയിലെ മാധ്യമങ്ങൾക്കുണ്ടെന്ന് ശ്രീ. മാർക്കണ്ഡേയ കട്ജു പറഞ്ഞിട്ടുണ്ട്. ആ നാലുദോഷങ്ങൾ പത്രങ്ങൾക്ക് മാത്രമല്ല, പ്രതിപക്ഷത്തിനുമുണ്ട്. Making non-issue a real issue, ശരിയായ ഇഷ്യൂവല്ലാത്ത കാര്യം റിയലായിട്ടുള്ള ഇഷ്യൂവായി അവതരിപ്പിക്കുക, ബ്രാൻഡ് ചെയ്യുക, ഫാക്ട്സ് ട്വിസ്റ്റ് ചെയ്യുക, പെയ്ഡ് ന്യൂസ് പോലെയുള്ള ചില ഇടപാടുകളും നടത്തുക. ഇത് സാധാരണ മാധ്യമങ്ങളുടെ മാത്രം ദോഷമല്ല. ഇതൊക്കെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഏത് കാര്യവും നല്ല രീതിയിലും തെറ്റായ രീതിയിലും ചെയ്യാം. പ്രാണായാമം, ഇന്ത്യയിലെ പതഞ്ജലിയുമൊക്കെ പഠിപ്പിച്ചിട്ടുള്ള മഹത്തായ സംഗതിയാണ്. ആരോഗ്യത്തിന് വളരെ നല്ലതാണ്. സിഗരറ്റ് വലിക്കുന്നയാളും പ്രാണായാമം തന്നെയാണ് നടത്തുന്നത്. That is a dirty and filthy എന്നർത്ഥം. അതൊരു പ്രാണായാമമാണ്. ആ പ്രാണായാമത്തിൽ സിഗററ്റിനകത്തുള്ള നിക്കോട്ടിൻ പോകുന്നതുകൊണ്ട് ആ പ്രാണായാമം വേസ്റ്റാണ്. ലോകത്തിലെ ഏറ്റവും അസംതൃപ്തരായിട്ടുള്ള ജനവിഭാഗമെന്ന് പറഞ്ഞാൽ രാഷ്ട്രീയക്കാരാണ്. അതുകൊണ്ട് വളരെ നെഗറ്റീവായിട്ടുള്ള അപ്രോച്ചിന് പകരം ഒരു പോസിറ്റീവ് അപ്രോച്ച് പ്രതിപക്ഷവും ഭരണപക്ഷവുമെടുത്താൽ മാറ്റമുണ്ടാക്കാൻ സാധിക്കും. ഞാൻ പ്രീഡിഗ്രിക്ക് Returns to India എന്ന പുസ്തകം പഠിച്ചിട്ടുണ്ട്. അതിലുണ്ടായിരുന്നത് ലോകത്തിലെ എല്ലാ പ്രധാനമന്ത്രിമാരും പ്രസിഡന്റുമാരുംകൂടി ഒരു അജ്ഞാതമായ ദ്വീപിൽപോയി യോഗം ചേരുന്നു. ആ യോഗത്തിന്റെ അജണ്ട ആ രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കത്തിന് പരിഹാരം കാണലായിരുന്നു. അത് സമാധാനം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള സമാധാന ചർച്ചയായിരുന്നു. ആ അജ്ഞാത ദ്വീപിൽ കുറച്ച് ആദിവാസികളുണ്ടായിരുന്നു. അവർ കുറച്ച് പഴം കൊണ്ടുപോയി ഇവർക്കൊക്കെ കൊടുത്ത് സൽക്കരിച്ചു. ഇതുവരെ കഴിച്ചിട്ടില്ലാത്ത മധുരമേറിയ ആ ഫലം എല്ലാവരും കഴിച്ചു. കഴിച്ചയുടനെ എല്ലാവരും ഉറങ്ങാൻ തുടങ്ങി. ആറുമാസം തുടർച്ചയായി ഉറങ്ങി. ആ ആറുമാസം, ഇവർ ഉണരുന്നതുവരെ ലോകത്ത് സമാധാനം നിലനിന്നുവെന്നാണ് അതിൽ പറയുന്നത്. അവർക്ക് ഓർമ്മ വന്നപ്പോൾ വീണ്ടും അതിർത്തികളെക്കുറിച്ചും തർക്കങ്ങളെക്കുറിച്ചും യുദ്ധങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞു. അതാണ് പൊളിറ്റിക്സിന്റെ പ്രത്യേകത. ആ രംഗത്ത് പ്രവർത്തിക്കുമ്പോൾ പോസിറ്റീവായ അപ്രോച്ചുണ്ടെങ്കിൽ മാത്രമേ ഇതെല്ലാം ചെയ്യാൻ കഴിയൂ. കേരളത്തിലെ ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ ഭണ്ഡാരത്തിൽ ഒരുപാട് സ്വർണ്ണമുള്ള വിഷയത്തെക്കുറിച്ചെല്ലാം ഇവിടെ ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. രാജാക്കൻമാരുടെ കൂട്ടത്തിൽ ഏറ്റവും നല്ല രാജാക്കൻമാർ തിരുവിതാംകൂർ രാജാക്കൻമാരെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

ഏത് രാജാവും യുദ്ധം ചെയ്തിട്ടുണ്ട്, ഏത് രാജാവും ഏത് ഭരണാധികാരിയും അക്രമം ചെയ്തിട്ടുണ്ട്, സ്റ്റാലിൻ ചെയ്തിട്ടുണ്ട്, മാവോ ചെയ്തിട്ടുണ്ട്. അതൊക്കെ വച്ചുനോക്കുമ്പോൾ രാജാക്കൻമാരുടെ കൂട്ടത്തിൽ കംപാരറ്റീവ്‌ലി ബെറ്റർ ടീമായിരുന്നു തിരുവിതാംകൂർ രാജാക്കൻമാർ. അവർ വണ്ടിയിൽ മണ്ണ് കൊണ്ടുപോയപ്പോൾ നാല് ആഭരണങ്ങൾ കൊണ്ടുപോയിയെന്നൊക്കയുള്ള ഒരു ആക്ഷേപമുന്നയിച്ചിരുന്നു. അതൊക്കെ നെഗറ്റീവ് അപ്രോച്ചാണ്. വാസ്തവത്തിൽ അതിനെ പോസിറ്റീവായി കാണേണ്ടതാണ്. അത്രയും ആഭരണം ഒരു ജനകീയ ഭരണാധികാരിയുടെ കയ്യിലാണ് ഏൽപ്പിച്ചിരുന്നതെങ്കിൽ ഒരുപൊടിപോലും ഇപ്പോൾ കാണുമായിരുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. അത് പുരയിൽ കൊണ്ടുപോകാതെ ആ ക്ഷേത്രത്തിൽത്തന്നെ സൂക്ഷിച്ച രാജാവിന്റെ വിശാലഹൃദയത്തെ നമ്മൾ എത്ര അഭിനന്ദിച്ചാലും മതിയാകുമോ. അത് നമുക്ക് എടുക്കാൻ സാധിച്ചില്ലെങ്കിലും ഇപ്പോൾ അവിടെയുണ്ടല്ലോ. അതൊരു സമാധാനമാണ്. ഒരു ജനാധിപത്യ ഭരണ സമ്പ്രദായത്തിലെ ജനകീയ ഭരണാധികാരിയെ ഇതൊക്കെ ഏൽപ്പിച്ചിരുന്നുവെങ്കിൽ വല്ലതും ബാക്കി കാണുമായിരുന്നോ? അത് നമ്മുടെ അപ്രോച്ചിന്റെ പ്രശ്നമാണ്. രാജ്യത്ത് എന്തെങ്കിലും മാറ്റം വരുത്തുമ്പോൾ മുഖ്യധാരാ രാഷ്ട്രീയകക്ഷികളുടെ പൊതുവായ സമീപനം വികസന കാര്യങ്ങളിൽ വേണം. അപ്പോൾ മാത്രമേ സാമ്പത്തിക രംഗത്തൊക്കെ മാറ്റം വരികയുള്ളൂ. മുഖ്യധാരാ രാഷ്ട്രീയകക്ഷികൾക്ക് പലപ്പോഴും ഒളിച്ചുകളി നടത്തേണ്ടിവരികയാണ്.

മി. ചെയർമാൻ: ജനാധിപത്യ ഭരണത്തിൽ സ്വർണം ഏൽപ്പിച്ചാലും അത് സുരക്ഷിതമായിത്തന്നെ കാത്തുപരിപാലിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പരിപാലിക്കണമെന്നാണ് ഞാനും പറയുന്നത്. That is good. ചെയറിന്റെ അഭിപ്രായം വളരെ കറക്റ്റാണ്. That is my intention also. 'മദ്‌വചനങ്ങൾക്ക് മാർദ്ദവമില്ലെങ്കിൽ ഉദ്ദേശശുദ്ധിക്ക് മാപ്പ് നൽകിൻ' എന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്. മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ വോട്ടിനുവേണ്ടി ചാഞ്ഞും ചരിഞ്ഞും വീണും ഉരുണ്ടും കിടന്നും നിൽക്കുന്ന ഒരു സ്ഥിതി വന്നതുകൊണ്ട് രാഷ്ട്രീയ പാർട്ടികൾക്ക് സത്യം പറയാൻ കഴിയാത്ത ഒരു കാലമാണ്. നാഷണൽ ഹൈവേ വികസനം വേണമോ വിമാനത്താവള വികസനം വേണമോയെന്ന് ചോദിച്ചാൽ വേണമെന്നും പറയില്ല, വേണ്ടെന്നും പറയില്ല. വേണ്ടെന്ന് പറഞ്ഞ് സമരം നടത്തുന്നവരുടെ കൂടെ നിൽക്കും. ഇവിടെ വന്നിട്ട് വേണമെന്ന് പറഞ്ഞ് പ്രസംഗിക്കുകയും ചെയ്യും. അതുകൊണ്ട് ആ മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ ഒളിച്ചുകളി അവസാനിപ്പിച്ചിട്ട് വികസന കാര്യങ്ങൾക്കുവേണ്ടി ഡെഡിക്കേറ്റഡായി ഒരുമിച്ചുനിന്നേ മതിയാകുകയുള്ളൂ. ഇന്ത്യയിൽത്തന്നെ എല്ലാ

സംസ്ഥാനങ്ങളുടെയും വളർച്ചയുടെ കാര്യത്തിലും വികസന കാര്യത്തിലും കേരളം മുന്നിലാണെന്ന് രഘുരാജൻ കമ്മിറ്റി പറഞ്ഞിട്ടുണ്ട്. കേരളം സമൃദ്ധിയിൽ രണ്ടാം സ്ഥാനത്താണ്. സമത്വത്തിൽ ഒന്നാം സ്ഥാനത്താണ്. രഘുരാജൻ കമ്മിറ്റി കേരളം വളരെയധികം മുന്നിലാണെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ റെയിൽവേ ബഡ്ജറ്റും പൊതുബഡ്ജറ്റും വന്നു. അത് വന്നതോടുകൂടി നമ്മളാകെ വേവലാതിയിലായി. നമുക്കൊന്നുമില്ല. നമ്മൾ ഇവിടെ ഒരുമിച്ചുനിന്ന് പ്രമേയം പാസ്സാക്കി. ഞാൻ പറയുന്നത്, കേന്ദ്ര സർക്കാരിനോട് ഏറ്റുമുട്ടാൻ സമയമായിട്ടില്ലെന്നാണ്. ഏറ്റുമുട്ടുന്നത് ബുദ്ധിപൂർവ്വമല്ല. റെയിൽവേ ബഡ്ജറ്റിൽ നമുക്കൊന്നും കിട്ടിയില്ലെങ്കിലും ഒരു പോസിറ്റീവ് അപ്രോച്ച് അവരോട് സ്വീകരിച്ചിട്ട് കുറച്ചുകൂടി കാത്തിരിക്കേണ്ടതാണ്. വളരെ ധൃതിപ്പെട്ട് ഒരു തീരുമാനം കേന്ദ്ര ഗവൺമെന്റിനോട് സ്വീകരിക്കാൻ പാടില്ല. കേന്ദ്ര ഗവൺമെന്റിന്റെ പൊളിറ്റിക്കൽ ഐഡിയോളജിയോട് രാഷ്ട്രീയ പാർട്ടികൾക്ക് ഏറ്റുമുട്ടാം. As a Legislative Assembly എന്നുള്ള നിലയിൽ നമ്മൾ നമ്മുടെ ആവശ്യങ്ങൾ ഉന്നയിക്കുക എന്നുള്ളതല്ലാതെ, കേന്ദ്ര ഗവൺമെന്റിനോട് ഫൈറ്റ് ചെയ്യാൻ പാടില്ല. അതിന് അവിടെ പാർലമെന്റ് മെമ്പർമാരുണ്ട്. കേന്ദ ഗവൺമെന്റിനോട് ആദ്യമേതന്നെ ഒരു ഏറ്റുമുട്ടലിന്റെ പാതയിലേയ്ക്ക് പോകുന്നത് നല്ലതല്ല. എയിംസിന്റെ കാര്യവും ഐ.ഐ.ടി.-യുടെ കാര്യവുമൊക്കെ ഉണ്ട്. എയിംസിന്റെ കാര്യം പറഞ്ഞിട്ട് 45 ദിവസമേ ആയിട്ടുള്ളൂവെന്ന് നേരത്തെ മുഖ്യമന്ത്രി പറഞ്ഞു. ഐ.ഐ.ടി. 45 ദിവസം കൊണ്ട് ഉണ്ടായതാണോ? അത് പ്രഖ്യാപിക്കുമ്പോൾ ഈ ഗവൺമെന്റ് വന്നിട്ട് 45 ദിവസമല്ലേ ആയിട്ടുള്ളൂ. മെല്ലെ തിന്നാൽ മുള്ളും തിന്നാമെന്ന് പറഞ്ഞതുപോലെ കേന്ദ ഗവൺമെന്റിനോട് നല്ലൊരു അപ്രോച്ച് വേണം. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയെന്നുള്ള നിലയ്ക്ക് അദ്ദേഹത്തിന്റെ പല സമീപനങ്ങളും അത്ഭുതകരമാണ്, അപ്രിഷ്യേറ്റ് ചെയ്യാവുന്നതാണ്. ഇറാഖിന്റെ പ്രശ്നത്തിൽ അദ്ദേഹത്തിന് എങ്ങനെയാണ് നഴ്സുമാരെ തിരിച്ചുകൊണ്ടുവരാൻ സാധിച്ചത്? അദ്ദേഹമെടുത്ത പോസിറ്റീവ് അപ്രോച്ചാണ്. ആ അപ്രോച്ച് വികസന കാര്യങ്ങളിലും നമ്മൾ കേന്ദ്രത്തോട് എടുക്കണം. നമ്മൾ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ബി.ജെ.പി. ആയിരിക്കാം, മോഡിയായിരിക്കാം. ജനങ്ങൾ വോട്ട് ചെയ്ത് ജയിപ്പിച്ചതാണ്. അതുകൊണ്ട് കേരള സംസ്ഥാനത്ത് ഇപ്പോൾ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റ് നല്ലൊരു ഗവൺമെന്റാണെന്നതുകൊണ്ടല്ലേ സപ്ലിമെന്ററി ഡിമാന്റ്സിനെ പിന്തുണയ്ക്കുന്നത്. കൂടുതൽ ഇടത്തോട്ട് പോകുന്നവൻ വലതുഭാഗത്ത് പ്രത്യക്ഷപ്പെടുമെന്ന് ലെനിൻ പറഞ്ഞിട്ടുണ്ട്. അത് സംഭവിക്കാതിരിക്കട്ടെയെന്ന് പ്രതിപക്ഷത്തോട് പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ഉപധനാഭ്യാർത്ഥനകളെ എതിർക്കുന്നു. ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്ന വിഷയത്തെപ്പറ്റി അല്ലെങ്കിലും സഭ നടക്കുമ്പോൾ ഇക്കാര്യം പരാമർശിക്കാതെ പോകുന്നത് ശരിയല്ലെന്നുള്ളതുതൊണ്ട് പറയുകയാണ്. പത്തനംതിട്ട ജില്ലയിലെ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി അനിത ഒരു പട്ടികജാതിക്കാരിയാണ്. അവിടത്തെ പ്രസിഡന്റ് വിദേശത്ത് പോയി തിരിച്ചുവരുന്നതുവരെ ഇവരായിരുന്നു പ്രസിഡന്റ്. വൈസ് പ്രസിഡന്റ് പട്ടികജാതിക്കാരിയായതുകൊണ്ട് അവരുപയോഗിച്ചിരുന്ന കസേര, ഗ്ലാസ്, പാത്രങ്ങൾ എല്ലാം പ്രസിഡന്റ് തിരികെ വന്നപ്പോൾ മാറ്റി. ഞാൻ പട്ടികജാതിക്കാരിയായതുകൊണ്ടാണ് എന്നോടിത് ചെയ്തതെന്ന് അവർ പൊട്ടിത്തെറിക്കുന്ന രൂപത്തിൽ പത്രക്കാരോട് പറഞ്ഞു. നമ്മൾ ഇവിടെ പട്ടികവർഗ്ഗത്തിന്റെ ഉന്നമനം, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കൽ, എന്നിവയെപ്പറ്റിയൊക്കെ സംസാരിക്കുന്നു. സമൂഹത്തിന്റെ മുൻപന്തിയിലേക്ക് പട്ടികജാതിക്കാർ വരാത്തതിൽ വിഷമിക്കുന്ന ഘട്ടത്തിൽ, കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഒരു ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റായ ഒരു പട്ടികജാതിക്കാരിക്ക് ഇത്തരത്തിലുള്ള ഒരനുഭവമാണുണ്ടായത്. അത് ഒരു രാഷ്ട്രീയ പാർട്ടിയുടെ ഭാഗമാണ്. ആ രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വം മാതൃകാപരമായി പട്ടികജാതിക്കാരിയായ ഒരു ജനപ്രധിനിധിയോട് ഇത്രയും മോശമായി പെരുമാറിയതിൽ ഒരു സംഘടനയെന്നുള്ള നിലയ്ക്ക് പ്രതികരിക്കും, സ്വാഭാവികമായും കേരളം ഇനിയുള്ള ദിവസങ്ങളിൽ ആ കുറ്റം ചെയ്തയാളെ എങ്ങനെയാണ് ആ കക്ഷി വിലയിരുത്തുന്നതെന്ന് പരിശോധിക്കണം. ഇവിടത്തെ പ്രശ്നം, കേന്ദ്ര ഗവൺമെന്റ് കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി അനുവദിക്കുന്ന ഫണ്ടുകളുടെ നല്ലൊരു ഭാഗവും നമ്മൾ ചെലവഴിക്കാ തിരിക്കുകയാണ്. കേന്ദ്രം അനുവദിച്ച ഫണ്ട് നമ്മൾ ഉപയോഗിക്കുന്നില്ല. ഇപ്പോൾ നമ്മൾ എയിംസിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ നമ്മൾ വേണ്ടപോലെ ആവശ്യപ്പെട്ടില്ലെന്നുള്ള വിമർശനം വന്നതുപോലെ നമ്മൾക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഫണ്ട് സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചില്ലെന്ന് വന്നാൽ കേന്ദ്ര ഗവൺമെന്റിനോട് കൂടുതൽ കാര്യങ്ങൾ എങ്ങനെ ചോദിക്കാൻ കഴിയും. ഇപ്പോൾ തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങൾക്ക് ഏത് കക്ഷി കേന്ദ്രത്തിൽ ഭരിക്കുന്നുവെന്നത് അവർക്ക് പ്രശ്നമല്ല. അവർ കേന്ദ്രം അനുവദിച്ച ഫണ്ടുകൾ ചെലവഴിച്ചശേഷം കൂടുതൽ ഫണ്ടുകൾ അനുവദിപ്പിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമ്പോൾ ഇവിടെ സംസ്ഥന ഗവൺമെന്റ് കേന്ദ്രം അനുവദിച്ച ഫണ്ട് വേണ്ട വിധം വിനിയോഗിക്കുന്നില്ല. രണ്ടാമത്, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ മേഖലയിൽ, എസ്.എസ്.എൽ.സി. പാസ്സായശേഷമുള്ള തുടർ വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ച്

മൊത്തത്തിൽ പരിശോധിച്ചു. അപ്പോൾ മലബാർ ഭാഗത്ത് തൃശ്ശൂർ തുടങ്ങി മറ്റുള്ള ജില്ലകളിൽ വലിയൊരു വിഭാഗം കുട്ടികൾക്ക് ഹയർസെക്കണ്ടറിക്ക് പഠിക്കാൻ സാധിക്കുന്നില്ല. അതിന്റെ ഫലമായി തൃശ്ശൂർ അടക്കമുള്ള മറ്റെല്ലാ ജില്ലകളിലും കൂടുതൽ സീറ്റുകൾ അനുവദിച്ചു. കൂടുതൽ സീറ്റുകൾ അനുവദിച്ചിട്ടും മലബാർ ഭാഗത്ത് എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്കെല്ലാപേർക്കും പഠിക്കാനാവശ്യമായ സൗകര്യമില്ല. ഇത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകണം. ബഹുമാനപ്പെട്ട സ്പീക്കർതന്നെ ഇന്നലേയോ മിനിഞ്ഞാന്നോ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കുട്ടികൾക്ക് പഠിക്കാനാവശ്യമായ സീറ്റുകൾ ലഭിക്കാത്തതിനെ സംബന്ധിച്ച് പറഞ്ഞു. ആലപ്പുഴയിലും ഇല്ലെന്ന് ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരനും പറയുന്നു. അങ്ങനെ എവിടെയെങ്കിലുമുണ്ടെങ്കിൽ അതെല്ലാം പരിശോധിച്ച് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പക്ഷേ മലബാറിൽ കാസർഗോഡ് തുടങ്ങി തൃശ്ശൂർ വരെ ഓരോ ഭാഗത്തുമുള്ള കണക്കുകൾ പരിശോധിച്ചപ്പോൾ മലബാറിൽ അത് വ്യക്തമായിരുന്നു. അന്ന് തിരു-കൊച്ചി ഭാഗത്ത് പലയിടത്തും സീറ്റുകൾ ഉണ്ടായിട്ട് ആ സീറ്റുകളിൽ കുട്ടികൾ ചേർന്നില്ലെന്നതിനെ സംബന്ധിച്ചും കണക്കുകൾ ഉണ്ടായിരുന്നു. ഇത് അടിയന്തരമായി പരിഹരിക്കേണ്ടതാണ്.

അടുത്തത് ക്ഷേത്രക്കുളങ്ങളെക്കുറിച്ചാണ്. മലബാറിലും കുറെ ക്ഷേത്രക്കുളങ്ങളുണ്ട്. ആ ക്ഷേത്രക്കുളങ്ങൾ നന്നാക്കുവാനുള്ള ഫണ്ട് അനുവദിക്കണം. വടകര നിയോജക മണ്ഡത്തിലെ വിവിധ ഭാഗങ്ങളിലുള്ള പഴയ ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കുന്നതിനെപ്പറ്റി ആവശ്യപ്പെട്ടിരുന്നു, ആ കുളങ്ങൾ വൃത്തിയാക്കണം. ഇവിടെ ഞാനിതു പറയുന്നത് തിരു-കൊച്ചിയിലെ ചില കുളങ്ങൾ മാത്രം നന്നാക്കാനുള്ള പദ്ധതി നിലവിലുണ്ട്. അത് മലബാർ ഭാഗത്തുമുണ്ടാകണം. മലബാറിനെ വേണ്ടപോലെ ശ്രദ്ധിക്കുന്നില്ലെന്നു പറഞ്ഞുകൊണ്ട് ചില സംഘടനകൾ മലബാർ ഭാഗത്ത് നിന്ന് വരുമ്പോൾ, മലബാറിനെ പ്രതിനിധീകരിച്ച് വരുന്ന ഞങ്ങൾക്ക് മലബാറിനോട് നീതി കാണിക്കണമെന്ന് പറയുവാനുള്ള ബാധ്യതയുണ്ട്. അതുകൊണ്ടാണ് സാധാരണ നിലയ്ക്ക് ഈ കാര്യങ്ങൾ പറേയണ്ടി വന്നത്. ബഹുമാനപ്പെട്ട ശ്രീ.കെ. എൻ. എ. ഖാദർ പറഞ്ഞതിനോട് ഞാൻ നൂറു ശതമാനം യോജിക്കുന്നു. ഒരു തെരഞ്ഞെടുപ്പു കഴിഞ്ഞു. ജനങ്ങൾ ഒരു ഗവൺമെന്റിനെ കേന്ദ്രത്തിൽ അധികാരത്തിലെത്തിച്ചു, ആ ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങൾ നടത്തട്ടെ, മിനിമം ഒരു ആറു മാസം ഒരു ഗവൺമെന്റ് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചതിനുശേഷം അതിനെ വിലയിരുത്താം. രാഷ്ട്രീയമായി ആ പാർട്ടി പാർലമെന്റ് തെരഞ്ഞെടുപ്പിലേക്ക് പോകുന്ന അവസരത്തിൽ പറഞ്ഞതിൽ നിന്ന് വളരെയേറെ പുറകോട്ടുപോയെന്ന് തോന്നുന്നതിന്റെ അനേകം സൂചനകൾ നമുക്ക് ഇൻഡ്യയിൽ കാണാൻ സാധിക്കുന്നു. പക്ഷേ അതിലേക്കൊക്കെ

പോകുന്നതിനുമുമ്പ് ഒരു ആറു മാസം നമ്മൾ അവർക്ക് സമയം കൊടുക്കണമെന്ന അദ്ദേഹത്തിന്റെ സമീപനത്തോട് ഞാൻ നൂറു ശതമാനം യോജിക്കുന്നു. കഴിഞ്ഞ മൻമോഹൻ സിംഗ് ഗവൺമെന്റ് സംസ്ഥാനത്തിനനുവദിച്ച സംഖ്യ നമ്മൾ ചെലവഴിച്ചില്ലെങ്കിൽ നമുക്ക് പുതിയ ഗവൺമെന്റിനോട് നമ്മുടെ അവകാശങ്ങൾ പറഞ്ഞുകൊണ്ട് കാര്യങ്ങൾ നേടിയെടുക്കാൻ സാധിക്കാത്ത ഒരു പോരായ്മയുണ്ടാകും. പുതിയ ഗവൺമെന്റിനോട് കണക്കുപറയുന്ന അവസരത്തിൽ കേരളം ഇത്ര ശതമാനം കഴിഞ്ഞ പ്രാവശ്യം ചെലവഴിച്ചുവെന്ന് പറഞ്ഞു കൊണ്ട് നേരിടാൻ സാധിക്കുന്ന ഒരു സാഹചര്യം നമുക്കുണ്ടാകണം. ധനകാര്യ വകുപ്പ് സൂക്ഷിച്ചുകണ്ട് പ്രവർത്തിക്കണം. നമ്മുടെ കൈവശമുള്ള ഫണ്ടു മുഴുവൻ ചെലവഴിച്ചുകൊണ്ട് നമ്മുടെ കേരളം വളരെ മെച്ചമാണെന്ന് പറഞ്ഞതുകൊണ്ട് മാത്രം ഫലമില്ല. ആദിവാസികളെ സ്വാധീനിക്കാൻ നിങ്ങളുടെ പ്രശ്നങ്ങൾ ഞങ്ങൾ പരിഹരിക്കുമെന്ന് പറഞ്ഞ് വരുന്ന മാവോയിസ്റ്റുകളുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങൾ മാവോയിസ്റ്റുകളുടെ കൈകളിലേക്ക് നീങ്ങുന്നു. കാരണം എന്താണ്? നമ്മുടെ സംസ്ഥാന ഗവൺമെന്റുകൾ ആദിവാസികളെ ശ്രദ്ധിക്കുന്നില്ല. നമ്മൾ ഇവിടെ നിയമസഭയിൽ കാര്യങ്ങൾ പറയും പക്ഷേ ഒന്നും അവിടെ എത്തുന്നില്ല. അതെത്താത്തതിന്റെ ഫലമായിട്ടുള്ള അപകടങ്ങളുണ്ട്. നമ്മുടെ സ്റ്റേറ്റിന്റെ ഭാഗമാണ് അവർ. നമ്മൾ സ്വാതന്ത്ര്യം സമ്പാദിച്ച് എത്രയോ വർഷങ്ങളായിട്ടും നമ്മുടെ കൂടെ നമ്മുടെ ഭാഗമായ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർ ആത്മാർത്ഥമായ രൂപത്തിലുള്ള പരിശ്രമങ്ങളും പിന്തുണയും നൽകാത്തതിന്റെ ഫലമായിട്ടാണ് ഈ സാഹചര്യങ്ങൾ നമ്മുടെ നാട്ടിലുള്ളത്. നമ്മുടെ ബഹുമാനപ്പെട്ട ഖാദർ സാഹിബ് പറഞ്ഞു നമ്മൾ ഇൻഡ്യയിൽ വളരെ മുൻപിലാണെന്ന്. ഒരുപക്ഷേ മധ്യപ്രദേശിനെക്കാളും മറ്റ് സംസ്ഥാനങ്ങളെക്കാളും പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നമ്മൾ വളരെയേറെ പുറകിലാണ്. മാവോയിസ്റ്റുകൾ വടക്കെ ഇൻഡ്യയിലെ അതിർത്തികളിൽ നിന്ന് കേരളത്തിലേക്ക് വരാൻ സാഹചര്യമുണ്ടാക്കിയത് നമ്മൾ ഈ വിഭാഗങ്ങളോട് കാണിക്കുന്ന അവഗണനയാണ്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നമ്മുടെ ധനകര്യ വകുപ്പ് എന്തെല്ലാം ഫണ്ട് വേണമോ അതെല്ലാം കൊടുത്തുകൊണ്ട് ഗവൺമെന്റിന്റെ മുഴുവൻ ഏജൻസികളും കുറച്ച് മാസങ്ങൾകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ രൂപത്തിൽ പ്രവർത്തിക്കേണ്ടതാണ്. അല്ലെങ്കിൽ നമുക്ക് അപമാനകരമാണ്. ഇന്ന് നമ്മുടെ ഭരണത്തിന്റെ ഭാഗമായി ഒരു പട്ടികജാതിക്കാരിയായ സഹോദരിയെ നമ്മുടെ സമൂഹത്തിന്റെ മുമ്പാകെ ജാതീയതയുടെ പേരിൽ അപമാനിച്ചിരിക്കുന്നു. ഇതു മാറ്റാൻ നമുക്ക് സാധിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

2.00 PM]

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ പറഞ്ഞ കാര്യവും ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞ കാര്യവും നമ്മൾ ശ്രദ്ധിക്കേണ്ടതാണെന്ന് പറഞ്ഞുകൊണ്ടു തന്നെയാണ് ഞാൻ തുടങ്ങുന്നത്. ഇവിടെ, 4,800 കോടിയിൽപരം രൂപയുടെ ഉപധനാഭ്യർത്ഥന അവതരിപ്പിച്ച മന്ത്രിമാരിൽ ആരെയും തന്നെ സഭയിൽ കാണാനില്ല. ഇപ്പോൾ സഭയിൽ ആകെയുള്ള മന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയാണ്. ഈ ഉപധനാഭ്യർത്ഥനയെ സംബന്ധിച്ച് ശക്തമായി പ്രതിഷേധമുണ്ടെങ്കിൽ രേഖപ്പെടുത്തേണ്ട പ്രതിപക്ഷത്തിലെ നേതാക്കന്മാരെയും കാണാനില്ല. കേരള നിയമസഭയുടെ ഭരണ പ്രതിപക്ഷ അംഗങ്ങൾക്ക് ഉപധനാഭ്യർത്ഥന എന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാട് എവിടെപോയി എത്തിയിരിക്കുന്നു എന്നതാണ് എന്റെ ദുഃഖം. ഇത് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇത്രയും നേരം നമ്മുടെ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ഉണ്ടായിരുന്നു. അദ്ദേഹം ഭക്ഷണം കഴിക്കാൻ പോയതാണ്. അദ്ദേഹമുണ്ടായിരുന്നപ്പോഴും ഈ സഭയിൽ മറ്റാരുമില്ല. ഉപധനാഭ്യർത്ഥന അവതരിപ്പിച്ച മന്ത്രിമാരെങ്കിലും ഞങ്ങൾക്ക് പണം തരണമെന്നുള്ള അപേക്ഷയുമായി ഇരിക്കാനുള്ള ബാധ്യതയില്ലേ; അവരുമില്ല. ഇപ്പോൾ എന്താണ് സംഭവം? ഇവിടെ സംസാരിച്ച മുസ്ലീംലീഗുകാരനായ ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. നരേന്ദ്ര മോദിയെ എതിർക്കേണ്ട എന്നു പറയുന്ന മനസ്സിലേക്ക് എത്തിയിരിക്കുന്നു. ആ മാനസിക നിലയിലേക്ക് നാണുവേട്ടനും എത്തിയിരിക്കുന്നു. മോദിയെ കാണാൻ ഞാൻ പോയി എന്നു പറഞ്ഞ് എനിക്ക് ഇവിടെ കിടക്കപ്പൊറുതിയില്ലാത്ത കാലഘട്ടം ഞാൻ ഓർക്കുകയാണ്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ശ്രീ. മോദിയെ എതിർക്കേണ്ട എന്ന നിലപാടിലേക്ക് മുസ്ലീംലിഗ് എത്തിയിട്ടില്ല. മോദിയുടെ സർക്കാർ അധികാരത്തിൽ വന്നിട്ട് കുറച്ചുനാളുകളേ ആയിട്ടുള്ളൂ. ഒരു സർക്കാരിന്റെ നിലപാടുകളെ എതിർക്കുന്ന സാഹചര്യത്തിലേക്ക് എത്തിയിട്ടില്ലെന്നേ പറഞ്ഞിട്ടുള്ളൂ. മോദിയോടും മോദിയുടെ നിലപാടിനോടും എന്നും വിയോജിപ്പുള്ള പാർട്ടിതന്നെയാണ് മുസ്ലീംലീഗ്.

ശ്രീ. പി. സി. ജോർജ് : സർ, എനിക്ക് അതിൽ തർക്കമില്ല. ശ്രീ. കെ. എൻ. എ. ഖാദർ തെറ്റ് പറഞ്ഞെന്നോ നിങ്ങൾ തെറ്റ് പറഞ്ഞെന്നോ ഉള്ള അഭിപ്രായം എനിക്കില്ല. നിഷ്പക്ഷമായ ഒരു അഭിപ്രായം പറഞ്ഞു എന്നെയുള്ളൂ.

നിയമസഭാ സമ്മേളനം നാളെ അവസാനിക്കാൻ പോകുകയാണ്. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന പ്രശ്നമെന്താണ്? എം.എൽ.എ.-മാർ കൊടുക്കുന്ന കടലാസിൽപ്പോലും ക്വറിയിടുന്ന ഉദ്യോഗസ്ഥന്മാരാണുള്ളത്. അത് ഈ ഭരണത്തിൽ മാത്രമല്ല. ഇടതുപക്ഷം ഭരിച്ചപ്പോഴും ഇതു തന്നെയായിരുന്നു പ്രശ്നം. എം.എൽ.എ.മാർ എഴുതിക്കൊടുക്കുന്ന കടലാസിന് പുല്ലുവിലയല്ലേ ഉദ്യോഗസ്ഥന്മാർ കൽപ്പിക്കുന്നത്. അത് നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തും ഇതുതന്നെയാണ് സ്ഥിതി. എന്തുകൊണ്ട് ഇത് സംഭവിക്കുന്നു? വളരെ ദുഃഖകരമായ സംഭവമല്ലേയിത്? പ്രശസ്ത നോവലിസ്റ്റായ ആനന്ദിന്റെ നോവലാണ് 1974-ൽ പ്രസിദ്ധീകരിച്ച 'മരണസർട്ടിഫിക്കറ്റ്". കേരള സംസ്ഥാനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ഉദ്യോഗസ്ഥന്മാർക്കും സർക്കാർ ചെലവിൽ ആനന്ദിന്റെ പ്രസ്തുത നോവൽ വാങ്ങിക്കൊടുത്ത് വായിക്കുന്നതിന് പ്രേരിപ്പിച്ചാൽ ഇവർ നന്നാകും എന്നാണ് എന്റെ അഭിപ്രായം. മരണസർട്ടിഫിക്കറ്റ് എന്ന നോവലിൽ ഒരു ചെറുപ്പക്കാരൻ അവന്റെ അച്ഛന്റെ ശവദാഹം നടത്തിയതിനുശേഷം മരണസർട്ടിഫിക്കറ്റിനുവേണ്ടി നടക്കുകയാണ്. അങ്ങനെ അവസാനം നടന്ന് മടുത്തു. പ്രസ്തുത നോവൽ അവസാനിക്കുന്ന ഭാഗം വായിക്കുമ്പോൾ അങ്ങേക്ക് മനസ്സിലാകും. ആ ചെറുപ്പക്കാരൻ വേദനയോടുകൂടി പറയുകയാണ്, "പക്ഷെ, ഇതിലെല്ലാം എനിക്ക് എന്തു ബന്ധം, ക്രിമറ്ററി ക്ലാർക്കുമാർ സ്ഥലം മാറുകയോ മരിക്കുകയോ ചെയ്യട്ടെ, ഫയലുകൾ കുന്നുകൂടട്ടെ, ചിതൽ തിന്നട്ടെ, രസീതുകൾ ഇല്ലാതാകട്ടെ, യുദ്ധമോ വിപ്ലവമോ നടക്കട്ടെ, ഒന്നും ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ല. എനിക്ക് ആരോടും ദേഷ്യം തോന്നുന്നില്ല. എന്റെ യത്നം ക്ലാർക്കുമാരിൽ നിന്നും രസീതുകളിൽ നിന്നുമെല്ലാം വേർപെടാൻ തുടങ്ങിയിരിക്കുന്നു. വേദനകളുടെ പ്രഹരമേറ്റ് ഏകാന്തമായി നുകം വലിച്ചുകൊണ്ട് ഞാൻ നടക്കുന്നു. അങ്ങനെ നടക്കുന്തോറും ഈ നടത്തം തന്നെ എനിക്ക് മരണസർട്ടിഫിക്കറ്റായി തീരുന്നു. ഈ മരണ സർട്ടിഫിക്കറ്റുതന്നെ ഇവന്റെ ജീവിത സർട്ടിഫിക്കറ്റാകുന്നു. ഈ സത്യം സർവ്വോപരി എനിക്ക് മനസ്സിലാകാൻ തുടങ്ങുന്നു." വേദനയോടുകൂടി ഒരു ചെറുപ്പക്കാരൻ പറയുകയാണ്. കേരളത്തിലെ ഭരണത്തെക്കുറിച്ചല്ലേ പറഞ്ഞിരിക്കുന്നത്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ പോലുള്ള ദീനാനുകമ്പയുള്ള ഒരു മുഖ്യമന്ത്രി ഇവിടെയില്ലായിരുന്നുവെങ്കിൽ എവിടെ പോകുമായിരുന്നു.

ശ്രീ. ജി. സുധാകരൻ: സർ, വളരെ ശരിയായ രീതിയിൽ അങ്ങ് ഉദ്ധരിച്ചു. ക്യൂബൻ വിപ്ലവം കഴിഞ്ഞപ്പോൾ വിപ്ലവത്തിനു മുമ്പുണ്ടായിരുന്ന പോലെ ബ്യൂറോക്രാറ്റുകൾ പെരുകാൻ തുടങ്ങി. 'ഡെത്ത് ഓഫ് എ ബ്യൂറോക്രാറ്റ്" എന്ന

പറയുന്ന ഒരു ക്യൂബൻ സിനിമയുണ്ട്. ഇന്നലെയിവിടെ ചെഗുവരയെക്കുറിച്ച് പറഞ്ഞല്ലോ. അദ്ദേഹം ക്യൂബൻ വിപ്ലവത്തിനുവേണ്ടി പ്രവർത്തിച്ച ആളാണ്. ഒരു മകന്റെ അച്ഛൻ മരിച്ചു. വിപ്ലവം കഴിഞ്ഞപ്പോഴും വിപ്ലവത്തിനു മുമ്പുള്ള സ്ഥിതി തുടരുകയാണ്. ഏഴു ദിവസം തുടർച്ചയായി നടന്നിട്ടും സർട്ടിഫിക്കറ്റ് കൊടുത്തില്ല. അതുകൊണ്ട് അവസാനം ഇയാൾ അയാളെ അടിച്ചുകൊല്ലുകയാണ് ചെയ്യുന്നത്. അതാണ് ഡെത്ത് ഓഫ് എ ബ്യൂറോക്രാറ്റ് എന്ന സിനിമ. പക്ഷേ അത്രത്തോളം ഈ കഥയിൽ വന്നിട്ടില്ല .

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇതിൽ അതിനെക്കാൾ കൂടുതൽ വന്നിരിക്കുകയാണ്. അങ്ങയുടെ വിപ്ലവ മനസ്സാണ് ക്യൂബയെപ്പറ്റി പറയാൻ പ്രേരിപ്പിച്ചത്. പക്ഷേ, ഇത് മലയാളിയായ ആനന്ദ് എന്നു പറയുന്ന വലിയ നോവലിസ്റ്റ് എഴുതിയതാണ്. ഒരു വർഷക്കാലം അച്ഛന്റെ മരണസർട്ടിഫിറ്റിനായി നടന്നു. ക്ലാർക്ക് പറഞ്ഞത് നിന്റെ അപ്പൻ ജീവിച്ചിരിക്കുന്നു എന്ന സർട്ടിഫിക്കറ്റ് കൊണ്ടുവന്നാൽ മരണ സർട്ടിഫിക്കറ്റ് തരാമെന്നാണ്. ഈ നാട് എങ്ങോട്ടാണ് പോകുന്നത്. നമ്മൾ അങ്ങോട്ടും ഇങ്ങോട്ടും പ്രസംഗിച്ചിട്ട് കാര്യമില്ല എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. നമ്മൾ അങ്ങോട്ടും ഇങ്ങോട്ടും പ്രസംഗിക്കുകയും കുറ്റം പറയുകയും തർക്കിക്കുകയുമാണ് ചെയ്യുന്നത്. ഇതെല്ലാം ഈ രാജ്യത്ത് എന്തെങ്കിലും മാറ്റം ഉണ്ടാക്കുന്നുണ്ടോ. എം.എൽ.എ. ഫണ്ടിനുവേണ്ടി തർക്കമാണ്. അത് വർദ്ധിപ്പിക്കണമെന്ന് പറയുന്നു. അത് വർദ്ധിപ്പിച്ചാലും ഇല്ലെങ്കിലും കുറച്ചാലും ഇവിടെയൊന്നും കിട്ടുന്നില്ലല്ലോ? കിട്ടുന്ന സാഹചര്യമില്ലല്ലോ. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിക്കൊടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. വളരെ നല്ല നല്ല കാര്യങ്ങൾ ചെയ്യാൻ വേണ്ടിതന്നെയാണ് ഈ പണം ചോദിച്ചിരിക്കുന്നത്, അതുകൊണ്ട് കൊടുക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. ഞാൻ ഇവിടെ പറഞ്ഞ കാര്യം ചർച്ച ചെയ്യണ്ടേ. നമ്മുടെ സെക്രട്ടേറിയറ്റിനു മുന്നിൽ വേലുത്തമ്പി ദളവയുടെ ഒരു പ്രതിമയുണ്ട്. അതിനെക്കുറിച്ച് എന്താണ് ചിന്തിക്കാത്തത്. വേലുത്തമ്പിദളവയുടെ പ്രതിമയിൽ കറുത്ത പെയിന്റാണ് അടിച്ചിരിക്കുന്നത്. പതിനഞ്ച് കൊല്ലം കൊണ്ട് ആ പ്രതിമ അല്പം കൂടി കറുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ മനസ്സിലുണ്ടായ വികാരമായിരിക്കണം. കണക്ക് ചെമ്പകരാമൻ എന്നത് എൻ. എം. പിള്ള എഴുതിയ നാടകമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ദിവസങ്ങൾ ഓടിയ നാടകമാണ്. വേലുത്തമ്പിദളവ ആരായിരുന്നു. സ്വന്തം അമ്മയുടെ നിർബന്ധത്തിനു വഴങ്ങി ഒരു തേങ്ങയുടെ കണക്കെഴുതിയപ്പോൾ തെറ്റിപ്പോയതിന് കൈവിരൽ മുറിച്ചുകളഞ്ഞ ആളാണ്. ആ വേലുത്തമ്പി ദളവ

നീതിയുടെ പ്രതീകമായിരുന്നു. അദ്ദേഹത്തിന്റെ പ്രതിമ സെക്രട്ടേറിയറ്റിനു മുന്നിൽ നിൽക്കുകയാണ്. കണക്ക് ചെമ്പകരാമൻപിള്ള എന്ന നാടകം, ഒരു രാത്രി സമയത്ത് ഇവിടെ വന്ന് ദുഃഖം നടിച്ച് സെക്രട്ടേറിയറ്റിൽ കയറിയിറങ്ങി മട്ടുത്ത പാവപ്പെട്ടവന്റെ മനസ്സ്, അവസാനം രാത്രിയിൽ വേലുത്തമ്പി ദളവതന്നെ മനുഷ്യനായി ജീവൻ തിരിച്ച് കിട്ടി ഇറങ്ങുന്നതായിട്ടാണ് ആ നാടകത്തിൽ കാണുന്നത്. ഞാൻ പറയുന്നത്, ഇതൊക്കെ കണ്ടിട്ടും ഉദ്യോഗസ്ഥന്മാർക്കും രാഷ്ട്രീയ പ്രവർത്തകർക്കും എന്തുകൊണ്ട് മനസ്സുമാറ്റം വരുന്നില്ല എന്നതാണ് എന്നെ വേദനിപ്പിക്കുന്നത്. നമുക്ക് വളരെയേറെ ചർച്ച ചെയ്യാനുണ്ട്. ഇവിടെ എൻ.എം. പിള്ളയുടെ കണക്ക് ചെമ്പക രാമൻപ്പിള്ള എന്ന നാടകവും മരണസർട്ടിഫിക്കറ്റ് എന്ന നോവലുമൊക്ക ഈ നാട്ടിൽ ചർച്ച ചെയ്യാൻ തുടങ്ങിയാൽ മാത്രേമ ഈ നാട് രക്ഷപ്പെട്ടുകയുള്ളു എന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, വേലുത്തമ്പിദളവ കണ്ടെഴുത്തുപ്പിള്ളമാരുടെ കൈ മുറിച്ചതുപോലെ കേരളത്തിലും ഇൻഡ്യയിലും ഇന്ന് അഴിമതി നടത്തുന്നവരുടെ കൈ മുറിച്ചാൽ മഹാഭ്രരിപക്ഷം ആളുകളും വികലാംഗരായി മാറുകയില്ലേ. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാൻ ശ്രീ. സി. പി. മുഹമ്മദിന്റെ അഭിപ്രായത്തോട് യോജിക്കുകയാണ്. അതുകൊണ്ടാണ് ഇത് പറഞ്ഞത്. രാജ്യത്തെ കാർന്നുതിന്നുന്ന അഴിമതി രാജ്യത്തെ നശിപ്പിക്കുകയാണ്. ഈ അഴിമതിക്കെതിരെ ശബ്ദിക്കുന്നവരെ മിണ്ടാതാക്കുന്നതിന് എന്തു ചെയ്യാനും തയ്യാറാകുന്ന കശ്മലന്മാരുടെ കാലമാണ് ഇത്. ഇത് യു.ഡി.എഫ്.ന്റെ ഭരണമായതു കൊണ്ട് യു.ഡി.എഫ്.-നെ കുറ്റം പറയുന്നതല്ല. ഇവിടെയുള്ള പൊതുവായ കാഴ്ചപ്പാടിനെക്കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ഇവിടെ എല്ലാവരും കുറ്റം പറയുന്നു. വികസ്വര രാജ്യമായ ഇൻഡ്യയുടെ തെക്കെ അറ്റത്തുകിടക്കുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര ഗവൺമെന്റിന്റെ അവഗണന എല്ലാ കാലഘട്ടത്തിലും കേരളത്തോട് ഉണ്ടായിട്ടില്ലേ? നമുക്ക് എന്ത് ചെയ്യാൻ സാധിച്ചു? ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് പ്രമുഖ സ്ഥാപനങ്ങൾ കേരളത്തിൽ കൊണ്ടുവരുന്നതിനുള്ള ബദ്ധിമുട്ടുകളെക്കുറിച്ച് സൂചിപ്പിച്ചല്ലോ. അതിന്റെ അവകാശവാദം ഉന്നയിച്ചുകൊണ്ട് ഞങ്ങളുടെ കാലത്ത് കൊണ്ടുവന്നതാണെന്ന് പറയുന്നതിന് പ്രതിപക്ഷവും ബുദ്ധിമുട്ടുന്നത് കണ്ടല്ലോ. ഭരണം ആരുടെ കാലത്തും വരട്ടെ, എങ്ങനെയും വരട്ടെ, കേന്ദ്ര ഗവൺമെന്റിൽനിന്ന് അർഹമായത് കേരളത്തിന് കിട്ടിയിട്ടുണ്ടോ എന്നതാണ് ചർച്ച ചെയ്യേണ്ടത്. അല്ലാതെ അതിനപ്പുറത്തേക്ക് ഞങ്ങളുടെ ഒരു നിവേദനം കൊടുത്തു കിട്ടി എന്ന

പറയുന്നതാണോ മഹത്വം. അത് നമുക്ക് അർഹതപ്പെട്ടതല്ലേ? കേന്ദ്ര ഗവൺമെന്റ് എന്നുപറയുന്നത് ആരുടെയെങ്കിലും കുടുംബസ്വത്താണോ? കേരളത്തിന് അർഹതപ്പെട്ടത് ചോദിക്കാൻ നമുക്ക് അവകാശമില്ലേ? കിട്ടിയില്ലെങ്കിൽ ശക്തമായി പ്രതികരിക്കണ്ടേ? അതിന് ഇവിടെ ആളില്ല. എന്നാൽ പലപ്പോഴും ഇത്തരം സന്ദർഭങ്ങളിൽ കേരളത്തിലെ പ്രാദേശിക പാർട്ടികളാണ് ശബ്ദിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളത്. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞാനിപ്പോൾ കാണുന്ന വേറൊരു പ്രധാന കാര്യമുണ്ട്. ബ്രിക്സ് രാഷ്ട്രത്തലവന്മാരുടെ ഉച്ചകോടിയിൽ അയ്യായിരം കോടി ഡോളറിന്റെ നിക്ഷേപത്തോടെ ഐ.എം.എഫ്.-ന് ബദലായി ഒരു ബാങ്ക് രൂപീകരിക്കാൻ തീരുമാനമായി. നമ്മളൊക്കെ കണ്ടു. ഇതിന്റെ കരുതൽ ധനം പതിനായിരം കോടി ഡോളറായി വർദ്ധിപ്പിക്കുമ്പോൾ ചൈനയുടെ നിക്ഷേപം 4100 കോടി ആകുകയാണ്. ഇന്ത്യയുടെ നിക്ഷേപം 1800 കോടിയിൽ നിൽക്കുകയാണ്. ആഫ്രിക്കയുടെ നിക്ഷേപം 800 കോടിയാണ്. അപ്പോൾ ഏഷ്യൻ മേഖലയെ യൂറോപ്യൻ സാമ്പത്തിക മേഖലയുടെ പിടിയിൽനിന്നും മേൽക്കോയ്മയിൽനിന്നും മോചിപ്പിക്കാൻ ഒരു പരിധിവരെ കഴിയുന്ന നീക്കമാണ്. ഞാൻ അതിനെ അംഗീകരിക്കുന്നു. പക്ഷേ ഭാവിയിൽ ഈ ബ്രിക്സ് ബാങ്കിൽനിന്നും ഇന്ത്യയുടെ വികസനത്തിന് പണമെടുക്കുമ്പോൾ അവിടെയും കേരളം തഴയപ്പെടുമെന്ന് ഞാൻ ഭയപ്പെടുന്നു. അതാണ് എനിക്ക് പറയാനുള്ളത്. അതിൽനിന്നും മോചനം കിട്ടാൻ എന്ത് ചെയ്യാൻ കഴിയും എന്നതിനെപ്പറ്റി ആലോചിക്കാതിരിക്കാൻ കഴിയില്ല.

<u>ഡോ. എൻ. ജയരാജ്</u>: സർ, ബ്രിക്സ് രാജ്യങ്ങളുടെ പുതിയ ഒരു മിനി ഐ.എം.എഫ്. പോലെയുള്ള ഒരു സംവിധാനത്തെക്കുറിച്ചിവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രിയപ്പെട്ട മാണിസാറിന്റെ അധ്വാനവർഗ്ഗ സിദ്ധാന്തം പല പ്രാവശ്യം വായിച്ചിട്ടുള്ള ഒരാളാണ്. 1994-ൽ നടന്ന ദേശീയ സെമിനാറിലാണ് മാണി സാർ ആദ്യമായി ഏഷ്യൻ രാജ്യങ്ങളുടെ കൺസോർഷ്യത്തെക്കുറിച്ചൊരു വലിയ ചർച്ച വച്ചത്. അന്ന് അദ്ദേഹം Globalization - An Asian Economic community, need for today എന്ന വളരെ ഗംഭീരമായ ഒരു പ്രബന്ധംതന്നെ അവതരിപ്പിക്കുകയുണ്ടായി. 1994-ൽ ആണ് ഏഷ്യൻ രാജ്യങ്ങളുടെ ഇത്തരമൊരു സാമ്പത്തിക സമിതിയുണ്ടാകണമെന്ന ആശയം മുന്നോട്ടുവച്ചത്. അപ്പോൾ കാലത്തെക്കാൾ വളരെയേറെ മുന്നോട്ടുപോയ അല്ലെങ്കിൽ ഒരുപക്ഷേ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഇത് കാണുന്നതിന് എത്രയോ കാലങ്ങൾക്കുമുമ്പ് കേരളാ കോൺഗ്രസ്സ് പോലെയുള്ള ഒരു പ്രാദേശിക പാർട്ടി ഈയൊരു വലിയ ആശയം മുമ്പിൽ കണ്ടുവെന്നുള്ളത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. പി. സി. ജോർജ് : സർ, അതാണ് ഞാൻ പറഞ്ഞത്. ഇവിടെ പല ആളുകൾക്കും പ്രാദേശിക പാർട്ടിയെന്നോ കേരള കോൺഗ്രസ്സ് എന്നോ പറയുമ്പോൾ വലിയ വേവലാതിയാണ്. അങ്ങനെ ഒരു വേവലാതിയും വേണ്ട. ഇന്ത്യയിലെ 29 സംസ്ഥാനങ്ങളും ഇപ്പോൾ എവിടെപ്പോയി നിൽക്കുന്നു എന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യണ്ടേ; കേന്ദ്രം ഭരിക്കുന്നത് ബി.ജെ.പി. ഗവൺമെന്റാണെങ്കിൽ 21 സംസ്ഥാനങ്ങളിൽ ബി.ജെ.പി. ഇതര ഗവൺമെന്റുകളാണ് ഭരിക്കുന്നത്. ദേശീയ കക്ഷിയായ കോൺഗ്രസ്സാകട്ടെ 11 സംസ്ഥാനങ്ങളിൽ ഒതുങ്ങിയിരിക്കുകയാണ്. യു.പി.എ. ഘടക കക്ഷികളും പ്രാദേശിക കക്ഷികളുമായ നാഷണൽ കോൺഫറൻസ് ജമ്മു ആന്റ് കാശ്മീരിലും മുക്തിമോർച്ച ഝാർഖണ്ഡിലുമാണ് ഭരണം നടത്തുന്നത്. തമിഴ്നാട്ടിൽ എ.ഐ.എ.ഡി.എം.കെ.-യും തെലുങ്കാനയിൽ തെലുങ്കാന രാഷ്ട്രീയ സമിതിയും ഉത്തർ പ്രദേശിൽ സമാജ് വാദി പാർട്ടിയും ബീഹാറിൽ ജനതാദൾ (യു)-ഉം പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസ്സും ഒഡീഷയിൽ ബിജു ജനതാദളും സിക്കിമിൽ സിക്കിം ഡെമോക്രാറ്റിക് ഫ്രണ്ടുമാണ് ഭരണം നടത്തുന്നത്. എവിടെയാണ് അഖിലേന്ത്യാ പാർട്ടിയുടെ ഗതി എന്നോർമ്മിപ്പിക്കാൻ വേണ്ടിയാണ് ഇത് പറയുന്നത്. നിങ്ങൾ കേരളാ കോൺഗ്രസ്സിനെ കുറ്റപ്പെടുത്തിയല്ലോ; ഛത്തീസ്ഗഢ്, ഗോവ, മധ്യപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ബി.ജെ.പി.-യാണ് ഭരിക്കുന്നത്. അവരുടെ ഘടക കക്ഷികളായ തെലുങ്കുദേശം ആന്ധ്രാപ്രദേശിലും ആൾ ഇന്ത്യാ എൻ. ആർ. കോൺഗ്രസ്സ് പുതുച്ചേരിയിലും ശിരോമണി അകാലിദൾ പഞ്ചാബിലും ഭരണം നടത്തുന്നു. രാജ്യത്ത് പ്രാദേശിക കക്ഷികൾ ശക്തി പ്രാപിക്കുന്നതിന്റെ ഉദാഹരണങ്ങളാണിതെല്ലാം. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങൾക്ക് ചില വിഷയങ്ങളിൽ സ്വയം നിർണ്ണയാവകാശമുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യ സുരക്ഷ, ഭൂപരിഷ്കരണം, കൃഷി എന്നീ മൗലിക വിഷയങ്ങളിൽ സംസ്ഥാനങ്ങളുടെ തീരുമാനം നിർണ്ണായകമാണ്. അതുകൊണ്ടുതന്നെ പ്രാദേശിക ജനങ്ങളുടെ വികാരങ്ങൾ ഉൾക്കൊള്ളുന്ന പ്രാദേശിക രാഷ്ട്രീയ കക്ഷികളുടെ പ്രസക്തിയും വളരെ വലുതാണ്. കസ്തൂരിരംഗൻ, മാധവ് ഗാഡ്ഗിൽ റിപ്പോർട്ടുകൾ ഇപ്പോൾ എവിടെ നിൽക്കുന്നു; ആ റിപ്പോർട്ടുകൾ വന്നപ്പോൾ ഏറ്റവും ശക്തമായി പ്രതികരിക്കാനുണ്ടായിരുന്ന സംസ്ഥാന പാർട്ടി എന്ന നിലയിൽ കേരള കോൺഗ്രസ് തന്നെയായിരുന്നു. പക്ഷേ ഇതെല്ലാം പറയുമ്പോഴും സംസ്ഥാന പാർട്ടികൾ ഇന്ത്യയിൽ മറ്റെല്ലാ സംസ്ഥാനങ്ങളിലും ശക്തിപ്രാപിച്ചു വരുമ്പോഴും

അഖിലേന്ത്യാ പാർട്ടികൾ ശുഷ്കിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അഖിലേന്ത്യാ പാർട്ടികൾ ശക്തിപ്രാപിച്ചുതന്നെ നിൽക്കട്ടെ. ഇവിടെ തർക്കം വല്ലതുമുണ്ടോ; പക്ഷേ ഒരു കാര്യം എനിക്ക് പറയാതിരിക്കാൻ കഴിയില്ല. ഇവിടെ റബ്ബർ കൃഷിക്കാരുടെ പ്രശ്നമുണ്ട്. ഇവിടെ പതിനൊന്നര ലക്ഷം റബ്ബർ കൃഷിക്കാരുണ്ട്. അതിൽ 80 ശതമാനവും ഒരേക്കറിൽ താഴെ കൃഷിഭൂമിയുള്ളവരാണ്. അവിടെയാണ് പ്രശ്നം. റബ്ബർ കൃഷിക്കാർ എന്ത് ചെയ്യും; 240 രൂപ വിലയുണ്ടായിരുന്ന റബ്ബറിന് 135 രൂപയായിരിക്കുകയാണ്. ഞാൻ എല്ലാ ദിവസവും ഈ വിഷയം ഇവിടെ പറയുന്നുണ്ട്. 600 കോടി രൂപ ഖജനാവിലേക്ക് കൊടുക്കുന്ന പാവപ്പെട്ട കൃഷിക്കാരനിൽ നിന്ന് ഒരു കിലോ റബ്ബറിന് 100 രൂപ വച്ച് ഇവിടത്തെ നാൽപത്തിയെട്ടോളം വൻകിട വ്യവസായികളും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ചിദംബരവും കൂടി തട്ടിയെടുത്തിരിക്കുകയാണ്. അതിൽ യാതൊരു സംശയവും വേണ്ട. ആരുണ്ട് ചോദിക്കാൻ; റബ്ബർ സംഭരണം പ്രഖ്യാപിച്ചു. എന്നാലിവിടെ റബ്ബർ സംഭരണം നടക്കുന്നുണ്ടോ; ആകെയുള്ള ഒരാശ്വാസം ഇന്നലെ ഇവിടെ മാണി സാർ 10 കോടി രൂപ സംഭരണത്തിനായി മാറ്റിവച്ചതാണ്. റബ്ബർ സംഭരണത്തേക്കാൾ കൂടുതലായി സംഭരണ ഏജൻസികൾക്ക് എത്ര രൂപ ലാഭിക്കാം എന്നതിനെക്കുറിച്ചാണ് ചർച്ച. ഞാൻ ആ ചർച്ചയിൽ പങ്കെടുത്തതാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇന്ന് 3 മണിക്ക് റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് ചർച്ച വച്ചിട്ടുണ്ട്. നോക്കട്ടെ, അതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. പക്ഷേ ഒരു കാര്യമുണ്ട്, കാർഷിക മേഖലയിലെ വളർച്ചയെപ്പറ്റി ചിന്തിക്കാതെ ഒരു ഗവൺമെന്റിനും മുന്നോട്ടുപോകാൻ കഴിയില്ല. അത് അപകടകരമായ നിലയിലേക്ക് പോകുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞാൻ നിർത്തുകയാണ്, ദീർഘമായ സമയമെടുക്കുന്നില്ല. ഒരു കാര്യം ഉറപ്പാണ്, നമ്മുടെ സംസ്ഥാനത്തിലെ രാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ വളരെ നിക്ഷ്പക്ഷമായി പറയുന്ന -നമ്മൾ ഇടതും വലതും പറഞ്ഞ് തർക്കത്തിനപ്പുറത്ത് സാധാരണക്കാരായ ജനങ്ങൾ അവരുടെ ആവശ്യങ്ങളുമായി വന്നാൽ അത് നടത്തിക്കൊടുക്കുന്നതിന് എന്ത് ചെയ്യാൻ കഴിയുമെന്ന് കക്ഷി രാഷ്ട്രീയംവിട്ട് ഒരു ചർച്ച ഈ നിയമസഭയിൽ ഉണ്ടായില്ലെങ്കിലും വരും കാലങ്ങളിൽ ഉണ്ടാകണമെന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിപൂർവ്വം എതിർക്കുകയാണ്. എതിർക്കുന്നതിന് ചില കാര്യങ്ങൾ പറയാം. ഈ

നിയമസഭയിൽ അംഗമായി വരുന്നത് നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾ സഭയിൽ അവതരിപ്പിച്ച് അതിന് കഴിയുന്നിടത്തോളം പരിഹാരം കാണുന്നതിനു വേണ്ടിയാണ്. നിയസഭയിലെ അംഗങ്ങൾക്ക് ചില അവകാശങ്ങളുണ്ട്. ചോദ്യം ചോദിക്കാം, അതുപോലെ സബ്മിഷനും ശ്രദ്ധക്ഷണിക്കലുമൊക്കെ അവതരിപ്പിക്കാം. ചോദ്യം ചോദിച്ചാൽ ചോദ്യത്തിന് മറുപടിയില്ല. "അരി എത്ര എന്നുചോദിച്ചാൽ പയർ അഞ്ഞാഴി" എന്നുപറയുന്നതുപോലെയാണ്. ബഹുമാനപ്പെട്ട ചെയറിന് അതിലിടപെടാം. ഇന്ന ചോദ്യത്തിന് ഇന്ന രീതിയിൽ മറുപടി പറയണമെന്ന് പറയാൻ പാടില്ല. എന്നാൽ മന്ത്രിമാർ മറുപടി പറയുമ്പോൾ ചോദ്യത്തിന് തക്ക ഉത്തരം പറയണം എന്നു പൊതുവിൽ പറയാം. ഈ നിയസഭയിൽ പറയുമ്പോൾ ഓരോന്നിനും അഷ്വറൻസ് കിട്ടുകയാണ്. അങ്ങനെ അഷ്വറൻസ് നൽകുന്ന കാര്യങ്ങൾ നടപ്പാക്കണം. പണ്ടുമുതലേ അങ്ങനെയാണ്. അത് ഒരു നിയമസഭാംഗത്തിന്റെ അവകാശമാണ്. ചില കാര്യങ്ങൾ പറയാം. ഞാനിവിടെ മൂന്ന് നാല് കാര്യങ്ങൾ പറഞ്ഞു. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമൊക്കെ അഷ്വറൻസ് പറഞ്ഞിരുന്നു. ഇത് നടപ്പിലാക്കിയിട്ടുണ്ടോ; എന്തിനാണ് സംസാരിക്കുന്നത് ; അതിലൊരു കാര്യം കൃഷി വകുപ്പുമായി ബന്ധപ്പെട്ടതാണ്. ആര്യനാട് കാർഷിക കടംമൂലം ഒരാൾ ആത്മഹത്യ ചെയ്തു. അക്കാര്യം സഭയിൽ പറഞ്ഞപ്പോൾ നഷ്ടപരിഹാരം കൊടുക്കാമെന്ന് പറഞ്ഞു. പക്ഷെ ഇതുവരെ കൊടുത്തിട്ടില്ല. ഇന്നലെ പരാതി കൊടുത്തപ്പോൾ ക്യാബിനറ്റിൽ വയ്ക്കാമെന്ന് പറഞ്ഞു. പക്ഷെ അന്ന് അങ്ങനെ ആയിരുന്നില്ല പറഞ്ഞത്. മറ്റൊരു കാര്യം ഏഷ്യയുടെ മുഴവൻ ശ്രദ്ധയും ആകർഷിക്കുന്ന ഒരു സ്ഥാപനമാണ് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ. ഞാൻ നാലഞ്ചു തവണ ഇവിടെ പറഞ്ഞ കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിഹരിക്കാമെന്നൊക്കെ പറഞ്ഞു. അവിടെ അവിഹിതമായി ആറുപേരെ നിയമിച്ചിരിക്കുകയാണ്. ക്വാളിഫിക്കേഷൻ ഒന്നും നോക്കിയിട്ടില്ല. അപേക്ഷ ക്ഷണിച്ചില്ല, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുകയോ ഒന്നും ചെയ്തിട്ടില്ല. ചിത്ര, ജിഷി, അനുരാധ എന്നിവർ അവിടത്തെ ഡയറക്ടർ ഡോക്ടർ ലതയുടെ ബന്ധുക്കളാണ്. പ്രതിഭ എന്ന സ്ത്രീ, യുവജനക്ഷേമ ബോർഡ് ചെയർമാന്റെ ഭാര്യ, അതുപോലെ കെ.പി.സി.സി. ഭാരാവാഹിയായ ഒരാളുടെ മകൾ സീമ, ഇവിടെ സുധീഷ് എന്ന ഒരു ഡ്രൈവറുണ്ട്. ഇയാളാണ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. ഇയാളുടെ അയൽക്കാരിയായ ഒരു പെൺകുട്ടി, ഇങ്ങനെ ആറുപേരെ നിയമിച്ചത് ഞാൻ നിയമസഭയിൽ പറഞ്ഞു. താത്ക്കാലികമായി നിയമനം നടത്തിയതിനെക്കുറിച്ച് പറഞ്ഞപ്പോൾ ശരിയാക്കാമെന്ന് പറയുകയും ആറുമാസത്തേയ്ക്കുകൂടി എക്സ്റ്റൻഷൻ കൊടുക്കുകയും ചെയ്തു. ഇത് ശരിയല്ലായെന്ന്

മുഖ്യമന്ത്രി സമ്മതിച്ചതാണ്. അതിനുശേഷം ആറ് മാസം കൂടി എക്സ്റ്റൻഷൻ കൊടുത്തു. ഇതാണ് ഇവിടത്തെ സ്ഥിതി. ഇവിടെ പട്ടികജാതിക്കാരോട് വലിയ പ്രേമമാണല്ലോ? പട്ടികജാതിക്കാരനായ ലാലനും ഉല്ലാസ് എന്ന് പറയുന്ന മറ്റൊരാളും ഒരേ ദിവസം ഒരേ ജോലിയിൽ പ്രവേശിച്ചു. പട്ടിജാതിക്കാരനായ ലാലന് പ്രൊമോഷൻ കൊടുത്തതുമില്ല, സ്ഥിരപ്പെടുത്തിയതുമില്ല. എന്നാൽ ഉല്ലാസ് എന്നുപറയുന്ന ആളെ സ്ഥിരപ്പെടുത്തി. എന്താണ് ഇതിന്റെ അർത്ഥം? പട്ടികജാതിക്കാരനായതുകൊണ്ട് അയാളെ സ്ഥിരപ്പെടുത്തിയില്ല, അടുത്തതായി വരുന്ന വേക്കൻസിയിൽ കൊടുക്കാമെന്നാണ് പറയുന്നത്. ഇക്കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞതുകൊണ്ട് എന്ത് കാര്യമാണുള്ളത്? ഏതെങ്കിലും കാര്യം നടപ്പാക്കിയോ? വെഞ്ഞാറമൂട് ഹൈസ്കൂളിൽ സ്ട്രെങ്ത് കൂടുതലും സ്ഥലം കുറവുമാണ്. അവിടെ എൽ.പി.എസ്. സ്കൂളിൽ കെട്ടിടംകെട്ടി യു.പി.എസും കൂടി അങ്ങോട്ട് മാറ്റാമെന്ന് പറഞ്ഞു. അക്കാര്യം മന്ത്രി വലിയ കാര്യമായി ചെയ്തു. ഇപ്പോഴും അവിടത്തെ കുട്ടികൾക്ക് ഭക്ഷണം കൊണ്ടുകൊടുക്കുന്നത് ഹൈസ്കൂളിൽ നിന്നാണ്. ഒരു ഓർഡർ ഇട്ടാൽ മതിയെന്ന് പറഞ്ഞു. മന്ത്രി ഓർഡർ ഇടാമെന്നും പറഞ്ഞതാണ്, നടക്കുന്നില്ല. ഇവിടെ ഉപക്ഷേപം അനുസരിച്ച് എന്തിനാണ് കാശ് കൊടുക്കുന്നത്, കാശ് കൊടുത്തിട്ടും കാര്യമില്ല. ഞാറനീലി ട്രൈബൽ സ്കൂളിന്റെ കൂര പറന്നുപോയി എന്ന കാര്യം ഞാൻ മന്ത്രിയോട് പറഞ്ഞു. മന്ത്രി അത് സമ്മതിച്ചു, കൂര വച്ചു തരാമെന്ന് പറഞ്ഞു. ഒരു കൊല്ലത്തോളമായിട്ടും അവിടെ കൂര വച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയോട് ഇതുസംബന്ധിച്ച് ചോദിച്ചപ്പോൾ ഫണ്ടുണ്ട്, ഇക്കാര്യം വിദ്യാഭ്യാസ വകുപ്പിനോട് പറഞ്ഞാലേ ചെയ്യാൻ പറ്റുകയുള്ളു എന്ന് പറഞ്ഞു. ഞാൻ ഉടൻ തന്നെ വിദ്യാഭ്യാസ വകുപ്പിനോട് ഇക്കാര്യം സൂചിപ്പിച്ചപ്പോൾ കൊടുക്കാമെന്നാണ് മറുപടി നൽകിയത്. അക്കാര്യത്തിൽ ഇതുവരെയും ഫണ്ട് അനുവദിച്ചു നൽകിയിട്ടില്ല. അത് അവിടെ കൊടുത്തതുമില്ല, പറന്നുപോയ കൂര അവിടെ വച്ചിട്ടില്ല, ഇതാണ് അവിടത്തെ സ്ഥിതി. എന്തിനാണ് നമ്മൾ ഉപധനാഭ്യർത്ഥന പാസ്സാക്കുന്നത്? അക്കാര്യങ്ങളെക്കുറിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൊടുത്ത കാശിനെ സംബന്ധിച്ച കാര്യമാണ് പറയുന്നത്. 2000 കോടി രൂപയാണ് നഷ്ടപ്പെടുത്തിയത്. 4000 കോടി രൂപ കഴിഞ്ഞ വർഷം കൊടുക്കുകയും 1403 കോടി രൂപ കഴിഞ്ഞവർഷം ലഭിക്കുകയും ചെയ്തു. അപ്പോൾ 5403 കോടി രൂപ. വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി വന്നപ്പോഴാണ് ട്രഷറി നിയന്ത്രണം വന്നത്. കോർപ്പറേഷന് 155 കോടി രൂപ ചെലവായി, ജില്ലാ പഞ്ചായത്തിന് 406 കോടി രൂപ ചെലവായി, മുനിസിപ്പാലിറ്റിക്ക് 302 കോടി രൂപ ചെലവായി, ബ്ലോക്ക്

പഞ്ചായത്തിന് 415 കോടി രൂപ ചെലവായി, ഗ്രാമ പഞ്ചായത്തിന് 2130 കോടി രൂപ ചെലവായി. ആകെ 3408 കോടി രൂപയാണ് ചെലവായത്. ഇതിനൊക്കെ കണക്കുള്ളതാണ്. എത്ര രൂപയാണ് ചെലവാക്കേണ്ടത്? 5403 കോടി രൂപയിൽ 3408 കോടി രൂപയാണ് ചെലവായിട്ടുള്ളത്. അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിച്ചച്ചട്ടിയിൽ നിന്ന് 2000 കോടി രൂപ തട്ടിയെടുത്തു. 2011-12, 2012-13 എന്നീ വർഷങ്ങളിൽ 1 കോടി 9420 ലക്ഷം രൂപ ഇന്ദിരാ ആവാസ് യോജന പദ്ധതിക്കായി കൊടുത്തു. അതിൽ 13,329 വീടുകളുടെ പണി പൂർത്തിയാക്കി. ബാക്കി 96091 കുടുംബങ്ങൾക്ക് 70,000 മുതൽ ഒന്നര ലക്ഷം രൂപവരെ ബാക്കിയുണ്ട്. ഈ രണ്ടുവർഷം സർക്കാരിന് നൽകേണ്ട 547.1 കോടി രൂപയുടെ അധികസഹായം നൽകാത്തതുകൊണ്ടാണ് ബ്ലോക്ക്-ജില്ലാ-പഞ്ചായത്ത് പ്ലാൻ ഫണ്ടിൽനിന്നും 80 ശതമാനം ഇതിലേക്ക് മാറ്റിവയ്ക്കേണ്ടി വന്നത്. ഇത് എങ്ങനെ വന്നു? എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്നതാണ് ഇ.എം.എസ്. ഭവനപദ്ധതി. രാഷ്ട്രീയലക്ഷ്യം വച്ച് അതിനെ തകർത്തു. അങ്ങനെയാണ് ഐ.എ.വൈ. പദ്ധതി കൊണ്ടുവന്നത്. അത് നടന്നതുമില്ല, മറ്റേ പദ്ധതി പോകുകയും ചെയ്തു. കാറ്റിലിരിക്കുന്നത് പിടിക്കാനെന്ന് പറഞ്ഞ്, അത് കിട്ടിയതുമില്ല, കയ്യിലിരുന്നപ്പോൾ പോകുയും ചെയ്തു. ഈ രണ്ടു പദ്ധതികളും ഇല്ലാതാക്കിയത് ഈ ഗവൺമെന്റാണ്. ഫലത്തിൽ രണ്ടു പദ്ധതികളും ഇല്ലാതാക്കിയതിന് എന്ത് ന്യായം പറയാനുണ്ട്? കേന്ദ്ര പദ്ധതിയായ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ നടപടികൾ പൂർത്തിയാക്കി യതിനുശേഷം ടെണ്ടർ വിളിക്കുകയാണ് ചെയ്യുന്നത്. ടെണ്ടർ വിളിച്ചതിനുശേഷം എഗ്രിമെന്റ് വച്ച് കോൺട്രാക്ടർ പണി തുടങ്ങുമ്പോൾ രണ്ടുകൊല്ലം കഴിയും, അപ്പോൾ റേറ്റ് മാറും. അങ്ങനെ റേറ്റ് മാറുമ്പോൾ കോൺട്രാക്ടർ വർക്ക് കളഞ്ഞിട്ടുപോകും. ഇതുപോലെ ഏഴ് പദ്ധതികൾ എന്റെ നിയോജക മണ്ഡലത്തിൽ മുടങ്ങിക്കിടക്കുകയാണ്. ഇതിൽ എന്തെങ്കിലും ചെയ്യാനുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ പറഞ്ഞ ഏഴ് പദ്ധതികളും എന്നത്തേയ്ക്ക് പൂർത്തിയാക്കേണ്ടതായിരുന്നു?

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, പണം അനുവദിച്ചാൽ എന്ന് വേണമെങ്കിലും പദ്ധതി പൂർത്തിയാക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ, 2009-ൽ പൂർത്തിയാക്കേണ്ട പദ്ധതികൾ പൂർത്തിയാക്കാത്തതു കൊണ്ടാണ് ഇപ്പോൾ ചെയ്യേണ്ടി വരുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, എന്തുകൊണ്ട് പൂർത്തിയാക്കിയില്ല?

ശ്രീ. കെ. സി. ജോസഫ്: സർ, നിങ്ങൾ അന്ന് അഡീഷണൽ ഫണ്ട് കൊടുത്തില്ല. ഞങ്ങൾ ഇപ്പോൾ കൊടുക്കുന്നു. ടെണ്ടർ എക്സസ്സ് കൊടുക്കാത്തതു കൊണ്ടാണ് പണി പൂർത്തിയാക്കാത്തത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ ആ കോൺട്രാക്ടർമാരുടെ വീട്ടിൽ പോയപ്പോൾ ഉടനെ ഫണ്ട് തന്നാൽ അവർ ആ വർക്ക് ഏറ്റെടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഞാനും ശ്രീ. പാലോട് രവിയും കൂടി ചേർന്നാണ് പോയത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് യാഥാർത്ഥ്യം മനസ്സിലാക്കണം. ഇപ്പോൾ 41 ശതമാനത്തിന്റെ ടെണ്ടർ എക്സസസ്സ് കൊടുത്ത് ടെണ്ടർ വിളിച്ചിരിക്കുകയാണ്. അങ്ങ് കോൺട്രാക്ടർമാരോട് വർക്ക് ഏറ്റെടുക്കാൻ പറയൂ? ചെയ്തു തരാം.

ശ്രീ. പാലോട് രവി: സർ, ഗ്രാമീണ സഡക് യോജന പദ്ധതിയിലെ ഒരു പാക്കേജിൽ ഏഴ് റോഡുകൾ ഞങ്ങളുടെ രണ്ടു ബ്ലോക്കിൽ നിന്നായി എടുത്തു. ഈ കോൺട്രാക്ടർ ഏതാണ്ട് 80 ശതമാനം പണം പറ്റി, പണി ഉപേക്ഷിച്ച് പോയി. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിൽ അങ്ങനെ ഉപേക്ഷിച്ചുപോയ റോഡിന് കേന്ദ്രം വീണ്ടും പണം തരില്ലായെന്ന് കണ്ടപ്പോൾ അത് റദ്ദ് ചെയ്തു. അങ്ങനെ റദ്ദ് ചെയ്തതിനുശേഷം ഇനി അവിടെ ഏത് പണം വേണമെങ്കിലും മുടക്കാം. ഈ റോഡുകളുടെ പണി പൂർത്തീകരിക്കാൻ എന്തെങ്കിലും സഹായം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ശ്രീ. പാലോട് രവി ഇവിടെ പറഞ്ഞപ്പോൾ മനസ്സിലായി. ഇവിടെനിന്ന് അങ്ങോട്ട് പറഞ്ഞാൽ മനസ്സിലാകില്ല. അവിടെനിന്ന് പറഞ്ഞാൽ മനസ്സിലാകും. സമയം ഇല്ലാത്തതു കാരണം ഞാൻ അക്കാര്യങ്ങളിലേക്ക് കടക്കുന്നില്ല.

വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഇന്നലെ പറയുകയുണ്ടായി. അതിൽ യോഗ്യതയില്ലാത്ത വി.സി.-മാരെ നിയമിക്കുക, ഒരുപാട് അഴിമതി കാണിച്ചവരെ പുറത്താക്കാതിരിക്കുക, സ്വയംഭരണാവകാശം കൊടുക്കുക, സ്വയംഭരണാവകാശം കൊടുത്തതിനുശേഷം പ്രിൻസിപ്പാളിനു മുകളിൽ വേറെയാരെയെങ്കിലും കൊണ്ടുവരിക, ഇതൊക്കെ ഉപേക്ഷിച്ചാൽ മാത്രമേ ഈ സംവിധാനം നല്ല രീതിയിൽ

മുന്നോട്ടുപോകുകയുള്ളൂ. ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. കാർഷിക മേഖല പുഷ്ടിപ്പെടാതെ, കാർഷിക മേഖല നല്ലവണ്ണം വികസിക്കാതെ ഈ രാജ്യത്തിന് ഒരു ഗുണവും കിട്ടില്ല. 70 ശതമാനത്തിലധികം വരുന്ന ആളുകൾ കൃഷിയും കൃഷിയുമായി ബന്ധപ്പെട്ടവരുമാണ്. അവരുടെ കൈശക്തി വർദ്ധിക്കാതെ, വ്യാവസായ മേഖലയിലുള്ള കയറോ, കൈത്തറിയോ നമുക്ക് ആവശ്യമുള്ള സാധനങ്ങളുടെ കച്ചവടം നടക്കുമോ? അതിനുള്ള പരിപാടികൾ ഒന്നും തന്നെ നടക്കുന്നില്ല. കൃഷിക്കാർക്ക് സഹകരണ ബാങ്കിൽ നിന്നും കടം കൊടുക്കുന്നില്ല. അവരുടെ ബാങ്കുകളായ പ്രൈമറി ബാങ്കുകളേയും ജില്ലാ ബാങ്കുകളേയും തകർത്ത് തരിപ്പണമാക്കിയിരിക്കുന്നു. ഒരുപാട് കമ്മിറ്റികൾ വരുന്നു. 1990 മുതൽ 2013 വരെ ബ്രഹ്മപ്രകാശ് കമ്മിറ്റി, കപൂർ കമ്മിറ്റി, വൈ. കെ. പട്ടേൽ കമ്മിറ്റി, വ്യാസ് കമ്മിറ്റി, വൈദ്യനാഥൻ കമ്മിറ്റി, അവസാനമാണ് പ്രകാശ് ബക്ഷി കമ്മിറ്റി. അതുകൂടി ഇവിടെ വന്നപ്പോൾ തീർത്തുവെന്ന് അർത്ഥം. ഒന്നുമില്ല ബാക്കി. ഇപ്പോഴത്തെ സ്ഥിതിയിൽ ബാങ്ക് എന്ന് പറയാൻ പാടില്ല. ഈ ബാങ്ക് എങ്ങനെയാണ് ഉണ്ടാക്കിയത്? പാവപ്പെട്ട കൃഷിക്കാർക്ക് വായ്പ കൊടുക്കാൻ വേണ്ടി, അവർ ഉണ്ടാക്കിയ പരസ്പര സഹായസംഘം, വിവിധോദ്ദേശസഹായ സംഘം, സർവ്വീസ് സഹകരണ സംഘം, അതുകഴിഞ്ഞ് ഇനി ബാങ്കിംഗ് കൊടുത്താൽ തരക്കേടില്ലായെന്ന് കണ്ടപ്പോൾ അവർക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യാം, ചെക്ക് എഴുതാം, അത് സ്വീകരിക്കാം. ആ രീതിയിൽ വളർന്നുവന്ന ഇന്ത്യയിലെ ബാങ്കിംഗ് മേഖലയിൽ ഏറ്റവും വലിയ സംസ്ഥാനം കേരളമായി. 20,000 കോടി രൂപ ഈ ബാങ്കുകളിൽ ഡെപ്പോസിറ്റ് ഉണ്ട്. ഇത് എവിടെ കൊണ്ടുപോകും? റിസർവ് ബാങ്കിൽ കൊണ്ടുപോകാൻ വേണ്ടിയാണ്. എല്ലാ ബാങ്കുകളും സമ്മതിക്കില്ല. സംസ്ഥാന സഹകരണ ബാങ്കിൽ ഇടുക, അവിടെനിന്ന് എടുക്കുക, ഓരോ ഘട്ടത്തിൽ ഈ കമ്മിറ്റികൾ കൊണ്ടുവന്ന് ഇത് ഉണ്ടാക്കിയിട്ടുള്ളത് ഇതിനുവേണ്ടി മാത്രമാണ്. അതുകൊണ്ട് സഹകരണ മേഖലയെ രക്ഷിക്കണം, കൃഷി നന്നാവണം. കൃഷിയെ നന്നാക്കാൻ വേണ്ടി കൃഷി വകുപ്പുമന്ത്രി ഇടപെടണം. ഇക്കാര്യങ്ങളൊക്കെ നേരെ ആയിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു, നേരെയാകാത്തതു കൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. പ്രവർത്തിക്കുന്ന ഗവൺമെന്റിന് കൂടുതൽ പണം ആവശ്യപ്പെടുന്ന ധനാഭ്യർത്ഥനയാണിത്. പ്രതിപക്ഷത്തുള്ളവർ വിമർശിക്കുന്നെങ്കിൽപ്പോലും പലരും ഉള്ളുകൊണ്ട്

ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുന്നവരാണ്. കാരണം അവരുടെ നിയമസഭാ മണ്ഡലങ്ങളിൽ സാമാജികൻ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണ കൊടുക്കുന്ന ഒരു ഗവൺമെന്റാണിത്. പക്ഷപാതിത്വം കാണിക്കുന്നു എന്നൊക്കെ പറയുമ്പോൾ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എം.എൽ.എ ഫണ്ട് ഒരു കോടി രൂപയായിരുന്നു. ഒരു എം.എൽ.എ.ക്ക് സ്വന്തമായി നിർദ്ദേശിക്കാൻ കഴിയുന്നത് ഒരു കോടി രൂപയ്ക്കകത്തായിരുന്നു. അസെറ്റ് ഡെവലപ്മെന്റ് ഫണ്ട് 140 എം.എൽ.എ. മാർക്കുമുണ്ട്. എം.പി. -മാർ പലപ്പോഴും പരാതി പറയാറുണ്ട്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ</u>: സർ, അസെറ്റ് ഡെവലപ്മെന്റ് ഫണ്ടിനെപ്പറ്റി പറഞ്ഞപ്പോൾ, 77 ലക്ഷം രൂപ ട്രാൻസ്പോർട്ടിന്റെ ഗ്യാരേജ് ശരിയാക്കാൻവേണ്ടി കൊടുത്തു. പണി എല്ലാം തീർന്നുവെങ്കിലും തുക കൊടുത്തിട്ടില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, 7 അസംബ്ലി മണ്ഡലങ്ങളിലേയ്ക്ക് ഒരു എം.പി.-ക്ക് ചെലവഴിക്കാൻ കഴിയുന്നത് 5 കോടി രൂപയാണ്. എന്നാൽ ഒരു എം.എൽ.എ.-ക്ക് ഒരു അസംബ്ലി മണ്ഡലത്തിൽ 6 കോടി രൂപ കിട്ടും. ഈ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ അനുവദിച്ചു. ശ്രീ. പി. ശ്രീരാമകൃഷ്ണനും മറ്റും ആത്മാർത്ഥതയില്ലാതെയാണ് പറയുന്നത്. പറയുന്നത് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഈ ഗവൺമെന്റിന്റെ കാലത്തല്ലേ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചത്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഈ സഭയിൽ മഞ്ചേരി, പാലക്കാട്, ഇടുക്കി മെഡിക്കൽ കോളേജുകൾ എവിടെപ്പോയി എന്ന് നിങ്ങൾ ചോദിച്ചു. മഞ്ചേരി, പാലക്കാട് മെഡിക്കൽ കോളേജുകളിൽ 100 സീറ്റ് വീതവും ഇടുക്കി മെഡിക്കൽ കോളേജിൽ 50 സീറ്റും അനുവദിച്ചു. എന്റെ സമുദായത്തിൽനിന്നും 10 പേർ ബി.എ.-ക്കാരാകണം എന്ന് മഹാനായ സാമൂഹ്യനവോത്ഥാന നായകൻ അയ്യങ്കാളി പറഞ്ഞെങ്കിൽ പാലക്കാട് മെഡിക്കൽ കോളേജിൽ 100 സീറ്റിൽ 70 സീറ്റ് പട്ടികജാതിക്കാർക്കാണ്. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലുമായി പട്ടികജാതിക്കാരായ 105 പേർക്കാണ് പ്രവേശനം ലഭിക്കുന്നത്. എന്നാൽ ഈ ഒരു മെഡിക്കൽ കോളേജിൽത്തന്നെ 70 പട്ടികജാതിക്കാർക്ക് പ്രവേശനം ലഭിക്കുകയാണ്. ഏതെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരൻ എൻ.ആർ.ഐ. സീറ്റിൽ അല്ലെങ്കിൽ ഏതെങ്കിലും സ്വാശ്രയ മെഡിക്കൽ കോളേജിൽ ചേരുമോ? ഭരണപക്ഷവും പ്രതിപക്ഷവുംകൂടി അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് സാമൂഹിക ഉദ്ധാരണം നടത്തിയ കേരളത്തിൽ ഒരു പട്ടികജാതിക്കാരന് മാനേജ്മെന്റ് സീറ്റിൽ പുഷ്പഗിരി, കോലഞ്ചേരി, കാരക്കോണം, അമല, ജൂബിലി മിഷൻ എന്നീ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടാൻ കഴിയുമോ? ഈ

ഗവൺമെന്റ് അങ്ങനെയുള്ളവരെ പിന്തുണയ്ക്കാനുള്ള പൊളിറ്റിക്കൽ ഡിസിഷൻ എടുത്തതിന്റെ ഭാഗമായാണ് പാലക്കാട് മെഡിക്കൽ കോളേജുണ്ടായത്. ഡോ. ടി. എം. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ വലിയ രീതിയിൽ സാമൂഹിക നവോത്ഥാനം പ്രസംഗിക്കുന്നവരാണ്. നമുക്ക് അദ്ദേഹത്തോടുള്ള ബഹുമാനത്തിൽ അല്പം കുറവുണ്ടായി. അദ്ദേഹം കഴിഞ്ഞപ്രാവശ്യം സഭയിൽ ഫൈറ്റ് ചെയ്യുകയായിരുന്നു. എന്തിനാണ് ഈ മെഡിക്കൽ കോളേജ്, ഈ മെഡിക്കൽ കോളേജ് വേണ്ട എന്നുപറഞ്ഞ് ഒരു സാമാജികൻ ഫൈറ്റ് ചെയ്യുന്ന ചിത്രം ഈ സഭയിൽത്തന്നെ കാണുന്ന കാഴ്ചയുണ്ടായി. അതും ഇടതുപക്ഷ പ്രത്യയശാസ്ത്രത്തെ മനസിൽ കൊണ്ടുനടക്കുന്നു എന്ന് പറയുന്ന ആളുകൾ, പട്ടികജാതിക്കാരന്റെ മെഡിക്കൽ കോളേജിനെ പിന്തുണച്ചില്ലെങ്കിലും എതിർക്കാതിരിക്കാമായിരുന്നു. ഈ ഗവൺമെന്റ് മെഡിക്കൽ കോളേജ്, താലൂക്ക്, വില്ലേജ് എന്നിവയെല്ലാം അനുവദിച്ചില്ലേ? കോളേജില്ലാത്ത എല്ലാ സ്ഥലത്തും കോളേജ് അനുവദിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആലപ്പുഴയിലാണ് ആദ്യമായി ഒരു സർക്കാർ കോളേജ് ആരംഭിച്ചത്. എന്നാൽ ശ്രീ. ജി. സുധാകരന്റെ മണ്ഡലമായ അമ്പലപ്പുഴയിൽ മാത്രമേ കോളേജ് ആരംഭിച്ചുള്ളൂ. എന്നാൽ ഈ ഗവൺമെന്റിന്റെ കാലത്ത് സർക്കാർ എയ്ഡഡ് കോളേജ് ഇല്ലാത്ത എല്ലായിടത്തും കോളേജുകൾ അനുവദിക്കാൻ തീരുമാനിച്ചു. ഇടതുപക്ഷത്തെ എത്ര എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ കോളേജ് ലഭിച്ചു. ധർമ്മടം പുതിയ മണ്ഡലമായപ്പോൾ ബ്രണ്ണൻ കോളേജ് അവിടേയ്ക്ക് പോയി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവിന്റെ മണ്ഡലമായ തലശ്ശേരിയിൽ പുതിയ കോളേജ് ഉദ്ഘാടനം കഴിഞ്ഞു. അദ്ദേഹം അതിന് എല്ലാ നേതൃത്വവും കൊടുത്തു. അദ്ദേഹം വികസനത്തിന്റെ കാര്യത്തിൽ മുമ്പും ഇപ്പോഴും താല്പര്യം കാണിക്കുന്നു. ഇതിൽ ഒരു വ്യത്യാസവും ഈ ഗവൺമെന്റ് കാണിച്ചിട്ടില്ല. കരാറുകാർക്ക് കാശ് കൊടുക്കുന്നില്ലെന്ന് പറയുമ്പോൾ, മെഡിക്കൽ കോളേജുകൾക്കു വേണ്ടി സൃഷ്ടിച്ച അധിക തസ്തികകൾ, 10000 അദ്ധ്യാപകരെ ഉൾപ്പെടുത്തി അദ്ധ്യാപക പാക്കേജ്, താലൂക്കിനുവേണ്ടിയുള്ള അധിക തസ്തികകൾ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ടുവരുമ്പോഴുള്ള അധിക തസ്തികകൾ, ഒരു ഗവൺമെന്റ് പ്രവർത്തിച്ചു തുടങ്ങുമ്പോൾ സാമ്പത്തിക പ്രശ്നമുണ്ടാകും, ആ പ്രശ്നം ഈ ഗവൺമെന്റിനുണ്ടെന്ന് സമ്മതിക്കുകയാണ്. അത് ഒരിക്കലും സംസ്ഥാനത്തിന്റെ വികസനത്തെ ബാധിക്കാത്ത തരത്തിൽ കൊണ്ടുപോകുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വിജയിച്ചിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ കരാർ

ഒപ്പിടുമെന്ന് സഭയിൽ പറഞ്ഞിരുന്നല്ലോ. ഇന്നലെ 5 മെഡിക്കൽ കോളേജുകൾ കരാർ ഒപ്പിട്ടു. ഇനി നാലെണ്ണം ഒപ്പിടാനുണ്ട്. ഒപ്പിടാതെ ഒരു സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിനെയും പ്രവർത്തിക്കാൻ അനുവദിക്കാത്ത ഇച്ഛാശക്തിയുള്ള ഗവൺമെന്റാണ് ഇത്. ഈ സർക്കാരുമായി അംഗീകരിച്ച് ഒത്തുപോയാൽ മാത്രമേ ഇവിടെ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. അതൊരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ്. ഇത് സഭയിൽ വന്ന അടിയന്തര പ്രമേയമായിരുന്നു. സഭ നാളെ പിരിയുന്നതിനുമുമ്പ് ഞങ്ങൾ പ്രശ്നം പരിഹരിച്ചു. അതുപോലെ പ്ലസ് ടു-വിന്റെ പ്രശ്നവും സഭാ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഞങ്ങൾ പരിഹരിക്കും. സ്കൂളിന്റെയും സീറ്റിന്റെയും കാര്യത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ആശങ്കയുണ്ട്. ഈ സഭയിൽ വന്ന പ്രശ്നം സഭാസമ്മേളനം തീരുന്നതിനുമുമ്പ് പരിഹരിക്കുന്നതിനല്ലേ 'അതിവേഗം ബഹുദൂരം' എന്നുപറയുന്നത്. ഒരുകാര്യവും മാറ്റിവയ്ക്കുകയോ ഒന്നിൽനിന്നും ഒളിച്ചോടുകയോ ചെയ്യുന്നില്ല. നെല്ലിയാമ്പതിയിലെ അഴിമതി കൊണ്ടുവന്നു. ഈ സഭാസമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, അന്വേഷണ റിപ്പോർട്ട് ഇന്ന് മേശപ്പുറത്ത് വച്ചില്ലേ; അതാണ് 'അതിവേഗം ബഹുദൂരം'. എയിംസിന്റെ കാര്യം, ഇന്ന് 9.30-ന് പ്രശ്നം തുടങ്ങി 10 മണിക്ക് അവസാനിച്ചില്ലേ? ഞങ്ങൾ എല്ലാ ദിവസവും ഇറങ്ങിപ്പോകുന്നവരല്ലെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞില്ലേ? അര മണിക്കൂർ കൊണ്ട് ഒരു പ്രശ്നം തീർക്കുക എന്ന് പറഞ്ഞാൽ നിസാര കാര്യമാണോ? അതാണ് 'അതിവേഗം ബഹുദൂരം'. അതുകൊണ്ട് ഈ ഗവൺമെന്റിനെ നിങ്ങൾ പിന്തുണയ്ക്കണ്ടേ? ഗ്രാമ വികസനത്തിന് സപ്ലിമെന്ററി ഡിമാന്റിൽ പണം ധാരാളമുണ്ട്. ശ്രീ. പാലോട് രവി ഞങ്ങളുടെ പാർട്ടിയുടെ സാംസ്കാരിക സാഹിതിയുടെ ചെയർമാനാണ്. കേരളത്തിലെ സാംസ്കാരിക മേഖലയിലെ മുന്നണി പടയാളിയും പോരാളിയുമാണ്. സാംസ്കാരിക മേഖലയ്ക്ക് അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം വളരെ കുറവാണ്. വിദേശ രാജ്യങ്ങൾ സാംസ്കാരിക രംഗത്തിന് കൊടുക്കുന്ന പ്രാധാന്യത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ് നമ്മൾ കൊടുക്കുന്നത്. സാംസ്കാരിക സ്ഥാപനങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കണമെങ്കിൽ കൾച്ചറൽ ഡിപ്പാർട്ടുമെന്റിന് ബഡ്ജറ്ററി സപ്പോർട്ട് കൂടുതലായി കൊടുക്കണം. എന്റെ മണ്ഡലത്തിലാണ് കഥകളിയുടെ തെക്കൻചിട്ട രൂപപ്പെടുത്തിയ ആചാര്യ ഗുരു ചെങ്ങന്നൂർ. അദ്ദേഹത്തിന്റെ സ്മാരകത്തിന് സർക്കാർ അനുവാദം നൽകിയെങ്കിലും അത് പ്രവർത്തിച്ച് മുന്നോട്ട് പോകണമെങ്കിൽ അതിന് കൂടുതൽ പിന്തുണ വേണം. അതുപോലെ കേരളത്തിൽ

നല്ല ഒരു മ്യൂസിയം ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ആരംഭിക്കണം. നമ്മൾ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ എല്ലാവർഷവും നടത്താറുണ്ട്. പക്ഷേ കേരളത്തിൽ നല്ല തിയേറ്ററുകൾ ഇല്ല. ബാംഗ്ലൂർ, ഡൽഹി, മുംബൈ എന്നിവിടങ്ങളിലുള്ളതുപോലെ നല്ല തിയേറ്ററുകൾ നമുക്കില്ല. അങ്ങനെയുള്ള തിയേറ്ററുകൾ കേരളത്തിലുണ്ടാകണം. അതിനായി കൂടുതൽ ബഡ്ജറ്ററി സപ്പോർട്ട് നൽകണം. ശ്രീ. നരേന്ദ്ര മോദിയുടെ ഗവൺമെന്റിനെ വിമർശിക്കേണ്ട സമയമായിട്ടില്ലെന്ന് ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞു. ശ്രീ. പി. സി. ജോർജ് പഴയ ബനിയൻ ഊരിക്കിയതിന്റെ വിമർശനം ഞങ്ങളുന്നയിച്ചതു കൊണ്ട് അത് ഒരവസരമാക്കി ശ്രീ. കെ. എൻ. എ. ഖാദർകൂടി എന്നോടൊപ്പം കൂടിയിരിക്കുന്നു എന്നുപറഞ്ഞ് ഒരു പിന്തുണക്കാരനെ പെട്ടെന്ന് കൂട്ടുകയും ചെയ്തു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, അങ്ങനെയൊരു തെറ്റിദ്ധാരണ വേണ്ട. ഞാൻ ഒരു പിന്തുണക്കാരനെയും കൂട്ടിയില്ല. ആ ലെവലിൽ ആയെന്നാണ് പറഞ്ഞത്.

ശ്രീ. പി. സി. വിഷ്ണുനാഥ് സർ, നമ്മൾ മോദിയെ ഒരുമാസംകൊണ്ടുതന്നെ എതിർത്തത് എന്തുകൊണ്ടാണ്? മോദി 40 രൂപയ്ക്ക് പെട്രോൾ കൊടുക്കുമെന്ന് പറഞ്ഞ് ജനതയെ പറ്റിച്ചില്ലേ? പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിപ്പിച്ചു. ചരക്കുകൂലിയും യാത്രാക്കൂലിയും കൂട്ടി. ഒരുമാസംകൊണ്ടല്ലേ ഇതെല്ലാം വർദ്ധിപ്പിച്ചത്? അപ്പോൾ ഒരുമാസം കൊണ്ടുതന്നെ മോദി ഗവൺമെന്റിനെ എതിർക്കണ്ടേ? ഒരു മാസം കൊണ്ട് റെയിൽവേയിൽ 49 ശതമാനം വിദേശ നിക്ഷേപം കൊണ്ടുവന്നു, ഡിഫൻസിൽ 49 ശതമാനം കൊണ്ടുവരുന്നു. ഇതിനെയെല്ലാം നമ്മൾ എതിർക്കണ്ടേ? കഴിഞ്ഞ ദിവസം ശ്രീ. നരേന്ദ്ര മോദിയുടെയും യോഗഗുരു രാംദേവിന്റെയും ഉറ്റ അനുയായി വേദ് പ്രതാപ് വൈദിക്, ഹാഫിസ് സയീദുമായി കൂടിക്കാഴ്ച നടത്തി എന്നുമാത്രമല്ല അയാൾ പറയുന്നത് കാശ്മീരിന്റെ പ്രത്യേക അവകാശത്തെ സംബന്ധിച്ച്, കാശ്മീരിനെക്കുറിച്ച് വളരെ വിവാദപരമായ പരാമർശം രാംദേവിന്റെ അനുയായിയായ വേദ് പ്രതാപ് വൈദിക് നൽകിയിരിക്കുകയാണ് എന്നാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സർ, മോദി സർക്കാരിന്റെ നന്മയെക്കുറിച്ച് ഇവിടെ പറഞ്ഞിരുന്നു. ഇന്നലെ പാലസ്തീനിൽ ദയാദാക്ഷിണ്യമില്ലാതെ കുരുന്നുകളെ കൂട്ടക്കൊല ചെയ്തു. ഇന്ത്യയ്ക്ക് ഇക്കാര്യത്തിലൊക്കെ എന്നും ഒരു നിലപാടുണ്ട്. പാലസ്തീന്റെ കാര്യത്തിൽ ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി

'യങ് ഇന്ത്യ'യിൽ എഴുതി, പാലസ്തീൻ അറബികളുടെ മണ്ണാണ്, അവർക്ക് അവകാശപ്പെട്ടതാണ് എന്ന്. ഇന്ദിരാഗാന്ധിയെ ജ്യേഷ്ഠ സഹോദരിയെന്നും തിരിച്ചങ്ങോട്ടും വിളിച്ചത് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അങ്ങനെയുള്ള പാലസ്തീനിൽ കുരുന്നുകളെ കൂട്ടക്കൊല ചെയ്യുമ്പോൾ ഒരു പ്രമേയമെടുക്കാൻ കോൺഗ്രസ് പാർട്ടിയും പ്രതിപക്ഷ കക്ഷികളുമൊക്കെ ആവശ്യപ്പെട്ടപ്പോൾ അതിനുപോലും തയ്യാറാകാതെ ലജ്ജാകരമായ നിലപാട് സ്വീകരിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഹിറ്റ്ലറിന്റെയും ഇസ്രയേലിന്റെയും ഉൾപ്പെടെ ലോകത്തെ എല്ലാ ഫാസിസത്തെയും അവിടെ പോയി കണ്ടുപഠിച്ച് മനസിലാക്കി ഉണ്ടാക്കിയ സംഘടനയാണ് ആർ.എസ്.എസ്. ലോകത്ത് അന്ന് നിലവിലുണ്ടായിരുന്ന ഫാസിസ്റ്റ് സംഘടനകളുടെ രാജ്യത്ത് പോയി അതെങ്ങനെയാണെന്ന് മനസ്സിലാക്കിയിട്ടാണ് ആർ.എസ്.എസ്. രൂപീകരിച്ചത്. ആ പ്രത്യയശാസ്ത്രം രാജ്യത്ത് അധികാരത്തിലിരിക്കുമ്പോൾ അവരുടെ പിന്തുണ ഒരുകാലത്തും നമുക്ക് കിട്ടില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസാണെങ്കിലും സി.പി.എം ഉൾപ്പെടെയുള്ള പുരോഗമന പ്രസ്ഥാനമായ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണെങ്കിലും ആ കാര്യങ്ങളിൽ അവരുടെ പിന്തുണ നമുക്ക് ലഭിക്കുകയില്ല. അതുകൊണ്ട് എന്തിനാണ് ശ്രീ. നരേന്ദ്ര മോഡിയെ വിമർശിക്കുന്നതെന്ന് ചോദിക്കുമ്പോൾ, കാശ്മീരിന്റെ പദവി ഒരു മാസംകൊണ്ട് വിവാദമാക്കിയില്ലേ; ഒരു മാസത്തിനകം യൂണിഫോം സിവിൽ കോഡ് നടപ്പിലാക്കണമെന്ന് പറഞ്ഞിരിക്കുകയാണ്; നമ്മൾ എതിർക്കണ്ടേ? ഇൻഡ്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് (ഐ.സി.എച്ച്.ആർ.)-ന്റെ ചെയർമാനായി വാജ്പേയി ഗവൺമെന്റിന്റെ കാലത്ത് പാഞ്ചജന്യത്തിന്റെ എഡിറ്ററായിരുന്ന ഗുരുമൂർത്തിയെ കൊണ്ടുവന്നതുപോലെ ഇപ്പോൾ ഐ.സി.എച്ച്.ആർ.ന്റെ മേധാവിയായി കൊണ്ടുവന്നിരിക്കുന്നത് ആർ.എസ്.എസ്.-കാരനായ ശ്രീ. യെല്ലപ്രഗത സുദർശൻ റാവുവിനെയാണ്. ജാതിവ്യവസ്ഥയെ സംബന്ധിച്ച് എത്രത്തോളം മുമ്പോട്ട് പോയോ അത്രയും പിറകിലോട്ട് പോകുന്ന തരത്തിലുള്ള പരാമർശമാണ് ശ്രീ. യെല്ലപ്രഗത സുദർശൻ റാവു ഇന്നലെ നടത്തിയിട്ടുള്ളത്. ഇതും ഒരുമാസം കൊണ്ടാണ്; എതിർക്കണ്ടേ? അതുകൊണ്ടിത് ലൈറ്റായി കാണേണ്ട വിഷയമല്ല. വലിയ അപകടമുണ്ടെങ്കിൽ ആ അപകടത്തെ കാണേണ്ട ഉത്തരവാദിത്തത്തോടുകൂടി കാണണം. നിയമസഭയിൽ ചെറുതായി പറഞ്ഞുപോയാൽപ്പോലും ആ വാക്കുകൾക്ക് വലിയ പ്രസക്തിയുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ താങ്കൾ പറഞ്ഞതിനോട് യോജിച്ചുകൊണ്ട് തന്നെ പറയുകയാണ്. ഒരു മോദിഭയം അല്ലെങ്കിൽ മോദിയാണ് എല്ലാം തീരുമാനിക്കുന്നതെന്ന് ഒരുകൂട്ടം അവസരവാദ ബുദ്ധിജീവികളും പത്രപ്രവർത്തകരും ചേർന്ന് ഒരു പ്രതീതി ഉണ്ടാക്കുന്നുണ്ട്. അദ്ദേഹത്തിന് വോട്ട് ചെയ്തവർ 31 ശതമാനവും, നൂറ് ശതമാനം വോട്ട് ചെയ്ത സ്ഥലങ്ങളിൽ 19 ശതമാനവും വോട്ടാണ് ശ്രീ. നരേന്ദ്ര മോദിക്ക് ലഭിച്ചതെന്ന് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീ. നരേന്ദ്ര മോദി അപ്രമാദിയൊന്നുമല്ലെന്നുള്ള പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങ് വളരെ കൃത്യമായിട്ടാണ് പറഞ്ഞത്. അതൊരു വിഭ്രമമാണ്. 31 ശതമാനം വോട്ടിന്റെ പിന്തുണ ഉള്ളവർക്ക് രാജ്യത്തെ മുഴുവൻ ജനങ്ങളും എഴുന്നേറ്റുനിന്ന് പിന്തുണച്ചിരിക്കുകയാണെന്നുള്ള വിഭ്രമകരമായ അവസ്ഥയുണ്ട്. അതിന് മീഡിയയും പിന്തുണയുണ്ട്. കേരളത്തിലെ മീഡിയയ്ക്ക് പുരോഗമനപരമായ കാഴ്ചപ്പാടുണ്ടായിരുന്നു. എന്നാൽ കേരളത്തിലെ എല്ലാ മീഡിയയുമല്ല, ദൗർഭാഗ്യവശാൽ പുരോഗമനവാദികൾ ആരംഭിച്ച ചില മീഡിയകൾ പോലും ഇന്ന് ശ്രീ. നരേന്ദ്ര മോദിയുടെ വക്താക്കളായി മാറിയിരിക്കുന്നുവെന്ന കാഴ്ച വളരെ ഞെട്ടിപ്പിക്കുന്നതാണ്. പുരോഗമനവാദികൾ തുടങ്ങിയ സ്ഥാപനങ്ങൾപോലും ഇന്ന് എത്തിനിൽക്കുന്നത് എവിടെയാണ്? ഒരു ഭ്രമം ഉണ്ടാക്കിയിട്ടുണ്ട്. അത് ക്രൈസ്തവ മേലദ്ധ്യക്ഷന്മാർക്കും മറ്റ് ചില ആളുകൾക്കും ഉണ്ടായിട്ടുണ്ട്. ഇങ്ങനെ കുറച്ച് ആളുകൾ ആവർത്തിച്ച് പറയുമ്പോൾ ചില കാര്യങ്ങൾ ശരിയാകുമെന്ന് തോന്നലുണ്ടാക്കുന്ന വിഭ്രമത്തിന്റേതായ ഒരു അന്തരീക്ഷം ശ്രീ. നരേന്ദ്ര മോദിക്ക് വേണ്ടി സൃഷ്ടിക്കുകയാണ്. അറിയാതെ പറഞ്ഞുപോകുന്ന വാക്കിൽപ്പോലും ഒളിഞ്ഞിരിക്കുന്ന അപകടത്തെക്കുറിച്ചുള്ള ജാഗ്രതയില്ലായ്മ നമ്മുടെ മതേതര രാഷ്ട്രീയത്തെ അപകടപ്പെടുത്തുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ : സർ, 4854.63 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയ്ക്കാണ് സർക്കാർ സഭയുടെ അംഗീകാരം തേടുന്നത്. ഇതിനെ ഞാൻ എതിർക്കുകയാണ്. ഈ ഘട്ടത്തിൽ സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ പൊള്ളത്തരവും അവകാശവാദങ്ങളും സംബന്ധിച്ച് സഭ പരിശോധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2011-12-ൽ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യ വുകപ്പുമന്ത്രി ശ്രീ. കെ. എം. മാണി ആദ്യം പറഞ്ഞത്, 'കഴിഞ്ഞ 5 വർഷക്കാലമായി, നിലനിന്നുപോന്ന

വികസന മാന്ദ്യവും സാമ്പത്തിക അച്ചടക്കമില്ലായ്മയും കണ്ട് ദു:ഖിതരായ കേരള ജനത സമൂലമാറ്റം ആഗ്രഹിച്ചതിന്റെ തെളിവാണ് കഴിഞ്ഞ തെരഞ്ഞെടുപ്പ് വിധി, കഴിഞ്ഞ 5 വർഷമായി സാമ്പത്തിക രംഗത്ത് നിലനിന്നുപോരുന്ന കുത്തഴിഞ്ഞ പ്രവർത്തന ശൈലിക്ക് വിരാമമിടുന്നതിനും വികസനം ത്വരിതപ്പെടുത്തുന്നതിനും നഷ്ടപ്പെട്ട അവസരങ്ങൾ വീണ്ടെടുക്കുന്നതിനും ഈ ജനവിധി ഞങ്ങൾ പ്രയോജനപ്പെടുത്തുമെന്ന് വ്യക്തമാക്കട്ടെ' എന്നാണ്. ഈ പറഞ്ഞ കാര്യങ്ങൾ എന്തെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞോ? എന്താണ് ഇപ്പോഴത്തെ സ്ഥിതി? ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ പാസ്സാക്കിയിട്ടുള്ള ഈ സഭയിൽ അതിനനുസരിച്ചാണോ ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുപോയിട്ടുള്ളത്. റവന്യൂ കമ്മി ഇല്ലാതായോ? ധനകമ്മിയും കടബാദ്ധ്യതയും കുറച്ചോ? പദ്ധതി വിഹിതം പൂർണ്ണമായും ഉപയോഗിച്ചോ? മൂലധന ചെലവ് വർദ്ധിച്ചോ? വായ്പ ഉത്പാദനപരമായി മാത്രം ഉപയോഗിച്ചോ? ധനഉത്തരവാദിത്തം ചവറ്റുകുട്ടയിൽ ഇട്ടില്ലേ? ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുള്ള നിയമം അക്ഷരംപ്രതി നടപ്പിലാക്കേണ്ട ധനകാര്യ വകുപ്പുമന്ത്രി ഇതിനുത്തരം പറയണം. റവന്യൂ കമ്മി 2010-11-ൽ 3,673 കോടി രൂപ, 2011-12-ൽ 8,034 കോടി രൂപ, 2012-13-ൽ 9,351 കോടി രൂപ, 2013-14-ൽ 10,621 കോടി രൂപയുമായിരുന്നു. വാണംപോലെയല്ലേ റവന്യൂ കമ്മി കൂടിയത്. ധനകമ്മി 2010-11 ൽ 7,730 കോടി രൂപ, 2011-12-ൽ 12,814 കോടി രൂപ, 2012-13-ൽ 15,002 കോടി രൂപ, 2013-14-ൽ 20,000 കോടി രൂപയിലധികവുമാണ്. 2013-14-ൽ ധനകമ്മി 3 ശതമാനത്തിൽ എത്തിക്കണം. അതാണ് ഉത്തരവാദിത്ത നിയമം. കടബാധ്യത എടുത്താൽ, യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ 78,673 കോടി രൂപയായിരുന്നു. ശ്രീ. പി. സി. വിഷ്ണുനാഥ് കേൾക്കണം, മൂന്ന് വർഷം കൊണ്ട് നിങ്ങൾ ഉണ്ടാക്കിയത് 1,17,596 കോടി രൂപ. മൂന്ന് വർഷം കൊണ്ട് 37,519 കോടി രൂപയുടെ കടം ഉണ്ടാക്കി. അതായത് കഴിഞ്ഞ 40 വർഷം കൊണ്ട് ഉണ്ടായ കടബാധ്യതയാണ് നിങ്ങൾ 3 വർഷം കൊണ്ടുണ്ടാക്കിയത്. പദ്ധതി നടത്തിപ്പ് എടുക്കാം. പ്ലാൻ ഫണ്ടിൽ 2013-14-ൽ 3,775 കോടി രൂപ ചെലവഴിച്ചിട്ടില്ല. 2013-14-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 14,540 കോടി രൂപ. ചെലവഴിച്ചത് 10,765 കോടി രൂപ. നോൺ പ്ലാൻ ഫണ്ടിൽ 1,390 കോടി രൂപ ചെവഴിച്ചിട്ടില്ല. സംസ്ഥാന പദ്ധതി വിഹിതം 17,000 കോടി രൂപ. ചെലവ് 13,774 കോടി രൂപ. 81.3 ശതമാനമാണ് ചെലവ്. ആ 81.3 ശതമാനത്തിൽ 30 ശതമാനത്തോളം ട്രഷറിയിലും മറ്റ് പല രൂപത്തിലുമുള്ള ഡെപ്പോസിറ്റാണ്. അതിന് ഏറ്റവും നല്ല ഉദാഹരണം പട്ടികജാതി/പട്ടികവർഗ്ഗ

വകുപ്പാണ്. കഴിഞ്ഞ വർഷം 120 കോടിരൂപ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് കോടുക്കേണ്ടത് ട്രഷറി ഡെപ്പോസിറ്റായി നീക്കിവച്ചു. എന്നിട്ട് പറഞ്ഞത്, ഭൗതിക പുരോഗതി കൈവരിച്ചിരിക്കുന്നുവെന്ന്. 100 കോടി രൂപ പാലക്കാട് മെഡിക്കൽ കോളേജിന് വേണ്ടി കോർപ്പസ് ഫണ്ട് സ്പെഷ്യൽ ഓഫീസറുടെ അക്കൗണ്ടിലാക്കി. എന്നിട്ട് എഴുതിവച്ചത്, 100 ശതമാനം പദ്ധതി വിനിയോഗം നടത്തിയെന്നുമാണ്. പട്ടികവർഗ്ഗത്തിനുള്ള 50 കോടിരൂപ ഇടതുപക്ഷ ഭരണകാലത്ത് ഭൂമി വാങ്ങുന്നതിന് നീക്കിവച്ചതാണ്. 10 പൈസ ചെലവഴിച്ച് ഒരു സെന്റ് ഭൂമി പോലും നിങ്ങൾ വാങ്ങിയില്ല. എന്നിട്ട് 50 കോടി രൂപയും ചെലവഴിച്ചുവെന്ന് എഴുതിവച്ചു. ഈ രൂപത്തിലാണ് പ്ലാൻ പുരോഗതി. ഭൗതികനേട്ടമെന്ന് പറയുന്നത് യഥാർത്ഥത്തിൽ ഭൗതിക നേട്ടമല്ല. പ്രകൃതി ക്ഷോഭത്തിനുള്ള 50 ശതമാനം തുകയും നഗരവികസനത്തിനുള്ള 84 ശതമാനം തുകയും ജലസേചനത്തിനുള്ള 51 ശതമാനം തുകയും ലാപ്സാക്കി. വൈദ്യുതിക്കുള്ള 50 ശതമാനം തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ഓരോ വകുപ്പിലും ഇങ്ങനെയുണ്ട്. വിസ്തരിച്ച് പറയാൻ കഴിയാത്തതു കൊണ്ട് ഞാൻ പറയുന്നില്ല. ഏതുകാര്യത്തിലാണ് പറയാൻ പറ്റുന്ന വിജയം ഉണ്ടാക്കിയിട്ടുള്ളത്? നികുതി പിരിവിന്റെ കാര്യമെടുക്കാം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ വർഷവും വിൽപ്പന നികുതി വർദ്ധിപ്പിച്ചതാണ്. ഞാൻ അതിന്റെ കണക്ക് പറയുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് കണ്ടതെന്താണ്? യു.ഡി.എഫ്. ഗവൺമെന്റ് ഏതെങ്കിലും വർഷം വിൽപ്പന നികുതിയിൽ ലക്ഷ്യം നേടിയോ? രജിസ്റ്റേർഡ് വ്യാപാരികൾ 2011-ൽ 1,69,000 ഉണ്ടായിരുന്നത് 2013-ൽ 1,98,836 ആയി വർദ്ധിച്ചു. ഔദ്യോഗിക കണക്കാണിത്. വിൽപ്പന നികുതി 28,456 കോടി രൂപയാണ് ബഡ്ജറ്റ് പ്രൊവിഷൻ. കിട്ടിയത് 24,884 കോടി രൂപ. രജിസ്ട്രേഷൻ വകുപ്പിന് 4,207 കോടി രൂപയാണ് ബഡ്ജറ്റിലുള്ളത്. കിട്ടിയത് 2,593 കോടി രൂപയാണ്. ഭൂനികുതി വകുപ്പിന് 136 കോടി രൂപ കിട്ടേണ്ടതിൽ 88 കോടി രൂപയാണ് കിട്ടിയത്. എക്സൈസ് വകുപ്പിന് 2,801 കോടി രൂപ കിട്ടാനുള്ളതിൽ 1,941 കോടി രൂപയാണ് കിട്ടിയത്. ഇനി അതിനെക്കാളും കുറയും. മദ്യരാജാക്കന്മാരും കച്ചവടക്കാരും ഭൂപ്രമാണിമാരുമായിട്ടുള്ള അവിശുദ്ധ ബന്ധത്തിന്റെ ഫലമായി 6900 കോടി രൂപയുടെ നഷ്ടമാണ് വന്നത്. ഇതിനുപുറമേ കേസ്സുകൾ തോറ്റുകൊടുക്കുന്നു, സ്റ്റേ ഉണ്ടെങ്കിൽ എതിർക്കുന്നുമില്ല. നികുതി പിരിക്കുന്നില്ല. റവന്യൂ റിക്കവറി 1,911 കോടി രൂപ കിട്ടാൻ ബാക്കിയാണ്. അബ്കാരി കുടിശ്ശിക 236.71 കോടി രൂപ, രജിസ്ട്രേഷൻ അണ്ടർ വാല്യുവേഷൻ 180 കോടി 24 ലക്ഷം രൂപ പിരിച്ചെടുത്തിട്ടില്ല. മോട്ടോർ വാഹന വകുപ്പ് 984.22-ഉം വാണിജ്യനികുതി വകുപ്പ് 6,565 കോടി 84 ലക്ഷം

രൂപയുമാണ് പിരിക്കാൻ ബാക്കിയുള്ളത്. മാണിസാർ എന്തടിസ്ഥാനത്തിലാണ് ധനകാര്യ വകുപ്പ് ഗംഭീരമാണെന്ന് പറയുന്നത്. അധിക നികുതി 2011-12-ൽ 615 കോടി രൂപയും 2012-13-ൽ 1512 കോടി രൂപയും 2013-14-ൽ 1,138 കോടി രൂപയും 2014-15-ൽ 1,556 കോടി രൂപയും ബാധ്യത വച്ചു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 10 പൈസ അധിക നികുതി ഉണ്ടാക്കിയിട്ടുണ്ടോ? ഈ നികുതികൾക്ക് പുറമെ, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ട്രാൻസ്പോർട്ട് എന്നിവിടങ്ങളിൽ താരിഫും യാത്രാക്കൂലിയും വർദ്ധിപ്പിക്കുകയാണ്. കെ.എസ്.ഇ.ബി. 2,500 കോടി രൂപ രണ്ട് വർഷംകൊണ്ട് അധിക താരിഫ് വരുത്തി. നിയമസഭ കഴിഞ്ഞാൽ 1,500 കോടിരൂപയുടെ താരിഫ് വർദ്ധനവ് വരാൻ പോവുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മോൻസ് ജോസഫ്)

1949 മെഗാവാട്ട് വൈദ്യുതി നമ്മൾ പുറത്തുനിന്ന് കൊണ്ടുവരാൻ കരാർ ഉണ്ടാക്കി. ഒരു മെഗാവാട്ട് വൈദ്യുതിപോലും പുറത്തുനിന്നുകൊണ്ടുവരാനുള്ള ട്രാൻസ്മിഷൻ ലൈൻ ഇവിടെയില്ല. ഏത് രൂപത്തിലുള്ള പ്രതിസന്ധിയായിരിക്കും കേരളത്തിന്റെ വ്യവസായരംഗ പശ്ചാത്തലമേഖലയിൽ നമ്മൾ കാണാൻ പോകുന്നത്. എസ്.സി.പി. ഫണ്ടിന്റെ ദുരുപയോഗമാണ് ഇനി ഞാൻ പറയാൻ പോകുന്നത്. പാലക്കാട് മെഡിക്കൽ കോളേജിനുവേണ്ടി സപ്ലിമെന്ററി ബഡ്ജറ്റിൽ തുക വകയിരുത്തുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷെ തുകയൊന്നും ഇതിനായി നീക്കിവച്ചിട്ടില്ല. ഞാൻ ചോദിക്കട്ടെ, പട്ടികജാതി വകുപ്പിന്റെ കീഴിലൊരു മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ ഈ പട്ടികജാതിക്കാർക്കുള്ള ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി, മിശ്രവിവാഹിതർക്കുള്ള ധനസഹായം, വീട് വാങ്ങാനുള്ള ധനസഹായം, വീട് വയ്ക്കാനുള്ള സഹായം, സ്ഥലം വാങ്ങാനുള്ള ധനസഹായം എന്നിവയായി നൽകേണ്ട കാശാണ് കോർപ്പസ് ഫണ്ട്. ആ കോർപ്പസ് ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് അനന്തമായി ഈ മെഡിക്കൽ കോളേജ് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമോ; ഈ മെഡിക്കൽ കോളേജിനെ ഞങ്ങൾ പൂർണ്ണമായും പിന്താങ്ങിയവരാണ്. പക്ഷെ അത് പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ വിവിധ ക്ഷേമപദ്ധതികൾക്കുവേണ്ടി നീക്കിവച്ച കോർപ്പസ് ഫണ്ട് ഉപയോഗിച്ചുകൊണ്ട് ഈ മെഡിക്കൽ കോളേജ് മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കില്ല എന്നുള്ളത് ബഹുമാനപ്പെട്ട എം.എൽ.എ. ഷാഫി പറമ്പിലിനും മന്ത്രിക്കുമറിയാമല്ലോ? അപ്പോൾ ഈ സപ്ലിമെന്ററി ബഡ്ജറ്റിലെങ്കിലും തുക വകയിരുത്തണ്ടേ; തുകയൊന്നും നീക്കിവച്ചിട്ടില്ല. കൂടുതലായി മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കാൻ ഞാൻ

ആഗ്രഹിക്കുന്നില്ല. പട്ടികവർഗ്ഗക്കാരുടെ കടമെഴുതിത്തള്ളാൻ ബഹുമാനപ്പെട്ട പട്ടികജാതി വകുപ്പുമന്ത്രി 50,000 രൂപ പ്രഖ്യാപിച്ചതാണ്. അതിനും തുകയൊന്നും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അവരുടെ വീട്ടുനിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് 2 ലക്ഷം രൂപ 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു, എന്നിട്ടും തുകയൊന്നും സപ്ലിമെന്ററി ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. മറ്റൊരു കാര്യം പറയാം, കെ.എസ്.എഫ്.ഇ. 700 കോടി രൂപയാണ് ഇപ്പോൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളത്. ആ 700 കോടി രൂപയ്ക്ക് സാധാരണ നിലയിൽ 50 കോടി രൂപയോളം പലിശയിനത്തിൽ ലഭിക്കേണ്ടതാണ്. ഇപ്പോൾ പലിശയും കൊടുക്കുന്നില്ല. അത് കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനത്തെ ബാധിക്കും. ടെക്സ്റ്റയിൽ മേഖലയിൽ സഹകരണ മില്ലുകളും അതുപോലെതന്നെ പൊതുമേഖലാ മില്ലുകളുമെല്ലാം കൂടി 13 എണ്ണമുണ്ട്. അതിന്റെ നവീകരണവും മെയിന്റനൻസും നടക്കുന്നില്ല, ഇ.എസ്.ഐ. കൊടുക്കുന്നില്ല, അങ്ങനെ എല്ലാ മില്ലുകളും അടച്ചുപൂട്ടാൻ പോകുകയാണ്. അതുപോലെതന്നെ ഇൻഷ്വറൻസ് തുകയും നൽകാൻ പോകുന്നില്ല. ഇവിടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ടുകൊണ്ട് ഓരോ വർഷവും 5 കോടിരൂപ കൊടുക്കുമെന്ന് പറഞ്ഞു, അത് ശരിയാണ്. പക്ഷെ, എന്റെ ഒരനുഭവം ഞാൻ പറയാം, ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ഗ്രാമമായ കോട്ടായിയിൽ ഒരു പുതിയ ഹൈസ്കൂളിനുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ഒരുകോടി രൂപയുടെ എ.എസ്.നുവേണ്ടി കഴിഞ്ഞവർഷം അപേക്ഷ കൊടുത്തു. അപ്പോൾ അഡീഷണൽ സ്കൂൾ ബിൽഡിംഗിന്റെ ആവശ്യകത എന്തെന്ന് വിശദമാക്കുന്നതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്ന് ഒരു കുറിപ്പ് വന്നു. വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് പോയി, വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അത് ഡി.പി.ഐ.-ക്ക് കൊടുത്തു, ഡി.പി.ഐ. അത് ഡി.ഡി.-ക്ക് കൊടുത്തു, ഡി.ഡി. അത് ഡി.ഇ.ഒ.-ക്ക് കൊടുത്തു, ഡി.ഇ.ഒ. അത് എ.ഇ.ഒ.-ക്ക് കൊടുക്കുകയും എ.ഇ.ഒ. അത് ഹെഡ്മാസ്റ്റർക്ക് കൊടുക്കുകയും ചെയ്തു. അങ്ങനെ ഒരുവർഷം കഴിഞ്ഞു. എം.എൽ.എ. ആവശ്യപ്പെട്ട ഈ കെട്ടിടം അവിടെ ആവശ്യമാണോ എന്ന് എച്ച്.എം.നോട് നേരിട്ട് ചോദിച്ചിരിക്കുന്നു. അപ്പോൾ ഞാൻ മാണി സാറിനോട് ഒരു വർഷമായി ഒരു ഫയൽ അങ്ങോട്ടുമിങ്ങോട്ടും പോകുന്നുവെന്ന് പറഞ്ഞു. എന്തു ഗുണമാണ് ഇതിൽ നിന്ന് കിട്ടുന്നത്; ഒരു എം.എൽ.എ. ഒരു സ്കൂൾ കെട്ടിടം വേണമെന്ന് പറഞ്ഞുകഴിഞ്ഞാൽ അത് അനുവദിക്കുകയെന്നല്ലാതെ അവിടെയുള്ള ഒരു എൽ.ഡി. ക്ലർക്കും പ്യൂണുമാണോ ഇത് തീരുമാനിക്കേണ്ടത്? നിങ്ങൾക്കൊക്കെ എല്ലാത്തിനും എ.എസ്. കിട്ടിയിട്ടുണ്ടാകും, നമുക്ക് എ. എസ്. കിട്ടിയിട്ടില്ല.

മി. ചെയർമാൻ: ഇതൊരു പൊതു പ്രശ്നമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ശരിയാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഒഴിവാക്കി കൊണ്ട് കോൺട്രിബ്യൂട്ടറി പെൻഷൻ കൊണ്ടുവന്നു. കോൺട്രിബ്യൂട്ടറി പെൻഷൻ വന്നപ്പോൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 10 ശതമാനം തുക സർക്കാർ പിടിച്ചല്ലോ, എന്നാൽ അക്കൗണ്ട്പോലും ഓപ്പൺ ചെയ്യാൻ സാധിച്ചിട്ടില്ല. ഇപ്പോഴാണ് അക്കൗണ്ട് ഹെഡ് ഓപ്പൺ ചെയ്തിട്ടുള്ളത്.

മറ്റൊരു കാര്യം, ഇവിടെയിന്ന് രാവിലെ ബഹുമാനപ്പെട്ട വനം പരിസ്ഥിതി വകുപ്പുമന്ത്രി കരുണാ പ്ലാന്റേഷനുമായി ബന്ധപ്പെട്ട കമ്മീഷൻ ശുപാർശ സഭയുടെ മുമ്പാകെവച്ചു. സാധാരണനിലയിൽ അങ്ങനെയൊരു ശുപാർശ ഇവിടെ വയ്ക്കുന്ന സമയത്ത് അതിന്മേൽ ഗവൺമെന്റ് എന്തു നടപടിയെടുത്തു എന്നുള്ളതുകൂടി വയ്ക്കണ്ടേ; വച്ചിട്ടില്ലല്ലോ? കരുണാ പ്ലാന്റേഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള തട്ടിപ്പെന്നു പറഞ്ഞുകഴിഞ്ഞാൽ ഞെട്ടിപ്പിക്കുന്നതാണെന്ന് ഭരണകക്ഷിയിലുള്ള മിക്ക ആളുകൾക്കുമറിയാം. എങ്ങനെയാണ് ആയിരക്കണക്കിന് ഏക്കർ ഭൂമി മാനിപ്പുലേറ്റ് ചെയ്തുകൊണ്ട് അനധികൃതമായി കൈവശം വയ്ക്കേണ്ടത് എന്നൊരു റിസർച്ച് നടത്തുന്ന ഒരു കുട്ടിക്ക് പി.എച്ച്.ഡി. കിട്ടാൻ സാധ്യതയുള്ള ഒരു വിഷയമാണിത്. അത് മുഴുവനും ഇവിടെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി കൊണ്ടുവന്നു, പിന്നൊരു മൂന്നംഗ കമ്മിറ്റിയുടെ മുമ്പാകെയും ഞങ്ങളിത് എഴുതിക്കൊടുത്തു. ഇപ്പോൾ അതിന്റെ ഭാഗമായി ഞെട്ടിക്കുന്ന ഒരു റിപ്പോർട്ടാണ് വച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിങ്ങളെന്ത് ആക്ഷനാണ് എടുക്കാൻ പോകുന്നതെന്ന് ഇവിടെ പറയണം. കരുണാ പ്ലാന്റേഷനുമായി ബന്ധപ്പെട്ട് ഗുരുതരമായ പ്രശ്നങ്ങളാണ് ഈ മൂന്നംഗ കമ്മിറ്റി ഈ ഗവൺമെന്റിന്റെ മുമ്പിൽ അവതരിപ്പിച്ചത്. ഒന്ന്, 30-1-2013-ലെ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച എട്ടംഗ കമ്മിറ്റിയുടെ രൂപീകരണത്തിലും ടേംസ് ഓഫ് റഫറൻസിലും അപാകതകളുണ്ടെന്നും അതിനാൽ ഈ കമ്മിറ്റിയുടെ ദൗത്യം നിർവ്വഹിക്കാൻ കഴിഞ്ഞില്ലായെന്നും, ജില്ലയിലെ റവന്യൂ തലവനായ ജില്ലാ കളക്ടർപോലും ഈ കമ്മിറ്റിയിൽ അംഗമല്ലാത്തത് ദുരൂഹമാണെന്നും ഈ കമ്മിറ്റി പറയുകയാണ്. രണ്ട്, വിവാദഭൂമി, 1963-ലെ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഒറിജിനൽ സ്യൂട്ട് 1/64, അത് പാർട്ടീഷൻ സ്യൂട്ടായി രാജകുടുംബാംഗത്തിൽപ്പെട്ട ഒരു സ്ത്രീ നൽകിയത് അവിടെ നിലനിൽക്കുന്ന അവസരത്തിലാണ് ഈ ട്രാൻസാക്ഷൻ നടക്കുന്നത്. ഇങ്ങനെ ഒരു ട്രാൻസാക്ഷൻ ഒരുതരത്തിലും നടക്കാൻ പാടില്ല. അതും പരിശോധിക്കണമെന്നാണ് ഈ കമ്മിറ്റി പറഞ്ഞത്. അതുപോലെതന്നെ

ഡി.എഫ്.ഒ. എൻ.ഒ.സി. കൊടുക്കുന്നതിനുമുമ്പ് ഗവൺമെന്റിന്റെ സമ്മതം വാങ്ങേണ്ടിയിരുന്നോ എന്ന കാര്യം ഗവൺമെന്റ് പരിശോധിക്കണം. ഗവൺമെന്റ് അന്വേഷിക്കുകയാണെങ്കിൽ റവന്യൂ ഉദ്യോഗസ്ഥന്മാർ നേതൃത്വം കൊടുക്കുന്ന ഒരു ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തണമെന്ന ആ ഭാഗത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. ഒരു ജൂഡീഷ്യൽ എൻക്വയറി വയ്ക്കണം. 786 ഏക്കർ ഭൂമി എങ്ങനെയാണ് മാനിപ്പുലേറ്റ് ചെയ്ത്, ഫാബ്രിക്കേറ്റ് ചെയ്ത്, ഈ സംസ്ഥാനത്തിന്റെ ഭൂമി, റവന്യൂ ഭൂമിയായാലും ഫോറസ്റ്റ് ഭൂമിയായാലും, എങ്ങനെയാണ് ഇതിന്റെ ട്രാൻസാക്ഷൻ നടന്നത്? 1889-ൽ 75 വർഷത്തേക്ക് ലീസിന് കൊടുത്ത പ്രോപ്പർട്ടി 1965-ൽ ടെർമിനേഷൻ നടക്കുന്നു. 1967-ൽ സെയിൽ ഡീഡും നടത്തുന്നു. പിന്നെ ഭൂമി കൈമാറി ഓരോരുത്തരുടെ കയ്യിലെത്തി അവസാനം ഇപ്പോൾ പോബ്സൺ ഗ്രൂപ്പിന്റെ കൈകളിൽ എത്തിയിരിക്കുകയാണ്. ഇതിന്റെ ഒറിജിനൽ ഡീഡ് നോക്കിയാൽ ഒരു തരത്തിലും ഇത് വിൽക്കാൻ പറ്റുന്ന ഭൂമിയല്ല. ഇതേരൂപത്തിലുള്ള പതിനായിരം ഏക്കർ ഭൂമി നെല്ലിയാമ്പതിയിലുണ്ട്. നെല്ലിയാമ്പതിയിലെ ഭൂമി നമുക്ക് എടുക്കാൻ കഴിയുന്നില്ല, കോടതിയിൽ പോകുകയാണ്. ഇതിനു കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയ നേതൃത്വവും കാണിക്കുന്നത് എന്തൊരപകടമാണ്. ഇവിടെ പട്ടികവർഗ്ഗത്തിൽപ്പെട്ട, പാവപ്പെട്ട ഒരാൾ മരണപ്പെട്ടുകഴിഞ്ഞാൽ അടുക്കള പൊളിച്ച് ശവസംസ്കാരം നടത്തുകയാണ്. ഇവിടെ ചില പ്രമാണിമാർ ആയിരം ഏക്കർ, രണ്ടായിരം ഏക്കർ ഭൂമി അനധികൃതമായി തട്ടിയെടുക്കുന്നു, അവർ ജനിക്കുമ്പോൾത്തന്നെ കിട്ടിയ ഭൂമിയാണോ ഇത്? ഈ ഭൂമി ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ വരണം. അതിനുവേണ്ടിയാണ് ഞങ്ങളിത് പറയുന്നത്. ഇത് ഗുരുതരമായ ഒരു പ്രശ്നമാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഫോറസ്റ്റ് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ഈ മൂന്നംഗ കമ്മിറ്റിയെ നിയമിച്ചു. ഈ മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഇന്നുതന്നെ വയ്ക്കണം, അതില്ലെങ്കിൽ ഈ ഗവൺമെന്റ് ഈ ഭൂമി തട്ടിപ്പിൽ കൂട്ടുനിൽക്കുന്നുവെന്ന് കേരളത്തിലെ ജനത വിധിയെഴുതും. ഞാൻ അവസാനിപ്പിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് അനുസരിച്ച് ഈ ഭൂമി ഗവൺമെന്റിലേക്ക് വന്നതാണെന്ന് അങ്ങേക്കറിയാമല്ലോ. 1989-ൽ ഇതുസംബന്ധിച്ച് കേസ് കൊടുത്തതാണ്. ആ കേസിനെത്തുടർന്ന് 89 ഏക്കർ ഭൂമിമാത്രമാണ് ഗവൺമെന്റിന്

കിട്ടിയത്. പിന്നീട് 133 ഏക്കർ ഭൂമികൂടി കിട്ടേണ്ടതായിരുന്നു. അതുംപോയി. 1990-ൽ ഈ കേസിനെ സംബന്ധിച്ച് അപ്പീൽ കൊടുക്കണമെന്നാവശ്യപ്പെട്ടിരുന്നതാണ്. അന്ന് ഈ കേസ് ഹൈക്കോടതിയിൽ തോറ്റുകഴിഞ്ഞപ്പോൾ അതിന് റിവ്യൂ പെറ്റീഷൻ ഡിവിഷൻ ബഞ്ചിൽ നൽകാമായിരുന്നു. 1990-ലെ അന്നത്തെ ഗവൺമെന്റിന് അന്നത്തെ പബ്ലിക് പ്രോസിക്യൂട്ടർ എഴുതിക്കൊടുത്തത് ഇത് അപ്പീലബിൾ അല്ലായെന്നാണ്. അങ്ങനെ എഴുതിവയ്ക്കുകയും ചെയ്തു. അതിനുശേഷം മൂന്നുമാസത്തിനുള്ളിൽ വേണമെങ്കിൽ സുപ്രീം കോടതിയിൽ പോകാമായിരുന്നു. അതും ചെയ്തില്ല. അതിനിപ്പോൾ നമ്മളെ പറഞ്ഞിട്ട് കാര്യമുണ്ടോ; ആ കാലഘട്ടമൊക്കെയൊന്ന് നോക്കണം, രേഖയെല്ലാം ഞാൻ അങ്ങോട്ട് തരാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എ. കെ. ബാലൻ: സർ, രേഖകളെല്ലാം നമുക്ക് പരിശോധിക്കാം. 1990-ലെ ലാന്റ് ട്രിബ്യൂണൽ വിധിയുണ്ടായി, പത്തുകൊല്ലം കഴിഞ്ഞ് 2000-ൽ ഇതിന്റെ റിവിഷൻ പെറ്റീഷൻ നൽകി, പത്തുകൊല്ലം എന്തുകൊണ്ട് താമസിച്ചു? നമുക്ക് പരിശോധിക്കാം. രണ്ട് കൂട്ടരുടെ കാലയളവും നമുക്കന്വേഷിക്കാം. എന്നിട്ട് നമുക്ക് ഈ ഭൂമി ജനങ്ങളുടേതാക്കാം. നിങ്ങൾക്ക് പറ്റിയിട്ടുള്ള പിശകുകൾ. എന്തിനാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഭയക്കുന്നത്? നിങ്ങൾക്ക് പറ്റിയിട്ടുള്ള പിശകും ഞങ്ങൾക്കു പറ്റിയിട്ടുള്ള പിശകുമുണ്ടാകും. നാളെ ഈ രൂപത്തിൽ നമ്മുടെ ഈ ഭൂമിയെ കൊള്ളചെയ്യാൻ ആർക്കും ഇനി അവസരമുണ്ടാകാൻ പാടില്ലെന്നുള്ളതു കൊണ്ടാണ് ഞാൻ ഈ പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങുപറഞ്ഞ കൺക്ലൂഷനോട് ഞാൻ യോജിക്കുകയാണ്. തട്ടിപ്പിനും വെട്ടിപ്പിനുമൊന്നും നമുക്ക് കൂട്ടുനിൽക്കാൻ സാധിക്കുകയില്ല, പക്ഷെ, ഇതിന്റെ പഴയ ഹിസ്റ്ററി പരിശോധിക്കുമ്പോൾ ശരിക്കും ഇതിന്റെ കുഴപ്പം എവിടെയാണെന്ന് മനസ്സിലാകും.

ശ്രീ. ഇ. പി. ജയരാജൻ: സർ, പഴയ ഹിസ്റ്ററി നോക്കി ഈ ഭൂമിയെല്ലാം അവർക്ക് വിട്ടുകൊടുക്കാനാണോ ഉദ്ദേശിക്കുന്നത്; അല്ലല്ലോ, ഈ ഭൂമി ഏറ്റെടുക്കണ്ടെ? അതിന് നടപടി സ്വീകരിക്കണ്ടേ? ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അങ്ങ് എന്ത് നടപടി സ്വീകരിക്കുമെന്നുള്ളതാണ് പ്രശ്നം.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനറിയാമല്ലോ, ഇതൊരു വിവാദ ഭൂമിയാണ്. ഇത് ഇരുതല മൂർച്ചയുള്ള ഒരു സാധനമാണെന്ന് ഒരു സപ്ലിമെന്ററി ക്വസ്റ്റ്യന്റെ ഭാഗമായി ഞാൻതന്നെ

പറഞ്ഞു. അങ്ങനെയുള്ള 786 ഏക്കർ ഭൂമി കണ്ടിട്ടില്ലായെന്ന് ഗവണ്മെന്റും അങ്ങയുടെ വകുപ്പ് കണ്ടിട്ടില്ലായെന്ന് അങ്ങും പറഞ്ഞു. എങ്ങനെ ഒരു ഡി.എഫ്.ഒ.-യ്ക്ക് എൻ.ഒ.സി. കൊടുക്കാൻ ധൈര്യം വന്നു? രണ്ട് ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ടുകൊണ്ട് സഖാവ് വി.എസ്. അച്ചുതാനന്ദന്റെ പ്രശ്നം വന്ന സമയത്ത് ക്യാബിനറ്റ് തീരുമാനിച്ചിട്ടാണ് ഞങ്ങൾ കൊടുത്തത്. അത് വിജിലൻസിന് വിട്ടവരാണ് നിങ്ങൾ. ഇത് ഒരു സെന്റോ രണ്ടു സെന്റോ ഭൂമിയല്ല. ഒരു ഡി.എഫ്.ഒ.-ക്ക് എങ്ങനെ ഇത് കൊടുക്കാനുള്ള ധൈര്യം വന്നു; ആ ഡി.എഫ്.ഒ.-യെ ആരാണ് ഇതിലേക്ക എത്തിച്ചത്; അദ്ദേഹത്തെ ട്രാൻസ്ഫർ ചെയ്തുകൊണ്ടുമാത്രം കാര്യമുണ്ടോ ?

3.00 PM]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 10-11-1990-ൽ പബ്ലിക് പ്രോസിക്യൂട്ടർ എം.സി.ജോൺ അന്നത്തെ ഇതിന് അപ്പീൽ പോകണ്ട എന്നെഴുതി ഗവണ്മെന്റിന് കൊടുത്തപ്പോൾ അതെല്ലാം ശരിയാണെന്നു കരുതി എന്തിനാണ് അന്ന് ഗവണ്മെന്റ് ഇരുന്നത്. അപ്പോൾ അത് പരിശോധിച്ചിരുന്നുവെങ്കിൽ ഈ പ്രശ്നമൊക്കെ മാറുമായിരുന്നില്ലേ?

ശ്രീ. എ. കെ. ബാലൻ : സർ, ഈ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് എത്ര മണിക്കൂർ വേണമെങ്കിലും നമുക്ക് ചർച്ച ചെയ്യാം. രത്നസിംഗും ഇതിന്റെ കൂടെയാണല്ലോ നിന്നത്. അതിനുശേഷം ഞങ്ങളുടെ കാലഘട്ടത്തിലെ അഡ്വക്കേറ്റ് ജനറലാണ് ഇത് സുപ്രീംകോടതിയിൽ പോകേണ്ടതാണ്, റിവിഷൻ പെറ്റീഷൻ കൊടുക്കേണ്ടതാണ്, ഫ്രോഡാണെന്ന് തെളിയിച്ചു കഴിഞ്ഞാൽ നമുക്ക് നല്ലൊരു കേസുണ്ട് എന്ന് നോട്ട് എഴുതിയത്. നമുക്കിത് മുഴുവനും അന്വേഷിക്കാം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ നിങ്ങൾ എൻ.ഒ.സി. കൊടുക്കുന്നത് ഫ്രീസ് ചെയ്തു, റിപ്പോർട്ടുവന്നു എന്ന സാങ്കേതിക കാരണത്താൽ ഒരു രൂപത്തിലും അത് റിവോക്ക് ചെയ്യാൻ പാടില്ല, ഇത് ജുഡീഷ്യൽ എൻക്വയറിക്ക് വയ്ക്കണമെന്നാണ് ഞങ്ങൾ പറയുന്നത്. അങ്ങനെയല്ലെങ്കിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ ഭാഗമായി നിങ്ങൾ എന്താണോ വയ്ക്കാൻ പോകുന്നത് അത് ഈ സഭയിൽ വയ്ക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. 5 മിനിറ്റ് കൂടുതലായി.

ശ്രീ. എ. കെ. ബാലൻ : സർ, കോൺഗ്രസ്സുകാരോട് എനിക്ക് പറയാനുള്ളത്, കേന്ദ്രത്തിൽ നിങ്ങൾ പ്രതിപക്ഷ സ്ഥാനത്തിനുവേണ്ടി ബി.ജെ.പി.യുടെ കയ്യും കാലും പിടിക്കരുത്, നാണക്കേടാണ്. കാരണം, ശ്രീമതി സോണിയ ഗാന്ധി

പ്രധാനമന്ത്രി സ്ഥാനം വേണ്ടായെന്നുവച്ചതാണ്. ആ സോണിയ ഗാന്ധിയെക്കൊണ്ട് പ്രതിപക്ഷ സ്ഥാനത്തേക്കു വേണ്ടി ബി.ജെ.പി.യുടെ കയ്യും കാലും പിടിപ്പിക്കുന്നത് അപമാനമാണ്. അത് നിങ്ങൾ നിർത്തണം. നിങ്ങളുടെ കാലഘട്ടത്തിൽ ഗവർണർമാരായ പലരും ഇപ്പോൾ ഇങ്ങോട്ട് വരാൻ താല്പര്യം കാട്ടുന്നില്ല. ഒരാൾ നാണക്കേടു കാരണം രാജിവച്ചു. മറ്റുചിലർ ആർ.എസ്.എസ്-നെ പിടിച്ചുകൊണ്ട് കാലാവധി പൂർത്തീകരിക്കാൻ നിന്നെന്നുവരും. കോൺഗ്രസ് പാർട്ടിക്കുണ്ടാകുന്ന നാണക്കേടെന്നു പറയുന്നത് ഈ രാജ്യത്തിന് തന്നെ നാണക്കേടാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, പ്രതിപക്ഷ സ്ഥാനത്തിനുവേണ്ടിയിട്ടല്ല, പല ഭരണഘടനാ സ്ഥാപനങ്ങളുടെയും ചുമതലക്കാരെ തെരഞ്ഞെടുക്കുമ്പോൾ പ്രതിപക്ഷ നേതാവ് ആ കമ്മിറ്റിയിൽ ഒരംഗമാണ്. നേരത്തെ ഞാൻ ഐ.സി.എച്ച്.ആർ-ന്റെ ചെയർമാന്റെ കാര്യം പറഞ്ഞതുപോലെ, ഏകപക്ഷീയമായി ബി.ജെ.പി. ആ സ്ഥാപനങ്ങളിലേക്ക് ആളെ കൊണ്ടുവരുന്നതു തടയുന്നതിനു വേണ്ടിയാണ്, നിങ്ങളുടെകൂടി താല്പര്യത്തെ ഉൾക്കൊണ്ടാണ് പ്രതിപക്ഷ പദവി വേണമെന്ന് പറഞ്ഞത്. അല്ലാതെ പ്രധാനമന്ത്രി സ്ഥാനം വേണ്ടായെന്നു പറഞ്ഞ ശ്രീമതി സോണിയ ഗാന്ധിക്കോ കോൺഗ്രസ് പാർട്ടിക്കോ എന്തിനാണ് പ്രതിപക്ഷ നേതൃസ്ഥാനം?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, അത് ഇപ്പോഴല്ല ആലോചിക്കേണ്ടത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. എ. കെ. ബാലൻ, 6 മിനിറ്റ് കൂടുതലായി. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ അവസാനിപ്പിക്കാം. 540 എം.പി.-മാരിൽ പത്ത് ശതമാനം, അതായത് 54 അംഗങ്ങളെയെങ്കിലും പാർലമെന്റിൽ എത്തിക്കാനുള്ള ഒരിടപെടൽ അന്ന് നിങ്ങൾ നടത്തിയിരുന്നുവെങ്കിൽ ഈ ഗതികേടിലേക്ക് എത്തുമായിരുന്നില്ലല്ലോ; ഇപ്പോൾ ഏച്ച് കെട്ടിയിട്ട് 44 പേർ ഞങ്ങളുടേതുണ്ട്, 10 പേർ നിങ്ങളുടേതുണ്ട് എന്നുപറയേണ്ട നാണക്കേടിലേയ്ക്ക് നിങ്ങളെത്തി. പ്രതിപക്ഷ സ്ഥാനം വേണ്ടായെന്ന് തീരുമാനിച്ചാൽ പോരെ? ഇത് നാണക്കേടാണ്. ഇനിയിപ്പോൾ രാജി വയ്ക്കുന്നതാണ് നല്ലതെന്ന് ബാക്കിയുള്ള ഗവർണർമാരോടുകൂടി പറയണം. അല്ലെങ്കിൽ കോൺഗ്രസ് നാറും. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റ്സ് ഓൺ ഗ്രാന്റ്സിനെ അനുകൂലിക്കുകയാണ്. ഞാൻ പ്രധാനമായും ഇതിനെ പിന്താങ്ങാനുള്ള കാരണം, തീരദേശത്തെ ബാധിക്കുന്ന ചില കാര്യങ്ങൾക്ക് ഇതിൽ ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നതാണ്. സബ്സിഡൈസ്ഡ് റേറ്റിൽ മണ്ണെണ്ണയ്ക്കു വേണ്ടിയും ഫിഷിംഗ് ഹാർബർ, ലാന്റിംഗ് സെന്ററുകൾ എന്നിവ തുടങ്ങുന്നതിനും സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, എക്സാമിനേഷൻ ട്രെയിനിംഗ് തുടങ്ങിയ പദ്ധതികൾക്കും ഫിഷറീസ് വകുപ്പ് ഇതിൽ പണം ആവശ്യപ്പെട്ടിരിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഞാൻ അതിശക്തമായി ഇതിനെ പിന്താങ്ങുന്നത്. അതുമാത്രവുമല്ല, ഈ ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ പദ്ധതികൾക്കു വേണ്ടിയാണ് കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുള്ളത്. 4512.22 കോടി രൂപ പ്ലാൻ എക്സ്പെൻഡിച്ചറാണ്. നോൺ-പ്ലാനിൽ 342.41 കോടിരൂപ മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂ. അപ്പോൾ സ്വാഭാവികമായും നമ്മുടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് ഈ ഉപധനാഭ്യർത്ഥനകൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. 2013 മാർച്ച് മാസത്തിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ചുള്ള സി.&എ.ജി.-യുടെ റിപ്പോർട്ട് ഇന്നലെയാണ് വന്നത്. അതിൽ സി. & എ.ജി. ഒട്ടേറെ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികൾ വഴി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അധികാരവും സമ്പത്തും കൊടുക്കുകയാണ്. ഈ ഭേദഗതി വന്നിട്ട് ഇപ്പോൾ 20 വർഷമാകാൻ പോകുന്നു. കഴിഞ്ഞ മൂന്നു വർഷം കൊണ്ടുതന്നെ ഏകദേശം 7500 കോടിയിലധികം രൂപ പദ്ധതി വിഹിതമായി കൊടുക്കുകയും ചെയ്തു. ശ്രീ. എ. കെ. ബാലൻതന്നെ പറഞ്ഞു, പണം ചെലവാക്കുന്നില്ലെന്ന്. എന്തുകൊണ്ടാണ് ചെലവാക്കാൻ കഴിയാത്തത്? നാം അധികാരവും ഫണ്ടും കൊടുത്തെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ are not well equipped. അതാണ് പ്രശ്നം. പദ്ധതികൾ ഇംപ്ലിമെന്റ് ചെയ്യാനുള്ള സംവിധാനം നമ്മൾ കൊടുത്തിട്ടുണ്ടോ? ഓരോ ഡിപ്പാർട്ടുമെന്റും പരിശോധിച്ചാൽ, കൊച്ചി നഗരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്നു പറയുന്നത് അവിടത്തെ വേസ്റ്റ് മാനേജ്മെന്റിന്റെ പ്രശ്നമാണ്. ജീവനക്കാരുടെ കുറവുമൂലം, വിജയിച്ച രീതിയിലുള്ള ഒരു മോഡൽ നമുക്ക് കാണിക്കാനില്ല, സ്വിവറേജ് പ്രോജക്ട് നടപ്പാക്കാൻ കഴിയുന്നില്ല. കൊച്ചി പോലുള്ള നഗരങ്ങളിൽ ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വേണം. അത് കൊണ്ടുവരാൻ കഴിയുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരവും സമ്പത്തും കൊടുത്തെങ്കിലും

ഈ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനുള്ള ഭരണനിർവ്വഹണ സംവിധാനങ്ങൾ ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. സി.&എ.ജി. റിപ്പോർട്ടിൽ ഒട്ടേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കൊച്ചി നഗരത്തിൽ കൃഷിക്ക് എന്തിനാണ് 15 ശതമാനം മാറ്റിവയ്ക്കുന്നത്? നമ്മുടെ നഗരത്തിൽ വ്യാപകമായി കൃഷിയില്ല. കുറച്ച് പച്ചക്കറി കൃഷി വേണമെങ്കിൽ നമുക്ക് പ്രോത്സാഹിപ്പിക്കാം. പക്ഷെ നമ്മൾ ഇപ്പോഴും ഇയർമാർക്ക് ചെയ്ത് നഗരസഭയ്ക്ക് കൊടുക്കുമ്പോൾ കുറേ പണം കൃഷിക്കുവേണ്ടി മാറ്റിവയ്ക്കുന്നു. അപ്പോഴെന്താണ് സംഭവിക്കുന്നത്? മാർച്ച് മാസമാകുമ്പോൾ എങ്ങനെയെങ്കിലും ആ പണം ചെലവാക്കാനുള്ള തത്രപ്പാടിലാണ്. അതുകൊണ്ടുതന്നെ അടിസ്ഥാനപരമായ മാറ്റം ഈ രംഗത്ത് ഉണ്ടാക്കാൻ നമുക്ക് കഴിയണം. പശ്ചിമ കൊച്ചിക്കുവേണ്ടിയുള്ള സ്വിവറേജ് പദ്ധതി 200 കോടി രൂപയുടേതാണ്. ഈ നവംബറിൽ പണി ആരംഭിക്കണം. 63 കി.മീ. റോഡ് കുഴിക്കണം. ഞാൻ അവിടെ കൗൺസിലർമാരുടെയും മറ്റ് പൊതുപ്രവർത്തകരുടെയും ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. ഒരാളും അത് അംഗീകരിക്കാൻ തയ്യാറല്ല. എന്തുകൊണ്ടെന്നാൽ, റോഡ് വെട്ടിപ്പൊളിച്ചിട്ടാൽ വർഷങ്ങളോളം അങ്ങനെതന്നെ കിടക്കും എന്നുള്ളതുകൊണ്ട് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നില്ല. പക്ഷെ അവിടെ ആ പദ്ധതി അത്യാവശ്യമാണ്. മട്ടാഞ്ചേരി ഫോർട്ട് കൊച്ചി പ്രദേശങ്ങളിലെ 60 ശതമാനം ജനങ്ങൾക്കും സെപ്റ്റിക് ടാങ്കില്ല. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി കൊണ്ടുവന്നത്. പക്ഷെ നടപ്പാക്കാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങളിൽ യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു സമീപനമുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കൊച്ചി നഗരവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങളെ കുറിച്ച് സി. &എ.ജി. പറഞ്ഞിട്ടുണ്ട്. ഇന്നുള്ള നമ്മുടെ പല നിയമങ്ങളും പലപ്പോഴും ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുന്നില്ല. തീരദേശ പരിപാലന നിയമം, നഗരത്തിൽ കുഴപ്പമില്ല, പക്ഷെ പഞ്ചായത്തിൽ ഒരു വീടുവയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇക്കാര്യം സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തു, തീരുമാനമെടുത്തു. പക്ഷെ കേന്ദ്രത്തിൽനിന്ന് അംഗീകാരം കിട്ടിയില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ കെട്ടിട നിർമ്മാണ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ പലപ്പോഴും നമുക്ക് കഴിയുന്നില്ല. അതുപോലെതന്നെ നഗരത്തിൽ പ്ലാൻ വരച്ചുകൊടുക്കുന്നത് ആർക്കിടെക്റ്റാണ്. അവർ വരച്ചുകൊടുക്കുന്ന പ്ലാനിന് അംഗീകാരം കിട്ടിയാൽ അതുവച്ച് ഉടമ എങ്ങനെ കെട്ടിടം പണിയുന്നു എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല. നഗരസഭയിൽ അതിന് പറ്റിയ എഞ്ചിനിയേഴ്സില്ല, ടൗൺ പ്ലാൻ ഉദ്യോഗസ്ഥരില്ല. നാം ഇങ്ങനെ ഹെറിറ്റേജ് കൺസർവേഷൻ റൂളിനെപ്പറ്റിയും സി.ആർ.ഇസഡ്-നെപ്പറ്റിയും പറയുമ്പോൾത്തന്നെ,

ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ എൻ.ഒ.സി. ഇല്ലാതെ മട്ടാഞ്ചേരിയിലും ഫോർട്ട് കൊച്ചിയിലും ഒന്നും ചെയ്യാൻ കഴിയുന്നില്ല. ആ നിയമം ഫലപ്രദമായി ഇംപ്ലിമെന്റ് ചെയ്യാൻ കഴിയാത്തതിന് കാരണം അങ്ങനെയുള്ള നിയമങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി അവരുടെ അംഗീകാരം നേടാൻ കഴിയാത്തതുകൊണ്ടാണ്. അതുകൊണ്ടുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കാനും അവരെ സഹായിക്കാനും കഴിയുന്ന നടപടികൾ ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരളത്തിലെ ഏറ്റവും വലിയ വ്യവസായമായി സ്വർണ്ണ വ്യാപാരം മാറിയിരിക്കുകയാണ്. അഞ്ചു ശതമാനമാണ് അതിന്റെ ടാക്സ് റേറ്റ്. മറ്റ് സംസ്ഥാനങ്ങളിൽ ടാക്സ് ഇതിനേക്കാൾ കുറവാണ്. ഏകദേശം 50,000 കോടി രൂപയുടെ വ്യാപാരം നടക്കുന്ന ഈ മേഖലയിൽ നിന്ന് നമുക്ക് ടാക്സ് കിട്ടുന്നുണ്ടോ? അതുകൊണ്ട് ടാക്സ് റേറ്റ് റാഷണലൈസ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഇവിടെനിന്ന് മറ്റ് സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശിലും തമിഴ്നാട്ടിലും കർണ്ണാടകയിലും പോയി ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുകയാണ്. സ്വർണ്ണവ്യാപാരവുമായി ബന്ധപ്പെട്ട ടാക്സിന്റെ കാര്യങ്ങളിൽ റാഷണലൈസേഷൻ വേണം, അതിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ടെക്സ്റ്റയിൽ മേഖലയിൽ ടേൺ ഓവർ ടാക്സ് വന്നിരിക്കുന്നു. ഇവിടെ തഴച്ചുവളരുന്ന ഒരു ട്രേഡെന്ന നിലയ്ക്ക് അതിനും സഹായ സംവിധാനം ഏർപ്പെടുത്തണം. ടാക്സ് കുറയ്ക്കണമെന്നല്ല ഞാൻ പറയുന്നത്. സർക്കാർ സംവിധാനമല്ല, കച്ചവടക്കാരാണ് ടാക്സ് കളക്റ്റ് ചെയ്യുന്നത് എന്നതാണ് സെയിൽസ് ടാക്സിന്റെ ഏറ്റവും പ്രധാന പ്രശ്നം. ടാക്സ് നൽകാൻ ജനങ്ങളും തയ്യാറാകുന്നില്ല, കാരണം ജനങ്ങൾ ബിൽ വേണ്ടെന്നു പറയുന്നതും പ്രശ്നമാണ്. അതുകൊണ്ട് ജനങ്ങൾക്ക് താങ്ങാൻ കഴിയുന്ന രീതിയിൽ ടാക്സ് സ്ട്രക്ച്ചർ റാഷണലൈസ് ചെയ്യാൻ കഴിയുമോ എന്ന് ഗവൺമെന്റ് ആലോചിക്കണം.

പുതിയ സ്കൂളുകൾ ആരംഭിക്കാൻ തീരുമാനമെടുത്തത് നല്ലതാണ്. ഗ്രാമങ്ങളിൽ മാത്രമല്ല അതിന്റെ ആവശ്യം. കൊച്ചി നഗരത്തിന്റെ നാൽപ്പത് ശതമാനം വരുന്ന പ്രദേശമാണ് പശ്ചിമകൊച്ചിയെന്നു പറയുന്ന മട്ടാഞ്ചേരി ഫോർട്ട് കൊച്ചി. അവിടെ 20-22 ഹൈസ്കൂളുകൾ ഉള്ളതിൽ 4 എണ്ണത്തിൽ മാത്രമേ ഹയർസെക്കണ്ടറിയുള്ളൂ. എറണാകുളം ജില്ലതൊട്ട് വടക്കോട്ട് സ്കൂളുകൾവേണമെന്ന് പറയുമ്പോൾ നഗരത്തെ ഒഴിവാക്കുന്നത് ശരിയാണോ? പതിനായിരത്തോളം കുട്ടികൾക്ക് അവിടെ അഡ്മിഷൻ കിട്ടാതെയുണ്ട്. അതുകൊണ്ട് പഞ്ചായത്തുകളിൽ സ്കൂൾ അനുവദിക്കുമ്പോൾ

തന്നെ കൊച്ചിപോലുള്ള നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സൗകര്യമുണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. കഴിഞ്ഞ കൊച്ചി മുസരിസ് ബിനാലെ വൻവിജയമായിരുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ അതിനായി ഒൻപത് കോടി രൂപ അനുവദിച്ചു, ഇത്തവണ രണ്ട് കോടി രൂപ ബഡ്ജറ്റിൽ മാറ്റി വച്ചിട്ടുണ്ട്. എറണാകുളത്തിനും കൊച്ചിക്കുമുണ്ടായ സാമ്പത്തിക നേട്ടങ്ങൾ, കേരളത്തിന് പൊതുവേയുണ്ടായ സാംസ്കാരിക മുന്നേറ്റം എന്നിവ കണക്കിലെടുത്തു കൊണ്ട് കഴിഞ്ഞ വർഷം കൊടുത്തതിനേക്കാൾ കുറച്ചുകൂടി പണം കൊച്ചി മുസരിസ് ബിനാലെയ്ക്ക് കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പല രംഗങ്ങളിലും വളരെ മുന്നോട്ടുപോകാൻ കഴിഞ്ഞ ഗവൺമെന്റാണിത്.

ശ്രീ എ. കെ. ബാലൻ കുറച്ച് കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരിക്കലും അധികാരത്തിന്റെ പുറകെ പോകുന്ന പാർട്ടിയല്ല. ഞങ്ങൾ പരാജയപ്പെട്ടപ്പോഴും അന്തസ്സായി പ്രവർത്തിച്ച് തിരിച്ച് വന്നിട്ടുള്ള പാർട്ടിയാണ്. 1977-ൽ കോൺഗ്രസ് തകർന്നു എന്ന് എല്ലാവരും പറഞ്ഞതല്ലേ; അന്ന് ശ്രീ. ദിവാകരനും നമ്മളും എല്ലാം ഒന്നിച്ചായിരുന്നു. കേരളം കണ്ട ഏറ്റവും വലിയ വിജയമായിരുന്നു അന്നത്തെ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് മുന്നണി നേടിയത്, 117 സീറ്റിലാണ് വിജയിച്ചത്. അതുകൊണ്ട്, പരാജയപ്പെട്ടപ്പോഴും കോൺഗ്രസ് തിരിച്ചു വന്നിട്ടുണ്ട്. ഇനിയും അതിന് കഴിയും. ജനാധിപത്യമതേതര ശക്തികളുടെ പിന്തുണയോടെ കോൺഗ്രസ് ഇന്ത്യയിൽ തിരിച്ചുവരുമെന്നതിന് യാതൊരു സംശയവുമില്ല. മറ്റൊരുകാര്യം പറയാനുള്ളത്, നമ്മൾ വാക്കുകളുപയോഗിക്കുമ്പോൾ സൂക്ഷിക്കണം. ഒരു ഹിന്ദി പാട്ടുണ്ട്, ചോളി കെ പീഛെ ക്യാ ഹെ; ചെറുപ്പക്കാരൻ കാമുകിയോട് ചോദിക്കുന്നതാണ്. എന്നാൽ അതുമാത്രം പറഞ്ഞാൽ അപകടത്തിലാകും. തിരിച്ച് മേരെ ദിൽ ഹെ, ചോളി കെ പീഛെ എന്ന് കാമുകി പറയുമ്പോൾ അത് ഒരു കാവ്യമായി മാറുകയാണ്. വാക്കുകൾ ഉപയോഗിക്കുമ്പോൾ കൈവിട്ട കളി പാടില്ലെന്ന് സാന്ദർഭികമായി പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ച സപ്ലിമെന്ററി ഡിമാന്റിനെ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഒരു ജനാധിപത്യ സർക്കാരിന്റെ പരമപ്രധാനമായ ലക്ഷ്യം ആ നാട്ടിലെ ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുകയും ജനഹിതം മാനിച്ച് പ്രവർത്തിക്കുകയും ചെയ്യുകയെന്നതാണ്. യു.ഡി.എഫ്. സർക്കാർ തീർത്തും ഇത്തരം കാര്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് പ്രവർത്തിക്കുന്നുവെന്നതാണ് അതിന്റെ ഇതപര്യന്തമുള്ള ചരിത്രം. ആഗോളതലത്തിൽ

സാമ്പത്തികമാന്ദ്യമുണ്ട്, നാണയപ്പെരുപ്പം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുമുണ്ട്. എന്നാൽ ഈ കാലാവസ്ഥയിലും ഇച്ഛാശക്തിയോടുകൂടി പ്രവർത്തനം നടത്തി വലിയ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞുവെന്നത് കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്ന യാഥാർത്ഥ്യമാണ്. സർക്കാരിന് ഭൂരിപക്ഷം കുറവായിരുന്നുവെങ്കിലും പ്രതിസന്ധി ഘട്ടങ്ങളിൽ തളരാതെ അചഞ്ചലനായി നിലനിന്ന് നേതൃത്വം നൽകിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സഹമന്ത്രിമാരും കഠിനാദ്ധ്വാനം ചെയ്തുകൊണ്ടാണ് സംസ്ഥാനത്ത് മൂന്ന് വർഷക്കാലംകൊണ്ട് വലിയ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. വികസനം കൂടുതൽ നടക്കുന്നുവെന്ന് പറയുമ്പോൾ സാമ്പത്തികമായി ധാരാളം ബാധ്യതയുണ്ടാകുന്നുമുണ്ട്. അതുകൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ സഹായകരമായ നിലപാട് എല്ലാവരും സ്വീകരിക്കണ മെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. വിദ്യാഭ്യാസ കാര്യങ്ങൾക്ക് ഊന്നൽ നൽകിയാണ് കഴിഞ്ഞ ദിവസങ്ങളിൽ പലരും ഇവിടെ സംസാരിച്ചത്. ഹയർസെക്കണ്ടറി പഠനം ഇന്ന് ഒരു പ്രശ്നമായി മാറിയിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. 4.84 ലക്ഷം വിദ്യാർത്ഥികളാണ് അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നത്. അഡ്മിഷൻ കിട്ടാതെ പലരും നെട്ടോട്ടമോടിക്കൊണ്ടിരിക്കുകയാണ്. രൂക്ഷമായ പ്രശ്നം നിലനിൽക്കുന്നത് മലബാർ മേഖലയിലാണെന്ന് എല്ലാവരും ഇവിടെ സൂചിപ്പിച്ചു. കോഴിക്കോട് ജില്ലയിൽ 46,984 അപേക്ഷകർ ഇപ്രാവശ്യം ഹയർസെക്കണ്ടറിക്കുണ്ട്. ഇതുവരെ അഡ്മിഷൻ ലഭിച്ചിട്ടുള്ളത് 20,398 പേർക്കാണ്. മലപ്പുറം ജില്ലയിൽ 74,992 പേർ അപേക്ഷിച്ചപ്പോൾ അഡ്മിഷൻ കിട്ടിയത് 29,513 പേർക്കാണ്. മറ്റ് ജില്ലകളിലും സ്ഥിതി വ്യത്യസ്തമല്ല. ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചപ്പോൾ അൽപ്പം ആശ്വാസമുണ്ടായി. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ചേർന്ന കാബിനറ്റിൽ കൂടുതൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധമായി ചർച്ചകൾ നടന്നുവെന്ന് മനസ്സിലാക്കുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ അനുവദിക്കുകയും പുതിയ ബാച്ചുകൾ അനുവദിക്കുകയും ചെയ്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തരമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കൂടിക്കൂടി വരികയാണ്. പണ്ടൊക്കെ കുട്ടികളെ സർക്കാർ സ്കൂളിൽ ചേർക്കാൻ രക്ഷിതാക്കൾ തയ്യാറാകുമായിരുന്നില്ല. കാരണം അവിടെ ഭൗതിക സൗകര്യങ്ങളോ പഠനോപകരണങ്ങളോ ഉണ്ടായിരുന്നില്ല. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കാണ് എല്ലാവരും കുട്ടികളെ അയച്ചിരുന്നത്.

ടൈയും കോട്ടും ഷൂസും ധരിച്ച്, റ്റാറ്റാ പറഞ്ഞു പോകുന്നത് അഭിമാനമായി കരുതിയിരുന്ന കാലഘട്ടത്തിൽനിന്ന് മാറി രക്ഷിതാക്കൾ കുട്ടികളെ ഗവൺമെന്റ് സ്കൂളിലേക്ക് അയയ്ക്കാൻ തുടങ്ങി. അതുകൊണ്ടാണ് ഈ വർഷം ഒന്നാം ക്ലാസിൽ 3,747 കുട്ടികൾ അധികമായി ചേർന്നത്. ഇതൊരു യാഥാർത്ഥ്യമാണ്. കാരണം സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെട്ടുവരുന്നു, പഠനനിലവാരം ഉയർന്നു, റിസൽട്ടിൽ മെച്ചമുണ്ടാകുന്നു. സ്കൂൾ വിദ്യാഭ്യാസത്തിൽ ധാർമ്മിക വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകണമെന്ന് ഈ ചർച്ചയ്ക്കിടയിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. മൂല്യശോഷണം സംഭവിച്ച് അധാർമികതയിലേക്ക് നീങ്ങുന്ന ഭാവിയുടെ വാഗ്ദാനങ്ങളെ നേരായ വഴിയിലേക്ക് നയിക്കാൻ നമുക്ക് കഴിയണം. ഇത്തരം കാര്യങ്ങളൊക്കെ മനസ്സിലാക്കിക്കൊണ്ടായിരിക്കണം ഈ വർഷം 3, 5, 7, 11 ക്ലാസുകളിൽ ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടിയാണ് സർക്കാർ തയ്യാറെടുത്തിട്ടുള്ളത് എന്ന് ഞാൻ മനസ്സിലാക്കുകയാണ്. മതസൗഹാർദ്ദവും പരസ്പരസ്നേഹവും വിശ്വാസവുമൊക്കെ പൂത്തുലയേണ്ട ഒരു കാലഘട്ടത്തെ ഉദ്ബോധനം ചെയ്യാൻ കഴിയുന്നവിധം ഇത്തരത്തിലുള്ള ആളുകളുടെ ജീവിതരീതികൾ പഠിപ്പിക്കാനുള്ള സൗകര്യമുണ്ടാകുന്നത് നല്ലതാണെന്ന് എനിക്ക് തോന്നുകയാണ്. 1886-ൽ അരുവിപ്പുറത്ത് വച്ച് ശ്രീനാരായണ ഗുരു പറഞ്ഞു - ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്. സ്വാമി വിവേകാനന്ദൻ കേരളത്തെ ഒരു ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച കാലഘട്ടത്തിൽത്തന്നെയാണ് ശ്രീനാരായണ ഗുരുവിന്റെ ഈ സന്ദേശമുണ്ടായിട്ടുള്ളത് എന്ന് കാണാൻ കഴിയും. ഇന്നും പ്രസക്തമായി നിൽക്കുന്ന ഇത്തരം കാര്യങ്ങൾ പഠിപ്പിക്കുന്നത് കുട്ടികൾക്ക് ധാർമ്മിക ബോധമുണ്ടാകുന്നതിന് ഉപകരിക്കുമെന്ന് അഭിപ്രായപ്പെടുകയാണ്. വിദ്യാഭ്യാസ വകുപ്പിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എന്നൊരു പദ്ധതി നടപ്പിലാക്കിയിരിക്കുകയാണ്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കഴിയുമ്പോൾ കുട്ടികൾക്ക് അധികമായ ഒരു നൈപുണ്യം നേടുന്നതിനു വേണ്ടിയുള്ള സാഹചര്യം ഇന്ന് സംസ്ഥാനത്തുണ്ട്. കൂടുതൽ സാമ്പത്തികമായ ബാദ്ധ്യതകൾ ഇതിനൊക്കെ വേണ്ടിവരികയാണ്. പ്രവൃത്തിദിവസം അഞ്ചാക്കിയപ്പോൾ ചില വിമർശനങ്ങൾ ചിലയിടങ്ങളിൽ നിന്നുമുണ്ടായി. അത് വളരെ വർഷങ്ങളായി ഇവിടെ ആവശ്യ പ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. ഹൈസ്കൂളിനും ഡിഗ്രിക്കും പ്രവൃത്തിദിവസം അഞ്ചാണ്. അതിനിടയ്ക്ക് വരുന്ന ഘട്ടത്തിനും അഞ്ചുദിവസമാക്കി നിജപ്പെടുത്തിയതിൽ തെറ്റില്ല. പക്ഷെ അതിൽ വന്നിട്ടുള്ള ന്യൂനതകൾ പരിഹരിച്ചുകൊണ്ട്

മുന്നോട്ടുപോകാൻ സാധിക്കണം. എന്തിനും ഏതിനും വിമർശനമെന്നത് അവസാനിപ്പിക്കണം. രാജ്യത്തിന്റെ പുരോഗതിയിൽ ഒന്നിച്ചുനീങ്ങാൻ നമുക്ക് സാധിക്കണം. നിർഭാഗ്യവശാൽ പലർക്കും അതിന് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ചിലർ കണ്ടാലറിയും, ചിലർ കൊണ്ടാലറിയും. കണ്ടാലും കൊണ്ടാലുമറിയാത്ത ചിലയാളുകളാണ് ഈ വിമർശനത്തിന്റെ പിന്നിലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. RMSA സ്കീമിൽ ധാരാളം സ്കൂളുകൾ സംസ്ഥാനത്ത് അനുവദിക്കുകയുണ്ടായി. അവിടെ ഇംഗ്ലീഷ് ഉൾപ്പെടെ അറബിക്, സംസ്കൃതം, ഉറുദു ഭാഷകളൊന്നും പഠിക്കാനുള്ള സൗകര്യം കേന്ദ്ര ഗവൺമെന്റിന്റെ സംവിധാനം എന്നുള്ള നിലയിൽ ഇന്ന് നിലവിലില്ല. തീർച്ചയായും അത്തരം ഭാഷകൾകൂടി പഠിപ്പിക്കാനും ഈ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനുവേണ്ടിയുമൊക്കെയുള്ള ഒരു സംവിധാനം കൂടി ഇതിനോടനുബന്ധമായി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

മിഷൻ 676-ൽ കുടിവെള്ളത്തിനുവേണ്ടിയുള്ള 154 പദ്ധതികളുടെ പ്രൊപ്പോസലുകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു. ഈ പദ്ധതികൾ യാഥാർത്ഥ്യമാകുമ്പോൾ കോടിക്കണക്കിന് രൂപയുടെ അധികച്ചെലവ് വരികയാണ്. 60 ശതമാനം ജനങ്ങൾക്കും പൈപ്പിലൂടെ വെള്ളം ലഭിക്കുന്നതിനുവേണ്ടിയുള്ള സിസ്റ്റം സംസ്ഥാനത്തുണ്ടാക്കേണ്ടതായിട്ടുണ്ട്. കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷതയിൽ നിന്നും മോചനം നേടുന്നതിന് മഴവെള്ളം ഗാർഹിക ആവശ്യങ്ങൾക്കായി കിണറുകളിലേയ്ക്ക് റീചാർജ് ചെയ്യുന്ന ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പാക്കുന്ന പദ്ധതിയാണ് ഇതിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ഇത്തരം കാര്യങ്ങൾക്കായി കൂടുതൽ ഫണ്ട് നീക്കിവയ്ക്കേണ്ടതുണ്ട്.

ന്യൂനപക്ഷത്തിന് പ്രത്യേകമായി ഒരു വകുപ്പ് നമ്മുടെ സംസ്ഥാനത്തുണ്ട്. ന്യൂനപക്ഷ സമുദായങ്ങൾ ഉദ്യോഗരംഗത്തും വിദ്യാഭ്യാസരംഗത്തുമൊക്കെ ഏറെ പിന്നാക്കം നിന്നിട്ടുള്ള വിഭാഗമാണെന്ന് നമുക്കറിയാം. കുറെ വർഷങ്ങളായി നിരന്തരമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് അല്പമെങ്കിലും പുരോഗതി ഉണ്ടായിട്ടുള്ളത്. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്ന രജീന്ദ്ര സച്ചാർ കമ്മിറ്റി നൽകിയ റിപ്പോർട്ടിൽ ഇത് വ്യക്തമാണ്. ആ റിപ്പോർട്ടിനെ ബെയ്സ് ചെയ്തുകൊണ്ട് ധാരാളം ആനുകൂല്യങ്ങൾ പല സംസ്ഥാനങ്ങൾക്കും നൽകുകയുമുണ്ടായി. ഇങ്ങനെ കേരളത്തിന് ലഭിച്ച ഫണ്ടുപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിക്കുവേണ്ടി

ധാരാളം പ്രവർത്തനങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്. 14 ജില്ലകളിലായി 16 പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. 7 ശതമാനം മാത്രം ചെലവാക്കി ന്യൂനപക്ഷ ക്ഷേമ ഫണ്ടിന്റെ കാര്യത്തിൽ ഏറ്റവും പിറകിലായിരുന്ന സ്ഥാനത്തുനിന്നും ഇന്ന് എം.എസ്.ഡി.പി. ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ ഫണ്ട് വിനിയോഗം 99 ശതമാനത്തിലേക്ക് ഉയർത്താൻ കഴിഞ്ഞത് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രത്യേകമായ പ്രവർത്തനം കൊണ്ടു മാത്രമാണ്. സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പേരിലുള്ള സ്കോളർഷിപ്പ്, ബിരുദത്തിന് പഠിക്കുന്ന കുട്ടികൾക്ക് 4000 രൂപ, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന കുട്ടികൾക്ക് 5000 രൂപ, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന കുട്ടികൾക്ക് 6000 രൂപ, ഹോസ്റ്റൽ സ്റ്റൈപെന്റ് 12000 രൂപ എന്ന നിരക്കിൽ പ്രതിവർഷം കേരളത്തിൽ നൽകിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾക്ക് കൂടുതൽ ഫണ്ട് കണ്ടെത്താൻ വേണ്ടിയുള്ള ധനാഭ്യർത്ഥനകൾ നടത്തുമ്പോൾ അതിനെ സ്വാഗതം ചെയ്യുകയാണ് വേണ്ടത് എന്ന അഭിപ്രായം രേഖപ്പെടുത്തുകയാണ്. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ മാതൃകയിൽ കേരളത്തിലും ഒരു ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് കൂടുതൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു.

സാമൂഹ്യനീതി വകുപ്പും ധാരാളം കാര്യങ്ങൾ നടത്തിയിട്ടുണ്ട്. ഇനിയും പിന്നോക്കം നിൽക്കുന്നവർക്കും വികലാംഗർക്കും സാമൂഹികമായ നീതി ലഭിക്കുന്നതിന് അർഹതപ്പെട്ട ആളുകൾക്കും ധാരാളം കാര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഇവിടെ ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകണമെന്നുള്ള ആവശ്യം എത്രയോ കാലമായി ഇവിടെ ഉയർന്നുവന്നിട്ടുള്ളതാണ്. അവർക്ക് തിരിച്ചറിയൽ കാർഡ് നൽകാനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽപ്പെടുത്താനുമൊക്കെ ഈ സർക്കാർ തീരുമാനിക്കുകയുണ്ടായി. മിനിമം 1000 രൂപയെങ്കിലും എക്സ്-മെമ്പർമാർക്ക് പെൻഷൻ നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് അംഗീകാരം നൽകുന്നതിനും അതിനാവശ്യമായ തുക ഈ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. കഴിഞ്ഞ ദിവസം ശ്രീ. സി. മോയിൻകുട്ടിയുടെ സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയും ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്.

വളരെ ശ്രദ്ധേയമായ ഒരു ഭവനനിർമ്മാണ പദ്ധതി ഉണ്ടാകേണ്ടതുണ്ട്. പാവപ്പെട്ട അർഹരായ ആളുകൾക്ക് വീട് ലഭിക്കുന്നതിനുവേണ്ടി കഴിഞ്ഞ വർഷം ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഇ.എം.എസ്. ഭവനനിർമ്മാണ

പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തുകളിൽ നിരവധിയാളുകൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ നിഷേധിക്കുന്നില്ല. അതിന് സദൃശമായ ഒരു പദ്ധതി കൊണ്ടുവന്ന് അർഹതപ്പെട്ടയാളുകൾക്ക് വീടുകൾ ലഭിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കണം. ആശുപത്രികളിൽ പ്രത്യേകിച്ചും താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി.-കളിലും ആവശ്യമായ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുകളുമുണ്ടാവണം. അതിനാവശ്യമായ ഫണ്ട് ഈ ഉപധനാഭ്യർത്ഥനകളിലൂടെ കണ്ടെത്താൻ നമുക്ക് സാധിക്കണം. ഇവിടെ ധാരാളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇന്ന് പല മേഖലയിലും കുട്ടികൾ പഠിച്ച് മുന്നേറിക്കൊണ്ടിരിക്കുമ്പോൾ ഐ.ടി.ഐ. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് 1 കോടി രൂപ മാറ്റിവച്ചിട്ടുണ്ട് എന്ന് നമുക്കറിയാം. എന്റെ നിയോജക മണ്ഡലത്തിൽ ഒരു ഐ.ടി.ഐ. അനുവദിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ആവശ്യമായ ക്രമീകരണങ്ങൾ നടത്തുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കൂടുതൽ മേഖലകളിൽ ഐ.ടി.ഐ. അനുവദിച്ചുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസം ആർജ്ജിക്കുന്നതിനുവേണ്ടി സംവിധാനമുണ്ടാക്കുന്നതിന് ആവശ്യമായ സാമ്പത്തിക ഭദ്രത സംസ്ഥാനത്തുണ്ടാകുന്നതിനുകൂടി വേണ്ടി ഈ ധനാഭ്യർത്ഥന പാസ്സാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽ കൂടി ഇതിനെ സഹർഷം അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഡ്ജറ്റ് പരിശോധിക്കുമ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗിക്കുന്നതിലും ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത തുക അനുവദിക്കുന്നതിലും സർക്കാർ പൂർണ്ണ പരാജയമാണ്. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സ്റ്റൈപെന്റ്, ലംപ്സം ഗ്രാന്റ് ഇനങ്ങളിൽ 23 കോടി രൂപയുടെ കുടിശ്ശികയുണ്ട്. 2014-15-ലെ 6 കോടി രൂപ കൂടി ചേർത്ത് ആകെ 29 കോടി രൂപ വേണം. ഇവിടെ അതിനുവേണ്ടി നീക്കിവച്ചിരിക്കുന്നത് 15 കോടി രൂപ മാത്രമാണ്. അപ്പോൾ വീണ്ടും കുടിശ്ശിക വരികയാണ്. ഡെബിറ്റ് റിലീഫിന് 25 കോടി രൂപയാണ് ആവശ്യപ്പെട്ടത്. യഥാർത്ഥത്തിൽ ആ തുക മതിയാകില്ലെന്ന് ഇവിടെ നടന്ന ചർച്ചകളിൽ ചൂണ്ടിക്കാണിച്ചിരുന്നതാണ്. ഏറ്റവും ചുരുങ്ങിയത് 150 കോടി രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ ഫിഷറീസ് വകുപ്പിന് കടാശ്വാസ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഐ.എ.വൈ. സ്കീമിൽ കേന്ദ്രവിഹിതം ഇംപ്ലിമെന്റ് ചെയ്യുന്നത് ഏജൻസികൾ വഴിയാണ്.

എന്നാൽ ഇവിടെ സംസ്ഥാന ബഡ്ജറ്റിൽപ്പെടുത്തിയാണ് അത് ചെയ്യാൻ ആലോചിക്കുന്നത്. ഐ.എ.വൈ. പദ്ധതിയുടെ 60 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ് നൽകുന്നത്. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതിയിലെ ധനസഹായം 2 ലക്ഷത്തിൽ നിന്നും 3 ലക്ഷമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഐ.എ.വൈ. സ്കീം പ്രകാരമുള്ള ഭവനങ്ങൾക്കും ഈ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. പദ്ധതിക്കായി എസ്.സി.പി. ഫണ്ടിൽ തുക അനുവദിച്ച് ബ്ലോക്കുകൾവഴി നടപ്പാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് 1.55 ലക്ഷം രൂപയാണ് ഇതിനുവേണ്ടി ചെലവഴിക്കുന്നത്. ഇതിനായി ലഭിക്കുന്ന കേന്ദ്ര ഫണ്ട് 45000 രൂപയാണ്. 1000 വീടുകൾ നിർമ്മിക്കാൻ 20 കോടി രൂപ ഈയിനത്തിൽ വേണ്ടി വരും. 4.5 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. യഥാർത്ഥത്തിൽ ബ്ലോക്ക് പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് എസ്.സി.പി. ഫണ്ട് നീക്കിവയ്ക്കുമ്പോൾ ഈ രംഗത്ത് അപേക്ഷകർ കുറയും. 2 ലക്ഷം രൂപയാണുള്ളത്. അത് മാറ്റണമെങ്കിൽ ഇതിനെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതി കൊണ്ടുവരാനുള്ള പരിശ്രമം അനിവാര്യമാണ് എന്നാണ് സൂചിപ്പിക്കുവാനുള്ളത്. അല്ലാതെ വന്നാൽ എസ്.സി.പി. ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തു കൾക്കും ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം വരും. മാത്രമല്ല ഈയിനത്തിൽ കേന്ദ്ര വിഹിതം വാങ്ങാൻ കഴിയാത്ത സാഹചര്യവും വരും. അതിൽ ഒരു മാറ്റം വരുത്താൻ ഗവൺമെന്റ് ശ്രമിക്കേണ്ടതുണ്ട്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരത്തെ സൂചിപ്പിച്ചു. കാലവർഷവുമായി ബന്ധപ്പെട്ട് അതീവ ഗുരുതരമായ നഷ്ടങ്ങളാണ് വിവിധ മേഖലകളിൽ സംഭവിച്ചിട്ടുള്ളത്. കൃഷിക്കാർക്കും വീട് നഷ്ടപ്പെട്ടവർക്കും ലഭിക്കുന്നത് വളരെ തുച്ഛമായ സംഖ്യയാണ്. മൂന്ന് വർഷം മുമ്പുള്ള പണമാണ് ഇപ്പോൾ കൊടുക്കുന്നത്. അതിൽ തെങ്ങ്, കമുക്, മറ്റ് കാർഷിക വിളകൾ, വീട് തുടങ്ങിയവ നഷ്ടപ്പെട്ടവരുണ്ട്. അവരുടെ ജീവിതമാണത്. അതിന് നഷ്ടപരിഹാരം നൽകാനുള്ള പദ്ധതിയൊന്നുമില്ല. കേരളത്തിൽ ഇടിമിന്നൽമൂലം വലിയ തോതിലുള്ള അപകടങ്ങളാണ് സംഭവിക്കുന്നത്. വീടുകളെല്ലാം പൂർണ്ണമായി തകരുമ്പോൾ അതിന് യാതൊരു നഷ്ടപരിഹാരവും ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് നമുക്ക് ലഭിക്കുന്നില്ല. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരു പദ്ധതി ആവിഷ്കരിച്ച് അതിനൊരു പരിഹാരം കാണേണ്ടതുണ്ട്. ഇവിടെ എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. കെ. എൻ. എ. ഖാദർ തിരു-കൊച്ചി ഭരണവുമായി ബന്ധപ്പെട്ട്,

രാജവാഴ്ച ഭരണം നിലനിന്നതുകൊണ്ടാണ് സ്വർണ്ണം സംരക്ഷിക്കാൻ കഴിഞ്ഞതെന്നും ജനാധിപത്യ സംവിധാനത്തിൽ ആയിരുന്നുവെങ്കിൽ അത് കൊള്ളയടിക്കപ്പെട്ട് പോകുമായിരുന്നുവെന്ന രീതിയിലുള്ള പ്രസംഗം നടത്തി. തീർച്ചയായും ശ്രീ. കെ. എൻ. എ. ഖാദറിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം അദ്ദേഹം അത്തരമൊരു പ്രശ്നം ഉന്നയിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ ഭരണകാലത്ത് കോടാനുകോടി രൂപയുടെ അഴിമതി നടത്തിയ കഥകളുമായി ബന്ധപ്പെട്ടുകൊണ്ടാകാം ആത്മവിമർശനമെന്ന നിലയ്ക്ക് ബഹുമാന്യനായ സുഹൃത്ത് ശ്രീ. കെ. എൻ. എ. ഖാദർ അത്തരമൊരു വിഷയം ഈ സഭയിൽ ഉന്നയിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. മാത്രവുമല്ല, തെരഞ്ഞെടുപ്പിനെ തുടർന്ന് അന്നത്തെ കോൺഗ്രസ്-യു.പി.എ. ഗവൺമെന്റിനുണ്ടായ തിരിച്ചടി മൂലമായിരിക്കാം ഇത്തരമൊരു തിരിച്ചറിവിലേക്ക് ശ്രീ. കെ. എൻ. എ. ഖാദറിനെ ചിന്തിപ്പിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. തീർച്ചയായും അത്തരമൊരു സമീപനത്തോട് നമുക്ക് യോജിക്കാൻ കഴിയില്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അതിനെതിരെ പോരാടുന്നവരാണ്. ഇന്ത്യയിലെ ജനങ്ങൾ അതിനെതിരെ പ്രതികരിച്ചു. അത് മുതലാക്കാൻ ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽപ്പോലും കോൺഗ്രസ് ഗവൺമെന്റ് മാറി. ഒരുപക്ഷേ, വരാൻ പോകുന്ന പരീക്ഷകളിലെ ഒരു ചോദ്യമായിരിക്കാം കോൺഗ്രസ്സിൻെറ അവസാനത്തെ പ്രധാനമന്ത്രി ആരാണെന്ന്? ആ നിലയിലേക്ക് മാറിയത് അതിരൂക്ഷമായ അഴിമതിയുടെയും വിലക്കയറ്റത്തിന്റെയും കെടുതിയിൽപ്പെട്ടപ്പോൾ ഇന്ത്യൻ ജനത മാറി ചിന്തിച്ചതുകൊണ്ടാണ്. ആ നിലയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാനുള്ള പരിശ്രമങ്ങൾ നടക്കുന്നതിന്റെ ഭാഗമായാണ് വലിയ തോതിലുള്ള സമരങ്ങൾ ഇവിടെ ഉയർന്നുവരുന്നതെന്ന കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. സാമ്പത്തികരംഗവുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടാണ് ഞാൻ ആ വിഷയം ഇവിടെ സൂചിപ്പിച്ചത്.

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതികളൊന്നും ഉപധനാഭ്യർത്ഥനയിലും ബഡ്ജറ്റിലും കാണുന്നില്ല. ഗ്രാമവും നഗരവുമില്ലാത്ത സാഹചര്യത്തിലേക്ക് പോകുമ്പോൾ കേരളം പോലുള്ള സംസ്ഥാനത്ത് ഗ്രാമീണ മേഖലയെ സംരക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം. നമ്മുടെ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ കൊണ്ടോ, ഗ്രാമപഞ്ചായത്തുകളെകൊണ്ടോ ഇത് നിർവ്വഹിക്കാൻ കഴിയില്ല. അതിനാൽ അത്തരമൊരു പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 3,500 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രാദേശിക റോഡുകൾക്ക്

വേണ്ടി നീക്കിവച്ചിരുന്നു. ഇന്ന് അത്തരം സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്നില്ല. കേരളംപോലുള്ള സംസ്ഥാനത്ത് ഏറെക്കാലം മഴ പെയ്യുന്ന സാഹചര്യമുള്ളതുകൊണ്ടും ഉറവകൊണ്ടും റോഡുകളെല്ലാം തകരുകയാണ്. അതുകൊണ്ട് ഇതിനെ സംരക്ഷിക്കാനുള്ള പദ്ധതി നമുക്ക് ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. അതോടൊപ്പം നഗരസംസ്കാരം വളർത്തിക്കൊണ്ടുവരണമെന്ന് ബി.ജെ.പി.-യുടെ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. നൂറ് നഗരങ്ങൾ ഇന്ത്യാ രാജ്യത്ത് പട്ടുത്തുയർത്തുന്നുണ്ട്. കേരളത്തിലെ ബഡ്ജറ്റ് എടുത്ത് പരിശോധിച്ചാലും നഗരത്തിലെ റോഡുകളുടെ സംരക്ഷണത്തിനു വേണ്ടിയാണ് കൂടുതൽ തുകയും മാറ്റിവയ്ക്കുന്നത്. അത് മതിയോ? ഗ്രാമീണ മേഖലകളിൽ ജീവിക്കുന്നവരാണ് ഈ രാജ്യത്തിലെ സാധാരണക്കാരായ പാവപ്പെട്ട മനുഷ്യർ. ഗാന്ധിജി സ്വപ്നം കണ്ടത് ഗ്രാമങ്ങളെയാണ്. അതിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കാനും അതിനാവശ്യമായ തുക മാറ്റിവയ്ക്കുവാനും എന്തുകൊണ്ട് കഴിയുന്നില്ല? ബി.ജെ.പി. ഗവൺമെന്റിന് അങ്ങനെ ആലോചിക്കാം. പക്ഷേ, കോൺഗ്രസ് ഗവൺമെന്റ് കഴിഞ്ഞ കാലങ്ങളിൽ ചെയ്തില്ല. ഈ സംസ്ഥാനത്ത് തീർച്ചയായും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള ഒരു പദ്ധതിയും ആലോചിക്കുന്നില്ലായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ പത്ര പ്രവർത്തകരും എം.എൽ.എ.മാരും ചേർന്ന് ഒരു ഫ്രണ്ട്‌ലി ഫുട്ബോൾ മാച്ച് നടത്തിയിരുന്നു. അതുകാണാൻ ഞാൻ അവിടെ പോയിരുന്നു. ആ സമയത്ത് ഇന്ത്യക്കുവേണ്ടി ചിന്തിക്കാൻ ആരുണ്ടെന്ന് ഞാൻ ആലോചിച്ചു? ബ്രസീലിന്റെയും അർജന്റീനയുടെയും ജഴ്സി അണിയുവാൻ നമ്മുടെ പത്രപ്രവർത്തകരും എം.എൽ.എ.മാരും തയ്യാറായി. ഇന്ത്യൻ സപോർട്സിനെക്കുറിച്ച് ചർച്ച ചെയ്യാൻ അതിനുവേണ്ടി ഐക്യദാർഢ്യം പ്രഖ്യാപിക്കുമ്പോൾ ഇന്ത്യാക്കാരെന്ന അഭിമാനത്തോടെ നിൽക്കാൻ കഴിയുന്നില്ല. അതിനെ പരിപോഷിപ്പിക്കാനുള്ള പദ്ധതി ഇപ്പോഴേ ആരംഭിച്ചില്ലെങ്കിൽ ഇനിയും ഇത്തരം ജഴ്സികൾ അണിയുന്നതിനപ്പുറത്തേക്ക് നമുക്ക് ഒരിഞ്ച് മുന്നോട്ട് പോകാൻ കഴിയില്ല. അതിനുവേണ്ടി മതിയായ ഫണ്ട് വച്ചുകൊണ്ട് ചെറുപ്പത്തിലെ നമ്മുടെ കുട്ടികളിൽ ഒളിമ്പിക്സ് ലക്ഷ്യം വച്ചുകൊണ്ട് നീങ്ങുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ കഴിയണം. എങ്കിൽ മാത്രമേ ഈ രംഗത്ത് നമുക്ക് മുന്നോട്ട് പോകാൻ കഴിയുകയുള്ളൂവെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പാലോട് രവി : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഉപധനാഭ്യർത്ഥനകളുടെ പട്ടിക പ്രതിപക്ഷത്തിരിക്കുന്നവർ വായിച്ചിട്ടുണ്ടോയെന്നുള്ളത് സംശയമാണ്. ഇതിനകത്ത് സഹകരണ സംഘങ്ങൾ വഴി വായ്പയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളാൻ 25 കോടി

രൂപയും ആർ.സി.സി.-ക്ക് 11 കോടി രൂപയും ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന് 8 കോടി രൂപയും ഏറ്റവും താഴെ തലത്തിലുള്ള ഇലക്ട്രിസിറ്റി ഉപഭോക്താക്കൾക്ക് അധിക വൈദ്യുതി ഉപയോഗിച്ചതിന് അമ്പത് കോടി രൂപയും തുടങ്ങി ഈ രാജ്യത്തിലെ ഏറ്റവും നിരാലംബരായ ആളുകളെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു ഉപധനാഭ്യർത്ഥനയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് കാണിക്കുന്ന ഉപധനാഭ്യർത്ഥനയാണ് സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ചർച്ചയ്ക്കായി നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ വികസന പ്രശ്നങ്ങളോട് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം സ്വീകരിച്ചുകൊണ്ടും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടും കേന്ദ്ര സർക്കാരിൽനിന്ന് കഴിഞ്ഞ കാലഘട്ടങ്ങളിൽ ലഭിക്കേണ്ടിയിരുന്ന പരമാവധി സഹായം ഉറപ്പാക്കിക്കൊണ്ടുമുള്ള ധനകാര്യ മാനേജ്മെന്റായിരുന്നു ധനകാര്യ വകുപ്പുമന്ത്രിയും നമ്മുടെ മുഖ്യമന്ത്രിയും ഈ സംസ്ഥാനത്ത് കാഴ്ചവച്ചത്. ഓരോ വർഷം കഴിയുന്തോറും ഗവൺമെന്റിന്റെ ഇംഗിതം നയപരിപാടിയായി അവതരിപ്പിച്ചുകൊണ്ട് അതിന്റെ യഥാർത്ഥ ചിത്രം നന്നായി വരച്ചുകാണിച്ചു കൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രിമാർ ബഡ്ജറ്റ് പ്രസംഗം നടത്തിവരുന്നത്. ബഡ്ജറ്റ് പ്രസംഗങ്ങളുടെ ലക്ഷ്യം നമുക്കിവിടെ നേടിയെടുക്കാൻ കഴിയുന്നുണ്ടോ എന്നുള്ള കാര്യം വളരെ ഗൗരവത്തോടെ ഈ സഭ ചർച്ച ചെയ്യേണ്ടതാണ്. പദ്ധതികളും വികസനവും ജനങ്ങളിൽ നിന്ന് അകലുന്നുണ്ടോ; അത് പറയുമ്പോൾ വളരെ സന്തോഷത്തോടെ അഭിമാനത്തോടെ ഈ സഭയിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, വികസനത്തിന്റെ ഭാഗമായി ഒരു റിസൽറ്റ് ഓറിയന്റഡ് ഭരണമാണ് ശ്രീ. ഉമ്മൻ ചാണ്ടി ഈ സംസ്ഥാനത്ത് മൂന്ന് വർഷം നടത്തിയതെന്ന് ജനങ്ങൾ അംഗീകരിക്കുന്നതിന്റെ തെളിവായിരുന്നു കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ്. മുഖ്യമന്ത്രി രാജ്യത്ത് നടപ്പിലാക്കിയ ജനഹിത പദ്ധതികൾക്കുള്ള അംഗീകാരമായി ഈ തെരഞ്ഞെടുപ്പിനെ കാണണമെന്ന് സംസ്ഥാനത്തെ ജനങ്ങളോട് പരസ്യമായി പ്രഖ്യാപിക്കുകയും, അതിന് ജനങ്ങൾ അംഗീകാരം നൽകുകയും ചെയ്ത തെരഞ്ഞെടുപ്പായിരുന്നു ഏതാനും മാസങ്ങൾക്ക് മുമ്പ് നമ്മുടെ സംസ്ഥാനത്ത് നടന്നത്. ജനങ്ങളുടെ ആവശ്യത്തോട് പ്രതികരിക്കാൻ കഴിഞ്ഞ ഗവൺമെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റെന്ന് ജനങ്ങൾ അംഗീകരിച്ചിരിക്കുന്ന സാഹചര്യമാണ് ഈ സംസ്ഥാനത്തുള്ളത്. എൽ.ഡി.എഫ്. ഭരണകാലത്ത് ജനങ്ങളുമായി ബന്ധമില്ലാത്ത നിരവധി പദ്ധതികളായിരുന്നു കൊണ്ടുവന്നത്. ആറന്മുള വിമാനത്താവളം തുടങ്ങിയത് ഞങ്ങളുടെ ഭരണകാലത്തൊന്നുമല്ല. ഈ സംസ്ഥാനത്ത് ജനഹിതമല്ലാത്ത നിരവധി പദ്ധതികൾക്ക് തുടക്കം

കുറിക്കുന്നതിനുവേണ്ടി നിങ്ങൾ നേതൃത്വം നൽകി. ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. എ. കെ. ബാലനും തുക ലാപ്സാക്കിയതിനെക്കുറിച്ചും എക്സ്പെൻഡിച്ചർ വിഹിതം കുറഞ്ഞതിനെക്കുറിച്ചുമെല്ലാം ചൂണ്ടിക്കാണി ക്കുകയുണ്ടായി. ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നതിനുമുമ്പ് കഴിഞ്ഞ അഞ്ച് വർഷക്കാലം ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് മുഴുവൻ ഓടിച്ചുവായിക്കുകയുണ്ടായി. ഒരുകാര്യം പറയാതെ കടന്നുപോകുന്നത് ശരിയല്ല. 2006 ജൂൺ മാസം 23-ാം തീയതി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിന്റെ പേജ് നമ്പർ 14-ൽ പറയുന്നത്, കഴിഞ്ഞ അഞ്ച് വർഷവും നിയമസഭ പാസ്സാക്കിയ ബഡ്ജറ്റിൽ നിർമ്മാണ പ്രവൃത്തികൾക്ക് വകയിരുത്തിയിരുന്ന പണം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും ഏതാണ്ടിത്രയുംതന്നെ വരുന്ന തുക ഉപധനാഭ്യർത്ഥനവഴിയും നൽകിയിട്ടുണ്ട്. എന്നിട്ടും ബഡ്ജറ്റിൽ വകയിരുത്തിയതിന്റെ ഏതാണ്ട് അത്രയുംതന്നെ തുക എങ്ങനെ കുടിശ്ശികയായി വരുന്നു? നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ചോദിക്കുന്നതാണ്. അനിവാര്യമാകുന്ന ഒട്ടേറെ കീഴ്വഴക്കങ്ങൾ ഇന്ന് നിലവിലുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയതിന്റെ 150 ശതമാനത്തിന് ഓരോ വർഷവും ഭരണാനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെന്റുകൾ തന്നെ പുതിയ പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും ചെയ്യുതുകൊണ്ടാണ് ഇത്രയും കുടിശ്ശികയുണ്ടായിട്ടുള്ളതെന്ന് ആദ്യത്തെ പ്രസംഗത്തിൽ പറഞ്ഞിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന് നൽകിയിരിക്കുന്ന ഏറ്റവും വലിയൊരു മംഗള പത്രമാണ് 2006 ജൂൺ മാസം 23-ാം തീയതി ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ ചെയ്ത പ്രസംഗം. ഞാനിത് പറയാൻ കാരണം, ഓരോ വകുപ്പിനും നൽകുന്ന തുകകൾ ഏതെങ്കിലും സംവിധാനത്തിൽ അത് ലക്ഷ്യം നേടിയിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള സൗകര്യം നമ്മുടെ സംസ്ഥാനത്തുണ്ടോ? ഒരുദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. തമ്പാനൂർ വെള്ളപ്പൊക്കത്തിന് എല്ലാ ബഡ്ജറ്റിലും തുക വകയിരുത്തുകയാണ്. ഡോ. ടി.എം. തോമസ് ഐസക്കിന്റെ കാലം മുതൽ ഒരു ബഡ്ജറ്റിലും തമ്പാനൂർ വെള്ളപ്പൊക്കം പറയാതെ കടന്നുപോയിട്ടില്ല. തമ്പാനൂർ പ്രദേശം മുഴുവനും വിലയ്ക്കുവാങ്ങാനുള്ള പണം, തമ്പാനൂർ വെള്ളപ്പൊക്കം നിയന്ത്രിക്കാൻവേണ്ടി ഇക്കാലമത്രയും ചെലവഴിച്ചു. എന്നിട്ട് എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടോ? എവിടെയെങ്കിലും അക്കൗണ്ടബിലിറ്റിയുണ്ടോ? ആരെങ്കിലുമിത് ആഡിറ്റ് ചെയ്യുന്നുണ്ടോ? ഈ നിയമസഭയിൽ ജനഹിതം അനുസരിച്ച് പ്രഖ്യാപിക്കുന്ന പദ്ധതികൾ എത്ര വർഷം നീണ്ടുപോയാലും അവ പരിശോധിക്കുന്നതിനും ആഡിറ്റ് ചെയ്യുന്നതിനും എന്താണ് തകരാറെന്ന് കണ്ടുപിടിക്കുന്നതിനും അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർക്ക് കഴിയുന്നി ല്ലെന്നുള്ളതാണ് വളരെ പ്രാധാന്യത്തോടെ നാം കാണേണ്ടത്. കുടിവെള്ള പദ്ധതി

സംബന്ധിച്ച് റിവ്യൂ ചെയ്യുമ്പോൾ നൂറ് കോടിയോളം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുകയാണ്. അവസാനം പറയുമ്പോൾ 90 ശതമാനം പദ്ധതി പൂർത്തിയായി. എന്താണ് 10 ശതമാനം ബാക്കി? വെള്ളമില്ല; സ്രോതസ്സില്ല. പൈപ്പുകളിട്ടു, ബാക്കി എല്ലാ പണികളും പൂർത്തിയാക്കി. പക്ഷേ കുടിക്കാനുള്ള വെള്ളം നോക്കുമ്പോൾ ജലസ്രോതസ്സിൽ വെള്ളമില്ല. ആകാശത്ത് നന്നായി സൂര്യനുദിച്ചാൽ വെള്ളം വറ്റിപ്പോകുന്നതാണ് ജലസ്രോതസ്സ്. അങ്ങനെ എത്രയെത്ര പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് കാണാം. ഇത് എങ്ങനെ നടത്തിക്കൊണ്ടു പോകുന്നുവെന്ന് ഓരോ സ്ഥാപനങ്ങളും അന്വേഷിക്കണ്ടേ? അതുപോലെ ബഡ്ജറ്റിൽ പുതിയ പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ പണി പൂർത്തിയാകാത്ത ആശുപത്രി മന്ദിരങ്ങൾ, മെയിന്റനൻസില്ലാത്ത ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ, റസ്റ്റ് ഹൗസുകൾ, ടൂറിസം സെന്ററുകൾ, എത്രയോ ആഫീസുകൾ. നമ്മുടെ സംസ്ഥാനത്ത് വലിയ മൂലധന നിക്ഷേപമുള്ള എത്രയോ സ്ഥാപനങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ട് നശിക്കുന്നു. ഓരോ പദ്ധതിയും വിജയത്തിലെത്തിക്കാനും നിലനിർത്താനും കഴിയുന്നതരത്തിൽ ആഡിറ്റും അക്കൗണ്ടബിലിറ്റിയും ഉണ്ടായാലേ മതിയാകുകയുള്ളൂ. കള്ളപ്പണവും ആഡംബരവും പൊങ്ങച്ചവും ബ്ലേഡ് മാഫിയകളുടെ കൈകളിലേക്ക് മലയാളികളെ വലിച്ചെറിയുന്ന, ആത്മഹത്യയിൽ കൊണ്ടെത്തിക്കുന്ന, ഏറ്റവും വലിയ ദുരന്തമാണ് നമ്മുടെ സംസ്ഥാനത്ത് കാണുന്നത്. പ്രൊഡക്ഷൻ മേഖലയിലും, കാർഷിക മേഖലയിലും, ക്ഷീരവികസന മേഖലകളിലും ആവശ്യമായ ഫണ്ട് ചെലവഴിച്ചേ മതിയാകൂ. അതിനാവശ്യമായ ആഡിറ്റും മേൽനോട്ടവുമുണ്ടാകണം. നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലും അധികാര വികേന്ദ്രീകരണത്തിലും സാക്ഷരതയിലും ഗ്രന്ഥശാലാ സാംസ്കാരിക പ്രവർത്തനങ്ങളിലും കേരള മോഡൽ തന്നെയായിരുന്നു. അച്ചുതമേനോന്റെ കാലംമുതൽ നമ്മുടെ ബ്യൂറോക്രസി പല മേഖലകളിലും മാതൃകാപരമായ പിന്തുണ നൽകിയിരുന്നു. ഭരണത്തിന്റെ തേര് വലിക്കുന്നത് ആരാണ്? സാധാരണ തേര് വലിക്കുന്നത് കുതിരകളാണ്. ഭരണത്തിന്റെ തേര് വലിക്കുന്നത് ഐ.എ.എസ്സുകാരാണ്. അവർ പല വഴിക്കുപോയാൽ ആ തേര് മുന്നോട്ടുപോകുകയില്ലെന്നുള്ളതിന് യാതൊരു സംശയവും വേണ്ട. ബ്യൂറോക്രസി ഒരിക്കലും ചേരിതിരിയാൻ പാടില്ല. അഞ്ചുപേർ വന്ന് ഭരണപക്ഷത്തെ സപ്പോർട്ട് ചെയ്യുകയും നാലുപേർ ചെന്ന് പ്രതിപക്ഷ നേതാവിനെ സപ്പോർട്ട് ചെയ്യുകയും ചെയ്താൽ ഇതിന്റെ പുറകെ പോകാൻ നമുക്ക് കഴിയുമോ? ഇത് ഈ സംസ്ഥാനത്തെയും നാടിനെയുമാണ് ബാധിക്കുന്നത്. ഈ രാജ്യത്തിന്റെ ഏറ്റവും വലിയ ഭരണനിർവ്വഹണ ഉദ്യോഗസ്ഥൻമാരെന്ന നിലയ്ക്ക് ഇവരെ നിയന്ത്രിക്കാൻ നമുക്ക് കഴിയണം. നടപടിയെടുക്കേണ്ടവരുടെ പേരിൽ ശക്തമായ നടപടിയെടുക്കുന്നതിന് ആർജ്ജവം കാണിക്കണമെന്ന് ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്.

പോലീസ് സേനയുടെ ആധുനിക വൽക്കരണത്തിനുവേണ്ടി ഒരു ചെറിയ തുക (29 കോടി രൂപ) ഉൾകൊള്ളിച്ചിട്ടുണ്ട്. നമ്മുടെ പോലീസ് വകുപ്പിൽ മൂന്ന് ശതമാനം മാത്രമാണ് വനിതാ പോലീസുള്ളത്; അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ 25 ശതമാനത്തിനുമേൽ വനിതാ പോലീസാണ്. സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് വളരെയേറെ അഭിമാനം കൊള്ളുന്ന കേരളത്തിൽ വനിതാ പോലീസിന്റെ എണ്ണം 25 ശതമാനത്തിനും മുകളിലേക്ക് കൊണ്ടുവരണം. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതിക്കുവേണ്ടിയാണ് 50 കോടി രൂപ മാറ്റിവച്ചിരിക്കുന്നത്. എങ്ങനെയാണ് വർദ്ധനവുണ്ടാകുന്നത്. ബോർഡിനെ സംബന്ധിച്ചിടത്തോളം 2900 കോടി രൂപ റവന്യൂ ഗ്യാപിലാണ്. ഈ 2900 കോടി രൂപയുടെ റവന്യൂ ഗ്യാപ് വരാൻ കാരണം 1000 കോടി രൂപ ഇവിടെത്തെ പൊതുമേഖലാ സ്ഥാപനങ്ങളും ഗവൺമെന്റും റവന്യൂ ബോർഡിന് കൊടുക്കാനുണ്ട്. ഇത് കൊടുക്കുന്നതിനുവേണ്ടി സമയബന്ധിതമായ പദ്ധതിയുണ്ടായില്ലെങ്കിൽ ഈ നാട്ടിലുള്ള പാവപ്പെട്ട കൺസ്യൂമേഴ്സിനെ അത് ബാധിക്കും. ശ്രീ. എ. കെ. ബാലൻ ഇവിടെ സംസാരിച്ചതുകൊണ്ട് ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വളരെ അഭിമാനത്തോടെ പറയട്ടെ, ഇന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെയൊരു റിപ്പോർട്ട് വച്ചു. ഈ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പൊതുവികാരമായിരുന്നു. ഞങ്ങളെല്ലാവരും ഈ സഭയിൽ ആവശ്യപ്പെട്ട ഒരു കാര്യമാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗത്തെക്കുറിച്ച് ഞാനിവിടെ ചൂണ്ടിക്കാണിച്ചതുപോലെ, 16-10-1990-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രഖ്യാപിച്ച വിധിന്യായപ്രകാരം 86.46 ഏക്കർ മാത്രം വെസ്റ്റഡ് ഫോറസ്റ്റാണെന്ന് പ്രഖ്യാപിച്ചതിനെതിരെ അന്നത്തെ റവന്യൂ വകുപ്പും ഫോറസ്റ്റ് വകുപ്പും അന്നത്തെ ഗവൺമെന്റും അപ്പീൽ പോയില്ല. ഇത് നിസ്സാരമാണോ? നമ്മുടെ കയ്യിലിരിക്കുന്ന 500-ഓളം ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ 435.45 ഏക്കർ വെസ്റ്റഡ് ഫോറസ്റ്റായി കണ്ടെത്തിയിരുന്നത്, അത് വെറും 86 ഏക്കർ മാത്രമാണെന്ന് ഒരു കോടതി വിധിച്ചപ്പോൾ അതിനെതിരെ എന്തുകൊണ്ട് അപ്പീൽ പോകാൻ കഴിഞ്ഞില്ല. മുപ്പത് ദിവസത്തിനകം അപ്പീൽ പോകണം. തൊണ്ണൂറ് ദിവസത്തിനകം എസ്.എൽ.പി. പെറ്റീഷൻ സുപ്രീം കോടതിയിൽ കൊടുക്കണം. തൊണ്ണൂറ് ദിവസത്തിനകം എസ്.എൽ.പി. പെറ്റീഷൻ കൊടുക്കണോയെന്ന് ഒരു ലീഗൽ ഒപ്പീനിയനുവേണ്ടി ശ്രീ. എം. സി. ജോണിന് അയച്ചുകൊടുത്തു. എൽ.ഡി.എഫിന്റെ കാലത്ത് അഡ്വക്കേറ്റ് ജനറലിന്റെ ആഫീസിലിരുന്ന ശ്രീ. എം. സി. ജോൺ ആരാണെന്ന് ഞാൻ പറയേണ്ടകാര്യമില്ല. ഇതിന് എസ്.എൽ.പി. കൊടുക്കേണ്ട കാര്യമില്ലെന്ന് ശ്രീ. എം. സി. ജോൺ പറഞ്ഞു,

<u>ശ്രീ. ജോസ്. തെറ്റയിൽ</u>: സർ, എം. സി. ജോൺ എന്ന വക്കീലിനെ എൽ.ഡി.എഫിന്റെ കാലത്താണോ യു.ഡി.എഫിന്റെ കാലത്താണോ അപ്പോയിന്റ് ചെയ്തതെന്ന് അങ്ങേയ്ക്ക് നിശ്ചയമുണ്ടോ?

<u>ശ്രീ. പാലോട് രവി</u>: സർ, അഡ്വക്കേറ്റ് ജനറൽ ദാമോദരന്റെ ആഫീസിലെ അദ്ദേഹത്തിന്റെ സഹായിയാണ് ശ്രീ. എം. സി. ജോൺ. ദാമോദരനെ വച്ചത് യു.ഡി.എഫ്. ഗവൺമെന്റ് അല്ലല്ലോ. ഇത് വളരെ ഗൗരവമായി സഭ കാണണം. ഈ സംസ്ഥാനത്തിന്റെ ഒരു പൊതുവായ വികാരമാണ് ഞാനിവിടെ പറയുന്നത്. ഹൈക്കോടതിയിൽ അപ്പീൽ പോയില്ലെന്നു മാത്രമല്ല സുപ്രീം കോടതിയിൽ എസ്.എൽ.പി. പോകുന്നതിനുപകരമായി എം. സി. ജോണിനെകൊണ്ട് എസ്.എൽ.പി. നിലനിൽക്കുന്നതല്ലെന്ന് ഒരു നോട്ട് എഴുതിപ്പിച്ചു. അതിൽ പറഞ്ഞിരിക്കുന്നത് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലെ സീനിയർ ഗവൺമെന്റ് പ്ലീഡർ എം. സി. ജോൺ മേൽപ്പടി വിധിയിൽ അപ്പീലിന് സാദ്ധ്യതയില്ലെന്ന് 26-11-1990-ൽ നിയമോപദേശം നൽകി. നിയമോപദേശം നൽകുക മാത്രമല്ല 5-12-1990-ൽ അഡ്വക്കേറ്റ് ജനറൽ അംഗീകരിച്ചു നൽകുകയും നമ്മുടെ 450 ഏക്കർ വഴിയാധാരമാകുകയും ചെയ്തു. ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തും വന്നിരുന്നുകൊണ്ട് ഒരിഞ്ച് ഭൂമി പോലും വനഭൂമി നഷ്ടപ്പെടാൻ സമ്മതിക്കില്ല, ഒരിഞ്ചു ഭൂമി പോലും മുതലാളിമാരെയും കോർപ്പറേറ്റുകളെയും കയ്യടക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞിട്ട് ആ കോർപ്പറേറ്റുകൾക്കും മുതലാളിമാർക്കും എസ്റ്റേറ്റ് ഉടമകൾക്കും അനുകൂലമായി ഉണ്ടായ വിധിക്കെതിരെ ഒരു ചെറുവിരൽ അനക്കാൻ കഴിയാത്തവരാണ് ഈ സംസ്ഥാനത്ത് ആ കാലഘട്ടത്തിൽ ഭരിച്ചതെന്ന് പറയുമ്പോൾ ദുഃഖമുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കമ്മീഷൻ റിപ്പോർട്ടിന്റെ വിശദാംശം എന്റെ കയ്യിലുണ്ട്.

<u>ശ്രീ. പാലോട് രവി</u>: സർ, എല്ലാ വിശദാംശങ്ങളും അറിയാം. ഈ ഭൂമി സംരക്ഷിക്കണമെന്നുള്ളതാണ് ഞങ്ങളുടെ ആഗ്രഹം. ഈ ഭൂമി സംരക്ഷിക്കുന്നതിന്, നിയമപരമായി നിങ്ങൾ ചെയ്യാത്ത കാര്യം, നിങ്ങൾ മനപൂർവ്വം ഒളിച്ചുവച്ച കാര്യം, നിയമപരമായും ഭരണഘടനാപരമായും ചെയ്യേണ്ട കാര്യം, പ്രത്യേകിച്ച് ഇടതുപക്ഷ പ്രസ്ഥാനമെന്ന നിലയിൽ ചെയ്യേണ്ട കാര്യം നിങ്ങൾ ചെയ്തില്ല. ഇതിന് ഈ സംസ്ഥാനത്ത് ചർച്ചയുണ്ടാകണം.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഈ കേസ്സിന്റെ മെറിറ്റിലേക്ക് പോകണ്ട. നമുക്ക് ഒരു ജുഡീഷ്യൽ എൻക്വയറിക്ക് വിധേയമാക്കാം.

ശ്രീ. പാലോട് രവി: സർ, സരിതാ നായരുടെ കേസിലും ഇതുതന്നെയാണ് പറഞ്ഞത്. എന്നിട്ട് പ്രതിപക്ഷ നേതാവ് പറഞ്ഞു കള്ളിയാണെന്ന്. നിങ്ങൾ ആറുമാസം ഈ നിയമസഭ സ്തംഭിപ്പിച്ചത് സരിതാ നയരുടെ കേസ്സും ഈ ജുഡീഷ്യൽ അന്വേഷണവും പറഞ്ഞിട്ടാണ്. ഇപ്പോൾ നിങ്ങൾ ചെയ്യാത്ത കാര്യമെന്ന് പറഞ്ഞ്, ആടിനെ പട്ടിയാക്കാനും, നിങ്ങൾക്ക് പ്രസംഗിച്ച് നടക്കാനും നിങ്ങളുടെ കള്ളത്തരം ഒളിച്ചുവയ്ക്കാനും ജുഡീഷ്യൽ അന്വേഷണമോ? നിങ്ങൾ കേരളത്തിലെ ജനങ്ങളോട് മാപ്പുപറയണം. കാരണം ഈ ഭൂമി സംരക്ഷിക്കണം. ഈ ഭൂമി യു.ഡി.എഫ്. സംരക്ഷിക്കും. കാരണം ജനഹിതമല്ലാത്ത ഒരു നടപടിയും ഈ സംസ്ഥാന ഗവൺമെന്റ് ചെയ്യില്ല. ജനപക്ഷത്ത് നിന്നുകൊണ്ടു മാത്രമെ ഈ ഗവൺമെന്റ് പ്രവർത്തിക്കുകയുള്ളൂ.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പാലോട് രവി, ഈ ഭൂമിക്കുവേണ്ടിയുള്ള അങ്ങയുടെ ദാഹവും സമരവുമെല്ലാം സ്വാഗതാർഹം തന്നെയാണ്. ഞങ്ങളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും കുഴപ്പങ്ങൾ വന്നിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് അത് കണ്ടുപിടിക്കാം. ഭൂമിതട്ടിപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ ഈ ഗവൺമെന്റ്, മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടവർ സി.ബി.ഐ. അന്വേഷണം നേരിടുകയാണ്. അത്രയും നാണംകെട്ട ഒരു കാര്യം ഉണ്ടായിട്ടുണ്ടോ. കടകംപള്ളി ഭൂമി തട്ടിപ്പ് ആരാണ് നടത്തിയത്.

ശ്രീ. പാലോട് രവി: സർ, ഞാൻ മറുപടി പറയാം. കഴിഞ്ഞ രണ്ടുവർഷക്കാലമെടുത്തു നോക്കിയാൽ നിങ്ങൾ കേരളത്തിന്റെ മുഖ്യമന്ത്രിയെ വേട്ടയാടുകയായിരുന്നു. എന്നാൽ കേരളത്തിലെ ജനങ്ങൾ മുഖ്യമന്ത്രിയോടൊപ്പം നിൽക്കുകയും നിങ്ങൾ ഒറ്റപ്പെടുകയും ചെയ്തു. അതാണ് മുഖ്യമന്ത്രിക്ക് കേരളത്തിലുള്ള സ്ഥാനം. കേരളത്തിലെ ജനങ്ങൾ നിങ്ങളോടൊപ്പം നിന്നില്ല, അവർ ഉമ്മൻചാണ്ടിയോടൊപ്പം നിന്നു. ഉമ്മൻ ചാണ്ടിയുടെ സത്യസന്ധതയും കഠിനാധ്വാനവുമാണ് കേരളത്തിന്റെ ജനങ്ങൾ മുഖ്യമന്ത്രിയോടൊപ്പം നിൽക്കാൻ കാരണം. അതിൽ യാതൊരു സംശയവും വേണ്ട. മോദി ആഹ്ളാദിച്ചാൽ നമുക്ക് മനസ്സിലാകും; മോദി ആഹ്ലാദിക്കുന്നതിനെക്കാൾ; കേരളത്തിൽ ആർ.എസ്.എസ്. ആഹ്ലാദിക്കുന്നതിനെക്കാൾ; ബി.ജെ.പി. ആഹ്ലാദിക്കുന്നതിനെക്കാൾ മാർക്സിസ്റ്റ് പാർട്ടി ഇന്ന് കോൺഗ്രസ്സ് തോറ്റതിൽ ഏറ്റവും കൂടുതൽ ആഹ്ലാദിക്കുകയാണ്. (ബഹളം........) ഈ സംസ്ഥാനത്ത് ഇതേ സമീപനം നിങ്ങൾ തുടർന്നാൽ യാതൊരു സംശയവും വേണ്ട ഇടതുപക്ഷപ്രസ്ഥാനം ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേയ്ക്ക് വലിച്ചെറിയപ്പെടും. ഇല്ലെങ്കിൽ ഇത് തിരുത്തണം. (ബഹളം............)

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഉപധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഏറ്റവും ഒടുവിൽ പ്രസംഗിച്ച കോൺഗ്രസ്സ് മെമ്പർ ശ്രീ. പാലോട് രവിയുടെ ഭാഗത്തുനിന്നുണ്ടായത് യു.ഡി.എഫ്.-ൽ ചെന്നുപ്പെട്ടുപോയ ഒരു സ്ഥിതിയുടെ വെപ്രാള പ്രകടനമാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞത് കരുണാ പ്ലാന്റേഷന്റെ നിക്ഷിപ്ത വനഭൂമിയിലെ 786 ഏക്കർ ഭൂമി ഒരു സ്വകാര്യവ്യക്തിക്ക് എൻ.ഒ.സി. ചെയ്തു കൊടുത്തിട്ടുണ്ട് എന്നാണ്. നിങ്ങളുടെ ഗവൺമെന്റാണ് എൻ.ഒ.സി. കൊടുത്തത്. മുഖ്യമന്ത്രി അവസാനം ഈ റിപ്പോർട്ട് വരുന്നതുവരെ ആ എൻ.ഒ.സി. മരവിപ്പിച്ചു നിർത്താൻ പറഞ്ഞു; ഇതിനർത്ഥം നാളെ മുതൽ അത് പ്രാബല്യത്തിലാകും. ഈ റിപ്പോർട്ട് വന്നതോടുകൂടി ആ എൻ.ഒ.സി. പ്രാബല്യത്തിലായി; അതിന് നിയമാനുസൃതമായ അംഗീകാരം മുഖ്യമന്ത്രിതന്നെ കൊടുത്തു. ഈ റിപ്പോർട്ടിൽ പറയുന്നത് കമ്മിറ്റിതന്നെ പ്രഹസനമായിരുന്നുവെന്നാണ്. റവന്യൂവിന്റെ ആളില്ലാതെ ഒരു കമ്മിറ്റിയെ ബോധപൂർവ്വമുണ്ടാക്കി ഇവിടെ സഹായിച്ചുവെന്ന് ഉദ്യോഗസ്ഥന്മാർ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുകയാണ്. ഈ കമ്മിറ്റിയിലെന്തിനാണ് എസ്.പി.-യെ ഉൾപ്പെടുത്തിയത്; കമ്മിറ്റിയിൽ ബാക്കിയുള്ള ആളുകളെ പീഡിപ്പിക്കാനോ; എസ്.പി.ക്ക് ഈ കാര്യത്തിലെന്ത് ചെയ്യാൻ സാധിക്കും? കളക്ടറെ ഒഴിവാക്കി ഒരു കമ്മിറ്റിയുണ്ടാക്കിയത് ബോധപൂർവ്വമാണെന്ന് ഈ മൂന്നംഗകമ്മിറ്റിതന്നെ വിലയിരുത്തിയിരിക്കുകയാണ്. അതുകൊണ്ട് ഞങ്ങളുടെ കാലത്തും എന്തോ കുറ്റം ചെയ്തെന്നാണ് അപ്പുറത്തുള്ള ആക്ഷേപം. ഞങ്ങളുടെ കാലത്ത് കുറ്റം ചെയ്തെങ്കിൽ ശിക്ഷ ഞങ്ങൾ ഏൽക്കാം. അതുകൊണ്ട് ഈ പ്രശ്നത്തെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറുണ്ടോ എന്ന് ഞങ്ങൾ ഈ ഗവൺമെന്റിനെ വെല്ലുവിളിക്കുകയാണ്. ഈ സപ്ലിമെന്ററി ഡിമാൻസിൽ 4,854.63 കോടി രൂപയുടെ ഒരു ഉപധനാഭ്യർത്ഥനയാണ് അവതരിപ്പിച്ചിരിക്കുന്നത്; ഇതിൽ 4,512 കോടി രൂപ പ്ലാനിലും 342 കോടി രൂപ നോൺ പ്ലാനിലുമാണ്. ഇവിടെ ഈ സപ്ലിമെന്ററി ഡിമാൻസ് പാസ്സാക്കിക്കൊടുക്കുന്നതിനനുസരിച്ച് ചെലവ് ചെയ്യുന്നുണ്ടോ; ഇതിനുമുൻപ് പാസ്സാക്കിയ സപ്ലിമെന്ററി ഡിമാൻസുകൾ വഴി സർക്കാരിന് ലഭിച്ച തുക ചെലവഴിച്ചിട്ടുണ്ടോ; അതുസംബന്ധിച്ച് ഈ ഗവൺമെന്റിന് എന്താണ് പറയാനുള്ളത്? ഇവിടെ നടക്കുന്നത് പോസ്റ്റ്ക്രിയേഷൻ, മീഡിയ അഡ്വവർടൈസ്മെന്റ്, വാഹനം വാങ്ങൽ, മന്ത്രിമാരുടെയും മറ്റും യാത്ര, ഇവർക്ക് വേണ്ടി അനുവദിക്കുന്ന തുക ഒഴിച്ച് ബാക്കിയുള്ള ഏത് തുകയാണ്

പൂർണ്ണമായി ചെലവഴിക്കുന്നത്. അടിസ്ഥാന വികസനത്തിനും ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്കും വേണ്ടി സഹായകമായ എന്തെങ്കിലും കാര്യങ്ങൾ ഈ സപ്ലിമെന്ററി ഡിമാൻസിൽക്കൂടി സഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വിലവർദ്ധനവാണ്. വിലവർദ്ധനവ് തടയാൻ പറ്റുന്ന രീതിയിൽ കമ്പോളത്തിലിടപെടാൻ എത്ര തുകയാണ് ഈ ഗവൺമെന്റ് ചോദിച്ചിരിക്കുന്നത്; വിലവർദ്ധനവ് തടയാനുള്ള ഒരു പദ്ധതിയും ഈ ഗവൺമെന്റിനില്ലായെന്ന് സപ്ലിമെന്ററി ഡിമാൻസോടുകൂടി വ്യക്തമായിക്കഴിഞ്ഞു. സർക്കാർ ആശുപത്രികളിൽ മരുന്നു കൊടുക്കാനുള്ള തുക ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഈ ഗവൺമെന്റ് നടപ്പാക്കുന്നില്ല. ഇത് വെറും പ്രചരണത്തിനുവേണ്ടി ചോദിക്കുക, അത് ചെയ്യാതിരിക്കുക. ക്ഷേമപദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് അതിനനുസരിച്ചുള്ള തുക സപ്ലിമെന്ററി ഡിമാന്റ്സിൽ വയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; നിരവധി ക്ഷേമ പെൻഷനുകൾ 6-ഉം 8-ഉം 10-ഉം മാസം വരെ കുടിശ്ശികയാണ്. സർക്കസ് കലാകാരൻമാർക്ക് ഒരു കൊല്ലമായിട്ട് അവരുടെ പെൻഷൻ കൊടുക്കുന്നില്ല. തലശ്ശേരി നഗരസഭയിൽ ഒരു വയോജന പകൽ വിശ്രമകേന്ദ്രത്തിൽ ഒരു ജീവനക്കാരന് 16 മാസമായിട്ട് പൈസ കൊടുത്തില്ലായെന്ന് എനിക്ക് കിട്ടിയ ഒരു പരാതിയാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾക്കുവേണ്ടി പണം നീക്കിവയ്ക്കാൻ എന്താണ് കഴിയാത്തത്? ഡോ. എം. കെ. മുനീർ, കഴിഞ്ഞ ദിവസം ഇവിടെ ക്ഷേമപെൻഷൻ കുടിശ്ശികയെല്ലാം സപ്ലിമെന്ററി ഡിമാൻസ് വഴി പാസ്സാക്കി കൊടുക്കുമെന്ന് 13-6-2014-ന് നിയമസഭയിൽ ഉത്തരം നൽകി. അതിനുള്ള തുക എന്തുകൊണ്ട് നീക്കിവച്ചില്ല; പ്ലാൻ തുക ഈ ഗവൺമെന്റ് കൃത്യമായി ചെലവഴിക്കുന്നുണ്ടോ; ഇക്കഴിഞ്ഞ മൂന്നുവർഷം പ്ലാൻ ഇനത്തിൽ അനുവദിച്ച 5,282 കോടി രൂപ ഈ ഗവൺമെന്റ് ലാപ്സാക്കിയിരിക്കുകയാണ്. പ്ലാൻ വഴി അംഗീകാരം ലഭിച്ച തുക ലാപ്സാക്കിയ ഗവൺമെന്റാണിത്. പ്ലാൻ അനുസരിച്ചുള്ള തുക ചെലവഴിക്കുന്നില്ല. എന്നിട്ട് ഇത്തവണ 20,000 കോടി രൂപയുടെ പദ്ധതി അടങ്കലിനുവേണ്ടി ആസൂത്രണകമ്മീഷന്റെ അനുമതി ചോദിച്ചു. ആ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. 17% വർദ്ധനവാണ് കഴിഞ്ഞവർഷത്തേയ്ക്ക് അധികം ചോദിച്ചിട്ടുള്ളത്. പണപ്പെരുപ്പം കണക്കിലെടുത്താൽ ഈ 17% അധികമല്ല. യഥാർത്ഥത്തിൽ ഇവിടെ 13-6-2014-ൽ ഈ നിയമസഭയിൽ നൽകിയിട്ടുള്ള കണക്കുപ്രകാരം സംസ്ഥാന ഗവൺമെന്റിന്റെ 37 വകുപ്പുകളിൽ 19 വകുപ്പിലും ഒരു നയാപൈസ പോലും ഈ വർഷം ചെലവഴിച്ചിട്ടില്ലായെന്ന് നിയമസഭയിൽ ഉത്തരം നൽകിയിരിക്കുകയാണ്. മാക്സിമം

ചെലവഴിച്ച തുക 13 ശതമാനമാണ്. ശരാശരി 5 ശതമാനം പോലും ഈ വകുപ്പുകൾ ചെലവഴിച്ചിട്ടില്ലായെന്ന് നിയമസഭയിൽത്തന്നെ ഉത്തരം നൽകിയിരിക്കുകയാണ്. 20,000 കോടി രൂപയിൽ 4,700 കോടി രൂപ തദ്ദേശഭരണസ്ഥാപനങ്ങൾക്കാണ്. 2012-13-ൽ സി.ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിച്ചത് 47 ശതമാനം തുക മാത്രമാണ്. ഇതാണ് തദ്ദേശഭരണസ്ഥാപനങ്ങളിലെ സ്ഥിതി. ധനകാര്യ അച്ചടക്കവും വിഭവസമാഹരണവും നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഇവിടെ ധനകാര്യ അച്ചടക്കമില്ലായ്മയുടെ തെളിവാണ് സാമ്പത്തികമായിട്ടുള്ള കെടുകാര്യസ്ഥത വന്നിരിക്കുന്നത്. ധനകമ്മി കുറയ്ക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രഖ്യാപനമായിരുന്നു, അതിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി പൂർണ്ണമായി പരാജയപ്പെട്ടു. പ്രഖ്യാപിതമായ പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കുന്നില്ല. ക്ഷേമപദ്ധതികളിൽ കുടിശ്ശികയുണ്ട്. കോൺട്രാക്ടർമാർക്ക് 2,500 കോടി രൂപ കുടിശ്ശികയുണ്ട്. ബഡ്ജറ്റ് തുക അതാത് ക്വാർട്ടറിൽ തന്നെ ചെലവഴിക്കുമെന്നാണ് ഈ നിയമസഭയിൽ പ്രഖ്യാപിച്ചത്. നിങ്ങളുടെ കാലത്തേതുപോലെയല്ല, ഓരോ വർഷത്തെ ബഡ്ജറ്റിലും 4 മാസം കൂട്ടുമ്പോൾ ക്വാർട്ടർ അടിസ്ഥാനത്തിൽ ചെലവഴിക്കാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ നിയമസഭയിലാണ് പ്രഖ്യാപിച്ചത്. എന്നാൽ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിലെ സിംഹഭാഗവും നടപ്പാക്കുന്നത് മാർച്ച് മാസം 25-നും 31-നും ഇടയിലാണ്. ഈ ഗവൺമെന്റ് ചെലവഴിച്ചത് അവസാനത്തെ ആഴ്ചയല്ലേ; ചെലവു ചെയ്തു എന്ന് കാണിക്കാൻവേണ്ടി എല്ലാ ചെലവും ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുകയല്ലേ ചെയ്തത്? ഈ സാമ്പത്തിക വർഷം ആരംഭിച്ചിട്ട് 4 മാസം തികയുകയല്ലേ. എത്ര രൂപ നിങ്ങൾ ചെലവഴിച്ചു; ആ ക്വാർട്ടറിൽ ചെലവഴിക്കാൻ പറഞ്ഞ തുക ചെലവഴിച്ചോ; ഏപ്രിൽ മാസംതന്നെ പദ്ധതി രൂപകല്പനചെയ്തു പൂർത്തിയാക്കുമെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചില്ലേ? ഇലക്ട്രോണിക്സ് സംവിധാനത്തിൽകൂടി പദ്ധതിക്കുവേണ്ടി അനുമതി കൊടുക്കുമെന്ന് പറഞ്ഞു. ഓൺലൈൻ അനുമതി കൊടുക്കുമെന്ന് പ്രഖ്യാപിച്ചില്ലേ; ഓൺലൈൻ അനുമതി എത്ര പദ്ധതികൾക്ക് കൊടുത്തു? 2013-14-ലെ പദ്ധതി നടത്തിപ്പു സംബന്ധിച്ച് പ്ലാനിംഗ് ബോർഡിന്റെ റിവ്യൂ റിപ്പോർട്ട് പുറത്തുവന്നതിൽ സംസ്ഥാന പദ്ധതി വകയിരുത്തിയ തുകയിൽ 21 ശതമാനം ലാപ്സാക്കിയെന്നല്ലേ പറഞ്ഞിരിക്കുന്നത്. വിദേശ സഹായ പദ്ധതിയിൽ 52 ശതമാനവും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായപ്രകാരം ലഭിച്ച തുകയിൽ 26 ശതമാനവും ലാപ്സാക്കി.

4.00 PM]

സമയമില്ലാത്തതുകൊണ്ടാണ് ഞാൻ കണക്കുകൾ കാണിക്കാതെ ശതമാനം മാത്രം പറയുന്നത്. അധിക കേന്ദ്ര സഹായം ലഭിച്ചതിൽ 53 ശതമാനവും ലാപ്സാക്കി. കിട്ടിയ പണംപോലും ചെലവഴിക്കാൻ സാധിക്കാത്തൊരു സർക്കാരിന് എങ്ങനെയാണ് കെട്ടുറപ്പുള്ള, കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഗവൺമെന്റാണെന്ന് അവകാശപ്പെടാൻ സാധിക്കുന്നത്? സംസ്ഥാന പദ്ധതി ചെലവിൽതന്നെ 81 ശതമാനം മാത്രമാണ് കഴിഞ്ഞ വർഷം ചെലവഴിച്ചത്. ഇത് പ്ലാനിംഗ് ബോർഡ് പറഞ്ഞതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിലാണെങ്കിൽ അതും ഈ സർക്കാർ ലാപ്സാക്കുകയാണ്. 2011-12-ൽ 141 കോടി രൂപയും 2012-13-ൽ 96 കോടി രൂപയും 2013-14-ൽ 347 കോടി രൂപയും മറ്റ് സെൻട്രൽ സ്കീംസിൽ 547 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലാപ്സാക്കി. ഇങ്ങനെ കേന്ദ്രാവിഷ്കൃത പദ്ധതികളും മറ്റു പദ്ധതികളും നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സമ്പൂർണ്ണമായ പരാജയമാണ്. ബഡ്ജറ്റിൽ വകയിരുത്തിയ ഫണ്ടും ചെലവഴിക്കാതിരിക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. പുതിയ പ്രഖ്യാപനങ്ങൾ നടത്തുന്നു. സപ്തധാര, ഫ്ലാഗ്ഷിപ്, മിഷൻ 676 ഇങ്ങനെ പുതിയ പദ്ധതികൾ നടപ്പാക്കാൻ തുകയുണ്ടോ? പുതിയതായി ഒരു തുകയും പ്രഖ്യാപിക്കുന്നില്ല. ഓരോ ദിവസവും ഓരോ വെളിപാടുപോലെ പദ്ധതികൾ പ്രഖ്യാപിക്കുകയാണ്. ഉപ്പേരി, പുളിശ്ശേരി, കാളൻ, സാമ്പാർ എല്ലാം ചക്കകൊണ്ട് എന്നൊരു ചൊല്ല് മലബാറിലുണ്ട്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള തുകകൾ ഓരോ പേരുപറഞ്ഞ് പ്രഖ്യാപിച്ച് ജനങ്ങളുടെ കൈയടി വാങ്ങാനുള്ള തന്ത്രമല്ലേ ഗവൺമെന്റ് പ്രയോഗിച്ചുകൊണ്ടിരിക്കുന്നത്. നികുതിവരുമാനം ഗണ്യമായി കുറഞ്ഞുവെന്ന് മുമ്പ് സംസാരിച്ച പ്രതിപക്ഷാംഗങ്ങൾ പറഞ്ഞു. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച തുക ലഭിച്ചിട്ടില്ല. 38771 കോടി രൂപ കഴിഞ്ഞ വർഷം കിട്ടേണ്ട സ്ഥാനത്ത് 31994 കോടി രൂപയാണ് ലഭിച്ചത്. ഈ കുറവ് എങ്ങനെ സംഭവിച്ചു? മുദ്രപ്പത്ര രജിസ്ട്രേഷൻ, വിൽപ്പന നികുതി, വാഹന നികുതി, സ്റ്റേറ്റ് എക്സൈസ് ഇവയിലൊന്നും എസ്റ്റിമേറ്റ് ചെയ്ത തുക കിട്ടിയില്ല. ഈ ഗവൺമെന്റിന് ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് അവസാനത്തെ 3 വർഷം ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ തുക പിരിച്ചെടുത്തു. എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്ത കാര്യം എന്തുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റിന് ചെയ്യാൻ കഴിയാത്തത്? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന 3 വർഷത്തിൽ വില്പന നികുതിയിൽ ഓരോ വർഷവും ഗണ്യമായ വർദ്ധനവുണ്ടായി. യു.ഡി.എഫ്. സർക്കാരിന്റെ ഈ മൂന്നുവർഷം

എന്തുകൊണ്ട് കുറവുണ്ടായി എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. കേന്ദ്രം പെട്രോൾ, ഡീസൽ, പാചക വാതക-മണ്ണെണ്ണ എന്നിവയുടെ വില വർദ്ധിപ്പിച്ചപ്പോൾ നികുതിയിനത്തിൽ കേരളത്തിന് കിട്ടിയത് 10503 കോടി രൂപയാണ്. നിയമസഭയിൽ പറഞ്ഞ കണക്കാണിത്. കേന്ദ്രം പ്രഖ്യാപിച്ച വില വർദ്ധനവ് കാരണം സംസ്ഥാനത്തിന് നികുതിയായി ഇത്രയും തുക കിട്ടിയപ്പോൾ ഇതിന്റെയൊരു പത്ത് ശതമാനമെങ്കിലും വിലവർദ്ധനവ് നേരിടുന്നതിനായി നീക്കിവയ്ക്കാൻ എന്തുകൊണ്ട് സാധിച്ചില്ല? ജനസമ്പർക്ക പരിപാടിക്കായി ആറ് കോടി എഴുപത്തെട്ട് ലക്ഷം രൂപ ചെലവായി. ജനങ്ങൾക്കുവേണ്ടി ജനസമ്പർക്ക പരിപാടിവഴി മുഖ്യമന്ത്രി വിതരണം ചെയ്തത് 31 കോടി രൂപയാണ്. എന്നാൽ ഇക്കാര്യത്തിൽ ശ്രീ. കെ. എം. മാണി മാതൃകാപരമായൊരു കാര്യം ചെയ്തു. കാരുണ്യ പദ്ധതി വഴി 387 കോടി രൂപ വിതരണംചെയ്തു. ഒരു നയാ പൈസ പോലും സംഘാടനത്തിനു വേണ്ടി ചെലവഴിച്ചില്ല. 387 കോടി രൂപ ചെലവുചെയ്യാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു പൈസപോലും വേണ്ടിവന്നില്ലെന്നിരിക്കുമ്പോൾ മുഖ്യമന്ത്രി 31 കോടി രൂപ ജനങ്ങൾക്കും ആറ് കോടി എഴുപത്തെട്ട് ലക്ഷം രൂപ സംഘാടനത്തിനുവേണ്ടിയും ചെലവഴിച്ചു. പരസ്യത്തിന്റെയും വാഹനത്തിന്റേയും ചെലവ് വേറെയും. ഇത് എന്തിനാണ്? ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നത് പരസ്യത്തിനു വേണ്ടിയാണ്. 103 കോടി രൂപ പരസ്യത്തിനുവേണ്ടി ചെലവഴിച്ചു. രാജ്യം മുഴുവൻ മന്ത്രിമാരുടെ ഫ്ലക്സ് വയ്ക്കുന്നതിന് സർക്കാർ ഫണ്ടിൽനിന്ന് തുകയെടുക്കേണ്ട ആവശ്യമുണ്ടോ? ഇത് ഗവൺമെന്റ് ആലോചിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നുണ്ടോ? എല്ലാ കുടുംബങ്ങൾക്കും സമഗ്ര ഇൻഷ്വറൻസ് പദ്ധതിയെവിടെ; കാർഷിക വായ്പാ പദ്ധതി തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ് പദ്ധതിയെവിടെ; ശുശ്രൂഷ് ഹൈടെക് ലാബുകളുടെ വിപുലീകരണമെവിടെ; കരിയർ ഡെവലപ്മെന്റ് മിഷൻ വന്നോ; സൗരോർജ്ജ സംവിധാനം വായ്പ സബ്സിഡി കിട്ടിയോ; ജല ടാക്സി സംവിധാനം എവിടെപ്പോയി; ജില്ലാ ആശുപത്രികളിൽ ക്യാൻസർ സെന്റർ വന്നോ; കുട്ടികളുടെ ഗ്രാമമെവിടെ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പ്രഖ്യാപിക്കുന്നതൊന്ന് നടപ്പാക്കുന്നത് വേറൊന്ന്. നിതാഖത് പ്രകാരം തിരിച്ചുവരേണ്ടി വന്ന 22634 പേർക്ക് പുനരധിവാസം പ്രഖ്യാപിച്ചുവെങ്കിലും ആർക്കെങ്കിലും കൊടുത്തോ? ഇത്തരം കാര്യങ്ങൾപോലും ചെയ്യാൻ ഗവൺമെന്റിന് കഴിയുന്നില്ല. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാൻ സമയമായില്ലേ? 2014 ജൂലൈ 1 മുതൽ പുതിയ ശമ്പള പരിഷ്ക്കരണം നിലവിൽ വരണം. അതിനുള്ള എന്തെങ്കിലും സംവിധാനങ്ങളായിട്ടുണ്ടോ;

കമ്മീഷൻ നിശ്ചയിച്ച എന്നുള്ളതിൽ കവിഞ്ഞ് ഒന്നും ചെയ്യുന്നില്ല. 8 മാസമായി കമ്മീഷൻ ഒരു സിറ്റിംഗുപോലും ചേർന്നിട്ടില്ല. പുതിയ ശമ്പള പരിഷ്കരണത്തിനു വേണ്ടിയുള്ള നടപടികളെല്ലാം അവതാളത്തിലായിരിക്കുന്നു. കേരള സ്റ്റേറ്റ് പ്രീ പ്രൈമറി ടീച്ചേഴ്സിന് 5000 രൂപ കൊടുക്കണമെന്നും 15000 രൂപയ്ക്ക് അവർക്ക് അർഹതയുണ്ടെന്നും ബഹു. ഹൈക്കോടതി പറഞ്ഞു. 2316 സാക്ഷരതാ പ്രേരക്മാരാണ് ഇവിടെയുള്ളത്. അവരുടെ ദിവസ വേതനം 78 രൂപയാണ്. 2340 രൂപയാണ് പ്രതിമാസം കൊടുക്കുന്നത്. എന്തുകൊണ്ട് ഗവൺമെന്റിന് അത് വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തിൽ ഇടപെടുമെന്നാണ് ഞാൻ കരുതുന്നത്. ചുരുങ്ങിയ 78 രൂപകൊണ്ട് പ്രതിദിനം ജീവിക്കേണ്ടിവരുന്ന സക്ഷരതാ പ്രേരക്മാർ ഏറ്റവും വലിയ പ്രവർത്തനം ചെയ്യുന്നവരല്ലേ; അതിനനുസരിച്ചുള്ള വർദ്ധനവ് വരുത്താൻ ഈ ഗവൺമെന്റിന് സാധിച്ചോ? കേന്ദ്രത്തിൽ അധികാര മാറ്റം വന്നതോടുകൂടി ഒരു പുതിയ സ്ഥിതിവിശേഷം നമ്മുടെ നാട് നേരിടുകയാണ്. ജനാധിപത്യത്തിനും മതേതരത്വത്തിനും മാത്രമല്ല, ഫെഡറൽ തത്ത്വങ്ങൾക്കു നേരെയും ഭീഷണിയുയർന്നിട്ടുണ്ട്. ആ ഫെഡറൽ തത്ത്വങ്ങൾക്കു നേരെയുയർന്ന ഭീഷണിയാണ് ബഡ്ജറ്റിലൂടെ കേന്ദ്രബഡ്ജറ്റിൽ പുറത്തുവന്നത്. സംസ്ഥാനത്തെ പൂർണ്ണമായി അവഗണിച്ചു. കേരളം ഇന്ത്യയുടെ ഭാഗമാണെന്നുപോലും കാണാതെ കേന്ദ്രബഡ്ജറ്റും റെയിൽവേ ബഡ്ജറ്റും അവതരിപ്പിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ നയം ശക്തമായ കേന്ദ്രവും ദുർബലമായ സംസ്ഥാനങ്ങളും എന്നുള്ളതാണ്. ഇതിൻെറ ഫലമായി, സംസ്ഥാനങ്ങളെ ദുർബലമാക്കി കേന്ദ്രത്തെ ശക്തിപ്പെടുത്തുന്ന നയത്തിൻെറ ഭാഗമായാണ് കേരളത്തെയും അവഗണിക്കുന്നത്. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിനില്ല. ഫാക്ടിനോട് അവഗണന, വിഴിഞ്ഞം പദ്ധതിയില്ല, വാഗൺ ഫാക്ടറിയില്ല, പാലക്കാട് കോച്ച് ഫാക്ടറിയില്ല, റെയിൽവേലൈനില്ല, വളം സബ്സിഡി ഇല്ല, തോട്ടവിളകൾക്ക് കയറ്റിറക്കുമതി ഇല്ല, റബ്ബർ ഇറക്കുമതി തടയാൻ കഴിയുന്നില്ല. റബ്ബർ കർഷകർ പൂർണ്ണമായും തകർന്നില്ലേ? ഇങ്ങനെ ഫെഡറൽ തത്വങ്ങൾ പൂർണ്ണമായും ലംഘിക്കുന്നു. ഇതിനൊക്കെ ഈ സംസ്ഥാന ഗവൺമെന്റ് കൂട്ടുനിൽക്കാൻ പാടുണ്ടോ? ഞാൻ ബഹുമാനപ്പെട്ട കെ. എം. മാണിയോട് ചോദിക്കുന്നു, നിങ്ങൾ കേരള കോൺഗ്രസ് അല്ലേ? ഫെഡറൽ തത്വങ്ങൾക്കുവേണ്ടി രൂപം കൊണ്ടൊരു പാർട്ടി, ഈ ഫെഡറൽ തത്വങ്ങൾക്കുവേണ്ടി നിൽക്കാൻ തയ്യാറുണ്ടോ? യു.ഡി.എഫ്.ൽ ഫെഡറൽ തത്വങ്ങൾക്കുവേണ്ടി നിലനിൽക്കുന്ന പ്രസ്ഥാനങ്ങളുമായി സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. കേരള കോൺഗ്രസ് പഴയകാലങ്ങളിൽ സ്വീകരിച്ചിരുന്ന നിലപാടുകൾ ഉയർത്തിപ്പിടിക്കാൻ ഇപ്പോൾ

തയ്യാറുണ്ടോ? അതിൽനിന്നും മാറി കേന്ദ്ര സർക്കാരിന്റെ ഭാഗമായി നിൽക്കുന്ന ഒരു സ്ഥിതിയിൽ കേരള കോൺഗ്രസ് ഇപ്പോൾ എത്തിയില്ലേ? അപ്പുറത്ത് നിന്ന് സംസാരിച്ച ശ്രീ. കെ.എൻ.എ. ഖാദർ, നരേന്ദ്ര മോദി ഗവൺമെന്റിനെ വിമർശിക്കാൻ സമയമായിട്ടില്ലായെന്ന് പറഞ്ഞു. ഇത് മുസ്ലീം ലീഗിന്റെ നിലപാടാണോ? ഇത് മുസ്ലീം ലീഗിന്റെ നിലപാടാണെങ്കിൽ ശ്രീ. കെ. എൻ. എ. ഖാദർ എടുത്ത നിലപാടിനോട് കേരള കോൺഗ്രസ് യോജിക്കുന്നുണ്ടോ? ഗാസയിൽ നടക്കുന്ന കൂട്ടക്കൊലയെ സംബന്ധിച്ച് പാർലമെന്റിൽ കഴിഞ്ഞ ദിവസം ഒരു പ്രശ്നമുണ്ടായി.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ നരേന്ദ്രമോദി ഗവൺമെന്റിന് എതിരായി ഒന്നും ചെയ്യുണ്ടായെന്ന് പറഞ്ഞിട്ടില്ല. നരേന്ദ്രമോദി ഗവൺമെന്റിന്റെ രാഷ്ട്രീയ നയങ്ങളോട് വളരെ ശക്തമായിട്ടുള്ള നിലപാടാണ് മുസ്ലീം ലീഗും യു.ഡി.എഫ് ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. നരേന്ദ്രമോദി ഗവൺമെന്റ് അധികാരമേറ്റിട്ട് 45 ദിവസമേ ആയിട്ടുള്ളൂ. നിയമസഭയ്ക്ക് ഏറ്റുമുട്ടാൻ സമയമായിട്ടില്ല, എൽ.ഡി.എഫ്.നും യു.ഡി.എഫ്.നും പാർട്ടികൾക്കുമാകാം. പക്ഷേ ഗവൺമെന്റ് ടു ഗവൺമെന്റ് എന്ന നിലയിൽ ഏറ്റുമുട്ടാൻ സമയമായിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട, നിങ്ങളെക്കാൾ മുൻപിൽ ഞങ്ങളുണ്ടാകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. കെ. എൻ. എ. ഖാദറിനെ പോലുള്ള ഒരാളിൽ വന്നിട്ടുള്ള ഏറ്റവും വലിയ വ്യതിയാനമാണിത്. ആർ.എസ്.എസ്.-നെതിരായി ഏറ്റുമുട്ടൽ പാടില്ലെന്ന നിലപാട് സ്വീകരിക്കുന്നത് ശരിയാണോ? ബഹുമാനപ്പെട്ട കെ. എൻ. എ.ഖാദറിനെ സപ്പോർട്ടുചെയ്തുകൊണ്ട് ശ്രീ. പി. സി. ജോർജ് പറഞ്ഞു, നേരത്തെ ഞാൻ മാത്രമേ നരേന്ദ്രമോദിയുടെ കൂടെ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ കെ. എൻ. എ. ഖാദറിനെക്കൂടി കിട്ടി. ഭരണമുന്നണിയുടെ ഭാഗത്തുനിന്നും വന്ന ഈ പ്രതികരണം ശ്രദ്ധിക്കാതെ പോകാൻ സാധിക്കുമോ? ശ്രീ. പി. സി. വിഷ്ണുനാഥ് അതിനെതിരെ പ്രതികരിച്ചു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ നരേന്ദ്ര മോദിയുടെ സൈഡാണെന്നോ കൂട്ടാണെന്നോ പറഞ്ഞിട്ടില്ല. വേണ്ടാത്ത ഇന്റർപ്രട്ടേഷൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊടുക്കരുത്. അന്ന് ഒരു നിസ്സാര കാര്യത്തിനുവേണ്ടി പ്രശ്നം സൃഷ്ടിച്ചവർ ഇപ്പോൾ അതേ വഴിക്ക് പോകുന്നുവെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. അത് ആ രീതിയിൽ ഇന്റർപ്രട്ട് ചെയ്യരുത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, അത് ഇവിടെയൊരു ചർച്ചാവിഷയമായി. ഇത്തരത്തിൽ യു.ഡി.എഫ്.-ന് ഏകോപിതമായ ഒരു നിലപാടില്ലെന്നാണ് ഞാൻ പറഞ്ഞത്. ഈ രണ്ടുപേരും സ്വീകരിച്ച നിലപാടിനെ കോൺഗ്രസിന്റെ മെമ്പർ ശ്രീ. പി. സി. വിഷ്ണുനാഥ് എതിർത്തു. യു.ഡി.എഫ്.-ന് ഒറ്റക്കെട്ടായി ഇത്തരം കാര്യങ്ങളിൽ ഒരു നിലപാട് സ്വീകരിക്കാൻ സാധിക്കുന്നില്ലെന്നാണ് പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നത്. ഈ നിയമസഭാ സമ്മേളനം കഴിയുന്നതോടുകൂടി കേരള രാഷ്ട്രീയത്തിൽ ചില മാറ്റങ്ങൾ വരാൻ പോകുകയാണ്. അങ്ങ് തന്നെ ആ സ്ഥാനത്ത് നിന്നും മാറാൻ പോകുന്നു. അടുത്ത തവണ സഭ കൂടുമ്പോൾ പുതിയൊരു സ്പീക്കർ വരും. പത്രങ്ങളിൽ അങ്ങനെ വാർത്തകൾ വന്നിരുന്നു.

<u>മി. സ്പീക്കർ</u> : അങ്ങനെയൊരു സാഹചര്യമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, പത്രങ്ങളായ പത്രങ്ങളിൽ മുഴുവൻ വാർത്തകൾ വന്നതാണ്. അങ്ങേക്ക് നല്ല സ്ഥാനങ്ങൾ കിട്ടുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. പക്ഷേ മൂന്നുകൊല്ലത്തിലധികമായി ഞങ്ങളും അങ്ങയോടൊപ്പം നിൽക്കുന്നു. പോകുമ്പോൾ പറഞ്ഞിട്ട് പോകണം. ഇത്രയുംകാലം ഒന്നിച്ച് നിന്നവരാണല്ലോ എന്നുള്ളൊരു വിചാരം വേണം. അത്രയേയുള്ളൂ.

<u>മി. സ്പീക്കർ</u>: ദീർഘകാലത്തെ ബന്ധം കൊണ്ട് ഇത്രയും നർമ്മം ശ്രീ. കോടിയേരി ബാലകൃഷ്ണനുണ്ടെന്ന് ഇപ്പോഴാണ് മനസ്സിലായത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ലത്തീൻ കത്തോലിക്ക കൗൺസിൽ ഇവിടത്തെ മന്ത്രിസഭ അഴിച്ചുപണിയണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇവിടെ ലത്തീൻ കത്തോലിക്ക സഭ പറയുന്നത് നടപ്പിലാക്കാനുള്ളതാണോ ഈ ഗവൺമെന്റ്. അവർ മറ്റൊന്ന് കൂടി പറഞ്ഞിരിക്കുന്നു, മന്ത്രിസഭ പുനസംഘടിപ്പിക്കണമെന്ന് മാത്രമല്ല, വകുപ്പുകൾ പുനഃക്രമീകരിക്കണമെന്നും ലത്തീൻ കത്തോലിക്ക സഭ ആവശ്യപ്പെട്ടിരിക്കുന്നു. പരമ്പരാഗതമായി ചില വകുപ്പുകൾ ചില ആളുകൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു. ആരെ ലക്ഷ്യം വച്ചാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നത്? അത്തരം കക്ഷി നേതാക്കൾക്ക് സമഗ്രതയോടെ സംസ്ഥാനത്തെ കാണാൻ കഴിയാത്തതുകൊണ്ടാണ്. വകുപ്പുകളുടെ പ്രവർത്തനം തങ്ങൾക്ക് സ്വാധീനമുള്ള പ്രദേശത്തേയ്ക്ക് മാറുന്നു. ആരെയാണ് ലക്ഷ്യം വച്ചിരിക്കുന്നത്. ഇതേ സന്ദർഭത്തിൽ ശ്രീ. വി. എം. സുധീരന്റെ പ്രസ്താവനയും കൂടി ചേർത്ത് വായിക്കണം. കോൺഗ്രസിതര വകുപ്പുകളിലെല്ലാം അഴിമതി നടക്കുന്നുവെന്ന് ശ്രീ. വി. എം. സുധീരൻ പറഞ്ഞു. മന്ത്രിസഭ പുനസംഘടിപ്പിക്കണമെന്ന് കത്തോലിക്കാ കൗൺസിൽ

പറഞ്ഞു. ഇതേ സന്ദർഭത്തിൽ തന്നെ സി.ബി.സി.ഐ. പ്രസിദ്ധീകരണമായ സൺഡെ ഷാലോമിൽ വന്നൊരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് - നരേന്ദ്രമോദി, കർത്താവിന്റെ ദാസനാണെന്നും, മോദിയുടെ വിജയം ദൈവത്തിന്റെ പദ്ധതിയാണെന്നുമാണ്. മോദി സർക്കാർ ദൈവത്തിന്റെ പദ്ധതിയിൽ രൂപീകരിക്കപ്പെട്ടതാണ്. മോദിയുടെ സഭയ്ക്കും രാജ്യത്തിനും നന്മകൾ ഉണ്ടാകണമെന്നും ആശംസിച്ചിരിക്കുകയാണ്. ഈ മുഖപ്രസംഗം എഴുതിയിരിക്കുന്ന സി.ബി.സി.ഐ. ഓർക്കേണ്ടത് ചത്തീസ്ഗഢിലെ ബസ്താർ ജില്ലയിൽ 40-ൽപരം ഹൈന്ദവേതര സംഘടനകളുടെ പ്രവർത്തനം അവസാനിപ്പിച്ചു. ക്രിസ്തീയ സഭകളുടെ നേതൃത്വത്തിൽ കുഷ്ഠരോഗ ആശുപത്രികൾ നടത്തുന്നവർ ഉൾപ്പെടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന 40 സംഘടനകളെ ബസ്താർ ജില്ലയിൽ നിന്നും പുറത്താക്കി. ഇത് ദൈവത്തിന്റെ പദ്ധതിയാണെന്ന് പറഞ്ഞാൽ അംഗീകരിക്കാൻ സാധിക്കുമോ? ഇത്തരത്തിലുള്ള സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ കണ്ടില്ലെന്ന് നടിക്കാൻ സാധിക്കുമോ? ഇതിനുവേണ്ടി അനുകൂലമായ നിലപാട് സ്വീകരിക്കരുത്. ഈ സന്ദർഭത്തിൽ നമ്മുടെ പ്രധാനപ്പെട്ട രാഷ്ട്രീയ നേതാവ് ശ്രീ. എ.കെ. ആന്റണി വളരെ പ്രസക്തമായ ഒരഭിപ്രായം പറഞ്ഞു, കോൺഗ്രസിന്റെ മതേതരത്വത്തിൽ ജനങ്ങൾക്ക് സംശയമുണ്ടായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പുനർവിചിന്തനം നടത്താൻ കോൺഗ്രസ് ഉദ്ദേശിക്കുന്നുണ്ടോ? കേരളത്തിലെ ഇന്ന് ജീവിച്ചിരിക്കുന്ന കോൺഗ്രസ് നേതാക്കന്മാരിൽ ഒന്നാമനായും ഇന്ത്യൻ കോൺഗ്രസിൽ രണ്ടാമനായും പരിഗണിക്കുന്ന ശ്രീ. എ. കെ. ആന്റണിയാണ് കോൺഗ്രസിലെ മതേതരത്വത്തിൽ സംശയമുണ്ടെന്ന് പറഞ്ഞത്. ഇത് കോൺഗ്രസിന്റെ അഭിപ്രായമായി മാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഓരോ സന്ദർഭത്തിലും കോൺഗ്രസ് എടുത്ത അവസരവാദപരമായ നിലപാടുകൾമൂലം കോൺഗ്രസിനെ വിവിധ ജനവിഭാഗങ്ങൾ ഒറ്റപ്പെടുത്തിയില്ലേ? ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ ഒരുകാലത്ത് കോൺഗ്രസിന്റെ കൂടെയായിരുന്നു. ഇന്ന് അകന്നുപോയി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഹിന്ദു ജനവിഭാഗങ്ങൾ കോൺഗ്രസിന്റെ കൂടെയായിരുന്നു. അവരും പോയി. ഈ സ്ഥിതി എന്തുകൊണ്ട് കോൺഗ്രസിന് ഉണ്ടായി. കേരളത്തിൽതന്നെ പലപ്പോഴായി സ്വീകരിച്ച നിലപാടാണ് ശ്രീ. എ. കെ. ആന്റണി ഇങ്ങനെ പറയാൻ കാരണം. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ കോൺഗ്രസ് പാർട്ടി പുനർ വിചിന്തനത്തിന് തയ്യാറാണെങ്കിൽ കേരളത്തിന്റെ മതമൗലികവാദ ബന്ധം ഉപേക്ഷിക്കാൻ തയ്യാറുണ്ടോ ? ആ ബന്ധം ഉപേക്ഷിക്കാൻ തയ്യാറാകാത്തിടത്തോളം ഇങ്ങനെ പ്രസംഗം നടത്തിയതുകൊണ്ട് എന്തെങ്കിലും മാറ്റം കോൺഗ്രസിന് ഉണ്ടാകുമോ? 1991-ൽ

കോ-ലീ-ബി മുന്നണി ഉണ്ടായ സംസ്ഥാനമാണ് കേരളം. അന്നെടുത്ത നിലപാട് തെറ്റാണെന്ന് പറയാൻ ശ്രീ. എ. കെ. ആന്റണി തയ്യാറുണ്ടോ? കോൺഗ്രസ് പാർട്ടി ഒരു പുനർ വിചിന്തനത്തിന് തയ്യാറാകേണ്ട ഒരു കാലഘട്ടമാണ്. ഇപ്പുറത്തിരിക്കേണ്ട ചില കക്ഷികൾ അപ്പുറത്തുണ്ട്. ആഗോളീകരണം ഇന്ന് രാജ്യത്ത് ശക്തിപ്പെട്ടുവരികയാണ്. നരേന്ദ്രമോദി സർക്കാർ അതിന്റെ ശക്തമായ പാതയിലാണുള്ളത്. 1991 മുതൽ ആഗോളീകരണ നയത്തിനെതിരായി പോരാട്ടം നടത്തുമ്പോൾ നമ്മുടെ ഒപ്പം നിന്ന് പോരാടിയ ചില കക്ഷികൾ തെറ്റിദ്ധാരണകൾമൂലം അപ്പുറത്തേയ്ക്ക് പോയിട്ടുണ്ട്. അവർക്ക് ആ പോരാട്ടം കോൺഗ്രസ് മുന്നണിയിൽ നടത്താൻ സാധിക്കുകയില്ല. അതാണ് ദേശീയ രംഗത്ത വന്നുകൊണ്ടിരിക്കുന്ന പുതിയ രാഷ്ട്രീയ സാഹചര്യം. ഇതിന്റെ അടിസ്ഥാനത്തിൽ കേരള രാഷ്ട്രീയത്തിൽ മാറ്റങ്ങൾ ഉണ്ടാകും. മന്ത്രിസഭാ പുനഃസംഘടന കൊണ്ടുമാത്രം ഇവിടത്തെ പ്രശ്നങ്ങൾ തീരാൻ പോകുന്നില്ല. മന്ത്രിമാരെ മാറ്റി വേറൊരു മന്ത്രിയെ നിയമിച്ചതുകൊണ്ട് കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ഒരു മാറ്റവും സംഭവിക്കാൻ പോകുന്നില്ല. മന്ത്രിസഭ പുനഃസംഘടിപ്പിക്കണമെന്ന് മുഖ്യമന്ത്രിക്ക്തന്നെ പറയേണ്ടിവന്നല്ലോ. എന്തുകൊണ്ടാണ് പുനഃസംഘടന? ഈ ഗവൺമെന്റ് പരാജയമാണെന്ന് മുഖ്യമന്ത്രിക്ക് തന്നെ ബോധ്യപ്പെട്ടു. ഈ മന്ത്രിമാരെ വച്ചുകൊണ്ട് ഭരണം മുന്നോട്ട് പോയാൽ ഗതിപിടിക്കില്ലായെന്ന് ബോധ്യം വന്നതുകൊണ്ടല്ലേ മന്ത്രിസഭ പുനഃസംഘടിപ്പിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞത്. അല്ലെങ്കിൽ എന്തിനാണ് മന്ത്രിസഭ പുനഃസംഘടിപ്പിക്കുന്നത്? ആരാ പറഞ്ഞതെന്ന് ശ്രീ. കെ. സി. ജോസഫ് എന്നോടാണ് ചോദിക്കുന്നത്. ശ്രീ. കെ. സി. ജോസഫിനെ മാറ്റുമെന്നാണ് കേൾക്കുന്നത്. നിങ്ങളുടെ കുഴപ്പംകൊണ്ടാണോ ഈ ഗവൺമെന്റ് നന്നാകാത്തത്. അപ്പുറത്തുനിന്നും പലരേയും മാറ്റും മാറ്റും എന്ന് പറഞ്ഞപ്പോൾ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്ക് നാഥനില്ലാതായി. ഐ.എ.എസ്. ഉദ്യോഗസ്ഥർ ഞങ്ങളുടെ അടുത്ത് വരുന്നുവെന്ന് പറഞ്ഞ് ഇപ്പോൾ ഞങ്ങളോട് പരിഭവിക്കുന്നു. ഞങ്ങളുടെ അടുത്ത് അയയ്ക്കുന്നതാരാണ്, നിങ്ങൾ തന്നെ. രക്ഷപ്പെടണമെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് നിങ്ങൾക്കുതന്നെ മനസ്സിലായിട്ടുണ്ട്. സർവ്വത്ര അരാചകത്വമാണ് ഈ ഭരണത്തിൽ വന്നുചേർന്നിട്ടുള്ളത്.

സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചുകൊണ്ട് വാങ്ങുന്ന തുക പോലും ചെലവഴിക്കാനുള്ള സംവിധാനമില്ല. അഡ്മിനിസ്ട്രേഷൻ അങ്ങേയറ്റം പരാജയപ്പെട്ടിരിക്കുകയാണ്. ഈ ഗവൺമെന്റിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടു. പാർലമെന്റിൽ ഭൂരിപക്ഷം കിട്ടിയെന്ന് അപ്പുറത്തിരുന്ന് പലരും പറഞ്ഞു. പാർലമെന്റിൽ ഇടയ്ക്ക് ഭൂരിപക്ഷം കിട്ടും. സരിതാ നായരുടെ പ്രസ്താവന വായിച്ചിട്ടുണ്ടോ; എനിക്കെതിരായി എന്തൊക്കെ

പറഞ്ഞു. തെരഞ്ഞെടുപ്പിൽ ജനങ്ങൾ തള്ളിക്കളഞ്ഞില്ലേ എന്നാണ് സരിതാ നായർ ചോദിച്ചത്. പാർലമെന്റ് തെരഞ്ഞെടുപ്പിലെ വിജയം സലിം രാജിന്റെ വിജയമാണെന്ന് സലിം രാജ് പറയുന്നു. ഇത് ആരുടെ വിജയമാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ വിജയമാണോ; സരിതാ നായരുടെ വിജയമാണോ; സലിം രാജിന്റെ വിജയമാണോ; ആരുടെ വിജയമാണ് യു.ഡി.എഫ്-ന് കിട്ടിയത്? അതുകൊണ്ട് താൽക്കാലികമായി നിങ്ങൾ നേടുന്ന വിജയത്തിന്റെ പേരിൽ യു.ഡി.എഫ്.ഉം ഗവൺമെന്റും നിലനിൽക്കാൻ പോകുന്നില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് ഞങ്ങൾ പ്രവർത്തിക്കുമ്പോൾ ജനകീയ പ്രശ്നങ്ങളാണ് ഞങ്ങൾ പറയുന്നത്. ഈ സപ്ലിമെന്ററി ഡിമാന്റിൽ അത്യാവശ്യ കാര്യങ്ങൾക്ക് തുക നീക്കിവച്ചിട്ടില്ല. ക്ഷേമ പദ്ധതികൾക്ക് തുക വർദ്ധിപ്പിക്കാനുള്ള സംവിധാനമില്ല. അതുകൊണ്ട് ഈ സപ്ലിമെന്ററി ഡിമാന്റിനെ ഞങ്ങൾ എതിർക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, അബ്കാരി കുടിശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ഉയർന്നു. കുടിശ്ശിക 236.7 കോടി രൂപയാണ്, ഇത് 2001-02 കാലയളവിന് മുമ്പുള്ളതാണ്. ഇതിൽ പലിശ 169.8 കോടി രൂപയും മുതൽ 66.9 കോടി രൂപയുമാണ്. ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഗവൺമെന്റ് ഊർജ്ജിതമായ നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14-ൽ 98.56 ലക്ഷം രൂപ പിരിച്ചെടുത്തു. ഈ സാമ്പത്തികവർഷം ഏപ്രിൽ-മേയ് മാസങ്ങളിൽ 51.8 ലക്ഷം രൂപ പിരിച്ചെടുത്തു. കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കാത്തതിനാലും കുടിശ്ശികക്കാരൻ മരണപ്പെട്ടതിനാലും 27.95 കോടി രൂപയുടെ ആർ.ആർ. സർട്ടിഫിക്കറ്റ് ജില്ലാ കളക്ടർമാർ മടക്കി അയച്ചു. വിവിധ കോടതികളിൽ 23.9 കോടി രൂപയുടെ സ്റ്റേയുണ്ട്. ഭൂരിഭാഗം കേസുകളിലും ആർ.ആർ. നടപടികളുടെ ഭാഗമായി കുടിശ്ശികക്കാരുടെ വസ്തുക്കൾ bought-in-land ആയി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനായി ഗവൺമെന്റ് വന്നതിനുശേഷം ആംനെസ്റ്റി സ്കീം നടപ്പിലാക്കി. ഇതിലൂടെ 22 കോടി രൂപ പിരിച്ചെടുത്തു. ഇതിന്റെ കാലാവധി 31-12-2013-ൽ അവസാനിച്ചു. ആംനെസ്റ്റി സ്കീം വീണ്ടും നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. വളരെ ഊർജ്ജിതമായി കുടിശ്ശിക പിരിവ് നടക്കുന്നുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അവസാനം പറഞ്ഞത് ഞങ്ങളുടെ ഭരണം മോശമാണെന്നും ജനങ്ങൾ ഇതൊക്കെ കാണുന്നുണ്ടെന്നുമാണ്. ഇനി ഇത് പറഞ്ഞിട്ടെന്താ കാര്യം. തെരഞ്ഞെടുപ്പിലല്ലേ ജനങ്ങളുടെ വിശ്വാസം കാണേണ്ടത്.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലെ റിസൾട്ട് വന്നപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറയുകയാണ് നിങ്ങൾ ജയിച്ചു ഞങ്ങൾ തോറ്റു എന്ന്. തോറ്റവർ ജയിച്ചവരെ നോക്കി, തോറ്റത് വലിയ കാര്യം ജയിച്ചതിൽ കാര്യമൊന്നുമില്ലെന്ന് പറയുകയാണ്. ജയം മോശം തോൽവി നല്ലത്, ഇതാണോ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഡൈലക്റ്റിക്കൽ മെറ്റീരിയലിസം. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ വിധി വന്നു. ഞങ്ങളെല്ലാം ഉത്തുവാരിയില്ലേ. ഇതിനെക്കുറിച്ച് അധികം പറയേണ്ട. ഇവിടെ കുടിശ്ശികയെപ്പറ്റി പറഞ്ഞു. 6535 കോടി രൂപ നികുതി കുടിശ്ശികയുണ്ട്. ഇതിൽ വലിയ വിഭാഗവും കളക്ടബിൾ ഡിമാന്റല്ല. ഒരു ഭാഗം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ നികുതി ബാദ്ധ്യതയാണ്. ഇവ പൂർണ്ണമായും പിരിച്ചെടുക്കുക പ്രായോഗികമല്ല. കളക്ടബിൾ ഡിമാന്റ് പൂർണ്ണമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപ്പലേറ്റ് അതോറിറ്റികൾക്ക് മുന്നിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിനും ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവിടെ രജിസ്ട്രേഷൻ കൂടി, നികുതി വർദ്ധിക്കുന്നില്ലെന്നൊരു വിമർശനം വന്നു. രജിസ്ട്രേഷനും നികുതിയും തമ്മിൽ ഒരു ബന്ധവുമില്ല. വ്യാപാരികളുടെ എണ്ണം വർദ്ധിച്ചതുകൊണ്ട് നികുതി വർദ്ധിക്കണമെന്നില്ല, നികുതിവർദ്ധിക്കുന്നത് വേറെ കാരണങ്ങൾ കൊണ്ടാണ്. ആഗോള സമ്പദ് വ്യവസ്ഥയിൽ വന്ന സ്ലോഡൗൺ നമ്മുടെ സമ്പദ് വ്യവസ്ഥയേയും ബാധിച്ചതിന്റെ ഫലമായാണ് നമ്മുടെ ഗ്രോത്തും നികുതി ഭാരവും കുറയുന്നത്. വ്യാപാരികളുടെ എണ്ണം കൂടിയാൽ നികുതി വർദ്ധിക്കണമെന്നില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങൾക്ക് ഞാൻ മറുപടി പറഞ്ഞു എന്നേയുള്ളൂ. ഈ ഉപധനാഭ്യർത്ഥന 4854 കോടി രൂപയുടേതാണ്. ഇതിൽ ഏറ്റവും കൂടുതൽ തുക പ്ലാനിനുവേണ്ടിയാണ് ചെലവഴിക്കുന്നത്. 4512 കോടി രൂപ പ്ലാനിനുവേണ്ടി ചെലവഴിച്ചു. അതിൽ 3986 കോടി രൂപ കേന്ദ്ര സഹായ പദ്ധതികൾക്കാണ്. പ്രധാനപ്പെട്ട നാലഞ്ചെണ്ണം എന്യൂമറേറ്റ് ചെയ്യുന്നുവെന്നേയുള്ളൂ. അതിൽ സ്കൂൾ യൂണിഫോമിന് 15 കോടി രൂപയും പോലീസ് മോഡണൈസേഷന് 30 കോടി രൂപയും തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജിന് 25 കോടി രൂപയും പിന്നോക്കവിഭാഗത്തിന് കോർപ്പറേഷൻ വിഹിതം 12 കോടി രൂപയും മത്സ്യത്തൊഴിലാളി വായ്പ എഴുതിത്തള്ളാൻ 25 കോടി രൂപയും തൊഴിലുറപ്പ് പദ്ധതിക്കായി 2280 കോടി രൂപയും നവജാത ശിശുമരണനിരക്ക് കുറയ്ക്കാൻ 25 കോടി രൂപയും തൃശ്ശൂർ കോൾലാന്റിന് 16 കോടി

രൂപയും ഡ്രെയിനേജ് പ്രൊട്ടക്ഷന് 17 കോടി രൂപയും, മത്സ്യത്തൊഴിലാളി വിദ്യാഭ്യാസചെലവിന് 15 കോടി രൂപയും സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് 259 കോടി രൂപയും, സ്കൂൾ ഉച്ചഭക്ഷണത്തിന് 30 കോടി രൂപയും നാഷണൽ ഹെൽത്ത് മിഷന് 466 കോടി രൂപയും, പി.എം.ജി.എസ്.വൈ.ക്കായി 302 കോടി രൂപയും ചെലവഴിച്ചു. പറഞ്ഞതുപലതും നടന്നില്ല, പിന്നെ എന്തിനാണ് ഈ സപ്ലിമെന്ററി ബഡ്ജറ്റെന്നാണ് പ്രതിപക്ഷം ചോദിക്കുന്നത്. ഒരു കാര്യം ഞാൻ വളരെ താഴ്മയോടെ പറയട്ടെ, കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഇത്രയും ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കിയ വേറെയൊരു ഗവൺമെന്റില്ല. കോളേജില്ലാത്ത മണ്ഡലങ്ങളിൽ പുതിയ കോളേജ് ആരംഭിക്കുമെന്നും പുതിയ മെഡിക്കൽ കേളേജ് കൊണ്ടുവരുമെന്നതും ഞങ്ങളുടെ ഒരു പ്രഖ്യാപനമായിരുന്നു. പുതിയ 14 കോളേജുകൾ ആരംഭിച്ചു. 6 മെഡിക്കൽ കോളേജുകൾ തുടങ്ങാൻ നടപടി ആരംഭിച്ചു. മലപ്പുറത്ത് അത് ഫംഗ്ഷൻ തുടങ്ങിക്കഴിഞ്ഞു. അഡീഷണൽ തുക പാലക്കാട് മെഡിക്കൽ കോളേജിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. 10 കോടി രൂപ കൂടി പാലക്കാട് മെഡിക്കൽ കോളേജിന് അനുവദിച്ചേക്കാം. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടൊന്നുമില്ല. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും വികസനത്തിന്റെ കാര്യമാണോ, തുക കണ്ടെത്തും, അത് കൊടുക്കും അതാണ് ഈ ഗവൺമെന്റിന്റെ സമീപനവും നയവും.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ ഇടുക്കി മെഡിക്കൽ കോളേജിന് തുക അനുവദിക്കണം.

<u>ശ്രീ. കെ. എം. മാണി</u>: ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞില്ലെങ്കിലും ഞാൻ ഇടുക്കി മെഡിക്കൽ കോളേജിന് തുക അനുവദിക്കും. ഇടുക്കിയിലും കാസർഗോഡും മെഡിക്കൽ കോളേജിനായി ഗവൺമെന്റ് തുക കൊടുക്കും. എല്ലാ ജില്ലകളും ഈ ഗവൺമെന്റിന് പ്രിയപ്പെട്ടതാണ്. ആലപ്പുഴയിലും തൃശ്ശൂരും ഡന്റൽ കോളേജ് തുടങ്ങും. അത് ബഡ്ജറ്റിൽ പറഞ്ഞതാണ്. ആരോഗ്യകിരണം പദ്ധതിക്ക് 10 കോടി രൂപ അനുവദിച്ചു. മെഡിക്കൽകോളേജ്, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവ അനുവദിച്ചു. നെല്ല് സംഭരണത്തിന് 150 കോടി രൂപ അനുവദിച്ചു, അതിൽ 50 കോടി രൂപ കൊടുത്തു. ബാക്കി കൊടുക്കും, ഫുൾ ബഡ്ജറ്റ് പാസായതിനാൽ ഇനി ബുദ്ധിമുട്ടില്ല. മറ്റേത് വോട്ട് ഓൺ അക്കൗണ്ട് ആയതുകൊണ്ടാണ് 50 കോടിയിൽ നിർത്തിയത്. സപ്ലൈകോ മാർക്കറ്റ് ഇന്റർവെൻഷന് 65 കോടി രൂപയാണ് ബഡ്ജറ്റിൽ പറഞ്ഞത്, അതിൽ 21 കോടി രൂപ കൊടുത്തു.

